# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2019 നവംബർ 6, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

989/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ.ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..93

**II. അടിയന്തരപ്രമേയം**

ഇടുക്കി ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം

(അവതരണാനുമതി നിഷേധിച്ചു) ..454

**III. ശ്രദ്ധ ക്ഷണിക്കൽ**

1. ചെങ്ങന്നൂർ നഗരത്തെ ശബരിമല തീർത്ഥാടന കവാടമായി പ്രഖ്യാപിക്കൽ

-ശ്രീ. സജി ചെറിയാൻ ..468

2. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പോക്സോ കേസുകൾ തീർപ്പാക്കുന്നതിനും നടപടി

– ശ്രീ. എം. ഉമ്മർ ..472

**IV. പ്രത്യേക പരാമർശം**

ചീഫ് സെക്രട്ടറിയുടെ ലേഖനം

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..478

**V. സബ്മിഷൻ**

(1) പട്ടയം

-പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..479

(2) കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്

– ശ്രീ. ബി. ഡി. ദേവസ്സി ..480

പേജ്

(3) വിവാഹച്ചടങ്ങിനിടെയുണ്ടായ അതിക്രമം

– ശ്രീ. സണ്ണി ജോസഫ് ..481

(4) ശുദ്ധജല വിതരണ പദ്ധതി

– ശ്രീമതി പി. അയിഷാ പോറ്റി ..483

(5) സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

– ശ്രീ. അനൂപ് ജേക്കബ് ..485

(6) കബനി പദ്ധതിയിൻകീഴിലുള്ള ജീവനക്കാരുടെ പുനർവിന്യാസം

– ശ്രീ. ജെയിംസ് മാത്യു ..486

(7) റോഡ് നിർമ്മാണം

-ശ്രീ. മുല്ലക്കര രത്നാകരൻ ..488

(8) റോഡുകളുടെ പുനർനിർമ്മാണം

– ശ്രീ. റോജി എം. ജോൺ ..490

(9) ദേശീയപാത 66-ന്റെ നവീകരണം

– ശ്രീ. എം. സി. കമറുദ്ദീൻ ..493

(10) പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി

– ശ്രീ. ആർ. രാജേഷ് ..495

**VI. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം** ..497

**VII. റിപ്പോർട്ടുകളുടെ സമർപ്പണം**

1. 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് ..497

2. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..497

3. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..497

*പേജ്*

**VIII. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ..498

(i) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ..498

**IX. ക്രമപ്രശ്നം**

നിയമസഭാ മന്ദിരത്തിലെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പരാമർശം

- ശ്രീ. രാജു എബ്രഹാം ..546

**റൂളിംഗ്** ..547

**നിയമനിർമ്മാണകാര്യം - തുടർച്ച** ..551

(ii) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ ..559

**X. അറിയിപ്പ്** ..626

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 നവംബർ 6, ബുധൻ*


| വാല്യം 177] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|


നിയമസഭ 2019 നവംബർ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *211

### വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം

1 (*211) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്ക് മരങ്ങൾ കൃഷി ചെയ്തിരുന്ന വനമേഖല പിന്നീട് വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ടതുമൂലം പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റാൻ കഴിയാത്ത സാഹചര്യമുണ്ടോ;

(ബി) അത്തരത്തിൽ മുറിച്ച് വില്പന നടത്താൻ കഴിയാത്ത രീതിയിൽ വന്യജീവി സങ്കേതങ്ങളിലുള്ള തേക്ക് തോട്ടങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ മുറിച്ച് വിൽക്കാൻ കഴിഞ്ഞാൽ ലഭിക്കുന്ന വരുമാനത്തെ സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ;

(ഡി) നിയമത്തിൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തി ഓരോ വർഷവും ഇത്തരത്തിലുള്ള തോട്ടങ്ങളിൽനിന്നും കുറച്ച് തേക്കുകൾ മുറിച്ച് വിറ്റ് അവിടെ സ്വാഭാവിക വനമാക്കി മാറ്റാനും ഫലവൃക്ഷങ്ങൾ നട്ട് പിടിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് (WP C No.202/95, No. 171/96) പ്രകാരവും തുടർന്നുള്ള അനുബന്ധ ഉത്തരവുകൾ പ്രകാരവും വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരവും വന്യമൃഗ സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും യാതൊരുവിധ മരവും മുറിക്കാൻ പാടില്ലായെന്നും വീണുകിടക്കുന്ന മരങ്ങൾപോലും എടുക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) മുറിച്ച് വിൽപ്പന നടത്താൻ കഴിയാത്ത രീതിയിൽ വന്യജീവി സങ്കേതങ്ങളിലുള്ള തേക്ക് തോട്ടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കണക്കെടുത്തിട്ടില്ല.

(ഡി) കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക മരം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 168/2019/വനം, തീയതി 10-5-2019 പ്രകാരം ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

1. ശ്രീ. അഞ്ജൻ കുമാർ, ഐ.എഫ്.എസ്., ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്, പാലക്കാട്) - ചെയർമാൻ
2. ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി) -മെമ്പർ
3. ഡോ. പി. ബാലകൃഷ്ണൻ (വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) -മെമ്പർ
4. ഡോ. പി. ഒ. നമീർ (പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്) -മെമ്പർ
5. ശ്രീ. ജെയിംസ് സഖറിയ (റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ) - മെമ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടങ്ങിയവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി പഠനം നടത്തിവരികയാണ്. മുറിച്ച് വിൽപ്പന നടത്താൻ കഴിയാത്ത തേക്ക് തോട്ടങ്ങളുള്ള വന്യജീവി സങ്കേതങ്ങളുടെ വിശദാംശമുണ്ട്. വയനാട് ഡിവിഷനിലെ കുറിച്യാട്, മുത്തങ്ങ, സുൽത്താൻ ബത്തേരി, തോൽപ്പെട്ടി തുടങ്ങിയവയാണ് ആ മേഖലകൾ. കുറിച്യാട് 1817.305 ഹെക്ടറും മുത്തങ്ങയിൽ 370.045 ഹെക്ടറും സുൽത്താൻ ബത്തേരിയിൽ 1466.897 ഹെക്ടറും തോൽപ്പെട്ടിയിൽ 3840.570 ഹെക്ടറുമാണ്. അതുപോലെ ആറളം, സൈലന്റ് വാലി, പറമ്പിക്കുളം, പീച്ചി, ഇടുക്കി തുടങ്ങിയ ഫോറസ്റ്റ് ഡിവിഷനുകീഴിൽ ഇതുപോലെ മുറിച്ചുമാറ്റാൻ കഴിയാത്ത തേക്ക് തോട്ടങ്ങൾ വന്യജീവി സങ്കേതങ്ങളുടെ അതിർത്തിക്കുള്ളിൽ വരുന്നുണ്ട്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, തേക്ക് മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനവൽക്കരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും വിധത്തിലുള്ള ശാസ്ത്രീയ പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അങ്ങനെ നടത്തിയിട്ടുണ്ടെങ്കിൽ കേന്ദ്രസർക്കാരിനെ വിവരം അറിയിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, സംസ്ഥാനത്തെ വനത്തോട്ടങ്ങളിൽ ഏതാണ്ട് പകുതിയോളം തേക്ക് തോട്ടങ്ങളാണ്. കേരളത്തിലെ സംരക്ഷിത മേഖലകളിലും വിവിധ ഇനങ്ങളിലുള്ള പ്ലാന്റേഷനുകളുണ്ട്. 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരവും വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും വന്യമൃഗസങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും നിൽക്കുന്ന തേക്ക് തോട്ടങ്ങൾ മുറിച്ചുമാറ്റാൻ നിയമപരമായി ഇപ്പോൾ അധികാരമില്ല. എന്നാൽ 60-68 വർഷങ്ങൾ പ്രായമുള്ള തേക്ക് മരങ്ങൾ മുറിച്ചുമാറ്റി അവിടെ സ്വാഭാവിക വനം വളർത്തിയെടുക്കേണ്ടത് ഒരാവശ്യമാണ്. വന്യജീവികൾക്ക് ആഹാരം, പുല്ല്, ജലാംശം എന്നിവ വനത്തിനുള്ളിൽ ലഭ്യമാകുന്നതിന് ഈ പ്ലാന്റേഷൻ പലപ്പോഴും തടസ്സമാകുകയാണ്. അതിനാൽ വന്യജീവി സങ്കേതങ്ങൾക്കകത്ത് നിൽക്കുന്ന തേക്ക്, മറ്റ് പ്ലാന്റേഷൻ എന്നിവയ്ക്ക് വർക്കിംഗ് പ്ലാൻ തയ്യാറാക്കി കേന്ദ്രം അംഗീകരിച്ച് അനുമതി നൽകുന്നതാണ് യാഥാർത്ഥത്തിൽ വനസംരക്ഷണത്തിനും വന്യജീവികളെ സംരക്ഷിക്കുന്നതിനും നല്ലതെന്നുള്ള അഭിപ്രായമാണ് സർക്കാരിനുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു പഠന കമ്മിറ്റിയെ ഇപ്പോൾ നിയമിക്കുകയും റിപ്പോർട്ട് തയ്യാറാക്കാൻ മൂന്ന് മാസത്തെ സമയം കൊടുക്കുകയും ചെയ്തത്. എന്നാൽ മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭിച്ചില്ല. സമയം ദീർഘിപ്പിച്ച് നൽകാൻ കമ്മിറ്റി ആവശ്യപ്പെട്ടതിനെത്തുടർന്ന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൃത്യസമയത്തിനുള്ളിൽ കമ്മിറ്റി പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന

വന്യജീവി ബോർഡിനെയും കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിനെയും സമീപിച്ച് ഈ സംഗതി ബോദ്ധ്യപ്പെടുത്തി കേന്ദ്ര സർക്കാരിൽനിന്നും കോടതിയിൽനിന്നും ആവശ്യമായ അനുവാദം വാങ്ങേണ്ടതുണ്ട്. അതിനുള്ള നീക്കങ്ങൾ നടക്കുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, വിദേശ രാജ്യങ്ങളിൽനിന്നുൾപ്പെടെ ധാരാളം തടികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. സ്വാഭാവികമായും കേരളത്തിലെ തേക്ക് ഉൾപ്പെടെയുള്ള തടിയുടെ വിലയിൽ വലിയതോതിലുള്ള കുറവ് സംഭവിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തടി ലേലം ചെയ്ത് ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് 2017, 2018 വർഷങ്ങളിൽ കുറവ് സംഭവിച്ചുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിനെ സംബന്ധിച്ചിട്ടുള്ള കണക്ക് ഇപ്പോൾ സഭയിൽ അവതരിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാജു: സർ, മുൻകാലങ്ങളിൽ തടിയുൾപ്പെടെയുള്ള വന വിഭവങ്ങൾ വിറ്റ് സർക്കാരിന്റെ ഖജനാവിലേയ്ക്ക് പണം വരുന്ന രീതിയുണ്ടായിരുന്നു. എന്നാൽ വനവിഭവങ്ങളെ സർക്കാരിന് പണം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള വഴിയായല്ല ഇപ്പോൾ കാണുന്നത്. പ്രകൃതിയുടെ സംരക്ഷണത്തിനും ജീവന്റെ നിലനിൽപ്പിനുമെല്ലാം വനവും വനവിഭവങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് വനവിഭവങ്ങൾ വെട്ടിമുറിച്ച് വിൽക്കുന്ന പഴയ "കൂപ്പ് സമ്പ്രദായം" ഇപ്പോഴില്ല. പൂർണ്ണമായും അത് അവസാനിച്ചിരിക്കുകയാണ്. അതിനാൽ വനത്തിനകത്ത് വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടുന്ന പ്രൊട്ടക്റ്റഡ് ഏര്യയായിട്ടുള്ള മേഖലകളിൽനിന്നും തേക്കുൾപ്പെടെയുള്ള ഒരു മരവും വെട്ടുന്നില്ല. കെ.എഫ്.ഡി.സി.-യുടെ പ്ലാന്റേഷനുകളിൽ സോഫ്റ്റ് വുഡ്സുകളാണുള്ളത്. അവ മുറിക്കുന്നുണ്ട്. 68 വർഷംവരെ പ്രായമായ തേക്ക്, വർക്കിംഗ് പ്ലാനിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര അനുമതിയോടുകൂടി മറ്റു മേഖലകളിലുള്ള തേക്കുകൾ എന്നിവ മുറിച്ച് ഡിപ്പോ വഴി വിതരണം ചെയ്യുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ച വർഷത്തിൽ എത്ര വിറ്റുവരവുണ്ടെന്നുള്ളതിനെ സംബന്ധിച്ച കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. അത് പ്രത്യേകമായി നോട്ടീസ് ലഭിച്ചാൽ മാത്രമേ പറയാൻ കഴിയൂ. എന്നാൽ അദ്ദേഹം പറഞ്ഞത് ശരിയാണ്. തേക്ക് തന്നെ പല ഇനങ്ങളുണ്ട്. ഇപ്പോൾ വിദേശരാജ്യങ്ങളിൽനിന്ന് പല ഇനങ്ങളിലുള്ള തേക്കുകൾ വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്യുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, പല രംഗങ്ങളിലും കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. വനവത്കരണത്തിന്റെ കാര്യത്തിലും ഉയർന്ന നിലവാരത്തിലാണ് നമ്മൾ എത്തിയത്. മാതൃകാപരമായ രീതിയിലാണ്

കേരളത്തിലെ വനങ്ങൾ സംരക്ഷിക്കപ്പെടുന്നത്. എന്നിട്ടും 47,346 കോടി രൂപ വനസംരക്ഷണത്തിന്/വനവത്കരണത്തിന് കേന്ദ്രം അനുവദിച്ചപ്പോൾ 81 കോടി രൂപ മാത്രമാണ് കേരളത്തിന് ലഭിച്ചത്. നമ്മുടെ വനങ്ങൾ കയ്യടക്കിയതെല്ലാം തിരിച്ചുപിടിച്ചുവെന്ന് നമ്മൾ അവകാശപ്പെടുന്നുണ്ട്. ആരെങ്കിലും ഇനിയും വനം കയ്യേറ്റം നടത്തിയിട്ടുണ്ടോ; ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ കയ്യിൽ വനമുണ്ടോ; അത് പിടിച്ചെടുക്കാനുള്ള നടപടികളെടുത്തിട്ടുണ്ടോ; ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചുകൊണ്ട് നമ്മുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാനും വനങ്ങൾ സംരക്ഷിക്കാനും എന്ത് നടപടി സ്വീകരിച്ചു? അതോടൊപ്പം പ്രധാനപ്പെട്ട ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആമസോൺ വനങ്ങൾ കത്തി തീ പടർന്നുപിടിച്ചത് ഒരു വലിയ സംഭവമാണ്. നമ്മുടെ വനപ്രദേശങ്ങളിൽ കാട്ടുതീ പടർന്നുപിടിച്ചാൽ അടിയന്തരമായി അതിന് പരിഹാരം കാണാൻ 'Fire and Rescue' സംവിധാനം വനം വകുപ്പ് സ്വതന്ത്രമായി രൂപീകരിക്കാനുള്ള നടപടി എടുക്കുമോ; വനത്തിൽ തീപിടിച്ചാൽ നഗരത്തിലുള്ള ഫയർഫോഴ്സിനെ വിളിക്കാനേ സാധിക്കു, മറ്റൊന്നും ചെയ്യാൻ കഴിയില്ല. അതിനാൽ ഈ വിഷയം വനം വകുപ്പ് ഗൗരവമായി പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

<u>ശ്രീ. കെ. രാജു</u>: സർ, വിവിധ വനമേഖലയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഉൾക്കൊണ്ട ഒരു ചോദ്യമാണിത്. വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ ഏതാണ്ട് 29 ശതമാനം വനമാണ്. ആ വനത്തെ നല്ലതുപോലെ പരിപാലിക്കുന്നുണ്ട്. അതുപോലെ പ്രൊട്ടക്റ്റഡ് ഏരിയയുള്ള സംസ്ഥാനമെന്ന് പറയുന്നത് കേരളമാണ്. ഈ അടുത്ത സമയത്ത് കേന്ദ്ര വന്യജീവി ബോർഡ് പ്രഖ്യാപിച്ച ചില സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വന്യജീവി സങ്കേതങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. അതോടൊപ്പം ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട നിലവാരത്തിൽ പരിപാലിക്കപ്പെടുന്ന സങ്കേതങ്ങളിൽ കേരളത്തിലെ പെരിയാർ കടുവാ സങ്കേതത്തെപ്പോലെയുള്ള സങ്കേതങ്ങളെയാണ് ഒന്നാമതായി കാണിച്ചിട്ടുള്ളത്. ആ നിലയിൽ വനമേഖലയെ സംരക്ഷിക്കുന്ന കാര്യത്തിൽ നല്ല നിലയിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. വനവൽക്കരണവുമായി ബന്ധപ്പെട്ട് CAMPA ഫണ്ട് വിവിധ സംസ്ഥാനങ്ങൾക്കുവേണ്ടി നൽകുന്നതിന് ഒരു പ്രത്യേക നിധി കേന്ദ്ര വനം വകുപ്പ് തന്നെ രൂപീകരിച്ചിട്ടുണ്ട്. ആ ഫണ്ടിൽനിന്നും കേരളത്തിന്റെ വിഹിതമെന്ന നിലയിൽ നമുക്ക് ലഭിച്ചത് 81 കോടി രൂപയാണ്. കേന്ദ്രമന്ത്രി ശ്രീ. പ്രകാശ്

ജാവേദ്കർ പങ്കെടുത്ത ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽവച്ചുതന്നെ ഗുജറാത്തുപോലെയുള്ള ഒരു സംസ്ഥാനത്തിന് നാലായിരത്തിലധികം കോടി രൂപ അതുമായി ബന്ധപ്പെട്ട് ലഭിച്ചപ്പോൾ കേരളത്തിന് കിട്ടിയത് 81 കോടി രൂപ മാത്രമാണ്. അതിനുള്ള കാരണം, മറ്റ് സംസ്ഥാനങ്ങളിലെ മൊട്ടക്കുന്നുകളെല്ലാം വനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്ന ഏരിയ എന്നതിനാലാണ്. വടക്കേ ഇന്ത്യയിൽ മൊട്ടക്കുന്നുകളിൽ പലതും ഇപ്പോൾ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി വൻകിട കോർപ്പറേറ്റുകളടക്കമുള്ളവർക്ക് പല തരത്തിലുള്ള ഖനനത്തിനും മറ്റുമൊക്കെ അനുവദിച്ചുകൊടുക്കുകയാണ്. അത് കേരളത്തിൽ സാധിക്കില്ല; നമ്മുടെ വനത്തിൽ ഒരു ഖനനവും അനുവദിക്കുന്നില്ല, പ്രത്യേകിച്ച് കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് അനുവദിക്കാൻ കഴിയുകയുമില്ല. വടക്കേ ഇന്ത്യയിൽ കോർപ്പറേറ്റുകൾക്കും മറ്റും വനം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി സർക്കാർ കൊടുക്കുന്നതിന്റെ ഭാഗമായി കിട്ടുന്ന തുകയാണ് NPV (Net Present Value). വനസംരക്ഷണത്തിനു വേണ്ടിയുള്ള തുകയാണിത്. അതാത് സംസ്ഥാനത്തിൽ കിട്ടുന്ന തുക അതാത് സംസ്ഥാനത്തിനാണ്. നമുക്ക് ആകെ 81 കോടി രൂപ കിട്ടിയത് റോഡ് വികസനത്തിനുവേണ്ടി കുറച്ച് സ്ഥലം കൊടുത്തതിന്, ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിന് കേബിൾ ലൈൻ ഇടുന്നതിനുവേണ്ടി കൊടുത്തതിന് അങ്ങനെയൊക്കെയുള്ള ഡൈവേർഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന തുകയാണ് NPV. അതിൽ വലിയ വ്യത്യാസമാണുള്ളത്. വനം സംരക്ഷിക്കപ്പെടുകയും ഏറ്റവും ഭംഗിയായി പരിപാലിക്കപ്പെടുകയും ചെയ്യുന്ന കേരളത്തെപ്പോലെയുള്ള സംസ്ഥാനത്തിന് യഥാർത്ഥത്തിൽ ഈ ഫണ്ടിൽനിന്ന് വളരെ കുറച്ച് തുകയാണ് ലഭിക്കുന്നത്. ഇതിന് മാറ്റംവരണമെന്ന് കേന്ദ്രമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ വച്ചുതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, സുപ്രീംകോടതി വിധിയും കേന്ദ്ര ഗവൺമെന്റിന്റെ സമീപനവുംമൂലം വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളാണ് വനവുമായി ബന്ധപ്പെട്ട് കേരളം നേരിടുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം, തേക്കുതോട്ടങ്ങൾ വനത്തിനകത്തുള്ളത് മുറിച്ചുമാറ്റുക എന്നതിനേക്കാൾ ഇത് മുറിച്ചുമാറ്റി സ്വാഭാവിക വനങ്ങൾ വന്നാൽ ജനങ്ങളും മൃഗങ്ങളും തമ്മിൽ കാർഷിക മേഖലയിൽ നടക്കുന്ന തർക്കങ്ങളും അതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളും അവസാനിപ്പിക്കുന്നതിന് കഴിയും. ആ അർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിനെ സ്വാധീനിച്ച് സുപ്രീംകോടതിയിൽ കേരളത്തിനെ പ്രത്യേകമായി പരിഗണിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കണം. കാട്ടിനകത്തെ മൃഗങ്ങളെ സംരക്ഷിക്കണമെങ്കിൽ, ഇപ്പോൾ ഏതാണ്ട് ഇരുപതിനായിരത്തോളം ഹെക്ടർ തേക്കുതോട്ടങ്ങളുള്ളതിൽ പകുതിയെങ്കിലും സ്വാഭാവിക വനമാക്കി മാറ്റി

അവിടെ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും മൃഗങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കുംവേണ്ട ആഹാരത്തിനുള്ള ഉൽപ്പാദനമേഖലയുമാക്കി മാറ്റിയാൽ നല്ലതായിരിക്കും. മനുഷ്യനും മൃഗവും മറ്റ് ജീവജാലങ്ങളും തമ്മിലുള്ള തർക്കം അവസാനിപ്പിക്കാൻ ഇത്തരമൊരു ഘട്ടത്തിലേയ്ക്ക് പ്രവേശിക്കേണ്ടത് ആവശ്യമാണെന്ന് കേന്ദ്രഗവൺമെന്റിനെയും സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം നടത്തുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ആദ്യംതന്നെ ഇതുമായി ബന്ധപ്പെട്ടുള്ള വിവരം ഇവിടെ വെളിപ്പെടുത്തിയതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട ആ പ്രശ്നവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി ഈ രംഗത്തെ പ്രമുഖരായ ശാസ്ത്രജ്ഞന്മാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ മതിയായ പരിഗണന സുപ്രീം കോടതിയായാലും കേന്ദ്ര ഗവൺമെന്റായാലും നൽകുകയുള്ളൂ. ആദ്യം മൂന്ന് മാസമാണ് അനുവദിച്ചുനൽകിയതെങ്കിലും ആ സമയത്തിനുള്ളിൽ അവർക്ക് റിപ്പോർട്ട് തരാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ മൂന്നുമാസംകൂടി ദീർഘിപ്പിച്ചു കൊടുത്തിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ അംഗീകാരത്തോടുകൂടി കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിൽ വച്ച് അവിടത്തെയും അംഗീകാരത്തിന് വിധേയമായി കേന്ദ്രസർക്കാരിനെയും സുപ്രീംകോടതിയെയും സമീപിക്കേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച അതേ ഗൗരവത്തിൽത്തന്നെ സമീപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. വന്യജീവി സങ്കേതങ്ങളിലും പ്രൊട്ടക്റ്റഡ് ഏരിയകളിലുമാണ് ഈ വിഷയമുള്ളത്. അതേസമയം അതിനുപുറത്തുള്ള കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയടക്കം തോട്ടങ്ങളുണ്ട്. അവിടെയെല്ലാം നേരത്തെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയവ പ്ലാന്റ് ചെയ്തിരുന്ന സ്ഥിതി നമുക്കറിയാം. അവിടെ അതെല്ലാം ഇപ്പോൾ കുറച്ചുകൊണ്ടുവരികയാണ്. സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ റോഡുവക്കിൽ നട്ടുപിടിപ്പിച്ചിരുന്ന അത്തരം വിദേശ വൃക്ഷങ്ങൾ പുതിയത് ഉൽപ്പാദിപ്പിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. നഴ്സറികളിലും പുതിയത് ഉൽപ്പാദിപ്പിക്കണ്ടായെന്ന് തീരുമാനിച്ചു. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിലടക്കം പരമാവധി സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികളിലേയ്ക്കാണ് ഗവൺമെന്റ് നീങ്ങുന്നത്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും വന്യജീവികൾക്കാവശ്യമായ ഭക്ഷണപദാർത്ഥങ്ങളെല്ലാം അവിടെനിന്നുതന്നെ ലഭ്യമാക്കാൻ കഴിയും. കുറച്ചൊരു ലഘൂകരണം വന്യജീവി-മനുഷ്യ സംഘർഷത്തിൽനിന്ന് നമുക്ക് ഒഴിവായി കിട്ടുമെന്നാണ് പ്രതീക്ഷ.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വന്യജീവി സംരക്ഷണ നിയമപ്രകാരം തേക്ക് തോട്ടങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള തടസ്സം നീക്കുന്നതിനുള്ള നിയമം പരിപാലിക്കുമോ; ഇങ്ങനെ വന്യജീവി സങ്കേതത്തിലെ തേക്ക് തോട്ടങ്ങളിലെ മരങ്ങൾ മുറിക്കുകയാണെങ്കിൽ ആ തടികളുടെ വിൽപ്പന എങ്ങനെ നടത്തും; ഇങ്ങനെ വിൽപ്പന നടത്തുന്ന തടികളുടെ വരുമാനം എങ്ങനെയാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്?

<u>ശ്രീ. കെ. രാജു</u>: സർ, സർക്കാർ ഉത്തരവ് നമ്പർ 168/2019 അനുസരിച്ചാണ് ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ പ്രൊട്ടക്റ്റഡ് ഏരിയയിലെ തടികൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കും. സാധാരണഗതിയിൽ മറ്റ് തോട്ടങ്ങളിലെ തടികൾ വനംവകുപ്പിന്റെ ഡിപ്പോകളിൽ കൊണ്ടുവന്ന് ഇ-ലേലം വഴി കൊടുക്കുന്നുണ്ട്. അങ്ങനെ അനുമതി കിട്ടിയാൽ തേക്ക് തോട്ടങ്ങൾ മുറിക്കുമ്പോൾ കിട്ടുന്ന തടികൾ വിൽക്കാനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാനും കഴിയും. ബഹുമാനപ്പെട്ട അംഗം നേരത്തെ സൂചിപ്പിച്ചതുപോലെ വന്യജീവി സങ്കേതങ്ങളിൽ 18,426.5 ഹെക്ടറിലാണ് മൊത്തത്തിൽ തേക്കുതോട്ടങ്ങളുള്ളത്. വന്യജീവി സങ്കേതങ്ങൾക്ക് പുറത്തല്ലാതെയും തേക്ക് തോട്ടങ്ങളുണ്ട്. ഇതിന് അനുമതി ലഭിച്ചാൽ നല്ലൊരു വരുമാനമാർഗ്ഗമാകും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വനഭൂമി വികസന ആവശ്യങ്ങൾക്ക് വിട്ടുകൊടുത്തതിന് കോമ്പൻസേഷനായി CAMPA ഫണ്ട് എന്ന പേരിൽ കേരളത്തിന് ലഭിച്ചത് 81 കോടി രൂപയാണെന്നും മറ്റ് സംസ്ഥാനങ്ങൾക്ക് ആയിരക്കണക്കിന് കോടി രൂപ കിട്ടിയെന്നും നേരത്തെ പറഞ്ഞു. നമ്മുടെ വികസനാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട്, ഹിൽ ഹൈവേയും വിമാനത്താവള റോഡ് ഉൾപ്പെടെയുള്ള പല റോഡുകളുടെയും നിർമ്മാണം കർശനമായ സാങ്കേതിക കുരുക്കിൽപ്പെട്ട് മുടങ്ങിക്കിടക്കുകയാണ്. വനഭൂമി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനാവശ്യമുള്ള പകരം ഭൂമി വിട്ടുകൊടുക്കാൻ പല സ്ഥലങ്ങളിലും കൃഷിക്കാർ തയ്യാറാണ്. വന്യമൃഗശല്യം കണക്കിലെടുത്തുകൊണ്ട് അവരുടെ കൃഷിഭൂമിയിൽ ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കാത്തതിനാലും സ്വൈരമായി ജീവിക്കാൻ സാധിക്കാത്തതിനാലും "ഈ ഭൂമി വനംവകുപ്പ് 'ആനത്താര' പദ്ധതിപോലെയുള്ള പദ്ധതികൾക്ക് ഏറ്റെടുക്കണം" എന്ന് കൃഷിക്കാർ അങ്ങോട്ടാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുപോലും

അപേക്ഷയിൽ അനുകൂലമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നില്ല. ഇപ്പോൾ അതിനായി കിട്ടിയിട്ടുള്ള 81 കോടി രൂപ ഉപയോഗപ്പെടുത്താൻ സാധിക്കും. പണമുണ്ടായിട്ടുപോലും ഇതിൽ നടപടി സ്വീകരിക്കുന്നില്ല. ആ നടപടികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കണം. അതുപോലെ കേരളം വനവിസ്തൃതി കൂടുതലുള്ള സ്ഥലമായതിനാൽ ഏറ്റവും അത്യാവശ്യ കാര്യമായ റോഡ് വികസനത്തിനുവേണ്ടി വനഭൂമി വിട്ടുകൊടുക്കാനുള്ള നടപടികളെ സംബന്ധിച്ച് വനംവകുപ്പും പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തി അനുകൂല തീരുമാനമെടുക്കുമോ?

<u>ശ്രീ. കെ. രാജു</u>: CAMPA fund-ന്റെ വിതരണത്തെ സംബന്ധിച്ചാണ് അങ്ങ് ആദ്യം പറഞ്ഞത്. ആയിരക്കണക്കിന് ഹെക്ടർ ഭൂമിയാണ് ഖനന ആവശ്യങ്ങൾക്കുവേണ്ടി മറ്റ് സംസ്ഥാനങ്ങൾ വിട്ടുകൊടുക്കുന്നത്. അതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങൾക്ക് ഇത്രയും വലിയ തുക ലഭിച്ചുവെന്ന് പറയുന്നത്. അങ്ങ് പറഞ്ഞതുപോലെ ആദിവാസി കോളനിയിലേയ്ക്കുള്ളൊരു വഴിക്ക് സ്ഥലം വിട്ടുകൊടുക്കുന്നപോലുള്ള വളരെ ചെറിയൊരു ഭൂപ്രദേശത്തെ സംബന്ധിച്ച കാര്യമല്ല ഇത്. ആയിരക്കണക്കിന് ഹെക്ടർഭൂമി വിട്ടുകൊടുത്തതിനുള്ള തുകയെന്ന നിലയിലാണ് കോർപ്പറേറ്റുകളിൽനിന്ന് ഈ ഫണ്ടിലേയ്ക്ക് പണം വരുന്നത്. അങ്ങനെ കേരളത്തിന് കിട്ടാൻ എന്താണ് മാർഗ്ഗം; അങ്ങനെ വിട്ടുകൊടുക്കാൻ നമുക്ക് കഴിയുമോ? വളരെ സെൻസിറ്റീവായ പ്രശ്നമാണ് യഥാർത്ഥത്തിൽ വനം മേഖലയുമായി ബന്ധപ്പെട്ടുള്ളത്. വനത്തിനകത്തുകൂടി റോഡ് പോകുമ്പോൾ അത്തരം റോഡുകളുടെ നിർമ്മാണത്തിന് സ്വാഭാവികമായും അനുവാദം വാങ്ങേണ്ടിവരും. പക്ഷേ, ആദിവാസി കോളനിയിലേയ്ക്ക് പോകുന്ന റോഡുകൾ പോലെ വളരെ അത്യാവശ്യമുള്ള റോഡുകൾ നല്ല രീതിയിൽ മെയിന്റയിൻ ചെയ്യുന്നതിനാവശ്യമായ അനുമതി കൊടുക്കാനുള്ള അവകാശം നമുക്കുണ്ട്. അത് നമ്മൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അത്യാവശ്യമുള്ള കാര്യങ്ങൾ അങ്ങനെ ചെയ്യുന്നു. നിയമസഭാംഗങ്ങൾ പലപ്പോഴും ഹിൽ ഹൈവേയുമായി ബന്ധപ്പെട്ട തടസ്സങ്ങളെക്കുറിച്ച് ചോദിക്കാറുണ്ട്. ഓരോ വനം ഡിവിഷന്റെയും അതിർത്തിയിൽ വരുന്ന പ്രദേശത്ത് ഹിൽ ഹൈവേ കടന്നുപോകുന്ന ഭാഗവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ചുവരികയാണ്. കൊല്ലം ജില്ലയിലെ പ്രശ്നം പരിഹരിച്ചു. അവിടെ ഹിൽ ഹൈവേയുടെ പണി നടക്കുകയാണ്. പത്തനംതിട്ട ജില്ലയിൽ ശ്രീ. രാജു എബ്രഹാം, ഡോ. എൻ. ജയരാജ് എന്നിവരുടെ നേതൃത്വത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് പരിഹാരം കാണുവാൻ കഴിഞ്ഞു.

ഇതുപോലെ ഓരോ ജില്ലയിലും പരിഹാരമുണ്ടാക്കണം. വനം മുറിച്ച് പോകണം, പ്രത്യേകിച്ച് വന്യജീവി സങ്കേതങ്ങൾ മുറിക്കുവാൻ കഴിയുമോ? വന്യജീവി സങ്കേതങ്ങളിൽനിന്ന് ഒരുതരി മണൽപോലും എടുക്കാൻ പാടില്ലായെന്നതാണ് ചട്ടം. അല്ലെങ്കിൽ അതിനായി അനുമതി വാങ്ങണം. അനുമതി വാങ്ങണമെങ്കിൽ വനംവകുപ്പല്ല അപേക്ഷ നൽകേണ്ടത്, യൂസർ ഏജൻസി അപേക്ഷ നൽകണം. റോഡാണ് നിർമ്മിക്കേണ്ടതെങ്കിൽ പി.ഡബ്ല്യു.ഡി. നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. അങ്ങനെ സമർപ്പിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട വനം വകുപ്പുദ്യോഗസ്ഥൻമാരും യൂസർ ഏജൻസിയും ചേർന്ന് പ്രസ്തുത സ്ഥലം സന്ദർശിച്ച് എത്ര സ്ഥലം നിലവിലുണ്ട്, റോഡ് നിർമ്മാണത്തിന് എത്ര സ്ഥലം വേണം എന്നുള്ള കാര്യങ്ങൾ തിട്ടപ്പെടുത്തും. അതിനുശേഷം വന്യജീവി സങ്കേതമാണോ, സാധാരണയുള്ള ടെറിട്ടോറിയൽ ഫോറസ്റ്റാണോയെന്ന് നോക്കും. അതിന്റെ അടിസ്ഥാനത്തിൽ ഇത്ര സ്ഥലം വേണമെന്ന് നിശ്ചയിച്ച് കഴിഞ്ഞാൽ ആ സ്ഥലം കൈമാറ്റം ചെയ്തുകൊടുക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കും. നിലവിലുള്ള നിയമങ്ങളനുസരിച്ച് പകരം ഭൂമി നൽകുക, നെറ്റ് പ്രസന്റ് വാല്യു അടയ്ക്കുക, വനവത്കരണം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വിട്ടുകൊടുക്കുന്നത്. ഈ ഗവൺമെന്റിന്റെ ഒരു സ്വപ്നപദ്ധതിയാണ് ഹിൽ ഹൈവേ. ഹിൽ ഹൈവേയുമായി ബന്ധപ്പെട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓരോ വനം ഡിവിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലമേതെന്ന് തിട്ടപ്പെടുത്തൽ വനം വകുപ്പ്, പി.ഡബ്ല്യു.ഡി. എൻ.എച്ച്.-ഉം ആയി ബന്ധപ്പെട്ട് ചർച്ച ചെയ്ത് പരിഹരിക്കേണ്ട വിഷയമാണ്. പരിഹരിച്ച് നിയമാനുസൃതമുള്ള അപേക്ഷ കൊടുത്താൽ അനുമതി കിട്ടുമെന്ന കാര്യത്തിൽ തർക്കമില്ല.

മി. സ്പീക്കർ: ഉപചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ചുരുക്കി പറയണം.

ശ്രീ. കെ. ബാബു: സർ, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ തേക്കുകളിലൊന്നായ കന്നിമാര തേക്കുൾപ്പെടെയുള്ള വലിയ തേക്ക് പ്ലാന്റേഷൻ പറമ്പിക്കുളം മേഖലയിലുണ്ട്. കഴിഞ്ഞ വേനലിൽ തമിഴ്നാട്ടിൽ നിന്നുള്ള തീ പടർന്ന് അവിടെ വ്യാപകമായ നാശനഷ്ടമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും ഉൾപ്പെടെ ഇടപെട്ടുകൊണ്ടാണ് ഹെലികോപ്റ്റർ വഴി തീയണയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയത്. ആ വന്യജീവി സങ്കേതങ്ങളിൽനിന്ന് ആന, കടുവ, കാട്ടുപോത്ത് തുടങ്ങിയവ മനുഷ്യർ

താമസിക്കുന്ന സ്ഥലത്തേയ്ക്ക് ഇറങ്ങി വരുന്നത് സ്വാഭാവികമായും അവയ്ക്ക് തീറ്റ ലഭിക്കാത്തതുകൊണ്ടാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് ആവശ്യമായ തീറ്റ ലഭിക്കുന്നതിനുള്ള സ്വാഭാവിക വനവത്കരണം എത്ര ഏക്കറിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. കെ. രാജു: സർ, പറമ്പിക്കുളം വന്യജീവി സങ്കേതം എം.എൽ.എ.-മാരുൾപ്പെടെ സന്ദർശിച്ചിരുന്നു. 68 വർഷത്തിനുമേൽ പ്രായമുള്ള തേക്കുകൾ അവിടെ ധാരാളമായിട്ടുണ്ട്. ആ തേക്ക് മരങ്ങളുടെ കീഴിൽ അടിക്കാടുകൾ ഇല്ലായെന്ന് നാം നേരിട്ട് കണ്ടതാണ്. പുല്ല് കഴിക്കുന്ന ജീവികൾക്കായാലും മറ്റ് ജീവികളെ ഇരകളാക്കുന്ന ജീവികൾക്കായാലും ഭക്ഷണത്തിനുള്ള അവസരം അവിടെയില്ലായെന്നത് യാഥാർത്ഥ്യമാണ്. അതുകൂടി കണക്കിലെടുത്താണ് പഠന കമ്മിറ്റിയെ വച്ച് റിപ്പോർട്ട് വാങ്ങി അത്തരം തേക്ക് മരങ്ങൾ മുറിക്കുന്നതിനാവശ്യമായ അനുവാദത്തിനായി കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതിന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നത്. സ്വാഭാവിക വനവത്കരണം എത്ര ഏക്കറിൽ നടപ്പിലാക്കിയിട്ടുണ്ടെന്നതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. വി. ടി. ബൽറാം: സർ, വനങ്ങളുടെയും വന്യജീവികളുടേയും സംരക്ഷണം അങ്ങയുടെ വകുപ്പിനാണെന്ന് ഇവിടെ പറയുകയുണ്ടായി. വനമേഖലയിൽ മനുഷ്യരെ വെടിവച്ച് കൊല്ലേണ്ട രീതിയിലുള്ള എന്തെങ്കിലും വിധ്വംസക പ്രവർത്തനങ്ങൾ നടക്കുന്നതായി വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനം വകുപ്പിന് അത്തരത്തിൽ അഭിപ്രായമുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നര വർഷത്തിനുള്ളിൽ ഏഴ് മനുഷ്യരെയാണ് നിലമ്പൂരിലേയും അട്ടപ്പാടിയിലേയും വയനാട്ടിലേയും വനമേഖലകളിൽ വെടിവച്ച് കൊന്നത്. ഇത്തരത്തിലുള്ള നടപടിക്ക് വനം വകുപ്പിന്റെ അനുമതി ആഭ്യന്തര വകുപ്പോ പോലീസോ മറ്റേതെങ്കിലും ഏജൻസികളോ തേടിയിട്ടുണ്ടോ; വനംവകുപ്പ് അത്തരത്തിലുള്ള അനുമതി ഇത്തരം ഓപ്പറേഷന് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, രാജ്യത്ത് എന്തെങ്കിലും വിധ്വംസക പ്രവർത്തനങ്ങളോ രാജ്യദ്രോഹപരമായ കുറ്റങ്ങളോ നടക്കുമ്പോൾ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദപ്പെട്ട പോലീസിനോ ബന്ധപ്പെട്ട ഏജൻസികൾക്കോ വനംവകുപ്പിന്റെ പ്രത്യേക അനുമതിയുടെ ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല.

മി. സ്പീക്കർ: ഉപചോദ്യങ്ങളും ഉത്തരങ്ങളും നീണ്ടുപോയതിനാൽ ഇനി അനുവദിക്കാൻ നിർവ്വാഹമില്ല. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്.

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ശാക്തീകരിക്കാൻ നടപടി

2 (*212) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിനെ ശാക്തീകരിക്കാൻ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(ബി) ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മരുന്നുവിതരണം കാര്യക്ഷമമാക്കുന്നതിനും ഡോക്ടർമാരുടേതുൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ഇ.എസ്.ഐ. മാസവിഹിതത്തിൽ കുറവുവരുത്തിയത് ഇ.എസ്.ഐ. സംവിധാനത്തിന്റെ സാമ്പത്തിക അടിത്തറ ദുർബലപ്പെടുത്താനിടയുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കണമെന്ന തൊഴിലാളികളുടെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ&ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനെ ശാക്തീകരിക്കുവാൻ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഓരോ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ റീസണബിൾ മെഡിക്കൽ കെയർ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് സുഗമമാക്കുന്നതിനും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ കാലതാമസം കൂടാതെ കൈകാര്യം ചെയ്യുന്നതിനും ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് ആശുപത്രി സൂപ്രണ്ടുമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ. പി. വിഭാഗത്തിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നുണ്ട്. 40 ഡിസ്പെൻസറികളിൽ ഇ.സി.ജി. മെഷീൻ നൽകിയിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിനായി 3 ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തിക അനുവദിച്ചു. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യമരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖം എന്നിവയുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻവഴിയും മരുന്ന് വിതരണം ചെയ്യുന്നു. കൂടാതെ സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി

വിതരണം ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് 2016-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനുവേണ്ടി ഹരിത മിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ. ആശുപത്രികളിൽ 'ഫുള്ളി ഓട്ടോമേറ്റഡ് ബയോ കെമിസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു. പേരൂർക്കട, ഫറോക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടി ആശുപത്രികളിൽ പവർ ലാൻട്രി സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു.

2019-20 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി.യു., മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5 ബെഡ് ഡയാലിസിസ് യൂണിറ്റ്, ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ് എന്നിവ ഉൾപ്പെടെ 10,17,68,550 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. കോർപ്പറേഷനിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് 47 സ്വകാര്യ ആശുപത്രികളെയും രോഗ നിർണ്ണയ സ്ഥാപനങ്ങളെയും എംപാനൽ ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 42 ആശുപത്രികളെയും 8 ഡയഗ്നോസ്റ്റിക് സെന്ററുകളെയും എംപാനൽ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിന് 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 6 ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ആയതിൽ കട്ടപ്പന, മുക്കം ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഒഴിവുണ്ടായിരുന്ന സ്പെഷ്യലിസ്റ്റ് തസ്തികകളിൽ സർവ്വീസ് ക്വാട്ടയിൽ പി.ജി. നേടിയ ഡോക്ടർമാരെ നിയമിക്കുകയും നാല് ഒഴിവുകളൊഴികെ എല്ലാം നികത്തുകയും ചെയ്തു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഒഴിവുണ്ടായിരുന്ന തസ്തികകളിൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിന് പി.എസ്.സി.-യിൽനിന്നും ഓപ്ഷൻ വാങ്ങി നിയമനം ത്വരിതപ്പെടുത്തുകയും ചെയ്തു. നാളിതുവരെ 303 ഡോക്ടർമാരെ പി.എസ്.സി. അഡ്വൈസ് ചെയ്യുകയും അതിൽ 94 ഡോക്ടർമാർ വകുപ്പിൽ ജോയിൻ ചെയ്യുകയുമുണ്ടായി. ഇതുമൂലം ഡോക്ടർമാരുടെ ക്ഷാമം വലിയ രീതിയിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(സി) കേന്ദ്ര സർക്കാരിലെ തൊഴിൽ മന്ത്രാലയത്തിന്റെ 13-6-2019-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം തൊഴിലുടമയുടെ ഇ.എസ്.ഐ. വിഹിതം 4.75 ശതമാനത്തിൽനിന്ന് 3.25 ശതമാനമായും തൊഴിലാളിയുടെ ഇ.എസ്.ഐ. വിഹിതം 1.75 ശതമാനത്തിൽനിന്ന് 0.75 ശതമാനമായും കുറവുവരുത്തിയിട്ടുണ്ട്. പ്രസ്തുത നിരക്ക് 1-7-2019 മുതൽ പ്രാബല്യത്തിൽ വന്നു. ഇ.എസ്.ഐ. വിഹിതത്തിൽ കുറവ് വരുത്തിയതുമൂലം വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

(ഡി) സംഘടിത തൊഴിൽ മേഖലയിൽ പത്തോ അതിലധികമോ തൊഴിലാളികൾ പ്രവർത്തിയെടുക്കുന്ന ഫാക്ടറികളിലെയും സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കാണ് ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. അർഹരായ എല്ലാ തൊഴിലാളികൾക്കും സംസ്ഥാന വ്യാപകമായി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 1-2-2017 മുതൽ കേരള സംസ്ഥാനം മുഴുവനും ഇ.എസ്.ഐ. പദ്ധതി ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, ഇ.എസ്.ഐ. പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ തൊഴിലാളികളേയും ഉൾപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തുവരുന്നുവെന്നുള്ളത് ഏറെ അഭിനന്ദന മർഹിക്കുന്നൊരു കാര്യമാണ്. മുൻപ് അങ്ങനെ ഉണ്ടായിരുന്നില്ല. ഇതിന്റെ ഭാഗമായി സംഘടിത മേഖലയിലെ തൊഴിലാളികളോടൊപ്പം അസംഘടിത മേഖല, പരമ്പരാഗത മേഖല പ്രത്യേകിച്ച് കൈത്തറി, ഖാദി, കയർ പോലെയുള്ള മേഖലകളിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ഇ.എസ്.ഐ.-യിൽ അംഗത്വമെടുക്കുവാനും ചികിത്സ തേടാനുമുള്ള സൗകര്യം ഉണ്ടാക്കിയെന്നുള്ളത്

ഏറെ സന്തോഷകരമായ കാര്യമാണ്. ഇ.എസ്.ഐ.-യിൽ അംഗത്വമെടുക്കുന്ന തൊഴിലാളികൾക്കും ആശ്രിതർക്കും അംഗത്വമെടുത്ത തീയതി മുതൽ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കാനുള്ള സൗകര്യമുണ്ടോ; എംപാനൽ ആശുപത്രികളിൽ ആ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇവിടെ ഇ.എസ്.ഐ. സംസ്ഥാന വ്യാപകമായി നോട്ടിഫൈ ചെയ്ത് ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. നേരത്തെ ചില പ്രത്യേക മേഖലകൾ മാത്രമാണ് ഇ.എസ്.ഐ-യിൽ ഉൾപ്പെടുത്തിയിരുന്നത്. ഇന്നത് മാറി സംസ്ഥാന വ്യാപകമായി ഇ.എസ്.ഐ. ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. എല്ലാ വിഭാഗം തൊഴിലാളികളും ഇ.എസ്.ഐ.- യിൽ വന്നിട്ടില്ല. ഇ.എസ്.ഐ. ആക്ടിന് വിധേയമായിട്ടുള്ള നിലയിലാണ് തൊഴിലാളികൾക്ക് ഇതിൽ അംഗീകാരം നൽകാൻ സാധിക്കുക. ആ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ദിവസം മുതൽ തൊഴിലാളികൾക്കും ആശ്രിതരായ കുടുംബങ്ങൾക്കും എംപാനൽ ചെയ്ത ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കും. ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും എംപാനൽ ചെയ്ത ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിരുന്നത് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് നിശ്ചയിച്ചിരുന്ന വ്യവസ്ഥകളായിരുന്നു. എന്നാൽ ഇ.എസ്.ഐ. ആക്ട് പ്രകാരം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ദിവസം മുതൽ തൊഴിലാളികൾക്കും ആശ്രിതരായ കുടുംബങ്ങൾക്കും മെഡിക്കൽ ബെനിഫിറ്റിന് അർഹതയുണ്ട്. നിലവിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമായ സ്പെഷ്യാലിറ്റി ചികിത്സ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിവരുന്നത്. സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം വരികയും ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും കുടുംബങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ റീസണബിൾ മെഡിക്കൽ കെയർ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ചുകൊണ്ട് 26-6-2019-ലെ സർക്കാർ ഉത്തരവുപ്രകാരം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, ഇ.എസ്.ഐ. ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് വടക്കൻ ജില്ലകളിൽ വേണ്ടത്ര സൗകര്യങ്ങളില്ല. കർണ്ണാടക അതിർത്തിയായ തലപ്പാടി മുതൽ വയനാട് വരെയുള്ള മേഖലകളിലെ തൊഴിലാളികൾക്ക് ആശ്രയിക്കാവുന്ന ഏക ആശുപത്രി കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയാണ്. അതിനിടയിൽ ഇ.എസ്.ഐ. ഡിസ്പെൻസറികളുണ്ട്. പക്ഷേ ആശുപത്രിയിൽ പ്രവേശിച്ച് ചികിത്സിയ്ക്കേണ്ട തൊഴിലാളികൾക്ക് ആ സൗകര്യമില്ല.

അതിനുപകരം എംപാനൽ ചെയ്ത ആശുപത്രികളെയാണ് ഇ.എസ്.ഐ.-യിലെ അംഗങ്ങൾ ആശ്രയിക്കുന്നത്. സമീപകാലത്തായി എംപാനൽ ചെയ്ത ആശുപത്രികൾ അവരുടെ കരാറുകൾ പുതുക്കാൻ വിസമ്മതിക്കുകയാണ്. റീ-ഇംബേഴ്സ്മെന്റ് ഇ.എസ്.ഐ. കോർപ്പറേഷനുകളിൽ നിന്ന് യഥാസമയം ലഭിക്കുന്നില്ലെന്നാണ് അവർ പറയുന്നത്. അതിനാൽ സ്പെഷ്യാലിറ്റി ചികിത്സ ആവശ്യമുള്ള രോഗികൾ വളരെയധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്. തോട്ടട ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി വികസിപ്പിക്കാൻ തത്വത്തിൽ അംഗീകാരമായിട്ടുണ്ടെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. പക്ഷേ ഇതുവരെ അതിനാവശ്യമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് പതിനായിരക്കണക്കിന് ആളുകൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. എംപാനൽ ആശുപത്രിയിൽ പോയാൽ വേണ്ടത്ര പരിഗണന ലഭിക്കാത്ത സാഹചര്യവുമുണ്ടാകുന്നു. അതുകൊണ്ട് യഥാസമയം അവരുടെ റീ-ഇംബേഴ്സ്മെന്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തോട്ടട ആശുപത്രിയെ സ്പെഷ്യാലിറ്റിയായി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അത് എപ്പോൾ യാഥാർത്ഥ്യമാക്കാൻ സാധിക്കും?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, റീ-ഇംബേഴ്സ്മെന്റ് വഴി ലഭ്യമാകാനുള്ള തുക തൊഴിലാളികൾക്ക് കൃത്യമായി ലഭിച്ചുവരുന്നുണ്ടെന്നുള്ളതാണ് ഞങ്ങളുടെ പരിശോധനയിൽ മനസ്സിലായത്. ഏതെങ്കിലും പ്രത്യേക കേസിൽ തുക ലഭ്യമായിട്ടില്ലെങ്കിൽ പരാതിപ്പെട്ടുകഴിഞ്ഞാൽ അതിനാവശ്യമായ പരിഹാര മുണ്ടാക്കുന്നതിനുള്ള നപടികൾ സ്വീകരിക്കും. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇ.എസ്.ഐ. കോർപ്പറേഷൻ ഇപ്പോൾ ഇടപെട്ട് വരുന്നുണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ദത്തെയും ഇടപെടലുകളെയും തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകരമായ നിലപാട് സ്വീകരിച്ച് വരുന്നുണ്ട്. തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇത് ഇ.എസ്.ഐ. കോർപ്പറേഷൻ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 7:1 എന്ന അനുപാതത്തിലാണ് ഇതിന്റെ ചെലവുകൾ വഹിക്കേണ്ടത്. 7 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷനും ഒരുഭാഗം സംസ്ഥാന ഗവൺമെന്റുമാണ്. ഈ തത്വം അംഗീകരിച്ചുകൊണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് സമ്മതിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാരുമായുള്ള കരാർപ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനാണ് ക്യാപിറ്റൽ കൺസ്ട്രക്ഷനുള്ള ഫണ്ട് വഹിക്കേണ്ടത്. എന്നാൽ തോട്ടട

ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുമ്പോൾ നിർമ്മാണ പ്രവൃത്തികൾക്ക് കോർപ്പറേഷൻ ഫണ്ട് അനുവദിക്കുമോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ പ്രശ്നം ഇ.എസ്.ഐ. കോർപ്പറേഷനുമായി ചർച്ച ചെയ്തുവരികയാണ്. ഇ.എസ്.ഐ. കോർപ്പറേഷൻ പൊതുമാനദണ്ഡത്തിനനുസരിച്ചുള്ള നിലപാടുകൾ സ്വീകരിച്ചു കഴിഞ്ഞാൽ തോട്ടട ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും ഉടനെ സ്വീകരിക്കും. ഇപ്പോൾതന്നെ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം തോട്ടടയിൽ ലഭിക്കത്തക്ക വിധത്തിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, കേന്ദ്രസർക്കാർ തൊഴിലുടമ വിഹിതവും തൊഴിലാളി വിഹിതവും അടുത്തകാലത്തായി വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത് സംസ്ഥാനത്ത് ദീർഘകാലാടിസ്ഥാനത്തിൽ ദോഷം ചെയ്യുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഇതിനെതിരായി സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ.-യുടെ വിഹിതം വെട്ടിക്കുറച്ച നിലപാടിനോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ല. എംപ്ലോയീസ് വിഹിതം 4.75 ശതമാനത്തിൽ നിന്ന് 3.25 ശതമാനമായി കുറച്ചു. 1.50 ശതമാനമാണ് കുറച്ചിട്ടുള്ളത്. ഇതിന്റെ ഒരുവർഷക്കാലത്തെ കണക്ക് പരിശോധിച്ചപ്പോൾ 309.08 കോടിയുടെ വരുമാനം ഇ.എസ്.ഐ.-യ്ക്ക് കുറയും. അതുകൊണ്ട് വിഹിതം വെട്ടിക്കുറച്ച നിലപാടിനോട് ഒരുതരത്തിലും സംസ്ഥാന സർക്കാരിന് യോജിപ്പില്ല. യഥാർത്ഥത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനല്ല ഈ വിഹിതം വെട്ടിക്കുറച്ചത്. കേന്ദ്ര മന്ത്രാലയമാണ് വിഹിതം വെട്ടിക്കുറയ്ക്കുന്നതിനുള്ള തീരുമാനമെടുത്തത്. ഇതിനോടുള്ള വിയോജിപ്പ് സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കേന്ദ്രവകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇതിൽ ശക്തമായ സമീപനം തന്നെയാണ് തുടർന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇ.എസ്.ഐ. ആശുപത്രികളുടെ വികസനം സംബന്ധിച്ച് ഗവൺമെന്റിന്റെ കാഴ്ചപ്പാടും കൈക്കൊണ്ട തീരുമാനങ്ങളുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സമർപ്പിച്ച മറുപടിയിൽ വിശദമായി പറഞ്ഞിരിക്കുന്നത്. ചരിത്രത്തിലാദ്യമായിട്ടായിരിക്കും ഇത്രയും വലിയ ഒരു വികസന പദ്ധതി രൂപപ്പെടുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി മുതൽ ഏക ഡോക്ടർ ഡിസ്പെൻസറി വരെയുള്ള വളരെ വിപുലമായ വികസന പരിപ്രേക്ഷ്യയാണ് അവതരിപ്പിച്ചത്. നമ്മുടെ നാട്ടിലെ ഇ.എസ്.ഐ. ആശുപത്രികൾ ആകർഷകമായിരുന്നില്ല. അതുകൊണ്ട് എല്ലാവരും പ്രൈവറ്റ്

ഹോസ്പിറ്റലുകളെ സമീപിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. തൊഴിലാളി സംഘടനകളും തൊഴിലാളികളുമെല്ലാം അതിനാണ് മുൻഗണന കൊടുത്തുകൊണ്ടിരുന്നത്. ആ സാഹചര്യത്തിൽ മാറ്റം വരുത്തുന്നതിനുള്ള ശ്രമമെന്ന നിലയിലാണ് ഇതിനെ കാണേണ്ടത്. എനിക്ക് ചോദിക്കാനുള്ളത്, ഏഴ് ശതമാനം കേന്ദ്രഗവൺമെന്റ് നൽകുമെന്നും ഒരു ശതമാനം സംസ്ഥാനം എടുക്കണമെന്നുമുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന നിർദ്ദേശമെല്ലാം പറഞ്ഞു. പക്ഷേ ഏത് വഴിയിലാണെങ്കിലും അത് നിർവ്വഹിക്കുന്ന സമയത്ത് നമുക്ക് ഇന്നുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ആശുപത്രി നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ള വിദഗ്ദ്ധരുടെ, അതായത് അതിന്റെ അടിസ്ഥാന സൗകര്യമൊരുക്കുന്ന കാര്യത്തിലും മികച്ച സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിലും ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ആകർഷകമായ നിലയിൽ ക്രമീകരിക്കുന്നതിനുമൊക്കെ ഈ രംഗത്തുള്ള ഏതെങ്കിലും വിദഗ്ദ്ധന്മാരുടെയോ ഏജൻസികളുടെയോ സഹായം തേടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതുണ്ടായാൽ നന്നാവുമെന്ന അഭിപ്രായമുള്ളതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് അറിയിക്കാമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തോട് യോജിപ്പാണുള്ളത്. ഗവൺമെന്റും ഈ കാഴ്ചപ്പാട് തന്നെയാണ് ഉയർത്തുന്നത്. ഇപ്പോൾ കേരളത്തിൽ 145 ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. 145 ഡിസ്പെൻസറികളിൽ 53 ഡിസ്പെൻസറികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കി ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാകേണ്ടതുണ്ട്, ഇതിനുള്ള പരമാവധി ശ്രമം നടത്തിവരികയാണ്. കേരളത്തിൽ 9 ആശുപത്രികളാണ് സ്റ്റേറ്റ് സർവ്വീസിന്റെ ഭാഗമായിട്ടുള്ളത്. ആ 9 ആശുപത്രികൾക്കും കെട്ടിടമുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മറ്റ് 3 ആശുപത്രികളും സ്വന്തം കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ ആലപ്പുഴ ആശുപത്രി കെട്ടിടം പുതുക്കിപ്പണിത് നൽകാമെന്ന് പറഞ്ഞിരുന്നു. പക്ഷേ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്ന് അനുവാദം ലഭിച്ചില്ല. ഇപ്പോൾ ആലപ്പുഴ ആശുപത്രി പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇ.എസ്. ഐ. കോർപ്പറേഷന്റെകൂടി അനുവാദമില്ലാതെ ഇത്തരം കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. ഇ.എസ്.ഐ. കോർപ്പറേഷനിൽ ഇത്തരം ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി തുടർച്ചയായി സമ്മർദ്ദം ചെലുത്തി ഇ.എസ്.ഐ. കോർപ്പറേഷനെയും കൂടി സഹകരിപ്പിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിത്തന്നെയാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, കേരളത്തിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ ഇ.എസ്.ഐ. ആനുകൂല്യം നേടിയെടുക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എസ്.ഐ.-യുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും മാതൃകാപരമായ നടപടി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇ.എസ്.ഐ.-യിൽ ഉൾപ്പെടാത്ത വിവിധഇനം ജനവിഭാഗങ്ങളുണ്ട്. ഉദാഹരണമായി, കേരളത്തിന്റെ സമ്പദ്ഘടനയിൽ അതിപ്രധാനമായ പങ്കുവഹിക്കുകയും വിദേശനാണ്യം നേടിത്തരികയും ചെയ്യുന്നവരാണ് മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾ. അതായത് പീലിംഗ് തൊഴിലാളികൾ, ചെമ്മീൻ കിള്ളുന്ന തൊഴിലാളികൾ. അവർ ഇത് കയറ്റുമതി ചെയ്താണ് വിദേശനാണ്യം കേരളത്തിന് നേടിത്തരുന്നത്. ആ തൊഴിലാളികളെ ഇ.എസ്.ഐ.-യുടെ പരിധിയിലുൾപ്പെടുത്തുന്ന കാര്യം ഫിഷറീസ് വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ വളരെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ സഭയിൽ ഉന്നയിച്ചിരിക്കുന്നത്. പീലിംഗ് ഷെഡ്ഡിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജീവിതസ്ഥിതി വളരെ ദയനീയമാണ്. ഒരു നിയമവും പാലിക്കാത്ത നിലയിലാണ് അത്തരം കേന്ദ്രങ്ങളിൽ കാര്യങ്ങൾ നടന്നുവരുന്നത്. ഇ.എസ്.ഐ. ആക്ടിന് വിധേയമായി പരിശോധിച്ചാൽ ഈ തൊഴിലാളികളെ ഇ.എസ്.ഐ.-ലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നതാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിലല്ല ഈ തൊഴിലാളികളെല്ലാം പ്രധാനമായും ജോലി ചെയ്യുന്നത്. പ്രത്യേകം ഉടമകളുടെ കീഴിലാണ് ജോലിചെയ്യുന്നതെന്ന കാര്യം കൂടി മനസ്സിലാക്കി ഇത്തരം കേന്ദ്രങ്ങൾ പരിശോധിച്ച് ഈ തൊഴിലാളികളെ ഇ.എസ്.ഐ.-യിൽ ഉൾപ്പെടുത്തുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കൂടി സഹായംതേടി ആവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കും. ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരംകൂടി ലഭിക്കേണ്ടതുണ്ട്. തീർച്ചയായും റീജിയണൽ ബോർഡിൽ ഇക്കാര്യം ഉന്നയിച്ച് ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇന്ന് പീലിംഗ് ഷെഡ്ഡുകളിലെ തൊഴിലാളികൾക്കുവേണ്ടി ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല. അത് മറ്റൊരു തരത്തിലാണ് നിൽക്കുന്നത്. 2020-2021 മുതൽ ഇൻകം സപ്പോർട്ട് സ്കീം പീലിംഗ് തൊഴിലാളികൾക്കുകൂടി നടപ്പിലാക്കിയാൽ, തൊഴിൽ വകുപ്പുമായി ആലോചിച്ച് തൊഴിലാളികൾക്ക് ഇ.എസ്.ഐ. കൊണ്ടുവരാൻ സഹായ കമാകുമെന്ന് തോന്നുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പ്രമുഖ ആശുപത്രികളിലേയ്ക്ക് പോകുമ്പോൾ ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നുള്ള റഫറൻസുണ്ടെങ്കിൽ മാത്രമേ റീ-ഇംബേഴ്സ്മെന്റ് കിട്ടുകയുള്ളൂവെന്ന സ്ഥിതിവിശേഷം ഇന്ന് നിലവിലുണ്ട്. പലപ്പോഴും അത്യാഹിതങ്ങളുണ്ടായി മെഡിക്കൽ കോളേജ് ഉൾപ്പടെയുള്ള ആശുപത്രികളിലേയ്ക്ക് പോകുന്നവർക്ക് റഫറൻസ് ഇല്ലാത്തതിന്റെ പേരിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നു. അതോടൊപ്പം, ബഹുമാനപ്പെട്ട മന്ത്രി എല്ലാ ആശുപത്രികളിലും ഓങ്കോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതാണ്. എല്ലായിടത്തും ഓങ്കോളജി ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുണ്ടോ; അതിനുള്ള ഡോക്ടർമാരെയും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഓങ്കോളജി ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ആയിട്ടില്ല. ഇതിനുള്ള ഏർപ്പാടുകളെല്ലാം ഗൗരവമായെടുത്ത് നടപ്പിലാക്കുന്നതിനു വേണ്ടി ശ്രമം നടത്തുകയാണ്. ഇ.എസ്.ഐ. ആശുപത്രികളിൽ ഇതിന് തുടക്കം കുറിച്ചുകഴിഞ്ഞാൽ അത് തൊഴിലാളികൾക്കെല്ലാം വളരെ സഹായകരമാകും. ഈ നിർദ്ദേശം അംഗീകരിച്ചുകൊണ്ടുള്ള സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. അടിയന്തരഘട്ടങ്ങളിൽ ചികിത്സ നേടിയാൽ റീ-ഇംബേഴ്സ്മെന്റ് കിട്ടുന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. റീ-ഇംബേഴ്സ്മെന്റ് കിട്ടാത്ത ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ പരാതി ലഭ്യമായാൽ പരിശോധിച്ച് നടപടിയെടുക്കും. സാധാരണനിലയിൽ അടിയന്തര ചികിത്സയ്ക്ക് ഏത് ആശുപത്രിയിൽ പോയി ചികിത്സ നടത്തിയാലും റീ-ഇംബേഴ്സ്മെന്റ് ലഭ്യമാകുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോടിന്റെ Industrial Built -ആണ് ഫറോക്ക്. ഫറോക്ക് മേഖലയിലാണ് ഇ.എസ്.ഐ. റഫറൽ ആശുപത്രി പ്രവർത്തിക്കുന്നത്. റഫറൽ ആശുപത്രിയിൽ പല പോരായ്മകളുണ്ടെങ്കിലും മന്ത്രി ഒന്നുരണ്ടു പ്രാവശ്യം അവിടെയെത്തി കാര്യങ്ങൾ വിലയിരുത്തുകയും അതിനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ ഫലമായി നല്ല രീതിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവിടെയുള്ള ഡോക്ടർമാരുടെ പ്രവർത്തനം വളരെ തൃപ്തികരമാണ്. എന്നാൽ അവിടെ മാലിന്യ സംസ്കരണം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കാഷ്വാലിറ്റി തുടങ്ങിയ പല പ്രവർത്തനങ്ങളും തീരുമാനിച്ചെങ്കിലും വളരെ സാവധാനമാണ് അതിന്റെ

പ്രവർത്തനം നടക്കുന്നത്. കൂടാതെ ഇവിടെ റേഡിയോളജിസ്റ്റില്ല. നിരവധി തൊഴിലാളികൾ പല ഭാഗത്തുനിന്നും റഫർ ചെയ്തുവരുന്നുണ്ട്. അവർക്കെല്ലാംകൂടി ആഴ്ചയിൽ അരദിവസം മാത്രം സേവനം ലഭിക്കുന്നൊരു ഡോക്ടറാണുള്ളത്. അവിടെ സ്ഥിരമായി റേഡിയോളജിസ്റ്റുകളെ നിയമിക്കാനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ച എല്ലാ പ്രവർത്തനങ്ങളും അവിടെ പ്രാവർത്തികമാക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ ദിവസം അഡീഷണൽ ചീഫ് സെക്രട്ടറി ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി സന്ദർശിച്ച് അവിടെയുള്ള സൗകര്യങ്ങളെക്കുറിച്ച് വീണ്ടും പരിശോധന നടത്തിയിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഞാനും വീണ്ടും എച്ച്.ഡി.സി.-യിൽ പങ്കെടുത്തുകൊണ്ട് അവിടെ തീരുമാനിച്ച കാര്യങ്ങൾ എത്രത്തോളം നടപ്പിലാക്കിയെന്നുള്ളത് പരിശോധിച്ച് അത് പൂർണ്ണതയിൽ എത്തിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് റേഡിയോളജിസ്റ്റിനെ നിയമിക്കണമെന്നതാണ്. റേഡിയോളജിസ്റ്റിനെ അവിടെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, പഴയ പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയാണ് ഇപ്പോൾ കൊല്ലം മെഡിക്കൽ കോളേജായി അറിയപ്പെടുന്നത്. പക്ഷേ ഇപ്പോൾ അവിടെ ഇ.എസ്.ഐ. സൗകര്യം ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഉദാഹരണമായി, എന്റെ മണ്ഡലത്തിലെ ഏതാണ്ട് പതിനായിരത്തോളം കശുവണ്ടിത്തൊഴിലാളികൾ അവിടെ ചികിത്സയ്ക്കായി പോകുമ്പോൾ കൊല്ലം ആശ്രാമത്തിലേയ്ക്ക് റഫർ ചെയ്യുന്ന സാഹചര്യമാണുള്ളത്. അതവർക്ക് വലിയ ബുദ്ധിമുട്ടാണ്. അവർ വളരെ പാവപ്പെട്ട തൊഴിലാളികളാണ്. പാരിപ്പള്ളിയിൽ തന്നെ എല്ലാ സംവിധാനങ്ങളും ഒരുക്കി, പ്രത്യേക വിംഗായി പ്രവർത്തിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, പാരിപ്പള്ളി മെഡിക്കൽ കോളേജിൽ എല്ലാ രോഗികൾക്കും ഒരേ പരിഗണന കൊടുക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. അതിൽ നിന്നും വ്യത്യസ്തമായി ഒരു വീക്ഷണമെടുക്കുന്നത് ശരിയല്ല. എന്നാൽ, പാരിപ്പള്ളി ആശുപത്രിയിൽ പ്രവേശനം നേടുന്ന ഇ.എസ്.ഐ. അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അവർക്കുള്ള ആനുകൂല്യങ്ങളെല്ലാം നൽകിവരുന്നു. ഇ.എസ്.ഐ. സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിനുള്ള തീരുമാനവും എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആശുപത്രിയാണ് ഏലൂരിലെ ഉദ്യോഗമണ്ഡലിലുള്ള ഇ.എസ്.ഐ. ആശുപത്രി. അവിടെ ചില അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൊണ്ടുവരികയും ചെയ്യാമെന്നുള്ള വാഗ്ദാനം തൊഴിലാളി സംഘടനകളോട് നടത്തിയിരുന്നു. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള ആശുപത്രിയാണത്. ഏതെങ്കിലും പോരായ്മകളുണ്ടെങ്കിൽ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## നദികളിലെ മലിനീകരണം സംബന്ധിച്ച ഹരിത ട്രൈബ്യൂണൽ വിധി

3 (*213) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ രൂക്ഷമായ മലിനീകരണം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി)നദികളിലെ മലിനീകരണം തടയുന്നതിൽ വീഴ്ച വരുത്തിയതിന് ദേശീയ ഹരിത ട്രൈബ്യൂണൽ സർക്കാരിന് പിഴ ചുമത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) സംസ്ഥാനത്തെ നദികൾ രൂക്ഷമായ മലിനീകരണം നേരിടുന്നതായി വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(ബി) ഇല്ല. O.A 673/18 നമ്പർ കേസിലെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 20-9-2018-ലെ ഉത്തരവനുസരിച്ച് മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളുടെ പുനരുജ്ജീവനത്തിനായി എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്ത്

മലിനീകരണം നേരിടുന്നതായി കണ്ടെത്തിയിട്ടുള്ള 21 നദീഭാഗങ്ങളിൽ ഒന്നായ കരമന നദീഭാഗത്തിന്റെ കർമ്മപദ്ധതി ദേശീയ ഹരിത ട്രൈബ്യൂണൽ അംഗീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 20 നദീഭാഗങ്ങളുടെ പുനരുജ്ജീവനത്തിനായി തയ്യാറാക്കിയ കർമ്മപദ്ധതി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജുവനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിലും സമർപ്പിച്ചിട്ടുണ്ട്. O.A 673/18 നമ്പർ കേസിലെ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 8-4-2019-ലെ ഉത്തരവനുസരിച്ച് ടി കർമ്മപദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് 15 കോടിയുടെ പെർഫോർമൻസ് ഗ്യാരന്റി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിനായി സർക്കാർ ഉത്തരവ് നമ്പർ 571/2019/ ജ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. സി. മമ്മൂട്ടി: സർ, നദികളും പരിസരവും മലിനമാകുന്നതുമായി ബന്ധപ്പെട്ട് ഏറെ കാലമായി ചർച്ച ചെയ്യുകയും നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയും ചെയ്യുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. നദികളിലേയ്ക്ക് മാലിന്യം വലിച്ചെറിഞ്ഞ് മലിനമാകുന്നതിന്റെ ഭാഗമായി തിരൂർ പൊന്നാനിപ്പുഴയിൽ ഇടയ്ക്കിടയ്ക്ക് മലിനീകരണമുണ്ടാകുകയും ഒരിക്കൽ ആ നദി ശുദ്ധീകരിക്കുകയും ചെയ്തു. അതുസംബന്ധിച്ച് ദേശീയ ട്രൈബ്യൂണൽ മദ്രാസ് റീജിയണലിൽ ചോദ്യം ചെയ്യപ്പെട്ടിരുന്നു. മലിനീകരണവുമായി ബന്ധപ്പെട്ട് ഈ പുഴ ശുദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും വിധിയുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റിപ്പോർട്ട് ഇപ്പോൾ ഹരിത ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ദേശീയ ട്രൈബ്യൂണലിന്റെ ഓരോ വിധികളും സമയാസമയം നമുക്ക് കിട്ടാറുണ്ടോ; അതിന്മേൽ കൃത്യമായ നടപടി സ്വീകരിക്കാറുണ്ടോ? ഇക്കഴിഞ്ഞ സെപ്റ്റംബർ 18-ാം തീയതി ഗ്രീൻ ട്രൈബ്യൂണലിന്റെ ഒരു വിധിയുണ്ടായിരുന്നു. അതിന്റെ വിധി പകർപ്പ് ലഭിച്ചിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കമ്മിറ്റി രൂപീകരിച്ച് അതിന്റെ നടപടി റിപ്പോർട്ട് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് വ്യക്തമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ദേശീയ നിരീക്ഷണ സമിതി (എൻ.ജി.ടി.) രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ സംസ്ഥാന നോഡൽ ഉദ്യോഗസ്ഥൻ സംസ്ഥാന ചീഫ് സെക്രട്ടറിയാണ്. എൻ.ജി.ടി.-യുടെ ഉത്തരവുപ്രകാരം കേരളത്തിൽ 21 നദീഭാഗങ്ങൾ മേൽസൂചിപ്പിച്ച രീതിയിൽ മാലിന്യ വിമുക്തമാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതിനും പ്രവൃത്തികൾ നടപ്പാക്കാൻ നേതൃത്വം വഹിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (എൻവയോൺമെന്റൽ)-യുടെ നേതൃത്വത്തിൽ നാലംഗങ്ങൾ അടങ്ങിയ നദീപുനരുജ്ജീവന പദ്ധതിയും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതിയും സർക്കാർ ഉത്തരവ് 135/2018/പരി. തീയതി 12-12-2018 പ്രകാരം രൂപീകരിക്കുകയുണ്ടായി. ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ 12/2019 തീയതി 30-4-2019 പ്രകാരം ജില്ലാ തലത്തിൽ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനും മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർ കൺവീനറുമായി എട്ടംഗ ജില്ലാ സാങ്കേതിക സമിതി രൂപീകരിക്കുകയുണ്ടായി. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ ഉത്തരവുകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ജസ്റ്റിസ് എ. വി. രാമകൃഷ്ണപിള്ള അദ്ധ്യക്ഷനായ അഞ്ചംഗ സംസ്ഥാനതല നിരീക്ഷണ സമിതിയും ദേശീയ ട്രൈബ്യൂണലിന്റെ ഉത്തരവ് നമ്പർ 606/2018 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിരുന്നു. ആയത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ പ്രയോരിറ്റി 1-ൽ ഉൾപ്പെട്ട കരമന നദിയുടെ ആക്ഷൻ പ്ലാനിന് അംഗീകാരം ലഭിച്ചു. മറ്റുള്ളവ സി.പി.സി.ബി.-യുടെ പരിഗണനയിലാണ്. നദികൾ മാലിന്യ മുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതിക്കായുള്ള തുക നദികൾ മലിനീകരിക്കാൻ കാരണമായവരുടെ കയ്യിൽ നിന്നും ഈടാക്കാൻ ബന്ധപ്പെട്ട റവന്യൂ റിക്കവറി ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കും.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ലോകമെമ്പാടുമുള്ള കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ ജലസ്രോതസ്സുകളെ മലിനമാക്കുന്നതിൽ 80 ശതമാനവും പ്ലാസ്റ്റിക് മാലിന്യമാണെന്ന് കണ്ടെത്താനാകും. എന്നാൽ സംസ്ഥാനത്തെ നദികൾ മലിനമാകുന്നത് ജൈവ-രാസ മാലിന്യങ്ങൾ നിറഞ്ഞാണ്. ഭൂരിപക്ഷം നദികളിലും കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണ്. ഒട്ടേറെ ഉത്തരവുകളുണ്ടായിട്ടും

നദികളിലേയ്ക്ക് ജൈവമാലിന്യങ്ങൾ ഒഴുകുന്നത് തുടരുകയാണ്. മലിനീകരണത്തോത് കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ 2018-ൽ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടിയുണ്ടാകാതിരുന്ന സാഹചര്യത്തിലാണ് ഇപ്പോൾ പിഴ ചുമത്തിയിരിക്കുന്നത്. മലിനീകരണം രൂക്ഷമാണെന്ന് കണ്ടെത്തിയ 21 നദികളിൽ 20 നദികളും സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയാൽ രക്ഷപ്പെടുത്താവുന്ന വിഭാഗമായ IV, V പട്ടികയിലായതിനാൽ ഇവയെ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ഇതിനകം സമർപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കും; ഭാവിയിൽ നദികൾ മാലിന്യമുക്തമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഒന്നാമത്തേത്, പിഴ ചുമത്തിയിട്ടില്ല. അതിൽ പെർഫോമൻസ് ഗ്യാരണ്ടി വച്ചിട്ടേയുള്ളൂ. രണ്ടാമത്, കേരളത്തിലെ പുഴകളുടെയും മറ്റ് പ്രധാനപ്പെട്ട ജലസ്രോതസ്സുകളുടെയും ഗുണനിലവാരത്തെക്കുറിച്ച് കോഴിക്കോട് ആസ്ഥാനമായുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഭൂരിപക്ഷം നദികളിലെയും ജലഗുണനിലവാരം കുറവാണെന്നും വിവിധ സോഴ്സുകളിൽ നിന്ന് നേരിട്ട് മാലിന്യം ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നദികൾ പ്രത്യേകിച്ചും, മറ്റ് ജലസ്രോതസ്സുകൾ പൊതുവിലും മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നദികളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ഹരിത കേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി പൊതുജന ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 356 കുളങ്ങൾ നവീകരിക്കുന്നതിന് കഴിഞ്ഞു. മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനവും പൊതുജന പങ്കാളിത്തവും ആവശ്യമാണ്. ഹരിത കേരളം മിഷന്റെ ഭാഗമായി ഇതൊരു പരിധിവരെ നേടുന്നതിനായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽനിന്ന് മാലിന്യം നേരിട്ട് പുഴയിലേയ്ക്ക് നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിൽ കമ്പിവേലി സ്ഥാപിക്കുന്ന പ്രവർത്തനവും ധനലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നു. പുഴകളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ വിവിധ ഏജൻസികൾ/വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ

നിയന്ത്രണ ബോർഡ് എന്നിവ നേരിട്ട് നടപടികൾ സ്വീകരിക്കുന്നു. ഇതോടൊപ്പം 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസേചന വകുപ്പ് ഉദ്യോഗസ്ഥന്മാരും നടപടികൾ സ്വീകരിക്കുന്നു. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, പരിസ്ഥിതി സംരക്ഷണ നിയമം, 1986 എന്നിവ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധിച്ചും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഒരു പ്രത്യേക സ്രോതസ്സിലെ (Point source pollution) മലിനീകരണം തടയുക/നിയന്ത്രിക്കുക എന്നത് മാത്രമാണ് പൊതുവിൽ നിർവ്വഹിക്കാൻ കഴിയുന്നത്. എന്നാൽ ഒരു നദീതടത്തിലെ ആകെ പ്രവർത്തനങ്ങൾ ആ നദിയിലെ ജലഗുണനിലവാരത്തെയും മറ്റ് മാലിന്യങ്ങളുടെ സാന്നിദ്ധ്യത്തെയും സ്വാധീനിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് നിയമം കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും നേതൃത്വത്തിൽ കാര്യക്ഷമമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉണ്ടാകേണ്ടതുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒ.എ. നമ്പർ 673/2018-ലെ 20-9-2018-ലെ ഉത്തരവിനെ തുടർന്ന് 12-12-2018-ലെ സ.ഉ.(സാധാ) നമ്പർ 135/2018/പരി ഉത്തരവുപ്രകാരം അഞ്ചംഗ റിവർ റിജൂവിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഒ.എ.നം.581/2018, 582/2018-ലെ 25-1-2019-ലെ ഉത്തരവിനെ തുടർന്ന് ജലവിഭവ വകുപ്പ് പ്രയോരിറ്റി IV, V-ൽ ഉൾപ്പെട്ട മലിനീകരിക്കപ്പെട്ട 20 നദീഭാഗങ്ങളുടെ കർമ്മ പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി 30-4-2019-ലെ ജി.ഒ.(എം.എസ്.) 12/2019/ ഡബ്ല്യു.ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ജില്ലാതല ടെക്നിക്കൽ കമ്മിറ്റി 8 ജില്ലകളിൽ രൂപീകരിക്കുകയും ടി കമ്മിറ്റികൾ തയ്യാറാക്കിയ 20 റിവർ സ്ട്രെക്ച്ചറുകളുടെ കർമ്മ പദ്ധതികൾ മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തു. ആയത് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവുപ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജൂവിനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും ദേശീയ ഹരിത ട്രൈബ്യൂണലിലും സമർപ്പിച്ചിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, പെരിയാറുമായി ബന്ധപ്പെട്ട് എൻ.ജി.റ്റി.-യുടെ ശക്തമായ പരാമർശം വരികയും അതിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡും സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡും മജിസ്ട്രേറ്റും അടങ്ങിയ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പുഴകളും മറ്റും മലിനപ്പെടുത്തുന്നതിനെതിരെ വളരെ ശക്തമായ രീതിയിൽ കിലയിൽ ഒരു വർക്ക്ഷോപ്പും നടന്നു. ഇതെല്ലാമാണെങ്കിലും കാര്യങ്ങൾ നീങ്ങുന്നില്ല. ഉദാഹരണത്തിന്, എന്റെ മണ്ഡലത്തിലെ കല്ലായിപ്പുഴയ്ക്കുവേണ്ടി റിവർ മാനേജ്മെന്റ് സ്കീമിൽ വലിയ തുക വച്ചിട്ടും ഒരടി മുന്നോട്ട് പോകാൻ കഴിയുന്നില്ല. ഇപ്പോൾ കല്ലായിപ്പുഴ കറുത്ത പുഴയായി മാറിയിരിക്കുകയാണ്. അതിന്റെ നിറംതന്നെ മാറിയിരിക്കുകയാണ്. ഹോസ്പിറ്റൽ വേസ്റ്റ്, സ്ലോട്ടർ ഹൗസ് വേസ്റ്റ് എല്ലാം അതിലേയ്ക്കാണ് തള്ളുന്നത്. ഇതുതന്നെയാണ് കനോലി കനാൽ അടഞ്ഞു കിടക്കാനുള്ള കാരണവും. ഡ്രഡ്ജ് ചെയ്യണമെങ്കിൽ ഇവിടെയുള്ള ഡ്രഡ്ജർ ഉപയോഗിച്ച് നടക്കില്ല. വലിയ ഡ്രഡ്ജിംഗ് മെഷീനുകൾ കൊണ്ടുവന്ന് ഡ്രഡ്ജ് ചെയ്ത് മുഴുവനും ക്ലീൻ ചെയ്തില്ലെങ്കിൽ ഇതിന്റെ പ്രതിഫലനം മറ്റുള്ള നദികളിലേയ്ക്കും വ്യാപിക്കാനുള്ള സാധ്യതയുള്ളതുകൊണ്ട് കല്ലായിപ്പുഴ മുഴുവനായി മാലിന്യ മുക്തമാക്കുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വലിയ രീതിയിലുള്ള മെഷീനറി, ഫിൻലാന്റിന്റെ വാട്ടർ മാസ്റ്റർ എന്ന മെഷീനറി സംബന്ധിച്ച് ഞാനും ധനകാര്യ വകുപ്പുമന്ത്രിയുംകൂടി ആലോചിച്ചുവരികയാണ്. ഏകദേശം 9 കോടി രൂപയോളം ചെലവ് വരും. ഇത് വരുമ്പോൾ ഈ പ്രശ്നം പരിഹരിക്കാൻ കുറച്ചുകൂടി എളുപ്പമാകുമെന്ന് കരുതുന്നു.

ഡോ. എം. കെ. മുനീർ: സർ, ...(മൈക്ക് ഓഫ്)... 9 കോടി രൂപ വലിയ പ്രശ്നമാണെന്ന് കരുതുന്നില്ല. അതിലും കൂടുതൽ തുക ഇതുമൂലമുള്ള രോഗങ്ങൾക്കായി സമീപവാസികൾക്ക് ചെലവഴിക്കേണ്ടി വരുന്നുണ്ട്.

മി. സ്പീക്കർ: അത് പരിഹരിക്കുമെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്തെ നദികൾ രൂക്ഷമായ മലിനീകരണം നേരിടുന്നതായി വിവിധ പഠന റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്ന് മന്ത്രിയുടെ മറുപടിയിൽ പറയുന്നുണ്ട്. നദീതീരങ്ങളിലെ ഫാക്ടറികൾ, ഫ്ലാറ്റുകൾ, വീടുകൾ എന്നിവയിൽ നിന്ന് ഒഴുക്കിവിടുന്ന മലിനജലം നദികളെ മലിനമാക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിട്ടുള്ളത്; നദികളിലേയ്ക്ക് ഒഴുക്കിവിടുന്ന മലിനജലം ട്രീറ്റ് ചെയ്ത് വെള്ളം മണ്ണിനടിയിലേയ്ക്ക് എത്തിക്കാനുള്ള സംവിധാനം രൂപീകരിച്ചിട്ടുണ്ടോ? അതോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവ വകുപ്പ് എന്നിവ വ്യത്യസ്തങ്ങളായ പരിപാടികൾ നടത്തുന്നു. പാലത്തിന് മുകളിൽ നിന്ന് വേസ്റ്റ് താഴേയ്ക്ക് ഇടുന്നത് തടയുന്നതിനുവേണ്ടി നെറ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലവിഭവ വകുപ്പും സംയുക്തമായി ചേർന്ന് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പരിപാടികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ; പാലത്തിൽ നെറ്റ് സ്ഥാപിച്ചതുകൊണ്ട് എന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോയെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ആക്ഷൻ പ്ലാനിൽ പഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റിയുണ്ട്. അതുകൂടാതെ 2003-ലെ ഇറിഗേഷൻ വാട്ടർ കൺസർവേഷൻ ആക്ട് 2018-ൽ ഭേദഗതി ചെയ്തു. അതിൻപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് 2 ലക്ഷം രൂപ വരെ പിഴയും ഒരു വർഷം മുതൽ 3 വർഷം വരെ തടവുശിക്ഷയും ലഭിക്കും. ഇതിൻപ്രകാരം ജലസേചന വകുപ്പിലെ ഏത് ഉദ്യോഗസ്ഥനും പോലീസിൽ പരാതി നൽകി നടപടി സ്വീകരിക്കാം. ഇങ്ങനെയുള്ള കർശനമായ നിയമമുണ്ട്. നമ്മളെല്ലാവരുംകൂടി സഹകരിച്ചാൽ തീർച്ചയായും ഒരു മാറ്റമുണ്ടാക്കാൻ സാധിക്കും.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പുഴകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ അതിശക്തമായ നിയമനിർമ്മാണം നടത്തിയ സഭയാണിത്. പക്ഷെ ഈ നിയമം കർശനമായി പാലിക്കുക എന്നുള്ളതാണ് നമ്മളിലുള്ള ഏറ്റവും വലിയ ഉത്തരവാദിത്വവും വെല്ലുവിളിയും. അത് പലപ്പോഴും നടക്കുന്നില്ല. പോലീസിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇറിഗേഷന്റെയും ഏകോപനം ഇതിൽ വേണം. അതോടൊപ്പം ജനപങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി ജനജാഗ്രതാ സമിതികളുണ്ടാകണം. അതിതീവ്രമായിട്ടുള്ള ഒരു ബോധവത്കരണം ഇതിന്റെ ഭാഗമായുണ്ടാകണം. അതിന് ഇറിഗേഷൻ വകുപ്പ് നേതൃത്വം നൽകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, തീർച്ചയായും അതിന് നേതൃത്വം നൽകും. ഈ ആക്ട് പ്രകാരം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് രണ്ട് കേസ് എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാവരും സഹകരിക്കണം. കുറ്റക്കാർക്കെതിരെ പരാതി കൊടുക്കാനുള്ള അധികാരം എല്ലാ പൗരൻമാർക്കുമുണ്ട്. അങ്ങനെ ചെയ്താൽ തീർച്ചയായും ഒരു മാറ്റമുണ്ടാക്കാനാകും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നദികളുടെ മലിനീകരണം തടയുന്നതിനും അവയുടെ പുനരുജ്ജീവനത്തിനുംവേണ്ടി ദേശീയ തലത്തിൽ നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റിയുണ്ട്. ഞാൻ അതിലെ അംഗമായിരുന്നു. വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് നദികളെപ്പറ്റി ഞാൻ ലോക്സഭയിൽ പറഞ്ഞ സന്ദർഭത്തിൽ വാജ്പേയിതന്നെ എന്നെ നോമിനേറ്റ് ചെയ്തതാണ്. തമിഴ്നാടാണ് അതിൽ ഏറ്റവും കൂടുതൽ പണം വിനിയോഗിച്ചിട്ടുള്ളത്. 16 നദികളെ അവർ ആ പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുണ്ട്. പമ്പ നദിയെക്കൂടി ഉൾപ്പെടുത്തണമെന്ന് നമ്മൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനെയും ഉൾപ്പെടുത്തിയിരുന്നു. പക്ഷെ പല കാരണങ്ങൾകൊണ്ട് അത് നടക്കാതെ പോയി. എന്റെ ചോദ്യം, നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റിയിൽ നമ്മൾ പ്രോജക്ടുകൾ കൊടുത്താൽ നമ്മുടെ നദികളുടെ കൺസർവേഷനും ശുദ്ധീകരണത്തിനുമുള്ള നടപടി സ്വീകരിക്കാൻ കഴിയും. ആ കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കരിയർ നയം രൂപീകരിക്കാൻ നടപടി

4(*214) ശ്രീ. വി. അബ്ദുറഹിമാൻ
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. കെ. ആൻസലൻ
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിന്റെ വ്യാപ്തിയിലും ഗുണനിലവാരത്തിലും മുന്നിൽ നിൽക്കുമ്പോഴും തൊഴിലില്ലായ്മ പ്രധാന പ്രശ്നമായിട്ടുള്ള സാഹചര്യത്തിൽ പഠനം, പരിശീലനം, ജോലി തെരഞ്ഞെടുക്കൽ എന്നിവയിൽ ശാസ്ത്രീയ മാർഗം രൂപപ്പെടുത്തുന്നതിന് കരിയർ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) വ്യവസായ, സേവന രംഗങ്ങളിൽ അതിദ്രുതം ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആർജ്ജിക്കേണ്ട നൈപുണ്യ ശേഷി വിലയിരുത്തുന്നതിനും അവ പകർന്നുനൽകുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ പരിപാടിയുണ്ടോ;

(സി) നിലവിലുള്ള വൊക്കേഷണൽ ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ഫലപ്രദമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും സമഗ്ര പുരോഗതിക്ക് ഉതകുന്ന നിലയിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്നതാണ് കരിയർ നയം രൂപീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. കരിയർ നയം പ്രഖ്യാപിക്കുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുകയാണ്. ഇതുവഴി വിപ്ലവകരമായ മാറ്റം വിദ്യാർത്ഥികളിലും യുവജനങ്ങളിലും സൃഷ്ടിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. കരിയർ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യശേഷി വിലയിരുത്തുന്നതിനും അവ പകർന്ന് നൽകുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്നതാണ്.

(സി) ഉണ്ട്. നിലവിലുള്ള വൊക്കേഷണൽ ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ മത്സരപരീക്ഷാ പരിശീലന പരിപാടികൾ, കരിയർ സെമിനാർ, കരിയർ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിനു പുറമേ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽരഹിതർക്ക് പരമാവധി ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. വി.ജി. (വൊക്കേഷണൽ ഗൈഡൻസ്) പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി, ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതർക്കായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ യുവാക്കളുടെ നൈപുണ്യശേഷി വികസിപ്പിച്ച് സ്വകാര്യ മേഖലയിലുള്ള തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണമേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ സേവനങ്ങൾ നൽകുന്നതിനും ഉന്നത വിദ്യാഭ്യാസം നേടുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മത്സരപരീക്ഷാ പരിശീലനങ്ങളും, മൃദു നൈപുണ്യ പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഡെവലപ്മെന്റ് സെന്ററുകളും കോളേജ് വിദ്യാർത്ഥികൾക്കും തൊഴിൽ അന്വേഷകർക്കുമായി യൂണിവേഴ്സിറ്റികളോടനുബന്ധിച്ച് മോഡൽ കരിയർ സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

## ജലവിതരണ പദ്ധതികളുടെ പുരോഗതി

5(*215) ശ്രീ. രാജു എബ്രഹാം:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ റവന്യൂ വിടവ് നികത്തുകയെന്ന ലക്ഷ്യത്തോടെ, ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിലെ പകുതിയോളം ബില്ല് ചെയ്യപ്പെടാതെ പോകുന്ന നിലവിലെ സ്ഥിതി പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഇതിന് പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(സി) കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലവിതരണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള വാട്ടർ അതോറിറ്റി വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ ഏകദേശം 40-45% വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി മീറ്ററിൽ കൂടി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് രീതിയിലാണ് സംഭവിക്കുന്നത്. പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലം കണക്കാക്കപ്പെടുന്ന നഷ്ടവും (വാണിജ്യ നഷ്ടം) ആകെയുള്ള വരുമാനരഹിത ജലത്തിൽ, 20-25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്. ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ആണ്. പ്രധാന ലൈനുകളിലും ഉപലൈനുകളിലും പ്രത്യക്ഷത്തിൽ കാണാത്ത

ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ പ്രധാനപ്പെട്ട നഗരങ്ങളിൽ നിലവിലുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ തീർച്ചപ്പെടുത്തുന്നതിന് ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള അളക്കലുകളും സാഹചര്യമനുസരിച്ച് ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നോ നേരിട്ടോ ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നുണ്ട്.

പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ച് എ.സി. പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാണിജ്യ നഷ്ടം പ്രധാനമായും ഉണ്ടാകുന്നത് മീറ്ററിന്റെ തകരാറ് അല്ലെങ്കിൽ ശരിയായ ഉപയോഗം രേഖപ്പെടുത്താൻ കഴിയാത്തത്, ജലമോഷണം, ബില്ലിംഗിൽ വരുന്ന അപാകതകൾ എന്നിവ കാരണമാണ്.

ജലമോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിലുൾപ്പെടെ പരിശോധന നടത്തുകയും മീറ്റർ ചെയ്യപ്പെടാതെ വെള്ളം ഉപയോഗിക്കുന്നവരെയും അനധികൃത കണക്ഷനുകൾ ഉള്ളവരെയും കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ദക്ഷിണ മേഖലയുടെ കീഴിൽ നടന്നുവരുന്നു. ഒന്നാം ഘട്ടം പ്രവൃത്തികൾ 50% പൂർത്തീകരിച്ചു. ഇന്റർ ലിങ്കിംഗ് സോഫ്റ്റ്‌വെയറിന്റെ പ്രവൃത്തികളാണ് ഒന്നാം ഘട്ടത്തിൽ ഇനി പൂർത്തിയാകാനുള്ളത്. നെടുമങ്ങാട് അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ജലവിതരണ ശൃംഖല മേഖലകളായി തിരിച്ച്, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടൊപ്പം, നിലവിൽ ബില്ലിംഗിനുപയോഗിക്കുന്ന സോഫ്റ്റ്‌വെയർ പരിഷ്കരിക്കാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

ഭൗതികനഷ്ടവും വാണിജ്യനഷ്ടവും കുറച്ച് വരുമാനരഹിത ജലത്തിന്റെ അളവ് 20% എന്നതിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ എ.ഡി.ബി.-യുടെ ധനസഹായത്തിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ തുക. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിക്കുക. (ഇതുവഴി ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നതും തദ്വാര പരിഹാരനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതുമാണ്. പദ്ധതി പൂർത്തിയാകുമ്പോൾ, നിലവിലെ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ പദ്ധതി മേഖലയിൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക

5. സ്കാഡ് (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷൻ) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക. ബൾക്ക് കൺസ്യൂമേഴ്സിന് ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. (Geographical Information System) മാപ്പ് തയ്യാറാക്കുക.

9. ഐ.ടി. (Information Technology)അധിഷ്ഠിത എം.ഐ.എസ്. (Management Information System)-ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

24X7 പദ്ധതി ഏഴ് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് കിഫ്ബിയിൽനിന്നും 382.64 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 143.45 കോടി രൂപയുടെ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 91 പ്രവൃത്തികൾക്ക് 6652.54 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്.

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*

**കോഴി വളർത്തൽ പ്രോത്സാഹനം**

6(*216) ശ്രീ. കെ. രാജൻ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കോഴിയുടെ ഭക്ഷണയോഗ്യമല്ലാത്ത ഭാഗങ്ങൾ ഉപയോഗിച്ച് ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എന്തൊക്കെ ഉപോല്പന്നങ്ങളാണ് ഉണ്ടാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ കേരളത്തിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കേരളത്തിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) കുട്ടികളിൽ കോഴി വളർത്തൽ പദ്ധതി (നഗര പ്രദേശങ്ങളിൽ)

(2) സ്കൂൾ പൗൾട്രി ക്ലബ്

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളിൽനിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 280 എഗ്ഗർ നഴ്സറികൾക്ക് നൽകുകയും 2 മാസം പ്രായമാകുമ്പോൾ കോഴികളെ വകുപ്പുതല പദ്ധതികൾക്കായും പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതികൾക്കായും ആവശ്യമുള്ള കർഷകർക്ക് മൃഗാശുപത്രികൾ വഴിയും വിതരണം ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 ഫാമുകളിൽനിന്നും 5388232 മുട്ടയും 3584013 കോഴിക്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കുരിയോട്ടുമല, ആയൂർ തോട്ടത്തറ ഹാച്ചറികളിൽനിന്നും 250558 കോഴിക്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. താറാവ് ഫാമിൽനിന്നും 389265 മുട്ടയും 123311 താറാവ്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ടർക്കി ഫാമിൽനിന്നും 25828 മുട്ടയും 11089 ടർക്കി കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കാട ഫാമിൽനിന്നും 157818 മുട്ടയും 83762 കാടക്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനുള്ള നടപടി താമസംവിനാ സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ജഴ്സിഫാമിൽ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി. ഓരോ ആഴ്ചയിലും 40,000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. തൃശ്ശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഒരു ഹാച്ചറി പ്രവർത്തിച്ചുവരുന്നു.

കെപ്കോ

സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കെപ്കോ ആശ്രയ പദ്ധതി
2. കെപ്കോ വനിതാമിത്രം
3. കോഴിഗ്രാമം പദ്ധതി
4. കെപ്കോ നഗരപ്രിയ പദ്ധതി
5. "കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി"

കെപ്കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനനകേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്തുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 40-45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമുണ്ടാകുമ്പോൾ കെപ്കോ തന്നെ വിലകൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കിവരുന്നു. കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നുവരുന്നതിനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിന് കൂടുതൽ പാരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കുടുംബശ്രീ

ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിന് കേരള ചിക്കൻ പദ്ധതി ആരംഭിച്ചു. മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി എന്നിവരുമായി സഹകരിച്ചുകൊണ്ടാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. പുതിയ ബ്രോയിലർ ഫാമുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും

കർഷകർക്ക് കുടുംബശ്രീ സാമ്പത്തിക സഹായം നൽകിവരുന്നു. കുടുംബശ്രീ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പാരന്റ് പക്ഷികൾ (ബ്രീഡർ സ്റ്റോക്ക്) മുതൽ ഹാച്ചറികൾ, മാംസസംസ്കരണത്തിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉൽപ്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ അവസരത്തിൽ കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ആദ്യമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ 2,41,050 കോഴികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ബ്രഹ്മഗിരി ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. കുടുംബശ്രീയിൽ ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനും ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശ്യമുണ്ട്.

(സി) ബ്ലഡ് മീൽ, ബോൺ മീൽ, ബയോ ഡീസൽ, വളം, ഫെതർ മീൽ, മീറ്റ് കം മീൽ, ഫിഷ് മീൽ, പെറ്റ് ഫുഡ് മുതലായവയാണ് ഉപോല്പന്നങ്ങൾ.

(ഡി) ഉണ്ട്. ബ്രഹ്മഗിരി ഫെതർ മീൽ നിർമ്മിക്കുന്നുണ്ട്.

## ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ശല്യം

7(*217) <u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും നിന്നും പിടികൂടുന്ന രാജവെമ്പാല ഉൾപ്പടെയുള്ള ഇഴജന്തുക്കളെയും ആക്രമണകാരികളായ കുരങ്ങുകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെയും കാടുകളിൽ കൊണ്ടുപോയി തുറന്നുവിടുന്ന രീതി തുടരുന്നത് കാടിനോട് ചേർന്ന മനുഷ്യവാസ കേന്ദ്രങ്ങളിലെ ജനങ്ങൾക്ക് കടുത്ത ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനിയന്ത്രിതമായ കൈയേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും കാടുകളിലെ ആവാസവ്യവസ്ഥയ്ക്കുണ്ടാക്കുന്ന നാശം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിൽ കുടിയേറാൻ കാരണമാകുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നഗരപ്രദേശങ്ങളിലും നാട്ടിൻ പുറങ്ങളിലും നിന്ന് പിടികൂടുന്ന വന്യമൃഗങ്ങളെ ഉൾവനങ്ങളിലാണ് തുറന്ന് വിടാറുള്ളത്. തന്മൂലം ഇവ ജനങ്ങൾക്ക് ഭീഷണി ആകാറില്ല.

(ബി) ഉണ്ട്. കാടുകളിലെ ആവാസ വ്യവസ്ഥയ്ക്കുണ്ടാക്കുന്ന മാറ്റംമൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങാറുണ്ട്.

(സി) വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു.

സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ 25.7 കിലോ മീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് 13.90 കോടി രൂപ കിഫ്ബി രണ്ടാംഘട്ട പ്രോജക്ട് വഴി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പുതിയതായി 12 കിലോ മീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പിവേലിയും 2 കിലോ മീറ്റർ ആന പ്രതിരോധ കിടങ്ങും 30 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി ഒന്നാം ഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ അനുമതി ലഭിച്ച 410 കി.മീ. ആന പ്രതിരോധ മതിലിൽ 190 കി.മീ. നിർമ്മാണം പുരോഗമിച്ചുവരുന്നു.

## എക്സൈസ് വകുപ്പിന് കീഴിൽ ഹൈടെക് സൈബർ സെൽ

8(*218) ശ്രീ. എസ്. ശർമ്മ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് എൻഫോഴ്സ്മെന്റ് അതിർത്തികളിൽ ജാഗ്രത വർധിപ്പിച്ച് റോഡ് മാർഗം ലഹരി വസ്തുക്കളുടെ കടത്ത് ഫലപ്രദമായി തടഞ്ഞതിനെത്തുടർന്ന് അന്താരാഷ്ട്ര ബന്ധമുള്ള സംഘങ്ങൾ വിമാനത്താവളങ്ങൾ വഴിയും ട്രെയിൻ മാർഗവും വർധിച്ച തോതിൽ സംസ്ഥാനത്തേയ്ക്ക് ലഹരി വസ്തുക്കൾ കടത്തുന്നത് തടയാൻ പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് ആധുനികോപകരണങ്ങൾ സഹിതം ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓൺലൈൻ വഴി കച്ചവടം നടത്തി ഉപഭോക്താക്കൾക്ക് കൊറിയർ വഴിയും മറ്റും ലഹരി വസ്തുക്കൾ എത്തിച്ച് നൽകുന്നത് വ്യാപകമാണെന്ന വാർത്തകളുടെയടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിന് കീഴിൽ ഹൈടെക് സൈബർ സെൽ സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജനമൈത്രി പോലീസ് മാതൃകയിൽ എക്സൈസിനെ ജനകീയവൽക്കരിച്ച് ജനപങ്കാളിത്തത്തോടെ മയക്കുമരുന്നിന്റെ വിപണനം അസാധ്യമാക്കുന്നത് പരിശോധനാ വിധേയമാക്കുമോയെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. വിമാനത്താവളങ്ങൾ വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതും മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതും തടയുന്നതിനായി ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും വിമാനത്താവളങ്ങളുടെ പരിസരത്തുള്ള റോഡുകളിലും ദേശീയപാതകളിലും പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. ട്രെയിൻ മാർഗ്ഗമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനായി റെയിൽവേ പോലീസ്, ആർ.പി.എഫ്. എന്നിവയുമായി ചേർന്നും റെയിൽവേ സ്റ്റേഷനുകളിൽ പോലീസ് ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയും പരിശോധന നടത്തി ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും രഹസ്യവിവരങ്ങൾ പങ്കുവയ്ക്കലും നടത്തിവരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ജനമൈത്രി പോലീസ് മാതൃകയിൽ എക്സൈസ് വകുപ്പിൽ 4 സ്ഥലങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. മയക്കുമരുന്നുകളുടെ ഉൽപ്പാദനം, വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ലഹരിവർജ്ജന ബോധവത്ക്കരണ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എക്സൈസ് ഓഫീസർ കൺവീനറായിട്ടുള്ള വിമുക്തി/ബോധവത്ക്കരണ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ജനകീയ കമ്മിറ്റികളിലൂടെ മയക്കുമരുന്ന് വിപണനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നു. സന്നദ്ധ സംഘടനകളുടെയും വിവിധ ക്ലബ്ബുകളുടെയും സഹായത്തോടെ ലഹരിക്കെതിരായ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികളും ഊർജ്ജിതമായി നടന്നുവരുന്നു.

## നൈപുണി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

9(*219) ശ്രീ. എം. സ്വരാജ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾപ്പെടെയുള്ളവരിൽ തൊഴിലിന് വേണ്ട നൈപുണി ശേഷിയില്ലെന്ന വിവിധ പഠനങ്ങളുടെ പശ്ചാത്തലത്തിൽ നൈപുണി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ രംഗത്ത് സംസ്ഥാന നൈപുണ്യ വികസന മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷനെ ഏഷ്യയിലെ തന്നെ ഏറ്റവും മികച്ച സ്ഥാപനമെന്ന നിലയിലേയ്ക്ക് വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) വ്യവസായത്തിൽ നവീനമായി ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി വേണ്ട വൈദഗ്ദ്ധ്യ വികസനം ആസൂത്രണം ചെയ്യുന്നതിന് വ്യവസായികൾ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവരെ ഉൾപ്പെടുത്തി വേൾഡ് സ്കിൽ ലൈസിയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി പി. രാമകൃഷ്ണൻ):

(എ&ബി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തക്ക വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികളാണ് KASE ആവിഷ്കരിച്ചു വരുന്നത്.

നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

2. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ

3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ

4. കൗശൽ കേന്ദ്രകൾ

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

6. സ്റ്റേറ്റ് ജോബ് പോർട്ടൽ

7. സ്കിൽ രജിസ്ട്രി

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്ററുകൾ

2. കരിയർ ഡെവലപ്മെന്റ് സെന്റർ

(സി) കെട്ടിട നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത തരണം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC). കൊല്ലം ജില്ലയിലെ ചവറയിൽ 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കും ഉൾപ്പെടെ അന്താരാഷ്ട്രനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് IIIC പ്രവർത്തനസജ്ജമാക്കിയിട്ടുള്ളത്. IIIC-യുടെ പ്രഥമ ബാച്ചിന്റെ ക്ലാസ്സുകൾ 10-10-2018-ന് ആരംഭിച്ചു. നിലവിൽ മാനേജീരിയൽ, സൂപ്പർവൈസറി, ടെക്നിക്കൽ എന്നീ 3 കാറ്റഗറികളിലായി 20 കോഴ്സുകളിൽ പരിശീലനം നടന്നുവരുന്നുണ്ട്. ഉന്നത നിലവാരമുള്ള കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയതലത്തിൽ അറിയപ്പെടുന്ന ഒരു പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി തൊഴിൽ സാധ്യതയേറിയ മേഖലകളും ജോബ് റോളുകളും തിരിച്ചറിഞ്ഞ് പുത്തൻ കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനായി വ്യവസായ മേഖലയിലെയും വിദ്യാഭ്യാസ രംഗത്തെയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി PLACEX '18 എന്ന ഒരു കോൺക്ലേവ് സംഘടിപ്പിച്ചു. കൂടാതെ പരിശീലനം നേടുന്നവർക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യത്തിനായി കേംബ്രിഡ്ജ് ഇംഗ്ലീഷുമായി ചേർന്ന് സർട്ടിഫിക്കറ്റ് കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. സ്കോട്ട്ലാന്റ് ആസ്ഥാനമായുള്ള ഗ്ലാസ്ഗോ കെൽവിൻ കോളേജ് പോലുള്ള അന്താരാഷ്ട്ര പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

(ഡി) വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## ഗ്രാമീണ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

10(*220) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നല്കി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതി പ്രകാരമുള്ള കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ആരംഭിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.-ൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ

ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്. നാളിതുവരെയായി കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ 13,333 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| നടത്തിയ വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ | - | 5190 |
| കരിയർ ഗൈഡൻസ് ക്ലാസ്സുകളുടെ എണ്ണം | - | 174 |
| പങ്കെടുത്തവരുടെ എണ്ണം | - | 15709 |
| മത്സരപരീക്ഷ പരിശീലനങ്ങളുടെ എണ്ണം | - | 28 |
| പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | - | 1636 |
| നടത്തിയ സൈക്കോമെട്രിക് ടെസ്റ്റുകളുടെ എണ്ണം | - | 525 |

വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികളാണ് KASE ആവിഷ്കരിച്ച് വരുന്നത്. ഇന്ത്യയിലാദ്യമായി, നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടി ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണമേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

- അസെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ്
- കമ്മ്യൂണിക്കേഷൻ സ്കിൽ
- ഡിജിറ്റൽ ലിറ്ററസി പരിശീലനം
- ഫിനാൻഷ്യൽ ലിറ്ററസി പരിശീലനം
- ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിട്യൂഡ് ആൻഡ് അനലറ്റിക്കൽ റീസണിംഗ് പരിശീലനം

(ബി) നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട് എന്നിവിടങ്ങളിലാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമായ കൗശൽ കേന്ദ്ര നിലവിൽ ചവറ (കൊല്ലം ജില്ല), കുഴൽമന്ദം (പാലക്കാട് ജില്ല), മാനാഞ്ചിറ (കോഴിക്കോട് ജില്ല) എന്നിവിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്.

(സി) വരും വർഷങ്ങളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് ഗ്രാമീണ മേഖലയിൽ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പവും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുക, മറ്റ് മൂന്ന് ജില്ലകളിൽക്കൂടി കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കുക എന്നീ വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

## പട്ടികജാതി-പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം

11(*221) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ; മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന് പുറത്തും രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിലും പഠിക്കുന്നതിന് നൽകി വരുന്ന സഹായം എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഒമ്പത്, പത്ത് ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വരുമാനപരിധി എടുത്തു കളയാൻ ആവശ്യപ്പെട്ടിരുന്നോ; ഇത്തരത്തിൽപ്പെട്ടവർക്കായി പകരം ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം ലഭ്യമാക്കാനാകുമോ;

(ഡി) പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസരംഗത്തെ ഉന്നമനം ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നു.

പട്ടികജാതി വികസന വകുപ്പ്

1. പ്രീ മെട്രിക് വിദ്യാഭ്യാസ ധനസഹായം (ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, റ്റ്യൂഷൻ ഫീസ്, റീ- ഇംബേഴ്സ്മെന്റ് എന്നിവ)
2. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. വൈദ്യ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
8. ലാപ്ടോപ് വാങ്ങൽ ധനസഹായം
9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്ക് സ്കോളർഷിപ്പ്

11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
13. പ്ലസ്-ടു പഠനകാലത്തുതന്നെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.
14. മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം
15. ബുക്ക്ബാങ്ക് സ്കീം (100% CSS)
16. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്സുകൾ
17. പ്രീ മെട്രിക് ഹോസ്റ്റൽ
18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
19. ഐ.റ്റി.ഐ.-കൾ
20. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ
21. CREST
22. നഴ്സറി സ്കൂളുകൾ
23. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
24. മെഡിക്കൽ കോളേജ് (പാലക്കാട്)
25. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങൾ
26. പഠനമുറി
27. സിവിൽ സർവീസ് പരിശീലനം
28. ഇതര സംസ്ഥാന പഠനം
29. വിദേശ പഠന ധനസഹായം
30. ബി.ടെക് റമഡിയൽ കോച്ചിംഗ്
31. പ്ലസ്-ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിനായി 50,000 രൂപ വീതം അനുവദിക്കുന്ന പദ്ധതി

പട്ടികവർഗ്ഗ വികസന വകുപ്പ്

1) ഗോത്രഭാഷ അറിവുള്ള അദ്ധ്യാപകരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി

2) സാമൂഹ്യപഠന മുറി

3) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

4) ലാപ്ടോപ് വിതരണം

5) വിദേശപഠനത്തിനുള്ള ധനസഹായം

6) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

7) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

8) മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

9) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം

10) ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

11) നൈപുണ്യ വികസന പദ്ധതികൾ

12) കരിയർ ഗൈഡൻസ് ജോബ് ഫെയർ

13) അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

14) സെന്റർ ഫോർ സ്കിൽ എക്സലൻസ്

15) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും

16) ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും

(ബി)

പട്ടികജാതി വികസന വകുപ്പ്

കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിൽ സർക്കാർ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കേരളത്തിലെ പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റ് സ്കോളർഷിപ്പ് നൽകിവരുന്നു. സംസ്ഥാനത്തിനുപുറത്ത് സ്വാശ്രയ കോഴ്സുകളിൽ പ്രവേശനം നേടുന്ന കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു.

വിദേശത്തെ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ഇന്ത്യയിൽ ലഭ്യമല്ലാത്ത ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 4-10-2017-ലെ ജി.ഒ(എം.എസ്.) 81/17/പജപവവിവ, 19-3-2019-ലെ ജി.ഒ(എം.എസ്) 22/19/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം 25 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നുണ്ട്.

(സി) 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് merit cum means scholarship ആണ്.

കേന്ദ്ര സർക്കാർ നൽകുന്ന പോസ്റ്റ്മെട്രിക്, പ്രീമെട്രിക് (9, 10 ക്ലാസുകൾ) സ്കോളർഷിപ്പ് പദ്ധതിയെപ്പറ്റി പഠിക്കാനായി മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് നിയോഗിച്ച പഠനസംഘത്തോട് 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിനുള്ള വരുമാനപരിധി ഒഴിവാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് പകരം ഏതെങ്കിലും ആനുകൂല്യം നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്.

9, 10 ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാരിന്റെ പ്രീമെട്രിക് സ്കോളർഷിപ്പ് നിലവിൽ ലഭിക്കുന്നുണ്ട്.

(ഡി)

<u>പട്ടികജാതി വികസന വകുപ്പ്</u>

വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം,എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. പുതിയതായി പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക പുറമെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും 1 യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ഇ)

പട്ടികജാതി വികസന വകുപ്പ്

പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെടുന്നതിന്റെ ഭാഗമായി ആവശ്യമായ അറ്റകുറ്റപ്പണികൾ, നവീകരണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. ഹോസ്റ്റൽ അന്തേവാസികൾക്ക് ആവശ്യമായ ഫർണിച്ചർ ഉൾപ്പെടെയുള്ള അത്യാവശ്യ സാധനങ്ങൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികളുടെ ആരോഗ്യ സുരക്ഷിതത്വത്തിന് വാട്ടർ പ്യൂരിഫയർ, കൊതുകുവല എന്നിവ ആവശ്യപ്പെട്ടിട്ടുള്ള ഹോസ്റ്റലുകളിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഹോസ്റ്റലും ഹോസ്റ്റൽ പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നതിന് പാർട്ട് ടൈം സ്വീപ്പർമാരുടെ സേവനം എല്ലാ ഹോസ്റ്റലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. വൃത്തിഹീനമായ അന്തരീക്ഷം ഒഴിവാക്കുന്നതിനും ഹോസ്റ്റലിലുണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരും ഹോസ്റ്റൽ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ നിർമ്മാണം എന്നിവയും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സിസിടിവി, മിനിമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ

അടുക്കളകളിൽ സ്റ്റീംബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസന പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

### നൂതനമായ ജല സംഭരണ-വിതരണ മാർഗ്ഗങ്ങൾ

12(*222) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പാരിസ്ഥിതിക ആഘാതങ്ങളും നിമിത്തം ജലലഭ്യത ഗണ്യമായി കുറയുകയും ശുദ്ധജല വിനിയോഗത്തിനുള്ള ആവശ്യകത അനുദിനം വർദ്ധിച്ചുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ നൂതനമായ ജല സംഭരണ-വിതരണ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം നൂതന സംരംഭങ്ങളിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപരിതല ജല സംഭരണം, മണ്ണ് സംരക്ഷണം, ഭൂജല പരിപോഷണം എന്നിങ്ങനെ ഓരോ പ്രദേശത്തിനും അനുയോജ്യമായ മാർഗ്ഗങ്ങൾ അവലംബിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതുകൂടാതെ തദ്ദേശഭരണ സ്ഥാപനതലത്തിൽ ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. പ്രാദേശിക സ്രോതസ്സുകളിലെ വെള്ളത്തിന്റെ അളവ് തത്സമയം ലഭ്യമാക്കുന്നതിനുള്ള സംവിധാനം തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു.

ജലവിഭവ വിനിയോഗം കാര്യക്ഷമമാക്കുക, ജലവിതരണത്തിലും ഉപയോഗത്തിലും ആധുനിക സങ്കേതങ്ങളായ പൈപ്പ്ഡ് ഇറിഗേഷൻ, ഡ്രിപ്പ്/

മൈക്രോ ഇറിഗേഷൻ, നിലവിലുള്ള കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ഭൂജലലഭ്യത ഉറപ്പാക്കുംവിധം ഉപരിതല ജലസംരക്ഷണം നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതോടൊപ്പം ഡാമുകളിൽ സംഭരിക്കപ്പെടുന്ന ജലം കൃഷിക്കും കുടിവെള്ളാവശ്യത്തിനും ആവശ്യമുള്ള സമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കാലാവസ്ഥ വ്യതിയാനംമൂലം വിവിധ പദ്ധതികളുടെ സ്രോതസ്സായ നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത പരിഗണിച്ച് വേണ്ട മുൻകരുതൽ നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നു. നദികൾ സ്രോതസ്സായുള്ള പദ്ധതികളിൽ നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ ഘടിപ്പിച്ചോ, താൽക്കാലിക/സ്ഥിരം തടയണകൾ നിർമ്മിച്ചോ ആണ് ജലലഭ്യത ഉറപ്പുവരുത്തുന്നത്. മഴമൂലം ലഭ്യമാകുന്ന ജല സ്രോതസ്സുകളുടെ പരിപോഷണത്തിന് ഉതകത്തക്ക രീതിയിലുള്ള ജലസംഭരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ബി) കേരള ജല അതോറിറ്റി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

1. നദികളെ തന്നെ ജലസംഭരണികൾ ആക്കുക എന്ന ലക്ഷ്യത്തോടെ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം താരതമ്യേന ചെറുതും വലുതുമായ തടയണകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ
2. മലയോര മേഖലകളിൽ മൂന്നു മാസത്തെ മിനിമം ഉപയോഗത്തിന് വേണ്ട മഴവെള്ളം ഫെറോ സിമന്റ് ടാങ്കിൽ ശേഖരിക്കുക.
3. മഴക്കുഴികൾ വഴി റീചാർജ്ജിംഗ് ചെയ്യുന്ന പ്രവൃത്തി, ഇപ്പോഴുള്ള ട്യൂബ് വെല്ലുകൾ വഴി ഭൂഗർഭജലം റീചാർജ്ജ് ചെയ്യുന്ന പ്രവൃത്തി.
4. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും പുറത്തേക്കൊഴുകുന്ന ഗ്രേ വാട്ടർ പുനരുപയോഗിക്കാനുള്ള പദ്ധതി. കൂടാതെ ഈ ഗ്രേ വാട്ടർ ടെറിഷറി ട്രീറ്റ്മെന്റിന് ശേഷം വ്യവസായ നിർമ്മാണ മേഖലകളിലെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള പദ്ധതി.
5. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ ഫിൽട്ടർ ബെഡ്ഡുകൾ വൃത്തിയാക്കാൻ ഉപയോഗിച്ച വെള്ളം റീ സൈക്കിളിംഗ് വഴി പുനരുപയോഗിക്കാനുള്ള പദ്ധതി.

6. ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗിച്ച് പൈപ്പുകളിലെ ലീക്ക് ഉടൻ കണ്ടെത്താനും അതുവഴി ജലനഷ്ടം കുറയ്ക്കുവാനും വേണ്ടി കൂടുതൽ ഉപകരണങ്ങൾ വാങ്ങുക.

7. ഇതിനുപുറമെ നൂതന സാങ്കേതികവിദ്യകൾ കൈക്കൊള്ളുന്നതിന് കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിലിന്റെ (K-DISC) സഹകരണത്തോടെ കേരള വാട്ടർ അതോറിറ്റിയിൽ ഇന്നവേഷൻ ഹബ്ബ് രൂപീകരിച്ചിട്ടുണ്ട്.

8. ആവശ്യമായ സ്ഥലങ്ങളിൽ ഫ്ലോ മീറ്ററുകൾ സ്ഥാപിക്കുകയും ഓരോ ഭാഗത്തേയ്ക്കും പോകുന്ന ജലത്തിന്റെ കൃത്യമായ കണക്ക് ശേഖരിക്കുകയും ജലനഷ്ടം ഉണ്ടെങ്കിൽ അത് കണ്ടെത്തി, പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

9. ഫിൽട്ടർ മീഡിയ പുനരുദ്ധാരണം നടത്തുമ്പോൾ ഡ്യൂവൽ മീഡിയ ഉപയോഗിച്ചുകൊണ്ട് വെള്ളം, വൈദ്യുതി എന്നിവയുടെ നഷ്ടം കുറച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.

കൂടാതെ ലവണജലത്തിന്റെയും ഓരുവെള്ളത്തിന്റെയും കടന്നുകയറ്റം തടയുന്നതിന് താൽക്കാലിക തടയണകളും നിർമ്മിച്ചു വരുന്നു. കിണറുകൾ സ്രോതസ്സായ ചെറുകിട പദ്ധതികളിൽ ചില സ്ഥലങ്ങളിൽ ഭൂഗർഭജലത്തിന്റെ നിരപ്പ് കുറയുന്ന സാഹചര്യത്തിൽ കുറഞ്ഞ അളവിൽ മാത്രമേ ജലവിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പുതിയ കിണർ കുഴിക്കുകയോ ജലലഭ്യതയുള്ള മറ്റേതെങ്കിലും സ്കീമിൽ നിന്നോ വിതരണശൃംഖല ബന്ധിപ്പിച്ച് ജലം ലഭ്യമാക്കിവരുന്നു.

ഹരിതകേരളം മിഷന്റെ ഭാഗമായ സാങ്കേതിക സമിതികൾ, നീർത്തട പ്ലാനുകൾ ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി മഴക്കാലത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനും വേനൽക്കാലത്ത് ജലസംഭരണം സാധ്യമാക്കുന്നതിനും സഹായകരമായ ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ടാസ്ക് ഫോഴ്സ് തീരുമാനപ്രകാരം രൂപീകരിച്ച സാങ്കേതിക സമിതിയാണ് ഈ പഠനം നിർവ്വഹിച്ചത്. ഇതുകൂടാതെ പാറമടകൾ, കനാലുകൾ തുടങ്ങിയവ പ്രാദേശിക സ്രോതസ്സുകളായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും സംസ്ഥാന വ്യാപകമായി ഏറ്റെടുത്തുവരുന്നു. ഭൂജല പരിപോഷണം ഉറപ്പാക്കുന്നതിനായി കിണറുകളുടെ റീച്ചാർജ്ജിംഗ്,

ആവാഹ പ്രദേശ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രാദേശികതലത്തിൽ നീർച്ചാലുകളുടെ ശൃംഖല പുനഃസ്ഥാപിക്കുന്നതിനും ശുദ്ധീകരിച്ച് ആഴം കൂട്ടുന്നതിനുമുള്ള പ്രവർത്തനങ്ങളും ഹരിതകേരളം മിഷന്റെ ഭാഗമായി വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നു. ഇതുകൂടാതെ ശുദ്ധജല സ്രോതസ്സുകളായ കിണറുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും ഇവയിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുമുള്ള നടപടികളും പുരോഗതിയിലാണ്. കേരളത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ 2019 മേയ് 29, 30, 31 തീയതികളിൽ നടന്ന " ജലസംഗമ" ത്തിൽ അവതരിപ്പിക്കുകയും വിദഗ്ദ്ധരുടെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

(സി) ഇത്തരം സംരംഭങ്ങളിലൂടെ വേനൽക്കാലത്തും മതിയായ അളവിൽ കുടിവെള്ളം ജനങ്ങൾക്ക് എത്തിക്കുവാനും ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാനും കഴിയും. കൂടാതെ കൂടുതൽ ജനങ്ങൾക്ക് ശുദ്ധീകരണശാലകൾ വഴി ശുദ്ധീകരിച്ച കുടിവെള്ളം എത്തിക്കാൻ കഴിയും. മതിയായ രീതിയിലുള്ള സുസ്ഥിര സുരക്ഷിത ജലവിതരണ സംവിധാനമാണ് പരമമായ നേട്ടമായി പ്രതീക്ഷിക്കുന്നത്.

വ്യക്തമായ ജലസുരക്ഷാ രൂപരേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് വഴി ജല സുസ്ഥിരത ഉറപ്പാക്കാൻ സാധിക്കും.

ഉപരിതല ജലസംഭരണികൾ സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് വർഷകാലത്തിനുശേഷമുള്ള നീരൊഴുക്കും വേനൽമഴയും സംഭരിക്കുന്നതിനും മഴക്കാലത്ത് വെള്ളത്തിന്റെ ഒഴുക്കിനെയും ജലജീവികളുടെ സഞ്ചാരത്തെയും ബാധിക്കാതെ നിർമ്മിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും ജലസംഭരണവും ഉറപ്പാക്കുവാൻ കഴിയും. നമ്മുടെ കുടിവെള്ള സ്രോതസ്സുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിലൂടെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ജലജന്യരോഗങ്ങൾ തടയുന്നതിനും സാധിക്കും. നീർച്ചാലുകളുടെ ശൃംഖല പുനഃസ്ഥാപിക്കുന്നതിലൂടെ നീരൊഴുക്ക് സുഗമമാക്കി വെള്ളപ്പൊക്കം തടയുന്നതിനും ഭൂജല റീച്ചാർജ്ജിംഗ് ഉറപ്പാക്കുന്നതിനും കഴിയും.

നൂതനമായ ജലസംഭരണവിതരണ മാർഗ്ഗങ്ങൾ മുഖേന പൊതു ജലലഭ്യതയിലുണ്ടാകുന്ന കുറവ് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുന്നു. ജലനഷ്ടം കുറയ്ക്കുന്നു, കാര്യക്ഷമത വർദ്ധിപ്പിക്കുന്നു, വിള വർദ്ധന സാദ്ധ്യമാക്കുന്നു, ഉപരിതല-ഭൂജലലഭ്യത വർദ്ധിപ്പിക്കാൻ കഴിയുന്നു.

## സ്ത്രീ തൊഴിലാളികളുടെ അവകാശ സംരക്ഷണം

13(*223) ശ്രീ. എൻ. വിജയൻ പിള്ള

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. കെ. ദാസൻ

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തൊഴിൽ മേഖലകളിൽ ലിംഗസമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വ്യാപാര, വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവത്തിനനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് മതിയായ യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധിക സമയവേതനവും ആഴ്ച അവധി, വിശ്രമവേള എന്നിവ ഉറപ്പാക്കുന്നതിനും ക്രിയാത്മകമായ എന്തെല്ലാം ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിലാളി-തൊഴിലുടമാ ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വ്യവസായബന്ധ സമിതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. തൊഴിലാളി സൗഹൃദ അന്തരീക്ഷം, തൊഴിൽ നിയമങ്ങളുടെ കൃത്യമായ പാലനം എന്നിവ ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ സമിതികളിൽ തൊഴിലാളി-തൊഴിലുടമാ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത് തൊഴിലാളി-തൊഴിലുടമാ ബന്ധം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമാണ്.

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ആക്ടുകളും ചട്ടങ്ങളും ഭേദഗതി വരുത്തുകയും വിവിധ ധനസഹായ തുകകൾ ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വേതന വർദ്ധനവ് നടപ്പാക്കുന്നതിന്റെ ഭാഗമായി 30 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും നാല് മേഖലകളിൽ ആദ്യമായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. തോട്ടം തൊഴിൽ മേഖലയിൽ ഉൾപ്പെടെയുള്ള ഭവനരഹിതർക്ക് പാർപ്പിടം നൽകാനുള്ള പദ്ധതി, ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു. വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിലൂടെ നടപ്പിലാക്കിവരുന്ന പെൻഷൻ അടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടം ഉറപ്പാക്കിക്കൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ വ്യവസായ തൊഴിൽ തർക്ക നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട് എന്നീ നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് ഭേദഗതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് 2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമം നിലവിൽ വന്നിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട സമയത്തിലധികം ജോലി ചെയ്യേണ്ടി വരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് അധികസമയ വേതനം ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് ആഴ്ച അവധിയും നിയമപ്രകാരമുള്ള വിശ്രമവേളയും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഇക്കാര്യങ്ങളിൽ ജാഗ്രത പുലർത്തുകയും ലഭിക്കുന്ന പരാതികളിന്മേൽ സത്വര മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ

നിയമമാണ് ' The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽനിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്വമാണ്. ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് റൂൾ 6 (ബി) പ്രകാരം കംപ്ലയിൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് സ്ഥാപന പരിശോധനാവേളയിൽ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ അന്വേഷിക്കുകയും ഇല്ലാത്ത സ്ഥാപനങ്ങളിൽ ആയത് രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്.

## പ്രളയാനന്തരം ക്ഷീരമേഖലയെ സഹായിക്കുന്നതിന് നടപടികൾ

14(*224) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയവും മഴക്കെടുതിയും മൃഗസംരക്ഷണ മേഖലയെ ദോഷകരമായി ബാധിച്ചുവെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം ക്ഷീരോല്പാദനത്തിൽ വൻ ഇടിവ് സംഭവിച്ചിട്ടുണ്ടോ;

(സി) ക്ഷീരമേഖലയെ സഹായിക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ക്ഷീരമേഖലയിൽ പ്രകൃതി ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എല്ലാ ക്ഷീരകർഷകർക്കും അവരുടെ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) തുടർച്ചയായി ഉണ്ടായ രണ്ട് പ്രളയം മൃഗസംരക്ഷണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2018-ലെ പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടമാണ് മൃഗസംരക്ഷണ മേഖലയിൽ ഉണ്ടായത്.

(ബി) 2018-ലെ പ്രളയംമൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ ഇടിവുണ്ടായി. 2019-ലെ പ്രളയംമൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ 1.26 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി.

(സി) പ്രളയക്കെടുതികൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഡയറക്ടറേറ്റ് തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ ആരംഭിക്കുകയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി കർഷകർക്ക് സഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രളയമേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തി. പ്രളയക്കെടുതിമൂലം നാശനഷ്ടം സംഭവിക്കുകയും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കർഷകരെ സാമ്പത്തികമായി സഹായിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു. ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെ വന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ റൂട്ടുകളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര സഹായമായി

ലഭ്യമാക്കി. കൂടാതെ ജയിൽ വകുപ്പിന്റെ സഹായത്തോടെ പ്രളയം ബാധിച്ച പ്രദേശങ്ങളിൽ പച്ചപ്പുല്ല് വിതരണം നടത്തിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ പ്രളയവും പ്രകൃതിക്ഷോഭവും ബാധിച്ച പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപ വീതം വകയിരുത്തി ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം 2018-19, 2019-20 വർഷങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. 2018 പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി. പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ്, മറ്റ് സ്വകാര്യ പൊതുമേഖലാ ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് വഴി നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, അമൂൽ എന്നിവിടങ്ങളിൽനിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. കൂടാതെ 2018-ലെ പ്രളയത്തിൽ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി രൂപയുടെ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ ഏഴ് ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ഇത് പ്രകാരം യൂണിറ്റ് ഒന്നിന് 59400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും.

2019-ലെ പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി

22 ലക്ഷം രൂപ ചെലവഴിച്ച് പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) ക്ഷീരമേഖലയിൽ പ്രകൃതി ദുരന്തംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കർഷകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ഇ) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമാവധി ക്ഷീരകർഷകർക്ക് പരിരക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ സംസ്ഥാനത്ത് ഗോസമൃദ്ധി പ്ലസ് 2018-19, NLM പ്ലസ് 2017-18 എന്നീ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ നിർവ്വഹണം അന്തിമഘട്ടത്തിലാണ്. 2019-20 സാമ്പത്തിക വർഷത്തെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി NLM 2019-20 പദ്ധതിയുടെ ഉദ്ഘാടനം 2019 ഒാക്ടോബർ മാസം 26-ാം തീയതി തിരുവല്ലയിൽ നടത്തുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ കറവ പശുക്കളെയും എരുമകളെയും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരുന്നതിനുള്ള മാസ്റ്റർ പോളിസി മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയിലാണ്.

**ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ**

15(*225) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പാലുല്പാദനത്തിന്റെ ചെലവു കൂടുന്നതുമൂലം ക്ഷീരവൃത്തിയിൽ ആദായം കുറയുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) തീറ്റപ്പുൽ കൃഷിക്ക് മുൻഗണന നൽകികൊണ്ട് തരിശു ഭൂമിയിൽ സർക്കാർ ധനസഹായത്തോടെ വ്യാവസായിക അടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ക്ഷീര സഹകരണ സംഘത്തിൽ അളക്കുന്ന പാലിന് അർഹമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പരിശോധിച്ചിട്ടുണ്ട്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, കറവക്കാരുടെ അഭാവം, വെറ്ററിനറി മരുന്നുകളുടെ വില, തീറ്റപ്പുൽ വളർത്തുന്നതിനാവശ്യമായ സ്ഥല പരിമിതി, ഇതരസംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്ക് പാൽ കേരളത്തിലെത്തുന്നതുമൂലം തദ്ദേശീയരായ ക്ഷീരകർഷകർ വിപണിയിൽ നേരിടുന്ന മത്സരം എന്നിവയാണ് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

(ബി) പാലുല്പാദന ചെലവ് കൂടുന്നതുമൂലം ക്ഷീരകർഷകരുടെ ആദായം കുറയുന്നത് പരിഹരിക്കുന്നതിനായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

a) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

b) കാലിത്തീറ്റ സബ്സിഡി

c) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

d) സമഗ്ര ഇൻഷ്വറൻസ് പദ്ധതി

e) കർഷകർക്ക് അവശ്യാധിഷ്ഠിത സഹായം

f) കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം

g) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹധനസഹായം, മരണാനന്തരസഹായം, ചികിത്സാസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു.

കൂടാതെ ഈ വർഷം ഓഗസ്റ്റിൽ പാലിന്റെ വിൽപ്പന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ 3.35 രൂപയും കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) തരിശുഭൂമിയിൽ വ്യാവസായിക അടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിന് പദ്ധതിയുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് 93007 രൂപയുടെ സഹായം നൽകുന്നു.

(ഡി) പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും അളവിന്റെ അടിസ്ഥാനത്തിലാണ് ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും പാൽ വില നൽകുന്നത്. ഇത് കർഷകരെ ബോധ്യപ്പെടുത്തുന്നതിന് പാൽ വില ചാർട്ട് എല്ലാ സംഘങ്ങളിലും പ്രദർശിപ്പിക്കുന്നതിന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർക്ക് കൃത്യമായും പാലിന്റെ ഗുണനിലവാരം അനുസരിച്ച് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിന് ഭൂരിഭാഗം സംഘങ്ങളിലും AMC (Automatic Milk Collection) യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പാൽ വില സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘത്തിൽ അടിയന്തരമായി പരിശോധന നടത്തി പരാതി പരിഹരിക്കുന്നതിന് സംവിധാനമുണ്ട്. ക്ഷീരസംഘങ്ങളെ പൂർണ്ണമായ ആട്ടോമേഷൻ നടത്തി സംഘങ്ങളുടെ എല്ലാത്തരം പ്രവർത്തനങ്ങളും കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരികയാണ്.

## പ്രളയത്തിൽ പട്ടികജാതി കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടം

16(*226) ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. കെ. എം. ഷാജി:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയങ്ങളിൽ പട്ടികജാതി കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രളയബാധിത പ്രദേശങ്ങളിലെ പട്ടികജാതി കുടുംബങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

1. പ്രളയബാധിത കുടുംബങ്ങൾ - 85207
2. മരണപ്പെട്ടവർ - 44
3. പരിക്കുപറ്റിയവർ - 65
4. പൂർണ്ണമായി തകർന്ന വീടുകൾ -2733
5. ഭാഗികമായി തകർന്ന വീടുകൾ - 1223
6. ഭൂമി വാസയോഗ്യമല്ലാതായവർ - 165
7. പൂർണ്ണമായി വാസയോഗ്യമല്ലാതായ പ്രദേശങ്ങൾ/കോളനികൾ - 4
8. ഉപയോഗശൂന്യമായ/റിപ്പയർ ആവശ്യമായ കക്കൂസുകൾ -10154
9. ഉപയോഗശൂന്യമായ/റിപ്പയർ ആവശ്യമായ സ്വകാര്യ കിണറുകൾ- 6800
10. ഉപയോഗശൂന്യമായ/റിപ്പയർ ആവശ്യമായ പൊതുകിണറുകൾ - 405
11. തകരാറിലായ റോഡ്/നടപ്പാത- 777 എണ്ണം 487 കി.മീ.
12. തകരാറിലായ കുടിവെള്ള പദ്ധതികൾ- 107
13. കൃഷി നഷ്ടം- 527 ഏക്കർ
14. വളർത്തുമൃഗങ്ങളുടെ നഷ്ടം - 4979

2019-ലെ പ്രളയത്തിൽ പട്ടികജാതി കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

1. മരണപ്പെട്ടവർ - 4
2. ഭൂമി വാസയോഗ്യമല്ലാതായവർ - 191
3. പൂർണ്ണമായും തകർന്ന വീടുകൾ - 462
4. ഭാഗികമായി തകർന്ന വീടുകൾ - 1355
5. ഉപയോഗശൂന്യമായ കക്കൂസുകൾ - 2548
6. തകർന്ന കിണറുകൾ - 393
7. ജീവനോപാധികൾ നഷ്ടമായവർ - 515
8. നാശനഷ്ടം സംഭവിച്ച കോളനികൾ - 353

(ബി) 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തിൽ ദുരിതബാധിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 5,000 രൂപ വീതം ആശ്വാസ ധനസഹായം നൽകി. പൂർണ്ണമായും വീട് തകർന്നവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നു. പ്രളയാനന്തരം ഭൂമി വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനുള്ള നീക്കം**

17(*227) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്ക, കശുമാങ്ങ, വാഴപ്പഴം തുടങ്ങിയ പഴങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമാണോ സർക്കാരിന്റേത് എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ മദ്യം ഉത്പാദിപ്പിക്കാൻ അനുമതി നൽകാനുള്ള തീരുമാനത്തിൽ നിന്നും പിന്മാറുവാൻ തയ്യാറാകുമോ; വിശദീകരിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, 26-10-2019 തീയതിയിലെ സ.ഉ(കൈ) നം. 58/2019/നി.വ. പ്രകാരം പഴവർഗ്ഗങ്ങളിൽ നിന്നും ധാന്യങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിനും ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ വിപണനത്തിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മദ്യത്തിന്റെ ആവശ്യകത നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ല. മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ സംഘടിപ്പിച്ചുവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പാക്കി സമ്പൂർണ്ണ ലഹരിമുക്ത കേരളീയ സമൂഹത്തെ

വാർത്തെടുക്കുന്നതിനായുള്ള മദ്യനയമാണ് സർക്കാർ രൂപീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്ന് ഉപഭോഗത്തിനെതിരെയുള്ള ആശയങ്ങൾ പകർന്നു നൽകുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ വഴി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

(സി) കേരളത്തിൽ പാഴായി പോകുന്ന ചക്ക, കശുമാങ്ങ തുടങ്ങിയ പഴങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് സാധ്യത വളരെ കൂടുതലാണെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സബ്ജക്ട് കമ്മിറ്റി VIII നിർദ്ദേശിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ആയതുപ്രകാരം കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ച്, പഴങ്ങളിൽനിന്ന് വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ തീരുമാനം വഴി പാഴായി പോകുന്ന ചക്ക, കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റാൻ കഴിയുകയും കർഷകർക്ക് ഇതുവഴി സാമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ ഈ തീരുമാനത്തിൽനിന്നും പിന്മാറേണ്ട സാഹചര്യമില്ല.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം

18(*228) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തെ വിദ്യാഭ്യാസപരമായ ഉയർച്ചയിലൂടെ ഒരു ജ്ഞാന സമൂഹമാക്കിത്തീർക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്ത്യയിലെ എല്ലാ സർവകലാശാലകളിലും പഠിക്കുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനം നടത്തുന്നതിനാവശ്യമായ എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് മുതലായ ഉന്നത മത്സരപരീക്ഷകളിൽ വിജയം കൈവരിക്കുന്നതിന് സഹായകരമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്കായി ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു.

1. പ്രീ മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
8. ലാപ്ടോപ്പ് വാങ്ങൽ ധനസഹായം
9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം
11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
13. പ്രത്യേക പ്രോത്സാഹന സമ്മാനം
14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.

15. ബുക്ക്ബാങ്ക് സ്കീം (100% CSS)

16. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

17. പഠനമുറി നിർമ്മാണം

18. വിദേശ പഠന ധനസഹായം

19. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള പഠനസഹായം

20. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം

21. ബി. ടെക് റെമഡിയൽ കോച്ചിംഗ്

കൂടാതെ വിദ്യാഭ്യാസ ഉയർച്ച ലക്ഷ്യമാക്കി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.

2. പ്രീ മെട്രിക് ഹോസ്റ്റൽ

3. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

4. ഐ.റ്റി.ഐ.-കൾ

5. പി.ഇ.റ്റി.സി.

6. CREST

7. നേഴ്സറികൾ

8. ICSETS

9. മെഡിക്കൽ കോളേജ് (പാലക്കാട്)

(ബി) സ.ഉ(അച്ചടി) 50/2009/പജപവവിവ. തീയതി 2-7-2009 ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും DME, DHS നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ടുമെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.

NEET ലിസ്റ്റിൽനിന്ന് സംസ്ഥാന എൻട്രൻസ് കമ്മീഷണർ സ്വാശ്രയ കോളേജുകൾ/ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിലെ NRI സീറ്റുകൾ ഒഴികെയുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകുന്ന മുഴുവൻ എസ്.സി./ എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാർ/ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച നിരക്കിലുള്ള ഫീസും ആനുകൂല്യങ്ങളും നൽകുന്നു. സ.ഉ(എം.എസ്.)നമ്പർ 96/2018/പജപവവിവ. തീയതി 15-12-2018 ഉത്തരവ് പ്രകാരം കേന്ദ്രസർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, (കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ) പ്രൊഫഷണൽ കോഴ്സുകൾക്ക് പുറമെ മറ്റ് ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് കേന്ദ്രസർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി പ്രവേശനം/അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, നിർദ്ദിഷ്ട നിരക്കിലുള്ള താമസഭക്ഷണ ചെലവുകൾ എന്നിവ അനുവദിച്ചു വരുന്നു.

(സി) വിദേശത്തെ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് 4-10-2017-ലെ ജി.ഒ(എം.എസ്.) 81/17/പജപവവിവ, 19-3-2019-ലെ ജി.ഒ(എം.എസ്.) 22/19/പജപവവിവ ഉത്തരവുകൾ പ്രകാരം 25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മണ്ണന്തലയിലുള്ള Institute for Civil Examination Training സൊസൈറ്റിയിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി മുഖേന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകിവരുന്നു. 2018-19 വർഷം 240 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയുണ്ടായി.

കൂടാതെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ICSETS നടത്തുന്ന പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേയ്ക്ക് 'ലക്ഷ്യ സ്കോളർഷിപ്പ് ' എന്ന പേരിൽ ഒരു പദ്ധതി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

## നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരണം

19(*229) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ കുടിവെള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) കേരള വാട്ടർ അതോറിറ്റി കോടികൾ മുടക്കി പണി പൂർത്തീകരിച്ച അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കമ്പനിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി പുനഃസംഘടന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. സുശീൽഖന്നയെ കൺസൾട്ടന്റായി നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ ടേംസ് ഓഫ് റഫറൻസ് വിശദീകരിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്. ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് ഏജൻസിയായും കേരള വാട്ടർ അതോറിറ്റി ഇംപ്ലിമെന്റിംഗ് ഏജൻസിയായുമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി ചെലവിന്റെ 70% ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോൺ ആയും 30% കേരള സംസ്ഥാനത്തിന്റെ വിഹിതമായും ആണ് വകയിരുത്തിയിരിക്കുന്നത്. ADB-യുടെ സഹായമായി 1750 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 750 കോടി രൂപയുമാണ് മൊത്തമായി ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ എ.ഡി.ബി. ധനസഹായമായി 875 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 375 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) അരുവിക്കര കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം

ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) Ltd.-നെ ഏൽപ്പിക്കുവാൻ വാട്ടർ അതോറിറ്റി ബോർഡ് തീരുമാനമെടുക്കുകയുണ്ടായി. ആയതിന്റെ വ്യവസ്ഥകൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) കേരള വാട്ടർ അതോറിറ്റി പുനഃസംഘടനാ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയോഗിക്കാൻ കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നില്ല.

### ശാസ്ത്രീയ ജല മാനേജ്മെന്റ് നടപടികൾ

20(*230) ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനത്ത മഴ മാറി ഏറെക്കഴിയുന്നതിന് മുമ്പുതന്നെ സംസ്ഥാനം ജലക്ഷാമത്തിലേക്ക് പോകുന്ന അവസ്ഥ ഉണ്ടാകുന്നുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തൊക്കെ ശാസ്ത്രീയ ജല മാനേജ്മെന്റ് നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ജലസംരക്ഷണത്തെപ്പറ്റിയും നിയന്ത്രിത ജല ഉപയോഗത്തെപ്പറ്റിയും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) മഴവെള്ള സംഭരണം ഭൂജലപരിപോഷണ പരിപാടി എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഈ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു പരിഹരിക്കുന്നതിന് ജലസംരക്ഷണ പ്രവർത്തനങ്ങളായ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംരക്ഷണം (Roof Water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ VCB (Vented Cross Bar)എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കുന്നുണ്ട്. കൂടാതെ KRWSA-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന പുരപ്പുറ മഴവെള്ള

സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജലദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ നദികളിൽ ചെറുതും വലുതുമായ ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിച്ച് ജലസംഭരണത്തിനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്. കൂടാതെ ലഭ്യമായ ജലം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് വരുമാനരഹിത വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നതിനും പഴയ CF പൈപ്പുകളും ഉപകരണങ്ങളും മാറ്റി ജലവിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ജലസംരക്ഷണ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ജലത്തിന്റെ മിതമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലസംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചുവരെഴുത്തുകൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. ജലത്തിന്റെ സൂക്ഷ്മമായ വിനിയോഗം പ്രോത്സാഹിപ്പിക്കുവാനും ജലസാക്ഷരത ഉറപ്പുവരുത്തുവാനും വേണ്ടി ആവിഷ്കരിച്ച "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ജലവിനിയോഗ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ കൈപ്പുസ്തകം വിതരണം നടത്തിക്കഴിഞ്ഞു. ബോധവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ഹ്രസ്വ ചിത്രങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറായി വരുന്നു. എല്ലാ പഞ്ചായത്തുകൾ വഴിയും വിതരണം ചെയ്യുവാനുള്ള ലഘുലേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രചരണ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ജലനിധി മുഖേന റോഡ് ഷോകൾ, ശില്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു. കൂടാതെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികളിൽ ശരിയായ ജലവിനിയോഗം സംബന്ധിച്ചും ജലദുരുപയോഗം തടയുന്നതിനുള്ള ബോധവൽക്കരണത്തിനായി സ്കൂൾതലത്തിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഇതിനുപുറമെ ലോകജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സെമിനാറുകൾ, പഞ്ചായത്തുതല പ്രവർത്തനങ്ങൾ എന്നിവ നടത്താറുണ്ട്.

(ഡി) കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി രൂപീകരിച്ച പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മുഖേനയാണ് 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതി' സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. മഴകേന്ദ്രം മുഖേന വ്യക്തിഗത കുടുംബങ്ങൾക്ക് പുരപ്പുറ മഴവെള്ള സംഭരണികളും കിണർ പരിപോഷണവും ചെയ്തുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും പുരപ്പുറ മഴവെള്ള പരിപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ മഴകേന്ദ്രം മുഖേന 34 പഞ്ചായത്തുകളിലായി 7100 വീടുകളിലും 840 സർക്കാർ വിദ്യാലയങ്ങളിലും (10000 ലിറ്റർ) മഴവെള്ള സംഭരണികൾ നിർമ്മിച്ച നൽകിയിട്ടുണ്ട്. മേൽ പദ്ധതികൾ കൂടാതെ ജലനിധിയുടെ ഭാഗമായി 1899 ഭൂജല പരിപോഷണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മഴവെള്ള സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളിലെത്തിക്കുവാൻ സഹായകരമായ IEC പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മാതൃക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ/നിർമ്മിതികൾ തുടങ്ങിയവയും നടത്തുന്നുണ്ട്.

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന മലയോര, തീരദേശ ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിക്കുന്നതിനും ഭൂജല സംവർധനത്തിനും സഹായകരമായ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്നു. സംഭരിച്ചുവച്ചിരിക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ പ്രസ്തുത മാസങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നു. പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നടപ്പിലാക്കുന്നതുമൂലം ഗുണഭോക്താക്കളുടെ ഉടമസ്ഥതാബോധം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്.

പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 20.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് 1000 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികളും 8500 കുടുംബങ്ങളിലെ തുറന്ന കിണറുകളിലേയ്ക്ക് മഴവെള്ളം കടത്തിവിട്ട് റീചാർജ് ചെയ്യുന്ന പ്രവൃത്തിയും തിരുവനന്തപുരം നഗരത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം, ഭൂജലസംവർധന പ്രവർത്തനങ്ങൾ, രണ്ട് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികളുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിന്റെ പ്രാരംഭനടപടികൾ പൂർത്തിയായി വരുന്നു.

ഈ സാമ്പത്തിക വർഷം തിരുവനന്തപുരം നഗരത്തിലെ കോട്ടൺഹിൽ സ്കൂൾ, എസ്.എം.വി. സ്കൂൾ, മണക്കാട് ഹൈസ്കൂൾ, ഗവ. ആയുർവ്വേദ കോളേജ്

എന്നിവിടങ്ങളിൽ നിലവിലുള്ള മഴവെള്ള സംഭരണികളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും ഭൂജല പരിപോഷണം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിൽ Fire & Rescue, ARP camp & SAP camp എന്നീ സ്ഥലങ്ങളിൽ മഴവെള്ള ശേഖരണവും ഭൂജല സംരക്ഷണവും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഈ സാമ്പത്തിക വർഷം വ്യക്തിഗത കുടുംബങ്ങൾക്കുള്ള കിണറുകൾ ജല പരിപോഷണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## അഭിരുചി കണ്ടെത്തി തൊഴിൽ ലഭ്യമാക്കാൻ സംവിധാനം

21(*231) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുന്നതിന് സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അത്തരത്തിൽ അസസ്സ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ/ തൊഴിലധിഷ്ഠിത പരിശീലനം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) അത്തരത്തിൽ അസസ്സ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സോഫ്റ്റ് സ്കിൽ പരിശീലനം നൽകുന്നുണ്ട്.

(സി) ഇത്തരം ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സ്വകാര്യ തൊഴിൽദായകരെ ഉൾപ്പെടുത്തി സൗജന്യമായി ജോബ് ഫെയറുകൾ, പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. 2019 ആഗസ്റ്റ് 31 അടിസ്ഥാനമാക്കി എംപ്ലോയബിലിറ്റി സെന്ററുകളിൽ 1,80,353 പേർ രജിസ്റ്റർ ചെയ്യുകയും പരിശീലനം നൽകിയ 1,18,685 ഉദ്യോഗാർത്ഥികളിൽ 52,284 പേർക്ക് സ്വകാര്യ മേഖലകളിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1380 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## ജല ബഡ്ജറ്റ്

22(*232) ശ്രീ. സജി ചെറിയാൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലലഭ്യതയും ആവശ്യകതയും മനസ്സിലാക്കി ജലവിഭവത്തിന്റെ ഫലപ്രദമായ വിനിയോഗവും ജലസ്രോതസ്സുകളുടെ സംരക്ഷണവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ജല ബഡ്ജറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നൂതന ജലസേചന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന് ഹരിത കേരളം മിഷന്റെ പ്രവർത്തനം എത്ര കാര്യക്ഷമമായി നടക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) ആവർത്തിക്കുന്ന വരൾച്ചയും ഇതുമൂലമുള്ള ജലക്ഷാമവും നേരിടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ജലവിഭവ ബഡ്ജറ്റ് തയ്യാറാക്കാൻ ഉദ്ദേശ്യമുണ്ട്.

(ബി) ഉണ്ട്. ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും നീർത്തടപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ജലസംരക്ഷണത്തിന്റെയും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കേണ്ടതിന്റെയും സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ മാർഗ്ഗങ്ങളിലൂടെ പ്രചാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജലമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവയുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനത്തിലും ഏകോപിപ്പിക്കുന്നതിന് മിഷന്റെ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമായിട്ടുണ്ട്. പ്രാദേശിക ജല സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജലബഡ്ജറ്റ് തയ്യാറാക്കുന്നതിന് പ്രാദേശിക സ്രോതസ്സുകളിലെ ജലത്തിന്റെ അളവ് ലഭ്യമാക്കുന്നതിന് സ്കെയിലുകൾ

സ്ഥാപിക്കുന്ന നടപടിയും ഏറ്റെടുത്തുവരുന്നു. മിഷന്റെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും വകുപ്പുകൾ/ഏജൻസികൾ ഈ മേഖലയിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ ജിയോടാഗ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലമേഖലയിലെ പ്രവർത്തനങ്ങൾ ജനകീയമായി ഏറ്റെടുക്കുന്നതിന്റെ ശ്രമങ്ങളുടെ ഭാഗമായി നദീ പുനരുജ്ജീവനം, നീർച്ചാലുകളുടെ സംരക്ഷണം, കുളങ്ങളുടെയും മറ്റ് സ്രോതസ്സുകളുടെയും നവീകരണം എന്നിവയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കന്ററി സ്കൂളിന്റെ കെമിസ്ട്രി ലാബിനോട് ചേർന്ന് ജലഗുണനിലവാര പരിശോധനാ സൗകര്യം ലഭ്യമാക്കുവാനും ശ്രമിക്കുന്നു. ഹരിത കേരള മിഷന്റെ മേൽനോട്ടത്തിൽ ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുഴകളുടെ പുനരുജ്ജീവനം, ജലത്തിന്റെ അളവ് നിശ്ചയിക്കാൻ സ്കെയിൽ സ്ഥാപിക്കൽ, ജലബഡ്ജറ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. പ്രാദേശിക ജലസ്രോതസ്സുകളെയും കനാലുകളെയും പാറമടകളെയും ജലക്ഷാമം പരിഹരിക്കുന്നതിനായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ ജലസേചന ഫോക്കസ് ഗ്രൂപ്പ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. റീചാർജ്ജിംഗ് നടത്തി വീണ്ടെടുക്കേണ്ട കിണറുകൾ കണ്ടെത്തി ഈ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം കേരള വാട്ടർ അതോറിറ്റി നൽകുന്നുണ്ട്. കൂടാതെ ജലബഡ്ജറ്റുമായി അനുബന്ധമായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ജലബഡ്ജറ്റിന്റെ ഭാഗമായ ജല ഓഡിറ്റിംഗിൽ ഇതുമായി ബന്ധപ്പെട്ട വിശദമായ സ്ഥിതി വിവരക്കണക്കുകൾ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കുന്നുണ്ട്.

ജലസുരക്ഷയും ജലസംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നീർത്തടപ്ലാനുകൾ/നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും 914 ഗ്രാമപഞ്ചായത്തുകളുടെ നീർത്തടപ്ലാനുകൾ പൂർത്തിയാക്കുകയും ചെയ്തു. ഇതിൻപ്രകാരം റിഡ്ജ്-ടു-വാലി അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്നു. ജലസംഭരണശേഷി വർദ്ധിപ്പിക്കുക, ജലസ്രോതസ്സുകളിലെ മാലിന്യം നീക്കംചെയ്യുക, ഭൂജലപോഷണം വർദ്ധിപ്പിക്കുക തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകിയാണ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്. ഇവയുടെ നിർവ്വഹണത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായി വരുന്ന അവസരങ്ങളിൽ ഹരിതകേരളം മിഷന്റെ സഹായം ലഭ്യമാക്കുന്നുണ്ട്.

(ഡി) മഴക്കാലത്ത് ലഭ്യമാകുന്ന വെള്ളം മതിയായ രീതിയിൽ സംഭരിച്ച് നിർത്തുവാനുള്ള മതിയായ സംവിധാനങ്ങളുടെ അഭാവമാണ് വരൾച്ചയ്ക്കും തദ്വാരാ വരൾച്ച കാലത്തെ ജലക്ഷാമത്തിനും കാരണം. ആവർത്തിക്കുന്ന വരൾച്ചയും അതുമൂലമുള്ള ജലക്ഷാമവും നേരിടുന്നതിന് രണ്ട് രീതിയിലുള്ള സമീപനം കൈക്കൊള്ളുന്നു. അവ ദീർഘകാല പദ്ധതികളും ഹ്രസ്വകാല പദ്ധതികളുമാണ്.

ദീർഘകാല പദ്ധതികൾ

നദികളിൽ ആവശ്യത്തിന് ജലസംഭരണത്തിനായി അണക്കെട്ടുകൾ നിർമ്മിക്കുക എന്നതാണ് ഒരു മാർഗ്ഗം. എന്നാൽ സ്ഥലലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജല സംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ കുറവാണ്.

മേൽ സാഹചര്യത്തിൽ നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം താരതമ്യേന ചെറുതും വലുതുമായ ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ ജലസേചന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

സ്ഥിരമായി ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്ന സ്ഥലങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പുതിയ ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രാമുഖ്യം നൽകുന്നുണ്ട്.

ഹ്രസ്വകാല പദ്ധതികൾ

ലഭ്യമായ വെള്ളത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി നിലവിലുള്ള പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പ്സെറ്റുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിച്ചും വിതരണശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശത്ത് ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

1. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് പൈപ്പുലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കുന്നു.

2. വാൽവുകൾ ക്രമീകരിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ മുഖാന്തരം ടാങ്കർ ലോറികൾ വഴി കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.

4. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണം സുഗമമാക്കുവാൻ വേണ്ടി ഹൈഡ്രന്റുകളും വെന്റിംഗ് പോയിന്റുകളും സ്ഥാപിക്കുന്നു.

5. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശത്തേയ്ക്ക് പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നു.

6. പൈപ്പുലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയ ബന്ധിതമായി പരിഹരിച്ചും പമ്പ്, മോട്ടോർ, വാൽവ് എന്നിവയിലുണ്ടാകുന്ന തകരാറുകൾ അടിയന്തരമായി പരിഹരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നു.

7. സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൈപ്പുലൈനുകളിൽ ഇന്റർകണക്ഷൻ വർക്കുകൾ നടത്തി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.

8. പമ്പുഹൗസുകളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ വേണ്ടി താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നു. ഇതുവഴി പമ്പിംഗ് മുടങ്ങാതെ നടത്തുവാൻ സാധിക്കുന്നു.

9. ജലലഭ്യതയുള്ള പദ്ധതികളിൽ പമ്പിംഗ് സമയം കൂട്ടി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.

10. ശുദ്ധജല ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുന്നു. ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗത്തിന്റെ കാര്യാലയത്തിൽ കനാൽ ശൃംഖലയിലെ കനാലുകളുടെ വാലറ്റംവരെ ജലം എത്തുമെന്ന് ഉറപ്പുവരുത്തുകയും കനാലിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും കനാലിലെയും ഉപയോഗശൂന്യമായി കിടക്കുന്ന പാറമടകളിലെയും ജലം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്

ജലദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി ഹരിതകേരളത്തിന്റെ ഭാഗമായി ഫോക്കസ് ഗ്രൂപ്പ് വഴിയുള്ള വിവിധ പദ്ധതികളും മൈക്രോ ഇറിഗേഷൻ പദ്ധതികളും MVIP-ൽ CADWM-ഉം ആവിഷ്കരിച്ചുവരുന്നു.

ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof Water Harvesting) ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

KRWSA-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജലദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുകയും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും മറ്റും മഴവെള്ള സംഭരണികൾ നിർമ്മിച്ചും നിലവിലുള്ള കിണറുകൾ റീചാർജ്ജ് ചെയ്തും ജലപരിപോഷണം നടപ്പിലാക്കുന്നു.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ പ്രതിവർഷം അനുവദിച്ചു ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തിയാണ് " മഴവെള്ള സംഭരണം-ഭൂജല പരിപോഷണം" പദ്ധതി നടപ്പിലാക്കുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതും മലയോര-തീരപ്രദേശങ്ങളിലുള്ള ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നത്. പ്രസ്തുത പരിപാടി പ്രതിവർഷം വരൾച്ചമൂലം ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം കണ്ടെത്താൻ സഹായകരമാകുന്നുണ്ട്.

പൂർത്തീകരിച്ച വിവിധ ജലസേചന പദ്ധതികളുടെ കനാലുകളിൽ എല്ലാ വർഷവും അറ്റകുറ്റപ്രവൃത്തികൾക്കായി വകയിരുത്തുന്ന ഫണ്ട് ഉപയോഗപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. കനാൽ ശൃംഖലകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതുവഴി കനാലിലൂടെയുള്ള ജലനിർഗ്ഗമനം കാര്യക്ഷമമാകുന്നു.

നീർത്തടപ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ഇതിനകം 914 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയായിട്ടുണ്ട്. ഈ പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള മുൻഗണനാക്രമം അനുസരിച്ച് കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, ഭൂജലപോഷണം സാധ്യമാകുംവിധം വെന്റഡ് ക്രോസ് ബാറുകൾ/തടയണകൾ നിർമ്മിക്കുക, റെഗുലേറ്ററുകൾ നിർമ്മിച്ച് ചെറുജലസംഭരണം സാധ്യമാക്കുക തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും നിർവ്വഹിച്ചു വരുന്നു. കൂടാതെ, വേനൽക്കാലത്ത് സംഭവിക്കാനിടയുള്ള ഓരു വെള്ളക്കയറ്റം തടയുന്നതിനുള്ള പ്രവൃത്തിയും ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു.

## വന്യമൃഗങ്ങളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

23(*233) ശ്രീ. ആന്റണി ജോൺ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം ഒട്ടും കുറച്ചു കാണാതിരിക്കുമ്പോൾ തന്നെ പകൽ സമയത്തുപോലും പുരയിടങ്ങളിലിറങ്ങി ആനയും കാട്ടുപന്നിയും കടുവയും മനുഷ്യരെ കൊല്ലുന്ന ദുഃസ്ഥിതി ഇനിയും ആവർത്തിക്കാതിരിക്കാനായി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കൃഷിഭൂമിയുമായുള്ള വനാതിർത്തി എത്ര ദൂരമുണ്ടെന്നും ഇതിൽ എത്ര ദൂരം വിവിധ വന്യമൃഗ പ്രതിരോധ മാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) വനാതിർത്തിയിൽ മാത്രമല്ല ഏറെ ഉൾപ്രദേശങ്ങളിൽ പോലും കാട്ടുമൃഗങ്ങൾ വ്യാപകമായി കൃഷി നാശമുണ്ടാക്കുന്നതിനാൽ പ്രത്യേകമായിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനോ പര്യാപ്തമായ തോതിൽ നഷ്ടപരിഹാരം നൽകുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വന്യമൃഗങ്ങൾ മനുഷ്യരെ കൊല്ലുന്ന ദുഃസ്ഥിതി ആവർത്തിക്കാതിരിക്കാനായി വനം വകുപ്പ് താഴെപ്പറയുന്ന പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. വനത്തിനുപുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്കോ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.

4. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

6. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

8. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കി.മീ. ആണ്. കൃഷിഭൂമിയുമായുള്ള വനാതിർത്തി എത്ര ദൂരമുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. വനാതിർത്തികളിൽ മുഴുവനായി (പരസ്പരം വനാതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ)

പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യം ഇല്ല. എന്നാൽ, ജനവാസ മേഖലകൾ വനാതിർത്തിയായി വരുന്ന ഭാഗങ്ങളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(സി) വന്യജീവികളുടെ ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 02/2015/വനം തീയതി 8-1-2015 പ്രകാരം ഓരോരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം എത്രയെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണംമൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നുണ്ട്. നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചത് സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം 2018-ലാണ്. അതിനാൽ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കൂടാതെ സമഗ്രമായ വിള ഇൻഷ്വറൻസ് പദ്ധതി സർക്കാർ ഉത്തരവ് സ.ഉ.(എം.എസ്.)നമ്പർ 37/2017/കൃഷി തീയതി 22-3-2017 പ്രകാരം സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വന്യജീവി ആക്രമണം കൊണ്ടുള്ള നാശനഷ്ടവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

24(*234) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നല്ല ഭക്ഷണം, പ്രത്യേക ട്യൂഷൻ, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് കൂടുതൽ തുക വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി സൗജന്യപഠന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. എൽ.പി. സ്കൂളുകളിൽ ഗോത്രഭാഷ അറിയുന്ന അദ്ധ്യാപകരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി
2. സാമൂഹ്യപഠന മുറി
3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി
4. ലാപ്ടോപ്പ് വിതരണം
5. സമഗ്ര-സാക്ഷരതാ പദ്ധതി
6. വിദേശ പഠനത്തിനുള്ള ധനസഹായം
7. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി
8. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
10. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം
11. ഭാരത ദർശൻ (സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര)
12. കുട്ടികൾക്ക് യാത്രാസൗകര്യം ഉറപ്പുവരുത്തുന്ന ഗോത്രസാരഥി പദ്ധതി

13. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും

14. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും

15. ഒരു എം.ആർ.എസ്. പുതുതായി ആരംഭിച്ചു. 2 എം.ആർ.എസുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

16. 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പുതുതായി ആരംഭിച്ചു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ നിർമ്മാണം എന്നിവയും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് CCTV, Mini Mast Light എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. Napkin wending machine, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ അടുക്കളകളിൽ സ്റ്റീംബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനത്തിന് സൗകര്യമൊരുക്കുക, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ ഭക്ഷണ മെനു സംസ്ഥാന പോഷകാഹാര കാര്യാലയത്തിലെ ഡയറ്റീഷ്യന്മാരാണ് തയ്യാറാക്കിയിട്ടുള്ളത്. ടി മെനു അനുസരിച്ചുള്ള ഭക്ഷണം വിതരണം ചെയ്യാനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കും ട്യൂഷൻ, കൗൺസലിംഗ് തുടങ്ങിയ സൗകര്യങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത ആവശ്യങ്ങൾക്കായി 19,47,58,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000 രൂപ ചെലവിൽ പ്രത്യേക പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

## അനധികൃത മദ്യവിപണനവും ലഹരി വസ്തുക്കളുടെ വ്യാപനവും

25(*235) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മദ്യവിപണനവും ലഹരി വസ്തുക്കളുടെ വ്യാപനവും ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നതിലൂടെ മാത്രമേ അതിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷൻ റിക്കാർഡ് വില്പന നടത്തിയെന്ന റിപ്പോർട്ട് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നു എന്നതിന്റെ സൂചനയല്ലേ എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ബ്രൂവറികളും കോമ്പൗണ്ടിംഗ്, ബ്ലെന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിച്ചത് എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; വ്യക്തമാക്കാമോ;

(എഫ്) മദ്യ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനുമായി രൂപീകരിച്ച ഉന്നത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ആവിഷ്കരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ വിൽപ്പനയും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്ത്

പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങൾ എന്നിവ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി ലഹരി വസ്തുക്കളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഓണാഘോഷ കാലത്ത് 'ഓപ്പറേഷൻ വിശുദ്ധി' എന്ന പദ്ധതിയും ഇപ്പോൾ 'ഓപ്പറേഷൻ സീറോ ടോളറൻസ് ' എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്.

(ഡി) 2019 വർഷത്തെ ഓണക്കാലത്തെ വിറ്റുവരവും 2018 വർഷത്തെ ഓണക്കാലത്തെ വിറ്റുവരവും താരതമ്യം ചെയ്യുമ്പോൾ ഈ വർഷം 5% വർദ്ധനവാണുണ്ടായിട്ടുള്ളത്. 2018 വർഷത്തെ ഓണക്കാലത്ത് സംസ്ഥാനത്ത് അപ്രതീക്ഷിതമായി പ്രളയം ഉണ്ടായതിനാൽ കെ.എസ്.ബി.സി.-യുടെ വിറ്റുവരവിൽ കുറവ് ഉണ്ടായിരുന്നു. ടി സാഹചര്യത്തിൽ ഈ രണ്ട് വർഷത്തെ വിറ്റുവരവ് തുകകൾ തമ്മിൽ താരതമ്യം ചെയ്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നതായി വിലയിരുത്താൻ സാധിക്കില്ല.

(ഇ) സംസ്ഥാനത്ത് വിൽപ്പന നടക്കുന്ന ബിയറിന്റെ 40%വും വിദേശ മദ്യത്തിന്റെ 7%വും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. ടി സാഹചര്യത്തിൽ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചാണ് പുതിയ ബ്രൂവറികളും വിദേശ മദ്യ ഉൽപ്പാദന യൂണിറ്റുകളും ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയത്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായാണ് പുതിയ യൂണിറ്റുകൾ അനുവദിക്കുവാൻ തീരുമാനം കൈക്കൊണ്ടത്.

(എഫ്) സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

## നദീതട സംരക്ഷണം

26(*236) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി .ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടാകുന്ന പ്രളയം സംസ്ഥാനത്തെ നദികളുടെ ഘടനയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) നദികളുടെ ദിശ മാറ്റം തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൻതോതിൽ മണലും എക്കലും വന്നടിഞ്ഞ് സംസ്ഥാനത്തെ നദികൾ മരിക്കുന്നുവെന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാന നദീതട അതോറിറ്റി രൂപീകരണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയവും 2019 ആഗസ്റ്റിലുണ്ടായ തുടർച്ചയായ പ്രളയവും സംസ്ഥാനത്തെ നദികളുടെ ഘടനയെ ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിലാണ് കൂടുതൽ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത്. കോഴിക്കോട് ആസ്ഥാനമായുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനമാണ് പഠനം നടത്തിയത്. 2018-ലെ പ്രളയത്തെത്തുടർന്ന് നദികളിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന സാഹചര്യംകൂടി കണക്കിലെടുത്താണ് പ്രസ്തുത പഠനം നടത്തിയത്. ചില നദികളുടെ അടിത്തട്ട് ക്രമാതീതമായി താഴുക, നദികളുടെ അടിത്തട്ടിൽ ജലം കിനിഞ്ഞിറങ്ങാൻ സാധ്യതയില്ലാത്ത കളിമണ്ണ്/എക്കൽ അടിയുക, നദികളിൽ പ്രകൃതിദത്തമായുള്ള തടസ്സങ്ങൾ (പാറകൾ ഉൾപ്പെടെയുള്ളവ) ഒഴുകിപ്പോവുക, ചിലയിടങ്ങളിൽ അമിതമായി മണലും എക്കലും പാറയും അടിഞ്ഞുകൂടുക, നദീതീരങ്ങൾക്ക് നാശം സംഭവിക്കുകയും ഗതിയിൽ മാറ്റം വരികയും ചെയ്യുക തുടങ്ങിയവയാണ് CWRDM-ന്റെ പഠനത്തിൽ വ്യക്തമായത്.

(ബി) നദിയുടെ നീരൊഴുക്ക് സുഗമമാക്കി പാർശ്വങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനമാണ് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നത്.

(സി) പ്രളയാനന്തരം മണലും എക്കലും അടിഞ്ഞ് നദികളുടെ നീരൊഴുക്ക് ശേഷി കുറഞ്ഞതായി വിലയിരുത്തിയിട്ടുണ്ട്. ഇത് ഒരളവുവരെ പരിഹരിക്കുന്നതിന് ജലസേചനവകുപ്പ് മുഖേന നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള മണൽ/ എക്കൽ/മറ്റ് അവശിഷ്ടങ്ങൾ എന്നിവ മാറ്റുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യുന്നതിന് പഠനം ആവശ്യമാണ്. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പ്രളയാനന്തരം തടയണകളിലും റെഗുലേറ്ററുകളിലും വൻതോതിൽ അടിഞ്ഞുകൂടിയ ഏകദേശം 50 കോടി രൂപ മതിപ്പ് വിലവരുന്ന 1,40,000 ക്യൂബിക് മീറ്റർ മണൽ നീക്കം ചെയ്ത് നദികളുടെ ഒഴുക്ക് സുഗമമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളായ നദികളെയും അണക്കെട്ടുകളെയും ശരിയായവിധം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി, സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു River Basin Conservation and Management Authority (RBCMA) രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി RBCMA ആക്ടിന് രൂപം നൽകുന്നതിനായി 3-5-2019-ലെ സ.ഉ(സാധാ) നമ്പർ 306/2019/WRD പ്രകാരം സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സമിതിയുടെ ആദ്യ യോഗം 1-6-2019-ൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഈ ആവശ്യത്തിലേയ്ക്കായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുധീർ. കെ. പി. ചെയർമാനായും ജലവിഭവ വകുപ്പ് സെക്രട്ടറി കോ-ചെയർമാനായും ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ആയതിൻ പ്രകാരം 10-6-2019-ലെ സ.ഉ(സാധാ) നമ്പർ 401/19/ജ.വി.വ പ്രകാരം ആയത് രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. ആക്ട് രൂപീകരിക്കുന്ന നടപടികൾ അന്തിമ പരിശോധനാ ഘട്ടത്തിലാണ്.

## പുഴയോരങ്ങളിൽ മുള നട്ടുപിടിപ്പിക്കുന്നതിന് നടപടി

27(*237) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴയോരങ്ങളിൽ മുള വളരുന്ന ഇടങ്ങളിൽ വലിയ പ്രളയത്തിൽപ്പോലും മണ്ണിടിച്ചിൽ ഒഴിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴകളിലെ ഇരുകരകളിലും മുള നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ വർഷം ഏതെങ്കിലും പുഴയുടെ കരയിൽ മുള നട്ടുപിടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനേതര പ്രദേശങ്ങൾ ഉൾപ്പെട്ട പുഴയോരങ്ങളിൽ മുളങ്കൂട്ടങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ ഒഴിവായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ വിവിധ ഭാഗങ്ങളിലും കാലടി പ്രകൃതി പഠന കേന്ദ്രത്തിന്റെ കീഴിലുള്ള കപ്രിക്കാട് ഭാഗത്ത് പെരിയാറിന്റെ തീരത്തും പ്രളയം ബാധിച്ചപ്പോൾ മണ്ണിടിച്ചിൽ ഒരുപരിധിവരെ ഒഴിവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ മുളംതൈകൾ വളർത്തിയെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, വിദ്യാർത്ഥികൾ തുടങ്ങിയവയുമായി ചേർന്ന് പുഴയുടെ കരകളിൽ മുളം തൈ നട്ട് പിടിപ്പിച്ച് വരുന്ന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയനു കീഴിൽ കോട്ടയം ജില്ലയിൽ മണിമലയാർ, മീനച്ചിലാർ എന്നിവയുടെ തീരത്ത് 1500 മുളം തൈകളും പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും അതിന്റെ കൈവഴികളുടെയും തീരത്ത് സോഷ്യൽ ഫോറസ്ട്രിയും ജില്ലാ ഭരണകൂടവും പഞ്ചായത്തുകളും സംയുക്തമായി 25000 മുളം തൈകളും നട്ട് പരിപാലിച്ച് വരുന്നുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്ട്രി റീജിയണിലെ ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കട്ടപ്പന സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന്റെ ഇട്ടിത്തോപ്പിനടുത്തുള്ള തൂവൽ വെള്ളച്ചാട്ടത്തിന് സമീപം കല്ലാർ പുഴയോരത്ത് 100 മുളം തൈകൾ നട്ടിട്ടുള്ളതാണ്. കൂടാതെ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി റീജിയണിലെ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തവിഞ്ഞാർ പുഴയുടെ തീരത്തും

മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ചാലിയാർ പുഴ, ഒലിപ്പുഴ, കനോലി കനാൽ, ഭാരതപ്പുഴയുടെ തീരങ്ങൾ എന്നിവിടങ്ങളിലും കോഴിക്കോട് ഡിവിഷനിലെ പൂനൂർ പുഴയുടെ തീരത്തും മുളം തൈകൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

### ഡാം റിസോഴ്സ് സാറ്റലൈറ്റ് മാനേജ്മെന്റ് സംവിധാനം

28(*238) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളുടെ വൃഷ്ടിപ്രദേശത്തെ നീർച്ചാലുകളിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തി ആവശ്യമെങ്കിൽ അണക്കെട്ടുകൾ നേരത്തെ തുറക്കാൻ കഴിയുന്ന ഡാം റിസോഴ്സ് സാറ്റലൈറ്റ് മാനേജ്മെന്റ് സംവിധാനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഇല്ല. നിലവിൽ ഡാമുകളുടെ വൃഷ്ടി പ്രദേശത്തെ വർഷം കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും മാപിനികളിൽ ലഭ്യമാണ്.

(ബി) കേരളത്തിലെ 44 നദികളുടെ നീരൊഴുക്കും അതിൽ മഴയുടെ ഫലമായി ഉണ്ടാകുന്ന വ്യതിയാനവും യഥാസമയം (Real Time) അറിയുന്നതിനുവേണ്ടി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ (NHP) കീഴിൽ Real Time Equipment സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

### ജലസംപോഷണ പദ്ധതികൾ

29(*239) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇരുപതു ശതമാനം ബ്ലോക്കുകളിൽ ഗുരുതരമായ ഭൂജലദൗർലഭ്യം നേരിടുന്നുവെന്ന റിപ്പോർട്ടുകളുടെയടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന ജലസംപോഷണ പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ജലശക്തി അഭിയാൻ എത്ര ബ്ലോക്കുകളിൽ നടപ്പാക്കാനാണ് കേന്ദ്ര സഹായം ലഭിക്കുന്നത്; സംസ്ഥാന സർക്കാർ ഈ പദ്ധതി എത്ര ബ്ലോക്കുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഓരോ പ്രദേശത്തിന്റെയും ഭൂജല ലഭ്യത കണക്കാക്കി അമിത ചൂഷണം തടയുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; തടയണകൾ, മഴക്കുഴി, കിണർ-കുഴൽക്കിണർ റീചാർജിംഗ് തുടങ്ങിയ ജലസംപോഷണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>):

(എ) സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കി വരുന്നു. 2017 മാർച്ച് വരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത - 5.21 BCM ആണ്. സംസ്ഥാനത്തെ ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ ഗുരുതര വിഭാഗത്തിലും 30 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗങ്ങളിലും ഉൾപ്പെടുന്നു. 2013 മാർച്ച് വരെയുള്ള പഠനത്തിൽ 18 ബ്ലോക്കുകളായിരുന്നു ഭാഗികഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ പുതിയ പഠന റിപ്പോർട്ട് പ്രകാരം 12 ബ്ലോക്കുകൾ കൂടി ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

സംസ്ഥാന ഭൂജലവകുപ്പ് " ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതിയിൻകീഴിൽ 2019-20 സാമ്പത്തിക വർഷം തുറന്ന കിണർ/ റീചാർജ്ജ് പിറ്റ് പദ്ധതി, കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, അടിയണകൾ, ചെറിയ തടയണകളുടെ നിർമ്മാണം, കുട്ടനാടൻ പ്രദേശങ്ങളുടെ ഭാഗമായി വരുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ പരമ്പരാഗത കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന് നടപ്പ് സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂജല-വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച് വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ല. സംസ്ഥാനത്തെ അമിതചൂഷിത ബ്ലോക്കായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, ഗുരുതര ബ്ലോക്കുകളായ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവിടങ്ങളിലാണ് ജലശക്തി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നടപടി എടുത്തിട്ടുണ്ട്. കേരള സംസ്ഥാന ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 അനുസരിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളായ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവ അമിത ഭൂജലചൂഷണ മേഖലയായി കണ്ടെത്തിയിട്ടുണ്ട്.

**തൊഴിൽരഹിത വേതനം കൈപ്പറ്റുന്നതിനുള്ള നടപടിക്രമങ്ങൾ**

30(*240) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിത വേതനം കൈപ്പറ്റുന്നതിനുള്ള നടപടിക്രമങ്ങളിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എല്ലാ മാസവും വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിവിധ രേഖകൾ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം തൊഴിൽരഹിതർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. സർക്കാർതലത്തിലുള്ള സാമ്പത്തിക സേവനങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി തൊഴിൽരഹിത വേതനവും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറ്റം ചെയ്യുന്നതിന് 15-10-2019-ലെ സ.ഉ.(അച്ചടി) നമ്പർ 139/2019/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) തൊഴിൽരഹിത വേതന വിതരണവുമായി ബന്ധപ്പെട്ട് തൊഴിൽരഹിതർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരിക്കിലും ബാങ്ക് അക്കൗണ്ട് വഴി തൊഴിൽരഹിത വേതനം ആദ്യമായി ആരംഭിക്കുന്ന സാഹചര്യത്തിൽ നിലവിലെ ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക്

പാസ്സ്ബുക്കിന്റെയും ആധാർ കാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കാൻ 2019 ഡിസംബർ 31 വരെ മതിയായ സമയം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി അപേക്ഷിക്കുന്നവരുടെ അപേക്ഷയോടൊപ്പം ബാങ്ക് പാസ്സ്ബുക്കിന്റെയും ആധാർ കാർഡിന്റെയും പകർപ്പുകളും നമ്പരും ശേഖരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷാ ഫോറത്തിൽ മാറ്റം വരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിവരം ഗുണഭോക്താക്കളെ അറിയിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഓവർസീസ് സ്കോളർഷിപ്പിന് ഫോറം

1(2618) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്കായി ഓവർസീസ് സ്കോളർഷിപ്പിന് ആവശ്യമായ പ്രത്യേക ഫോറം വകുപ്പ് ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നതിൽ പുതിയതായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഓവർസീസ് സ്കോളർഷിപ്പിന് ഇപ്പോൾ നൽകുന്ന തുക ഇന്ത്യൻ രൂപീയുടെ വിനിമയ നിരക്കിലാണെന്നതിനാൽ പ്രസ്തുത തുക യു.എസ്. ഡോളർ വിനിമയ നിരക്കിൽ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ മിക്കവാറും മുപ്പത് ലക്ഷം രൂപയ്ക്ക് അടുത്ത് തുക ഫീസിനത്തിൽ അഡ്മിഷന് വേണ്ടി വരുന്നതിനാൽ പ്രസ്തുത സ്കോളർഷിപ്പിന് ഇപ്പോൾ നൽകുന്ന തുകയായ ഇരുപത്തിയഞ്ച് ലക്ഷത്തിൽ നിന്ന് മുപ്പത് ലക്ഷം രൂപ ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഓവർസീസ് സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് പ്രത്യേക ഫോറം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ ഓൺലൈനായി സ്വീകരിക്കാൻ ഉദ്ദേശിച്ചതിനാലാണ് പ്രത്യേക ഫാറം അച്ചടിക്കാതിരുന്നത്.

(ബി) ഓവർസീസ് സ്കോളർഷിപ്പിന് എല്ലാ രാജ്യങ്ങളിലും യു.എസ്.ഡോളർ വിനിമയ നിരക്കിലല്ല തുക കണക്കാക്കുന്നത്. ഓരോ രാജ്യത്തിലെയും കറൻസിയുടെ അടിസ്ഥാനത്തിൽ ആ തുകയ്ക്ക് ആനുപാതികമായി ഇന്ത്യൻ രൂപ കണക്കാക്കിയാണ് തുക അനുവദിക്കുന്നത്.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ഓവർസീസ് സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

**പട്ടികജാതി വിഭാഗക്കാർക്കുള്ള സഹായം**

2 (2619) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതി ക്ഷോഭത്തിനിരയായ പട്ടികജാതി വിഭാഗക്കാർക്ക് പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരം എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

2018-19-ലുണ്ടായ പ്രകൃതിക്ഷോഭത്തിനിരയായ പട്ടികജാതി വിഭാഗക്കാരിൽ ഭൂമി വാസയോഗ്യമല്ലാതായവർക്ക് ഭൂമി നൽകുന്നതിനുള്ള ധനസഹായവും പൂർണ്ണമായും വീട് തകർന്നവർക്ക് ഭവന പുനരുദ്ധാരണ ധനസഹായവും ആശ്വാസ ധനസഹായമായി ഓരോ കുടുംബങ്ങൾക്കും 5,000 രൂപ വീതവും നാശനഷ്ടങ്ങളുണ്ടായ കോളനികളുടെ പുനരുദ്ധാരണത്തിനുള്ള നടപടികളും പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(1) 5000 രൂപ പ്രകാരം 83,872 പേർക്ക് അനുവദിച്ചു.

(2) 245 വീടുകൾ അനുവദിച്ചു.

(3) 90 സങ്കേതങ്ങളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകി.

## പഠന പുരോഗതിക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

3 (2620) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തെ എത്ര വിദ്യാർത്ഥികൾക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായി നേരത്തെയുള്ള പദ്ധതികൾക്ക് പുറമേ താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ബി.ടെക്. വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി Remedial Coaching നൽകുന്ന പദ്ധതി.

2. നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി.

3. 5 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ ചെലവ് കണ്ടെത്തുന്നതിനായി 2000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

4. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന ഉയർച്ചയ്ക്കായി പഠനമുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

5. ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Polytechnic, Bsc., Msc. (Computer Science), Msc. (Electronics), MBBS, BAMS, BHMS, BVS, LAH, MBA, B.Arch. Mphil, Phd എന്നീ കോഴ്സുകളെ ഉൾപ്പെടുത്തി.

6. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം (+2 പഠനത്തിനുശേഷം)

7. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.

8. സ.ഉ. (പി) 4/16/പജപവവിവ തീയതി 23-7-2010 പ്രകാരം പട്ടിക വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു.

9. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ (ICSETS), 30 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം പ്രസ് ക്ലബ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു.

10. പുതിയ രണ്ട് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിച്ചു.

11. ഹോസ്റ്റൽ പ്രവേശനം ലഭിക്കാതെപോകുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യഹോസ്റ്റലുകളിൽ താമസിക്കുന്നതിന് പ്രതിമാസം 4500 രൂപ നൽകുന്ന പദ്ധതി.

12. സ്വാശ്രയ കോളേജുകളിലെ ഹോസ്റ്റൽ ചെലവ് 3500-ൽ നിന്ന് 4500 രൂപയായി ഉയർത്തി.

1. പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതി യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി.

2. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠന മുറി പദ്ധതി.

3. അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി.

4. 32 പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് രണ്ടാം വർഷം പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പദ്ധതി.

5. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കുന്നതിന് സമഗ്ര-സാക്ഷരത പദ്ധതി.

6. വിദേശ പഠന സ്കോളർഷിപ്പ്.

7. അക്കാഡമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതി.

8. എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായുള്ള പരിശീലന പദ്ധതി.

9. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്ന നൈപുണ്യ വികസന പദ്ധതി.

10. പട്ടികവർഗ്ഗ യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ.

11. വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി., സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര ദ്രാവക മാലിന്യസംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ, ഫയർ എക്സ്റ്റിംഗ്വിഷൻ സിസ്റ്റം, ഓട്ട്ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി എന്നിവ സ്ഥാപിക്കുന്ന പദ്ധതി.

12. എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

13. വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനവിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റസ്പോൺസബിളിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതി.

14. കിഫ്ബി ഫണ്ടുപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലുള്ള എം.ആർ.എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതി.

15. പുതുതായി ഒരു എം.ആർ.എസും ഒരു സ്പോർട്സ് സ്കൂളും ആരംഭിക്കുന്നതിനുള്ള പദ്ധതി.

16. ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

17. കിഫ്ബി ഫണ്ടുപയോഗിച്ച് 4 പ്രീ-മെട്രിക് ഹോസ്റ്റലും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും നിർമ്മിക്കുന്നതിനുള്ള പദ്ധതി.

18. കേന്ദ്രാനുമതിയോടെ 4 ഹോസ്റ്റലുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള പദ്ധതി.

19. പട്ടികവർഗ്ഗ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി.

20. ജുഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുക എന്ന ലക്ഷ്യംവച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലാ കോളേജുമായി ചേർന്ന് ജുഡീഷ്യൻ സർവ്വീസ് പരീക്ഷ പരിശീലന പദ്ധതി.

21. ട്രൈബൽ സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 'വസ്ത്ര വിതരണ' പദ്ധതി.

22. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കായി സ്പോക്കൺ ഇംഗ്ലീഷ്, സ്പെഷ്യൽ ട്യൂഷൻ, യോഗ പരിശീലനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സർഗ്ഗോത്സവം, കളിക്കളം, സഹവാസ ക്യാമ്പ്, കൗൺസിലർമാരുടെ സേവനം, അഡീഷണൽ സ്കിൽ അക്വിസിഷൻ, വിദ്യാവിസ്മയം, ശാസ്ത്ര ബോധിനി എന്നീ പദ്ധതികൾ.

(ബി) പ്രീമെട്രിക്-പോസ്റ്റ്മെട്രിക് തലത്തിൽ ഏഴരലക്ഷത്തോളം വിദ്യാർത്ഥികൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബി.ടെക് മെഡിക്കൽ കോച്ചിംഗ് പദ്ധതി പ്രകാരം 360 വിദ്യാർത്ഥികൾക്ക് IHRD-യുടെ കീഴിലുള്ള Model finishing School വഴി പരിശീലനം നൽകിയിട്ടുണ്ട്.

2. നൃത്ത സംഗീത വിഷയങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2018-19 വരെ 170 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു.

3. 5 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം 2017-18-ൽ 1,54,251 പേർക്കും 2018-19-ൽ 1,57,648 പേർക്കും ആനുകൂല്യം അനുവദിച്ചു.

4. പഠനനമുറി ധനസഹായ പദ്ധതി പ്രകാരം 2019-20 വരെ 16,597 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു.

5. ലാപ്ടോപ്പ് ധനസഹായ പദ്ധതി പ്രകാരം 2017-18-ൽ 2352 പേർക്കും 2018-19-ൽ 1749 പേർക്കും ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

6. +2 പഠനത്തിനുശേഷമുള്ള എൻട്രൻസ് പരിശീലന പദ്ധതി പ്രകാരം 1000 വിദ്യാർത്ഥികൾക്ക് 54000 രൂപ ക്രമത്തിൽ അനുവദിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

7. വിദേശ പഠനത്തിന് 2017-18-ൽ 9 പേർക്കും 2018-19-ൽ 12 പേർക്കും ആനുകൂല്യം അനുവദിച്ചു.

8. നൃത്ത സംഗീത വിഷയങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2018-19 വരെ 170 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു.

9. 5 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം 2017-18-ൽ 1,54,251 പേർക്കും 2018-19-ൽ 1,57,648 പേർക്കും ആനുകൂല്യം അനുവദിച്ചു.

10. പഠനമുറി ധനസഹായ പദ്ധതി പ്രകാരം 2019-20 വരെ 16597 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു.

11. ലാപ്ടോപ്പ് ധനസഹായ പദ്ധതി പ്രകാരം 2017-18-ൽ 2352 പേർക്കും 2018-19 -ൽ 1749 പേർക്കും ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

12. +2 പഠനത്തിനുശേഷമുള്ള എൻട്രൻസ് പരിശീലന പദ്ധതി പ്രകാരം 1000 വിദ്യാർത്ഥികൾക്ക് 54000 രൂപ ക്രമത്തിൽ അനുവദിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

13. വിദേശ പഠനത്തിന് 2017-18-ൽ 9 പേർക്കും 2018-19-ൽ 12 പേർക്കും ആനുകൂല്യം അനുവദിച്ചു.

14. വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചതിനുശേഷം 2016-17-ൽ പോസ്റ്റ് മെട്രിക്തലത്തിൽ 1,79,376 വിദ്യാർത്ഥികൾക്കും 2017-18-ൽ 1,73,453 വിദ്യാർത്ഥികൾക്കും 2018-19-ൽ 138389 വിദ്യാർത്ഥികൾക്കും ആനുകൂല്യം ലഭ്യമായിട്ടുണ്ട്. 2019-20-ൽ 2-11-2019 വരെ 1,37,333 പേർക്ക് ആനുകൂല്യം ലഭ്യമായി.

പട്ടികവർഗ്ഗ വികസന വകുപ്പുവഴി പദ്ധതികളുടെ പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. ഗോത്രബന്ധു പദ്ധതി പ്രകാരം 40729 കുട്ടികൾക്ക് പ്രയോജനം ലഭിച്ചു.

2. സാമൂഹ്യ പഠന മുറി പദ്ധതിയുടെ പ്രയോജനം ലഭിച്ച കുട്ടികളുടെ എണ്ണം 8952.

3. സൈനിക/നവോദയ സ്കൂൾ പ്രവേശന പരിശീലനം 300 കുട്ടികൾക്ക് ലഭിച്ചു.

4. ലാപ്ടോപ്പ് വിതരണത്തിന് ഇതുവരെ 824 കുട്ടികൾ അർഹരായി.

5. സമഗ്ര സാക്ഷരത പദ്ധതി പ്രകാരം 3174 പേർ സാക്ഷരത നേടി.

6. വിദേശ പഠനത്തിനുള്ള ധനസഹായം 5 പേർക്ക് അനുവദിച്ചു.

7. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 2700 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചു.

8. ഉന്നത വിജയം നേടിയ 2344 വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകി.

9. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം നേടിയ 193 പേർക്ക് പ്രോത്സാഹന ചെലവിനത്തിൽ ധനസഹായം അനുവദിച്ചു.

10. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം 383 വിദ്യാർത്ഥികൾക്ക് നൽകി.

11. ഭാരതദർശൻ പരിപാടിയുടെ പ്രയോജനം 180 വിദ്യാർത്ഥികൾക്ക് ലഭിച്ചു.

12. നൈപുണ്യ വികസന പദ്ധതി പ്രകാരം 5431 പേർക്ക് നൈപുണ്യ പരിശീലനം നൽകി. 1650 വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തി.

13. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് മുഖേന 291 വനിതകൾക്ക് പരിശീലനം നൽകി.

14. സെന്റർ ഓഫ് സ്കിൽ എക്സലൻസ് മുഖേന 70 പേർക്ക് പരിശിലനം നൽകുന്നു.

15. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മുഖേന 23561 കുട്ടികൾക്ക് പഠന സൗകര്യം നൽകി.

16. ഹോസ്റ്റലുകൾ മുഖേന 29007 കുട്ടികൾക്ക് പഠനാവസരം നൽകി.

17. സിവിൽ സർവ്വീസ് പരിക്ഷാ പരിശീലനം 29 കുട്ടികൾക്ക് നൽകി.

18. മജിസ്ട്രേറ്റ് പരീക്ഷാ പരിശീലനം 7 കുട്ടികൾക്ക് നൽകി.

19. ഗോത്ര സാരഥി പദ്ധതിയുടെ പ്രയോജനം ഇതുവരെ 64388 കുട്ടികൾക്ക് ലഭിച്ചു.

20. 4389 കുട്ടികൾക്ക് ട്യൂട്ടോറിയൽ ഗ്രാന്റ് നൽകി.

21. വസ്ത്ര വിതരണ പദ്ധതിയുടെ പ്രയോജനം 7508 കുട്ടികൾക്ക് ലഭിച്ചു.

22. 757 കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകി.

23. സംസ്ഥാന സർക്കാരിന്റെ പ്രീ-മെട്രിക് സ്കോളർഷിപ്പ് 2,94,667 വിദ്യാർത്ഥികൾക്കും കേന്ദ്രസർക്കാരിന്റെ പ്രീമെട്രിക്-സ്കോളർഷിപ്പ് 40,823 വിദ്യാർത്ഥികൾക്കും അനുവദിച്ചു.

24. 65884 കുട്ടികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകി. രക്ഷിതാക്കളുടെ ഇൻസെന്റീവ് 81290 പേർക്ക് നൽകി.

25. പഠന വിനോദയാത്രയ്ക്കായി 1772 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി.

## പട്ടികജാതി-പട്ടികഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിനുള്ള പദ്ധതികൾ

4(2621) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികഗോത്രവർഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നേട്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതിക്കായും വകയിരുത്തിയിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ;

(സി) വരുമാനദായകമായ രീതിയിൽ കൃഷി നടത്തുന്നതിനും പാട്ടകൃഷി പ്രോത്സാഹിപ്പിക്കാനും പദ്ധതിയുണ്ടോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതിക്കായും 2019-20 വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയംസഹായ സംഘങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത്. ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

- ഗോത്രജീവിക
- പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP)
- മില്ലറ്റ് വില്ലേജ്-അട്ടപ്പാടി
- മലയടി ഗിരിജൻ സൊസൈറ്റി
- അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി
- പ്രിയദർശിനി തേയിലത്തോട്ടം, മാനന്തവാടി, വയനാട്
- ഗദ്ദിക
- ക്ഷീരവ്യവസായ സംരംഭങ്ങൾ
- പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനുള്ള ധനസഹായം എന്നിവ ഉൾപ്പെടുന്നു.

ഇതിനുപുറമേ 12 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വഴി പരിശീലനം നൽകി 2500 പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗവികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിന് 2019-20-ൽ "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രിക്കൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ പണി എടുക്കുന്ന ആറളം ഫാം, ചിങ്ങേരി ഫാം, അട്ടപ്പാടി കോപ്പറേറ്റീവ് ഫാം എന്നിവിടങ്ങളിൽ കൃഷി നടത്തുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കും.

(ഡി) കേരള സംസ്ഥാന പട്ടിജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സാധ്യമായിട്ടുണ്ട്. വായ്പാ വിതരണത്തിനും തിരിച്ചടവിലും 2016-17 സാമ്പത്തിക വർഷം മുതലുള്ള പുരോഗതിയിൽനിന്നും ഇത് വ്യക്തമാകുന്നതാണ്. വിശദ വിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതിക്കാർക്കുള്ള പുനരധിവാസ പദ്ധതി

5(2622) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗക്കാരുടെ പുനരധിവാസ പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിലെ എത്ര പേർക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത വിഭാഗക്കാരിൽ നിന്നും എത്ര അപേക്ഷ ഫണ്ട് ലഭിക്കുന്നതിനായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് ലഭിക്കുന്നത് ഏതെല്ലാം വിഭാഗത്തിലുള്ളവർക്കാണെന്നും പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ദുർബ്ബല വിഭാഗ വികസന പദ്ധതിയിൽ വർക്കല മണ്ഡലത്തിൽ ആർക്കും ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി പ്രകാരം വേടർ, നായാടി, കള്ളാടി, ചക്ലിയൻ, അരുന്ധതിയാർ എന്നീ വിഭാഗത്തിലുള്ളവർക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. കൃഷി ഭൂമി, പഠനമുറി, ടോയ്‌ലറ്റ്, ഭവന പുനരുദ്ധാരണം എന്നീ പദ്ധതികൾക്കാണ് ധനസഹായം അനുവദിക്കുന്നത്.

## കണ്ണൂർ ജില്ലയിൽ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

6(2623) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഈ വർഷം കണ്ണൂർ ജില്ലയിലെ ഏതൊക്കെ കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | നിയോജക മണ്ഡലം | കോളനിയുടെ പേര് |
|---|---|---|
| 1 | അഴീക്കോട് | ആനന്ദ തീർത്ഥ നഗർ കോളനി |
| 2 | കല്ല്യാശ്ശേരി | വള്ളുവ കോളനി |
| 3 | കണ്ണൂർ | നിലപ്പനകുന്ന് കോളനി |
| 4 | തളിപ്പറമ്പ് | ഈലിപ്പുറം കോളനി |

**ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി വകുപ്പിന്റെ പദ്ധതികൾ**

7(2624) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തിൽ എന്തെല്ലാം പദ്ധതികൾ പട്ടികജാതി വകുപ്പ് ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) 2018-19 വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; ഓരോ പദ്ധതി പ്രകാരവും എത്ര ഗുണഭോക്താക്കൾക്ക് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) അനുബന്ധം * ആയി ചേർക്കുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി-പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം**

8(2625) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി കോളനികളുടെ വികസനത്തിനായി അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ നിർമ്മിതി പ്രവൃത്തികളിൽ വരുത്തുന്ന കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എല്ലാ നിർവ്വഹണ ഏജൻസികൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം**

9(2626) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിന് അഡ്മിഷൻ കിട്ടി പഠിച്ചുവരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസാനുകൂല്യം പാലക്കാട് പട്ടികജാതി ഓഫീസർ ഉത്തരവിലൂടെ നിരാകരിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് എന്ന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസർ കരുണ മെഡിക്കൽ കോളേജിലെ അർഹരായ വിദ്യാർത്ഥികളുടെ ആനുകൂല്യം നിരാകരിച്ചിട്ടില്ല. പാലക്കാട് കരുണ മെഡിക്കൽ കോളേജിന് 2016-17 അദ്ധ്യയന വർഷത്തിൽ കേരള ഹൈക്കോടതി വിധിക്ക് അനുസൃതമായി ഇന്റർസേമെറിറ്റ്/ റിസർവേഷൻ പാലിച്ച് അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽനിന്നും പ്രവേശനം നേടിയ മെഡിക്കൽ വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രവേശന പരീക്ഷാ കമ്മീഷണർ അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ, കരുണ മെഡിക്കൽ കോളേജിലേയ്ക്ക് 2016-17 അദ്ധ്യായന വർഷത്തിലെ എം.ബി.ബി.എസ്. പ്രവേശന നടപടികൾ കോളേജ് മാനേജ്മെന്റ് നേരിട്ടാണ് നടത്തിയതെന്നും ആയതുകൊണ്ടുതന്നെ എല്ലാ പ്രവേശനവും മാനേജ്മെന്റ് ക്വാട്ടയിലാണെന്നും കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ഡയറക്ടർ, അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി എന്നിവർ അറിയിച്ചിട്ടുണ്ട്. നിലവിലെ ഉത്തരവ് (സ.ഉ. (അച്ചടി) 50/2009/പ.ജ.പ.വ.വി.വ. തീയതി 2-7-2009) പ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയില്ല.

### അംബേദ്കർ ഗ്രാമവികസന പദ്ധതി

10(2627) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കാരക്കുന്ന് കൈപ്പറമ്പ് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സത്വരം ആരംഭിക്കുന്നതാണ്. മുല്ലശ്ശേരി കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 31-3-2020-ന് മുൻപ്.

### പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്

11(2628) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ് ടോപ് നൽകുന്ന പദ്ധതിയുടെ പ്രവർത്തനപുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഇനി അപേക്ഷിക്കാൻ കഴിയുമോ; ഈ പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. ടി പദ്ധതി പ്രകാരം 2015-16 മുതൽ 2018-19 സാമ്പത്തിക വർഷം വരെ 11,295 പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2015-16 വർഷം വരെ M.Tech, B.Tech, MCA 1-ാം വർഷ വിദ്യാർത്ഥികൾക്കായിരുന്നു ധനസഹായം അനുവദിച്ചിരുന്നത്. എന്നാൽ നിലവിൽ മേൽപ്പറഞ്ഞ കോഴ്സുകൾക്ക് പുറമേ, MBBS, BAMS, BHMS, BDS, BVSC & AH, MBA, B.Arch, Polytechnic (Computer Science), Bsc (Computer Science), Msc (Computer Science), Msc (Electronics), Mphil, Phd എന്നീ കോഴ്സുകളിലെ 1-ാം വർഷ പട്ടികജാതി വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

(ബി) ലാപ്ടോപ് ധനസഹായ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള കോഴ്സുകളിൽ 1-ാം വർഷം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് നിലവിൽ ലാപ്ടോപ് അനുവദിച്ചുവരുന്നത്. എന്നാൽ 1-ാം വർഷം അർഹതയുണ്ടായിട്ടും എന്തെങ്കിലും യുക്തമായ കാരണങ്ങളാൽ കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതും ആനുകൂല്യം ലഭ്യമാകാത്തതുമായ വിദ്യാർത്ഥികൾക്ക് മാപ്പപേക്ഷ സഹിതം അപേക്ഷ സമർപ്പിക്കുന്നതുപ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ B.Tech, M.Tech, MCA, Polytechnic (Computer Science), Bsc (Computer Science), Msc (Computer Science), Msc (Electronics), MBA, MBBS, BAMS, BHMS, BDS, BVSC & AH, B.Arch, Mphil, Phd എന്നീ കോഴ്സുകളിൽ 1-ാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾ കോളേജ് അധികൃതർ വഴി കോളേജ് സ്ഥിതി ചെയ്യുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസർക്കാണ് ലാപ്ടോപ് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്.

**പട്ടികജാതി കോളനികളിൽ ഒറ്റ വീടുകൾ**

12(2629) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും നാളിതുവരെയുള്ള പുരോഗതിയും അറിയിക്കുമോ;

(സി) എല്ലാ ഇരട്ട വീടുകളും ഒറ്റ വീടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-ഡി) നിലവിൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയാണ് ധനസഹായം അനുവദിക്കുന്നത് എന്നതിനാൽ വകുപ്പുമുഖേന നിലവിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നില്ല.

**പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

13(2630) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് തൊഴിൽ ലഭിക്കുന്നതിന് വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശരാജ്യങ്ങളിൽ പഠനം നടത്തുന്നതിന് വകുപ്പ് എന്തൊക്കെ തരത്തിലുള്ള സഹായമാണ് നൽകുന്നത്; വിശദീകരിക്കുമോ;

(സി) സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരെ മുന്നോട്ട് കൊണ്ടുവരുന്നതിനും സമൂഹത്തിൽ അവർക്ക് മാന്യമായ ജീവിതം ഉണ്ടാക്കുന്നതിനും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ Assistance for Training & Employment എന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ

വിവിധ എജൻസികൾ മുഖേന നടത്തി പ്ലെയ്സ്മെന്റ് ലഭ്യമാക്കിവരുന്നു. വിദേശത്തും പ്ലെയ്സ്മെന്റ് നൽകിവരുന്നു. 234 പേർക്ക് ഇതുവരെ വിദേശത്ത് പ്ലെയ്സ്മെന്റ് ലഭിച്ചു.

(ബി) കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി 4-10-2017-ലെ ജി.ഒ. (എം.എസ്) നമ്പർ 81/2017 പ.ജ.പ.വ.വി.വ. ഉത്തരവിലെ മാനദണ്ഡ പ്രകാരം 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

(സി) പട്ടികജാതിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെചേർക്കുന്നു.

1. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വീടിനോട് ചേർന്ന് ആധുനിക പഠന സൗകര്യങ്ങളുള്ള ഒരു പഠന മുറി കൂടി നിർമ്മിക്കുന്ന പദ്ധതി.

2. പട്ടികജാതി പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി സാമൂഹിക സുരക്ഷാപദ്ധതിയായ 'വാത്സല്യനിധി' എന്ന പുതിയ പദ്ധതി വഴി സാമ്പത്തിക സുരക്ഷ, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ സംരക്ഷണങ്ങളും ഉറപ്പുവരുത്തി 18 വയസ്സ് തികയുമ്പോൾ മൂന്നു ലക്ഷം രൂപ മെച്യൂറിറ്റി ബനിഫിറ്റ് ലഭിക്കുന്നു. മാതാപിതാക്കൾ, സഹോദരൻ എന്നിവർക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നു.

3. പട്ടികജാതിക്കാരായ വനിതാ ജീവനക്കാർക്ക് എല്ലാ ജില്ലകളിലും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിപ്രകാരം ആദ്യത്തെ ഹോസ്റ്റൽ നിർമ്മാണം പേരൂർക്കടയിൽ നടന്നുവരുന്നു.

4. പട്ടികജാതിക്കാരുടെ തനതു കലകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും നാടൻകലാമേളയും (ഗദ്ദിക), ഉല്പന്ന പ്രദർശന വിപണനമേളയും സംഘടിപ്പിച്ചുവരുന്നു.

5. ചികിത്സാ ധനസഹായം ഓൺലൈനാക്കി.

6. എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഓൺലൈനാക്കി ഒറ്റ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവന്നു.

## അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

14(2631) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ട പദ്ധതികളിൽ പൂർത്തിയാക്കിയവ ഏതൊക്കെയാണെന്നും അവശേഷിക്കുന്നവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) ദേവികുളം നിയോജകമണ്ഡലത്തിലെ സിങ്കുകുടി ആദിവാസി കോളനി ഈ പദ്ധതികളിൽ ഏതിലെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത കോളനിയുമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോവില്ലൂർ വട്ടവട, കടുക്കാസിറ്റി എന്നീ 2 പട്ടികജാതി കോളനികളെയും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപ്പെട്ടിക്കുടി, ചമ്പക്കാട്കുടി, കൂടല്ലാർക്കുടി, ആട്ടുവിളന്താൻകുടി, കോഴിയാളക്കുടി, സിങ്ക്കുടി എന്നീ 8 പട്ടികവർഗ്ഗ കോളനികളെയും തെരെഞ്ഞെടുത്തിട്ടുണ്ട്.

(ബി) കോവിലൂൽ വട്ടവട കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല. കടുക്കാസിറ്റി പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ലഭിച്ചിട്ടുണ്ട്.

കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപ്പെട്ടിക്കുടി, ചമ്പക്കാട്കുടി, കൂടല്ലാർക്കുടി, ആട്ടുവിളന്താൻകുടി, കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാകാത്തതിനെത്തുടർന്ന് കോഴിയാളക്കുടി കോളനിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സിങ്ക് കുടി കോളനിയിലെ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ താമസംവിനാ ആരംഭിക്കുന്നതാണ്.

(സി) സിങ്ക്കുടി ആദിവാസി കോളനി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. വാപ്കോസ് ആണ് നിർവ്വഹണ ഏജൻസി.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

15(2632) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിക്ക് തുക വകയിരുത്താത്ത സാഹചര്യത്തിൽ കേന്ദ്ര ഫണ്ട് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര സഹായ പദ്ധതികൾക്കായി പദ്ധതിയേതര ഇനത്തിൽ തുകയൊന്നും വകയിരുത്തുന്നില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 304.98 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 328.33 കോടി രൂപയും പ്രതീക്ഷിത വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ യഥാക്രമം 252.20 കോടി രൂപയും 167.02 കോടി രൂപയും (31-10-2019 വരെ) ചെലവഴിക്കുകയുണ്ടായി. കേന്ദ്രവിഹിതമായി 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 104.26 കോടി രൂപയും 13.674 കോടി രൂപയും മാത്രമാണ് ലഭിച്ചത്.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തൻ വർഷത്തെ പ്രതീക്ഷിത ചെലവാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തുന്നത്. എന്നാൽ കേന്ദ്ര സർക്കാരിൽ സംസ്ഥാനം സമർപ്പിക്കുന്ന പ്രൊപ്പോസലിന്മേൽ കേന്ദ്രം മതിയായ തുക അനുവദിക്കുന്നില്ല. ആയതിനാൽ ടി പദ്ധതികളിൽ കേന്ദ്ര സഹായം ലഭിക്കുന്ന തുക മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ പ്ലാൻ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 8760.02 ലക്ഷം രൂപയിൽ 4940.96 ലക്ഷം രൂപയും 2019-2020 വർഷം 6175.02 ലക്ഷം രൂപയിൽ 1061.57 ലക്ഷം രൂപയും (15-10-2019) വരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നോൺ പ്ലാൻ ഇനത്തിൽ പ്രത്യേക തുക വകയിരുത്തുന്നില്ല.

(ബി) ഇല്ല. കേന്ദ്രസഹായ പദ്ധതികൾക്ക് ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് വകയിരുത്താറുണ്ട്. എന്നാൽ ആനുപാതികമായ കേന്ദ്രസഹായം സംസ്ഥാന സർക്കാരിന് ലഭ്യമാകാറില്ല.

(സി) കേന്ദ്രസഹായ പദ്ധതികളുടെ നടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംസ്ഥാന പദ്ധതികളുടെ മാനദണ്ഡങ്ങളുമായിട്ടുള്ള വ്യതിയാനത്താൽ പദ്ധതി പ്രവർത്തനം പൂർണ്ണമാക്കാൻ സാധിക്കാറില്ല. കേന്ദ്രസഹായം സമയബന്ധിതമായി ലഭിക്കാത്തതിനാലും ഗുണഭോക്താക്കളുടെ അഭാവത്താലും ട്രഷറി നിയന്ത്രണങ്ങളാലും പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാറില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികൾ എല്ലാംതന്നെ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് നടപ്പിലാക്കുന്നത്. ടി പദ്ധതികളിൽ പോസ്റ്റ്-മെട്രിക്, പ്രീ-മെട്രിക് സ്കോളർഷിപ്പ്, പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായം, പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന് നൽകുന്ന ഗ്രാന്റ്, അതിക്രമം തടയൽ നിയമം, വിവിധ നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്കാണ് തുക വകയിരുത്തി വരുന്നത്. ഇതിൽ നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും മുഴുവൻ തുകയും അതാത് വർഷം ചെലവഴിക്കുന്നു. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അനുസരിച്ച് മാത്രമേ തുക വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ.

## പട്ടികജാതി/പട്ടികവർഗ്ഗകോളനികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

16(2633) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഏതൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഏത് വിധത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നോക്കം നിൽക്കുന്നതും അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെ സ്വയംപര്യാപ്ത

ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കുകയും പുനർനിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷങ്ങളിൽ നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 255 കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാന പദ്ധതി വിഹിതം മാത്രമാണ് മേൽ പദ്ധതികളിൽ കോളനികളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്.

കേന്ദ്ര പദ്ധതിയായ PMAGY പദ്ധതിയിൽ കണ്ണൻ ദേവൻ ഹിൽസ് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ**

17(2634) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19, 2019-20 എന്നീ വർഷങ്ങളിലെ പട്ടികജാതി വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി * ചേർക്കുന്നു.

**അട്ടപ്പാടിയിലെ ശിശുമരണം**

18(2635) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണകാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; അവ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ച് പാലക്കാട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മുഖേന ഒരു പഠനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.

- വനിതാ-ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.

- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.

- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.

- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ.
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസിക രോഗം, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- ➢ അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 5 (2019) എണ്ണമായി കുറഞ്ഞിട്ടുണ്ട്.
- ➢ അബോർഷൻ കേസുകൾ 77 (2013) എന്നത് 16 (2019) ആയി കുറഞ്ഞിട്ടുണ്ട്.

- ഹോം ഡെലിവറി 64 (2013)-ൽ നിന്ന് 1 (2019) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)-ൽ നിന്ന് 2 (2019) ആയി കുറഞ്ഞിട്ടുണ്ട്.

**പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ**

19(2636) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ക്ഷേമത്തിന് പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) വകുപ്പിന്റെ നേതൃത്വത്തിൽ നേരത്തെ നടപ്പിലാക്കിയിരുന്നതുപോലെ ഭവന പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ ആരംഭിക്കുവാൻ വകുപ്പ് മുഖേന നൽകുന്ന സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതിക്കാരുടെ ക്ഷേമത്തിന് പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

(ബി) ഭവന നിർമ്മാണ പദ്ധതികളെല്ലാം ലൈഫ് മിഷന് കീഴിലാണ് നടപ്പാക്കുന്നത്. ആയതിനാൽ 2017-18-നുശേഷം വകുപ്പ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ വിവിധ ഏജൻസികൾ വഴിയും സ്വന്തമായും ഭവനനിർമ്മാണം ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് 1.50 ലക്ഷം രൂപവരെ നല്കുന്ന പുതിയ പദ്ധതി വകുപ്പ് നടപ്പുവർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂന്നു ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ 1/3 തുക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സബ്സിഡിയായി പരമാവധി ഒരു ലക്ഷം രൂപ വരെ പട്ടികജാതി വികസന വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്. ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വായ്പയിന്മേൽ 75% സബ്സിഡി നൽകുന്ന പദ്ധതിയും സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയും നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും സ്വയം തൊഴിലിന് വായ്പകൾ നൽകിവരുന്നു.

**ഗോത്രബന്ധു പദ്ധതി**

20(2637) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രബന്ധു പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതുമൂലം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകരമായെങ്കിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലെയും പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ഡി.എഡ്./ബി.എഡ്. പാസ്സായ അഭ്യസ്ത വിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്ന അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് " ഗോത്രബന്ധു" പദ്ധതി.

വയനാട് ജില്ലയിൽ 2017-18 അദ്ധ്യായനവർഷം 241 പേരെ മെന്റർ ടീച്ചർമാരായി നിയമിച്ചു. ഗോത്രബന്ധു പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

2018-19 വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 2017-18 അദ്ധ്യായന വർഷം മുതൽ 241 പേരെയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2018-19 അദ്ധ്യായന വർഷം മുതൽ 26 മെന്റർ ടീച്ചർമാരെയും ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.

പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഗോത്രസാരഥി പദ്ധതി**

21(2638) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര കോളനികളിൽ നിന്നും സ്കൂളുകളിൽ കുട്ടികളെ എത്തിക്കുന്നതിന് വാഹന സൗകര്യം ലഭ്യമാക്കുന്ന ഗോത്രസാരഥി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം 2019-20-ൽ എത്ര കുട്ടികൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര തുകയാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം 2019-20 വർഷം 478 സ്കൂളുകളിലായി 18,306 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃത്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ 26

കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 14,30,00,000 രൂപ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ ഭൂരഹിതർക്ക് സൗജന്യമായി ഭൂമി**

22(2639) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ;

(ബി) ഇത്തരത്തിൽ കോതമംഗലം മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സർക്കാർ ഭൂമി വാങ്ങി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ കുടുംബത്തിനും എത്ര സെന്റ് സ്ഥലമാണ് വാങ്ങി നല്കിയതെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ എത്ര ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇനി ഭൂമി ലഭ്യമാക്കുവാനുണ്ട്; വ്യക്തമാക്കാമോ;

(ഇ) ഇവർക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഭൂമി വാങ്ങിനൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 3-3-2018-ലെ 21/18/പ.ജ.പ.വ.വി.വ. ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഭൂമി, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്കുശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, കാസർഗോഡ് ജില്ലകളിലെ 63.41 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ടി ഭൂമി ഉടൻതന്നെ വാങ്ങി നൽകാൻ കഴിയുന്നതാണ്.

(ബി) ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിൻ കീഴിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലാന്റ് ബാങ്ക് പദ്ധതി നിലവിൽ വരുന്നതിനുമുൻപ് ആറ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

(സി) ആറ് കുടുംബങ്ങൾക്ക് 25 സെന്റ് വീതം സ്ഥലം വാങ്ങുന്നതിന് 55,05,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കോതമംഗലം മണ്ഡലത്തിൽ 16-ഓളം ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്കൂടി ഭൂമി നൽകാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഇ) ഇവർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**മുതുവാൻ ഗോത്ര വിഭാഗത്തിലെ തിണ്ണവീട് സമ്പ്രദായം**

23(2640) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതുവാൻ ഗോത്ര വിഭാഗത്തിൽ തിണ്ണവീട് സമ്പ്രദായം പോലെയുള്ള ആചാരങ്ങൾ ഇപ്പോഴും വ്യാപകമായി നിലനിൽക്കുന്നുണ്ടോ;

(ബി) തിണ്ണവീടുകളിൽ കഴിയാനുള്ള ബുദ്ധിമുട്ടുകൾ കാരണം ആർത്തവം വരാതിരിക്കാൻ മാല ഡി പോലെയുള്ള ഗുളികകൾ ഈ വിഭാഗത്തിൽപ്പെട്ട വിവാഹിതരല്ലാത്ത പെൺകുട്ടികൾവരെ നിരന്തരം ഉപയോഗിക്കുന്നതായും ഇത് നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുതുവാൻ വിഭാഗത്തിലെ സാമൂഹിക വിലക്കുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ മുതുവാൻ ഗോത്ര വിഭാഗത്തിൽ തിണ്ണവീട് സമ്പ്രദായം പോലെയുള്ള ആചാരങ്ങൾ പല കോളനികളിലും നിലനിൽക്കുന്നുണ്ട്.

(ബി) ഇത്തരം ഔദ്യോഗിക റിപ്പോർട്ടുകളൊന്നുംതന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം എസ്.ടി. പ്രമോട്ടർമാർ മുഖേന ആരോഗ്യ വകുപ്പ് അധികൃതരുടെ സഹായത്തോടെ നടപടി സ്വീകരിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകാൻ പദ്ധതി

24(2641) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം എത്ര ഏക്കർ ഭൂമി വാങ്ങിയെന്നറിയിക്കാമോ; ഇതിന്റെ വിലനിർണ്ണയം നടത്തിയത് എപ്രകാരമാണ്; വിശദമാക്കാമോ;

(സി) വാസയോഗ്യമായ പ്രദേശമാണ് വാങ്ങി നൽകുന്നതെന്ന് ഉറപ്പാക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിലുമായി രൂക്ഷമായ മഴക്കെടുതിയും, ഉരുൾപൊട്ടലും ഉണ്ടായ പ്രദേശങ്ങൾ ഒഴിവാക്കി ഭൂമി വാങ്ങുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്തവന ഭൂമി വിതരണം, റവന്യൂ ഭൂമിയുടെ വിതരണം, ആറളം ഫാമിൽ അവശേഷിക്കുന്ന ഭൂമിയുടെ വിതരണം എന്നിവയാണ് പ്രധാന പദ്ധതികൾ.

ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം വിവിധ ജില്ലകളിൽ 747.42 ഏക്കർ ഭൂമി ജില്ലാതല സമിതിയുടെ പരിശോധനയിലാണ്. ടി ഭൂമി ഒരിക്കൽക്കൂടി ഫീൽഡ് പരിശോധന, വിലനിർണ്ണയം എന്നിവ നടത്തി വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 7692.825 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനാണ് സുപ്രീംകോടതിയുടെ അനുമതി ലഭിച്ചത്. ആയതിനാൽ 3569.25 ഹെക്ടർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. അട്ടപ്പാടി, മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ 207.46 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2013 മുതൽ ആരംഭിച്ച ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 283 പേർക്ക് 149.03 ഏക്കർ ഭൂമിയും വയനാട്ടിൽ സ്ഥിരമായി വെള്ളപ്പൊക്കം ബാധിക്കുന്ന 6 കോളനികളിലെ

171 പേർക്ക് 20.43 ഏക്കർ ഭൂമിയും വാങ്ങി നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ വില നിർണ്ണയം നടത്തിയാണ് 283 പേർക്ക് ഭൂമി വാങ്ങി നൽകിയത്. 171 പേർക്ക് ഭൂമി വാങ്ങുന്നതിന് സരക്കാർ അംഗീകാരം വാങ്ങിയാണ് നടപടി സ്വീകരിച്ചത്.

(സി) വാസയോഗ്യമായ ഭൂമിയാണെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തല കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തിയ ശേഷമാണ് വാങ്ങുന്നത്.

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷമായി രൂക്ഷമായ മഴവെള്ളക്കെടുതിയും ഉരുൾപൊട്ടലുമുണ്ടായ പ്രദേശങ്ങൾ ഫീൽഡ് പരിശോധന നടത്തി ഒഴിവാക്കുന്നതിന് ജില്ലാതല സമിതി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം

25(2642) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നിലവിലുള്ളത് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭ്യമാക്കുവാനും ലോൺ വ്യവസ്ഥകൾ ഉദാരമാക്കുവാനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(സി) ടി വിഭാഗങ്ങൾക്ക് വ്യവസായങ്ങൾ തുടങ്ങുവാനും, സ്റ്റാർട്ട്അപ്പുകൾ തുടങ്ങുവാനും പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ട് അപ് മിഷനും സംയുക്തമായി നടപ്പാക്കുന്ന സ്റ്റാർട്ട് അപ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ട് അപ്പുകൾക്ക് 10 ലക്ഷം രൂപ വീതം പലിശരഹിത സീഡ് വായ്പ നല്കുന്നതിനായി 40 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് മൂന്ന ലക്ഷം രൂപ വരെ വായ്പയും ഒരു ലക്ഷം രൂപവരെ സബ്സിഡിയും അനുവദിക്കുന്ന വ്യക്തിഗത പദ്ധതിയും നിലവിലുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും സ്റ്റാർട്ട് അപ്പുകൾക്ക് ധനസഹായവും വായ്പയും ലഭ്യമാണ്. സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡിയും വായ്പയും നൽകുന്ന പദ്ധതിയും നിലവിലുണ്ട്. 10 ലക്ഷം രൂപ വരെ വായ്പയും 7.5 ലക്ഷം രൂപ സബ്സിഡിയും ലഭിക്കും.

പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം ചെയ്തുവരുന്നു. വ്യക്തിഗത വ്യവസായ സംരഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത്. ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് വകുപ്പ് ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

1. <u>ഗോത്രജീവിക</u>

പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതികൾക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>അട്ടപ്പാടി ട്രൈബൽ അപാരൽ പാർക്ക്</u>

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച് 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിച്ചിട്ടുണ്ട്.

(ബി) സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പ് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നതിനുപകരം സർക്കാർ നേരിട്ട് ടി തുക ഗ്രാന്റായി സ്ഥാപനത്തിന് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും വായ്പ നൽകിവരുന്നു. വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും ലോൺ ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ആയത് അനുസരിച്ച് ലോണുകൾ ലഭ്യമാക്കുന്നുണ്ട്. ചെറുകിട സംരംഭങ്ങൾക്ക് വകുപ്പ് നേരിട്ട് ധനസഹായം നല്കിവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലെ അംബേദ്കർ ഭവനിൽ സ്റ്റാർട്ട് അപ് മിഷനും പട്ടികജാതി വികസന വകുപ്പും സംയുക്തമായി ആരംഭിച്ച

സ്റ്റാർട്ട്അപ് ഡ്രീംസ് എന്ന പ്രോജക്ട് മുഖേന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റാർട്ട് അപ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ടെക്നിക്കൽ അഡ്വൈസ് നൽകുന്ന mentorship പ്രോഗ്രാമാണ് നടപ്പിലാക്കിവരുന്നത്.

പട്ടികവർഗ്ഗ വിഭാഗക്കാരെ വ്യവസായ സംരംഭകരാക്കുക എന്നതിലുപരി പട്ടികവർഗ്ഗക്കാർക്ക് 'ഒരാൾക്ക് ഒരു ജോലി' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ധാരാളം പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നതിനായി 1725 പട്ടികവർഗ്ഗ വിഭാഗക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നടത്തിവരുന്നു. ഇതിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്നു. ഈ വർഷം ഏറ്റെടുത്തതുൾപ്പെടെ 5431 യുവതീയുവാക്കൾക്ക് ഇതിനോടകം നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.ടി. മേഖലയിൽ ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ് ഹാർഡ് വെയർ/സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെൻട്രൽ ഓഫ് സ്കിൽ എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

## അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട്

26(2643) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി വിവിധ കോളനികളെയും ഷോളയാർ ഗിരിജൻ സൊസൈറ്റിയേയും ഉൾപ്പെടുത്തി രൂപീകരിച്ച കൃഷിയധിഷ്ഠിത വികസന പദ്ധതിയായ അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ടിന്റെ നടത്തിപ്പിനായി പട്ടികവർഗ്ഗക്ഷേമ വകുപ്പിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കൃഷി അധിഷ്ഠിത വികസന പദ്ധതിയായ അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്റ്റിന്റെ വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധിച്ചുവരികയാണ്. ആയതിനുശേഷം പ്രസ്തുത പദ്ധതിക്കായി വകുപ്പിൽനിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് നടപടി**

27(2644) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും വായ്പയെടുത്ത പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) ഇത്തരത്തിലുള്ള വായ്പ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; ഇതിനകം എത്ര രൂപയുടെ വായ്പ എഴുതിത്തള്ളി;

(സി) ഇനിയും പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പട്ടികവർഗ്ഗ വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴിതിതള്ളുന്നതിന് ഉത്തരവായിട്ടുണ്ട്.

ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 39,52,41,000 രൂപ കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ വായ്പകൾ എഴുതിതള്ളിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| 2015-16 | 806 | 2,87,90,813 രൂപ |
| 2016-17 | 1353 | 3,45,75,612 രൂപ |
| 2017-18 | 1029 | 2,68,52,630 രൂപ |
| 2018-19 | 87 | 15,15,099 രൂപ |
| ആകെ | 3275 | 9,17,34,154 രൂപ |

പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ നാളിതുവരെയായി അർഹരായ 3275 പട്ടികവർഗ്ഗക്കാരുടെ 9,17,34,154 രൂപയുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ എഴുതിതള്ളാൻ അർഹരായവരുടെ വിവരങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലും വായ്പ എഴുതിതള്ളുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം

28(2645) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ചികിത്സക്കായി എത്ര തുക ധനസഹായമായി അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ ചികിത്സാ സഹായം പെട്ടെന്ന് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം 88.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 9,54,87,109 രൂപ (ഒൻപത് കോടി അൻപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി ഒരുന്നൂറ്റി ഒൻപത് രൂപ)-യും ഉൾപ്പെടുന്നു.

(ബി) ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ഐ.എഫ്.എസ്.സി. നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്നമുറയ്ക്ക് അനുവദിച്ച തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന 'ടി-ഗ്രാന്റ്സ്' സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായം**

29(2646) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കുന്നത്ത്നാട് നിയോജക മണ്ഡലത്തിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്നറിയിക്കാമോ;

(ബി) ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി പട്ടികജാതി വിഭാഗക്കാരിൽ നിന്നും ആകെ 1004 അപേക്ഷകൾ ലഭിച്ചതിൽ 946 പേർക്കും പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും 4 അപേക്ഷകൾ ലഭിച്ചതിൽ 4 പേർക്കും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി)കാലതാമസം കൂടാതെ ധനസഹായം വിതരണം ചെയ്യുന്നുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ സഹായം**

30(2647) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായമായി ആകെ എത്ര രൂപ നൽകിയിട്ടുണ്ട്;

(ബി) പയ്യോളി നഗരസഭ, തിക്കോടി ഗ്രാമപഞ്ചായത്ത്, മൂടാടി ഗ്രാമപഞ്ചായത്ത്, കൊയിലാണ്ടി നഗരസഭ, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സഹായം ലഭിച്ച വ്യക്തികളുടെ ആകെ എണ്ണം, ആകെ തുക എന്നീ ക്രമത്തിൽ പട്ടികതിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 163 പേർക്ക് 38,59,500 രൂപ (മുപ്പത്തിയെട്ട് ലക്ഷത്തി അമ്പത്തി ഒമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി)

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1. പയ്യോളി നഗരസഭ | 34 | 923000 |
| 2. തിക്കോടി ഗ്രാമപഞ്ചായത്ത് | 25 | 578000 |
| 3. മൂടാടി ഗ്രാമപഞ്ചായത്ത് | 31 | 772500 |
| 4. കൊയിലാണ്ടി നഗരസഭ | 26 | 630000 |
| 5.ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്ത് | 21 | 481000 |
| 6. ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 26 | 475000 |
| **ആകെ** | **163** | **38,59,500** |

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം**

31(2648) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായത്തിന് അപേക്ഷ നൽകുന്നതിന്റെ നടപടികൾ എപ്രകാരമാണ്; ഇതിനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായത്തിന് ഓൺലൈൻ വഴി അപേക്ഷ നൽകാൻ സൗകര്യം ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇവരുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഓൺലൈൻ സംവിധാനത്തിലൂടെ ഇവർക്ക് ചികിത്സാധനസഹായത്തിന് അപേക്ഷ സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അപേക്ഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ ചികിത്സാ സഹായത്തിന് അപേക്ഷ നൽകുമ്പോൾ വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഒഴിവാക്കുവാനും ഇവ പിന്നീട് സർക്കാർ സംവിധാനത്തിലൂടെ അന്വേഷിച്ച് കണ്ടെത്താനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പി.ഒ./ടി.ഡി.ഒ.മാർ, ജനപ്രതിതിധികൾ എന്നിവർ മുഖേനയോ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

അപേക്ഷയോടൊപ്പം അപേക്ഷകന്റെ/അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവികൾ സാക്ഷ്യപ്പെടുത്തിയ ചികിത്സാരേഖകളും അസൽ ബില്ലുകളും ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ആഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ബി) ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം

32(2649) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരുടെ ചികിത്സക്കായി എത്ര തുകയാണ് ധനസഹായമായി അനുവദിച്ചത് എന്ന് അറിയിക്കുമോ;

(ബി) ചികിത്സാ ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനായി 127,67,73,376 രൂപ (നൂറ്റി ഇരുപത്തിയേഴ് കോടി അറുപത്തിയേഴ് ലക്ഷത്തി എഴുപത്തി മൂന്നായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി)ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഓൺലൈനായി 'ടി ഗ്രാൻഡ്' സോഫ്റ്റ്‌വെയർ മുഖേന സ്വീകരിച്ച് യഥാസമയം ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നു.

## നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടം

33(2650) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ബ്ളോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് 1-6-2019 ന് ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി പ്രതിമാസം വിലയിരുത്തുന്ന തരത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നീളുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം നിരപ്പാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി 21-8-2019-ന് ഡയറക്ടർ തലത്തിലും 1-10-2019-ന് സർക്കാർ തലത്തിലും നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന യോഗത്തിലും വിലയിരുത്തിയിരുന്നു. കൂടാതെ പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറെയും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നടപ്പുസാമ്പത്തിക വർഷംതന്നെ നിർമ്മാണം പൂർത്തീകരിക്കു ന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വീട് റിപ്പയറിംഗിന് ധനസഹായം**

34(2651) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരിയായ ശ്രീമതി ജാനകി, അരിമ്പ്രക്കുന്നൻ, ചീക്കോട് (പി.ഒ.) എന്നിവരുടെ വീട് ഇടിഞ്ഞ് താമസത്തിന് ഭീഷണിയുള്ളതായി പത്രവാർത്ത ഉൾപ്പെടെ പരാതി നൽകിയിട്ടും നാളിതുവരെ സർക്കാരിൽ നിന്ന് ഒരു സഹായവും ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഒരു പട്ടികജാതി കുടുംബത്തിന് വീട് റിപ്പയറിംഗിന് പരമാവധി എത്ര തുകയാണ് അനുവദിക്കുന്നത്; അതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പട്ടികജാതി വിഭാഗത്തിന് മാത്രമായി ഭവനപദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ വീട് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് നിലവിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നത് എന്നതിനാൽ ശ്രീമതി ജാനകിക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ലക്ഷ്യമിടുന്നതിനാലും മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടും നാളിതുവരെ പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് 1.50 ലക്ഷം രൂപവരെയുള്ള അധിക ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതിനാലും പട്ടികജാതി വികസന വകുപ്പ് ഭവന പുനരുദ്ധാരണ പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല.

(സി) പട്ടികജാതി ഉൾപ്പെടെ എല്ലാ വിഭാഗം ഭവനരഹിതർക്കും വീട് നിർമ്മിക്കുന്നതിന് ഇപ്പോൾ ലൈഫ് മിഷൻ മുഖേനയാണ് ധനസഹായം നൽകുന്നത്.

**വീട് നിർമ്മിക്കുന്നതിന് സഹായം**

35(2652) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നതിന് സഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 320 പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് മുഖേന ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി)

| പഞ്ചായത്ത് | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തിയാക്കിയവയുടെ എണ്ണം | നിർമ്മാണ ഘട്ടം | | |
|---|---|---|---|---|---|
| | | | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം |
| (1) | (2) | (3) | (4) | (5) | (6) |
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | 183 | 170 | 4 | 4 | 5 |
| മാണിക്കൽ | 33 | 32 | - | - | 1 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| കരകുളം | 25 | 22 | - | 3 | - |
| അണ്ടൂർക്കോണം | 32 | 27 | 2 | 1 | 2 |
| പോത്തൻകോട് | 24 | 20 | - | 3 | 1 |
| വെമ്പായം | 23 | 21 | - | - | 2 |
| ആകെ | 320 | 292 | 6 | 11 | 11 |

**സുൽത്താൻ ബത്തേരി ആദിവാസി കോളനികളുടെ വികസന പ്രവർത്തനങ്ങൾ**

36(2653) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.വി.റ്റി.ജി. പദ്ധതി നടപ്പാക്കിയ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികൾ ഏതൊക്കെയാണ്;

(ബി) പി.വി.റ്റി.ജി. പദ്ധതി പ്രകാരം ഈ കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം വിനിയോഗിച്ചുവെന്നും തരം തിരിച്ച് വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം നടത്തേണ്ടിയിരുന്ന വീട്ടു നിർമ്മാണം ഇതുവരെയും പൂർത്തീകരിക്കാത്ത കോളനികൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആയതുപ്രകാരം സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിലെ വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല എന്ന പരാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ ഏതെങ്കിലും തരത്തിൽ അന്വേഷണം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ഇനം തിരിച്ച് വിശദമാക്കാമോ; ഏതെല്ലാം ആദിവാസി കോളനികളിലേയ്ക്കുള്ള റോഡുകളും പാലങ്ങളുമാണ് തകർന്നിട്ടുള്ളത്; എങ്കിൽ വിശദാംശം നൽകാമോ;

(എഫ്) ആദിവാസി കോളനികളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെയും തകർന്ന കോളനി റോഡുകളുടെയും പുനരുദ്ധാരണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടിൽനിന്നും മേൽ പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്താമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ ഏഴ് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 267 കാട്ടുനായ്ക്കർ കോളനികളിലാണ് പി.വി.ടി.ജി. പദ്ധതി നടപ്പിലാക്കിയത്. കോളനികളുടെ പേരുവിവരം അനുബന്ധമായി * ചേർക്കുന്നു.

(ബി) പി.വി.റ്റി.ജി. പദ്ധതി പ്രകാരം വിവിധ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. ഭവന നിർമ്മാണം | - | 167 കുടുംബങ്ങൾക്ക് |
| 2. കുടിവെള്ള പദ്ധതി | - | 30 കോളനികൾ |
| 3. മണ്ണ് സംരക്ഷണ പദ്ധതികൾ | - | 44 കോളനികൾ |
| 4. വൈദ്യുതീകരണം | - | 25 കോളനികൾ |
| 5. ഭക്ഷ്യസഹായ പദ്ധതി | - | 3412 കുടുംബങ്ങൾ |

6. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം - 840 മെഡിക്കൽ ക്യാമ്പുകളിലായി 13979 രോഗികൾക്ക് ചികിൽസാ സഹായം നൽകി.

മേൽ പദ്ധതികൾക്കായി ആകെ 27,19,88,100 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സുൽത്താൻ ബത്തേരി താലൂക്കിലെ മുള്ളൻകൊല്ലി പഞ്ചായത്തിലെ ബസവൻമൂല കോളനിയിലെ മൂന്ന് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പി.വി.ടി.ജി. പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത മറ്റ് വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നുണ്ട്.

(ഡി) പി.വി.റ്റി.ജി. പദ്ധതിയിൽ വീട് നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് പരാതികളൊന്നുംതന്നെ വകുപ്പിന് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്, തകർന്ന റോഡുകളുടെയും പാലങ്ങളുടേയും വിശദാംശം എന്നിവ ഇനംതിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനി | പദ്ധതി | എസ്റ്റിമേറ്റ് തുക രൂപ |
|---|---|---|---|
| 1 | തണ്ടൻകല്ല് | റോഡ്, പാലം നിർമ്മാണം | 3,00,00,000 |
| 2 | പാലക്കയംവെറ്റിലക്കൊല്ലി | കലുങ്ക് നിർമ്മാണം | 25,00,000 |
| 3 | ഇരുട്ടുകുത്തി | നടപ്പാലം | 3,00,00,000 |
| 4 | പുഞ്ചക്കൊല്ലി | റോഡ്, പാലം | 4,37,00,000 |
| 5 | അമ്പുമല കോളനി | പാലം | 3,00,00,000 |
| 6 | അപ്പൻകാപ്പ് | നടപ്പാലം | 60,00,000 |
| 7 | ചെമ്പ്ര | റോഡ് | 70,70,000 |
| | | ആകെ | 14,92,70,000 |

(എഫ്) ആദിവാസി കോളനികളിലുണ്ടായ നാശനഷ്ടങ്ങളുടെയും തകർന്ന കോളനി റോഡുകളുടെയും പുനരുദ്ധാരണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പ്രളയത്തെത്തുടർന്ന് ഭവനം നഷ്ടപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വകുപ്പ് മുഖേനയും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും ഉൾപ്പെടുത്തി വീട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാലവർഷക്കെടുതിയെ തുടർന്ന് തകർന്ന കോളനിയിലെ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയും വകുപ്പിന്റെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പദ്ധതിയിലുൾപ്പെടുത്തിയും നിക്ഷിപ്ത വനഭൂമി വിതരണത്തിലൂടെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) നിലവിൽ പുനരുദ്ധാരണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ച പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം പ്രസ്തുത ശീർഷകത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ നടപ്പിലാക്കിയ റോഡ്, പാലം എന്നിവയ്ക്ക് പ്രളയക്കെടുതിമൂലം നാശനഷ്ടങ്ങൾ സംഭവിച്ചവയിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഞാറയ്ക്കൽ കോളനിയിൽ കോർപ്പസ് ഫണ്ട് വിനിയോഗം

37(2654) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഞാറയ്ക്കൽ പുലയാസ് കോളനിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഞാറയ്ക്കൽ പുലയാസ് കോളനിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല. എന്നാൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി കോളനിയുടെ പ്രളയാനന്തര പുനർ നിർമ്മാണത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾ പുലയാസ് കോളനിയിൽ നടപ്പാക്കുന്നതിന് ഏറ്റെടുത്തിട്ടുണ്ട്.

1. ഭവന പുനരുദ്ധാരണം (9 എണ്ണം)
2. ഇലക്ട്രിക്കൽ വയറിംഗ് (3 എണ്ണം)
3. ടോയ്‌ലറ്റ് നവീകരണം (3 എണ്ണം)
4. റോഡ് പുനർനിർമ്മാണം
5. കിണർ നവീകരണം (6 എണ്ണം)

പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തടസ്സങ്ങളില്ല.

## അംബേദ്കർ ഗ്രാമം പദ്ധതിയിലെ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ

38(2655) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും കോളനികളെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നതുമൂലം അനാവശ്യ കാലതാമസം വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കുന്നതിന് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന കരാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2019-20 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിയോജക മണ്ഡലം | കോളനിയുടെ പേര് |
|---|---|---|
| 1 | ബാലുശ്ശേരി | നേരാടിമല കോളനി |
| 2 | ബേപ്പൂർ | തിയ്യത്ത് താഴ കോളനി |
| 3 | കൊടുവള്ളി | എളോത്ത് കണ്ടി എ.കെ.ജി. കോളനി |
| 4 | കൊയിലാണ്ടി | ചെത്തിൽതാര എസ്.സി. കോളനി |
| 5 | കുന്ദമംഗലം | കള്ളാടിചോല |
| 6 | കുറ്റ്യാടി | എടുത്തുംകര IHDP കോളനി |
| 7 | പേരാമ്പ്ര | വലിയപറമ്പ് കോളനി |
| 8 | തിരുവമ്പാടി | നെല്ലിക്കാപ്പൊയിൽ കോളനി |

(ബി) ചില പ്രവൃത്തികളിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) നിർവ്വഹണ ഏജൻസികളുടെ വ്യവസ്ഥകൾ പ്രകാരമാണ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. വകുപ്പ് ഇ-ടെണ്ടറിംഗ് നടത്തുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങളില്ല.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

39(2656) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2018-19 -ൽ പൂർത്തീകരിച്ച കോളനികളുടെ വിവരം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിച്ചുവെന്നും ബാക്കിയെത്ര തുക ചെലവഴിക്കാനുണ്ടെന്നുമുള്ളതിന്റെ വിശദവിവരം നൽകാമോ;

(സി) 2019-20-ൽ പദ്ധതി പ്രകാരം എത്ര കോളനികൾക്ക് തുക അനുവദിച്ചുവെന്നും ആയതിൽ എത്രയെണ്ണം പൂർത്തിയായെന്നുമുള്ള വിവരം പട്ടികതിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ജില്ല | നിയോജകമണ്ഡലം | കോളനിയുടെ പേര് |
|---|---|---|
| തിരുവനന്തപുരം | കഴക്കൂട്ടം | ചെന്നിയോട് |
| | | രണ്ടാംചിറ |
| കൊല്ലം | കരുനാഗപ്പള്ളി | മൂത്തേടത്ത് |
| | കൊട്ടാരക്കര | പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനി |
| | | താമരക്കുടി ഇരവിക്കോട് |
| പത്തനംതിട്ട | കോന്നി | തലയറ കോളനി |
| എറണാകുളം | കോതമംഗലം | ഏറുപുറം |
| പാലക്കാട് | ഷൊർണ്ണൂർ | അംബേദ്കർ കോളനി (നെല്ലായി) |
| | | വെള്ളത്തേൻമാരി കോളനി |

(ബി) 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രളയത്തെത്തുടർന്ന് ടി തുക 42,60,00,000 രൂപയായി നിജപ്പെടുത്തുകയും അതിൽ 2,37,25,911 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2019-20-ൽ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുൻഗവൺമെന്റിന്റെ കാലത്തെ സ്പിൽഓവർ പ്രവർത്തികൾക്കും 2016-17-ൽ തെരഞ്ഞെടുത്ത കോളനികൾക്കും2019-20-ൽ തെരഞ്ഞെടുത്ത 69 കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. 2019-20-ൽ തെരഞ്ഞെടുത്ത കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പശ്ചിമകൊച്ചിയിലെ പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ

40(2657) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമകൊച്ചിയിലെ ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നതും കുടുംബങ്ങളുടെ എണ്ണക്കുറവ് കൊണ്ട് അംബേദ്കർ ഗ്രാമവികസന പദ്ധതി പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതുമായ വെണ്ണത്തറ-കൊണ്ടേത്തറ, വട്ടുവിന്റെ ചിറ, പൊഴിച്ചിറ അംബേദ്കർ, പുത്തൻകരി, അറബിത്തറ, പനമ്പുകാട്, പുത്തൻകരി തുടങ്ങിയ പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോളനികളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്നതിന് കോളനിയിൽ കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങളുണ്ടായിരിക്കണം. മറ്റ് കോളനികളിൽ ആവശ്യമായ പ്രവൃത്തികൾ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാവുന്നതാണ്.

## ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ

41(2658) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവില്ല്വാമലയിൽ പണി കഴിപ്പിച്ച പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനായി ഇനിയും എന്തെല്ലാം സൗകര്യങ്ങളാണ് അവിടെ ഒരുക്കേണ്ടത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നത്തേയ്ക്ക് തിരുവില്ല്വാമല ക്യാമ്പസിലെക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവില്വാമലയിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് ഗ്രാമപഞ്ചായത്തിൽനിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. കൂടാതെ വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. ഇവകൂടി പരിഹരിച്ചാൽ മാത്രമേ ചേലക്കരയിലെ പുതിയ കെട്ടിടത്തിലേയ്ക്ക് എം.ആർ.എസ്. മാറ്റി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കെട്ടിട നമ്പർ ലഭിക്കുന്നതിനായി കെട്ടിടത്തിൽ അഗ്നിസുരക്ഷാ സംവിധാനം സ്ഥാപിച്ച് ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നുമുള്ള അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. അഗ്നിസുരക്ഷാ സംവിധാനം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിട നമ്പർ ലഭ്യമാകുന്നമുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാൽ സ്ഥാപനം തിരുവില്വാമലയിലുള്ള പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

(സി) 2020-21 അദ്ധ്യയന വർഷം ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവില്വാമലയിലേയ്ക്ക് മാറ്റുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

42(2659) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 വർഷങ്ങളിൽ സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ കേന്ദ്ര വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ കേന്ദ്ര വിഹിതം പരിഷ്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏത് നിരക്കിലാണ് പരിഷ്കരിക്കുകയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18, 2018-19 വർഷങ്ങളിൽ സംസ്ഥാനത്ത് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടികജാതി വിഭാഗം</u>

2017-18 – 2,76,53,42,369

2018-19 - 2,19,78,64,604

<u>പട്ടികവർഗ്ഗ വിഭാഗം</u>

2017-18 - 29,05,09,210(Post matric plan)

2017-18 - 6,01,22,415(Post matric non plan)

2018-19 - 33,09,90,541(Post matric plan)

2018-19 - 2,44,65,494(Post matric non plan)

(ബി) 2017-18-ൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് കേന്ദ്രവിഹിതമായ 83,91,00,000 രൂപ ലഭിച്ചു. 2018-19 വർഷം കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.

2017-18-ൽ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് കേന്ദ്രവിഹിതമായി മുൻകാല കുടിശ്ശികയുൾപ്പെടെ 2745.46 ലക്ഷം രൂപയും 2018-19 വർഷം 2674.37 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

**പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ**

43(2660) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.റ്റി.റ്റി.എഫ്.,സി.ബി.പി.എസ്.റ്റി. മുതലായ സ്ഥാപനങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്എന്നറിയിക്കാമോ;

(ബി) പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്;

(സി) വിദേശത്ത് തൊഴിൽ തേടുന്നവർക്ക് പട്ടികജാതി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എൻ.റ്റി.റ്റി.എഫ്., സി.ബി.പി.എസ്.റ്റി. (CIPET) മുതലായ സ്ഥാപനങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നുണ്ട്.

1. Diploma in Tool & Die Making
2. Diploma in Mechatronics
3. Diploma in Computer Engineering

4. Diploma in Electronics മുതലായ ഡിപ്ലോമ കോഴ്സുകൾക്കുപുറമേ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ CPPM (Certificate Programme in Precision Machine) എന്ന കോഴ്സ് എൻ.റ്റി.റ്റിഎഫ്. മുഖേനയും Machine Operator Plastic Processing എന്ന കോഴ്സ് സി.ബി.പി.എസ്.റ്റി. (CIPET) മുഖേനയും നടത്തിവരുന്നു.

(ബി) എൻ.റ്റി.റ്റി.എഫ്. മുഖേന നടത്തുന്ന മൂന്നു വർഷം കാലദൈർഘ്യമുള്ള വിവിധ തൊഴിലധിഷ്ഠിത സാങ്കേതിക കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, താമസ/ഭക്ഷണ ചാർജ്ജ്, സ്റ്റേഷനറി എന്നിവയ്ക്കായി ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം 1,30,000 രൂപ വീതം വകുപ്പുമുഖേന നൽകിവരുന്നുണ്ട്. സി.ബി.പി.എസ്.റ്റി. (CIPET) മുഖേന നടത്തുന്ന ആറുമാസത്തെ Machine Operator Plastic Processing എന്ന കോഴ്സിലേയ്ക്ക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, താമസം/ഭക്ഷണം എന്നിവയ്ക്കായി ഒരു വിദ്യാർത്ഥിക്ക് 83,000 രൂപ വീതം അനുവദിച്ചുനൽകുന്നു.

മേൽ കോഴ്സുകളിൽ വിജയകരമായി പഠനം പൂർത്തിയാക്കുന്നവർക്ക് സ്ഥാപനം പ്ലെയ്സ്മെന്റ് നൽകിവരുന്നുണ്ട്.

(സി) വിദേശത്ത് തൊഴിൽ തേടുന്നവർക്ക് വകുപ്പ് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 50,000 രൂപയായിരുന്നു ധനസഹായം. ഈ സർക്കാർ ടി തുക 1 ലക്ഷം രൂപയായി ഉയർത്തി. ഇതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതിയുവാക്കളായിരിക്കണം.

2. വൈദഗ്ദ്ധ്യ ജോലിക്ക് (Skill labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്/യൂണിവേഴ്സിറ്റി/സാങ്കേതികസ്ഥാപനങ്ങളിൽ നിന്നുള്ളവ യായിരിക്കണം.

3. അപേക്ഷകർ ഇൻഡ്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.

4. വിദേശത്ത് ജോലി ചെയ്യുന്നതിനാവശ്യമായ വിസ ലഭിച്ചിരിക്കണം.

5. എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.

6. അവിദഗ്ദ്ധ തൊഴിലവസരം തേടുന്നവരെയും പരിഗണിക്കും.

7. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

8. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ടി ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

9. അപേക്ഷകർ 20-നും 45-നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

10. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ODEPEC വഴി ടിക്കറ്റെടുക്കുന്നതിന് മുൻഗണന നൽകണമെന്ന വ്യവസ്ഥയിൽ ടിക്കറ്റ് ചാർജ്ജുൾപ്പെടെ 60% തുക മുൻകൂറായി നൽകുന്നതാണ്.

11. ഗുണഭോക്താവ് ഉദ്ദേശിച്ച വിദേശ രാജ്യത്ത് എത്തിയെന്ന് തെളിയിക്കുന്ന എമിഗ്രേഷൻ സ്റ്റാമ്പിന്റെ കോപ്പിയുമായി അപേക്ഷ നൽകിയാൽ ബാക്കി തുക നൽകുന്നതാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസാനുകൂല്യം നിഷേധിക്കുന്നത്

44(2661) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്ത്യയ്ക്കകത്ത് ഉന്നത വിദ്യാഭ്യാസ പഠനത്തിന് മെറിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന കേന്ദ്രസർക്കാർ/സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലും

വിദേശത്തും പഠിക്കുന്നതിന് ഫീസാനുകൂല്യം നിഷേധിക്കുന്നത് എന്തെല്ലാം സാഹചര്യങ്ങളിലാണ്; വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി സമുദായത്തിൽപ്പെട്ട ഇന്ത്യയ്ക്കകത്ത് ഉന്നത വിദ്യാഭ്യാസ പഠനത്തിന് പ്രവേശം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ.ഉ.(അച്ചടി) നമ്പർ 50/2009 പ.ജ.പ.വ.വി.വ. തീയതി 2-7-2009, സ.ഉ. (എം.എസ്) നമ്പർ 96/2018 പ.ജ.പ.വ.വി.വ. തീയതി 15-12-2018 എന്നീ ഉത്തരവുകൾ പ്രകാരവും വിദേശ വിദ്യാഭ്യാസത്തിന് സ.ഉ. (അച്ചടി) 81/2017 പ.ജ.പ.വ.വി.വ. തീയതി 4-10-2017, സ.ഉ. (എം.എസ്) നം. 22/2019/പ.ജ.പ.വ.വി.വ. തീയതി 19-3-2019 എന്നീ ഉത്തരവുകൾ പ്രകാരവും വിദ്യാഭ്യാസാനുകൂല്യം വകുപ്പ് അനുവദിക്കുന്നുണ്ട്.

(ബി) ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**മര്യാപുരം ഐ.ടി.ഐ.-യിലെ വികസനങ്ങൾ**

45(2662) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള നെയ്യാറ്റിൻകര മണ്ഡലത്തിലെ മര്യാപുരം ഐ.ടി.ഐ.-യിൽ 2019-20-ൽ എന്തെങ്കിലും വികസന പ്രവർത്തനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കാമോ ;

(ബി) 2016-17 മുതൽ 2018-19 വരെ മര്യാപുരം ഐ.ടി.ഐ.-യിൽ എത്ര കോടിയുടെ വികസന പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയതു എന്ന് അറിയിക്കുമോ;

(സി) ഐ.ടി.ഐ.- യിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മര്യാപുരം ഐ.ടി.ഐ.-യിൽ 2016-17 സാമ്പത്തിക വർഷം ചുറ്റുമതിൽ നിർമ്മിക്കുന്നതിനും കമ്പ്യൂട്ടർ ബ്ലോക്കിന്റെ തറ ടൈൽ പാകുന്നതിനും പെയിന്റിംഗ് ചെയ്യുന്നതിനും 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം റിനോവേഷൻ വർക്കുകൾക്കായി 1,13,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ള പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ഇതിനുപുറമേ 2016-17-ൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഗവ.ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തൽ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ മര്യാപുരം ഐ.റ്റി.ഐ. ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) 70 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2018-19-ൽ ഇതേ പദ്ധതിയിൻകീഴിൽ 4,00,000 രൂപയുടെ വികസന പ്രവർത്തനവും മര്യാപുരം ഐ.റ്റി.ഐ. ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) നടപ്പിലാക്കിയിട്ടുണ്ട്.

(സി) മര്യാപുരം ഐ.ടി.ഐ.-യിൽ നിലയിൽ Mechine Motor Vehicle, Surveyor, Carpenter എന്നീ ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. കാർപെന്റർ ട്രേഡിന്റെ ഒരു അഡീഷണൽ ബാച്ചുകൂടി പുതുതായി ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

### ഉമ്പർനാട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

46(2663) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള ഉമ്പർനാട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എം.എൽ.എ.-യുടെ കത്ത് ഉൾപ്പെടെ നല്കിയ ഡി.പി.ആർ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഉമ്പർനാട് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എം.എൽ.എ.യുടെ 5-10-2019-ലെ കത്ത് ഉൾപ്പെടെ നൽകിയ പ്രൊപ്പോസൽ 23-10-2019-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമായി ഉദ്ദേശിച്ചുകൊണ്ട് 2 കോടി രൂപയുടെ എസ്റ്റിമേറ്റിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 9-1-2019-ലെ സ.ഉ (സാധാ) നം. 13/2019/പജപവവിവ. പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് പ്രവൃത്തി ചെയ്യുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം പണി ആരംഭിച്ചിട്ടില്ല. പുതിയ കെട്ടിടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## പത്താംതരത്തിന് മുകളിലുള്ള പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

47(2664) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പത്താം തരത്തിന് മുകളിലേയ്ക്കുള്ള വിദ്യാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതിന് സർക്കാർ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പത്താം തരത്തിന് മുകളിലേയ്ക്കുള്ള വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന 1251 വിദ്യാർത്ഥികൾ ടി സ്ഥാപനങ്ങളിൽ താമസിച്ചു വരുന്നുണ്ട്. 3 പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഫണ്ട് വകയിരുത്തിയിട്ടുമുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിൽ ആറ് മോഡൽ റെസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും (സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, എം.ആർ.എസ്, പുന്നപ്ര-ആലപ്പുഴ, എം.ആർ.എസ് കീഴ്മാട് -എറണാകുളം, എം.ആർ.എസ്. പീരുമേട്-ഇടുക്കി, എം.ആർ.എസ് തൃത്താല-പാലക്കാട്, എം.ആർ.എസ് കുഴൽമന്ദം-പാലക്കാട്) പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിലേയ്ക്ക് 2019-20 അദ്ധ്യയന വർഷം പ്രൈവറ്റ് അക്കോമഡേഷൻ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ

ആനുകൂല്യങ്ങൾക്ക് അർഹതയുള്ള സർക്കാരിന്റേയോ വകുപ്പിന്റേയോ സ്ഥാപനത്തിന്റേയോ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്തതും പ്രൈവറ്റായി ഹോസ്റ്റലുകളിൽ താമസിക്കുന്നതുമായ എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിമാസം പരമാവധി 4,500 രൂപ അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്ലസ് വൺ മുതൽ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഇപ്പോൾ 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 6 എണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ളതാണ്. അതിൽ നാലെണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 10-ാം ക്ലാസ്സിനുശേഷം തുടർ പഠനം മുടങ്ങാതിരിക്കാൻ കൂടുതൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. 7 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 2 എണ്ണം KIIFB മുഖേനയാണ്. 30 കുട്ടികൾക്ക് താമസസൗകര്യമുള്ള കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### ജി.സി.ഡി.എ.-യിലെ നിയമനം

48(2665) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.-യിൽ പി.എസ്.സി. വഴി ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് അഡ്വൈസ് മെമ്മോ ലഭിച്ച പട്ടികജാതിവിഭാഗത്തിൽ പെട്ട ഒന്നാം റാങ്കുകാരനായ സുബാഷ് എസ്-നും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ ലഭിച്ച ഹിന്ദുജയ്ക്കും ലീലാവതിക്കും നിയമനം നൽകിയിട്ടുണ്ടോ; നിയമനം നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(ബി) ഹൈക്കോടതി ഇവർക്ക് നിയമനം നൽകുന്ന വിഷയം പരിഗണിക്കണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) സുപ്രീം കോടതിയിൽ പ്രസ്തുത ഉത്തരവിനെതിരെ ജി.സി.ഡി.എ. അപ്പീൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് നടത്തുവാൻ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഈവിധം പണം ചെലവഴിക്കാൻ ജി.സി.ഡി.എ.-യ്ക്ക് അധികാരമുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് ജി.സി.ഡി.എ.-യ്ക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ജി.സി.ഡി.എ. ഒഴിവ് റിപ്പോർട്ട ചെയ്യുകൊണ്ട് കെ.പി.എസ്.സി.-ക്ക് നൽകിയ പ്രൊഫോർമയിൽ നിഷ്കർഷിച്ചിരുന്നതും തദനുസരണം കെ.പി.എസ്.സി. വിജ്ഞാപനം ചെയ്തിരുന്നതുമായ, 'മതിയായ പ്രവൃത്തി പരിചയം' ഇല്ലാതിരുന്ന സാഹചര്യത്തിലാണ് നിയമനം നൽകാതിരുന്നത്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ള്യൂ.പി.സി.നം. 29289/17 & 29290/17 നമ്പർ കേസുകളിലെ 28.03.2019-ലെ ഇടക്കാലവിധി പ്രകാരം അന്തിമവിധിക്ക് വിധേയമായി ഇവർക്ക് താൽക്കാലികമായി നിയമനം നൽകണമെന്ന് ഉത്തരവായിരുന്നു.

(സി) ഉണ്ട്. ഹൈക്കോടതിയിലെ റിട്ട് ഹർജികളിലും കോടതീയലക്ഷ്യ പെറ്റീഷനിലുമായി Rs. 15,000 രൂപ ചെലവായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തതിൽ നാളിതുവരെ വക്കീൽ ഫീസ് അനുവദിച്ചിട്ടില്ല. 2015-ലെ കേരള നഗരഗ്രാമാസൂത്രണ (ഡവലപ്മെന്റ് അതോറിറ്റീസ്) റൂൾസ് രണ്ടാം അദ്ധ്യായത്തിലെ റൂൾ 4(2)(v) പ്രകാരം അതോറിറ്റി ഏർപ്പെട്ടിരിക്കുന്ന കോടതി വ്യവഹാരങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലാണ്.

(ഡി) ഇല്ല.

## ചേലക്കര പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി

49(2666) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ട്; ഒരോ കോളനികളുടെ പേരും അവയിലെ കുടുംബങ്ങളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം കോളനികളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 412 പട്ടികജാതി കോളനികളുണ്ട്. അവയുടെ പേരും കുടുംബങ്ങളുടെ എണ്ണവും അനുബന്ധം * ആയി ചേർക്കുന്നു.

(ബി) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളുടെ പേരുവിവരം അനുബന്ധം *ആയി ചേർക്കുന്നു.

(സി) പ്രസ്തുത കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോർപ്പസ് ഫണ്ടിൽ ഉൾപ്പെട്ട മണ്ണാർക്കാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

50(2667) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മണ്ണാർക്കാട് മണ്ഡലത്തിലെ പ്രവൃത്തികൾ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി * ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 2018-19 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ പ്രവൃത്തികളൊന്നും അനുവദിച്ചിട്ടില്ല.

(ബി) 2019-20-ൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ പരിശോധന പൂർത്തിയാക്കിക്കഴിഞ്ഞു. ഭരണാനുമതി പുറപ്പെടുവിച്ചു കഴിഞ്ഞിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് മണ്ഡലത്തിൽ തെങ്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ മുഖേന പട്ടികവർഗ്ഗക്കാർക്ക് 825 തൊഴിൽ ദിനം നൽകുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ മണ്ണാർക്കാടിന് 3,50,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ കോർപ്പസ് ഫണ്ടിൽ നിന്നുള്ള റോഡുകൾ**

51(2668) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 മുതൽ 2019-20 വരെ മാവേലിക്കര, ഭരണിക്കാവ് ബ്ലോക്ക് പട്ടികജാതി ഓഫീസുകൾ മുഖാന്തരം മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ പൂർത്തിയായതും പൂർത്തിയാകാനുള്ളതും പുതുതായി അനുവദിച്ചതും ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി * ചേർക്കുന്നു.

2019-20-ലെ പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വഴി പ്രവൃത്തികൾ**

52(2669) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2017 മുതൽ 2019 വരെ കോർപ്പസ് ഫണ്ട് വഴി നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായതും നടപ്പിലാക്കി വരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികളുടെ വിവരം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പട്ടികജാതി വകുപ്പിൽ അനുമതി ലഭ്യമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>2016-17</u>

1. ആശാരിവിള കോളനി പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതി
2. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാറുവിള പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി
3. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുക്കുന്നിയൂർ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി
4. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പുതുവൽവിള കുച്ചെൻവിള കുടിവെള്ള വിതരണ പദ്ധതി
5. ആര്യശാലക്കോമം-ഏലായവിളാകം (മാറനല്ലൂർ പഞ്ചായത്ത്) സെന്റ് മേരീസ് & ചെമ്പൻകുഴി കുടിവെള്ള വിതരണ പദ്ധതി (പണി പൂർത്തിയായി)
6. മലയിൻകീഴ് പഞ്ചായത്തിലെ പറയോട്ടുകോണം വേലിക്കോട് കോളനി കുടിവെള്ള പദ്ധതി (പൂർത്തിയായി)

<u>2018-19</u>

1. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഋങ്ങാംപാറ- വടക്ക വാഴപ്പള്ളി കുടിവെള്ള പദ്ധതി
2. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടല ചിറിലക്കാട്-വാഴപ്പള്ളി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി
3. മലയിൻകീഴ് പഞ്ചായത്തിലെ നിരപ്പ്കോണം കോളനി കുടിവെള്ള പദ്ധതി

<u>നടപ്പിലാക്കി വരുന്ന പദ്ധതികൾ:-</u>

1. ആശാരിവിള കോളനി പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതി

2. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാറുവിള പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി

3. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുക്കുന്നിയൂർ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി

4. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പുതുവൽവിള കുച്ചെൻവിള കുടിവെള്ള വിതരണ പദ്ധതി

5. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ തുങ്ങാംപാറ-വടക്കവാഴപ്പള്ളി കുടിവെള്ള പദ്ധതി

6. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടല-ചിറിലക്കാട്-വാഴപ്പള്ളി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതി

7. മലയിൻകീഴ് പഞ്ചായത്തിലെ നിരപ്പ്കോണം കോളനി കുടിവെള്ള പദ്ധതി

<u>നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ (2019-20)</u>

മാറനല്ലൂർ പഞ്ചായത്തിലെ മേൽക്കംകര എറകിളിയോട് റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പദ്ധതി.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2018-19 വർഷം പെട്ടിക്കട ധനസഹായമായി വിളവൂർക്കൽ പഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് 50,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

കോർപ്പസ് ഫണ്ടിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും മാനദണ്ഡങ്ങൾ തയ്യാറാക്കി എല്ലാ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത ശീർഷകത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിലേയ്ക്ക് റോഡുകൾ

53(2670) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2018-19, 2019-20 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കോർപ്പസ് ഫണ്ടിൽ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഈ ഇനത്തിൽ ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷം 1,41,55,486 രൂപയുടെ പ്രവൃത്തികൾക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 വർഷം ഭരണാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

കുടിവെള്ള പദ്ധതി

പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

ഗതാഗത സൗകര്യ വികസനം:- കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണഭിത്തി, കലുങ്ക് എന്നിവ മാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസർ ആ പ്രവൃത്തിയുടെ ഫീസിബിലിറ്റി ഉറപ്പാക്കിയശേഷംമാത്രം നടപ്പിലാക്കുക

വൈദ്യുതി വിതരണം:- പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനികളിലെ വഴിവിളക്കുകൾ എന്നിവ മാത്രം

വിദ്യാഭ്യാസം:- പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ DIET -ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടകപദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തിയാക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും അനുബന്ധരേഖകളും സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശിപാർശയോടെ ലഭ്യമാക്കുമ്പോൾ സർക്കാർ അനുമതി നൽകി വരുന്നു.

(സി) കോർപ്പസ് ഫണ്ട് ഇനത്തിൽ 2018-19 വർഷത്തിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചെറുവറ്റ ഐ.എച്ച്.ഡി.പി. കോളനി റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (48,213 രൂപ) ചുടലക്കി മാത്തോട്ടം എസ്.സി. കോളനി കിണർ ആഴം കൂട്ടൽ (2,10,000 രൂപ) എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകി നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതികൾ

54(2671) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

## ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

55(2672) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതിയിലൂടെ നവീകരിക്കുന്ന പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ കരിങ്കാളിമ്മൽ കോളനിയിൽ എന്തെല്ലാം നവീകരണ പ്രവൃത്തികൾ ആണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്;

(സി) ഈ കോളനിയിലെ നവീകരണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം കരിങ്കാളിമ്മൽ കോളനിയേയും 2019-20 സാമ്പത്തിക വർഷം നേരാടിമല കോളനിയെയുമാണ് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) റോഡ് നിർമ്മാണം, കിണർ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഭവന പുനരുദ്ധാരണം, ഫുട്പാത്ത് എന്നീ പ്രവൃത്തികളുടെ 20% മാത്രമാണ് ശേഷിക്കുന്നത്. 2020 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലുവ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

56(2673) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ, ആലുവ മണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1. റോഡ് നിർമ്മാണം.

2. കാന നിർമ്മാണം.

3. സംരക്ഷണ ഭിത്തി നിർമ്മാണം

4. ഭവന പുനഃരുദ്ധാരണം

5. സോളാർ ലൈറ്റ് സ്ഥാപിക്കൽ

(ബി) നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നിർമ്മാണ പുരോഗതി |
|---|---|---|
| 1. | റോഡ് നിർമ്മാണം | 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | കാന നിർമ്മാണം | 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| 3. | സംരക്ഷണ ഭിത്തി നിർമ്മാണം | 80% പ്രവൃത്തി പൂർത്തീകരിച്ചു. |
| 4. | ഭവന പുനരുദ്ധാരണം | പൂർത്തീകരിച്ചു. |
| 5. | സോളാർ ലൈറ്റ് സ്ഥാപിക്കൽ | ആരംഭിച്ചിട്ടില്ല. |

(സി) 2019 ഡിസംബർ 31-നകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെന്മാറ മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

57(2674) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം കോളനികളുടെ നവീകരണ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഈ പദ്ധതികളുടെ നിർവ്വഹണ ചുമതല ഏത് ഉദ്യോഗസ്ഥനെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശഷം നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും പടിക്കൽപാടം, നെന്മാറ പാടം കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | കോളനിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1. | പടിക്കൽ പാടം | റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചു. സംരക്ഷണഭിത്തി (പാടത്തിന്റെ ഭാഗം ഒഴികെ) പ്രവൃത്തി പൂർത്തീകരിച്ചു.<br><br>വാട്ടർടാങ്കിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 2. | നെന്മാറ പാടം | അങ്കണവാടി, ഡ്രെയിനേജ്, റോഡ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. സൈഡ് കോൺക്രീറ്റിംഗ്- പാടത്തിന്റെ ഭാഗം ഒഴികെ പൂർത്തീകരിച്ചു. |

(സി) നിർമ്മാണ ചുമതല പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് നൽകിയിട്ടുള്ളത്. 2020 മാർച്ച് മാസത്തോടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

## ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ ഭവനരഹിതർക്കുള്ള ലാന്റ് ബാങ്ക് പദ്ധതി

58(2675) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതർക്കായി വിഭാവനം ചെയ്ത് നടപ്പാക്കുന്ന ലാന്റ് ബാങ്ക് പദ്ധതികളിൽ ഇടുക്കി ജില്ലയിൽനിന്ന് അർഹരായ എത്ര പേരുടെ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർക്കാണ് സ്ഥലം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഇടുക്കി ഐ.റ്റി.ഡി.പി. ഓഫീസിന്റെ പരിധിയിലുള്ള 34 പേരുടെ 77.47 ഏക്കർ ഭൂമിയും അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിലുള്ള 26 പേരുടെ 54.06 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 60 പേരുടെ 131.53 ഏക്കർ വിൽപ്പനയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ പരിശോധിച്ചതിൽ ഐ.റ്റി.ഡി.പി ഓഫീസ് പരിധിയിൽ ഏഴുപേരുടെ 15.66 ഏക്കറും അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിൽ എട്ട് പേരുടെ 12.32 ഏക്കറും പഞ്ചായത്തുതല കമ്മിറ്റി ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. ജില്ലാ തല കമ്മിറ്റിയുടെ പരിശോധന നടന്നുവരികയാണ്.

(ബി) ആർക്കും തുക അനുവദിച്ചിട്ടില്ല.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

59(2676) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഫീസിബിലിറ്റി ഉള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അവയിൽ ഏതൊക്കെ കോളനികളെയാണ് നവീകരിക്കുന്നത് എന്നുള്ള വിവരം ലഭ്യമാക്കാമോ; രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഏതൊക്കെ കോളനികളെ തിരഞ്ഞെടുത്തിട്ടുണ്ട് എന്നുള്ള വിവരവും അറിയിക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും ആയതിലേയ്ക്കായി കോളനികളെ തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്.

| പഞ്ചായത്ത് | പട്ടികജാതി കോളനി | പട്ടികവർഗ്ഗകോളനി |
|---|---|---|
| കുന്നത്തുകാൽ | 2 | -- |
| വെള്ളറട | 2 | 05 |
| അമ്പൂരി | 2 | 12 |
| കള്ളിക്കാട് | -- | 02 |

(ബി) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയും കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള കോളനി നവീകരണവുമാണ് നിലവിലുള്ളത്. അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നതിന് ടി കോളനിയിൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിരിക്കേണ്ടതും കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്താക്കളിൽ 51%-ൽ അധികം പട്ടികജാതിക്കാരായിരിക്കുകയും വേണം.

സംസ്ഥാനത്ത് ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സാമൂഹിക സാമ്പത്തിക, അടിസ്ഥാന സൗകര്യങ്ങളിലുള്ള വികസന വിടവുകൾ മാനദണ്ഡമാക്കിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കോളനികളെ തെരഞ്ഞെടുക്കുന്നത്.

## ഞാറയ്ക്കൽ മഞ്ഞനക്കാട് കോളനിയിൽ കോർപ്പസ് ഫണ്ട് വിനിയോഗം

60(2677) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഞാറയ്ക്കൽ മഞ്ഞനക്കാട് കോളനിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഞാറയ്ക്കൽ മഞ്ഞനക്കാട് കോളനിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല.

എന്നാൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയാനന്തര കോളനിയുടെ പുനർ നിർമ്മാണത്തിനായി താഴെ പറയുന്ന പ്രവർത്തികൾ ഞാറയ്ക്കൽ മഞ്ഞനക്കാട് കോളനിയിൽ നടപ്പാക്കുന്നതിന് ഏറ്റെടുത്തിട്ടുണ്ട്.

1. ഭവന പുനരുദ്ധാരണം (17 എണ്ണം)

2. ഇലക്ട്രിക്കൽ വയറിംഗ് (9 എണ്ണം)

3. ടോയ്‌ലറ്റ് നവീകരണം (25 എണ്ണം)

4. മണ്ണ് സംരക്ഷണ ഭിത്തി

5. പ്ലംബിംഗ് & സാനിട്ടറി വർക്ക്

പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തടസ്സങ്ങൾ നിലവിലില്ല.

**എർത്ത്ഡാം കോളനിയിലെ ആദിവാസി കുടുംബങ്ങൾക്ക് വീട്**

61(2678) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം എർത്ത്ഡാം കോളനിയിലെ എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എർത്ത്ഡാം കോളനിയിലുള്ള ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കി ഭവനനിർമ്മാണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 38 കുടുംബങ്ങൾക്ക് ഹഡ്കോ ഭവന പദ്ധതി പ്രകാരം ഒന്നാം ഗഡുവായി 52,500 രൂപാ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കൈവശ ഭൂമി കഷ്ടിച്ച് 5 സെന്റ് മാത്രമുള്ള ടി കുടുംബങ്ങൾക്ക് നിലവിൽ ഇവർ താമസിച്ച് വരുന്ന വീടുകൾ പൊളിച്ച് മാറ്റിയാൽ മാത്രമേ പുതിയ വീട് നിർമ്മിക്കാൻ കഴിയുകയുള്ളൂ. ഭവന നിർമ്മാണത്തിന്റെ കാലയളവിൽ മാറ്റി പാർപ്പിക്കാൻ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലാണ് വീട് നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തത്.

(സി) വീടുകൾ പൊളിച്ച് കഴിഞ്ഞാൽ പുതിയ വീട് പണി പൂർത്തീകരിക്കുന്നത് വരെ താൽകാലികമായി താമസിക്കുവാൻ വനംവകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിന് ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഒരു യോഗം 9-11-2019-ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ചങ്ങനാശ്ശേരിയിലെ അംബേദ്ക്കർ സ്വയം പര്യാപ്തഗ്രാമ പദ്ധതി**

62(2679) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി കുറിച്ചി സച്ചിവോത്തമപുരം പട്ടികജാതി കോളനിയും മാടപ്പള്ളി പട്ടികജാതി കോളനിയും സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽപ്പെടുത്തി ഏത് വർഷമാണ് സർക്കാർ ഏറ്റെടുത്തത്;

(ബി) പ്രസ്തുത കോളനികളിൽ ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പദ്ധതികളിൽ ഏതൊക്കെ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുറിച്ചി സച്ചിവോത്തമപുരം പട്ടികജാതി കോളനി (2012-13) മാടപ്പള്ളി പട്ടികജാതി കോളനി (2013-14)

(ബി) കുറിച്ചി സച്ചിവോത്തമപുരം കോളനിയിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ഇപ്രകാരമാണ്.

(1) മൊബൈൽ മോർച്ചറി സ്റ്റോർ

(2) പാർക്ക്

(3) കമ്പ്യൂട്ടർ സെന്റർ

(4) ചുറ്റുമതിൽ

(5) ടെക്സ്റ്റയിൽ സ്റ്റോർ & കട്ടിംഗ് സെന്റർ, വസ്ത്ര നിർമ്മാണ യൂണിറ്റ്

(6) വെൽഡിംഗ് വർക്ക്ഷോപ്പ്

(7)ഫ്ളവർമിൽ

(8) ടോയ്‌ലറ്റ് ബ്ലോക്ക്

മാടപ്പള്ളി പട്ടികജാതി കോളനിയിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(1) നടപ്പാത കോൺക്രീറ്റിംഗ്

(2) റോഡുകളുടെ സംരക്ഷണ ഭിത്തി

(3) വനിത കൾച്ചറൽ സെന്റർ

(4) വെയിറ്റിംഗ് ഷെഡ്

(5) ശ്മശാനം ചുറ്റുമതിൽ

(6) സംരക്ഷണഭിത്തി

(7) 2 കുഴൽ കിണർ

(സി) ഇനിയും ആവശ്യമുള്ള പ്രവൃത്തികൾക്ക് വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള സ്റ്റേറ്റ് ബാക്ക്‌വേർഡ് ക്ലാസ്സസ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ ഓഫീസ്

63(2680) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ബാക്ക്‌വേഡ് ക്ലാസസ്സ് ഡവലപ്പ്‌മെന്റ് കോർപ്പറേഷൻ ഓഫീസ് നാദാപുരത്ത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഓഫീസ് വടകര താലൂക്കിൽ നാദാപുരത്ത് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

## വീരശൈവ വിഭാഗത്തിന് ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ്

64(2681) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പാരമ്പര്യമായി പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച വീരശൈവ വിഭാഗത്തിന് 1996 -ന് ശേഷം ജാതി സർട്ടിഫിക്കറ്റിന് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകുമ്പോൾ മേൽ പറഞ്ഞ വിഭാഗങ്ങൾ റവന്യൂ മാന്വലിൽ ഉൾപ്പെട്ടിട്ടില്ല എന്ന് പറഞ്ഞ് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ഒ. ബി. സി. സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള വീരശൈവ വിഭാഗം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമനമ്പർ 73 ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതോടൊപ്പം യോഗീസ്, യോഗീശ്വര, പൂപ്പണ്ടാരം/ മലപ്പണ്ടാരം, ജംഗം, പണ്ടാരം എന്നീ വിഭാഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. റവന്യൂ മാന്വലിന്റെ അടിസ്ഥാനത്തിലല്ല സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ടത്. KS &SSR Part I ലിസ്റ്റ്- 3 ൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങൾക്കാണ് സംസ്ഥാനത്ത് ഒ.ബി.സി. സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത്.

(ബി) വീരശൈവ വിഭാഗത്തിന് നിലവിൽ ഒ.ബി.സി. സർട്ടിഫിക്കറ്റ് അനുവദിച്ചു വരുന്നുണ്ട്.

## പിന്നാക്ക വിഭാഗക്കാരുടെ ഉന്നമനം

65(2682) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വഴി എത്ര ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമായെന്നതിന്റെ കണക്ക് ലഭ്യമാണോ;

(സി) വിദ്യാസമ്പന്നരായ യുവതീ യുവാക്കൾക്ക് മികച്ച ഉദ്യോഗം കരസ്ഥമാക്കാൻ സഹായിക്കുന്നതിനുള്ള പരിശീലന പരിപാടിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) ഏതൊക്കെ തരത്തിലുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് 3 കേന്ദ്രാവിഷ്കൃത പദ്ധതികളും 11 സംസ്ഥാനാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന വിവിധ വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻവഴി നാളിതുവരെ 145698 ഗുണഭോക്താക്കൾക്കായി 1443.16 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് മികച്ച ഉദ്യോഗം കരസ്ഥമാക്കാൻ സഹായിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം. ആയതിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/NET/JRF, GATE/MAT എന്നീ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്/ബാങ്കിംഗ്/സിവിൽ സർവ്വീസ്.</u>

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ്, സിവിൽ സർവ്വീസ് തുടങ്ങി വിവിധ മത്സര പരീക്ഷാ പരിശീലനം നടത്തുന്ന ഉദ്യോഗാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

2.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകിക്കൊണ്ട് 4.5 ലക്ഷം രൂപ വരുമാന പരിധിയിൽ മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് എന്നിവയ്ക്ക് യഥാക്രമം പരമാവധി 30,000 രൂപ, 20,000 രൂപയും സിവിൽ സർവ്വീസിന് 4.5 ലക്ഷം രൂപ വരുമാന പരിധിയിൽ പരമാവധി 50,000 രൂപയും ധനസഹായം അനുവദിക്കുന്നു.

2. <u>UGC/NET/GATE/MAT/JRF പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ബിരുദാനന്തര ബിരുദ പരീക്ഷ പാസ്സായവർക്ക് UGC/NET/JRF പരീക്ഷകളിൽ പരിശീലനം ലഭ്യമാക്കുന്നതിനും എഞ്ചിനീയറിംഗ്/മാനേജ്മെന്റ് കോഴ്സുകളിലെ ഉപരി പഠനത്തിനുള്ള GATE/MAT പരീക്ഷകളിലും പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കും 2.5 ലക്ഷം രൂപ വാർഷിക വരുമാന പരിധിയിൽ പരമാവധി 25,000 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

(ഡി) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പിന്നാക്ക വിഭാഗ ക്ഷേമത്തിനായുള്ള പദ്ധതികൾ**

66(2683) ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ എന്തെല്ലാം വായ്പാ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) ഭവനരഹിതരായ പിന്നോക്ക വിഭാഗക്കാർക്കായി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള എന്റെ വീട് പദ്ധതി പ്രകാരം എത്ര തുകയാണ് അനുവദിക്കുന്നത്;

(ഡി) പ്രസ്തുത കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് സംരംഭം തുടങ്ങിയ ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾക്ക് സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിന് ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ആവഷ്കരിച്ച പുതിയ പദ്ധതിയാണ് കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി. കൂടാതെ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സിക്കിൾസെൽ അനീമിയ രോഗബാധിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം, പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി വർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗ കുടുംബങ്ങളുടെ വികസനത്തിനുള്ള സ്വയം തൊഴിൽ പദ്ധതി എന്നീ ഘടകങ്ങളും പുതുതായി ആവഷ്കരിച്ചിട്ടുണ്ട്.

(ബി) ഇവർക്കായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു.

(ഡി) ക്രാഫ്റ്റ് വില്ലേജ് പദ്ധതി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പദ്ധതി രേഖ സമർപ്പിക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് പദവി**

67(2685) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് പദവി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അപ്രകാരം ഒരു തീരുമാനം എടുക്കുന്നതിന് ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയിനർ ഫീ നിലവിൽ എത്രയാണ്; വ്യക്തമാക്കുമോ;

(സി) അതിന് പുറമെ ഹൈക്കോടതി സിംഗിൾ /ഡിവിഷൻ /ഫുൾ ബെഞ്ചിൽ ഹാജരാകുന്നതിന് അദ്ദേഹത്തിന് പ്രത്യേക ഫീസ് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്യാബിനറ്റ് പദവി നൽകുന്നതിലൂടെ അഡ്വക്കേറ്റ് ജനറലിന് അധികമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറലായ ശ്രീ. സി.പി. സുധാകര പ്രസാദിന് പ്രസ്തുത പദവി വഹിക്കുന്ന കാലത്തേയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ ക്യാബിനറ്റ് റാങ്കും പദവിയും നൽകി ഉത്തരവായിട്ടുണ്ട്.

(ബി) അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയിനർ ഫീ നിലവിൽ പ്രതിമാസം 2,00,000(രൂപ രണ്ട് ലക്ഷം മാത്രം) രൂപയാണ്.

(സി) ഹൈക്കോടതി സിംഗിൾ ബെഞ്ചിനുമുമ്പാകെ ഹാജരാകുന്നതിന് ഓരോ ഹാജരാകലിനും 3,500 രൂപ വീതവും ഡിവിഷൻ ബഞ്ചിനു മുമ്പാകെ ഹാജരാകുന്നതിന് ഓരോ ഹാജരാകലിനും 7,000 രൂപ വീതവും ഫീസ് നൽകുന്നുണ്ട്.

(ഡി) അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെയാണ് അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് റാങ്കും പദവിയും നൽകിയിട്ടുള്ളത്. അതിനാൽ അധികമായി ആനുകൂല്യങ്ങളൊന്നും അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതാണ്.

**കാലഹരണപ്പെട്ട നിയമങ്ങൾ**

68(2686) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏതൊക്കെയാണ്; പട്ടിക ലഭ്യമാക്കുമോ ;

(ബി) കാലഹരണപ്പെട്ട ഏതൊക്കെ നിയമങ്ങളാണ് ഈ സർക്കാർ റദ്ദ് ചെയ്തിട്ടുള്ളത്; ഇനി ഇത്തരത്തിൽ റദ്ദ് ചെയ്യാൻ ബാക്കിയുള്ള നിയമങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ അടങ്ങുന്ന " List of Enactments Applicable to Kerala as on 1-1-2016" എന്ന പുസ്തകവും 01.01.2016-നുശേഷം കേരള നിയമസഭ നാളിതുവരെ പാസ്സാക്കിയിട്ടുള്ള നിയമങ്ങളുടെ പട്ടികയും 1-1-2016-നുശേഷം പാർലമെന്റ് പാസ്സാക്കിയതും കേരള സംസ്ഥാനത്തിന് ബാധകമായതുമായ നിയമങ്ങളുടെ പട്ടികയും അനുബന്ധമായി* ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലഹരണപ്പെട്ട നിയമങ്ങൾ ഒന്നുംതന്നെ റദ്ദാക്കിയിട്ടില്ല; എന്നാൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രയോഗത്തിൽ ഇല്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതുമായ 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയത് നിയമസഭയുടെ പരിഗണനയിലുള്ളതുമാണ്. കേരള സംസ്ഥാനത്ത് നിലവിലുള്ള കാലഹരണപ്പെട്ട 15 ആക്ടുകൾ റദ്ദാക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം വകുപ്പിൽ പരിശോധിച്ച് വരികയാണ്. കാലഹരണപ്പെട്ടതും ആവശ്യമില്ലാത്തതും റദ്ദാക്കേണ്ടതുമായ ആക്ടുകൾ പരിശോധിക്കുന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംബന്ധിച്ചും നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ആവശ്യമായ പുതിയ നിർമ്മാണങ്ങൾ സംബന്ധിച്ചും ശിപാർശകൾ സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ.ടി. തോമസ് അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## നോട്ടറിമാരുടെ നിയമനം

69(2687) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ടറിമാരുടെ നിയനം എപ്രകാരമാണ് നടത്തുന്നത് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നോട്ടറിമാരുടെ നിയമനം നടന്നിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ നോട്ടറി നിയമനത്തിന് ലിസ്റ്റ് എന്തെങ്കിലും നിലവിലുണ്ടോ ;

(ഡി) നിലവിലെ ഒഴിവുകളിലേയ്ക്ക് എപ്പോൾ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 1952-ലെ നോട്ടറീസ് ആക്ടിലേയും 1956-ലെ നോട്ടറീസ് ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ചാണ് സംസ്ഥാനത്ത് നോട്ടറി നിയമനം നടത്തുന്നത്.

(ബി) ഉണ്ട്. രണ്ടുപേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൊല്ലം താലൂക്കിൽ ശ്രീ. പി. എൻ. ഗോപിനാഥൻ നായർ, വടകര താലൂക്കിൽ ശ്രീമതി ബിന്ദു കുയ്യാലിൽ എന്നിവർക്ക് യഥാക്രമം 28/07/2016, 21/12/2017 തീയതി പ്രാബല്യത്തിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) നോട്ടറി നിയമനത്തിന് ലിസ്റ്റ് നിലവിലില്ല.

(ഡി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് എത്രയുംവേഗം നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്. 23-8-2018-ലെ GSR 815 (E)-ാം നമ്പർ കേന്ദ്ര വിജ്ഞാപന പ്രകാരം സംസ്ഥാന സർക്കാരിനാൽ നിയമിക്കപ്പെടാവുന്ന നോട്ടറിമാരുടെ എണ്ണം 1000-ൽ നിന്ന് 1250 ആയി ഉയർത്തിയിട്ടുണ്ട്. അപ്രകാരം വർദ്ധിപ്പിച്ച 250 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## വിദ്യാർത്ഥികളിൽ നിയമാവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

70(2688) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ നിയമാവബോധം സൃഷ്ടിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിയമ വകുപ്പ് നടപ്പിലാക്കി വരുന്നത്; വിശദവിവരം അറിയിക്കുമോ;

(ബി) കൂടുതൽ നിയമപാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) വിദ്യാർത്ഥികളിൽ ഉയർന്ന നിയമബോധം സൃഷ്ടിക്കുന്നതിന് കൂടുതൽ നൂതനമായ പദ്ധതികൾ നടപ്പിലാക്കുമോ;

(ഡി) വിദ്യാർത്ഥികളിലെ പാർലമെന്ററി -ജനാധിപത്യാവബോധം വളർത്തുന്നതിന് കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കുമോ; ഭരണഘടനാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുമോ; വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും നിയമപാഠം എന്ന പേരിലും സി.ബി.എസ്.സി. വിദ്യാർത്ഥികൾക്ക് 'Lessons in Law' എന്ന പേരിലും 3 പുസ്തകങ്ങൾ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി പ്രസിദ്ധീകരിച്ച് വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. സ്കൂൾ തലത്തിലും താലൂക്ക് തലത്തിലും ജില്ലാ സംസ്ഥാന തലത്തിലും നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി Higher Secondary വിദ്യാർത്ഥികൾക്കായി Quiz competition നടത്തി വരുന്നുണ്ട്. എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും സാമൂഹ്യപാഠ അദ്ധ്യാപകർക്ക് നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി പരിശീലനം കൊടുത്ത് അവരെക്കൊണ്ട് കുട്ടികൾക്ക് ക്ലാസ്സുകൾ നൽകി വർഷാവസാനം പരീക്ഷകൾ നടത്തുന്നുമുണ്ട്. ഇവ കൂടാതെ 400-ൽപരം സ്കൂളുകളിൽ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ Legal Literacy Club കളും പ്രവർത്തിച്ചു വരുന്നു.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മനുഷ്യാവകാശ ക്ലബ്ബുകൾ രൂപീകരിക്കുക, കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 25 സ്കൂളുകളിലും 25 കോളേജുകളിലും മനുഷ്യാവകാശ സംരക്ഷണ നിയമങ്ങളെപ്പറ്റിയുള്ള ബോധവത്കരണ സെമിനാറുകൾ നടത്തുക, പിന്നാക്കവസ്ഥയിലുള്ള പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന 25 സ്കൂളുകളിൽ സെമിനാറുകൾ നടത്തുക എന്നിവ സംബന്ധിച്ച കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ നടപ്പിൽ വരുത്തുന്നകാര്യം വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ബി) നിയമപാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(സി) വിദ്യാർത്ഥികളിൽ നിയമബോധം സൃഷ്ടിക്കുന്നതിന് കൂടുതൽ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങൾ സ്കൂൾ നിയമപാഠത്തിൽ ഇപ്പോൾ തന്നെ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളിൽ പാർലമെന്ററി ജനാധിപത്യ അവബോധം വളർത്തുന്നതിന് പാർലമെന്ററികാര്യവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യുക്കേഷൻ ക്ലബ്ബ് എന്നിവ നടത്തി വരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ പാർലമെന്റ്, സെമിനാർ എന്നിവയും സംഘടിപ്പിച്ചു വരുന്നു. മോഡൽ പാർലമെന്റിൽ സംസ്ഥാന തലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചു വരുന്നുണ്ട്.

### ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

71(2689) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിക്കായി സർക്കാർ ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാറിന്റെ വ്യവസ്ഥകൾ നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ചെയ്യുന്ന കാര്യങ്ങൾ കരാർ പ്രകാരം അസാധുവാകുമോ ;

(സി) എങ്കിൽ ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പ് കരാർ നൽകുമ്പോൾ സർക്കാർ വ്യവസ്ഥകൾക്ക് വിപരീതമായി 50 മുതൽ 60 ശതമാനം വരെ ഉയർന്ന നിരക്കിൽ കരാർ നൽകുന്നത് നിയമവിരുദ്ധമാണോ?

ഉത്തരം

(എ) ധനകാര്യ (ഇൻഫ്രാ) വകുപ്പ് കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി പൊതുവായി രൂപീകരിച്ച ത്രികക്ഷി കരാറിന്റെ മാതൃക നിയമവകുപ്പ് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22-6-2017-ൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് G.O (Ms) No. 306/2017/Fin- ൽ ലഭ്യമാക്കിയിരിക്കുന്ന മാതൃകയിലാണ് ടി പദ്ധതിയുടെ കരാർ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

(ബി) അസാധുവാകും.

(സി) കിഫ്ബി പദ്ധതികൾക്കായി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരം കിഫ്ബി അംഗീകരിച്ച പ്രവൃത്തികൾക്ക് കേരള സർക്കാർ/കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായ മത്സരാധിഷ്ഠിതമായ ടെണ്ടർ നടപടിക്രമങ്ങളിലൂടെ കരാറുകാരെ തെരഞ്ഞെടുക്കേണ്ടതാണ്. 24.02.2018-ലെ സ.ഉ (കൈ)നമ്പർ 69/2018/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കിഫ്ബി മാനദണ്ഡങ്ങളിലെ വകുപ്പ് 7.2.1 പ്രകാരം ടെണ്ടർ അംഗീകരിക്കേണ്ട ചുമതല കെ.എസ്.ഇ.ബോർഡിൽ നിക്ഷിപ്തമാണ്.

**കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ**

72(2690) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. മുകേഷ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നൂറ് കോടി ചെലവിൽ അന്താരാഷ്ട്ര ചലച്ചിത്രമേളക്കുള്ള സ്ഥിരം വേദി നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; സ്ഥിരം വേദി എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കേരള സംസ്കാര മ്യൂസിയം പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ ശൃംഖല വിപുലീകരിക്കാൻ നടത്തിയ പ്രവർത്തനം അറിയിക്കാമോ; പുതിയവ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി</u>

കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രമുഖ നവോത്ഥാന സാംസ്കാരിക നായകന്മാരുടെ പേരിൽ ഓരോ ജില്ലയിലും ഏകദേശം 50 കോടി രൂപ ചെലവിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുകായെന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണം കേരളത്തിലെ വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിക്കായി പാലക്കാട്, കൊല്ലം, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഭൂമി ലഭ്യമായിട്ടുണ്ട്. ഇതിൽ മൂന്ന് ജില്ലകളിൽ (പാലക്കാട്, കൊല്ലം, കാസർഗോഡ്) ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. അതിൽ മലപ്പുറം, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ എന്നീ ജില്ലകളിൽ ഭൂമി കൈമാറ്റ നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിൽ കോഴിക്കോട് ജില്ലയിൽ കണ്ടെത്തിയ സ്ഥലത്ത് ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, സാംസ്കാരിക വകുപ്പിന്റെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ പദ്ധതിക്കായി ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്.

2. <u>ചിത്രാഞ്ജലി സ്റ്റുഡിയോയെ ഫിലിം സിറ്റിയായി മാറ്റുന്ന പദ്ധതി</u>

പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

3. തിരുവനന്തപുരം ജില്ലയിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി

തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കുന്നതിനുവേണ്ടി കഴക്കൂട്ടത്തെ കിൻഫ്രാ പാർക്കിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുടെ 5.5 ഏക്കർ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിച്ചിട്ടുണ്ട്. ടി സ്ഥലം കേരള സംസ്ഥാന ചലചിത്ര അക്കാദമിയ്ക്ക് ലഭ്യമാക്കുന്നതിനായി ഫെസ്റ്റിവൽ കോംപ്ലക്സിന്റെ പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ കിൻഫ്രയ്ക്ക് അക്കാദമി നൽകിയിട്ടുണ്ട്.

4. തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി

കായംകുളത്ത് തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. അളഗപ്പനഗറിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ഉടൻ തന്നെ കരാറിൽ ഏർപ്പെടുന്നതാണ്. പേരാമ്പ്ര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ ലഭിച്ച L1 ബിഡ്ഡറുടെ ടെണ്ടർ തുക ഡി. പി ആർ പ്രകാരമുള്ള എസ്റ്റിമേറ്റിനേക്കാൾ അധികരിച്ചതിനാൽ ടെണ്ടർ എക്സസ് അംഗീകരിച്ച് ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കുന്നതിനുവേണ്ടി കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുടെ 5.5 ഏക്കർ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിച്ചിട്ടുണ്ട്. ടി സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് ലഭ്യമാക്കുന്നതിനായി ഫെസ്റ്റിവൽ കോംപ്ലക്സിന്റെ പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ കിൻഫ്രയ്ക്ക് അക്കാദമി നൽകിയിട്ടുണ്ട്.

(സി) കേരള സംസ്കാര മ്യൂസിയം പദ്ധതിക്ക് ആവശ്യമായ സ്റ്റോറി ബോർഡ് തയ്യാറാക്കാനായി രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റോറി ബോർഡ് കമ്മിറ്റിയെ സഹായിക്കാൻ ഒരു മ്യൂസിയം ക്യൂറേറ്ററേയും അഞ്ച് ഗവേഷണ ബിരുദധാരികളായ പ്രോജക്ട് ഫെലോമാരേയും ഉടൻ തെരഞ്ഞെടുത്ത് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017-ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നോർത്ത് പരവൂരിലേയും ചിറ്റൂരിലേയും ചിത്രാഞ്ജലി തിയേറ്ററുകൾ വിഭജിച്ച് കൈരളി, ശ്രീ എന്ന പേരിൽ

രണ്ട് തിയേറ്ററുകളാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 2019-ൽ തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ ലെനിൻ സിനിമാസ് എന്ന പേരിൽ ഒരു അത്യാധുനിക തിയേറ്റർ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം, അളഗപ്പനഗർ, പേരാമ്പ്ര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

73(2691) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് നവീനവും ഫലപ്രദവുമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക കലാപരിശീലനം ലക്ഷ്യമാക്കിയും ക്ലാസ്സിക്കൽ, ലളിതകല, അഭിനയകല, നാടൻകലാ വിഭാഗങ്ങളിലായി 46-ൽപ്പരം വിവിധ കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി തുടങ്ങിയ ബൃഹത് പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട യുവകലാകാരന്മാർക്ക് 10,000 രൂപ സാംസ്കാരിക വകുപ്പും 5,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫെലോഷിപ്പ് നൽകുന്നു. 2018 മാർച്ച് മുതൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കപ്പെട്ട കലാകാരന്മാർ ആയിരത്തിൽപ്പരം കലാപരിശീലന കേന്ദ്രങ്ങൾ മുഖേന കലാപരിശീലനം നൽകി വരുന്നു.

കേരള സംസ്കാരം സംബന്ധിച്ച് സംസ്ഥാനത്തിന് അകത്തും പുറത്തും പ്രചാരം നൽകുന്നതിനായി കേരള സംസ്കാര വ്യാപനമെന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. തെലുങ്കാന, ന്യൂഡൽഹി എന്നിവിടങ്ങളിൽ സംഘടിപ്പിച്ച സാംസ്കാരിക വിനിമയ പരിപാടികൾ, വകുപ്പിന്റെ വെബ്സൈറ്റ് വഴിയുള്ള പ്രചരണ പരിപാടികൾ എന്നിവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നു.

എല്ലാ ജില്ലകളിലും ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ നവോത്ഥാന സാംസ്കാരിക നായകന്മാരുടെ പേരിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഗ്യാലറി, പുസ്തകശാലകൾ, സെമിനാർ ഹാൾ, ശില്പികൾക്കും കരകൗശല വിദ്യക്കാർക്കുമുള്ള പണിശാലകൾ, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കുമുള്ള ഹ്രസ്വകാല താമസ സൗകര്യങ്ങൾ തുടങ്ങിയവ അടങ്ങുന്നതാണ് ഈ സമുച്ചയങ്ങൾ. കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാരെ ചുമതലപ്പെടുത്തുന്ന ഘട്ടത്തിലാണിപ്പോൾ. മറ്റ് ജില്ലകളിൽ ഭൂമി കൈമാറ്റ നടപടികൾ പുരോഗമിക്കുന്നു.

കേരളത്തിലങ്ങോളമിങ്ങോളമുള്ള മ്യൂസിയങ്ങളെ ശൃംഖലയിലുൾപ്പെടുത്തി ഒരു കേരള സംസ്കാര മ്യൂസിയം സ്ഥാപിക്കാനുമുള്ള പദ്ധതി പുരോഗമിച്ചു വരുന്നു.

കേരളത്തിലെ തെരഞ്ഞെടുത്ത 20 പൈതൃക ഗ്രാമങ്ങളെ കലാകരകൗശല തൊഴിൽ മേഖലകളിലെ ഹബ്ബുകളാക്കി വിപണന, തൊഴിൽ സാധ്യത പരിപോഷിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ കലാകരകൗശല പൈതൃകത്തെ സംരക്ഷിക്കുകയും ഈ രംഗത്തുള്ളവർക്ക് ഉപജീവനം സാദ്ധ്യമാക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ഗ്രാമങ്ങളിലും പട്ടണങ്ങളിലും സാംസ്കാരിക വിനിമയം നടത്താൻ പാകത്തിന് പൊതു ഇടങ്ങൾ കണ്ടെത്തി 'നാട്ടരങ്ങ്' സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സാംസ്കാരിക സമ്പന്നത പ്രയോജനപ്പെടുത്തി ഗെയിമിംഗ് ആനിമേഷൻ വെർച്വൽ ഇഫക്ട് സാങ്കേതിക വിദ്യയിൽ കേന്ദ്രീകരിച്ച പ്രവർത്തിക്കുന്ന ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കി വരുന്നു.

രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം "രക്തസാക്ഷ്യം 2018" എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളോടെ സംസ്ഥാനത്തൊട്ടാകെ ആചരിച്ചു. രക്തസാക്ഷ്യത്തോടനുബന്ധിച്ച് പാലക്കാട് ജില്ലയിലെ ചരിത്രപ്രസിദ്ധമായ ശബരി ആശ്രമത്തിന്റെ പുനർ നിർമ്മാണത്തിനുള്ള ധനസഹായം, സംസ്ഥാന തലത്തിൽ 4 കേന്ദ്രങ്ങളിൽ-ദേശീയ സെമിനാർ, കലാസാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, മത്സരങ്ങൾ, കലാജാഥ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ല വിളംബരത്തിന്റെ 100-ാം വാർഷികം സംസ്ഥാനത്ത് ആറായിരത്തോളം കേന്ദ്രങ്ങളിൽ സെമിനാറുകൾ, പ്രദർശനങ്ങൾ, കലാപരിപാടികൾ എന്നിവയോടെ സംഘടിപ്പിച്ചു. ഇതിന്റെ

ഭാഗമായി ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം 'വിവേകാനന്ദ സ്പർശം' എന്ന പേരിൽ സംഘടിപ്പിച്ചു.

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ വാർഷികം വിപുലമായി ആഘോഷിക്കുന്നതിന് സാംസ്കാരിക വകുപ്പും വിവര പൊതുജന സമ്പർക്ക വകുപ്പ്, പുരാവസ്തു, പുരാരേഖ വകുപ്പുകൾ ചേർന്ന് വിവിധ പരിപാടികൾ 2018 നവംബർ 10 മുതൽ 12 വരെ തിരുവനന്തപുരത്ത് വി.ജെ.ടി. ഹാളിലും മറ്റ് ജില്ലകളിൽ ജില്ലാ ആസ്ഥാനങ്ങളിലും സംഘടിപ്പിച്ചു. ചരിത്ര പ്രദർശനം, ചരിത്രകാരന്മാരുടേയും സാമൂഹ്യ പ്രവർത്തകരുടേയും മാധ്യമ പ്രവർത്തകരുടേയും പങ്കാളിത്തമുള്ള ചെറിയ പ്രഭാഷണങ്ങൾ, ഡോക്യുമെന്ററി പ്രദർശനം എന്നിവ ഉൾപ്പെടെ സംഘടിപ്പിച്ചു.

സാംസ്കാരിക വകുപ്പിനെ സഹായിക്കാനും സാംസ്കാരിക സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ ഏകീകരണവും സമന്വയവും സാധ്യമാക്കുന്നതിനുമായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചു. സർക്കാർ അധികാരത്തിൽ വന്നശേഷം കലാകാര പെൻഷൻ കൂടുതൽ ആകർഷകമാക്കി നടപ്പിലാക്കി. പെൻഷൻ തുക 750 രൂപയിൽ നിന്നും 1500 രൂപയാക്കി വർദ്ധിപ്പിച്ചു. കലാകാരന്മാർക്കുള്ള ചികിത്സാ സഹായ പദ്ധതി പരിഷ്കരിച്ച് വരുമാനപരിധി ഒരു ലക്ഷം രൂപയാക്കിയും പരമാവധി സഹായം ഒരു ലക്ഷം രൂപയാക്കിയും വർദ്ധിപ്പിച്ചു.

കെ.എസ്.എഫ്.ഡി.സി.-യുടെ നോർത്ത് പറവൂരിലേയും ചിറ്റൂരിലേയും ചിത്രാഞ്ജലി തിയേറ്ററുകൾ വിഭജിച്ച് കൈരളി, ശ്രീ എന്ന പേരിൽ രണ്ട് വീതം തിയേറ്ററുകളാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 2019-ൽ തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ ലെനിൻ സിനിമാസ് എന്ന പേരിൽ ഒരു അത്യാധുനിക തിയേറ്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ KIIFB യുടെ സാമ്പത്തിക സഹായത്തോടെ സിനിമാ തീയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ പയ്യന്നൂർ, പേരാമ്പ്ര, അളഗപ്പനഗർ, കായംകുളം എന്നിവിടങ്ങളിൽ ടെണ്ടർ നടപടിയായി. ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കുന്നതിന്റേയും ചലചിത്ര മേളയ്ക്ക് സ്ഥിരം വേദി നിർമ്മിക്കുന്നതിന്റേയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സാംസ്കാരികകാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചലച്ചിത്ര അക്കാദമി മലയാള സിനിമയ്ക്ക് 90 വയസ്സ് തികഞ്ഞ 2018-ൽ മലയാള ചലച്ചിത്ര പൈതൃകം വരുംതലമുറയ്ക്കുവേണ്ടി സംരക്ഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു ചലച്ചിത്ര ഗവേഷണകേന്ദ്രം സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച്

ആന്റ് ആർക്കൈവ്സ് (സിഫ്ര) എന്ന പേരിൽ കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ആരംഭിച്ചു. 3000-ത്തോളം മലയാള സിനിമകൾ ശേഖരിച്ച് അവിടെ സൂക്ഷിച്ചു വച്ചിരിക്കുന്നു. നല്ല സിനിമകളെ നാട്ടിൻപുറങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടൂറിംഗ് ടാക്കീസ് മേഖലാ കേന്ദ്രങ്ങൾ തുറന്നു. കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്രപുരസ്കാരമായ ജെ. സി. ഡാനിയേൽ അവാർഡിന്റെ സമ്മാനത്തുക ഒരു ലക്ഷത്തിൽ നിന്ന് അഞ്ചു ലക്ഷമായി ഉയർത്തി. രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വ ചലച്ചിത്രമേളയായ ഐ.ഡി.എസ്.എഫ്.എഫ്.കെ.-യിലെ സമ്മാനത്തുക ഗണ്യമായി വർദ്ധിപ്പിച്ച് ഡോക്യുമെന്ററി ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുന്നവർക്ക് പ്രോൽസാഹനം നൽകി. വിദ്യാർത്ഥികൾക്കായി എല്ലാ മധ്യവേനലവധിക്കാലത്തും ചലചിത്രാസ്വാദന ക്യാമ്പുകൾ നടത്തി.

കേരള സാഹിത്യ അക്കാദമി കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം പണി പൂർത്തീകരിച്ച് സാഹിത്യാസ്വാദകർക്കായി തുറന്നു കൊടുത്തു. കടലെഴുത്തുകൾ എന്ന പേരിൽ മത്സ്യബന്ധന തൊഴിലാളികളെ ഉൾപ്പെടുത്തിയ ശിൽപശാല, എഴുത്തുകാരികളുടെ സംഗമം (ഇതിൽ ട്രാൻസ്ജെൻഡറുകൾക്കും പങ്കാളിത്തമുറപ്പാക്കി), പ്രളയാനന്തര കേരളത്തെ സഹായിക്കാൻ വീണ്ടെടുപ്പ് പദ്ധതി എന്നിവ നടപ്പിലാക്കി.

സാംസ്കാരിക പ്രബുദ്ധതയാർന്നതും ജാതിമത ചിന്തകൾക്കതീതമായ ഒരു നവ സമൂഹനിർമ്മിതിക്കും നിലനിൽപ്പിനും പ്രയോജനപ്രദമാകുംവിധം കലാസാഹിത്യ സാംസ്കാരിക ഇടപെടൽ നടത്തുന്നതിനും യുവജനങ്ങളായവരും വളർന്നു വരുന്നവരുമായ കലാപ്രതിഭകൾക്ക് അവസരം നൽകുന്നതിനുമായി ലക്ഷ്യം വയ്ക്കുന്ന ഒരു സമഗ്ര വേദിയായിട്ടാണ് വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ നേതൃത്വത്തിൽ സംസ്കൃതി സാംസ്കാരികോത്സവം എന്ന പരിവാടി നടത്തുന്നത്. തികച്ചും വ്യത്യസ്തവും വിഭിന്നവും നൂതനവുമായ കലാരൂപങ്ങളുടെ അവതരണവും കാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള സെമിനാറുകളും ഫെസ്റ്റിന്റെ ആകർഷണങ്ങളാണ്. പ്രസ്തുത പരിപാടി ഇപ്പോൾ ഒരു മാസത്തിൽ 4 മുതൽ 5 ദിവസം വരെ നീണ്ടു നിൽക്കുന്ന സംസ്കൃതി സാംസ്കാരികോത്സവം എന്ന പേരിൽ പ്രതിമാസ പരിപാടിയായി സംഘടിപ്പിച്ച് വരുന്നു. സംസ്കൃതി സാംസ്കാരികോത്സവത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തി വരുന്നു. 1) അവധിക്കാല ക്യാമ്പ്-മാമ്പഴക്കാലം, 2) മുദ്ര നൃത്തോത്സവം, 3) ഉണർവ്-മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ 4) കാവ്യസായാഹ്നം & കഥാവേള 5) താളമഹോത്സവം, 6) ചിലങ്ക നൃത്തോത്സവം

7) നാടകോത്സവം 8) തിരക്കഥാരചന/ഗാനരചനാ ക്യാമ്പ് 9) അക്ഷരശ്ലോക സദസ്സ് 10) മലയാളത്തിലെ ശ്രേഷ്ഠരായ കവികളുടെ അനുസ്മരണം 11) രബീന്ദ്രസംഗീതം 12) സോപാന സംഗീതോത്സവം 13) സ്വാതിസ്വര രാഗമഹോത്സവം 14) സംയുക്ത സാംസ്കാരിക പരിപാടികൾ 15) പൊയട്രി ഇൻസ്റ്റലേഷൻ/കാവ്യദൃശ്യാവിഷ്കാരം-ലോക പ്രശസ്തമായതും ആഗോളതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടതുമായ നാല് കവിതകൾക്ക് ശബ്ദവും രൂപവും നൽകി ആസ്വാദനത്തിന്റെ പുതിയൊരു തലം സൃഷ്ടിച്ച് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ പൊയട്രി ഇൻസ്റ്റലേഷൻ (കാവ്യശില്പപ്രദർശനം) സംഘടിപ്പിച്ചു. ശില്പകലയും കവിതയും ഇഴുകിച്ചേരുന്ന ഇന്നിന്റെ കലയായ പൊയട്രി ഇൻസ്റ്റലേഷനിൽ ആസ്വാദകർക്ക് കവിതയുടെ അനന്ത സാധ്യതകളിലൂടെയുള്ള ഒരു സഞ്ചാര അനുഭവമായി മാറുന്നു. ആദ്യമായാണ് സംസ്ഥാന സർക്കാർ സാംസ്കാരിക വകുപ്പിൻ കീഴിൽ ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്.

1921-ലെ മലബാർ മഹാസമരവുമായി ബന്ധപ്പെട്ട ഫോട്ടോ ഗ്യാലറി, കെ. കെ. മുഹമ്മദ് അബ്ദുൾകരീം സ്മാരക അറബിമലയാളം ഗവേഷണ ഗ്രന്ഥാലയം എന്നിവ നവീകരിച്ചു. പുരാരേഖ ഗ്യാലറി, കൊണ്ടോട്ടി നേർച്ച ഗ്യാലറി, ചരിത്ര സാംസ്കാരിക മ്യൂസിയം, ടി. എ റസാഖ് ഓഡിയോ വിഷ്വൽ തിയേറ്റർ, റിക്കാർഡിംഗ് തിയേറ്റർ മുപ്പതിനായിരം മാപ്പിളപ്പാട്ടുകളുടെ ശേഖരമുള്ള മ്യൂസിക്കൽ ആർക്കൈവ്സ്, മാനവീയം വേദി, മാനവീയം മക്കാനി എന്നിവ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചു.

കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ പ്രളയക്കെടുതിയിൽപ്പെട്ടവരുടെ നനഞ്ഞു കുതിർന്നതും കേടുപാടുകൾ സംഭവിച്ചതുമായ രേഖകൾ ശാസ്ത്രീയമായി സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കി നൽകുന്നതിനുള്ള കർമ്മപരിപാടികൾ തൃപ്പൂണ്ണിത്തുറയിലെ പൈതൃക പഠനകേന്ദ്രം ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്. 2018-ലെ പ്രളയദുരിതത്തിൽപ്പെട്ടവരുടെ ഭൂസംബന്ധമായ രേഖകൾ, ധനവിനിമയ രേഖകൾ, വിവിധ സർട്ടിഫിക്കറ്റുകൾ, ബാങ്ക് രേഖകൾ എന്നിവ ഇത്തരത്തിൽ ശാസ്ത്രീയ സംരക്ഷണം നൽകി തിരിച്ചു നൽകി. 2019-ലെ വെള്ളപ്പൊക്കത്തിൽപ്പെട്ടവരുടെ രേഖകൾ സംരക്ഷിക്കുന്ന പദ്ധതി കേരള പുരാവസ്തു വകുപ്പുമായി സഹകരിച്ച് കോഴിക്കോട് പഴശ്ശിരാജ മ്യൂസിയത്തിൽ നടത്തി വരുന്നു. കേരള ചരിത്രത്തിന്റെ അറിയപ്പെടാത്ത മേഖലകളിലേയ്ക്ക് വെളിച്ചം വീശുന്ന ലിഖിതങ്ങൾ കണ്ടെത്തി. ചരിത്ര-പുരാലിഖിത മേഖലകളിലെ വിദഗ്ദ്ധരുടേയും ഗവേഷകരുടേയും സഹായത്തിൽ ലിഖിതങ്ങളുടെ മുദ്രപകർപ്പുകൾ തയ്യാറാക്കി ലിഖിതപാഠം നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തനങ്ങൾ കാര്യമായി നടക്കാത്ത മലബാറിലെ വിവിധ

ഭാഗങ്ങളിൽ ലഭ്യമായിട്ടുള്ള ലിഖിതങ്ങളുടെ ശേഖരണവും പ്രസിദ്ധീകരണവുമാണ് പഠനകേന്ദ്രം ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ആദ്യപടിയായി മലനാട്ടു തിരുപ്പതി ലിഖിതങ്ങൾ പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്.

ഭാരതീയ ചികിത്സാപൈതൃകത്തിന്റെ പഠനവും രേഖാപ്രദർശനവും ഉൾപ്പെടുന്ന ഒരു പദ്ധതി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തിട്ടുണ്ട്. ആയൂർവേദ ചികിത്സാ സമ്പ്രദായത്തെക്കുറിച്ച് ഇതുവരെ അറിയപ്പെട്ടിട്ടില്ലാത്ത ഒട്ടനവധി വസ്തുതകൾ ശേഖരിച്ച് രേഖപ്പെടുത്തി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും ഉപയോഗപ്രദമായ രീതിയിൽ ഒരുക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സ്കൂൾ കുട്ടികൾക്ക് കലാപരമായ പ്രോത്സാഹനം നൽകുന്നതിനും അവരിലെ പ്രതിഭകളെ കണ്ടെത്തുകായെന്ന ഉദ്ദേശ്യത്തോടെയും കേരള സ്റ്റേറ്റ് ജവഹർ ബാലഭൻ 2019 ജനുവരിയിൽ തിരുവനന്തപുരം ജില്ലയിലെ സ്കൂൾകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ബാലമേള നടത്തുകയുണ്ടായി. അന്താരാഷ്ട്ര നിലവാരമുള്ള കുട്ടികളുടെ തീയേറ്റർ പണി പുരോഗമിച്ചു വരുന്നു. സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ നിന്നും 15,22,250 രൂപ ഇതിനായി ചെലവഴിക്കുകയുണ്ടായി.

പന്തിഭോജനത്തിന്റെ നൂറാം വാർഷികത്തിനോടനുബന്ധിച്ച് പത്തു ദിവസം നീണ്ടുനിൽക്കുന്ന ചിത്രകലാ ക്യാമ്പ്, പന്തിഭോജനം, പ്രഭാഷണ പരമ്പരകൾ, കലാസാംസ്കാരിക പരിപാടികൾ തുടങ്ങിയവ കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ലളിതകലാ അക്കാദമിയുടെ സഹകരണത്തോടെ പരിയാരം മെഡിക്കൽ കോളേജിൽ ആർട്ട് ഗ്യാലറി പ്രവർത്തനം ആരംഭിച്ചു. കേരള ലളിതകലാ അക്കാദമിയുടെ കായംകുളം കാർട്ടൂണിസ്റ്റ് ശങ്കർ മ്യൂസിയത്തിന്റെ ഒരു ഭാഗം നവീകരിച്ച് ഒരുക്കിയ ആർട്ട് ഗ്യാലറിയുടെ പ്രവർത്തനം ആരംഭിച്ചു. നവോത്ഥാന മൂല്യങ്ങളെ തിരിച്ചു പിടിക്കാൻ കേരള ലളിതകലാ അക്കാദമി ജനുവരി ഒന്നിന് തിരുവനന്തപുരത്തും തലശ്ശേരി ടൗണിലും വനിതാ ചിത്രമതിലൊരുക്കി. 'ധ്വനി' ഏകദിന നവോത്ഥാന ചിത്രകലാ ക്യാമ്പ് തിരുവനന്തപുരം മാനവീയം വീഥി പരിസരത്ത് നടന്നു. നവോത്ഥാന ആശയങ്ങളുടെ പ്രചരണാർത്ഥം 'കലയുടെ ദർബാർ' എന്ന പേരിൽ അക്കാദമിയുടെ വിവിധ ഗ്യാലറികളിൽ പ്രതിമാസ പരിപാടികൾ സംഘടിപ്പിച്ചു. ചലച്ചിത്രകാരനായ അടൂർ ഗോപാലകൃഷ്ണനെതിരായ വർഗ്ഗീയ ശക്തികളുടെ നീക്കങ്ങളിൽ പ്രതിഷേധിക്കുന്നതിനും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുമായി 'പ്രതിരോധത്തിന്റെ കല' എന്ന പേരിൽ കേരള ലളിതകലാ അക്കാദമി തൽസമയ ചിത്രരചന സംഘടിപ്പിച്ചു.

കലാ-സാഹിത്യ സാംസ്കാരിക ചലച്ചിത്ര പ്രമുഖർ ഒത്തുചേരുന്ന സാംസ്കാരിക മഹാസംഗമവും സംഘടിപ്പിച്ചു.

ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം ഗുരുവിന്റെ ഗൃഹസ്ഥശിഷ്യനും നവോത്ഥാന ചരിത്രത്തിലെ വിപ്ലവ നക്ഷത്രവുമായിരുന്ന സഹോദരൻ അയ്യപ്പൻ സാമൂഹിക സമത്വത്തിനുവേണ്ടി നടത്തിയ പന്തിഭോജനത്തിന്റെ 100-ാം വാർഷികം പന്തിഭോജനസ്മൃതി സംഗമമായി കേരളത്തിലെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചു. ശ്രീനാരായണഗുരുവിനെ സംബന്ധിച്ച് മതനിരപേക്ഷ മായെഴുതപ്പെടുന്ന പുസ്തകത്തിന് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഉൾപ്പെടുന്ന ശ്രീനാരായണ അന്തർദേശീയ പുരസ്കാരം ഏർപ്പെടുത്തി.

മലയാളം മിഷൻ പ്രവാസി മലയാളികൾ കൂടുതലുള്ള വിവിധ പ്രദേശങ്ങളിൽ മലയാളം മിഷൻ ചാപ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം വിപുലീകരിച്ചു. മലയാളം മിഷന്റെ നേതൃത്വത്തിൽ ലോകമെമ്പാടുമുള്ള മലയാളികളെ സംഘടിപ്പിച്ചുകൊണ്ട് 2018 നവംബർ 1 മുതൽ ഒരാഴ്ചക്കാലം ലോകമലയാളവാരാചരണമായി ആചരിച്ചു. 'ഭൂമിമലയാളം' എന്നുപേരിട്ട പദ്ധതിയിൽ ഏഴ് ഭൂഖണ്ഡങ്ങളിലേയും 2 ലക്ഷത്തിലധികം മലയാളികൾ പങ്കെടുത്തു. മലയാളം പഠിക്കുവാൻ ആഗ്രഹിക്കുന്ന ആർക്കും മലയാളം പഠിക്കുന്നതിനുവേണ്ടി ഒരു ഓപ്പൺ ഓൺലൈൻ കോഴ്സ് ആരംഭിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. മലയാള ഭാഷയെ ആധുനീകരിക്കുന്നതിനും സാങ്കേതികവിദ്യ കരസ്ഥമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളിലെ മികവിന് മാതൃഭാഷാ പ്രതിഭാ പുരസ്കാരം ഈ വർഷം മുതൽ നടപ്പിലാക്കുന്നു.

ഉത്തരേന്ത്യൻ കലാകാരന്മാർ അണിനിരക്കുന്ന വിവിധ കലാരൂപങ്ങൾ, കേരളീയ നാട്ടുകലയുടെ സവിശേഷത വിളിച്ചറിയിക്കുന്ന കലാപ്രകടനങ്ങൾ, സെമിനാറുകൾ, കരകൗശലപ്രദർശനവും വില്പനയും എന്നിവ കേരള ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ താനൂർ ദേശീയോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു.

കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സൗത്ത് സോൺ കൾച്ചറൽ സെന്ററുമായി ചേർന്ന് പ്രാദേശിക, ദേശീയ-അന്തർദേശീയ സാംസ്കാരിക വിനിമയ പരിപാടികൾ വർഷത്തിലുടനീളം സംഘടിപ്പിക്കുന്നുണ്ട്. ശ്രീനാരായണ ഗുരവിന്റെ നമുക്ക് ജാതിയില്ലാ വിളംബരത്തോടനുബന്ധിച്ച് ഭാരത് ഭവന്റെ നേതൃത്വത്തിൽ

സംസ്ഥാനതല ഉദ്ഘാടനം സംഘടിപ്പിക്കപ്പെട്ടു. പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ പത്മവിഭൂഷൺ ശെമ്മങ്കുടി ശ്രീനിവാസ അയ്യരുടെ പ്രതിമ അനാച്ഛാദനം ചെയ്തു. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള പുരാവസ്തു പുരാരേഖ വകുപ്പുമായി ചേർന്ന് ഹൈദരാബാദിൽ പൈതൃകോത്സവം സംഘടിപ്പിച്ചു. കേരളത്തിന്റെ ജൈവ കാർഷിക സംസ്കൃതിയെ വീണ്ടെടുക്കുവാനും ഗ്രാമീണ നാടക വേദിയിലൂടെ നവസന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുവാനുള്ള സാംസ്കാരിക സംരംഭമായ ഓർഗാനിക് തീയേറ്റർ അഥവാ അഗ്രികൾച്ചറിന്റെ ഭാഗമായി കേരളത്തിലെ പതിനാലു ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്കായി ഓർഗാനിക് തിയേറ്റർ അഗ്രികൾച്ചർ സംസ്ഥാനതല ത്രിദിന ശില്പശാല സംഘടിപ്പിച്ചു. സാംസ്കാരിക വകുപ്പിന്റെ സംഘാടനത്തിൽ സാംസ്കാരിക സ്ഥാപനങ്ങളുടേയും ആർക്കിയോളജി, ആർക്കൈവ്സ്, മ്യൂസിയം വകുപ്പുകളുടേയും സഹകരണത്തോടെ 2017 ഒക്ടോബറിൽ ഡൽഹിയിൽ കേരള ഡൽഹി പൈതൃകോത്സവം സംഘടിപ്പിച്ചു.

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

74(2692) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാനത്ത് വിവിധ കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷാംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി രൂപീകരിച്ച സാംസ്കാരിക പ്രവർത്തകക്ഷേമനിധിയുടെ നടത്തിപ്പിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുംവേണ്ടിയാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം രൂപീകരിച്ച ക്ഷേമനിധിയിൽ നിക്ഷിപ്തമായിരിക്കുന്ന കാര്യങ്ങളുടെ ഭരണ നിർവ്വഹണം നടത്തുക, പദ്ധതി പ്രകാരം കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പ്രചോദനവും പിൻബലവും പ്രോത്സാഹനവും നൽകുക, ഉപജീവനത്തിനായി കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ വിഭിന്നമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, ഇവയുടെ കണക്കുകളും രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുക, കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകരുടെ ക്ഷേമത്തിന് ആവശ്യമായ പൊതു മാർഗ്ഗരേഖകൾ തയ്യാറാക്കുക, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ ഭരണ നിർവ്വഹണത്തിന് ആവശ്യമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക, ബോർഡിന്റെ ആഡിറ്റ് ചെയ്ത വാർഷിക സാമ്പത്തികകാര്യ സ്റ്റേറ്റുമെന്റ് സർക്കാരിന് സമർപ്പിക്കുക, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കുക എന്നിവയാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ, അർഹരായ ക്ഷേമനിധി അംഗങ്ങൾക്ക് പ്രതിമാസ പെൻഷൻ, ചികിത്സാ സഹായം, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ചെലവ്/സഹായം, ഫാമിലി പെൻഷൻ എന്നിവ നൽകി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമനിധിയുടെ മൂലധനം 70 ലക്ഷം രൂപയിൽ നിന്നും 15 കോടിയായി ഉയർത്തി ബാങ്കിൽ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നു.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷൻ തുക പ്രതിമാസം 1000 രൂപ ആയിരുന്നത് 3,000 രൂപയായി വർദ്ധിപ്പിച്ചു. ഫാമിലി പെൻഷൻ 750 രൂപായെന്നത് 1100 രൂപയായി വർദ്ധിപ്പിച്ചു. ചികിത്സാ ധനസഹായം പരമാവധി 75,000 രൂപയിൽ നിന്ന് 1,50,000 രൂപയാക്കി വർദ്ധിപ്പിച്ചു. പെൻഷൻ ലഭ്യമാകുന്നവരുടെ എണ്ണം 1500-ൽ നിന്ന് 3000 ആയി വർദ്ധിപ്പിച്ചു. 105 പേർക്ക് ഫാമിലി പെൻഷനും നൽകുന്നു. കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട എന്നീ 7 ജില്ലകളിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിനായി സാംസ്കാരിക സംഗമം നടത്തി. 60 വയസ്സ് കഴിഞ്ഞ കലാകാരന്മാർക്ക് ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുന്നതിനുള്ള കാലപരിധി രണ്ട് വർഷംകൂടി ദീർഘിപ്പിച്ച് എല്ലാ മേഖലയിലുമുള്ള കലാകാരന്മാരേയും ഉൾപ്പെടുത്തി 60 വയസ്സ് പൂർത്തിയായ എല്ലാ അംഗങ്ങൾക്കും പെൻഷൻ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ എണ്ണം 10584 ൽനിന്നും 14025 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

## സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക

75(2693) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സംഘടനകൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കുമാണ് തുക അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക പ്രവർത്തനങ്ങൾക്കും വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും സാംസ്കാരിക വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ-സി) മറുപടി നൽകുന്നതിനാവശ്യമായ ജില്ല തിരിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവരം ശേഖരിച്ച് വരുന്നു.

## കലാ-സാംസ്കാരിക സംഘടനകൾക്ക് അനുവദിച്ച ഗ്രാന്റുകൾ

76(2694) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിൽ കലാ-സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന ഏതൊക്കെ സംഘടനകൾക്ക് ആവർത്തന ഗ്രാന്റ്, അനാവർത്തന ഗ്രാന്റ് എന്നിവ അനുവദിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സംഘടനയ്ക്കും പ്രസ്തുത ഗ്രാന്റിനത്തിൽ എത്ര തുക വീതം അനുവദിച്ചെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സംഘടനകൾക്ക്/സ്ഥാപനങ്ങൾക്ക് വിവിധ ധനസഹായങ്ങൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/സംഘടനയുടെ പേര് | അനുവദിച്ച/അനുവദിച്ച് വരുന്ന ധനസഹായങ്ങൾ |
|---|---|---|
| 1. | ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, വെഞ്ഞാറമൂട്, തിരുവനന്തപുരം | 25,000 രൂപ അനാവർത്തന ഗ്രാന്റായി 2016-17 സാമ്പത്തിക വർഷത്തിൽ 24-3-2017-ലെ സ.ഉ (സാ.ധാ) നമ്പർ 220/ 2017/സാം.കാ.വ. പ്രകാരം അനുവദിച്ചു. |
| 2. | രംഗപ്രഭാത് ചിൽഡ്രൻസ് തിയേറ്റർ, വെഞ്ഞാറമൂട്, തിരുവനന്തപുരം | 10,00,000 രൂപ ആവർത്തന ഗ്രാന്റായി 2016-17 സാമ്പത്തിക വർഷം മുതൽ21-2-2016-ലെ സ.ഉ (സാ.ധാ) നമ്പർ 436/2016/സാം.കാ.വ പ്രകാരം അനുവദിച്ച് വരുന്നു. കൂടാതെ 10,00,000 രൂപ ടി സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തന ത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 14-3-2017-ലെ സ.ഉ. (സാ.ധാ) നമ്പർ. 150/ 2017/സാം.കാ.വ പ്രകാരം അനുവദിച്ചു. |
| 3. | കലാ-കായിക ബോധിനി കഥകളി വിദ്യാലയം, ആനാട്, തിരുവനന്തപുരം | 1,00,000 രൂപ അനാവർത്തന ഗ്രാന്റായി 2018-19 സാമ്പത്തിക വർഷത്തിൽ 14-5-2018-ലെ സ.ഉ. (സാ. ധാ) നമ്പർ. 342/2018/ സാം.കാ.വ പ്രകാരം അനുവദിച്ചു. |
| 4. | ജീവകല കലാ സാംസ്കാരിക മണ്ഡലം, വെഞ്ഞാറമൂട്, തിരുവനന്തപുരം | 1,00,000 രൂപ അനാവർത്തന ഗ്രാന്റായി 2017-18 സാമ്പത്തിക വർഷത്തിൽ 2-2-2018-ലെ |

| | | |
|---|---|---|
| | | സ.ഉ (സാ.ധാ) നമ്പർ 62/2018/സാം.കാ.വ പ്രകാരവും 25,000 രൂപ അനാവർത്തന ഗ്രാന്റായി 2018-19 സാമ്പത്തിക വർഷത്തിൽ 1-1-2019-ലെ സ.ഉ. (സാ.ധാ) നമ്പർ 2/ 2019/ സാം.കാ.വ പ്രകാരവും അനുവദിച്ചു. |
| 5. | തറവാട്, ചാരിറ്റബിൾ സൊസൈറ്റി, കോലിയക്കോട്, തിരുവനന്തപുരം | 10,000 രൂപ അനാവർത്തന ഗ്രാന്റായി 2016-17 സാമ്പത്തിക വർഷത്തിൽ 8-2-2017-ലെ സ.ഉ. (സാ.ധാ) നമ്പർ 56/2017/ സാം.കാ.വ പ്രകാരം അനുവദിച്ചു. |

## ആമചാടി തേവന്റെ സ്മൃതി മണ്ഡപം

77(2695) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം സത്യാഗ്രഹത്തിലടക്കം ഒട്ടേറെ നവോത്ഥാന പോരാട്ടങ്ങളിലെ മുന്നണിപോരാളിയായിരുന്ന ആമചാടി തേവന്റെ കുടുംബവീടും കല്ലറയും സംരക്ഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കുടുംബവീടിനോടും കല്ലറയോടും ചേർന്ന് ആമചാടി തേവന്റെ ഒരു സ്മൃതി മണ്ഡപം നിർമ്മിക്കുന്നത് പരിഗണിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇതുസംബന്ധിച്ച നിവേദനം പരിശോധിച്ച് വരുന്നു. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർ, എറണാകുളം, സാംസ്കാരിക വകുപ്പ് ഡയറക്ടർ, പുരാവസ്തു വകുപ്പ് ഡയറക്ടർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പാണ്ടനാട് ഗുരു ചെങ്ങന്നൂർ സാംസ്കാരിക നിലയം

78(2696) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബഡ്ജറ്റിൽ 177-ാം നമ്പറായി പാണ്ടനാട് ഗുരു ചെങ്ങന്നൂർ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് 800 ലക്ഷം രൂപാ വകയിരുത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളും പുരോഗതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഗുരു ചെങ്ങന്നൂർ സാംസ്കാരിക നിലയ നിർമ്മാണഫണ്ട് ലഭ്യതക്ക് വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളെ സംബന്ധിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അനുബന്ധം II-ൽ വാല്യം II-ൽ 177-ാം ക്രമ നമ്പറായി പാണ്ടനാട് സാംസ്കാരിക നിലയം നിർമ്മിക്കുന്ന വിഷയം പരാമർശിച്ചിരുന്നു. ആയതിന് ടോക്കൺ വിഹിതമായി 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്.

(ബി & സി) ഈ വിഷയം പരിശോധിക്കുകയും 2018-19 ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ 100 രൂപ ടോക്കൺ വിഹിതം ഉൾപ്പെടുത്തിയ ചെങ്ങന്നൂർ മണ്ഡലത്തിലെ സാംസ്കാരിക സമുച്ചയം, ചെങ്ങന്നൂർ പാണ്ടനാട് സാംസ്കാരിക നിലയം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണമെന്ന പ്രൊപ്പോസൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി.

## തൃപ്പൂണിത്തുറയിലെ പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണം

79(2697) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ നിലനിൽക്കുന്ന ഒട്ടേറെ പരമ്പരാഗത പൗരാണിക കലാരൂപങ്ങൾ, സംഗീതം നൃത്തരൂപങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുന്ന തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

(ബി) ഇവയുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് മുഖേന പ്രതിമാസം പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാർ മുഖേന നടപ്പിലാക്കുന്ന കലാപരിശീലനംവഴി തൃപ്പൂണ്ണിത്തുറ മുനിസിപ്പാലിറ്റിയിലെ ആറു കേന്ദ്രങ്ങളിലായി വായ്പ്പാട്ട്, പെയിന്റിംഗ്, വീണ, പ്രായോഗിക കല എന്നിവ പരിശീലിപ്പിച്ച് വരുന്നു. നിശ്ചിത ഇടവേളകളിൽ കലാപരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് വരികയാണ്.

## മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം

80(2698) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-7-2017-ലെ റവന്യൂ വകുപ്പിന്റെ 233/2017/റവ. നമ്പർ ഉത്തരവ് പ്രകാരം കണയണ്ണൂർ താലൂക്കിൽ സർവ്വെ നമ്പർ 2681-ൽപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടും നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മഹാകവി ജി. ശങ്കരകുറുപ്പ് സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ നമ്പർ 2681-ൽപ്പെട്ട 1 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് 20/05/2005-ലെ സ.ഉ (എം.എസ്) നം. 149/2005/റവന്യൂ പ്രകാരം ഉത്തരവായിയെങ്കിലും ഭൂമിയുടെ ലഭ്യതക്കുറവ് കാരണം ആയത് കൈമാറി ലഭിക്കുകയുണ്ടായില്ല. തുടർന്ന് മേൽപരാമർശിച്ച സർവ്വേ നമ്പറിൽ ഉൾപ്പെട്ട 25 സെന്റ് ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് 18-7-2017-ലെ സ.ഉ (എം.എസ്)നമ്പർ 233/2017/റവന്യൂ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കൊച്ചി നഗരസഭയ്ക്ക് അനുവദിച്ച പ്രസ്തുത

സ്ഥലം ഏക്കറുകളോളം വരുന്ന റവന്യൂ ഭൂമിയിൽ ഉള്ളിലായി സ്ഥിതി ചെയ്യുന്ന 25 സെന്റ് സ്ഥലമാണ്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുവാൻ പറ്റാത്ത വിധത്തിൽ കാട് പിടിച്ച് കിടക്കുന്നതിനാലും കൃത്യമായി സ്ഥലം അളന്ന് ലഭ്യമാകാതിരുന്നതിനാലുമാണ് പ്രസ്തുത സ്മാരക നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്. ടി സ്ഥലം കാടു വെട്ടിത്തെളിച്ച് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഓവർസീയറുടെ പേരിൽ 60,000 രൂപ കൊച്ചി നഗരസഭാ അധികൃതർ തുക ഒടുക്കിയിട്ടുണ്ട്. കൂടാതെ ടി സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി കൊച്ചി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എസ്. 1204/2019 പ്രോജക്ട് നമ്പരിൽ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും നിലവിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത സ്മാരക നിർമ്മാണത്തിന്റെ രൂപകൽപ്പന ചെയ്യുന്നതിനും മറ്റുമായി കൊച്ചി നഗരസഭാ അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

81(2699) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2019-20 അദ്ധ്യയന വർഷത്തിൽ സ്കൂൾ / കോളേജ് തലത്തിൽ നടത്തുന്ന വിവിധ പരിപാടികൾക്കു തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് സമർപ്പിച്ചിരുന്നോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തീകരിച്ച സെമിനാറുകളുടെയും മറ്റ് മത്സരങ്ങളുടെയും സംക്ഷിപ്ത വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2019-20 അദ്ധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടപ്പിലാക്കുന്ന മോഡൽ പാർലമെന്റ്, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാർ എന്നിവ നടത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്കൂൾ/കോളേജുകൾ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി ബഹു. എം.എൽ.എ.മാരിൽ നിന്നും ലിസ്റ്റുകൾ ആവശ്യപ്പെട്ടിരുന്നു. 58 എം.എൽ.എ.-മാർ ലിസ്റ്റുകൾ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ.-യുടെ ഓഫീസിൽ നിന്നും ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങൾക്കും പരിപാടികൾ നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ അയച്ചു കൊടുത്തിട്ടുണ്ട്. പരിപാടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**കെ.എസ്.എഫ്.ഡി.സി.-യുടെ പുതിയ സിനിമാ തിയേറ്ററുകൾ**

82(2700) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര പുതിയ സിനിമ തിയേറ്ററുകൾ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ തുടങ്ങുന്നതിനായി സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് തിയേറ്റർ തുടങ്ങുന്നതിന് നടപടികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) കിഫ്ബിയുടെ ധനസഹായത്തോടെ അളഗപ്പനഗർ, പേരാമ്പ്ര, കായംകുളം, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ ചെങ്ങന്നൂർ, ഒറ്റപ്പാലം, താനൂർ, വൈക്കം, കാക്കനാട്, പായം (കണ്ണൂർ), നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ . തയ്യാറാക്കി വരുന്നു.

(ബി) ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള പഞ്ചായത്ത് തീരുമാനം കെ.എസ്.എഫ്.ഡി.സി.ക്ക് ലഭിച്ചിട്ടുണ്ട്.

(സി) ആലത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥലം സർക്കാർ അനുമതിയോടെ കൈമാറി കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

## സിനിമ റെഗുലേറ്ററി അതോറിറ്റി

83(2701) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം ഇപ്പോൾ എത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള വിദഗ്ധ സമിതി അംഗങ്ങൾ ആരെല്ലാം; ഇതുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതിയുടെ കാലാവധി കഴിഞ്ഞുവോ;

(ഡി) എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചുവോ; സമിതി പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കിഫ്ബി ഫണ്ടിൽ നിന്നും 100 കോടി രൂപ കണ്ടെത്തി അന്താരാഷ്ട്ര ചലച്ചിത്രമേള സംഘടിപ്പിക്കുന്നതിനായി സ്ഥിരം വേദി നിർമ്മിക്കുമെന്ന സർക്കാർ വാഗ്ദാനം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സാംസ്കാരികകാര്യ വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രത്യേക നിയമനിർമ്മാണത്തിനായി 1958-ലെ സിനിമാ റെഗുലേഷൻ ആക്ടും 1988-ലെ സിനിമാ റെഗുലേഷൻ റൂൾസും 10-7-2019-ലെ സ.ഉ.(കൈ)നമ്പർ 135/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പിൽ നിന്നും സാംസ്കാരികകാര്യ വകുപ്പിലേക്ക് മാറ്റി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

20-1-2018-ലെ സ.ഉ (സാധ) നം.30/2018/സാം.കാ.വ. 25-5-2018-ലെ സ.ഉ (സാധാ)നമ്പർ 363/2018/സാം.കാ.വ എന്നീ ഉത്തരവുകൾ പ്രകാരം നിലവിലെ സിനിമാ റെഗുലേഷൻ ആക്ടും റൂളും പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിനുള്ള നിർദ്ദേശം സിനിമാ

റെഗുലേഷൻ ആക്ടിന്റെ കരട് ശിപാർശയിൽ ഉൾപ്പെടുത്തി സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു.

(ബി) സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായും കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ, അഗ്നിശമന വകുപ്പ് ഡയറക്ടർ ജനറൽ/പ്രതിനിധി, നിയമ വകുപ്പ് പ്രതിനിധി, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രതിനിധി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/പ്രതിനിധി, ചീഫ് ടൗൺ പ്ലാനർ/പ്രതിനിധി, തിയേറ്റർ സൗണ്ട് ആന്റ് പ്രൊജക്ഷൻ മേഖലാ വിദഗ്ധൻ എന്നിവർ അംഗങ്ങളായും കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായുമാണ് പ്രസ്തുത വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ജസ്റ്റിസ് കെ. ഹേമ സമിതിയുടെ കാലാവധി 31.05.2019-ന് അവസാനിച്ചിട്ടുണ്ട്.

(ഡി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലചിത്ര അക്കാദമി 46,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് അന്താരാഷ്ട്ര ചലചിത്രമേള സംഘടിപ്പിക്കുന്നതിനായി സ്ഥിരം വേദി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കഴക്കൂട്ടത്തെ കിൻഫ്രാ പാർക്കിൽ ഇതിന് അനുയോജ്യമായ 5.5 ഏക്കർ സ്ഥലം കണ്ടെത്തുകയും പ്രത്യേക സാമ്പത്തിക മേഖലയിൽപ്പെടുന്ന ഈ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലം കേരള ചലചിത്ര അക്കാദമിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പയ്യന്നൂരിൽ തിയേറ്റർ കോംപ്ലക്സ് പദ്ധതി

84(2702) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ ആരംഭിക്കുന്ന തിയ്യേറ്റർ കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂരിൽ കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷനുകീഴിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച കഴിഞ്ഞു. ടെണ്ടർ സർക്കാർ തലത്തിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**ഫിലിം സൊസൈറ്റികൾക്കും ചലച്ചിത്രോത്സവങ്ങൾക്കും ധനസഹായം**

85(2703) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ ഫിലിം സൊസൈറ്റികൾക്ക് എത്ര രൂപയാണ് ധനസഹായം നൽകുന്നത്; 2018-19-ൽ എത്ര ഫിലിം സൊസൈറ്റികൾക്ക് ധനസഹായം നൽകി; കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്കുള്ള ധനസഹായം എത്രയാണ്; 2018-19- ൽ ഈ ഇനത്തിൽ എത്ര രൂപ നൽകി; കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കുന്നതിനുവേണ്ടി കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുടെ 5.5 ഏക്കർ സ്ഥലം ഡീനോട്ടിഫൈ ചെയ്ത് ലഭിച്ചിട്ടുണ്ട്. ടി സ്ഥലം കേരള സംസ്ഥാന ചലചിത്ര അക്കാദമിക്ക് ലഭ്യമാക്കുന്നതിനായി ഫെസ്റ്റിവൽ കോംപ്ലക്സിന്റെ പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ കിൻഫ്രയ്ക്ക് അക്കാദമി നൽകിയിട്ടുണ്ട്.

(ബി) ഓരോ ഫിലിം സൊസൈറ്റിയുടേയും പ്രവർത്തനം വിലയിരുത്തിയാണ് ധനസഹായത്തിന്റെ തുക നിശ്ചയിക്കുന്നത്. 2018-19 -ൽ 76 സൊസൈറ്റികൾക്ക് Federation of Film Societies of India, Keralam മുഖാന്തരം ധനസഹായം നൽകിയിരുന്നു. അതിന്റെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖാന്തരം ഫിലിം സൊസൈറ്റികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രാദേശിക ചലച്ചിത്രോത്സവങ്ങളുടെ നിലവാരം കണക്കിലെടുത്താണ് ധനസഹായം നിശ്ചയിക്കുന്നത്. (ഉദാ. എത്ര ദിവസം, എത്ര ചിത്രങ്ങൾ പ്രദർശിപ്പിച്ചു, തിയേറ്ററിന്റെ നിലവാരം, ഫെസ്റ്റിവൽ ബുക്ക്, അതിഥികൾ, അനുബന്ധ പരിപാടികൾ തുടങ്ങിയവ). പ്രാദേശിക ചലചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2018-19 സാമ്പത്തിക വർഷത്തിൽ 1,50,000 രൂപ ഫിലിം സൊസൈറ്റികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

## പ്രളയവും ഉരുൾപൊട്ടലുംമൂലം വനസമ്പത്തിന് സംഭവിച്ച നാശം

86(2704) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലുമുണ്ടായ പ്രളയവും, ഉരുൾപൊട്ടലുംമൂലം സംസ്ഥാനത്തെ വനസമ്പത്തിന് നാശം സംഭവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുമൂലം വനത്തിൽ താമസിക്കുന്ന ജനങ്ങൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്ക് എന്തൊക്കെ സഹായമാണ് ഇതിനകം നൽകിയത്; വ്യക്തമാക്കാമോ;

(സി) ഉരുൾപൊട്ടിയ സ്ഥലങ്ങളിൽ വനം വകുപ്പ് എന്തെങ്കിലും സംരക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലും 2019-ലുമുണ്ടായ പ്രളയവും ഉരുൾപൊട്ടലുംമൂലം സംസ്ഥാനത്തെ വനസമ്പത്തിന് സംഭവിച്ചിട്ടുള്ള നാശങ്ങൾ സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു.

<u>സതേൺ സർക്കിൾ, കൊല്ലം</u>

2018-ലുണ്ടായ പ്രളയവും മണ്ണിടിച്ചിലുംമൂലം കോന്നി ഡിവിഷനിലെ കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന 1.50 മെട്രിക് ടൺ തേക്ക് ബില്ലറ്റുകൾ ഒഴുകി പോയിട്ടുണ്ട്. സൗത്ത് കുമരംപേരൂർ സ്റ്റേഷൻ പരിധിയിലെ കാഞ്ഞിരപ്പാറ 2018 തേക്ക് പ്ലാന്റേഷനിൽ 220 തേക്കിൻതൈകൾ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയി. 2018-ലെ പ്രളയത്തിൽ റാന്നി വനമേഖലയിലെ വിവിധ ഭാഗങ്ങളിൽ 10 ഹെക്ടർ വനഭൂമിയിൽ മണ്ണിടിച്ചിൽ ഉണ്ടാവുകയും അതുമൂലം സ്വാഭാവിക സസ്യസമ്പത്തിന് കോട്ടം സംഭവിക്കുകയും ചെയ്തു. പ്രളയത്തിൽ അകപ്പെട്ട ഒരു കാട്ടുപോത്ത് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. 2018 -ലുണ്ടായ പ്രളയത്തിൽ 105 മരങ്ങൾ കടപുഴകി വീണിട്ടുണ്ട്.

ഹൈറേഞ്ച് സർക്കിൾ, കോട്ടയം

2018-ലും 2019-ലുമുണ്ടായ പ്രളയവും ഉരുൾപൊട്ടലുംമൂലം മറയൂർ ഡിവിഷനിൽ മറയൂർ റെയ്ഞ്ചിൽ നാച്ചിവയൽ ചന്ദന റിസർവ്വിന്റെ പാമ്പാർ തീരങ്ങൾ ഒലിച്ചുപോയിട്ടുള്ളതും പെരിയകകുടി, കുവകുടി, കുത്തുകല്ലുകുടി, കമ്മാളൻകുടി എന്നീ ആദിവാസികുടികളോടു ചേർന്നുള്ള 5 ഭാഗങ്ങളിൽ മണ്ണിടിച്ചിലുണ്ടായിട്ടുള്ളതും മൂന്നാർ ഡിവിഷനിൽ അടിമാലി റെയ്ഞ്ചിലെ 1978 പെരിഞ്ചാകുടി തേക്ക്-മുള പ്ലാന്റേഷനിലേയും 1965 പൊൻമുടി തേക്ക് പ്ലാന്റേഷനിലേയും 3 ഹെക്ടർ വീതം വനഭൂമിയും തകർന്ന് ഒഴുകി പോയിട്ടുണ്ട്. കൂടാതെ നേര്യമംഗലം റേഞ്ചിലെ നഗരംപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പാംബ്ല തേക്ക് തോട്ടത്തിൽ നിന്നും 6 തേക്ക് മരങ്ങൾ ഒലിച്ചുപോയിട്ടുള്ളതായും കണക്കാക്കിയിട്ടുണ്ട്.

സെൻട്രൽ സർക്കിൾ, തൃശ്ശൂർ

2018-ലും 2019-ലുമുണ്ടായ പ്രളയവും ഉരുൾപൊട്ടലുംമൂലം തൃശ്ശൂർ ഡിവിഷനു കീഴിലെ വനപ്രദേശങ്ങളിൽ 72 മരങ്ങളും ചാലക്കുടി ഡിവിഷനിലെ വനപ്രദേശങ്ങളിൽ 514 മരങ്ങളും കടപുഴകി വീഴുകയുണ്ടായിട്ടുണ്ട്. ചാലക്കുടി വനപ്രദേശത്തുള്ള മൂപ്ലി പുഴയിൽ 1.3354 ക്യൂബിക് മീറ്റർ മരങ്ങൾ വീണുകിടക്കുന്നതായി കണ്ടെത്തിയിരുന്നു. മലയാറ്റൂർ ഡിവിഷനിലെ വനപ്രദേശങ്ങളിൽ നിന്നും 17 മരങ്ങൾ ഒഴുക്കിൽപ്പെട്ട് നഷ്ടപ്പെടുകയും 3 ആനകൾ ഒഴുകിപ്പോവുകയും ചെയ്തിട്ടുണ്ട്. വരാപ്പുഴ സർക്കാർ തടി ഡിപ്പോയിൽ നിന്നും 32 തേക്ക് തടി കഷ്ണങ്ങൾ നഷ്ടപ്പെടുകയും വെള്ളപ്പാച്ചിലിൽ വാഴച്ചാൽ വനം മേഖലയിൽ നിന്നും ഒരു ആനക്കുട്ടിയുടെ ജഡം കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. 2019-ലെ ഉരുൾപൊട്ടൽമൂലം ഈ സർക്കിളിലെ തൃശ്ശൂർ ഡിവിഷനിലെ മായന്നൂർ അക്കേഷ്യ തോട്ടത്തിനകത്ത് 3 ഹെക്ടർ സ്ഥലത്തിനും എരുമപ്പെട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ 2006 പുതുരുത്തി തോട്ടത്തിലെ മുളങ്കൂട്ടത്തിനും നാശം സംഭവിച്ചിട്ടുണ്ട്.

ഈസ്റ്റേൺ സർക്കിൾ, പാലക്കാട്

ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ 2018-ലും 2019-ലുമുണ്ടായ പ്രളയത്തിലും ഉരുൽപൊട്ടലിലും വനസമ്പത്തിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ നൽകുന്നു.

2018-ൽ നിലമ്പൂർ നോർത്ത് ഡിവിഷന്റെ കീഴിലെ നിലമ്പൂർ റെയിഞ്ച് പരിധിയിൽ പുന്നപുഴ കരകവിഞ്ഞ് ഒഴുകിയതു കാരണം വള്ളുവശ്ശേരി സെക്ഷൻ ഓഫീസിന് പുറകുവശവും പനയങ്കോട് സെക്ഷൻ ഓഫീസിന്റെ പുറകുവശവും കുതിരപുഴ കര കവിഞ്ഞൊഴുകിയതിനാൽ ആ ഭാഗത്തും പുഴയുടെ തീരം ഇടിഞ്ഞ് മണ്ണൊലിപ്പുണ്ടായിട്ടുണ്ട്.

വഴിക്കടവ് റെയിഞ്ചിന്റെ പരിധിയിലെ നാടുകാണി ചുരം ഭാഗത്ത് ഒന്നാം വളവ്, തകരപ്പാടി, അത്തിക്കുറുക്ക്, ജാറം, കല്ലള എന്നീ ഭാഗങ്ങളിലെ വനഭാഗത്ത് മണ്ണിടിച്ചിലും മണ്ണൊലിപ്പും ഉണ്ടായിട്ടുണ്ട്.

നിലമ്പൂർ റെയിഞ്ചിന്റെ പരിധിയിൽ 14 കി.മീ. റോഡുകൾക്ക് നാശനഷ്ടവുമുണ്ടായിട്ടുണ്ട്. കൂടാതെ ഔട്ട് പോസ്റ്റ് ബിൽഡിംഗ്-ഏറമ്പാടം-1, അരുവാക്കോട് സെൻട്രൽ ഡിപ്പോയുടെ കോമ്പൗണ്ട് വാൾ-1, നിലമ്പൂർ നോർത്ത് ഡിവിഷൻ ചുറ്റുമതിൽ, നിലമ്പൂർ സൗത്ത് ഡിവിഷൻ റെക്കോർഡ് റൂം, കരിയം മുരിയം ക്യാമ്പ്ഷെഡ്, പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ ഓൾഡ് ബിൽഡിംഗ് എന്നിവയും പാലക്കയം കോളനിയെ ബന്ധിപ്പിക്കുന്ന ചെറിയ പാലം, കൂടാതെ കനോലിപ്ലോട്ടിനേയും മൈലാംകുത്തിനേയും ബന്ധിപ്പിക്കുന്ന പാലം തുടങ്ങിയവയും നാശനഷ്ടമുണ്ടായി.

പ്ലാന്റേഷൻസ് :

2016 ഒതുങ്ങൽപൊട്ടി മഹാഗണി പ്ലാന്റേഷൻ -4.25 ഹെക്ടർ.

2017 ചുരുളി മഹാഗണി പ്ലാന്റേഷൻ- 5 ഹെക്ടർ.

2018 ഇരുൾകുന്ന് മഹാഗണി പ്ലാന്റേഷൻ - 3.098 ഹെക്ടർ.

2018 കണ്ണൻ കുണ്ട് തേക്ക് പ്ലാന്റേഷൻ-12.30 ഹെക്ടർ

2018 ചാത്തംപുറായി തേക്ക് പ്ലാന്റേഷൻ -17.60 ഹെക്ടർ എന്നീ ഭാഗങ്ങളിൽ പ്രളയം ബാധിപ്പിച്ചിട്ടുണ്ട്.

പാലക്കാട് ഡിവിഷനിൽ 2018-ലുണ്ടായ പ്രളയത്തിൽ ഒലവക്കോട് റെയിഞ്ച് പരിധിയിൽ 14 മരങ്ങൾ കടപുഴകി വീണിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷനിൽ വനത്തിനകത്ത് 13 സ്ഥലത്ത് ഉരുൾപൊട്ടലുകളുണ്ടായിട്ടുണ്ട്.

നെന്മാറ ഡിവിഷന്റെ പരിധിയിൽ പ്രളയത്തിൽ പോത്തുണ്ടി മുതൽ നെല്ലിയാമ്പതി വരെയുള്ള റോഡിനിരുവശവും ആലത്തൂർ റെയിഞ്ചിലെ വിവിധ സ്ഥലങ്ങളിലും ഉരുൾപൊട്ടലുണ്ടായിട്ടുണ്ട്.

2019 വർഷത്തിൽ പ്രളയവും ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം നിലമ്പൂർ റെയിഞ്ചിലെ കൊടിഞ്ഞി, വാണിയമ്പുഴ, അരണപ്പുഴ, കുമ്പളപ്പാറ, മലാൻകുന്ന് എന്നീ കോളനി ഭാഗങ്ങളിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. വഴിക്കടവ് റെയിഞ്ചിൽ ചുരം ഏരിയായിലും പരലു, ആനപ്പാറ, അട്ടി, കാഞ്ഞിരാൽ തോട്, തൻകല്ല്, ചെമ്പാലിത്തോട് എന്നിവിടങ്ങളിൽ മേൽ കാരണങ്ങളാൽ നഷ്ടങ്ങളുണ്ടായിട്ടുണ്ട്.

നിലമ്പൂർ റെയിഞ്ചിന്റെ പനയങ്കോട് സെക്ഷന്റേയും വള്ളുവശ്ശേരി സെക്ഷന്റേയും പരിധിയിൽ പുന്നപ്പുഴയും കുതിരപ്പുഴയും കരകവിഞ്ഞ് ഒഴുകിയതിനാൽ പുഴയുടെ തീരം ഇടിഞ്ഞ് നഷ്ടപ്പെട്ടിട്ടുണ്ട്. വഴിക്കടവ് റെയിഞ്ചിന്റെ ചേലക്കടവ്, തൻകല്ല്, വെള്ളാരം പുഴ, അപ്പൻ കാപ്പ്, എടവണ്ണ റെയിഞ്ചിലെ മൈലാംകുത്ത് എന്നിവിടങ്ങളിലും മണ്ണിടിഞ്ഞ് നഷ്ടം സംഭവിച്ചിട്ടുണ്ട്.

നിലമ്പൂർ റെയിഞ്ചിലെ ഇരുട്ടുകുത്തി, പാണ്ടിക്കൈ ക്യാമ്പ്ഷെഡ് റോഡ്, വഴിക്കടവ് റെയിഞ്ചിലെ ആനമറി-വെള്ളക്കട്ട റോഡ്, അപ്പൻകാപ്പ്-വെള്ളാരംകല്ല് റോഡ്, പാലക്കയം-അമ്പുമല റോഡ്, പാലക്കയം, വെറ്റിലക്കൊല്ലി റോഡ്, കല്ലുണ്ട-ചരലോട്ടം റോഡ് എന്നിവ തകർന്നിട്ടുണ്ട്.

നിലമ്പൂർ റെയിഞ്ചിലെ വാണിയംപുഴ-തരിപ്പപ്പൊട്ടി, വഴിക്കടവ് റെയിഞ്ചിലെ പുഞ്ചക്കൊല്ലി കോളനി ബ്രിഡ്ജ്, പയ്യാനിപ്പാലം, എടവണ്ണ റെയിഞ്ചിലെ പാലക്കയം എസ്.ടി. കോളനി ബ്രിഡ്ജ്, അമ്പുമല എസ്. ടി കോളനി ബ്രിഡ്ജ് എന്നിവയും തകർന്നിട്ടുണ്ട്.

നിലമ്പൂർ സൗത്ത് ഡിവിഷനിൽ കരുളായി റെയിഞ്ചിന്റെ പരിധിയിൽ വനപ്രദേശത്ത് 9 ഇടങ്ങളിൽ വലിയ രീതിയിലും 13 ഇടങ്ങളിൽ ചെറിയ രീതിയിലും ഉരുൾപൊട്ടി 6 ഹെക്ടറോളം വനഭൂമിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷൻ പരിധിയിൽ 5 സ്ഥലത്ത് ഉരുൾപൊട്ടലുകളുണ്ടായി.

ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള അരുവാക്കോട് നെടുങ്കയം ഡിപ്പോകളിൽ പ്രളയംമൂലം വെള്ളം കയറി അട്ടിവെച്ചിരുന്ന ഏതാനും തടികൾ നഷ്ടപ്പെട്ടിട്ടുള്ളതും മറ്റുള്ളവയ്ക്ക് സ്ഥാനഭ്രംശം സംഭവിച്ചിട്ടുള്ളതുമാണ്. പ്രാഥമിക കണക്കെടുപ്പുകളിൽ 301 തടികഷ്ണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

<u>നോർത്തേൺ സർക്കിൾ, കണ്ണൂർ</u>

2018-ലും 2019-ലുമുണ്ടായ പ്രളയവും ഉരുൾപൊട്ടലുംമൂലം സർക്കിളിന് കീഴിലെ വനസമ്പത്തിന് നാശം സംഭവിച്ചതുസംബന്ധിച്ച് ഡിവിഷൻ തിരിച്ച് താഴെ പറയുന്നു.

<u>നോർത്ത് വയനാട് ഡിവിഷൻ</u>

2018-ലെ പ്രളയവും ഉരുൾപൊട്ടലുംമൂലം നോർത്ത് വയനാട് ഡിവിഷനുകീഴിൽ 20 ഹെക്ടർ വനഭൂമിയിലെ മണ്ണൊലിച്ച് നഷ്ടപ്പെട്ടിട്ടുണ്ട്.

<u>സൗത്ത് വയനാട്</u>

2018-ലെ പ്രളയവും ഉരുൽപൊട്ടലുംമൂലം സൗത്ത് വയനാട് ഡിവിഷനുകീഴിൽ 7.89 ഹെക്ടർ വനഭൂമിയിലെ മണ്ണൊലിച്ച് നഷ്ടപ്പെട്ടിട്ടുണ്ട്.

കൂടാതെ 2019-ലെ പ്രളയത്തിൽ 22 ഹെക്ടർ വനഭൂമിയിലെ മണ്ണൊലിച്ച് നഷ്ടപ്പെട്ടിട്ടുണ്ട്.

<u>കണ്ണൂർ ഡിവിഷൻ</u>

കണ്ണൂർ ഡിവിഷനിൽ 2018 വർഷത്തെ പ്രളയവും ഉരുൾപൊട്ടലുംമൂലം നരിക്കോട് വനഭാഗത്ത് 1 ഏക്കർ സ്ഥലത്തെ മരങ്ങൾ പൊട്ടിവീഴുകയുണ്ടായി. ചെമ്പുക്കാവ്, പറക്കാട്, ചന്ദ്രോത്ത് എന്നീ റോഡുകളുടെ ഇരുവശങ്ങൾ ഇടിഞ്ഞ് മണ്ണ് റോഡിലേയ്ക്ക് വീണ് ഗതാഗതയോഗ്യമല്ലാതായിട്ടുണ്ട്. കൂടാതെ കടൽക്കം പാലത്തിന്റെ കൈവരികൾ നഷ്ടമായിട്ടുണ്ട്.

2019 വർഷത്തിൽ പറക്കാട് റോഡ്, ചെമ്പുക്കാവ് മൺറോഡ് എന്നിവ തകരുകയും വനാതിർത്തിയിൽ സ്ഥാപിച്ച 10 ഓളം ജണ്ടകൾ നശിക്കുകയുമുണ്ടായി.

<u>കോഴിക്കോട് ഡിവിഷൻ</u>

കോഴിക്കോട് ഡിവിഷനിൽ 2018-ലെ പ്രളയത്തിൽ വനസമ്പത്ത് നഷ്ടപ്പെട്ടിട്ടില്ല. 2019-ലെ പ്രളയത്തിൽ കാറ്റിലും മഴയിലും 12 ഓളം മരങ്ങൾ മുറിഞ്ഞു വീണിട്ടുണ്ട്.

<u>ടിമ്പർ സെയിൽസ് ഡിവിഷൻ, കോഴിക്കോട്</u>

2018-ലും 2019-ലുമുണ്ടായ പ്രളയവും ഉരുൾപൊട്ടലുംമൂലം ടിമ്പർ സെയിൽസ് ഡിവിഷനുകീഴിലെ ചാലിയം ഡിപ്പോയിൽ തടികൾ ഒഴുകിയത് തിരികെ അട്ടിവെക്കുന്നതിന് 7560 രൂപ ചെലവായിട്ടുണ്ട്.

ഫീൽഡ് ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്), കോട്ടയം

2018 പ്രളയകാലത്ത് പെരിയാർ വെസ്റ്റ് ഡിവിഷൻ പരിധിയിൽ പമ്പ, അഴുത നദീതീരങ്ങളിൽ വരുന്ന പെരിയാർ ടൈഗർ റിസർവിന്റെ ഭാഗങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാവുകയും ഏകദേശം 47 മരങ്ങൾ കടപുഴകുകയും ചെയ്തിട്ടുണ്ട്. അഴുത റെയിഞ്ചിലെ ചൂഴി സെക്ഷനിൽ 90 മീറ്റർ നീളത്തിലും 32 മീറ്റർ വീതിയിലും മണ്ണിടിച്ചിലുണ്ടായിട്ടുണ്ട്. പ്രളയംമൂലം ജീവഹാനി സംഭവിച്ച മൃഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

കടുവ-2

മ്ലാവ്-1

കാട്ടുപോത്ത്-1

കാട്ടുപന്നി-4

2019-ൽ ഉണ്ടായ പ്രളയവും ഉരുൾപൊട്ടലുംമൂലം വനസമ്പത്തിന് നാശം സംഭവിച്ചിട്ടില്ല.

വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്

വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് സർക്കിളിലെ സൈലന്റ് വാലി, ആറളം, പീച്ചി എന്നീ ഡിവിഷനുകളിൽ കാട്ടിനകത്ത് പലസ്ഥലങ്ങളിലും ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. തന്മൂലം സൈലന്റ് വാലി ഡിവിഷനിൽ 32 മരങ്ങളും പീച്ചി ഡിവിഷനിൽ 115 മരങ്ങളും കടപുഴകി വീണിട്ടുണ്ട്. കൂടാതെ ഈ മൂന്നു ഡിവിഷനുകളിലും അസംഖ്യമായ ചെടികളും മറ്റ് പല ഇനത്തിലുള്ള ജീവജാലങ്ങളും നിരവധി സൂക്ഷ്മജീവികളും നഷ്ടപ്പെട്ടിട്ടുണ്ട്. അവയുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) പ്രളയംമൂലം കഷ്ടതയനുഭവിച്ച ജനങ്ങൾക്ക് താമസ സൗകര്യവും ഭക്ഷണവും മരുന്നുകളും ഉൾപ്പെടെയുള്ള സഹായങ്ങൾ എത്തിച്ചിട്ടുണ്ട്. വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുകയും അവർക്ക് ആഹാരം എത്തിച്ചു നൽകുകയും ചെയ്തു. അപകടകരമായി നിന്ന മരങ്ങൾ നീക്കം ചെയ്ത് അപകടാവസ്ഥയില്ലെന്ന് ഉറപ്പു വരുത്തുകയും പ്രളയത്തിൽ ഒറ്റപ്പെട്ടുപോയവരെ രക്ഷപ്പെടുത്തുന്നതിന് സ്ട്രൈക്കിംഗ് ഫോഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. വെള്ളപ്പൊക്കത്തെ തുടർന്ന് പല വീടുകളിലും കയറിയ ഉരഗജീവികളെ പിടിച്ച് ഉൾവനങ്ങളിൽ വിട്ടു. പെരിയാർ വെസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള പമ്പാവാലി, എയ്ഞ്ചൽവാലി, അട്ടത്തോട്, മൂഴിക്കൽ സെറ്റിൽമെന്റ് എന്നിവിടങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് എഫ്.ഡി.എ വഴി 8,71,259 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിന്റെ പരിധിയിൽ വരുന്ന ഇടമലക്കുടിയിലേയ്ക്കുള്ള തകർന്ന റോഡ്

സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. വൈൽഡ് ലൈഫ് പാലക്കാട് സർക്കിളിന്റെ പരിധിയിൽ വരുന്ന സൈലന്റ് വാലി ഡിവിഷനിൽ ഉരുൾപൊട്ടലും പ്രളയവും കരടിയോട്, ഉപ്പുവിള എന്നീ കോളനി നിവാസികളെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി താൽക്കാലിക ക്യാമ്പ് ഷെഡ്ഡുകളിലേയ്ക്ക് മാറ്റിപാർപ്പിച്ചിരുന്നുവെന്നും ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്ക് വനം വകുപ്പിന്റെ ഇൻഷ്വറൻസ് പരിരക്ഷയായ ഒരു ലക്ഷം രൂപ വീതം അനുവദിച്ച് ലഭ്യമാക്കിയിട്ടുണ്ട്. പറമ്പിക്കുളം കടുവാസങ്കേതത്തിലെ പൂപ്പാറ കോളനിയിൽ താമസിക്കുന്ന മുതുവൻ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്ക് പറമ്പിക്കുളത്ത് 30 ദിവസത്തെ ദുരിതാശ്വാസ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽ പ്രളയത്തിൽ ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിലെ ജനങ്ങളെ രക്ഷപ്പെടുത്തി സുരക്ഷിതസ്ഥാനത്ത് എത്തിച്ചിട്ടുണ്ട്. നോർത്തേൺ സർക്കിളിന്റെ പരിധിയിൽ 2019 വർഷത്തിലെ പ്രളയത്തിൽ ദുരിതമനുഭവിച്ച രണ്ട് കുടുംബങ്ങൾക്ക് 5000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(സി) ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം നാശം സംഭവിച്ച സ്ഥലങ്ങളിലെ വനപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉരുൾപൊട്ടിയ സ്ഥലങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും റോഡിലേയ്ക്ക് മണ്ണ് ഇടിഞ്ഞുവരാതിരിക്കാൻ വൃക്ഷതൈകൾ, മുളകൾ എന്നിവ വച്ചു പിടിപ്പിക്കുകയും ഗള്ളിപ്ലഗ്ഗിംഗ്, വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ മണ്ണ് സംരക്ഷണ നടപടികളും സ്വീകരിച്ചു വരുന്നു. ഉരുൾപൊട്ടലിന് സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയിട്ടുണ്ട്. കൂടാതെ ഉരുൾപൊട്ടൽ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ജിയോളജി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഠനം നടത്തി വരുന്നുണ്ട്. പരിസ്ഥിതി ലോല പ്രദേശത്ത് മനുഷ്യന്റെ ഇടപെടലുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**വന അദാലത്തുകൾ**

87(2705) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പരാതികൾ ഫലപ്രദമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും വന അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് ഇപ്രകാരമുള്ള അദാലത്തുകളിൽ പരിഹരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) വനംവകുപ്പിന് പുറമേ മറ്റ് ഏതെങ്കിലും വകുപ്പുകൾ അദാലത്തിൽ പങ്കെടുക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ 10 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്) വന അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. മലപ്പുറം, കാസർഗോഡ്, എറണാകുളം ജില്ലകളിൽ വന അദാലത്ത് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ അദാലത്തിൽ പരിഹരിക്കേണ്ട എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവയും എറണാകുളം ജില്ലയിലെ അദാലത്തിൽ പരിഗണിക്കുന്നതാണ്.

(ബി) പട്ടയസംബന്ധമായുള്ള പരാതികൾ ഒഴികെ വനം സംബന്ധമായുള്ള എല്ലാ പരാതികളും പരിഹരിക്കുന്നുണ്ട്. വന്യജീവി ആക്രമണം, കൃഷിനാശം മനുഷ്യ-വന്യജീവി സംഘർഷം, ആയതിനുള്ള നഷ്ടപരിഹാരം എന്നിവ സംബന്ധിച്ചുള്ള പരാതികളും അപകടകരമായ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതിക്കായുള്ള പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും വനമേഖലയിൽ താമസിക്കുന്ന ആദിവാസികൾ/ ഇതര വിഭാഗക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളും പരിഹരിക്കുന്നുണ്ട്.

(സി) വനം വകുപ്പിന് പുറമേ റവന്യൂ, കൃഷി, മൃഗസംരക്ഷണം, തദ്ദേശ സ്വയംഭരണം, ട്രൈബൽ ഡെവലപ്മെന്റ്, പോലീസ് മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വന അദാലത്തുകളിൽ പങ്കെടുത്തിട്ടുണ്ട്.

**വനേതര പ്രവർത്തനങ്ങൾക്കുള്ള വന്യജീവി ബോർഡിന്റെ അനുമതി**

88(2706) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെയും, ദേശീയ ഉദ്യാനങ്ങളുടെയും പത്ത് കിലോമീറ്റർ ചുറ്റളവിൽ ഖനനം ഉൾപ്പെടെയുള്ള വനേതര പ്രവർത്തനങ്ങൾക്ക് വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമുണ്ടോ;

(ബി) വന്യജീവി ബോർഡിന്റെ അനുമതി ഇല്ലാതെ മേല്പറഞ്ഞ മേഖലയിൽ ക്വാറികൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വനംവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വന്യജീവി സങ്കേതങ്ങളുടേയും ദേശീയ ഉദ്യാനങ്ങളുടേയും പത്ത് കിലോമീറ്റർ ചുറ്റളവിൽ ഖനനം ഉൾപ്പെടെയുള്ള വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് ദേശീയി വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമാണെന്ന് 8-8-2019-ലെ F.No.22-43/2018-1A.III എന്ന ഓഫീസ് മെമ്മോറാണ്ടം (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു) പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.

(ബി & സി) ഉണ്ട്. ഇത്തരത്തിലുള്ള ക്വാറികളെപറ്റി പരിശോധിച്ച് നടപടിയെടുക്കാൻ മൈനിംഗ് & ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാതയോരത്തെ സർക്കാർ മരങ്ങളുടെ കയ്യേറ്റം

89(2707) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വശത്തായി നിൽക്കുന്ന വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാതയോരത്തെ മരങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറി വേലികൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) ഇത്തരം വിഷയങ്ങളിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പാതയോരങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന വന്മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ മുറിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഇ) മരങ്ങൾ കടപുഴകി വീണുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വശത്തായി നിൽക്കുന്ന മരങ്ങളുടെ ഉടമസ്ഥത പൊതുമരാമത്ത് വകുപ്പിന് തന്നെയാണ്. ആയതിനാൽ ഇതുസംബന്ധിച്ച് വനം വകുപ്പ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പാതയോരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കേണ്ടത് ടി മരം നിൽക്കുന്ന സ്ഥലത്തിന്റെ കസ്റ്റോഡിയനാണ്. കസ്റ്റോഡിയൻ അപേക്ഷിക്കുന്ന മുറയ്ക്ക് വനം വകുപ്പ് മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം നൽകുകയും മരങ്ങളുടെ വില നിർണ്ണയിച്ച് നൽകുകയും ചെയ്യുന്നു.

(ഇ) നിലവിൽ സർക്കാർ സ്ഥലങ്ങളിലും മറ്റുപൊതു സ്ഥലങ്ങളിലും അപകടാവസ്ഥയിൽ നൽക്കുന്ന മരങ്ങൾ മുറിയ്ക്കുന്നതിനുള്ള അപേക്ഷ മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്ക് ജി.ഒ (ആർ.റ്റി) 68/2010 F &WLD തീയതി 10-2-2010 പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റി പരിശോധന നടത്തി മരം മുറിയ്ക്കുവാൻ അനുമതി നൽകി വരുന്നുണ്ട്. 11-7-2013-ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ജീവനും സ്വത്തിനും ഹാനികരമായി നിൽക്കുന്ന മരങ്ങൾ അതാത് വകുപ്പുതല ഉദ്യോഗസ്ഥന്മാർ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുൻപാകെ അപേക്ഷ സമർപ്പിച്ച് തുടർന്നുള്ള അനുമതിയോടുകൂടി (സി.ആർ.പി.സി 133 പ്രകാരം) ഉടൻ മുറിച്ചു മാറ്റണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**വനം വകുപ്പിന് കീഴിലുള്ള സ്ഥലം**

90(2708) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥലം വ്യക്തികൾക്കോ സംഘടനകൾക്കോ സർക്കാരിന്റെ മറ്റ് വകുപ്പുകൾക്കോ വിട്ടുകൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥലമാണ് നൽകിയതെന്നും,അത് ആർക്കെല്ലാമാണെന്നും, ഏത് നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് നൽകിയതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വനം വകുപ്പിന്റെ സ്ഥലം ഏത് നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ആവശ്യങ്ങൾക്കായി നൽകാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന് കീഴിലുള്ള സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) കേന്ദ്ര വന (സംരക്ഷണ) നിയമം, 1980 പ്രകാരവും കേന്ദ്ര വന (സംരക്ഷണ) റൂൾ 2003 പ്രകാരവും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമാണ് വനഭൂമി നൽകിയത്. ഇപ്രകാരം നൽകിയ വനഭൂമിയുടെ നിയമപരമായ സ്റ്റാറ്റസ് റിസർവ് വനമായി തന്നെ തുടരുന്നതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. അനുബന്ധത്തിലെ ടേബിളിലെ യൂസർ ഏജൻസിയെന്ന് കാണിച്ചിരിക്കുന്നവർക്കാണ് അതാത് ഉപയോഗത്തിനായി വനഭൂമി അനുവദിച്ചിട്ടുള്ളത്.

(സി) വനം വകുപ്പിന്റെ സ്ഥലം, വന (സംരക്ഷണ) നിയമം, 1980 പ്രകാരവും വന (സംരക്ഷണ) റൂൾ 2003 പ്രകാരവും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമാണ് വനം, വനേതര ആവശ്യങ്ങൾക്ക് വിട്ടു നൽകുന്നത്. ഇപ്രകാരം വിട്ടു നൽകിയ വനഭൂമിയുടെ നിയമപരമായ സ്റ്റാറ്റസ് റിസർവ് വനമായി തന്നെ തുടരുന്നതാണ്.

## ശബരിമല മാസ്റ്റർ പ്ലാൻ

91(2709) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് സഹായകമായ നിലപാടാണോ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ശബരിമലയിലെത്തുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് വനഭൂമി വിട്ട് നൽകണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി വിട്ടു നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് സഹായകമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. നിലയ്ക്കൽ ബേസ് ക്യാമ്പിനുവേണ്ടി ആവശ്യമായ വനഭൂമി വിട്ടുനൽകിയതുൾപ്പെടെ ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ വനം വകുപ്പ് പൂർണ്ണ സഹകരണം നൽകി വരുന്നുണ്ട്. മാസ്റ്റർ പ്ലാനിലെ പ്രധാന നിർദ്ദേശങ്ങളിലൊന്നായ പമ്പയിൽ സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാക്കുന്നത് വനം വകുപ്പിന്റെ ഇടപെടൽമൂലം നിലയ്ക്കലിലേയ്ക്ക് മാറ്റി തീരുമാനമായിട്ടുണ്ട്. മാസ്റ്റർപ്ലാൻ പ്രകാരം തയ്യാറാക്കേണ്ട ലേ ഔട്ട് പ്ലാൻ 10 വർഷമായും തയ്യാറാക്കാതിരുന്നത് വനം വകുപ്പിന്റെ നിരന്തര ഇടപെടലിലൂടെ തയ്യാറായി വരുന്നു.

(ബി) ശബരിമലയിലെത്തുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിനായി നിലവിൽ വിട്ടുനൽകിയ വനഭൂമിക്ക് പുറമേ റോപ് വേ നിർമ്മിക്കുന്നതിന് 4.94 ഹെക്ടർ വനഭൂമിയും കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിനായി 0.655 ഹെക്ടർ വനഭൂമിയും വിട്ടു നൽകണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) റോപ് വേ നിർമ്മിക്കുന്നതിനായി അപേക്ഷ നൽകിയത് സ്വകാര്യ ഏജൻസിയാണ്. യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ്വഴി അപേക്ഷ നൽകുന്നതിലേയ്ക്കായി പ്രസ്തുത അപേക്ഷ തിരികെ നൽകിയിട്ടുള്ളതാണ്. കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് തിരികെ നൽകിയിട്ടുള്ളതാണ്. പൂർണ്ണമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ളവയ്ക്ക് വിധേയമായി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

**മംഗലശ്ശേരി തോട്ടം വനഭൂമി കൈമാറ്റം**

92(2710) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിൽ വനം വകുപ്പിന്റെ അധീനതയിലുള്ള മംഗലശ്ശേരി തോട്ടം വനഭൂമി, കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും മുക്കം ഗവൺമെന്റ് പോളി ടെക്നിക്ക് നിർമ്മിക്കുന്നതിനും വിട്ടുനല്കുന്നതിനുമുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വിട്ടുനല്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിൽ വനം വകുപ്പിന്റെ അധീനതയിലുള്ള മംഗലശ്ശേരി തോട്ടം വനഭൂമി 111 കൈവശക്കാർക്ക് റീസർവ്വേ നമ്പർ 91, 93 പ്രകാരം 25.84 ഏക്കർ നൽകുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ FP/Others/30248/2017 എന്ന പ്രൊപ്പോസൽ 11-12-2017-ൽ ഓൺലൈൻ പോർട്ടലിൽ സമർപ്പിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ 25.84 ഏക്കർ വനഭൂമി പതിച്ച് നൽകിയിരിക്കുന്നത് 1981-ലാണെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. 1980-നുശേഷമുള്ള ഇത്തരത്തിലുള്ള വനഭൂമി പതിച്ച് നൽകുന്നതിന് Forest (Conservation) Act, 1980 അനുബന്ധ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമല്ല. ആയതിനാൽ 11-12-2017-ൽ സമർപ്പിച്ച പ്രൊപ്പോസൽ വ്യക്തമായി പരിശോധിച്ച് പുനർസമർപ്പിക്കാനായി മടക്കി അയച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(ബി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**ശബരിമലയുടെ അടിസ്ഥാനസൗകര്യ വികസനം**

93(2711) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എവിടെയൊക്കെയുള്ള എത്ര ഹെക്ടർ വനഭൂമിയാണ് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) വനഭൂമി വിട്ടുനൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇതിനായി ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്നത്തേയ്ക്ക് ഈ ഭൂമി വിട്ടുനൽകാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമലയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ വിട്ടുനൽകിയ വനഭൂമിക്കുപുറമെ, റോപ് വേ നിർമ്മിക്കുന്നതിന് 4.94 ഹെക്ടർ വനഭൂമിയും കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിനായി 0.665 ഹെക്ടർ വനഭൂമിയും ലഭ്യമാക്കാൻ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റോപ് വേ നിർമ്മിക്കുന്നതിനായി അപേക്ഷ നൽകിയത് സ്വകാര്യ ഏജൻസിയാണ്. യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് വഴി അപേക്ഷ നൽകുന്നതിലേയ്ക്കായി പ്രസ്തുത അപേക്ഷ തിരികെ നൽകിയിട്ടുള്ളതാണ്. കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് തിരികെ നൽകിയിട്ടുള്ളതാണ്. പൂർണ്ണമായ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ളവയ്ക്ക് വിധേയമായി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) പൂർണ്ണമായ അപേക്ഷ ലഭ്യമായാൽ വനം വകുപ്പിന്റെ അഭിപ്രായം സംസ്ഥാന വന്യജീവി ബോർഡിന് സമർപ്പിച്ച്, ബോർഡിന്റെ ശിപാർശയോടുകൂടി കേന്ദ്ര വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമി വിട്ടുനൽകുന്നതാണ്.

### അട്ടപ്പാടി-ഉളിക്കടവ് റോഡ് നിർമ്മാണം

94(2712) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി-ഉളിക്കടവ് റോഡ് നിർമ്മാണം സംബന്ധിച്ച് നൽകിയിട്ടുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

അട്ടപ്പാടി-ഉളിക്കടവ് റോഡ് നിലവിൽ മണ്ണാർകാട്-ചിന്നത്തടാകം റോഡിന്റെ ഭാഗമാണ്. അട്ടപ്പാടി-ഉളിക്കടവ്-പാറവളവ്-ഓടക്കുന്ന്-ചിറക്കൽപ്പടി വഴി റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. ടി റോഡ് നിർമ്മിക്കുന്നത് നിത്യഹരിതവനത്തിന്റെ നാശത്തിനും വന്യജീവിയുടെ ആവാസവ്യവസ്ഥ താറുമാറാകുന്നതിന് ഇടയാകുകയും മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന് ആക്കം കൂട്ടുകയും ചെയ്യും. ആകയാൽ ഈ റോഡ് പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാർ നിലപാട്.

### മരം മുറിച്ച് വില്പന നടത്തുന്നതിന് അനുമതി

95(2713) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചിട്ടുള്ള മരം മുറിച്ച് മാറ്റുന്നതിനുള്ള അവകാശം അവയുടെ ഉടമസ്ഥർക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ തരം മരങ്ങൾ മുറിച്ച് വില്പന നടത്തുന്നതിനാണ് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് വനം, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ ഉന്നത തല ചർച്ച നടത്തിയിട്ടുണ്ടോ; ഇതിൽ എടുത്ത തീരുമാനം എന്താണ്; വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ചുള്ള വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ഇ) പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ അനധികൃതമായി മരം മുറിക്കുവാൻ ഉള്ള സാഹചര്യം തടയുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ ഉടമസ്ഥർക്കുതന്നെ മുറിച്ച് മാറ്റുന്നതിനുള്ള അവകാശം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ എസ്.ആർ.ഒ. നമ്പർ 621/2017 സ.ഉ. (പി) നമ്പർ 60/2017/ആർ.ഡി. തീയതി 17-8-2017 ആയി The Kerala Land Assignment (Amendment Rules), 2017 പ്രകാരം ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള പട്ടയത്തിന്റെ കണ്ടീഷൻ നമ്പർ 2-ൽ The right over trees in the assigned land shall be as per rule 10(3) of the Kerala Land Assignment Rules, 1964 provided section 22 of the Kerala Preservation of Trees Act, 1986 (35 of 1986) read with section 4 thereof shall apply. The Kerala Land Assignment Rules, 1964-ലെ Rule 10(3) ഇപ്രകാരമാണ്. " The assignee shall also be liable to pay the value of the trees, plants and (vines) if any, specified in Parts A and B of Appendix III to these rules standing on the land (at the time of assignment) at such rates as may by order, be specified by Government and subject to the following conditions:-

(a) No value shall be charged in respect of trees the girth of which is 90 cm or less at breast height.

(b) If the assignee was already in occupation of the land and he or his predecessor in occupation has planted trees etc., thereon, no tree value shall be charged in respect of such of those trees etc., planted by him or his predecessor in occupation as are specified in Part B of appendix III to these rules.

(c) If the assignee is not agreeable to pay the tree value as specified in clause (a), in respect of trees specified in Part A of Apendix III, to the Tahasildar shall dispose of, in public auction, the trees growth (which is not allowed free to the assignee under that clause)."

1964-ലെ കേരളാ ലാൻഡ് അസൈൻമെന്റ് റൂൾസിലെ Appendix III Part A-യിൽ കൊടുത്തിരിക്കുന്ന 57 മരങ്ങളിലോ Part B-യിൽ കൊടുത്തിരിക്കുന്ന 11 മരങ്ങളിലോ തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നിവ പ്രതിപാദിച്ചിട്ടില്ല. (Appendix III Part A, part B-കളുടെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്)* . ആകയാൽ റൂൾ 10(3)-ൽ പ്രതിപാദിക്കുന്നതനുസരിച്ച് വില അടച്ചോ അടയ്ക്കാതെയോ തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ ഇനങ്ങൾ സ്വന്തമാക്കുന്നതിനുള്ള അവസരം പാട്ടദാർക്ക് 2017 -ലെ അമെന്റ്മെന്റ് റൂൾസ് പ്രകാരം ലഭിക്കുന്നില്ല. കൂടാതെ ടി 2017-ലെ അമെന്റ്മെന്റ് റൂളിന് മുൻകാല പ്രാബല്യം ഇല്ലാത്തതുമാണ്. ടി സംഗതി പരിഗണിച്ച് 1960-ലെ The Keral Land Assignment Act (30 of 1960) നുകീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പാട്ടസ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായുള്ള എല്ലാ മരങ്ങളുടെയും അവകാശം പാട്ടാദാർമാർക്ക് നൽകുന്നതിനായി ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള വിഷയം പരിശോധിച്ച് ശിപാർശ സർക്കാരിൽ സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പ് പുറപ്പെടുവിക്കണമെന്ന് ശിപാർശ ചെയ്തിരിക്കുന്ന വിശദീകരണം എസ്.ആർ.ഒ. പ്രകാരം 1960-ലെ The Kerala Land Assignment Act-ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പാട്ടാദാർമാർക്ക് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് വനം-റവന്യൂ വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 18-7-2019-ലും 3-9-2019-ലും ചർച്ചകൾ നടത്തുകയും ആയതിൽ പട്ടയ സ്ഥലങ്ങളിൽ പട്ടയം ലഭ്യമാക്കിയതിനുശേഷം പാട്ടാദാർമാർ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പാട്ടാദാർക്ക് നൽകുന്നതിനായി തുടർനടപടി റവന്യൂ വകുപ്പ് സ്വീകരിക്കാൻ ധാരണയാകുകയുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് 3-9-2019-ലെ യോഗത്തിലെടുത്ത തീരുമാനമനുസരിച്ച് 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള വിഷയം പരിശോധിച്ച് ശിപാർശ സർക്കാരിൽ സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) The Kerala Promotion of Tree Growth in Forest Areas Act, 2005 നിലവിലുള്ളതിനാൽ അനധികൃതമായി മരം മുറി തടയുന്നതിന് കഴിയുന്നതാണ്.

**മരങ്ങളുടെ വില പ്രാദേശികമായി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി**

96(2714) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെ മരങ്ങൾ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി മുറിച്ചു മാറ്റുന്നതിന് സാമൂഹ്യവനവൽക്കരണ വിഭാഗം നിശ്ചയിക്കുന്ന തുകയ്ക്ക് ലേലം കൈക്കൊള്ളാൻ ആളുകൾ സന്നദ്ധമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽ ഉണ്ടോ;

(ബി) നിശ്ചയിക്കുന്ന തുക ലഭിക്കാത്തതു കാരണം ലേല നടപടികൾക്ക് കാലതാമസം വരുന്നതും ഇതുവഴി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതും പരിശോധിക്കുമോ ;

(സി) പാഴ്മരങ്ങൾ ഉൾപ്പെടെയുള്ള മരങ്ങളുടെ വില പ്രാദേശികമായി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ വിശദമായി പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സോഷ്യൽ ഫോറസ്ട്രി വിഭാഗം എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന സീനിയറേജ് റേറ്റുകൾ പ്രകാരമാണ്. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്ത പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതാണ്.

(സി) മറ്റ് മരങ്ങളോടൊപ്പം പാഴ്മരങ്ങളുടെയും സീനിയറേജ് വില കാലാകാലങ്ങളിൽ സർക്കാർ പുതുക്കി നിശ്ചയിച്ച് വരുന്നുണ്ട്. ഏറ്റവും ഒടുവിലായി വില പുതുക്കി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് 10-9-2015 -ലെ G.O. (MS) No. 67/2015/F&WLD സർക്കാർ ഉത്തരവ് പ്രകാരമാണ്.

## കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ

97(2715) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ വ്യതിയാനത്തെ സാവധാനത്തിലാക്കുന്ന കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ നട്ടുവളർത്തി വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

കാർബൺ ആഗിരണശേഷി വർദ്ധിപ്പിക്കുന്നതിന് കൂടുതൽ വനവൽക്കരണത്തിനായി ഹരിതകേരളം, എന്റെ കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, institutional Plantations, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എല്ലാ മരങ്ങളും കാർബൺ ആഗിരണശേഷിയുള്ളവയാണ്. കണ്ടൽ വനങ്ങൾ അല്ലാതെ സംസ്ഥാനത്ത് കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ എന്നൊരു വിഭാഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. മേൽ പദ്ധതികളെല്ലാം തന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ് ജലസംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് നടപ്പാക്കിവരുന്നത്.

## സംസ്ഥാനത്തെ സ്വാഭാവിക വനം പുഷ്ടിപ്പെടുത്തുന്നതിന് നടപടി

98(2716) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിലുള്ള തേക്ക് പ്ലാന്റേഷനുകൾ മുറിച്ച് മാറ്റി സ്വാഭാവിക വനം പുഷ്ടിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനമേഖലയിൽ മൊത്തമായി തേക്ക് പ്ലാന്റേഷനുകൾ മുറിച്ചുമാറ്റി സ്വാഭാവിക വനം പുഷ്ടിപ്പെടുത്തുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ വന്യജീവി സങ്കേതത്തിനുള്ളിലെ തേക്ക് തോട്ടങ്ങൾ മുറിച്ചുമാറ്റി സ്വാഭാവികവനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം ആയതിനുള്ള അനുമതിക്കായി കേന്ദ്രസർക്കാരിനെ സമീപിക്കും. കേന്ദ്രാനുമതി ലഭിച്ചാൽ വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ തേക്ക് പ്ലാന്റേഷനുകൾ മുറിച്ചുമാറ്റി സ്വാഭാവികവനം സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങൾക്ക് പകരം സ്വാഭാവികവനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് 10-5-2019-ൽ സ.ഉ. (സാധാ.) നം. 168/2019/വനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിട്ടുണ്ട്.

1. ശ്രീ. അൻജൻ കുമാർ, IFS, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് - ചെയർമാൻ
2. ഡോ. ഇ. കുഞ്ഞിക്കൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി)- മെമ്പർ
3. ഡോ. പി. ബാലകൃഷ്ണൻ, വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - മെമ്പർ
4. ഡോ. പി. ഒ. നമീർ, പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ് - മെമ്പർ
5. ശ്രീ. ജയിംസ് സക്കറിയ, റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ - മെമ്പർ

**ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്**

99(2717) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് ടിക്കറ്റുകൾ ഓൺലൈനിൽ ബുക്ക് ചെയ്യാവുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; കേരളത്തിന്റെ എല്ലാ കേന്ദ്രങ്ങളിലും പ്രസ്തുത സംവിധാനം നിലവിൽ വന്നോ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഓൺലൈൻ ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 58 കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മറ്റ് കേന്ദ്രങ്ങളിൽക്കൂടി ടി സംവിധാനം സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വനം വകുപ്പ് ഓഫീസുകളിൽ പഞ്ചിംഗ്**

100(2718) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനു കീഴിലെ എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ ഓഫീസുകളിലും പഞ്ചിംഗ് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രവർത്തനം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം വനം വകുപ്പിലെ എല്ലാ ഓഫീസിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കെൽട്രോണിന്റെ സഹായത്തോടെ താമസംവിനാ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വനം വകുപ്പിലെ എൻ.എം.ആർ. വാച്ചർമാരെ സ്ഥിരപ്പെടുത്തൽ**

101(2719) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 354/ 2016 പ്രകാരം വനം വകുപ്പിലെ റിസർവ് വാച്ചർ, ഡിപ്പോ വാച്ചർ, ബംഗ്ലാവ് വാച്ചർ തസ്തികകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം എൻ.എം.ആർ. വാച്ചർമാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകി; ഇനി എത്ര പേർക്ക് കൂടി നിയമനം നൽകാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നതും 56 വയസ്സ് പൂർത്തിയാക്കാത്തതുമായ ജീവനക്കാരെ മുൻ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് 2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ലിസ്റ്റിലുൾപ്പെടാൻ അർഹതയുണ്ടായിരുന്നിട്ടും ചില സാങ്കേതിക കാരണങ്ങളാൽ ഉൾപ്പെടാതെപോയ ജീവനക്കാരെയാണ് 2016-നുശേഷം വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും 86 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. മേൽ തസ്തികയിൽ ഒൻപത് ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഒരു പ്രതീക്ഷിത ഒഴിവുകൂടി നിലവിൽ വരുന്നുണ്ട്.

**ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഒഴിവുകൾ**

102(2720) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് വകുപ്പ് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനം നടത്തുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ ഒരു എൻ.ജെ.ഡി. ഒഴിവുൾപ്പെടെ മൂന്ന് ഒഴിവുകളുണ്ട്.

(ബി) ഒഴിവുകളെല്ലാംതന്നെ യഥാസമയം കൊല്ലം ജില്ലാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(സി) കൊല്ലം ജില്ലയിൽ പുനലൂർ ഡിവിഷനിൽ അഞ്ചൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങളിലാണ് ഇവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്.

## താൽക്കാലിക ഫോറസ്റ്റ് വാച്ചർമാരുടെ സേവനവും വേതനവും

103(2721) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് വാച്ചർമാരുടെ സേവനം വനവിസ്തൃതിക്ക് ആനുപാതികമായി ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഫോറസ്റ്റ് വാച്ചർമാരുടെ കുറവാണ് ഇപ്പോഴുള്ളത്; അറിയിക്കുമോ;

(ബി) ആവശ്യമായത്ര ഫോറസ്റ്റ് വാച്ചർമാരുടെ സേവനം ഉറപ്പ് വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഫോറസ്റ്റ് വാച്ചർമാർ ഉൾപ്പെടെയുള്ള താത്കാലിക ജീവനക്കാർക്ക് നമ്പർ. 394/ഇ 1/2017/തൊഴിൽ വിജ്ഞാപനത്തിന് അനുസൃതമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ പോരായ്മകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർമാരുടെ സേവനം വനവിസ്തൃതിക്ക് ആനുപാതികമായി കണക്കാക്കിയിട്ടില്ല.

(ബി) നിലവിൽ ലഭ്യമായ സർക്കാർ ഫണ്ട് പ്രകാരം അംഗീകരിച്ച വാർഷിക പദ്ധതിക്കനുസൃതമായി എൻ.എം.ആർ. വ്യവസ്ഥയിൽ തദ്ദേശീയരായ ആളുകളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചുവരുന്നുണ്ട്.

(സി) ഫോറസ്റ്റ് വാച്ചർമാരുൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാർക്ക് നമ്പർ 394/ഇ 1/2017/തൊഴിൽ വിജ്ഞാപനത്തിനനുസൃതമായി ശമ്പളവും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ പോരായ്മകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കലവറ വിപണന കേന്ദ്രങ്ങൾ

104(T* 2722) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് കലവറ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കലവറ വിപണന കേന്ദ്രങ്ങളിൽ നിന്ന് ആർക്കെല്ലാമാണ് സാധനങ്ങൾ ലഭിക്കുന്നതെന്നും, സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ കലവറ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ കൊല്ലം ജില്ലയിൽ കുളത്തുപ്പുഴയിലാണ് നിലവിൽ ടി കേന്ദ്രം പ്രവർത്തിച്ചുവരുന്നത്.

(ബി) കലവറ വിപണന കേന്ദ്രങ്ങളിൽനിന്നും നിലവിൽ തിരുവനന്തപുരം - കൊല്ലം ജില്ലകളിലെ ഗാർഹിക ഉപഭോക്താക്കൾക്ക് മണൽ ലഭ്യമാക്കുന്നുണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് സീനിയറേജ്, ജി.എസ്.ടി., മറ്റ് നിരക്കുകൾ സഹിതം ഒരു ഘനമീറ്ററിന് 4445 രൂപ നിരക്കിലും ബി.പി.എൽ. വിഭാഗത്തിന് 2485 രൂപ നിരക്കിലും മണൽ വാങ്ങിക്കാവുന്നതാണ്. അപേക്ഷകർ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.forest.kerala.gov.in വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, വീടിന്റെ അംഗീകൃത പ്ലാൻ, എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകതാ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ടി വിവരങ്ങൾ/രേഖകൾ മുൻഗണനാ ക്രമത്തിൽ റെയിഞ്ചാഫീസർ സൂക്ഷ്മപരിശോധന നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെട്ട് ആവശ്യമായ അളവിൽ മണൽ വിതരണം ചെയ്യുന്നതാണ്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**വനാവകാശ നിയമപ്രകാരമുള്ള പരാതികൾ**

105(2723) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമപ്രകാരം അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; എത്ര പേർക്ക് ഈ നിയമപ്രകാരമുള്ള അവകാശം നൽകിയിട്ടുണ്ട്;

(സി) അപേക്ഷയിൽ പറയുന്ന സ്ഥലം റവന്യൂ ഭൂമിയാണോ, വനഭൂമിയാണോ എന്ന സംയുക്ത പരിശോധന വനം, റവന്യൂ വകുപ്പുകൾ യഥാസമയം നടത്താത്തത് വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് നടത്തുന്നതെന്നറിയിക്കാമോ;

(ഡി) വനാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകൾ അകാരണമായി നിരസിക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി ഉന്നത തലത്തിൽ പരിശോധിച്ച് അർഹരായവർക്കെല്ലാം വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 2006-ലെ വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ വകുപ്പും വനം വകുപ്പും ഈ നിയമം നടപ്പിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. വനാവകാശ നിയമം കേരളത്തിൽ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം വനാവകാശ നിയമ പ്രകാരം 31-8-2019 വരെ ഗ്രാമസഭകളിൽ വ്യക്തിഗത വനാവകാശ രേഖകൾക്കായി ലഭിച്ച 43237 അപേക്ഷകളിൽ 39069 അപേക്ഷകൾ ഗ്രാമസഭ പാസ്സാക്കി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്ക് നൽകുകയും കമ്മിറ്റി പാസ്സാക്കിയ 27644

അപേക്ഷകൾ ജില്ലാതല കമ്മിറ്റിക്ക് നൽകുകയുണ്ടായി. ഇതിൽ 26580 അപേക്ഷകൾ ജില്ലാ കമ്മിറ്റി പാസ്സാക്കി 25848 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുള്ളതാണ്. സാമൂഹിക വനാവകാശ രേഖകൾക്കുള്ള 1012 അപേക്ഷകളിൽ 475 എണ്ണം സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി പാസ്സാക്കി ജില്ലാ കമ്മിറ്റിക്ക് നൽകുകയും അതിൽ 358 അപേക്ഷകൾ ജില്ലാ കമ്മിറ്റി പാസ്സാക്കി 174 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി വനാവകാശ നിയമപ്രകാരം വനഭൂമി വിട്ടു നൽകുന്നതിനായി വനം വകുപ്പിന് ലഭിച്ച 763 അപേക്ഷകൾ ഗ്രാമസഭ ശിപാർശ ചെയ്തിട്ടുള്ളതും അതിൽ 620 അപേക്ഷകൾ വനം വകുപ്പ് പാസ്സാക്കി 466 അപേക്ഷകൾക്ക് ടൈറ്റിലുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ പരിശോധനാ ഘട്ടങ്ങളിലാണ്. കമ്മ്യൂണിറ്റി റിസോഴ്സ് മാപ്പ് തയ്യാറാക്കുന്നതിലുള്ള കാലതാമസമാണ് ടൈറ്റിലുകൾ നൽകുന്നതിനുള്ള കാലതാമസം. ഇത് പൂർണ്ണമാകുന്ന മുറയ്ക്ക് നിയമം പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കും.

(ബി) ഉണ്ട്. മേയ് 2016 മുതൽ ആഗസ്റ്റ് 2018 വരെയുള്ള കാലഘട്ടത്തിൽ വ്യക്തിഗത അവകാശങ്ങൾക്കായി ലഭിച്ച 7103 അപേക്ഷകളിൽ 903 പേർക്കും സാമൂഹിക വനാവകാശ രേഖകൾക്കുള്ള 88 അപേക്ഷകളിൽ 19 ടൈറ്റിലുകളും നൽകിയിട്ടുണ്ട്. അതുപോലെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ മുൻപിനാലെ തീർപ്പാക്കാനുണ്ടായിരുന്നതുൾപ്പെടെ 169 അപേക്ഷകൾ വനം വകുപ്പ് പാസ്സാക്കി നൽകിയിട്ടുള്ളതാണ്.

(സി) വനാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിക്കുന്ന പ്രകാരം റവന്യൂ വകുപ്പിനോടൊപ്പം വനം വകുപ്പും യഥാസമയം സംയുക്ത പരിശോധനയിൽ പങ്കെടുക്കാറുണ്ട്. വനം വകുപ്പിന്റെ ഭാഗത്തുനിന്നും സംയുക്ത പരിശോധനയിൽ യഥാസമയം പങ്കെടുക്കാത്തതിന്റെ പേരിൽ നിയമം നടപ്പാക്കുന്ന കാര്യത്തിൽ കാലതാമസം വരാറില്ല.

(ഡി) അകാരണമായി നിരസിക്കുന്നുവെന്ന പരാതിയൊന്നും ലഭിച്ചിട്ടില്ല. വനാവകാശ നിയമപ്രകാരം ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമസഭകൾക്കാണ് അപേക്ഷകൾ സമർപ്പിക്കുന്നത്. കേരളത്തിൽ ഊരുകൂട്ടങ്ങളെയാണ് ഗ്രാമസഭകളായി അംഗീകരിച്ചിട്ടുള്ളത്. ഗ്രാമസഭകൾ ടി അപേക്ഷകൾ പരിശോധിച്ച് ഉചിതമായവ തുടർനടപടികൾക്കായി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്കും തുടർന്ന് ജില്ലാതല കമ്മിറ്റിക്കും കൈമാറുന്നു. മേൽ സമിതികൾ പരിശോധിച്ച് ഉചിതമല്ലായെന്ന് കണ്ടെത്തി നിരസിക്കുന്ന അപേക്ഷകൾ പുനഃപരിശോധിക്കുന്നതിനായി നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളൊന്നും ലഭ്യമല്ല.

## കാർബൺ ന്യൂട്രൽ

106(2724) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എം. ഉമ്മർ:

ശ്രീ. അബ്ദുൽ ഹമീദ് പി.:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ നടപ്പിലാക്കിവരുന്ന വനവൽക്കരണ പദ്ധതികളെല്ലാം തന്നെ കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. മേൽ പദ്ധതികളെല്ലാം തന്നെ ജൈവ വൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. അന്തരീക്ഷത്തിലുണ്ടാകുന്ന കാർബൺ അതിപ്രസരം കുറയ്ക്കുന്നതിനായുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വനം വകുപ്പ് വിവിധ രീതിയിലുള്ള ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള വിശേഷദിനങ്ങളിൽ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, ചർച്ചാ ക്ലാസ്സുകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ വനം വകുപ്പ് നേച്ചർ ക്യാമ്പുകൾ, എക്സിബിഷനുകൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവയും നടത്തിവരുന്നു. കുട്ടികളെയും പൊതുജനങ്ങളെയും ബോധവത്ക്കരിക്കാൻ ഇത്തരം പരിപാടികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

## ആവാസ വ്യവസ്ഥ സന്തുലിതമായി സംരക്ഷിക്കുന്നതിന് പദ്ധതികൾ

107(2725) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലും കാടും കണ്ടൽക്കാടുകളും കാവും നീർത്തടങ്ങളും എല്ലാം ചേർന്ന പഴയ കാലത്തെ സന്തുലിതമായ ആവാസ വ്യവസ്ഥ തിരിച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) വനശോഷണം തടയുന്നതിനും കുട്ടി തേവാങ്ക്, അളുങ്ക്, മലബാർ വെരുക്, മലയണ്ണാൻ, വേഴാമ്പൽ, പച്ചത്തവളകൾ, വരയാട്, സിംഹവാലൻ കുരങ്ങ് തുടങ്ങിയ വംശനാശ ഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) വിവിധയിനം ആവാസ വ്യവസ്ഥകൾ സന്തുലിതമായി സംരക്ഷിക്കുന്നതിനും നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനും വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ വനം വകുപ്പ് നേതൃത്വം നൽകുമോ?

ഉത്തരം

(എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉല്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. അധിനിവേശ സസ്യങ്ങളുടെ നീക്കം ചെയ്യൽ കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം ജനപങ്കാളിത്തത്തോടു കൂടിയുള്ള വനപരിപാലനം തുടങ്ങിയവ മുഖേന ആവാസവ്യവസ്ഥ പൂർണ്ണമായും സംരക്ഷിച്ചുവരുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ, ബയോഗ്യാസ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു.

കാവ് സംരക്ഷണ പദ്ധതിപ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ തെരഞ്ഞെടുത്ത് സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാവ് സംരക്ഷണത്തിനായി ധനസഹായം നൽകിവരുന്നു.

കൂടാതെ വനേതര പ്രദേശങ്ങളിൽ വൃക്ഷവത്കരണം നടത്തുന്നതിനായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികളെല്ലാം തന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ് ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കി തന്മൂലം വനാശ്രിതത്വം കുറച്ച് കാടിന്റെ സന്തുലിതമായ ആവാസവ്യവസ്ഥ നിലനിർത്തുക എന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഗ്രീൻ ഇൻഡ്യാ മിഷൻ" പ്രവർത്തനങ്ങളിൽ ശോഷിത വനങ്ങളോടൊപ്പം കണ്ടൽക്കാടുകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വനശോഷണം തടയുന്നതിനും വന്യജീവികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്ര-സംസ്ഥാന സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക, കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും, പ്രകൃതി സൗഹൃദ പദ്ധതികൾ, പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തിനായുള്ള പ്രവർത്തനങ്ങൾ, ജൈവവൈവിദ്ധ്യം, ജലം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി നടപ്പാക്കിവരുന്നത്.

അന്യംനിന്നുപോകുന്ന വരയാടുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിലൂടെ ഇവയുടെ ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനും വിവിധ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾക്കും ഗവേഷണ നിരീക്ഷണങ്ങൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. വാഴച്ചാൽ മേഖലയിൽ വേഴാമ്പലിന്റെ ആവാസവ്യവസ്ഥയുടെ പ്രത്യേക പരിചരണത്തിനായി ഒരു പദ്ധതി നിലവിലുണ്ട്. മലയണ്ണാൻ, സിംഹവാലൻ കുരങ്ങ് എന്നീ മൃഗങ്ങൾ കാടിനുള്ളിലെ റോഡ് മുറിച്ചുകടക്കുമ്പോൾ വാഹനാപകടങ്ങളിൽപ്പെടുന്നത് തടയാൻ കോട്ടയം വന്യജീവി ഡിവിഷനുകീഴിൽ വിവിധ സ്ഥലങ്ങളിൽ കനോപ്പി ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്.

സൈലന്റ്‌വാലി ദേശീയോദ്യാനത്തിൽ സിംഹവാലൻ കുരങ്ങുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) വിവിധതരം ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ പ്രവർത്തനങ്ങൾ നടത്തുകയും പരിസ്ഥിതി ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

## ഗ്രീൻ ഗ്രാസ്സ് പദ്ധതി

108(2726) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ജീവനും പരിസ്ഥിതിക്കും ഭീഷണിയാകും വിധം പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ വൻതോതിൽ വനമേഖലകളിൽ വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ 'ഗ്രീൻ ഗ്രാസ്സ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതി ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി പ്രകാരം ഇതുവരെ എത്ര ടൺ മാലിന്യം നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്, പരിസ്ഥിതി വകുപ്പ്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്, ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) വനമേഖലയിൽനിന്നും 1846 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്.

**നാട്ടാനകളെ അനധികൃതമായി കൈമാറുന്നത് തടയുന്നതിന് നടപടി**

109(2727) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളെ അനധികൃതമായി കൈമാറുന്നതും പാട്ടത്തിന് നൽകുന്നതും അവയുടെ ജീവഹാനിക്ക് തന്നെ കാരണമാവുന്ന വിധത്തിലുള്ള ദുരുപയോഗമാണെന്ന് വനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആനകളെ കച്ചവടം ചെയ്യുന്നതും കൈമാറ്റം ചെയ്യുന്നതുമെല്ലാം വനം വകുപ്പിന്റെ അനുമതിയോടെയാവണം എന്ന് വ്യവസ്ഥയുണ്ടോ; ആയതിൻെറ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇത്തരത്തിലുള്ള നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നാട്ടാനകളുടെ മരണം സംബന്ധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിയോഗിച്ച വിദഗ്ദ്ധ സമിതി 2018-ൽ ചരിഞ്ഞ നാട്ടാനകളുടെ വിവരങ്ങൾ പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഫീൽഡ് ഉദ്യോഗസ്ഥർക്ക് സർക്കുലർ 1/2019 (അനുബന്ധമായി ചേർക്കുന്നു)* പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 18-8-2007-ലെ W.P.(C) 30959/2003 എന്ന കേസ്സിലെ വിധിയിൽ, നാട്ടാനകളുടെ കച്ചവടം, കൈമാറ്റം, മറ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രീതിയിലുള്ള ഇടപെടലുകൾ എന്നിവ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടൊപ്പം ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ചുമായിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഈ വിധിയുടെ അടിസ്ഥാനത്തിൽ ഇതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കിക്കൊണ്ട് 20-6-2008 തീയതിയിലെ G.O. (MS) 38/2007/&WLD (അനുബന്ധമായി ചേർക്കുന്നു)* ആയി ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ നാട്ടാനകളെ അവയെ രജിസ്റ്റർ ചെയ്ത ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ച് 28-8-2019-ൽ 5/2019 എന്ന സർക്കുലറും (അനുബന്ധമായി ചേർക്കുന്നു)* ഇറക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കൃഷിയിടങ്ങളിലെ വന്യമൃഗങ്ങളുടെ ആക്രമണം

110(2728) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ കൃഷിയിടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഇടുക്കി ജില്ലയിൽ കൃഷിയിടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി നാളിതുവരെ 261.040 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലി, 3.108 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങ്, 1.2 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഇവ സംരക്ഷിക്കുകയും അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുകയും ചെയ്തുവരുന്നു. കൂടാതെ, രാത്രികാല പട്രോളിംഗ് കാര്യക്ഷമമായി നടത്തുകയും കാടിന് വെളിയിൽ വരുന്ന മൃഗങ്ങളെ കൂടുവച്ച് പിടിച്ച് തിരികെ കാട്ടിലേയ്ക്ക് വിടുകയും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ചെയ്തുവരുന്നു. മൂന്നാറിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ദ്രുതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.

## കൃഷിനാശം വരുത്തുന്ന കാട്ടുപന്നികൾ

111(2729) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ലൈസൻസുള്ള തോക്കുണ്ടെങ്കിലും ഇനി കർഷകർക്ക് വെടിവെച്ച് കൊല്ലാൻ കഴിയാത്ത സാഹചര്യമുണ്ടോ; ഇതു സംബന്ധിച്ച 2014-ലെ ഉത്തരവ് ഇപ്പാൾ ഭേദഗതി വരുത്തുകയുണ്ടായോ;

(ബി) എങ്കിൽ പുതിയ ഉത്തരവ് പ്രകാരം വെടിവയ്ക്കാനുള്ള അനുമതി ആർക്കാണ് നല്കിയതെന്ന് വ്യക്തമാക്കുമോ; മറ്റെന്തൊക്കെ ഭേദഗതികളാണ് 2014-ലെ ഉത്തരവിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കാട്ടുപന്നികൾ ശല്യമുണ്ടാക്കാതെ കാട്ടിലേയ്ക്ക് മടങ്ങാൻ തുടങ്ങിയാൽ വെടിവെയ്ക്കരുതെന്നും, കാട്ടിൽ കടന്നു കഴിഞ്ഞാൽ ഒരു കാരണവശാലും വെടിവയ്ക്കരുതെന്നും ഉത്തരവിലുണ്ടോ; വെടിവയ്ക്കുമ്പോൾ പഞ്ചായത്ത് മെമ്പറോ, പ്രസിഡന്റോ സ്ഥലത്ത് ഉണ്ടാകണമെന്ന നിബന്ധനയുണ്ടോ?

ഉത്തരം

(എ) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് കർഷകർക്ക് അനുമതി നൽകുന്ന 2014-ലെ ഉത്തരവ് ഇപ്പോൾ നിലവിലില്ല. ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് 16-2-2019-ൽ സ.ഉ. (കൈ) നം. 7/2019/വനം എന്ന നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* പ്രസ്തുത ഉത്തരവ് പ്രകാരം കാട്ടുപന്നി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽനിന്ന് അവയെ ഒഴിവാക്കുന്നതിന് ആ പ്രദേശങ്ങളുടെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ വൈൽഡ് ലൈഫ് വാർഡന്മാർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൃഷിക്കും മനുഷ്യജീവനും നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള അധികാരം ബന്ധപ്പെട്ട സ്ഥലങ്ങളിലെ ഡിവിഷണൽ/ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് വികേന്ദ്രീകരിച്ച് നൽകിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 8-3-2013-ലെ WL4-466/11 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 16-2-2019-ലെ സ.ഉ. (കൈ) നമ്പർ 7/2019/വനം ഉത്തരവ് പ്രകാരം കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് മതിയായ പരിശീലനം സിദ്ധിച്ച വനം വകുപ്പ് / പോലീസ്/മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർ രേഖാമൂലം ചുമതലപ്പെടുത്തേണ്ടതാണ്. ഭേദഗതി സംബന്ധിച്ച പുതുക്കിയ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു* .

(സി) വെടിവയ്ക്കുന്നതിനുമുമ്പ് കാട്ടിലേയ്ക്ക് മടങ്ങി പൊയ്ക്കൊണ്ടിരിക്കുന്നതോ കാട്ടിനുള്ളിൽ ആയിരിക്കുന്നതോ ആയ കാട്ടുപന്നികളെ വെടിവയ്ക്കരുതെന്നും വെടിവയ്ക്കുമ്പോൾ പ്രദേശത്തെ പഞ്ചായത്ത് മെമ്പറോ പ്രസിഡന്റോ സ്ഥലത്തുണ്ടായിരിക്കണമെന്നും 16-2-2019-ലെ സ.ഉ. (കൈ) നമ്പർ 7/2019/വനം ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

**വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം**

112(2730) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തിയ്ക്കടുത്തുള്ള ജില്ലകളിൽ പ്രത്യേകിച്ച് വയനാട് ജില്ലയിൽ ഉണ്ടാകുന്ന രൂക്ഷമായ വന്യജീവി ആക്രമണങ്ങൾ കർഷകരുടെ ജീവനു ഭീഷണിയും കാർഷികവിളകളുടെ നാശത്തിനും കാരണമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകരുടെ ജീവനും സ്വത്തിനും കാർഷിക വിളകൾക്കും സംരക്ഷണം നല്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ ;

(സി) നിലവിൽ ഈക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. കർഷകരുടെ ജീവനും സ്വത്തിനും കാർഷിക വിളകൾക്കും സംരക്ഷണം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലി, 631 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിലോമീറ്റർ ആന പ്രതിരോധ മതിൽ, 6 കിലോമീറ്റർ കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കിലോമീറ്റർ ജൈവ വേലി, 248 കിലോമീറ്റർ കയ്യാല, 1.2 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിനുപുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിലുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റോഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്കോ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രത നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജന പങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

കൂടാതെ, വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു.

## ദേവികുളം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം

113(2731) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിന് ഇരയായ ജനങ്ങൾക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ;

(ബി) ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ വന അതിർത്തി ആണുള്ളത്; ആയതിന്റെ വില്ലേജ്/ ഭൂപ്രദേശം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വന അതിർത്തിയിൽ എത്ര ദൂരത്തിലാണ് സോളർ വേലി, മതിൽ, ട്രഞ്ച്, റെയിൽവേലി തുടങ്ങി ഏതെങ്കിലും വിധത്തിലുള്ള പ്രതിരോധം തീർക്കൽ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വില്ലേജ്/ഭൂപ്രദേശം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിനിരയായ ജനങ്ങൾക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:-

| | |
|---|---|
| മരണം സംഭവിച്ചവരുടെ എണ്ണം | 16 |
| നഷ്ടപരിഹാര തുക (ലക്ഷത്തിൽ) | 91,00,000 |
| വന്യജീവി ആക്രമണത്തിന് ഇരയായവരുടെ എണ്ണം | 15 |
| നഷ്ടപരിഹാര തുക (ലക്ഷത്തിൽ) | 5,94,953 |
| കൃഷിനാശം സംഭവിച്ചത് (എണ്ണം) | 579 |
| നഷ്ടപരിഹാര തുക (ലക്ഷത്തിൽ) | 36,61,426 |
| വീട് നഷ്ടപ്പെട്ടത് (എണ്ണം) | 3 |
| നഷ്ടപരിഹാര തുക | 98,000 |

(ബി) ദേവികുളം നിയോജകമണ്ഡലത്തിൽ 779.57 കിലോമീറ്റർ വനാതിർത്തിയാണുള്ളത്. മാങ്കുളം വില്ലേജിലുൾക്കൊണ്ടുവരുന്ന മാങ്കുളം ഡിവിഷനിൽ മാങ്കുളം, ആനക്കുളം, കടലാർ, കല്ലാർ എന്നീ ഭൂപ്രദേശങ്ങളിലായി സെറ്റിൽമെന്റ് ഉൾപ്പെടെ 211.17 കിലോമീറ്റർ വനാതിർത്തിയുണ്ട്. മൂന്നാർ ഡിവിഷനിൽ ദേവികുളം റെയ്ഞ്ചിൽ കെ.ഡി.എച്ച്. പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിലായി 57 കിലോമീറ്ററും മൂന്നാർ റെയ്ഞ്ചിൽ കെ.ഡി.എച്ച്. വില്ലേജിൽ 84 കിലോമീറ്ററും അടിമാലി റെയ്ഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ 103 കിലോമീറ്ററും നേര്യമംഗലം റെയ്ഞ്ചിൽ ദേവികുളം നിയോജകമണ്ഡല പരിധിയിൽ 45 കിലോമീറ്റർ വനാതിർത്തിയുമുണ്ട്. മറയൂർ ഡിവിഷനിൽ മറയൂർ വില്ലേജിൽ 36.67 കിലോമീറ്ററും കാന്തല്ലൂർ വില്ലേജിൽ 68.33 കിലോമീറ്റർ വനാതിർത്തിയുമുണ്ട്.

മൂന്നാർ ഡിവിഷനിൽ ദേവികുളം മണ്ഡലത്തിൽ കെ.ഡി.എച്ച്. വില്ലേജിൽ 91.4 കിലോമീറ്ററും മറയൂർ വില്ലേജിൽ 22 കിലോമീറ്ററും കീഴാന്തൂർ വില്ലേജിൽ 18 കിലോമീറ്ററും കാന്തല്ലൂർ വില്ലേജിൽ 20 കിലോമീറ്ററും വട്ടവട വില്ലേജിൽ 5 കിലോമീറ്ററും കൊട്ടക്കമ്പൂർ വില്ലേജിൽ 18 കിലോമീറ്ററും വനാതിർത്തിയുണ്ട്.

(സി) അടിമാലി റെയ്ഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ 3.9 കിലോമീറ്ററും നേര്യമംഗലം റെയ്ഞ്ച് പരിധിയിൽ 9.6 കിലോമീറ്ററും സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. അടിമാലി റെയ്ഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ 1.3 കിലോമീറ്റർ ട്രെഞ്ചും നിർമ്മിച്ചിട്ടുണ്ട്. മറയൂർ വില്ലേജിൽ 11 കിലോമീറ്ററും കീഴന്തൂർ വില്ലേജിൽ 9.5 കിലോമീറ്ററും സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ, മറയൂർ വില്ലേജിൽ 800 മീറ്റർ ട്രെഞ്ചും ചെയ്തിട്ടുണ്ട്.

ഇരവികുളം നാഷണൽ പാർക്കിൽ കെ.ഡി.എച്ച്. വില്ലേജിൽ 0.834 മീറ്റർ ട്രഞ്ചും 4.5 കിലോമീറ്റർ സോളാർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. ഷോളാ നാഷണൽ പാർക്കിൽ കാന്തല്ലൂർ വില്ലേജിൽ 2 കിലോമീറ്ററും വട്ടവട വില്ലേജിൽ 6.65 കിലോമീറ്റർ സോളാർ ഫെൻസിംഗും 0.703 മീറ്റർ ട്രഞ്ചും 70 മീറ്റർ ആന മതിലും നിർമ്മിച്ചിട്ടുണ്ട്. ചിന്നാർ വന്യജിവി സങ്കേതത്തിൽ കാന്തല്ലൂർ വില്ലേജിൽ 3 കിലോമീറ്ററും മറയൂർ വില്ലേജിൽ 2.5 കിലോമീറ്ററും സോളാർ ഫെൻസിംഗും കീഴാന്തൂർ വില്ലേജിൽ 162 മീറ്ററും മറയൂർ വില്ലേജിൽ 161 മീറ്ററും ആന മതിൽ നിർമ്മിച്ചിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

114(2732) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് ഒന്നാം തീയതിക്കുശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി, കോരുത്തോട്, കൂട്ടിക്കൽ, മുണ്ടക്കയം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ വന്യജീവികളുടെ ആക്രമണം പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത മേഖലകളിൽ വന്യജീവികളുടെ ആക്രമണം മൂലം നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019 ആഗസ്റ്റ് ഒന്നാം തീയതിക്കുശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി, കോരുത്തോട്, കൂട്ടിക്കൽ, മുണ്ടക്കയം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ബന്ധപ്പെട്ട സ്റ്റാഫുകളെയും പെരിയാർ വെസ്റ്റ് ഡിവിഷനിൽ നിന്നുള്ള റാപ്പിഡ് റെസ്പോൺസ് ടീമിനെയും ഉൾപ്പെടുത്തി മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 5 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പൂഞ്ഞാർ മണ്ഡലത്തിൽനിന്ന് വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഈ ഡിവിഷനിൽ 12 അപേക്ഷകൾ ലഭിച്ചതിൽ 5 അപേക്ഷകളിന്മേൽ നടപടി ഉത്തരവായിട്ടുള്ളതാണ്. ശേഷിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

## വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് നഷ്ടപരിഹാരം

115(2733) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട്, കോട്ടൂർ, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ എത്രപേരുടെ അപേക്ഷ തീർപ്പാക്കാനുണ്ട് എന്ന് അറിയിക്കാമോ;

(സി) ഈ അപേക്ഷകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട്, കോട്ടൂർ, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ടതിന് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. കൂരാച്ചുണ്ട് പഞ്ചായത്തിൽ പരിക്കേറ്റതിന് നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടൂർ, പനങ്ങാട് പഞ്ചായത്തുകളിൽനിന്നും പരിക്കേറ്റതിന് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) കൂരാച്ചുണ്ട് പഞ്ചായത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ ചുവടെ പറയുന്ന 4 പേരുടെ അപേക്ഷ തീർപ്പാക്കാനുണ്ട്.

1. ശ്രീ. കുര്യാക്കോസ്
2. ശ്രീമതി ജലജാ ബെന്നി
3. ശ്രീമതി സാലമ്മ ഷാജു
4. ശ്രീമതി അശ്വതി സന്തോഷ്

(സി) ചികിത്സാ ചെലവുകൾ സംബന്ധിച്ച് ഡോക്ടറുടെ സർട്ടിഫിക്കറ്റ് ലഭ്യമായ അപേക്ഷകളിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് നടപടി**

116(2734) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മേഖലയിലേയ്ക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്ന് പിടികൂടുന്ന കടുവ, പുലി തുടങ്ങിയവയെ കൊണ്ടുവന്ന് തുറന്നുവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വയം ആഹാരം തേടാൻ കഴിയാത്ത സ്ഥിതിയിലുള്ള ഈ വന്യമൃഗങ്ങൾ കേരളത്തിലെ അടുത്തുള്ള ജനവാസ കേന്ദ്രങ്ങളിൽ എത്തി, കെട്ടിയിട്ട് വളർത്തുന്ന മൃഗങ്ങളെ പിടികൂടുന്നത് നാട്ടുകാർക്ക് ബുദ്ധിമുട്ടുളവാക്കുന്നതായി അറിവായിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് മേഖലയിലേയ്ക്ക് അയൽ സംസ്ഥാനങ്ങളിൽനിന്ന് പിടികൂടുന്ന കടുവ, പുലി തുടങ്ങിയവയെ കൊണ്ടുവന്ന് തുറന്നുവിടുന്നതായി ആരോപണങ്ങളുണ്ടായിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള സംഭവങ്ങൾ കണ്ടെത്തിയിട്ടില്ല.

(ബി) ഇത്തരത്തിലുള്ള മൃഗങ്ങൾ നാട്ടിലിറങ്ങിയതായി തെളിവുകൾ ലഭിച്ചിട്ടില്ല. പൊതുവിൽ വനമേഖലയിൽനിന്ന് മൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങി വളർത്തുമൃഗങ്ങളെ പിടികൂടിയ സംഭവങ്ങളുണ്ടായിട്ടുണ്ട്.

(സി) വന്യമൃഗ പ്രതിരോധത്തിനായി സംസ്ഥാനത്ത് 2018-19 വരെ 2413.7 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലി, 631 കിലോമീറ്റർ നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 178.133 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 6 കിലോമീറ്റർ കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കിലോമീറ്റർ ജൈവ വേലി, 248 കിലോമീറ്റർ കയ്യാല, 1.2 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തുകൂടി വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾകൂടി നടപ്പിലാക്കിവരുന്നു:-

1. വനത്തിനുപുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിലുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.
2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

4. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രത നിർദ്ദേശം നൽകൽ.

5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

6. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

8. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനുള്ള ആനുകൂല്യങ്ങൾ

117(2735) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിൽ എത്ര ആളുകൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ മരണപ്പെടുന്ന ആളുകളുടെ കുടുംബത്തിന് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച ധനസഹായം പൂർണ്ണമായി ലഭിച്ചിട്ടില്ല എന്നതും കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകുമെന്ന വാഗ്ദാനവും നടപ്പിലായില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുണ്ടായ മരണങ്ങളുൾപ്പെടെ 58 ആളുകൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ 'ദി കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും (5 ലക്ഷം രൂപ അനന്തരാവകാശിക്ക് മരിച്ചയാളുടെ ബന്ധുവാണെന്ന് തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യഗഡുവായും ബാക്കിത്തുക അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകുന്നു.) വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(സി&ഡി) വയനാട് വന്യജീവി ഡിവിഷനുകീഴിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട മൂന്നുപേരുടെ ആശ്രിതർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ പൂർണ്ണമായി നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകാൻ വ്യവസ്ഥയില്ല.

## കോഴിയിറച്ചിയുടെ ഗുണനിലവാര പരിശോധന

118(2736) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചി വില്പനശാലകൾ പരിശോധിക്കുന്നതിനും അവിടുത്തെ ശുചിത്വം, ഇറച്ചിയുടെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് പരിശോധനകൾ നടത്താറുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭിക്കുന്നതിനും ഈ മേഖലയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും ലൈസൻസ് ഏർപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കോഴിയിറച്ചി വില്പനശാലകൾ പരിശോധിക്കുന്നതിനും അവിടത്തെ ശുചിത്വം, ഇറച്ചിയുടെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫുഡ് സേഫ്റ്റി അതോറിറ്റി എന്നിവയാണ്.

(ബി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം, ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന നടത്തുന്ന എല്ലാവർക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

**മൃഗസംരക്ഷണ പരിപാലനവും പ്രവർത്തനങ്ങളും**

119(2737) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ വഴി കൈവരിച്ച നേട്ടത്തെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) മൃഗചികിത്സയ്ക്കായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; രാത്രികാല അടിയന്തര മൃഗചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കന്നുകാലി സമ്പത്തിന്റെ 95% വരുന്ന വിദേശ സങ്കരയിനങ്ങളുടെ പരിപാലന ചെലവും രോഗാതുരതയും വർദ്ധിച്ച തോതിലായതിനാൽ നാടൻ ഇനങ്ങളുടെ വ്യാപനത്തിനു കൂടി സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ഇറച്ചിക്കോഴി കൃഷിയിലും വിപണിയിലും ഗുണമേന്മയും വിലനിയന്ത്രണവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ, കെപ്‌കോ, ബ്രഹ്മഗിരി, എം.പി.ഐ എന്നിവയുമായി സഹകരിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ക്രോസ് ബ്രീഡിംഗ് പദ്ധതി, കന്നുകാലി വികസന പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതി എന്നിവ നടപ്പാക്കുന്നതിലൂടെ മൃഗസമ്പത്ത് വർദ്ധിച്ചിട്ടുണ്ട്. 2019-ൽ നടത്തിയ കന്നുകാലി സെൻസസ് പ്രകാരം പശുക്കളുടെയും മറ്റ് പക്ഷിമൃഗാദികളുടെയും എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യപരിപാലന സംവിധാനമാണുള്ളത്. പഞ്ചായത്ത് തലത്തിൽ 215 വെറ്ററിനറി ആശുപത്രികളും

885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്കുതലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, സഞ്ചരിക്കുന്ന മൃഗാശുപത്രികൾ, ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗ നിർണ്ണയ കേന്ദ്രം, 3 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമിക രോഗ വിശകലന യൂണിറ്റ്, കന്നുകാലി ഉല്പന്ന പരിശോധന ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നു.

രാത്രികാല അടിയന്തര മൃഗചികിത്സയ്ക്കായുള്ള പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ മൃഗചികിത്സ ലഭ്യമാക്കുന്ന ഈ പദ്ധതി നിലവിൽ സംസ്ഥാനത്തെ 105 ബ്ലോക്കുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നാടൻ പശുക്കളെ വളർത്തുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ സാമ്പത്തികമായി പ്രത്യേക സഹായം നൽകുന്നില്ല. എന്നാൽ സങ്കേതിക സഹായം നൽകിവരുന്നു. കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ വിത്തുകാളകൾ കെ.എൽ.ഡി. ബോർഡിന്റെ ബുൾ സ്റ്റേഷനുകളിൽ ലഭ്യമാണ്. ഇവയുടെ ഗാഢശീതീകരിച്ച ബീജം നാടൻ പശുക്കളെ വളർത്തുന്ന കർഷകരുടെ ആവശ്യാനുസരണം മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികളിലും കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴിയും സൗജന്യമായി നൽകിവരുന്നു. അതത് തനത് ജനുസ്സുകളിൽപ്പെട്ട പശുക്കളിൽ മാത്രം ഈ ബീജം ഉപയോഗിക്കുവാൻ ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. നാടൻ ജനുസ്സുകളായ ഗിർ, വെച്ചൂർ, സഹിവാൾ എന്നിവയിൽനിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ പദ്ധതി കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിൻകീഴിൽ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി.) നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(ഡി) ഇറച്ചിക്കോഴി കൃഷിയിലും വിപണിയിലും ഗുണമേന്മയും വിലനിയന്ത്രണവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെപ്കോ), കുടുംബശ്രീ, ബ്രഹ്മഗിരി, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) എന്നിവയുമായി സഹകരിച്ച് കേരള ചിക്കൻ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 14-ഉം കൊല്ലം ജില്ലയിൽ 12-ഉം പത്തനംതിട്ട ജില്ലയിൽ 4-ഉം യൂണിറ്റുകൾ വീതം

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെപ്കോ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ യൂണിറ്റുകൾക്ക് നൽകുന്നു. 40-45 ദിവസം പ്രായവും രണ്ട് കിലോ ഭാരവുമാകുമ്പോൾ അവയെ കിലോയ്ക്ക് 95 രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ പ്രോസസ് ചെയ്ത് ചിക്കൻ ഉല്പാദിപ്പിക്കുന്നതാണ്. മരുന്നുകളുടെ ഉപയോഗം, വാക്സിനേഷൻ എന്നിവ മൃഗസംരക്ഷണ വകുപ്പ് മോണിറ്ററിംഗ് ചെയ്യുന്നതാണ്. സംസ്ഥാനത്തെ ഇറച്ചിക്കോഴി വിപണിയുടെ 20 ശതമാനം കൈവരിക്കാൻ ലക്ഷ്യമിട്ട് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി നിലവിൽ 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കെപ്കോ 53 യൂണിറ്റുകളിൽ കോഴിക്കുഞ്ഞുങ്ങളെ നൽകുകയും വളർച്ച പൂർത്തിയാകുമ്പോൾ തിരിച്ചെടുക്കുകയും ചെയ്യുന്നു. വിലസ്ഥിരതയില്ലായ്മയാണ് ബ്രോയിലർ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. ഇത് പരിഹരിക്കുന്നതിനായി കുടുംബശ്രീ ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന തിനാവശ്യമായ പേരന്റ് പക്ഷികൾ മുതൽ (ബ്രീഡർ സ്റ്റോക്ക്), ഹാച്ചറികൾ, മാംസ സംസ്കരണത്തിനുള്ള അബറ്റോയറുകൾ, കോഴി മാലിന്യം സംസ്കരിക്കുന്നതിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങളുൾപ്പെടെയുള്ള സമ്പൂർണ്ണമായ ഉല്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ 59 ബ്രോയ്‌ലർ ഫാമുകൾ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഇന്റഗ്രേഷൻ സംവിധാനത്തിലൂടെ പ്രവർത്തിച്ചുവരുന്നു.

## കോങ്ങാട് മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

120(2738) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) 2019-20 സാമ്പത്തികവർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | തുക |
|---|---|---|---|
| 1 | ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | 20 | 5,00,000 |
| 2 | സ്കൂൾ പൗൾട്രി | 23 | 7,47,500 |
| 3 | വളക്കുഴി നിർമ്മാണം | 18 | 4,50,000 |
| 4 | താറാവ് വളർത്തൽ പദ്ധതി | 11 | 1,32,000 |
| 5 | കൊമേഴ്സ്യൽ ഗോട്ടറി | 1 | 1,05,000 |
| 6 | വന്ധ്യതാ നിവാരണ ക്യാമ്പ് | 9 | 90,000 |
| 7 | രാത്രികാല സർവ്വീസ് | | 2,04,658 |
| 8 | ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി | 27 | 40,500 |
| 9 | ബാക്ക്യാഡ് പൗൾട്രി ഫോർ എസ്.സി. ഫാമിലീസ് | 11 | 2,20,000 |
| 10 | വെള്ളപ്പൊക്ക ദുരന്തം - പലിശരഹിത വായ്പ | 1 | 55,788 |
| | ആകെ | | 25,45,446 |

(ബി)

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | തുക |
|---|---|---|---|
| 1 | താറാവ് വളർത്തൽ പദ്ധതി | 60 | 72,000 |
| 2 | ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | 7 | 1,75,000 |
| 3 | വളക്കുഴി നിർമ്മാണം | 10 | 1,25,000 |
| 4 | സ്കൂൾ പൗൾട്രി | 9 | 2,92,500 |
| 5 | കൊമേഴ്സ്യൽ ഗോട്ടറി | 1 | 1,00,000 |
| 6 | വന്ധ്യതാ നിവാരണ ക്യാമ്പ് | 1 | 10,000 |
| 7 | ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി | 27 | 40,500 |
| 8 | സ്ട്രെഗ്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ് | 1 | 10,000 |
| | ആകെ | | 825,000 |

## കെപ്കോ ഔട്ട്ലെറ്റുകൾ

121(2739) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷം കെപ്കോ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കെപ്കോയുടെ എത്ര ഔട്ട്ലെറ്റുകൾ കേരളത്തിൽ ഉണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെപ്കോയുടെ എത്ര ഔട്ട്ലെറ്റുകൾ പുതിയതായി ആരംഭിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2019-20 വർഷം കെപ്കോ നടപ്പിലാക്കുന്ന പദ്ധതികൾ, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കെപ്കോ നഗരപ്രിയ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് എന്നിവയാണ്.

(ബി) നിലവിൽ കേരളത്തിൽ കെപ്കോയുടെ 58 ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെപ്കോ ഇതുവരെ 42 ഔട്ട്ലെറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ കെപ്കോ പദ്ധതികൾ

122(2740) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ കെപ്കോ മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കെപ്കോ വനിതാമിത്രം പദ്ധതി, പെരിങ്ങമല ഗ്രാമപഞ്ചായത്തിൽ "കോഴിവളർത്തൽ ഗ്രാമങ്ങൾ" എന്നീ പദ്ധതികൾ കെപ്കോ മുഖാന്തരം നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എടവണ്ണ ഹാച്ചറി പ്രവർത്തനം പൂർത്തീകരിക്കാൻ നടപടി

123(2741) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ച എടവണ്ണ ഹാച്ചറിയുടെ എത്ര തുകയുള്ള ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി ആർ. കെ. ബി. വൈ. സ്കീം പ്രകാരം എത്ര രൂപ അനുവദിച്ചിരുന്നുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഹാച്ചറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് ഇനിയും എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്; അതിനായി എത്ര രൂപ ചെലവ് വരും; അതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടവണ്ണ ഹാച്ചറിയുടെ കെട്ടിടനിർമ്മാണം പൗൾട്രി ഷെഡ് നിർമ്മാണം, തീറ്റ സംഭരണ മുറിയുള്ള ഓഫീസ് കെട്ടിട നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവ പൂർത്തീകരിച്ചുവരുന്നു. ഒന്നും രണ്ടും ഗഡുക്കളായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) 67,14,224 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 1,00,00,000 രൂപ.

(സി) കെട്ടിടത്തിന്റെ ഫ്ലോർ, ഇലക്ട്രിക്കൽ വയറിംഗ്, ജോലിക്കാരുടെ മുറി, ബാത്ത്റൂം, കെട്ടിടത്തിന്റെ ഡോർ, ഷട്ടർ എന്നിവ പൂർത്തീകരിക്കാനും മെഷിനറി സ്ഥാപിക്കാനും കിണർ, റോഡ് എന്നിവ നിർമ്മിക്കാനുമുണ്ട്. ആയതിന് ഏകദേശം 1,00,00,000 രൂപ ആവശ്യമാണ്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.

(ഡി) മാർച്ച് 2020.

(ഇ) തടസ്സമില്ല.

## ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം

124(2742) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബഡ്ജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയിരുന്ന ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറി (കൃഷി)യുടെ 2-2-2019-ലെ ജി(2)8/2019/AH നമ്പർ കത്തുപ്രകാരം പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നതിന് സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ട്രെയിനിംഗ് സെന്റർ നവീകരിക്കുന്നതിനുവേണ്ടി 5.5 കോടി രൂപയുടെ പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽനിന്ന് മൃഗസംരക്ഷ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. നവീകരണ പ്രവർത്തനങ്ങൾക്ക് ആർ.കെ.വി.വൈ. പദ്ധതിയിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പൊതുമരാമത്ത് വകുപ്പിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ മൃഗസംരക്ഷണ ഡയറക്ടറിൽനിന്നും ലഭ്യമാകുമ്പോൾ പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാലക്കുടിയിൽ മാംസ സംസ്കരണ ഫാക്ടറി

125(2743) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് മാംസ സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് വകുപ്പ് മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ഇല്ല. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള കസ്തൂരിരംഗൻ റിപ്പോർട്ടിലെ ESA പരിധിയിൽ ചാലക്കുടിയിലെ പരിയാരം വില്ലേജിലുള്ള എം.പി.ഐ.-യുടെ ഭൂമിയും ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ, Red industry Category-യിൽപ്പെടുന്ന മാംസ സംസ്കരണ യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്ത് ഒരു Cattle/Baffalo calves rearing എന്ന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## ആർ.സി.ഇ.പി. കരാർമൂലം ക്ഷീരകർഷകർക്കും ക്ഷീരമേഖല യിലുമുണ്ടാകുന്ന പ്രതിസന്ധി

126(2744) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. സി. ഇ. പി. കരാർ ഒപ്പുവയ്ക്കുന്നതോടെ സംസ്ഥാനത്തെ ക്ഷീര കർഷകർക്കും ക്ഷീര മേഖലയിലും ഉണ്ടാവുന്ന പ്രതിസന്ധി ഏത് തരത്തിലായിരിക്കുമെന്നാണ് സർക്കാർ കരുതുന്നത്; വിശദമാക്കാമോ;

(ബി) ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുന്ന ഈ കരാറിൽ നിന്നും പിൻമാറുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ആർ.സി.ഇ.പി. കരാറിന്റെ പരിധിയിൽ വരുന്ന ന്യൂസിലാൻഡ്, ആസ്ത്രേലിയ എന്നീ രാജ്യങ്ങൾ അവരുടെ ആഭ്യന്തര പാലുല്പാദനത്തിന്റെ 86 ശതമാനവും കയറ്റുമതി ചെയ്യുമ്പോൾ ലോകത്തെ ഏറ്റവും വലിയ പാലുല്പാദക രാജ്യമായ ഇന്ത്യയുടെ വിദേശ വിപണി കേവലം 0.3 ശതമാനം മാത്രമാണ്. കരാറിന്റെ ഭാഗമായി ഇറക്കുമതി ചുങ്കം പൂജ്യം വരെ ആകാമെന്ന് വ്യവസ്ഥയുള്ളപ്പോൾ വൻതോതിൽ പാലും പാലുല്പന്നങ്ങളും ഇന്ത്യൻ വിപണിയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഇത് നമ്മുടെ ക്ഷീര കർഷകരെ പ്രതികൂലമായി ബാധിക്കുകയും തദ്ദേശീയ മാർക്കറ്റ് ഇല്ലാതാകുകയും ഗ്രാമീണ സമ്പദ്ഘടന തകർന്നടിയുന്നതിനും കാരണമാകും.

(ബി) ക്ഷീരകർഷകരെ ബാധിക്കുന്ന ഈ കരാറിൽ നിന്നും പിൻമാറുകയോ ക്ഷീരമേഖലയെ എങ്കിലും ഒഴിവാക്കുകയോ ചെയ്യണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിനായുള്ള സമ്മർദ്ദങ്ങൾ ചെലുത്തുകയും ചെയ്യുന്നുണ്ട്. Regional Comprehensive Economic Partnership (RCEP) കരാർ രൂപീകരണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ അതായത് 2017 മേയ് മാസം ഈ കരാർമൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര കൃഷി മന്ത്രിക്കും സ്വതന്ത്ര ചുമതലയുണ്ടായിരുന്ന കേന്ദ്ര വാണിജ്യ വകുപ്പ് സഹമന്ത്രിക്കും വിശദമായ കത്ത് നൽകിയിരുന്നു. 2017 ജൂലൈയിൽ നടക്കാൻ പോകുന്ന ചർച്ചകൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാരുകളുമായി ഈ വിഷയത്തിൽ വിശദമായ ചർച്ചകൾ നടത്തണമെന്ന് കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഈ കരാർ നിലവിൽ വന്നാൽ കേരളത്തിലെ ക്ഷീരരംഗം ഉൾപ്പെടെ ഇന്ത്യയിലെ ക്ഷീരരംഗം നേരിട്ടേയ്ക്കാവുന്ന വെല്ലുവിളികൾ സംബന്ധിച്ച് ഈ കത്തിൽ സവിസ്തരം പരാമർശിച്ചിരുന്നു.

RCEP കരാർ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ 2019 ഫെബ്രുവരിയിൽതന്നെ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ക്ഷീരകർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ആലപ്പുഴയിൽവച്ച് ഈ മേഖലയിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ഓപ്പൺ ഫോറം ശിൽപ്പശാല നടത്തുകയും വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ക്ഷീരസംഘങ്ങളിലും ആർ.സി.ഇ.പി. കരാർ നടപ്പിലാക്കുന്നതിലൂടെ സംഭവിക്കാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ക്ഷീരകർഷകർക്ക് ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

ആർ.സി.ഇ.പി. കരാർ ക്ഷീരമേഖലയിലുണ്ടാക്കിയേക്കാവുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി, കേന്ദ്രവാണിജ്യ മന്ത്രി, കേന്ദ്ര മൃഗസംരക്ഷണ വകുപ്പുമന്ത്രി എന്നിവർക്ക് വിശദമായ കത്ത് 2019 ഒക്ടോബറിൽ വീണ്ടും അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉൽക്കണ്ഠ ഇതിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**മിൽമയുടെ ഘടനയെക്കുറിച്ചുള്ള റിപ്പോർട്ട്**

127(2745) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയേർഡ് ഐ.എ.എസ്. ഓഫീസർ ലിഡ ജേക്കബിന്റെ നേതൃത്വത്തിൽ മിൽമയുടെ ഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചത് എന്നാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(സി) ഇവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ത്രിതല ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡ ജേക്കബ് അദ്ധ്യക്ഷയായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് 23.05.2018-നാണ് സമർപ്പിച്ചത്.

(ബി) പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ക്ഷീരവികസന വകുപ്പ് ഡയറക്ടർ കൺവീനറും കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി, ഡീൻ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, മാനേജിംഗ് ഡയറക്ടർ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, ജോയിന്റ് ഡയറക്ടർ (ജനറൽ) ക്ഷീരവികസന വകുപ്പ് എന്നിവർ അംഗങ്ങളുമായ ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയെ ലിഡ ജേക്കബ് റിപ്പോർട്ടിലെ ശിപാർശകൾ പ്രായോഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ശ്രീമതി ലിഡാ ജേക്കബ് അദ്ധ്യക്ഷയായ സമിതി ത്രിതല ക്ഷീരസഹകരണ മേഖലയിലെ ജനാധിപത്യ പ്രക്രിയ സുശക്തമാക്കാൻ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ നിയമത്തിലെ 28-ാം വകുപ്പിൽ (1K) ഉപവകുപ്പുകൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. ഇതിലൂടെ മേഖലാ യൂണിയനുകളിലെ ഭരണസമിതി അംഗങ്ങളെ അതാത് ജില്ലകളിലെ സംഘം പ്രസിഡന്റുമാർ തന്നെ തെരഞ്ഞെടുക്കുന്ന രീതി കൊണ്ടുവന്നിട്ടുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

128(2746) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷീരഗ്രാമം പദ്ധതി കോതമംഗലം മണ്ഡലത്തിൽ എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീരകർഷകർ ഏറെ ഉള്ളതും,എറണാകുളം ജില്ലയുടെ കിഴക്കൻ മലയോര പ്രദേശവുമായ കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിനായി ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ട് പശു യൂണിറ്റ് | 69000 |
| 2 | അഞ്ച് പശു യൂണിറ്റ് | 184000 |
| 3 | കോമ്പോസിറ്റ് യൂണിറ്റ് (1 പശു + 1 കിടാരി) | 53000 |
| 4 | കോമ്പോസിറ്റ് യൂണിറ്റ് (3 പശു+ 2 കിടാരി) | 150000 |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ50 ശതമാനം പരമാവധി 25000 രൂപ |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50000 രൂപ |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50000 രൂപ |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 രൂപ/Kg |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25000 രൂപ |

(ബി) കോതമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

## ക്ഷീരോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

129(2747) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലിവളർത്തലും മിനി ഡയറി ഫാമുകളും പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) മിനിഡെയറി ഫാമുകളും ഇതര കാലിവളർത്തൽ പദ്ധതികളും ആരംഭിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് ക്ഷീരവികസനവകുപ്പ് നൽകി വരുന്നത്;

(ഡി) ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
    a. ക്ഷീരഗ്രാമം പദ്ധതി
    b. അവശ്യാധിഷ്ഠിത സഹായം
    c. യന്ത്രവൽക്കരണം
    d. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
    e. ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി .

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നുണ്ട്. കൂടാതെ കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനുള്ള സഹായം, കർഷകർക്ക് അവശ്യാധിഷ്ഠിത സഹായം, കാലിത്തീറ്റ സബ്സിഡി, കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം, ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള സഹായം തുടങ്ങിയവയും നൽകുന്നുണ്ട്.

(സി) മിനി ഡെയറി ഫാമുകളും കാലി വളർത്തൽ വിപുലപ്പെടുത്തുന്നതിനും നൽകുന്ന സഹായങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനവിവരം | ധനസഹായ തുക |
|---|---|---|
| (1) | (2) | (3) |
| 1 | ഒരു പശു യൂണിറ്റ് (ഗോദാനം) | 35,000 രൂപ |
| 2 | 2 പശു യൂണിറ്റ് | 69,000 രൂപ |
| 3 | 5 പശു യൂണിറ്റ് | 1,84,000 രൂപ |
| 4 | 10 പശു യൂണിറ്റ് | 3,83,000 രൂപ |

| (1) | (2) | (3) |
|---|---|---|
| 5 | 5 കിടാരി യൂണിറ്റ് | 98,800 രൂപ |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 രൂപ |
| 7 | കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (1 പശു + 1 കിടാരി) | 53,000 രൂപ |
| 8 | കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (3 പശു+ 2 കിടാരി) | 1,50,000 രൂപ |
| 9 | അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 രൂപ |
| 10 | കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം | 50,000 രൂപ |
| 11 | തീറ്റപ്പുൽക്കൃഷിചെയ്യുന്നതിനുള്ള സഹായം | ഒരു ഹെക്ടറിന് പുൽക്കടകളുൾപ്പെടെ 21,500 രൂപ |

(ഡി) പഠനം നടത്തിയിട്ടുണ്ട്. കേരളത്തിലെ ത്രിതല സഹകരണ സംഘങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച ശ്രീമതി ലിഡ ജേക്കബ് അധ്യക്ഷയായുള്ള വിദഗ്ദ്ധ സമിതി ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങളും പരിഗണനാ വിഷയമാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പ്രായോഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ കൺവീനറായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**പാലുത്പാദനത്തിലെ സ്വയംപര്യാപ്തത**

130(2748) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുത്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിച്ചോ എന്നറിയിക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ദിനംപ്രതി എത്ര ലിറ്റർ പാലിന്റെ ആവശ്യമാണുള്ളത്; അതിൽ എത്ര ലിറ്റർ പാൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നു; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാലിന്റെ ആവശ്യകത വരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ പാലിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൈവരിച്ചിട്ടില്ല. സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം ക്ഷീരമേഖലയെ ഗുരുതരമായി ബാധിക്കുകയും പാലുല്പാദനത്തിൽ കുറവുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഈ കുറവുകൾ നികത്തി സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) സംസ്ഥാനത്ത് ജനസംഖ്യാടിസ്ഥാനത്തിൽ ദിനംപ്രതി ഏകദേശം 87 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകതയുള്ളതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 80 ശതമാനത്തിന് മുകളിൽ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നുണ്ട്. മിൽമ മുഖേന നിലവിൽ ദിനംപ്രതി 1.5 ലക്ഷം ലിറ്റർ പാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലിന്റെ 1083 സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 85 സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതായും 6 സാമ്പിളുകൾ misbranded ആയും 19 സാമ്പിളുകൾ സുരക്ഷിതമല്ലാത്തവയായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ

131(2749) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത നേടുമെന്ന പ്രഖ്യാപനം ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സാധ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്തൊക്കെയാണ്;

(സി) 2018-19 സാമ്പത്തിക വർഷം സ്വയംപര്യാപ്തത നേടുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ക്ഷീരോത്പാദനത്തിന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധിക ചെലവ് ഇവിടുത്തെ കർഷകർക്ക് ഉണ്ടാകുമെന്നതിനാൽ സംസ്ഥാനത്തെ ക്ഷീര കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ഇ) തീറ്റ പുൽ കൃഷി വ്യാപിപ്പിക്കുന്നതിനും ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷം തുടർച്ചയായി സംസ്ഥാനത്തുണ്ടായ പ്രളയം ക്ഷീരമേഖലയ്ക്ക് കനത്ത ആഘാതമാണ് ഏല്പിച്ചത്. ഇത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് തടസ്സമായി. 2018-ലെ പ്രളയംമൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ ഇടിവുണ്ടായി. 2019-ലെ പ്രളയംമൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 1.26 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി.

2018-ലെ പ്രകൃതിക്ഷോഭത്തിൽ ഏകദേശം 107.5 കോടി രൂപയുടെയും 2019-ലെ പ്രകൃതിക്ഷോഭത്തിൽ ഏകദേശം 41.75 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ക്ഷീരമേഖലയ്ക്കുണ്ടായിട്ടുണ്ട്.

(സി) 2018-19-ൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
    a. ക്ഷീരഗ്രാമം പദ്ധതി
    b. അവശ്യാധിഷ്ഠിത സഹായം
    c. യന്ത്രവൽക്കരണം
    d. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
    e. ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ /മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

2018-19-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതികൾ 2019-20-ലും തുടരുന്നതാണ്. ഇതിനുപുറമെ ചുവടെപ്പറയുന്ന പദ്ധതികൾകൂടി 2019-20-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കോമ്പോസിറ്റ് ഡെയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, ക്ഷീരനവോത്ഥാനം, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ.

(ഡി) പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് പുൽക്കടകളുടെ വിലയുൾപ്പെടെ 21,500 രൂപ കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പുൽക്കൃഷി ചെയ്യുന്നതിന് താല്പര്യമുള്ള കർഷകർക്ക് സൗജന്യമായി പുൽക്കടകളും വിതരണം നടത്തുന്നുണ്ട്.

സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ വ്യക്തികൾ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽക്കൃഷി നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

ക്ഷീരസംഘങ്ങൾ തീറ്റപ്പുല്ല്/വൈക്കോൽ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് 1 ലക്ഷം രൂപ വരെ സംഘത്തിന് സബ്സിഡി നൽകുന്നതിനും സംഘങ്ങൾ മുഖേന കുടുംബശ്രീ/സ്വാശ്രയ സംഘങ്ങൾവഴി

പുൽക്കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരസംഘങ്ങൾ മുഖേന കൃത്യമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് പദ്ധതി വിഹിതത്തിന്റെ ഭാഗമായി സംഘത്തിൽ കർഷകർ അളക്കുന്ന പാലിന് ലിറ്ററിന് 1 രൂപ നൽകുകയും കൂടാതെ ബഹുഭൂരിഭാഗം ത്രിതല പഞ്ചായത്തുകളിലും ഒരു ലിറ്ററിന് 3 രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടി

132(2750) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിൽ മായം ചേർക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധനാ ചെക്ക് പോസ്റ്റുകൾ സജ്ജമാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി മാത്രമേ സംസ്ഥാനത്തേയ്ക്ക് പാൽ കടത്തിവിടുകയുള്ളൂ. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതോ മറ്റ് മായങ്ങൾ കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ടി വിവരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

കൂടാതെ വിപണിയിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

## പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം

133(2751) <u>പ്രൊഫ. കെ. യു. അരുണൻ :</u> താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് വരുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധനാ ചെക്ക് പോസ്റ്റുകൾ സജ്ജമാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി മാത്രമേ സംസ്ഥാനത്തേയ്ക്ക് പാൽ കടത്തിവിടുകയുള്ളൂ. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ലാബുകളിൽ വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതോ മറ്റ് മായങ്ങൾ കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ടി വിവരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്. കൂടാതെ വിപണിയിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

## മിൽമ ഉൽപ്പന്നങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം

134(2752) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ഉല്പന്നങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ടോ;

(ബി) മിൽമ നിലവിൽ അരലിറ്റർ, ഒരു ലിറ്റർ പാലുകൾ വിതരണം ചെയ്യുവാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവർ എത്ര മൈക്രോണിന്റേതാണ്;

(സി) ഗാന്ധിജയന്തി ദിനം മുതൽ അമ്പത് മൈക്രോണിൽ താഴെയുള്ള പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ തടയുന്ന സാഹചര്യത്തിൽ മിൽമ ഉപയോഗിക്കുന്ന കവറുകൾക്ക് പകരം മറ്റെന്തെങ്കിലും സംവിധാനം ഒരുക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) പാലിന്റെ കാലി കവറുകൾ സംഭരിക്കുന്നതിന് മിൽമ ആരെങ്കിലുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാമാക്കുമോ?

<u>ഉത്തരം</u>

(എ) ആലോചിക്കുന്നുണ്ട്.

(ബി) 53 മൈക്രോൺ

(സി) മിൽമ 53 മൈക്രോണിന് മുകളിലുള്ള LDPE ഫിലിമാണ് പാക്കിംഗിന് ഉപയോഗിക്കുന്നത്. എന്നാൽ ഇതിന് പകരമുള്ള സംവിധാനം ആലോചിക്കുന്നുണ്ട്.

(ഡി) ധാരണയിലെത്തിയിട്ടില്ല. എന്നാൽ ഇതിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പ്രൊപ്പോസൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മിൽമ ആദ്യഘട്ട ചർച്ച പൂർത്തിയാക്കിയിട്ടുണ്ട്.

**ഫാം ലൈസൻസ് പിൻവലിക്കാൻ നടപടി**

135(2753) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് പശുക്കളിൽ അധികം വളർത്തുന്നവർക്ക് ഫാം ലൈസൻസ് നിർബന്ധമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണക്കാരായ ചെറുകിട ക്ഷീരകർഷകർക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പ്രസ്തുത നടപടി പിൻവലിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ പുറപ്പെടുവിക്കുകയുണ്ടായി. അത് പ്രകാരം 5 പശുക്കൾ/ 5 പന്നികൾ/ 20 ആടുകൾ/ 100 കോഴികൾ/ 20 മുയലുകൾ എന്നിവയിൽ കൂടുതൽ പക്ഷിമൃഗാദികളെ വളർത്തുന്നതിന് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് അനിവാര്യമാണ്.

മേൽപ്പറഞ്ഞതിൽ കൂടുതൽ മൃഗങ്ങളെ വളർത്തുന്ന ഡെയറി ഫാമുകൾക്ക് മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബയോഗ്യാസ് പ്ലാന്റ്, മേൽക്കൂരയുള്ള വളക്കുഴി, ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി എന്നിവ അനിവാര്യമാണ്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നിശ്ചിത ഫീസ് അടച്ച് അപേക്ഷ നൽകണം. ലൈസൻസ് നൽകുന്നതിന് മുമ്പായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിശ്ചിത ഫീസ് അടച്ച് എൻ.ഒ.സി.-യും വാങ്ങി നൽകണം. ഒരു വർഷത്തേയ്ക്കാണ് ലൈസൻസ് നൽകുന്നത്. മലിനീകരണ പ്രശ്നമുണ്ടായാൽ നൽകിയ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ട്.

(ബി) ഫാമുകളിൽ നിന്നുള്ള മലിനീകരണ നിയന്ത്രണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പാണ് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിന് ചട്ടങ്ങൾ നടപ്പിലാക്കുന്നത്. കർഷകർക്ക് ഇതിൽ ചില നിബന്ധനകൾ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അത് സുതാര്യമാക്കി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പിന് മൃഗസംരക്ഷണ വകുപ്പ് നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണം ഉറപ്പാക്കുവാൻ കർഷകർക്ക് വളക്കുഴി നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും നടപ്പാക്കേണ്ടതുണ്ട്. വളക്കുഴി നിർമ്മാണത്തിന് 12500 രൂപ സബ്സിഡി നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു.

## ആർ.സി.ഇ.പി. കരാർ

136(2754) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.ഇ.പി. കരാർ സംസ്ഥാനത്തെ ക്ഷീരമേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആർ.സി.ഇ.പി. കരാർ ക്ഷീരമേഖലയെ പ്രതികൂലമായി ബാധിക്കും.

(ബി) Regional Comprehensive Economic Partnership (RCEP) കരാർ രൂപീകരണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ, അതായത് 2017 മേയ് മാസം, ഈ കരാർമൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹു. കേന്ദ്രകൃഷി മന്ത്രിക്കും സ്വതന്ത്ര ചുമതലയുണ്ടായിരുന്ന ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ വകുപ്പുസഹമന്ത്രിക്കും വിശദമായ കത്ത്

നൽകിയിരുന്നു. 2017 ജൂലൈയിൽ നടക്കാൻ പോകുന്ന ചർച്ചകൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാരുകളുമായി ഈ വിഷയത്തിൽ വിശദമായ ചർച്ചകൾ നടത്തണമെന്ന് കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഈ കരാർ നിലവിൽ വന്നാൽ കേരളത്തിലെ ക്ഷീരരംഗം ഉൾപ്പെടെ ഇന്ത്യയിലെ ക്ഷീരരംഗം നേരിട്ടേയ്ക്കാവുന്ന വെല്ലുവിളികൾ സംബന്ധിച്ച് ഈ കത്തിൽ സവിസ്തരം പരാമർശിച്ചിരുന്നു.

RCEP കരാർ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ 2019 ഫെബ്രുവരിയിൽ തന്നെ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ക്ഷീരകർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ വച്ച് ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ഓപ്പൺ ഫോറം ശിൽപ്പശാല നടത്തുകയും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ ക്ഷീരമേഖലയിലു ണ്ടാക്കിയേയ്ക്കാവുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രവാണിജ്യ മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര മൃഗസംരക്ഷണ വകുപ്പുമന്ത്രി എന്നിവർക്ക് വിശദമായ കത്ത് 2019 ഒക്ടോബറിൽ വീണ്ടും അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉൽക്കണ്ഠ ഇതിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

## പ്രളയം ക്ഷീരമേഖലയ്ക്ക് ഉണ്ടാക്കിയ നഷ്ടം

137(2755) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയം ക്ഷീരമേഖലയ്ക്ക് ഉണ്ടാക്കിയ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രളയത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് എത്തിച്ചുനൽകിയതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2019-ലെ പ്രളയം ക്ഷീരമേഖലയ്ക്ക് 41.75 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയക്കെടുതികൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ ആരംഭിക്കുകയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി കർഷകർക്ക് സഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രളയ മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തി.

പ്രളയക്കെടുതിമൂലം നാശനഷ്ടം സംഭവിക്കുകയും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കർഷകരെ സാമ്പത്തികമായി സഹായിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെ വന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ റൂട്ടുകളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര സഹായമായി ലഭ്യമാക്കി. കൂടാതെ ജയിൽ വകുപ്പിന്റെ സഹായത്തോടെ പ്രളയം ബാധിച്ച പ്രദേശങ്ങളിൽ പച്ചപ്പുല്ല് വിതരണം നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിൽ പ്രളയം ബാധിച്ച പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാമും നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ മൃഗസംരക്ഷണ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

**പ്രളയത്തിൽ ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ**

138(2756) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ക്ഷീര കർഷകർക്കുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

വിലയിരുത്തിയിട്ടുണ്ട്. ഈ വർഷമുണ്ടായ പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നാശനഷ്ടം സംഭവിച്ച ഇന വിവരം | എണ്ണം |
|---|---|---|
| 1 | പശു | 294 |
| 2 | കിടാരി | 101 |
| 3 | കന്നുകുട്ടി | 253 |
| 4 | എരുമ | 60 |
| 5 | കാലിത്തൊഴുത്ത്<br>a. പൂർണ്ണമായും നശിച്ചത് | 901 |
| | b. ഭാഗികമായി നശിച്ചത് | 3837 |
| 6 | പാൽ സംഭരണം നടത്തുവാൻ കഴിയാതെ വന്നത് | 9,58,186 ലിറ്റർ |
| 7 | കാലിത്തീറ്റ നഷ്ടപ്പെട്ടത് | 134.98 |
| 8 | വയ്ക്കോൽ/ഉണക്കപ്പുല്ല് നഷ്ടപ്പെട്ടത് | 150 ടൺ |
| 9 | തീറ്റപ്പുൽക്കൃഷി നശിച്ചത് | 1742 ഹെക്ടർ |
| 10 | സൈലേജ്/TMR ക്ഷീരസംഘത്തിന് നഷ്ടപ്പെട്ടത് | 3058 കിലോ |
| 11 | ക്ഷീരസംഘങ്ങൾക്ക് ഫർണിച്ചർ, കെട്ടിടം, ഉപകരണങ്ങൾ നഷ്ടപ്പെട്ടത് | 98 |

## ക്ഷീരോത്പാദന മേഖലയിലെ പദ്ധതികൾ

139(2757) ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോത്പാദനം ലാഭകരമാക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധയിനം കാലിത്തീറ്റകൾക്ക് ഉണ്ടാകുന്ന വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പാലിന്റെ കൈകാര്യ ചെലവ് പരമാവധി കുറച്ച് ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തീറ്റപ്പുൽ കൃഷി സ്വന്തമായി ചെയ്യുന്നതിന് ക്ഷീരകർഷകർക്ക് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
    a. ക്ഷീരഗ്രാമം പദ്ധതി
    b. അവശ്യാധിഷ്ഠിത സഹായം
    c. യന്ത്രവത്കരണം
    d. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
    e. ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. കൂടാതെ ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശികതലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകൾ, ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസന യൂണിറ്റുകൾ എന്നിവ മുഖേന പാലിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രത്യേക പരിശീലന പരിപാടികൾ ക്ഷീരസംഘം തലത്തിൽ സംഘടിപ്പിക്കുന്നു.

ഉയർന്ന ഗുണനിലവാരമുള്ള പാൽ ഉല്പാദിപ്പിക്കുന്ന കർഷകർക്കും പാൽ സംഭരിക്കുന്ന ക്ഷീരസംഘങ്ങൾക്കും പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. എല്ലാ ക്ഷീര സംഘങ്ങളിലും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പാൽ വില നൽകുന്ന രീതി കർശനമാക്കി. പാൽ ഗുണനിലവാരത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിന് 2018-19-ലും 2019-20-ലും ത്രൈമാസ ഗുണമേന്മാ ജാഗ്രതായജ്ഞ പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഫലമായി കർഷകർ ഉല്പാദിപ്പിക്കുന്ന പാലിലുള്ള ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും അണുക്കളുടെ അളവ് കുറയ്ക്കുന്നതിനും പാലിന്റെ സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) കാലിത്തീറ്റയുടെ വില നിർണ്ണയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. വില നിർണ്ണയസമിതിയുടെ കൃത്യമായ ഇടപെടലുകളുടെ ഭാഗമായി കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില വർദ്ധനവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയാണ്. അസംസ്കൃത വസ്തുക്കൾ തദ്ദേശീയമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ കാലിത്തീറ്റ വില നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

(സി) പാലിന്റെ കൈകാര്യച്ചെലവ് പരമാവധി കുറച്ച് ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽക്കൃഷി പദ്ധതി
2. മിൽക്ക് ഷെഡ് പദ്ധതി
3. കാലിത്തീറ്റ ധനസഹായം
4. യന്ത്രവൽക്കരണത്തിനുള്ള സഹായം
5. പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ

കൂടാതെ ക്ഷീരകർഷകർക്ക് ശരിയായ വില ലഭിക്കുന്നതിന് ക്ഷീര സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം സുതാര്യമാക്കുന്നതിന് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ഡി) ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽക്കടകളുടെ വില ഉൾപ്പെടെ 21500 രൂപ കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പുൽക്കൃഷി ചെയ്യുന്നതിന് താത്പര്യമുള്ള കർഷകർക്ക് സൗജന്യമായി പുൽക്കടകളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ സർക്കാർ/അർദ്ധ സർക്കാർ/ സ്വകാര്യ വ്യക്തികൾ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽക്കൃഷി നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ക്ഷീര സംഘങ്ങൾ തീറ്റപ്പുല്ല്/വയ്ക്കോൽ എന്നിവ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് 1 ലക്ഷം രൂപവരെ സംഘത്തിന് സബ്സിഡി നൽകുന്നതിനും സംഘങ്ങൾ മുഖേന കുടുംബശ്രീ/സ്വാശ്രയ സംഘങ്ങൾവഴി പുൽക്കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**ഭൂമി നൽകിയതിന് പകരം തൊഴിൽ**

140(2758) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സ്, കരുനാഗപ്പള്ളി യൂണിറ്റിന് വേണ്ടി ഭൂമി നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് താത്ക്കാലികമായി തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ഡി) എത്രയും വേഗം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ കമ്പനിയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലുള്ള ഫാക്ടറിക്കുവേണ്ടി സ്ഥലം വിട്ടുനൽകിയവർ അഥവാ അവരുടെ നോമിനികളായ 30 പേർക്ക് താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ കമ്പനിയിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ 29 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) കേരള ഫീഡ്സ് കരുനാഗപ്പള്ളി യൂണിറ്റിനായി സ്ഥലം വിട്ടുനൽകിയവർ/അവരുടെ നോമിനികൾക്ക് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസുകളുടെ നിലവിലെ സ്ഥിതി, കമ്പനിയിൽ ഇതുവരെ തൊഴിൽ ലഭിച്ചവരുടെ തൊഴിൽ സംബന്ധമായ വിശദാംശങ്ങൾ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റിക്വസിഷൻ അധികാരി തയ്യാറാക്കിയിട്ടുള്ളതും ലാന്റ് അക്വിസിഷൻ ഓഫീസർ അംഗീകരിച്ച് അവാർഡിന്റെ ഭാഗമാക്കിയതുമായ സെറ്റിൽമെന്റ് പാക്കേജുകൾ എന്നിവ ലഭ്യമാക്കി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) നിലവിലുള്ള നിയമപ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ മുഖേന മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ, ഫാക്ടറിക്കുവേണ്ടി സ്ഥലം വിട്ട് നൽകിയവരെ അല്ലെങ്കിൽ അവരുടെ നോമിനികളെ പരിഗണിക്കണമെങ്കിൽ അവരുടെ നിലവിലെ വിദ്യാഭ്യാസ യോഗ്യത, വയസ്, മറ്റ് യോഗ്യതകൾ എന്നിവയിൽ ഇളവ് അനുവദിക്കേണ്ട കേസുകളുമുണ്ട്. ആയതിനാൽ ഇത് ഒരു പ്രത്യേക കേസായി സർക്കാർ പരിശോധിച്ചുവരികയാണ്.

**പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

141(2759) ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുവരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ ഏതൊക്കെയൊണന്ന് വിശദമാക്കുമോ;

(ബി) ആയവയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെ;

(സി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെങ്കിലും പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പാലാ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന പ്രവൃത്തി നടന്നുവരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) രാമപുരത്തിനും സമീപ വില്ലേജുകൾക്കുമായുള്ള മലങ്കര കുടിവെള്ള പദ്ധതി (സ്റ്റേറ്റ് പ്ലാൻ 12-13; 65.45 കോടി)

(2) അകലക്കുന്നം, മുത്തോലി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (NRDWP; 15.47 കോടി)

പാലാ നിയോജക മണ്ഡലത്തിൽ വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് നടന്നുവരുന്ന മറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

കൂടാതെ ജലനിധി മുഖേന താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | കുടിവെള്ള പദ്ധതികളുടെ എണ്ണം |
|---|---|
| കരൂർ | 45 |
| തലപ്പലം | 11 |
| മുത്തോലി | 40 |
| ഭരണങ്ങാനം | 30 |
| മീനച്ചിൽ | 25 |
| കൊഴുവനാൽ | 14 |
| ആകെ | 165 |

(ബി) കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന അകലക്കുന്നം, മുത്തോലി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. (10 ദശലക്ഷം ലിറ്റർ പ്രതിദിനം വിഭാവനം ചെയ്തതിൽ 2.5 ദശലക്ഷം ലിറ്റർ പ്രതിദിനം ഉല്പാദനം നടത്തി വിതരണം ചെയ്തുവരുന്നു.)

ജലനിധി മുഖേന നടപ്പിലാക്കുന്ന 165 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 1. മലങ്കര ഡാം സ്രോതസ്സായി 17 mld ശുദ്ധീകരണശാല സ്ഥാപിച്ച് രാമപുരം, കടനാട്, മേലുകാവ് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് മലങ്കര കുടിവെള്ള പദ്ധതി വിഭാവനം ചെയ്തത്. നില്ലൂർ ശുദ്ധീകരണശാല, ഞള്ളികുന്ന് GLSR, കാവുംകണ്ടം BP Tank, കാവുംകണ്ടം GLSR എന്നിവയ്ക്കുള്ള സ്ഥലം 9/2016-ൽ ലഭ്യമായി. ബാക്കിയുള്ള സംഭരണികൾക്കുള്ള സ്ഥലം ലഭ്യമായിട്ടില്ലാതിരുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചില്ല. പിന്നീട് ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിക്കും പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, മൂന്നിലവ്, തീക്കോയി, തലനാട്, കരൂർ എന്നീ പഞ്ചായത്തുകൾക്കുകൂടി പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ വേണ്ടി ശുദ്ധീകരണശാലയുടെ ശേഷി 28 ദശലക്ഷമായി ഉയർത്തുവാൻ 11/2017-ൽ തീരുമാനിച്ചു. അധികമായി വേണ്ടിവരുന്ന 11 MLD ജലം മലങ്കര ഡാമിൽനിന്നും ലഭ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. അതിനുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതി റീ ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സർവ്വേ നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

PPD തിരുവനന്തപുരം ഡിവിഷൻ മുഖേന പുരോഗമിക്കുന്നു. സർവ്വേ നടപടികൾ പൂർത്തീകരിച്ച് റീ ഡിസൈൻ ചെയ്ത് ഡി.പി.ആർ. തയ്യാറാക്കി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.

2. അകലക്കുന്നം മുത്തോലി പദ്ധതി NRDWP ഫണ്ടിന്റെ അഭാവംമൂലം മുടങ്ങിക്കിടന്നിരുന്ന പദ്ധതി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. മാർച്ച് 2020-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജിഡ ഫണ്ട് മുഖേനയുള്ള ടാങ്ക് നിർമ്മാണം**

142(2760) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള ഞാറയ്ക്കൽ ടാങ്ക്, മുരിക്കുംപാടം ടാങ്ക് എന്നിവയുടെ നിർമ്മാണം അനിശ്ചിതമായി നീളുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രവൃത്തി എന്ന് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ജിഡ ധനസഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിക്കായി മുരിക്കുംപാടത്ത് 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടേയും ഞാറയ്ക്കലിൽ 17.70 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടേയും പണികൾ മുടങ്ങിക്കിടക്കുന്നുണ്ട്. കരാറുകാരന്റെ അനാസ്ഥമൂലമാണ് പദ്ധതികൾ മുടങ്ങിക്കിടക്കുന്നത്. പദ്ധതികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനരാരംഭിക്കുവാനുള്ള പുനർ ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിൽ ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പാക്കിവരുന്ന പദ്ധതികൾ**

143(2761) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഹരിതകർമ്മസേന രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ തോട് സംരക്ഷണം, കളക്ടേഴ്സ് അറ്റ് സ്കൂൾ, പച്ചത്തുരുത്ത് പദ്ധതി, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, വീട്ടിൽ ഒരു മാവും പ്ലാവും, ബയോബിൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. പുഴക്കാട്ടിരി പഞ്ചായത്തിലെ 9-ാം വാർഡിൽ എക്കുരി കുളത്തിന്റെ പുനരുദ്ധാരണം - 49 ലക്ഷം. ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
2. മങ്കട പഞ്ചായത്തിലെ വെളുത്തേടത്ത് അയ്യപ്പൻ കുളത്തിന്റെ നവീകരണം - 5 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും മിഷന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. മിഷൻ പ്രവർത്തനങ്ങൾ ജിയോ ടാഗ് റിപ്പോർട്ട് ചെയ്യുന്നതിനായി "ഹരിതദൃഷ്ടി" എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇത് ഉപയോഗിക്കുന്നതിനുള്ള പരിശീലനം നടന്നുവരുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും നിരന്തരം വിലയിരുത്തലുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരുടെ പരിശോധനയിൽ ആയത് വിലയിരുത്തുന്നതിനും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓച്ചിറ കുടിവെള്ള പദ്ധതി

144(2762) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന് ഇടയ്ക്കിടെ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും ആയതിനു പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് കുടിവെള്ളമെത്തിക്കുന്ന മാവേലിക്കരയിലുള്ള പമ്പിംഗ്സ്റ്റേഷനിൽ നിന്ന്എല്ലാ സമയവും പമ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളുള്ള പ്രദേശത്ത് എല്ലാ സമയത്തും കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വൈദ്യുതി വിതരണത്തിൽ ഉണ്ടാകുന്ന തടസ്സംമൂലമാണ് കുടിവെള്ള വിതരണം തടസ്സപ്പെടുന്നത്.

(ബി) ഓച്ചിറ കുടിവെള്ള പദ്ധതിയിൽ അച്ചൻകോവിലാറിലെ മാവേലിക്കര, കണ്ടിയൂർ കടവിലാണ് പ്രധാന പമ്പിംഗ് (റാ വാട്ടർ) സ്റ്റേഷൻ. ഇവിടെ നിന്നും ശേഖരിക്കുന്ന ജലം ഓച്ചിറയിൽ സ്ഥാപിച്ചിട്ടുള്ള ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് കരുനാഗപ്പള്ളി താച്ചയിൽ മുക്കിലുള്ള ബൂസ്റ്റർ സ്റ്റേഷൻ വഴി പമ്പ് ചെയ്താണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. ടി മൂന്ന് സ്ഥലങ്ങളിലും ഒരേപോലെ വൈദ്യുതി തടസ്സമില്ലാതെ ലഭ്യമായാൽ മാത്രമേ കുടിവെള്ള വിതരണം സുഗമമായി നടക്കുകയുള്ളൂ. മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു സ്ഥലത്ത് വൈദ്യുതി വിതരണം തടസ്സപ്പെടുകയാണെങ്കിൽ ഈ പദ്ധതിയിൽനിന്നുള്ള കുടിവെള്ളവിതരണം പൂർണ്ണമായും നിലയ്ക്കും. ഇങ്ങനെ വൈദ്യുതി മുടങ്ങുന്നത് പരിഹരിക്കുന്നതിനായി കണ്ടിയൂർക്കടവിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് KSEB Ltd.-ൽനിന്നും ഒരു എക്സ്ക്ലൂസീവ് ഫീഡർ ലഭ്യമാക്കിയാൽ മതിയാകും. ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കാൻവേണ്ടി ഹരിപ്പാട് KSEBL ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് കേരള വാട്ടർ അതോറിറ്റി കത്ത് നൽകിയിട്ടുണ്ട്.

(സി) മേൽ പ്രസ്താവിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്ന മുറയ്ക്ക് മാവേലിക്കര പമ്പിംഗ് സ്റ്റേഷനിൽ നിന്നുമുള്ള പമ്പിംഗ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ 1, 2, 3

വാർഡുകളിലേയ്ക്ക് കുഴൽക്കിണർ വഴിയും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ടി വാർഡുകളിലേയ്ക്ക് ഓച്ചിറ ശുദ്ധീകരണശാലയിൽനിന്നും നേരിട്ട് ജലം എത്തിക്കുന്നതിന് 7.24 കോടി രൂപ ചെലവുവരുന്ന ഒരു പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 1-10-2019-ൽ ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) വൈദ്യുതി തടസ്സം കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുന്ന അപാകത പരിഹരിക്കുന്നതിനായി കണ്ടിയൂർക്കടവിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് KSEB-യിൽ നിന്നും എക്സ്ക്ലൂസീവ് ഫീഡറിനുള്ള എസ്റ്റിമേറ്റ് ലഭിക്കുകയും ഫിഷറീസ് വകുപ്പിന്റെ 7.24 കോടി രൂപയുടെ പ്രവൃത്തിയുടെ അനുമതി ലഭ്യമായി പ്രവൃത്തികൾ നടപ്പിലാക്കുന്നതോടുകൂടി ടി വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാനാവുന്നതാണ്.

## മേജർ ഇറിഗേഷൻ ആറന്മുള മാസ്റ്റർപ്ലാൻ

145(2763) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേജർ ഇറിഗേഷൻ വിഭാഗം സർക്കാരിന് സമർപ്പിച്ചിരുന്ന ആറന്മുള മണ്ഡലം മാസ്റ്റർപ്ലാൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

ആറന്മുള മണ്ഡലം മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ ആറന്മുള മണ്ഡലത്തിൽ അനുമതി ലഭിച്ച് നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

## പഞ്ചവടി ഇല്ലി പാർക്കിനെ ഇക്കോഫ്രണ്ട്‌ലിയാക്കുന്നത്

146(2764) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കക്കയം പഞ്ചവടി ഇല്ലി പാർക്കിനെ ഇക്കോഫ്രണ്ട്‌ലി ബാംബൂ പാർക്കായി മാറ്റുന്നതിനും സംരക്ഷിക്കുന്നതിനുമായി നിവേദനം ലഭിച്ചിട്ടുണ്ടോ; ഈ നിവേദനത്തിൽ സ്വീകരിച്ചു വരുന്ന നടപടികളെന്തെന്ന് അറിയിക്കാമോ?

### ഉത്തരം

നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ**

147(2765) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പിന് കീഴിൽ ടി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പൂഞ്ചോല പുഴയിൽ മേൽപ്പാടം വിയറിലെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി | 1.5 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പൂഞ്ചോല ഡൈവേർഷൻ സ്കീമിലെ മാന്തോണി U.T റിപ്പയർ | 25 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് രായത്തുരിത്തോട് ബണ്ട് റിപ്പയർ | 9.6 | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പാമ്പൻതോട് ഹെഡ് ഡൈവേർഷൻ സ്കീമിലെ പാമ്പൻതോട് കനാലിന്റെ റിപ്പയർ | 4.5 | പ്രവൃത്തി പുരോഗമിക്കുന്നു |

കേരള വാട്ടർ അതോറിറ്റിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല.

കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12-11-2018-ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സായ കാഞ്ഞിരപ്പുഴ ഡാമിനടുത്ത് 12 എം.എൽ.ഡി. ജലശുദ്ധീകരണശാലയും റോ വാട്ടർ പമ്പ് ഹൗസ്, 450 എം.എം. വ്യാസമുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ച് കരാറുകാരനുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്.

ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്കര, പറളി ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മങ്കര ഗ്രാമപഞ്ചായത്തിലെ വലിയ കുടിവെള്ള പദ്ധതിയിലൂടെ 1001 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു. പറളി ഗ്രാമപഞ്ചായത്തിൽ 27 പദ്ധതികളിലൂടെ 3452 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ ഒന്നാം ഘട്ടത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള സുസ്ഥിരതാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

ജലനിധി രണ്ടാംഘട്ടത്തിൽ പൂർത്തിയാക്കിയ മങ്കര, പറളി പഞ്ചായത്തുകളിലെ പദ്ധതികളുടെ അടങ്കൽ തുക താഴെ കൊടുക്കുന്നു.

മങ്കര - 4.475 കോടി

പറളി - 17.480 കോടി

സുസ്ഥിരതാ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള കോങ്ങാട് ഗ്രാമപഞ്ചായത്തിലെ 9 ജലനിധി പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജലനിധി സ്കീമിന്റെ പേര് | തുക | പ്രവൃത്തി സംബന്ധിച്ച് നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആറ്റക്കാട് | 3,66,275 | പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ആദ്യ ഗഡു തുക പഞ്ചായത്തുകൾക്ക് നൽകി ദർഘാസ് നടപടി ആരംഭിച്ചു. |
| 2 | ജലപ്രിയ | 3,46,725 | |
| 3 | കസ്തൂർബ | 5,65,000 | |
| 4 | യുവജന | 4,62,875 | |
| 5 | മഹാത്മാഗാന്ധി | 11,00,000 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | അക്ഷയ | 6,62,000 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| 7 | അമൃത | 6,73,000 | |
| 8 | ജനപ്രിയ | 7,13,000 | |
| 9 | പെരിങ്ങോട് സൗപർണ്ണിക | 6,33,000 | |

**കടമക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

148(2766) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് കടമക്കുടി ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ട സമയ പരിധി എന്നുവരെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ഇ) കരാറുകാരന് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്നും എന്നുവരെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി കടമക്കുടി പഞ്ചായത്തിലെ ശുദ്ധജല വിതരണ ശൃംഖല ശാക്തീകരിക്കുന്ന പ്രവൃത്തിക്ക് 12 കോടി രൂപയുടെ ധനസഹായ അനുമതി നൽകിയിട്ടുണ്ട്. മൂന്ന് മേഖലകളായി തിരിച്ചാണ് മേൽ പ്രവൃത്തി നടപ്പിലാക്കുന്നത്. ഒന്നാം മേഖലയിൽ ആകെ സ്ഥാപിക്കേണ്ട 15.967 കി.മീറ്ററിൽ 14.169 കി.മീറ്ററും രണ്ടാം മേഖലയിൽ സ്ഥാപിക്കേണ്ട 21.956 കി.മീറ്ററിൽ 19.744 കി.മീറ്ററും മൂന്നാം മേഖലയിൽ സ്ഥാപിക്കേണ്ട 12.580 കി.മീറ്ററിൽ 11.879 കി.മീറ്ററും പൈപ്പുകൾ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. മേൽ പദ്ധതിയുടെ പ്രവൃത്തികൾ ഏകദേശം 92% പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ യാതൊന്നുമില്ല.

(സി) 2019 ഡിസംബർ 31-ഓടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(ഡി&ഇ) കരാർ പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട സമയപരിധി 15-5-2018 വരെയായിരുന്നു. എന്നാൽ പ്രവൃത്തി തുടങ്ങാൻ കാലതാമസമുണ്ടായി. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പൂർത്തീകരണ കാലാവധി 30-6-2018 വരെയായി ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയംമൂലവും അതിനുശേഷം പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാദേശിക നിവാസികളുടെ എതിർപ്പുമൂലമുണ്ടായ തടസ്സങ്ങൾ കണക്കിലെടുത്ത് പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31-3-2019 വരെയായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്പോൾ 31-12-2019 വരെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കോൺട്രാക്റ്ററുടെ അപേക്ഷ വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് സ്ഥലം നൽകിയതിന് നഷ്ടപരിഹാരം

149(2767) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് സ്ഥലം വിട്ടു നൽകിയ വകയിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ടി ശ്രീ. കുഞ്ഞുമോൻ ചാക്കോ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എൽ.എ.ആർ./53/12 എൽ.ഒ.സി. 8/ 2019-20 നമ്പർ പ്രകാരം എം.വി.ഐ.പി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിൽ ചീഫ് എഞ്ചിനീയർ ഓഫീസിലെയും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പർ വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് ബന്ധപ്പെട്ട കക്ഷിക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് സ്ഥലം വിട്ടുനൽകിയ വകയിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ശ്രീ. കുഞ്ഞുമോൻ ചാക്കോ

സമർപ്പിച്ചിരുന്ന അപേക്ഷ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം II-ന്റെ 5-10-2019-ലെ FP4-2296/2019 കത്ത് പ്രകാരം 16-10-2019-ൽ സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധിച്ച് എം.പി1/161/2019/ജവിവ. ഫയലിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.-യുടെ ഭൂമി

150(2768) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.യുടെ അധീനതയിൽ എത്ര ഭൂമിയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥലത്തിൽ ഭൂരിഭാഗവും കാട്ടുമൂടി ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥലം കെ.ഐ.പി.-ക്ക് അനുഗുണമാകുംവിധമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.-യുടെ അധീനതയിൽ 2 ഹെക്ടർ 80 ആർ 90 ച.മീ. ഭൂമിയാണ് നിലവിലുള്ളത്.

(ബി)ക്യാമ്പസിലെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്ന 80 ശതമാനത്തിലേറെയുള്ള ഭാഗങ്ങൾ ഒഴികെയുള്ള സ്ഥലങ്ങൾ കാട്ടുമൂടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്യാമ്പസിലെ 80 ശതമാനത്തിലേറെ ഭാഗങ്ങളിൽ 35 ഫാമിലി ക്വാർട്ടേഴ്സുകളും മേജർ ഇറിഗേഷൻ സെക്ഷൻ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ, ക്വാളിറ്റി കൺട്രോൾ ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ, കെ.ഐ.പി. (ആർ.ബി) സർക്കിൾ ഓഫീസ്, കെ.ഐ.പി. (ആർ.ബി) ഡിവിഷൻ ഓഫീസ്, കെ.ഐ.പി. (എൽ.ബി.) സബ് ഡിവിഷൻ ഓഫീസ്, സെക്ഷൻ ഓഫീസ് എന്നിവയും ഇൻസ്പെക്ഷൻ ബംഗ്ലാവ്, പമ്പ് ഹൗസ്, വാട്ടർ ടാങ്കുകൾ, വാച്ച്മാൻ ക്വാർട്ടേഴ്സ്, കിണറുകൾ കൂടാതെ കൊട്ടാരക്കര പെർഫോർമൻസ് ഓഡിറ്റ് ഓഫീസിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള കെട്ടിടവും മറ്റ് അനുബന്ധ കെട്ടിടങ്ങളും നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ ഗുണനിലവാര പരിശോധനയ്ക്കായി അത്യാധുനിക ക്വാളിറ്റി കൺട്രോൾ ലാബിന്റെ നിർമ്മാണം പുരോഗമിക്കുന്നു. വകുപ്പുതലത്തിൽ റീസ്ട്രക്ച്ചറിംഗിന്റെ ഭാഗമായി റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ പുരോഗമിക്കുന്നതിനാൽ വരുംകാലങ്ങളിൽ കെ.ഐ.പി. വക സ്ഥലം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

151(2769) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികളുടെ വിശദാംശങ്ങളും അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട 33 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങളും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

152(2770) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ നഗരസഭ പരിധിയിൽ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളുടെ നിർമ്മാണച്ചുമതല ഏതെല്ലാം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരിക്കാമോ?

ഉത്തരം

(എ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ പ്രോജക്ട് ഡിവിഷൻ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി. കിഫ്ബിയിൽനിന്നും 199.13 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുവേണ്ട എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(സി) പമ്പാനദി സ്രോതസ്സായിട്ടുള്ള ടി പദ്ധതിയിൽ പ്രതിദിനം 35 ദശലക്ഷം ലിറ്റർ വെള്ളം സംസ്കരിക്കാൻ (Treat) ശേഷിയുള്ള ജലശുദ്ധീകരണശാല, 31 കി.മീ. ട്രാൻസ്മിഷൻ മെയിൻ, 90 എം.എം. മുതൽ 800 എം.എം. വരെയുള്ള 910 കി.മീ. വിതരണ ശൃംഖല, മുനിസിപ്പാലിറ്റിക്കും 7 പഞ്ചായത്തുകൾക്കുമുള്ള ഉന്നതതല സംഭരണികൾ, ഇപ്പോൾ നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, പമ്പ് ഹൗസ്, ഭൂതല സംഭരണി, ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ & പവർ ലൈൻ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

പദ്ധതിക്കാവശ്യമായ 9 സ്ഥലങ്ങളിൽ 8 സ്ഥലവും ലഭ്യമായിട്ടുണ്ട്. മുളക്കുഴ പഞ്ചായത്തിലെ ഉന്നതതല സംഭരണിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ ഘടകങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി., കെ.എസ്.റ്റി.പി. എന്നീ റോഡുകളുടെ പുനർസ്ഥാപനത്തിന് ആവശ്യമായിട്ടുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ പാക്കേജ് I-ൽ ഉൾപ്പെട്ട ജലശുദ്ധീകരണശാല, നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, ജലശുദ്ധീകരണശാലയിലുള്ള ഉന്നതതല ജല സംഭരണി എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. ബാക്കി 3 പാക്കേജുകൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## അപ്പർച്ചട്ട മൂന്നാർ, പട്ടിശ്ശേരി പദ്ധതികൾ

153(2771) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അപ്പർച്ചട്ട മൂന്നാർ, പട്ടിശ്ശേരി എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഒരു സമയക്രമം തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും അവ എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അപ്പർച്ചട്ട മൂന്നാർ പദ്ധതിക്കുവേണ്ടി വിശദമായ കോണ്ടൂർ സർവ്വേ പൂർത്തീകരിച്ച് ആവശ്യമായ സ്ഥലത്തിന് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ വേണ്ട ശിപാർശ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ ജോലികൾക്കുള്ള ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ സമർപ്പിച്ച 24.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു. പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നിലവിലെ പദ്ധതിയനുസരിച്ച് 2021-ൽ പണി പൂർത്തീകരിക്കാൻ കഴിയും.

(ബി) സമയക്രമം തയ്യാറാക്കിയിട്ടുണ്ട്.

(സി) അപ്പർച്ചട്ട മൂന്നാർ, പട്ടിശ്ശേരി എന്നീ പദ്ധതികളിലെ അവശേഷിക്കുന്ന പ്രവൃത്തികളും അവ പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്ന സമയക്രമവും അനുബന്ധമായി ചേർക്കുന്നു*.

**പമ്പ ആക്ഷൻ പ്ലാൻ**

154(2772) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ആക്ഷൻ പ്ലാനിന്റെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ജലസേചന വകുപ്പ് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതൊക്കെ സ്ഥലങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പമ്പ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത ആകെ 12 പ്രവൃത്തികളിൽ ജലസേചന വകുപ്പിന്റേയും കേരള വാട്ടർ അതോറിറ്റിയുടേയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ യഥാസമയം വനം വകുപ്പിൽനിന്നും ഭൂമി ലഭ്യമല്ലാത്തതുകൊണ്ടും ആവശ്യമായ ടെക്നോളജി ലഭ്യമല്ലാത്തതിനാലും യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ടി പദ്ധതികൾക്കായി നാളിതുവരെ കേന്ദ്ര വിഹിതമായി 7.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. 31-5-2018 വരെയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 7.928 കോടി രൂപയ്ക്ക് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സമഗ്രനദീതട പഠനത്തിനുശേഷം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടിയെടുത്തുവരുന്നു.

(ബി) ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറിതലത്തിലും മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് ഡയറക്ടറും (ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2), ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യും യോഗങ്ങൾ നടത്തിയിട്ടുണ്ട്.

(സി) പമ്പാ നദീതീരത്തുള്ള 2 മുനിസിപ്പാലിറ്റികൾക്കും 67 പഞ്ചായത്തുകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

## പരപ്പുഴ ജലസേചന പദ്ധതി

155(2773) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന് പടിഞ്ഞാറ് ഭാഗത്തുള്ള പരപ്പുഴ ആഴംകൂട്ടൽ, തടയണ നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള ജലസേചന പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) 2018-19-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II വാല്യം II-ലെ ക്രമനമ്പർ 4914 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പര്യവേക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ (മദ്ധ്യമേഖല ജലസേചന വിഭാഗം, തൃശ്ശൂർ) ഡയറക്ടർ, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നദികളിലെ മലിനീകരണം**

156(2774) <u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയൊന്ന് നദികളിൽ മലിനീകരണം രൂക്ഷമാണെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ കണ്ടെത്തുകയുണ്ടായോ; എങ്കിൽ ഏതൊക്കെയാണ് പ്രസ്തുത നദികൾ;

(ബി) മലിനീകരണ നിയന്ത്രണത്തിൽ വീഴ്ച വരുത്തിയതിന് ട്രിബ്യൂണൽ സംസ്ഥാനത്തിന് പതിനാല് കോടി രൂപ പിഴ ചുമത്തുകയുണ്ടായോ;

(സി) മലിനീകരണത്തോത് കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് 2018-ൽ ട്രിബ്യൂണൽ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ നടപടി സ്വീകരിക്കാത്തതു കാരണമാണോ ഇപ്പോൾ പിഴ ചുമത്തിയത്;

(ഡി) ജലത്തിൽ മലിനീകരണതോത് കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠന റിപ്പോർട്ടിനെ ആധാരമാക്കി ദി ഹിന്ദു ദിനപത്രത്തിൽ വന്ന ലേഖനത്തെ ആധാരമാക്കിയാണ് ബഹുമാനപ്പെട്ട ദേശീയ ഹരിതട്രിബ്യൂണൽ കേസ്സെടുത്തതും ഇത് പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളത്. മലിനീകരിക്കപ്പെട്ട നദികളുടെ വിഭാഗത്തിൽ Priority I-ൽ കരമന നദിയും Priority IV & V-ൽ താഴെ പറയുന്ന 20 നദികളുടെ ഭാഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ, ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവന്നൂർ, കവ്വായി, കുപ്പം, കുറ്റിയാടി, മൊഗ്രാൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള.

(ബി&സി) പിഴ ചുമത്തിയിട്ടില്ല. കേരളത്തിൽ മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയ 21 നദീഭാഗങ്ങളുടെ കർമ്മപദ്ധതികൾ തയ്യാറാക്കുവാൻ O.A.No. 673/2018-ൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മപദ്ധതികൾ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും സമർപ്പിച്ചിട്ടുണ്ട്.

ഇതിൽ കരമന നദിയുടെ കർമ്മപദ്ധതി അംഗീകരിച്ചിട്ടുണ്ട്. കർമ്മ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഉറപ്പിലേയ്ക്ക് പെർഫോർമൻസ് ഗ്യാരന്റിയായി 15 കോടി രൂപ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലേയ്ക്ക് അടയ്ക്കുവാൻ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടിട്ടുള്ളതാണ്.

(ഡി) സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി മാസംതോറും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് വിവിധ ഘടകങ്ങളായ, PH കണ്ടക്റ്റിവിറ്റി, ലയ ഓക്സിജൻ, ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്, ടോട്ടൽ കോളിഫോം, ഫീക്കൽ കോളിഫോം എന്നിവയുടെ അളവ് പരിശോധന നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജലത്തിൽ മലിനീകരണത്തോത് എത്രത്തോളമാണെന്ന് കണക്കാക്കുന്നത്.

**കൊച്ചിൻ ഫ്രോണ്ടിയർ തോട് നവീകരണം**

157(2775) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളം മുതൽ കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പെരുവല്ലൂർ പരപ്പുഴ വഴി മുല്ലശ്ശേരി കനാലിലെത്തുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴംകൂട്ടി, പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിയ്ക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളം മുതൽ കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പെരുവല്ലൂർ പരപ്പുഴ വഴി മുല്ലശ്ശേരി കനാലിലെത്തുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴം കൂട്ടി, പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളായി തോട് സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് കോൺക്രീറ്റ് കുറ്റികൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ 6.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പലതവണ ഇ-ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ പ്രതികരിക്കാത്തതിനാൽ ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടി പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം തോടിന്റെ ആഴംകൂട്ടി പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിക്കായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## അണക്കെട്ടുകളിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി

158(2776) <u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>:
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചനവകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന എക്കലിന്റെ അളവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കംചെയ്യുന്നതിന് അനുമതി നൽകുന്നതിനായി സർക്കാർ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ചെളിയും മണലും നീക്കം ചെയ്താൽ ഡാമുകളിൽ കൂടുതൽ ജലം സംഭരിക്കാൻ സാധിക്കുമെന്നതിനാലും ഇപ്രകാരം ലഭിക്കുന്ന മണൽ അസംസ്കൃത വസ്തുക്കൾക്ക് ദൗർലഭ്യം നേരിടുന്ന നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിനാലും പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. മംഗലം, ചുള്ളിയാർ ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന എക്കലിന്റെ അളവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നുണ്ട്.

## പുല്ലാമല ബണ്ട് പുനഃസ്ഥാപിക്കുവാൻ നടപടി

159(2777) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള പുല്ലാമലയിൽ നെയ്യാർ നദിയുടെ ബണ്ട് 2018-ലെ പ്രളയത്തിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജനങ്ങൾക്കും കർഷകർക്കും ഏറെ ദോഷം ചെയ്യുന്ന പ്രസ്തുത ബണ്ട് പുനഃസ്ഥാപിക്കാൻ ഇറിഗേഷൻ വിഭാഗം എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തത വരുത്താമോ;

(ബി) നെയ്യാറിലെ പുല്ലാമല ബണ്ട് പുനഃസ്ഥാപിക്കുന്നതിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഡി.പി.ആർ. പ്രകാരം എത്ര തുകയാണ് ബണ്ട് പുനഃസ്ഥാപിക്കാൻ വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. അമരവിള പുല്ലാമലയിൽ നെയ്യാർ നദിയുടെ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ ടി പ്രവൃത്തിക്ക് മണ്ണ് പര്യവേക്ഷണം നടത്തി ഡിസൈൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. മണ്ണ് പര്യവേക്ഷണം നടത്തുന്നതിനുവേണ്ടി 1,24,000 രൂപയുടെ (ഒരു ലക്ഷത്തി ഇരുപത്തിനാലായിരം രൂപ) ഭരണാനുമതി നൽകി സാങ്കേതികാനുമതി പര്യവേക്ഷണത്തിന് ടെണ്ടർ വിളിച്ചു. മൂന്നാമത്തെ ടെണ്ടറിലൂടെ ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് രണ്ട് പ്രാവശ്യം കത്ത് നൽകിയിട്ടും എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാത്തതിനാൽ ടെർമിനേറ്റ് ചെയ്യുമെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) മണ്ണ് പര്യവേക്ഷണം നടത്തി ഇതിനാവശ്യമായ ഡിസൈൻ ലഭ്യമാക്കി തുടർന്ന് ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ ബണ്ട് പുനഃസ്ഥാപിക്കാൻ വേണ്ടിവരുന്ന തുകയുടെ കണക്ക് ലഭ്യമാവുകയുള്ളൂ.

## നെയ്യാർ ഡാമിലെ മണലും എക്കലും നീക്കം ചെയ്യാൻ നടപടി

160(2778) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം റിസർവോയറിൽ മണലും എക്കലും അടിഞ്ഞ് ഡാമിന്റെ സംഭരണ ശേഷിയിൽ കുറവുണ്ടാകുന്ന വിഷയം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ മണലും എക്കലും നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര ശ്രദ്ധ നൽകി പരിഹരിക്കുന്നതിനും മണലും എക്കലും നീക്കം ചെയ്യുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നെയ്യാർ ഡാം റിസർവോയറിന് ചുറ്റും അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്ന ആൾക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ-സി) ഉണ്ട്.

കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, ചെളി എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) സ.ഉ.(കൈ)നമ്പർ 79/2017/ഡബ്ല്യു.ആർ.ഡി. തീയതി 26-9-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) അഞ്ചുചങ്ങല പ്രദേശത്ത് റവന്യൂ വകുപ്പ് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കാട്ടാക്കട തഹസീൽദാർ അറിയിച്ച പ്രകാരം പട്ടയം നൽകേണ്ട വസ്തുക്കളുടെ വിവരങ്ങൾ പരിശോധിച്ച് മഹസർ തയ്യാറാക്കുന്ന ജോലിയാണ് നടന്നുവരുന്നത്. MFL+1+10 അളവിലുള്ള സ്ഥലത്തിനെക്കുറിച്ച് റവന്യൂ വകുപ്പും ജലസേചന വകുപ്പും സംയുക്തമായി പരിശോധന നടത്തി തീരുമാനമെടുക്കുന്നതാണ്.

## ഇരിങ്ങാലക്കുട ഷൺമുഖം കനാൽ നവീകരണം

161(2779) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഷൺമുഖം കനാൽ നവീകരണത്തിനായി ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഷൺമുഖം കനാൽ ബണ്ട് റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തിക്കായി ഒരു കോടി അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ടി പ്രവൃത്തിക്ക് ഏഴ് കോടി രൂപയ്ക്ക് ഭരണാനുമതിയും 695 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കനാലിന്റെ 1400 മീ. മുതൽ 4935 മീറ്റർ വരെയുള്ള 3535 മീ. ഇരുകരകളുടെയും സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രവൃത്തിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ മഴക്കാലത്ത് കനാലിന്റെ പാർശ്വം കുറച്ചുഭാഗം ഇടിയുകയും അതുമൂലം കനാൽ ബണ്ട് റോഡിന്റെ വീതി കുറയുകയും ചെയ്തിട്ടുണ്ട്. അപകട ഭീഷണിയുള്ള ടി ഭാഗം എസ്.ഡി.ആർ.എഫ്.-ന്റെ ഫണ്ടുപയോഗിച്ച് റിപ്പയർ ചെയ്തിട്ടുണ്ട്. ടി ഭാഗത്തിന്റെ പുനർനിർമ്മാണത്തിന്റെ മുന്നോടിയായി മണ്ണ് പരിശോധന, രൂപകൽപ്പന (ഡിസൈൻസ്) എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷം ബണ്ട് റോഡിന്റെ പുനർനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ

162(2780) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നദികളും പുഴകളും മറ്റു പ്രകൃതി നിർമ്മിത ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

കേരളത്തിലെ നദികളും മറ്റ് ജലാശയങ്ങളും വിവിധതരത്തിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതുകൂടാതെ, ജലസേചനവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കൺവീനർമാരായി ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ജലസമൃദ്ധി ഉപമിഷന്റെ ഭാഗമായി രൂപീകരിച്ച സാങ്കേതിക സമിതികൾ തയ്യാറാക്കിയ നീർത്തടപ്ലാൻ/നീർത്തടമാസ്റ്റർ പ്ലാനുകളിലും ജലസ്രോതസ്സുകളുടെ സ്ഥിതി വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് വർദ്ധിച്ച തോതിൽ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ കേരളത്തിലുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നീർത്തടമാസ്റ്റർ പ്ലാനിൽ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള ജലസ്രോതസ്സുകളുടെ (കുളങ്ങളുടെ) ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 724 കുളങ്ങൾ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം മാലിന്യ ലഘൂകരണംകൂടി ലക്ഷ്യമിട്ട് നദികളിൽ തടയണ/റെഗുലേറ്ററുകൾ നിർമ്മിക്കുന്ന പ്രവർത്തനവും നിർവ്വഹിച്ചുവരുന്നു. കൂടുതൽ മലിനീകരിക്കപ്പെട്ട 21 നദീതടഭാഗങ്ങൾ ശുചിയാക്കുന്നതിന് വിവിധ വകുപ്പുകൾ/ഏജൻസികൾ ചേർന്ന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനു പുറമേ കേരളത്തിലെ 9 നദികളുടെ സമഗ്രപുനരുദ്ധാരണ/മാലിന്യമുക്ത പദ്ധതി രൂപീകരിക്കുന്നതിന് പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരുന്നു.

## പ്രളയത്തെത്തുടർന്നുള്ള പ്രധാന തോടുകളുടെ ശുചീകരണം

163(2781) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതികൾക്ക് ശേഷം കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ആശ്വാസ നടപടികളിൽ പ്രധാന തോടുകളിലെ ചെളിയും, പോളയും നീക്കം ചെയ്യുന്നതിനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) തുടർച്ചയായി ഈ പ്രദേശങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കത്തിനു കാരണം തോടുകളിലെയും, മറ്റു ജലാശയങ്ങളിലെയും ആഴം കുറഞ്ഞതാണെന്നുള്ള വിദഗ്ദാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രളയത്തിന് ശേഷം കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രധാന തോടുകളിലെ ചെളിയും പോളയും മാറ്റി വൃത്തിയാക്കുന്ന പ്രവൃത്തികൾക്കായി ഇതിനകം 562.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയർ നൽകി. കൂടാതെ കുട്ടനാടിന് സമാനമായ ഭൂപ്രകൃതിയുള്ള നെതർലാന്റ്സിൽ നടപ്പിലാക്കി വിജയിച്ച "നദികൾക്ക് ഒരിടം" മാതൃകയിലുള്ള പദ്ധതികൾ പ്രളയ പ്രതിരോധത്തിനായി കുട്ടനാട്ടിലും ആവിഷ്കരിക്കുവാൻ തീരുമാനിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും പഠനത്തിനുമായി RKI ഫണ്ട് അനുവദിക്കുന്നതിനുള്ള വകുപ്പിന്റെ പ്രൊപ്പോസലിന് RKI ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## പ്രളയ നിയന്ത്രണ ഡാമുകൾ

164(2782) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. എം. ഉമ്മർ</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രളയം നിയന്ത്രിക്കുന്നതിനായി പ്രളയ നിയന്ത്രണ ഡാമുകൾ നിർമ്മിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഉണ്ട്. മണിമല, പെരിയാർ, ചാലിയാർ, ചാലക്കുടി, മീനച്ചിൽ, അട്ടപ്പാടിവാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി, പമ്പാ-അച്ചൻകോവിൽ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്.

## ഡാമുകളിൽ ഡി സിൽറ്റിംഗ് നടത്തുന്നതിന് നടപടി

165(2783) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലും റിസർവ്വോയറുകളിലും കെട്ടിക്കിടക്കുന്ന മണ്ണും ചെളിയും നീക്കി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഡാമുകളിൽ ഡി സിൽറ്റിംഗ് നടത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഡാമുകളിൽ ഇത് നടപ്പിലാക്കി; വിശദമാക്കുമോ;

(ഡി) അരുവിക്കര ഡാമിൽ നിന്നും മണലും ചെളിയും നീക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഡാമുകളുടെ സംഭരണശേഷിയിലുണ്ടായ കുറവിന്റെ പഠനം പുരോഗമിക്കുകയാണ്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും, ലഭിക്കുന്ന മണൽ, ചെളി, എക്കൽ എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) സ.ഉ(കൈ)നമ്പർ 79/2017/ ഡബ്ല്യു.ആർ.ഡി. തീയതി 26-9-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) നിലവിൽ ചുള്ളിയാർ ഡാമിലും മംഗലം ഡാമിലും അടിഞ്ഞുകൂടിയ മണലിന്റെയും സിൽറ്റിന്റെയും അളവുകളാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) അരുവിക്കര ഡാമിന്റെ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി 400 ലക്ഷം രൂപയുടെ ഒരു സോഴ്സ് ഇംപ്രൂവ്മെന്റ് പൈലറ്റ് പ്രോജക്ടിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കിയിട്ടില്ല.

**അട്ടപ്പാടിയിൽ പുതിയ ഡാം നിർമ്മാണം**

166(2784) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പുതിയ ഡാം നിർമ്മിക്കാനും വൻകിട ജലസേചന പദ്ധതി നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി 458 കോടിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ പദ്ധതിയുടെ നേട്ടം പ്രധാനമായും ആദിവാസി മേഖലയിലെ കർഷകർക്കാണോ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയോടൊപ്പം മൈക്രോ ഇറിഗേഷൻ പദ്ധതി കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) അട്ടപ്പാടിയിൽ പുതിയ ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതൊരു ഇടത്തരം ജലസേചന പദ്ധതിയാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി 497 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി രേഖ കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. 51.5 മീറ്റർ ഉയരവും 450 മീറ്റർ നീളവും മുകളിൽ 8 മീറ്റർ വീതിയുമുള്ള കോൺക്രീറ്റ് ഡാം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടത് വലത് കരകളിലൂടെയുള്ള പൈപ്പ് മാർഗ്ഗം 4255 ഹെക്ടർ പ്രദേശത്തെ ജലസേചനം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ കണക്കുകളെല്ലാം സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഈ പദ്ധതിയുടെ നേട്ടം പ്രധാനമായും ആദിവാസി മേഖലയിലെ കർഷകർക്കാണ്. അട്ടപ്പാടി വാലി പ്രോജക്ടിന്റെ ഫലമായി കൃഷിക്ക് ഉപയുക്തമായ ഭൂമി 1700-ൽ നിന്നും 8739 ഹെക്ടറായി ഉയർത്താൻ കഴിയും. പ്രസ്തുത പദ്ധതിയോടൊപ്പം നിലവിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

**ഭൂതത്താൻകെട്ട് ഡാമിന് കുറുകെ പാലം നിർമ്മാണം**

167(2785) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് ഡാമിന് കുറുകെ പുതിയ പാലം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും നിർമ്മാണത്തിന്റെ ഏതുഘട്ടം വരെ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം എന്നത്തേയ്ക്ക് തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് ഡാമിന് കുറുകെ നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ മുഴുവൻ തൂണുകളുടെയും സ്ലാബിന്റേയും ഐ.ഐ.പി. ഭാഗത്തെ അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കൈവരികളും പെയിന്റിംഗ് ജോലികളും പി.വി.ഐ.പി. ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ജനുവരി 2020-ഓടുകൂടി തുറന്നുകൊടുക്കുവാൻ സാധിക്കും.

(ഡി) പൂർത്തീകരിക്കുവാനുള്ള ജോലികൾ വേഗത്തിൽ നടന്നുവരുന്നു.

**ഏറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തികൾ**

168(2786) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തെ തുടർന്നുണ്ടായ വെള്ളപ്പൊക്കവും കുത്തൊഴുക്കും കാരണം എറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തികൾ തകർന്ന് തീരപ്രദേശങ്ങൾ ഒലിച്ച പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളും സംരക്ഷണ ഭിത്തികളുമാണ് ഇങ്ങനെ ഒലിച്ച പോയിട്ടുള്ളതെന്നറിയിക്കുമോ;

(സി) തീരത്തുള്ള വീടുകളെ ബാധിക്കുന്ന വിധം സംരക്ഷണ ഭിത്തികൾ ഒലിച്ച പോയിട്ടുള്ളത് എത്ര എണ്ണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംരക്ഷണഭിത്തി കെട്ടുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) സംരക്ഷണഭിത്തി കെട്ടുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മഹാപ്രളയത്തെ തുടർന്നുണ്ടായ വെള്ളപ്പൊക്കവും കുത്തൊഴുക്കും കാരണം ഏറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തികൾ തകർന്ന് തീരപ്രദേശങ്ങൾ ഒലിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന ഭാഗങ്ങളിലാണ് കൂടുതൽ നാശനഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

1. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വാർഡ് 2-ൽ ഉൾപ്പെടുന്ന ആനക്കയം, ഓടക്കയം ഭാഗത്ത് ചെറുപുഴയുടെ ഇടതുകര 60 മീ. നീളം
2. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വാർഡ് 2-ൽ വെറ്റിലപ്പാറ, ഓടക്കയം ഭാഗത്തെ ചെറുപുഴയുടെ ഇടതുകര സംരക്ഷണം.
3. കീഴുപറമ്പ് പഞ്ചായത്തിലെ 8-ാം വാർഡിൽ അരീക്കോട് പാലത്തിന്റെ താഴ്ഭാഗം ചാലിയാറിന്റെ വലതുകര ഏകദേശം 100 മീ. നീളം.
4. കീഴുപറമ്പ് പഞ്ചായത്തിലെ 8-ാം വാർഡിൽ വെസ്റ്റ് പത്തനാപുരം ഭാഗത്ത് ചാലിയാർ പുഴയുടെ വലത്കര 200 മീ. നീളം.
5. കീഴുപറമ്പ് പഞ്ചായത്തിലെ ഒന്നാം വാർഡിൽ റീസർവ്വെ നമ്പർ 23/11, 23/13, 23/16 എന്നീ സർവ്വെ നമ്പറിൽ മുറിഞ്ഞമാട് ഭാഗത്ത് ഏകദേശം 150 മീ. നീളം.

കൂടാതെ 2019-ലെ വെള്ളപ്പൊക്കത്തിൽ ചാലിയാറിന്റെ തീരത്ത് സംഭവിച്ച കേടുപാടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. ചാലിയാർ പഞ്ചായത്തിലെ മതിൽമൂലയിൽ കാഞ്ഞിരപ്പുഴയുടെ കരകൾ ഇടിഞ്ഞു.
2. ചാലിയാർ പഞ്ചായത്തിലെ നമ്പൂരിപൊട്ടിയിൽ കാഞ്ഞിരപ്പുഴയുടെ കരകൾ ഇടിഞ്ഞു.
3. എടവണ്ണ പഞ്ചായത്തിലെ പള്ളിമുക്കിൽ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞു.
4. എടവണ്ണ-കുണ്ടുതോടിൽ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞു.
5. അരീക്കോട് പഞ്ചായത്തിൽ അരീക്കോട് പാലത്തിന് താഴെ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞു.

(സി) വീടുകളെ ബാധിക്കുന്ന വിധത്തിൽ സംരക്ഷണഭിത്തി ഒലിച്ചു പോയിട്ടുള്ളത് പ്രധാനമായും താഴെപ്പറയുന്ന രണ്ടെണ്ണമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയവയ്ക്ക് സംരക്ഷണഭിത്തി കെട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വാർഡ് 2-ൽ ഉൾപ്പെടുന്ന ആനക്കയം, ഓടക്കയം ഭാഗത്ത് ചെറുപുഴയുടെ ഇടതുകര.

2. കീഴുപറമ്പ് പഞ്ചായത്തിലെ 8-ാം വാർഡിൽ വെസ്റ്റ് പത്തനാപുരം ഭാഗത്ത് ചാലിയാറിന്റെ വലതുകര.

(ഡി) നടപടി സ്വീകരിക്കുന്നതാണ്. പ്രളയത്തിന്റെ ഭാഗമായി നാശനഷ്ടം വിലയിരുത്തിയത് പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഊർങ്ങാട്ടിരി പഞ്ചായത്തിലെ ആനക്കയം, ഓടക്കയം ഭാഗത്ത് സംരക്ഷണഭിത്തി കേടുപാടുകൾ തീർക്കുന്നതിനായി 27 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തു.

2. അരീക്കോട് പാലത്തിന്റെ തൊട്ട് താഴെയുള്ള ഭാഗത്തെ സംരക്ഷണഭിത്തി കേടുപാടുകൾ തീർക്കുന്നതിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 5-11-2019-ൽ ആർ.എം.എഫ്. ജില്ലാ വിദഗ്ധ സമിതിയുടെ ഉപസമിതിയുടെ സ്ഥല പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുണ്ട്. റോഡിന്റെ സംരക്ഷണഭിത്തി ഉൾപ്പെടുന്നതിനാൽ മറ്റ് ഡിപ്പാർട്ടുമെന്റുകൾ വഴി നടപ്പിലാക്കുന്നതിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്.

3. വെസ്റ്റ് പത്തനാപുരം ഭാഗത്തെ സംരക്ഷണഭിത്തി നിർമ്മാണം സംബന്ധിച്ച സാങ്കേതികത പരിശോധിച്ചുവരുന്നു.

4. കൂടാതെ കീഴുപറമ്പ് പഞ്ചായത്തിലെ മുറിഞ്ഞമാട് ഭാഗത്ത് കരസംരക്ഷണം, ഊർങ്ങാട്ടീരി പഞ്ചായത്തിലെ 2-ാം വാർഡിൽ വെറ്റിലപ്പാറ-ഓടക്കയം ഭാഗത്ത് ചെറുപുഴയുടെ ഇടതുകര സംരക്ഷണം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## ആലപ്പാട്ട് കടൽഭിത്തി പുനർനിർമ്മാണം

169(2787) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ ഓഖി ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ തകർന്ന കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് തീരദേശവാസികളുടെ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ആലപ്പാട് പഞ്ചായത്തിനെ കടലാക്രമണത്തിൽനിന്നും പ്രതിരോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും സ.ഉ.(എം.എസ്.) 21/2019/ജവിവ. തീയതി 15-6-2019 പ്രകാരം കൊല്ലം ജില്ലയിൽ അനുവദിച്ചിരിക്കുന്ന ആകെ തുകയായ 2.50 കോടി രൂപയിൽ അടിയന്തര തീരസംരക്ഷണത്തിനായി ജിയോബാഗ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണത്തിനായി 136.10 ലക്ഷം രൂപയുടെ 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ രൂക്ഷമായ കടലാക്രമണത്തെത്തുടർന്ന് ആലപ്പാട് പഞ്ചായത്തിൽ പണിക്കര് കടവ് ഭാഗത്ത് തീരസംരക്ഷണത്തിനായി 146.00 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ASE(N/P) പ്രകാരം കരുനാഗപ്പള്ളി, ചെറിയഴീക്കൽ ഭാഗത്തെ തീരസംരക്ഷണത്തിനായി 45.00 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് അനുമതി നൽകുകയും അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. മേൽ പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ അനുബന്ധമായി* വച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൻമേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടിയെടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കടൽഭിത്തി പുനർനിർമ്മാണം**

170(2788) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതുതായി കടൽഭിത്തി നിർമ്മിക്കുന്നതിനും 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പതിനാറ് കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) തീരദേശത്ത് താമസിക്കുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പതിനാറ് കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ കോലുമാട് ജലസേചന പദ്ധതി**

171(2789) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ കോലുമാട് ജലസേചന പദ്ധതിയുടെ പര്യവേക്ഷണപ്രവൃത്തികൾ പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ രൂപകല്പനയ്ക്കായുള്ള ഇൻഡന്റ് (ആവശ്യമായ എല്ലാ അനുബന്ധങ്ങളോടുംകൂടി) തയ്യാറാക്കി വരുന്നു. പ്രവൃത്തിയുടെ രൂപകല്പന പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

## കരീത്തോട് ചളിക്കവട്ടത്ത് കട്ടപ്പത്ത് കലുങ്ക്

172(2790) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കരീത്തോട് ചളിക്കവട്ടത്ത് കടുപ്പത്ത് ഒരു കലുങ്ക് പണിയുന്നതിനുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ഈ കലുങ്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി ഇതിന്റെ പ്രവൃത്തി എന്നേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കരീത്തോടിന്റെ പുനരുദ്ധാരണത്തിനായി എം.എൽ.എ.-യുടെ എൽ.എ.സി.എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലെ കരീത്തോട് പുനരുദ്ധാരണം റീച്ച്-2 (Improvement to Kareethodu in Kochi Corporation Reach-2) എന്ന പ്രവൃത്തിയിൽ കടുപ്പത്ത് കലുങ്കിന്റെ പുനർനിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുവാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## വിയർ കം ട്രാക്ടർ വേയുടെ നിർമ്മാണ പുരോഗതി

173(2791) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ, ഏര്യം പുഴക്ക് കുറുകെ നിർമ്മിക്കുന്ന വിയർ കം ട്രാക്ടർ വേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ, ഏര്യം പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന വിയർ കം ട്രാക്ടർ വേയുടെ നിർമ്മാണ പ്രവൃത്തി 32% പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 15-5-2020 വരെയാണ്.

## ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജ്

174(2792) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഒളവിലം പാത്തിക്കലിൽ നടപ്പാക്കാനുദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വിശദമായ പദ്ധതി രേഖ ഐ.ഡി.ആർ.ബി.-യിൽ നിന്നും ലഭിച്ച ഡിസൈൻ പ്രകാരം തയ്യാറാക്കി വരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കൽ, പ്രവൃത്തി ഏറ്റെടുക്കൽ തുടങ്ങിയ നടപടിക്രമങ്ങളാണ് സ്വീകരിക്കാനുള്ളത്.

## താനൂർ നിയോജകമണ്ഡലത്തിലെ കെട്ടുങ്ങൽതോട് - പൂരപ്പുഴ റെഗുലേറ്റർ

175(2793) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പതിറ്റാണ്ടുകൾ പഴക്കമുള്ള ആവശ്യമായ കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങളും റിപ്പോർട്ടും ലഭ്യമാക്കുമോ;

(സി) നിലവിൽ കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്ററിന് കിഫ്ബിയിൽ നിന്നോ അല്ലാതെയോ ഫണ്ട് എന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) താനൂർ, തിരൂരങ്ങാടി ഭാഗങ്ങളിലുള്ള ആയിരക്കണക്കിന് കർഷകർക്ക് ഗുണം ലഭിക്കുന്ന മേൽ സൂചിപ്പിച്ച പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കിഫ്ബി ധനസഹായത്തോടെ കെട്ടുങ്ങൽ തോട്-പൂരപ്പുഴയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന SWE റെഗുലേറ്റർ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി രൂപകൽപ്പനയ്ക്കുവേണ്ടി റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായുള്ള സെക്കന്റ് സ്റ്റേജ് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അനുമതി നൽകുന്നതിന് നടപടിയെടുത്തു വരുന്നു. ടി പ്രവൃത്തി സംബന്ധിച്ച് ആവശ്യമായ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

176(2794) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങിയത് എപ്പോഴാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ നാടിനും ജനങ്ങൾക്കും ലഭ്യമാകാൻ പോകുന്ന ഗുണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജിന്റെ സിവിൽ പ്രവൃത്തികളുടെ നിർമ്മാണം 82% പൂർത്തീകരിച്ചു. മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) ഒറിജിനൽ പ്രവൃത്തി 2005-ലാണ് തുടങ്ങിയത്. ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തെ ചെയ്ത വർക്കിന്റെ ബാക്കി പ്രവൃത്തിയായിട്ടാണ് നടപ്പിലാക്കുന്നത്. 2020 ഏപ്രിലിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതിനോടകം 438 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ബാലൻസ് വർക്കിന്റെ അടങ്കൽ തുക 2775 ലക്ഷം രൂപയാണ്. ഇതിൽ ഒന്നുംതന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചാൽ ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റി, മൂളിയാർ, ചെങ്കള, മധൂർ, മൊഗ്രാൽ, പുത്തൂർ, ചെമ്മനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ 407 ഹെക്ടർ സ്ഥലത്ത് കൃഷിക്കാവശ്യത്തിനുള്ള ജലസേചനത്തിനും ഇതേ പഞ്ചായത്തുകളിലെ ജനങ്ങൾക്കുള്ള കുടിവെള്ളത്തിനും ഉപയോഗിക്കാവുന്നതാണ്.

**ജലസേചന വകുപ്പിലെ തസ്തികകളുടെ പുനഃസംഘടന**

177(2795) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ ബേസിൻ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് ജീവനക്കാരുടെ തസ്തികകളുടെ പുനഃസംഘടന നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പുനഃസംഘടന നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(സി) തടസ്സങ്ങൾ ഇല്ലെങ്കിൽ പുനഃസംഘടന ഈ വർഷം തന്നെ പൂർത്തിയാക്കാൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പുനഃസംഘടന നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. ആയത് ലക്ഷ്യമിട്ട് ശ്രമങ്ങൾ നടന്നുവരികയാണ്.

**'ജലവിഭവ വകുപ്പിൽ വർക്കർ തസ്തിക'**

178(2796) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ വർക്കർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് നൽകി വരുന്ന ദിവസ വേതനം എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്കും മറ്റ് വകുപ്പുകളിൽ നൽകി വരുന്നതുപോലെ ദിവസവേതനം വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളവിതരണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) (i) 660 രൂപയാണ് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്ന ജലസേചന വകുപ്പിലെ താത്ക്കാലിക ജീവനക്കാരുടെ ദിവസ ശമ്പളം.

(ii) കേരള വാട്ടർ അതോറിറ്റിയിൽ മാൻ മസ്ദൂർ (വർക്കർ) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്ക്കാലിക ജോലി ചെയ്യുന്നവർക്ക് ഒരു ഡ്യൂട്ടിക്ക് പരമാവധി 377 രൂപയാണ് നൽകിവരുന്നത്.

(iii) ഭൂജലവകുപ്പിൽ വർക്കർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിച്ചിട്ടില്ല.

(ബി) കാലാകാലങ്ങളിലെ സർക്കാർ തീരുമാനമനുസരിച്ച് മറ്റ് വകുപ്പുകളോടൊപ്പം ജലസേചന വകുപ്പിലും താത്ക്കാലിക ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിച്ചു നൽകുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ ദിവസവേതനം പുനർനിർണ്ണയിക്കുന്ന വിഷയം 28-11-2017-ൽ കൂടിയ അതോറിറ്റി യോഗം ചർച്ച ചെയ്യുകയും അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി ഈ അധികബാദ്ധ്യത വഹിക്കാൻ സജ്ജമല്ലെന്ന് വിലയിരുത്തുകയും ആയതിനാൽ ഇക്കാര്യം തത്ക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

(സി) ജലസേചന വകുപ്പിൽ ഫണ്ട് ലഭിക്കുന്ന മുറയ്ക്കാണ് താത്ക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. കൃത്യമായി ടി ജീവനക്കാർക്ക് ശമ്പളം നൽകാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റി സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കേരളമൊട്ടാകെ ഈ ഇനത്തിൽ ജോലി ചെയ്യുന്നവരുടെ ബില്ലുകൾ ക്രോഡീകരിച്ച് കേന്ദ്രീകൃതമായാണ് അനുമതി നൽകുന്നത്.

## വാട്ടർ അതോറിറ്റിയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

179(2797) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ 31-12-2019 വരെ എത്ര ഒഴിവുകൾ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ 320 ഒഴിവുകൾ നിലവിലുണ്ട്. എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ 31-12-2019 വരെ വാച്ച്മാൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഓരോ ഒഴിവ് വീതം (ആകെ 2 ഒഴിവുകൾ) വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## വിജയം കനാലിലെ ചെളിയും മണ്ണും നീക്കംചെയ്യുന്ന പ്രവൃത്തി

180(2798) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിജയം കനാലിൽ ഓഖി ചുഴലിക്കാറ്റുമൂലം അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക്

സുഗമമാക്കുന്നതിന് 28-6-2019 ലെ സ.ഉ.(സാധാ) നമ്പർ459/2019/ ജ.വി.വ. പ്രകാരം 294.417 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിജയം കനാലിൽ ഓഖി ചുഴലിക്കാറ്റുമൂലം അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് 28-6-2019-ലെ സ.ഉ.(സാധാ) നമ്പർ 459/2019/ജ.വി.വ. പ്രകാരം 294.417 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനിടെ 2018-ലെ പ്രളയത്തിൽ വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനായി 153.80 ലക്ഷം രൂപയുടെ പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. അതിനാൽ 28-6-2019-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം ജില്ലയിലെ പുലിമുട്ട് നിർമ്മാണം

181(2799) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ആലപ്പാട്, ചവറ, പന്മന എന്നീ പഞ്ചായത്തുകളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനായി ഐ.ആർ.ഇ., കെ.എം.എം.എൽ. എന്നീ സ്ഥാപനങ്ങൾ തുക നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) എവിടെയൊക്കെ പുലിമുട്ട് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര പുലിമുട്ട് നിർമ്മിക്കുന്നതിനാണ് തുക നിക്ഷേപിച്ചിരിക്കുന്നതെന്നും നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്തെന്നും അറിയിക്കുമോ;

(ഡി) ശക്തികുളങ്ങര, നീണ്ടകര, ചവറ പഞ്ചായത്തുകളിൽ പുലിമുട്ടും കടൽഭിത്തിയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) IREL-ന്റെ ഫണ്ടുപയോഗിച്ച് വെള്ളനാതുരുത്തിലും KMML-ന്റെ ഫണ്ടുപയോഗിച്ച് പന്മനയിലുമാണ് പുലിമുട്ട് നിർമ്മിക്കുന്നത്.

(സി) വെള്ളനാതുരുത്തിൽ 4 പുലിമുട്ടുകളും പന്മനയിൽ 4 പുലിമുട്ടുകളും നിർമ്മിക്കുന്നതിനാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. വെള്ളനാതുരുത്തിൽ IREL-ന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ചുവരുന്ന പുലിമുട്ടുകളുടെ പ്രവൃത്തി 70%-ഉം പന്മനയിൽ KMML-ന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ചുവരുന്ന പുലിമുട്ടുകളുടെ പ്രവൃത്തി 15%-ഉം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പുലിമുട്ട് നിർമ്മിക്കുന്നതിന് CWPRS പൂനെ/IIT ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ നിന്നും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യതയും ആവശ്യകതയും പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊണ്ടുവരുന്നു.

**കടവന്ത്ര അമ്പനാട്ടുചിറ, പണ്ടാരച്ചിറ കൾവർട്ടറുകളുടെ പണി**

182(2800) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ കടവന്ത്രയിലെ അമ്പനാട്ടുചിറ, പണ്ടാരച്ചിറ കൾവർട്ടുകളുടെ പണി തുടങ്ങുവാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്നും എന്നാണ് ടെണ്ടർ ചെയ്തതെന്നും വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികളുടെ കോൺട്രാക്ടർ ആരാണെന്നും ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തികൾ അനാവശ്യമായി നീണ്ടുപോകുന്നതിന് കാരണക്കാരനായ കോൺട്രാക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) അമ്പനാട്ടുചിറ ബോക്സ് കൾവർട്ട് പുനർനിർമ്മാണത്തിനായി 72.5 ലക്ഷം രൂപയുടെ (എഴുപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം) പ്രവൃത്തി ടെണ്ടർ ചെയ്ത് 12-11-2018-ൽ കരാർ വച്ചിട്ടുള്ളതാണ്. ബോക്സ് കൾവർട്ടിന് കൂടുതൽ വെന്റ്‌വേ ലഭിക്കുംവിധം പുതുക്കിയ പ്രൊപ്പോസൽ ഡിസൈൻ

അംഗീകാരത്തിനായി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിച്ചിരുന്നു. ബോക്സ് കൾവർട്ടിനൊപ്പം മെക്കാനിക്കൽ ഷട്ടർ നൽകാൻ സാധ്യമല്ലെന്ന് ഐ.ഡി.ആർ.ബി. വിഭാഗം അറിയിച്ചതിനാൽ പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പണ്ടാരച്ചിറ കൾവർട്ടിന്റെ പുനർനിർമ്മാണത്തിനായി 77.62 ലക്ഷം രൂപയുടെ (എഴുപത്തി ഏഴ് ലക്ഷത്തി അറുപത്തിരണ്ടായിരം) പ്രവൃത്തി ടെണ്ടർ ചെയ്ത് 22-11-2018-ൽ കരാറുകാരന് കൈമാറിയിട്ടുള്ളതാണ്. 12 മാസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവർത്തിക്ക് കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തി പൂർത്തീകരണ കാലാവധിയായ 21-11-2019-ൽ തന്നെ പൂർത്തീകരിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

25-2-2016-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 180/2016/ ഡബ്ല്യു.ആർ.ഡി. പ്രകാരം അമ്പനാട്ട് ചിറ കൾവർട്ടിന് 72.5 ലക്ഷം രൂപയുടെയും പണ്ടാരച്ചിറ കൾവർട്ടിന് 92.00 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 24-2-2018-ൽ ടി പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്തെങ്കിലും വർക്ക് അവാർഡ് ചെയ്യാൻ സാധിക്കാതിരുന്നതുമൂലം 22-9-2018-ൽ അമ്പനാട്ട് ചിറ കൾവർട്ടിന് ടെണ്ടർ നമ്പർ 32/ET/SEMICC/2018-19 പ്രകാരവും പണ്ടാരച്ചിറ കൾവർട്ടിന് ടെണ്ടർ നമ്പർ 33//ET/SEMICC/2018-19 പ്രകാരവും റീ-ടെണ്ടർ ചെയ്യുകയുണ്ടായി.

ടി പ്രവൃത്തികളുടെ കരാറുകാരന്റെ പേര് കെ. പി. മുരളീധരൻ, പുത്തൻവീട്ടിൽ വീട്, ഇടക്കൊച്ചി. പി. ഒ., പിൻ-682 010, എറണാകുളം ജില്ല.

(ഡി) പണ്ടാരച്ചിറ ബോക്സ് കൾവർട്ടിന്റെ പുനർനിർമ്മാണത്തിന് വേണ്ടിയുള്ള പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരനോട് പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്തപക്ഷം സർക്കാരിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുമെന്ന് രേഖാമൂലം അറിയിച്ചിട്ടുമുണ്ട്.

## ചേലക്കര നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ

183(2801) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി ഉത്തരവ് നൽകാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇനി ഏതെല്ലാം പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്; അവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 8 പ്രവൃത്തികൾക്കും പ്രളയത്തിൽ ഉൾപ്പെടുത്തി 43 പ്രവൃത്തികൾക്കും വരൾച്ചയിൽ ഉൾപ്പെടുത്തി 16 പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി & സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

## വർക്കല മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് പദ്ധതികൾ

184(2802) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് വർക്കല മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## വെള്ളായണി കായലിലെ കൃഷിചെയ്യാൻ പറ്റാത്ത സ്ഥലം

185(2803) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ (ബി) വകുപ്പിന്റെ നമ്പർ ബി3/9458/16/റവ. പ്രകാരം 16-5-2017-ൽ ചേർന്ന യോഗത്തിൽ വെള്ളായണി കായലിൽ കർഷകരുടെ കൈവശം ഇരിക്കുന്ന പട്ടയഭൂമിയിൽ വെള്ളം കയറി കൃഷിചെയ്യാൻ പറ്റാത്ത സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരുടെ പട്ടിക ജലവിഭവ വകുപ്പിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് കർഷകരുടെ കായൽ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി വരുന്ന തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ 16-5-2017-ലെ യോഗതീരുമാനപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ സർക്കാർ ഉത്തരവ് നമ്പരും തീയതിയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഈ വിഷയത്തിലുള്ള IR2/210/2017/WRD ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

**ചാലക്കുടി ഇറിഗേഷൻ ഐ.ബി. കോമ്പൗണ്ടിലെ സ്റ്റാഫ് ക്വാർട്ടേഴ്സ്**

186(2804) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി ഇറിഗേഷൻ ഐ.ബി. കോമ്പൗണ്ടിൽ നിലവിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിൽ ആയത് പൊളിച്ചു മാറ്റുന്നതിനും ജീവനക്കാർക്കായി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ചാലക്കുടി ഇറിഗേഷൻ ഐ.ബി. കോമ്പൗണ്ടിൽ ആകെ 18 സ്റ്റാഫ് ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്. നിലവിൽ ക്വാർട്ടേഴ്സുകളുടെ മെയിന്റനൻസ് ജോലികൾ നടന്നുവരികയാണ്. 44.50 ലക്ഷം രൂപ ചെലവ് ചെയ്ത് അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ടി ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റുന്നതിനും ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.

**മോദിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പുരോഗതി**

187(2805) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മോദിക്കയം റെഗുലേറ്റർ-കം ബ്രിഡ്ജിൻെറ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി സാങ്കേതികാനുമതി, ടെണ്ടർ എന്നീ നടപടികൾ സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) മങ്കട നിയോജകമണ്ഡലത്തിലെ മോദിക്കയം റെഗുലേറ്റർ-കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടി രൂപയുടെ DPR KIIFB-യിൽനിന്നും അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ജലസേചനവകുപ്പിന്റെ SPV ആയ KIIDC-ലേയ്ക്ക് സമർപ്പിച്ചിരുന്നു. ടി പ്രവൃത്തിക്ക് KIIFB-യിൽനിന്നും അംഗീകാരം ലഭിക്കുകയും അതുപ്രകാരം വിശദമായ എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സി.-യുടെ വിവിധ തലങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തിയും വരുന്നു. തുടർന്ന് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി എസ്റ്റിമേറ്റ് സമർപ്പിച്ചശേഷം പദ്ധതിക്കാവശ്യമായ അപ്രോച്ച് റോഡിന്റെ സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കോതമംഗലം മണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകൾ**

188(2806) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പെരിയാർ വാലി, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടുകളുടെ ഭാഗമായുള്ള കനാൽ ബണ്ട് റോഡുകൾ തകർന്ന് സഞ്ചാര യോഗ്യമല്ലാതായിത്തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ അടിയന്തരമായി സഞ്ചാര യോഗ്യമാക്കുന്നതിന് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ തുക ലഭിക്കുന്നതിനായി പി.വി.ഐ.പി. പദ്ധതി കോതമംഗലം മണ്ഡലത്തിലെ റോഡുകളുടെ പേരും എസ്റ്റിമേറ്റും എം.എൽ.എ.-മാർക്ക് നൽകിയിട്ടുണ്ട്. എം.വി.ഐ.പി. ബണ്ട് റോഡുകളുടെ പുനർനിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി&ഡി) നിലവിൽ അനുവദിച്ച തുക ബണ്ട് റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിന് അപര്യാപ്തമാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ/ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

**പട്ടാമ്പി ആസ്ഥാനമാക്കി ഇറിഗേഷൻ ഡിവിഷൻ ഓഫീസ്**

189(2807) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെയും തൂതപ്പുഴയുടെയും സംരക്ഷണത്തിനായി പട്ടാമ്പി ആസ്ഥാനമാക്കി ഇറിഗേഷൻ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) വെള്ളിയാംകല്ല് തടയണയും, പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന തടയണകളും പുതുതായി നിർമ്മിക്കുന്ന തടയണകളും ഈ ഡിവിഷൻ ഓഫീസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു സാധിക്കുമോ;

(സി) സംസ്ഥാനത്ത് നീലവിൽ ജോലിക്കൂടുതൽ ഉള്ള ഡിവിഷനുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) വെള്ളിയാംകല്ല് തടയണയുടെയും പട്ടാമ്പിയിൽ പുതുതായി നിർമ്മിക്കുന്ന തടയണകളുടെയും മേൽനോട്ടത്തിന് ആവശ്യമായ ഓഫീസുകൾ നിലവിലുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

## കടുത്തുരുത്തി കേരള വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസ്

190(2808) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കേരളാ വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കുള്ള പുതിയ ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനപുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പുതിയ പ്രപ്പോസൽ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 2016 -ൽ അനുമതി ലഭിച്ച പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അറിയിക്കാമോ;

(ഡി) ഇക്കാര്യം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ എത്തിയിട്ടുള്ള ഫയലിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ആയതിന്മേൽ എന്നത്തേയ്ക്ക് തീരുമാനം കൈക്കൊള്ളാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തയ്യാറാക്കിയിട്ടില്ല.

(ബി) കടുത്തുരുത്തി ഡിവിഷൻ ഓഫീസിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി&ഡി) രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾക്ക് 8-1-2016-ലെ ഉത്തരവുപ്രകാരം നൽകിയ ഭരണാനുമതി കാലഹരണപ്പെട്ടതിനാൽ ആയത് പുതുക്കി ലഭ്യമാക്കുന്നതിനുള്ള കത്ത് 4-9-2019-ൽ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ സ്റ്റേറ്റ് പ്ലാനിലെ മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിയതിനാൽ അടുത്ത വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

## ചെല്ലാനത്ത് കടലാക്രമണം തടയാൻ പദ്ധതി

191(2809) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കടലാക്രമണം തടയുന്നതിനായി 16-1-2018-ന് എട്ടു കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയതും എന്നാൽ സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതിരുന്നതിനാൽ റദ്ദാക്കുകയും ചെയ്ത പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചെല്ലാനം പഞ്ചായത്തിലെ കടലാക്രമണം തടയുന്നതിനായി 16-1-2018-ന് എട്ടുകോടി രൂപയ്ക്ക് 5 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദിത്വപരമായ പെരുമാറ്റവും പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസവും കണക്കിലെടുത്ത് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവൃത്തികളെല്ലാം റദ്ദ് ചെയ്തിരുന്നു. ഇതിനെത്തുടർന്ന് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ആറ് മാസം കൂടി നീട്ടി നൽകുവാൻ 2-7-2019-ൽ ഉത്തരവാകുകയും സൂപ്രണ്ടിംഗ് എഞ്ചിനീയർ ടി പ്രവൃത്തികളെല്ലാം റീവോക്ക് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രവൃത്തികളുടെ 30% തുക പെർഫോമൻസ് ഗ്യാരന്റിയായി അടച്ച് (പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം) സപ്ലിമെന്റൽ എഗ്രിമെന്റിൽ ഏർപ്പെടാൻ കരാറുകാരനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സപ്ലിമെന്റൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുപകരം കരാറുകാരൻ കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടുകയാണ് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ 28-10-2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കരാറുകാരൻ ചെയ്യുന്ന ബാക്കി പ്രവൃത്തികളുടെ 20% തുക പാർട്ട് ബിൽ തുകയിൽനിന്നും കരുതൽ ധനമായി പിടിച്ചുവയ്ക്കണമെന്നും 15 ദിവസത്തിനുള്ളിൽ മേൽ പ്രവൃത്തികൾ ആരംഭിക്കണമെന്നും അല്ലാത്ത പക്ഷം കരാർ റദ്ദ് ചെയ്യാവുന്നതാണെന്നും ഉത്തരവിടുകയുണ്ടായി. ടി ഉത്തരവിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പത്തനംതിട്ട ജില്ലയിൽ നദീതീരം കെട്ടി സംരക്ഷിക്കാൻ നടപടി**

192(2810) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് നദീതീരം ഇടിഞ്ഞ് കൃഷിഭൂമി നഷ്ടപ്പെടുന്നത് തടയണമെന്ന ആവശ്യവുമായി എത്ര അപേക്ഷകൾ പത്തനംതിട്ട ജില്ലയിൽനിന്നും ലഭിച്ചു എന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളിന്മേൽ തീരം കെട്ടി സംരക്ഷിക്കാൻ ഫണ്ടനുവദിച്ചു നൽകി എന്നും പ്രവൃത്തിയുടെ പേരും അവയ്ക്കനുവദിച്ച തുകയും സഹിതം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) അവശേഷിക്കുന്ന അപേക്ഷകളിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് 206 അപേക്ഷകൾ ലഭിച്ചു.

ആറന്മുള-31

കോന്നി- 27

അടൂർ-7

തിരുവല്ല-45

റാന്നി-96

(ബി) ഇതുമായി ബന്ധപ്പെട്ട് 63 അപേക്ഷകളിൽ തീരം കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ആറന്മുള-9

കോന്നി- 8

അടൂർ-6

തിരുവല്ല-13

റാന്നി-27

ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അവശേഷിക്കുന്ന അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

## വൈപ്പിനിൽ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്

193(2811) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയതും കായലും, ഇടതോടുകളും നിറഞ്ഞ ഭൂപ്രകൃതിയുമുള്ള പ്രദേശവുമായ വൈപ്പിനിൽ ഉപഭോക്താക്കൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിന് വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

വൈപ്പിൻ ആസ്ഥാനമാക്കി കേരള വാട്ടർ അതോറിറ്റിയുടെ ഒരു പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ആവശ്യകത പരിശോധിച്ചുവരുന്നു.

## വാടാനപ്പള്ളി IV കെട്ടിൽ തടയണ നിർമ്മാണം

194(2812) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി IV കെട്ടിൽ തടയണ നിർമ്മാണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ഉണ്ട്. മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി IV കെട്ടിൽ തടയണ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 1,67,000 രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പര്യവേക്ഷണ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കിയതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടിലങ്ങാടി ആനപ്പാറ-പൊറ്റമ്മകടവിൽ ചെക്ക് ഡാം

195(2813) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടിലങ്ങാടി പഞ്ചായത്തിൽ കടലുണ്ടി പുഴക്ക് കുറുകെ ആനപ്പാറ - പൊറ്റമ്മകടവിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ, കോൺട്രാക്ട് എഗ്രിമെന്റ് തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ചെക്ക് ഡാം പ്രവൃത്തി പൂർത്തിയാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ, ആക്റ്റിവിറ്റി കലണ്ടർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടിലങ്ങാടി പഞ്ചായത്തിൽ കടലുണ്ടി പുഴയ്ക്ക് കുറുകെ ആനപ്പാറ-പൊറ്റമ്മകടവിൽ ചെക്ക് ഡാം നിർമ്മാണത്തിന് 600 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 70 മീറ്റർ നീളത്തിൽ പുഴയ്ക്ക് കുറുകെയും 2.50 മീറ്റർ ഉയരത്തിലും 1.20 മീറ്റർ വീതിയിലുമുള്ള 5 വെന്റുകളോടുകൂടി കോൺക്രീറ്റ് ചെക്ക് ഡാമാണ് നിർമ്മിക്കുന്നത്.

(ബി) ഉണ്ട്.

(സി) 2019-ജൂൺ 3-ന് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. 18 മാസ കാലാവധിയിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്.

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

196(2814) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം; 2018-19 വർഷത്തിലും, 2019-20 വർഷത്തിലും ഉൾപ്പെടുത്തിയവ ഏതെല്ലാം; ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പാഴൂർ പ്രദേശത്തെ തോട്ടായിത്തോട് ഭാഗത്ത് മഴക്കാലത്ത് തിരൂർ പൊന്നാനി പുഴയുടെ ഇരുകരകളിലെയും ബണ്ട് പൊട്ടി കൃഷി നശിക്കുന്നത് സംബന്ധിച്ച് കൊട്ടുമുടിക്കാവ് ഭഗവതി ക്ഷേത്രം ട്രസ്റ്റി പി. പി. ഗോപിനാഥനും പ്രദേശവാസികളും സമർപ്പിച്ച നിവേദനത്തിലും മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസിന് സമീപം ഭാരതപ്പുഴയുടെ വലതു കരയിടിഞ്ഞത് സംബന്ധിച്ച്

പ്രദേശവാസികൾ സമർപ്പിച്ച നിവേദനങ്ങളിലും ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതിന്മേൽ ചീഫ് എഞ്ചിനിയർ ഇറിഗേഷൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. ഭരണാനുമതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു*.

2018-19

1. എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട്ടു കുളത്തിന്റെ നവീകരണം-5 ലക്ഷം

2. കോട്ടയ്ക്കൽ നഗരസഭയിലെ അയ്യൻ കൊല്ലി പാടത്ത് കുരിയാട് തോടിന് കുറുകെ ട്രാക്ടർ സ്ലാബോടുകൂടിയ വി.സി.ബി. നിർമ്മാണം-75 ലക്ഷം

2019-20

ഹരിത കേരളം എം.ഐ. ക്ലാസ്-1-വളാഞ്ചേരി നഗരസഭയിലെ കായൽകുളത്തിന്റെ പുനരുദ്ധാരണം-56 ലക്ഷം

(ബി-ഡി) പാഴൂർ പ്രദേശത്തെ തൊട്ടായിത്തോട് ഭാഗത്ത് മഴക്കാലത്ത് തിരൂർ പൊന്നാനി പുഴയുടെ ഇരുകരകളിലെയും ബണ്ട് പൊട്ടി കൃഷി നശിക്കുന്നത് സംബന്ധിച്ച് കൊട്ടുമുടിക്കാവ് ഭഗവതി ക്ഷേത്രം ട്രസ്റ്റി പി. പി. ഗോപിനാഥനും പരിസരവാസികളും സമർപ്പിച്ച നിവേദനം ജലസേചനവും ഭരണവും വകുപ്പിൽ ലഭ്യമാക്കുകയും വിശദമായ റിപ്പോർട്ടിനായി മേജർ നോർത്ത് സർക്കിൾ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതുമാണ്.

മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷിക്കുന്നത് സംബന്ധിച്ച് പ്രദേശവാസികൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലലഭ്യത അറിയാൻ മൊബൈൽ ആപ്ലിക്കേഷൻ

197(2815) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ ജലലഭ്യത അറിയാൻ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആപ്ലിക്കേഷനിലൂടെ എന്തെല്ലാം വിവരങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ ജലലഭ്യത അറിയാൻ ഹരിതകേരളം മിഷൻ "ഹരിതദൃഷ്ടി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയുടെ (IIITM-K) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായിട്ടാണ് മൊബൈൽ ആപ്ലിക്കേഷനും കൂടാതെ ഒരു സോഫ്റ്റ്‌വെയറിനും രൂപം കൊടുത്തിട്ടുള്ളത്.

ഹരിത കേരളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത്തരത്തിൽ നിർവഹിക്കപ്പെടുന്ന പ്രവൃത്തികൾ നിർവ്വഹണ ഉദ്യോഗസ്ഥർ മൊബൈൽ ആപ്ലിക്കേഷനിലൂടെ സോഫ്റ്റ്‌വെയറിലേയ്ക്ക് അപ്‌ലോഡ് ചെയ്യും. ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്കുവേണ്ട പരിശീലനം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ജലസ്രോതസ്സിലും എത്ര അളവിൽ ജലം ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന വിവരവും രേഖപ്പെടുത്തുന്നുണ്ട്. ഈ വിവരങ്ങൾ വിവിധ തലങ്ങളിൽ ക്രോഡീകരിച്ച് ആസൂത്രണാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. കൂടാതെ ജല അതോറിറ്റി തിരുവനന്തപുരം ശുദ്ധജല പദ്ധതിയുടെ സ്രോതസ്സായ പേപ്പാറ, അരുവിക്കര അണക്കെട്ടുകളിൽ സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ അൾട്രാസോണിക് ലെവൽ സെൻസർ ഘടിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനം മൊബൈൽ ഫോണുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആപ്ലിക്കേഷനിലൂടെ ഹരിതകേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം എന്നീ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും നേതൃത്വത്തിൽ നിർവ്വഹിക്കപ്പെട്ട പദ്ധതികളെക്കുറിച്ചും അവയുടെ പുരോഗതിയെ സംബന്ധിച്ചുമുള്ള തൽസമയവിവരങ്ങൾ ലഭ്യമാകും.

ജല അതോറിറ്റിയുടെ സംവിധാനം വഴി ജലസംഭരണിയുടെ വാട്ടർ ലെവൽ (അതുവഴി സംഭരണശേഷിയും) കൃത്യമായ ഇടവേളകളിലും, നമുക്കാവശ്യമായി വരുന്ന സമയത്തും മൊബൈലിൽ ലഭ്യമാകും.

**ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലം അനുവദിച്ച് കിട്ടുന്നതിന് നടപടി**

198(2816) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ളതും മെക്കാനിക്കൽ വർക്ക്ഷോപ്പ് ഓഫീസ് പ്രവർത്തിക്കുന്നതുമായ കോമ്പൗണ്ടിൽ നിന്ന്അഗ്നി രക്ഷാനിലയത്തിന് 22 സെന്റ് സ്ഥലവും, കലാഭവൻ മണി സ്മാരക നിർമ്മാണത്തിനായി 15 സെന്റോളം സ്ഥലവും അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷകളിൽ അനുകൂലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**ജലശക്തി അഭിയാൻ പദ്ധതി**

199(2817) ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. എ. എൻ. ഷംസീർ
ശ്രീ. വി. ജോയി
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭ ജലനിരപ്പ് ഗണ്യമായി താഴ്ന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭ ജലലഭ്യത ഉയർത്താൻ ലക്ഷ്യമിട്ടുള്ള 'ജലശക്തി അഭിയാൻ' സംസ്ഥാനത്തെ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഭൂജലവകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കുഴൽ കിണറുകളുടെ റീ ചാർജിംഗ്, പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം തുടങ്ങിയവയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2017 മാർച്ച് വരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത-5.21 BCM ആണ്. സംസ്ഥാനത്തെ ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ ഗുരുതര വിഭാഗത്തിലും 30 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗങ്ങളിലും ഉൾപ്പെടുന്നു. 2013 മാർച്ച് വരെയുള്ള പഠനത്തിൽ 18 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ പുതിയ പഠന റിപ്പോർട്ട് പ്രകാരം 12 ബ്ലോക്കുകൾ കൂടി അധികമായി ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. 2013-ൽ ഭൂജല ലഭ്യത 5.65 BCM ആയിരുന്നു. 2017-ലെ പഠനങ്ങൾ പ്രകാരം ആകെ ഭൂജലസമ്പത്തിൽ 2013-നെ അപേക്ഷിച്ച് 0.44 BCM കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) ഇല്ല. ഇതിനായി ഭൂജലവകുപ്പിന് പ്രത്യേക ഫണ്ടുകൾ കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഭൂജലവകുപ്പ് തീരുമാനമെടുത്തിട്ടില്ല.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ അമിതചൂഷിത, ഗുരുതര ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(ഡി) ഭൂജലവകുപ്പ് ജലശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ബ്ലോക്ക് | പദ്ധതി | എണ്ണം | തുക (ലക്ഷത്തിൽ ) |
|---|---|---|---|---|
| പാലക്കാട് | ചിറ്റൂർ | തടയണ | 4 | 30.22 |
| | | തുറന്ന കിണർ റീചാർജ്ജ് | 2 | 2.44 |
| | | ബോർവെൽ റീചാർജ്ജ് | 2 | 2.23 |
| | | ബോധവത്കരണ സെമിനാർ | 5 | 2 |
| | മലമ്പുഴ | തുറന്ന കിണർ റീചാർജ്ജ് | 2 | 4 |
| | | ബോധവത്കരണ സെമിനാർ | 5 | 2 |
| കാസർഗോഡ് | കാസർഗോഡ് | തുറന്ന കിണർ റീചാർജ്ജ് | 5 | 10 |
| | | റീചാർജ്ജ് പിറ്റ് പദ്ധതി | 2 | 7.5 |
| | | കുഴൽ കിണർ റീചാർജ്ജ് | 5 | 7.5 |
| | | ബോധവത്കരണ സെമിനാർ | 5 | 2 |
| | | ആകെ | 37 | 69.89 |

കൂടാതെ ബഹുമാനപ്പെട്ട കാസർഗോഡ് ജില്ലാ കളക്ടറുടെ 25-9-2019-ന് നടന്ന യോഗ തീരുമാനപ്രകാരം flushing/revival of borewells എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1000 കുഴൽക്കിണറുകൾ നവീകരിക്കുന്നതിനായി കാസർഗോഡ് ജില്ലാ ഓഫീസറെയും നവീകരണം നടത്തേണ്ട കുഴൽക്കിണറുകളുടെ വിവരം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ചുമതലപ്പെടുത്തിയിരുന്നു. കേന്ദ്രീയ വിദ്യാലയ നമ്പർ-1, കാസർഗോഡ്,

ഗവൺമെന്റ് ആയുർവ്വേദ താലൂക്ക് ഹോസ്പിറ്റൽ, കാസർഗോഡ്, എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ നവീകരിച്ച് പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ നവീകരണം നടത്തേണ്ട കുഴൽക്കിണറുകളുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. കൂടാതെ ഒക്ടോബർ 2-ന് CPCRI-ൽ ജലശക്തി അഭിയാൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ കാർഷിക മേളയിൽ പൊതുജനങ്ങൾക്ക് ഭൂജലസംരക്ഷണത്തിന് പ്രാധാന്യം വ്യക്തമാക്കുന്ന ഒരു സ്റ്റാളും ഭൂജലവകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ജലശക്തി അഭിയാൻ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ നേതൃത്വത്തിൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ഉൾപ്പെട്ട ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭൂജലസംരക്ഷണ പ്രവർത്തനങ്ങളും ബോധവൽക്കരണ സെമിനാറുകളുമാണ് വകുപ്പ് ജലശക്തി അഭിയാൻ പദ്ധതിയിൽ പാലക്കാട് ജില്ലയിലെ അമിത ചൂഷിത, ഗുരുതര ബ്ലോക്കുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ നടപടികൾ**

200(2818) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവ വിജയപ്രദമാണോയെന്നും വ്യക്തമാക്കാമോ;

(സി) ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് കൃത്രിമ ജല സംപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ഉത്തരം

(എ) സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കി വരുന്നു. 2017 മാർച്ച് വരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത-5.21 BCM ആണ്. സംസ്ഥാനത്തെ ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ ഗുരുതര വിഭാഗത്തിലും, 30 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗങ്ങളിലും ഉൾപ്പെടുന്നു. 2013 മാർച്ച് വരെയുള്ള പഠനത്തിൽ 18 ബ്ലോക്കുകളായിരുന്നു ഭാഗികഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ പുതിയ പഠന റിപ്പോർട്ട് പ്രകാരം 12 ബ്ലോക്കുകൾ കൂടി ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. 2013-ൽ ഭൂജലലഭ്യത 5.65 BCM ആയിരുന്നു. 2017-ലെ പഠനങ്ങൾ പ്രകാരം ഭൂജലസമ്പത്തിൽ 2013-നെ അപേക്ഷിച്ച് 0.44 BCM കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതി ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ സംയോജിത നീർത്തട സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ഹരിത കേരളം മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

2019-20 സാമ്പത്തിക വർഷം തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതി, കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, അടിയണകൾ, ചെറിയ തടയണകളുടെ നിർമ്മാണം, കുട്ടനാടൻ പ്രദേശങ്ങളുടെ ഭാഗമായി വരുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ പരമ്പരാഗത കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തികൾ നടപ്പിലാക്കാനാണ് "ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വകുപ്പിന് നടപ്പ് സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂജല-വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ ജില്ലകളിലും വകുപ്പ് സംഘടിപ്പിച്ച് വരുന്നു. കാട്ടാക്കട നിയോജക മണ്ഡലത്തിലെ സ്കൂളുകൾ/സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തുറന്ന കിണറുകളിൽ 'ജലസമൃദ്ധി' പദ്ധതിയ്ക്കായി വകുപ്പിന്റെ പ്ലാൻ ഫണ്ട്

ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കിയ റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണ പ്രവർത്തനങ്ങൾ ജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

(സി) ഭൂജലവകുപ്പ് ഭൂജലവിതാനം ഉയർത്തുന്നതിന് "ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി പ്രസ്തുത പദ്ധതിയിൻകീഴിൽ 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ/ റീചാർജ്ജ് പിറ്റ് പദ്ധതി, കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, അടിയണകൾ, ചെറിയ തടയണകളുടെ നിർമ്മാണം, കുട്ടനാടൻ പ്രദേശങ്ങളുടെ ഭാഗമായി വരുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ പരമ്പരാഗത കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 2019-20 സാമ്പത്തിക വർഷം 125 റീചാർജ്ജ് പിറ്റ്, 19 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾ, 10 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾ എന്നിവയുള്ള 261 ലക്ഷം രൂപയുടെ സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30 റീചാർജ്ജ് പിറ്റ്/തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾ, 2 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജില്ലകളിൽനിന്നും ലഭിച്ച 12 തടയണ, 18 റീചാർജ്ജ് പിറ്റ് പദ്ധതി, 44 തുറന്ന കിണർ റീചാർജ്ജ്, 23 കുഴൽക്കിണർ റീചാർജ്ജ്, 2 അടിയണകളുടെ നിർമ്മാണം, 6 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളുടെ പ്രൊപ്പോസലുകളിന്മേൽ സൂക്ഷ്മ പരിശോധന വകുപ്പിൽ പുരോഗമിച്ചുവരുന്നു. ആയതിന് സാങ്കേതികാനുമതി ഉടൻതന്നെ ജില്ലകൾക്ക് ലഭ്യമാക്കുന്നതാണ്.

**വർക്കല മണ്ഡലത്തിൽ ഭൂജല വകുപ്പ് പ്രവൃത്തികൾ**

201(2819) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർക്കല മണ്ഡലത്തിൽ ഭൂജല വകുപ്പ് എത്ര പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ ഭൂജല വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ഭൂജലവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. ലിസ്റ്റ് അനുബന്ധമായി*ചേർക്കുന്നു.

1. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട ജലവിതരണ പദ്ധതികൾ-16 എണ്ണം
2. ചെറുകിട ജലവിതരണ പദ്ധതി പുനരുദ്ധാരണം-7 എണ്ണം
3. കുഴൽക്കിണർ കൈപമ്പ് പദ്ധതി-1
4. കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ-173 എണ്ണം

(ബി) വർക്കല മണ്ഡലത്തിൽ ഭൂജലവകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതിയുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

### ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

202(2820) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിൽ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ടി മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

1. വെട്ടൂർ പഞ്ചായത്ത്- കോയാലി മൂലക്കുളം
2. ചെമ്മരുതി പഞ്ചായത്ത്-നമ്പ്യാർക്കോണം കുളം
3. ഇലകമൺ പഞ്ചായത്ത്- വെങ്ങോട് കുളം
4. ഇടവ പഞ്ചായത്ത്- ചന്ദ്രനല്ലൂർ കുളം
5. പള്ളിക്കൽ പഞ്ചായത്ത്-ചാഴൂർ കുളം
6. മടവൂർ പഞ്ചായത്ത്-കൃഷ്ണൻകുന്ന് കുളം

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മണ്ണാർക്കാട് മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

203(2821) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചെന്നും ഏതൊക്കെ പ്രവൃത്തികൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ കുളങ്ങളുടെ നവീകരണത്തിനായി ഫണ്ട് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2018-19 എന്നീ വർഷങ്ങളിൽ പ്രവൃത്തികളൊന്നും തന്നെ അനുവദിച്ചിട്ടില്ല. 2017-18 വർഷത്തിലെ പ്രവൃത്തികളുടെ പേരും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ കുളങ്ങളുടെ നവീകരണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

**ജലസംരക്ഷണ പ്രവർത്തനങ്ങൾ**

204(2822) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം നിമിത്തം കടുത്ത ജലദൗർലഭ്യത്തെ അഭിമുഖീകരിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം ജലസംരക്ഷണ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ജലലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കണ്ടെത്തുന്നതിന് ജലബഡ്ജറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രാദേശികമായ ജലസ്രോതസ്സുകളെ പരസ്പരം ബന്ധിപ്പിച്ച് ജലസംഭരണം നടത്താൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

(ഡി) മഴയുടെയും നീരൊഴുക്കിന്റെയും അളവനുസരിച്ച് നദികളിലും തോടുകളിലും വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ;

(ഇ) ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പരമ്പരാഗത ജലസംരക്ഷണ രീതികളെക്കുറിച്ച് അറിവുകൾ പങ്കുവയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഴയുടെ ലഭ്യതയിൽ വന്നിട്ടുള്ള വ്യതിയാനവും മഴക്കാലം കഴിഞ്ഞ് അധികകാലം ആകുന്നതിനുമുമ്പുതന്നെ ചില പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്ന പ്രതിഭാസം കണക്കിലെടുത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള പ്രധാന മാർഗ്ഗം ശാസ്ത്രീയ ജലവിഭവ മാനേജ്മെന്റാണ്. ഇതിനായി, ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ "നീർത്തട പ്ലാനുകൾക്ക്" രൂപം നൽകിയിട്ടുണ്ട്. റിഡ്ജ്-ടു-വാലി സമീപനം സ്വീകരിച്ച് ജലസംരക്ഷണത്തിനായി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാപ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. കുളങ്ങളുടെ ശുചീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും തോടുകൾ ശുചിയാക്കി ചെറുതടയണകൾ/വി.സി.ബി.-കൾ നിർമ്മിക്കുക, കേടുവന്ന ജലസേചന/സംരക്ഷണ നിർമ്മിതികൾ പുനരുദ്ധരിക്കുക, നദികളിൽ തടയണ/റഗുലേറ്ററുകൾ നിർമ്മിക്കുകയും നീരൊഴുക്ക് സ്ഥായിയാക്കുകയും ചെയ്യുക തുടങ്ങിയ പ്രവൃത്തികൾക്കൊപ്പം ജലനഷ്ടം കുറയ്ക്കുന്നതിനായുള്ള ശാസ്ത്രീയമാർഗ്ഗങ്ങളും-മൈക്രോ ഡ്രിപ്പ് ഇറിഗേഷൻ തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിതകേരളം മിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ശാസ്ത്രീയമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രാദേശിക ജലസ്രോതസ്സുകളുടെ സമഗ്രമായ പരിപാലനവും ഉപയോഗവും സാധ്യമാക്കുന്നതിലൂടെ ജലലഭ്യത വർദ്ധിപ്പിക്കുക, നീർച്ചാലുകളുടെ ശൃംഖല ശുദ്ധീകരിച്ച് ജല നിർഗ്ഗമനം സുഗമമാക്കുക, പാറമടകൾ, കനാലുകൾ എന്നിവ പ്രാദേശിക സ്രോതസ്സുകളുമായി

ബന്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ഏറ്റെടുത്തുവരുന്നു. ഇതുകൂടാതെ ജലഗുണനിലവാര പരിശോധന വ്യാപകമാക്കുന്നതിനും ഹരിതകേരളം മിഷനിലൂടെ ഉദ്ദേശിക്കുന്നു.

വർഷക്കാലത്ത് ലഭിക്കുന്ന ജലം പരമാവധി മണ്ണിൽ താഴ്ന്നിറങ്ങുന്ന രീതിയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനം നടത്തുക, ഉപരിതലത്തിൽ സംഭരിക്കാൻ കഴിയുന്ന നിർമ്മിതികൾ പുനരുദ്ധരിക്കുക, ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുക, ഭൂജലപോഷണം നടത്തുക, പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുക, നദികൾ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയവയോടൊപ്പം ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ജലം ലഭിക്കുന്ന സമയത്ത് പരമാവധി സംഭരിക്കുന്നതിന് പുതുതായി ജലസംഭരണികൾ/അണക്കെട്ടുകൾ നദികളിൽ തന്നെ നിർമ്മിക്കുക എന്നത് പരിസ്ഥിതി പ്രശ്നങ്ങളും സ്ഥല ലഭ്യതയുടെ അഭാവവും കാരണം സാധ്യത കുറവായതിനാൽ നദികളെ തന്നെ സംഭരണികൾ ആക്കുക എന്ന ലക്ഷ്യത്തോടെ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ സൗകര്യമായ സ്ഥലങ്ങളിൽ സ്ഥിരം തടയണ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഫലപ്രദമായ ജല മാനേജ്മെന്റിനായി മഴക്കാലത്ത് ലഭ്യമായ ജലമുപയോഗിച്ച് ഭൂഗർഭജലം റീചാർജ്ജ് ചെയ്യുക, കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി ശുദ്ധജലനഷ്ടം ഒഴിവാക്കുന്ന പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടത്തുക, ജലശുദ്ധീകരണശാലകളിലെ സ്ഥാപിത ശേഷി പരമാവധി ഉപയോഗപ്പെടുത്തുകയും ശുദ്ധീകരണശാലകളിലെ ജലനഷ്ടം നിയന്ത്രിക്കുകയും ചെയ്യുക, സ്രോതസ്സുകളിൽ ജലം ലഭ്യമായ സ്ഥലങ്ങളിൽ നിലവിലെ പദ്ധതികൾ വിപുലീകരിച്ചും വിതരണ ശൃംഖലകൾ സംയോജിപ്പിച്ചും സാധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടിയും കുടിവെള്ള വിതരണം പരമാവധി സാധ്യമാക്കുക, പൊതുടാപ്പുകളിലും പൈപ്പ് ലൈനുകളിലും ജലചോർച്ച യുണ്ടാകുമ്പോൾ ഉടനടി പരിഹരിക്കുക എന്ന മാർഗ്ഗങ്ങളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം II-വിന് കീഴിലുള്ള ഡാമുകളിലെ നിലവിലെ ജലസേചന സൗകര്യങ്ങൾക്ക് ഉപരിയായി ജലം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കുന്നതിനും ഹരിത കേരള മിഷന്റെ ഭാഗമായി ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ തയ്യാറാക്കിവരുന്നു. കൂടാതെ നൂതനജലസേചന മാർഗ്ഗമായ മൈക്രോ ഇറിഗേഷൻ പദ്ധതികളും CADWM പദ്ധതികൾ വഴിയും കൂടുതൽ സ്ഥലം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു. കനാലിലൂടെയുള്ള ഫലപ്രദമായ നിയന്ത്രിത ജലവിതരണംമൂലം പദ്ധതി പ്രദേശത്തെ കുളങ്ങൾ, കിണറുകൾ തുടങ്ങിയ സംഭരണികളിൽ ജലം ലഭിക്കുകയും അതുവഴി ഈ പ്രദേശത്തെ ഭൂഗർഭ ജല നിരപ്പ് ഉയർത്തുന്നതിനും ഒരു പരിധിവരെ സഹായകമാകുന്നു. കൂടാതെ ഉപയോഗശൂന്യമായ പാറമടകൾ മറ്റ് ജലസംഭരണികൾ എന്നിവയിലെ ജലം ഉപയോഗപ്പെടുത്തിക്കൊണ്ടും വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof Water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

KRWSA-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജലദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാന തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും മറ്റും മഴവെള്ളസംഭരണികൾ നിർമ്മിച്ചു. നിലവിലുള്ള കിണറുകൾ റീ ചാർജ്ജ് ചെയ്തും ജലപരിപോഷണം നടപ്പിലാക്കുന്നു.

ഭൂജലവകുപ്പിന്റെ "ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പദ്ധതിയിലൂടെ ഭൂജലസ്രോതസ്സുകളെ പരിപോഷിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി പ്രസ്തുത പദ്ധതിയിൻകീഴിൽ

450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതി, കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, അടിയണകൾ, ചെറിയ തടയണകളുടെ നിർമ്മാണം, കുട്ടനാടൻ പ്രദേശങ്ങളുടെ ഭാഗമായി വരുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ പരമ്പരാഗത കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 3 വർഷ കാലയളവിൽ 212(എണ്ണം) വിവിധ ഭൂജലസംപോഷണ പ്രവൃത്തികൾ വിവിധ ജില്ലകളിലായി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 125 റീചാർജ്ജ് പിറ്റ്, 19 തുറന്നകിണർ റീചാർജ്ജ് പദ്ധതികൾ, 10 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾ എന്നിവയ്ക്കായുള്ള 261 ലക്ഷം രൂപയുടെ സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30 റീചാർജ്ജ് പിറ്റ്/ തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾ, 2 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾ എന്നിവ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ജില്ലകളിൽനിന്നും ലഭിച്ച 12 തടയണ, 18 റീചാർജ്ജ് പിറ്റ് പദ്ധതി, 44 തുറന്ന കിണർ റീചാർജ്ജ്, 23 കുഴൽക്കിണർ റീചാർജ്ജ്, 2 അടിയണകളുടെ നിർമ്മാണം, 6 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

(ബി) കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലംവരെയുള്ള വാട്ടർ ബഡ്ജറ്റിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഹരിത കേരള മിഷനുമായി ചേർന്ന് ജലസേചന വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലന പരിപാടി നടത്തുന്നത് ആലോചനയിലുണ്ട്.

(സി) പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ തമ്മിലും കുളങ്ങളും ജലസേചന കനാലുകളും തമ്മിലും ബന്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുന്നതിനും ജലവിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കുളങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ജലസേചന സൗകര്യം വ്യാപിപ്പിക്കുന്ന പ്രവർത്തനം പരമ്പരാഗതമായി സ്വീകരിച്ചിരുന്ന ഒന്നാണ്. എന്നാൽ ഭൂവിനിയോഗത്തിലെ മാറ്റം, ഭൂമിയുടെ തുണ്ടവൽക്കരണം എന്നിവ കാരണം ഇതിൽ നാശം സംഭവിച്ചിരുന്നു. ഇത് പുനരുജ്ജീവിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതോടൊപ്പം മഴക്കാലത്ത് തോടുകളിലൂടെ ഒഴികിയെത്തുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി നീരൊഴുക്ക് വേഗത നിയന്ത്രിക്കുന്നതിനുള്ള ചെറുതടയണ/വി.സി.ബി.-കൾ എന്നിവ നിർമ്മിക്കുകയും മുൻകാലനിർമ്മിതികൾ പുനരുദ്ധരിക്കുകയും ചെയ്തുവരുന്നു. തോടുകൾ/നദികൾ എന്നിവയുടെ താഴ്ന്നഭാഗത്ത് (downstream) വേണ്ടി വരുന്ന

ജലത്തിന്റെ അളവ് കൂടി കണക്കിലെടുത്തും മഴക്കാലത്ത് നിർമ്മിതികളുടെ മുകൾഭാഗത്ത് (upstream), വെള്ളക്കെട്ട് (Flooding) രൂപപ്പെടാത്ത വിധത്തിലുമാണ് ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാറുള്ളത്.

ഭൂവിനിയോഗത്തിലെ മാറ്റവും കൃഷിയിടങ്ങളുടെ കുറവും കാരണം ജലസ്രോതസ്സുകളുടെ നഷ്ടപ്പെട്ട ശൃംഖല പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ പാറമടകൾ, കനാലുകൾ എന്നിവ പ്രാദേശിക ജലസ്രോതസ്സുകളുമായി ബന്ധിപ്പിച്ച് വേനൽക്കാല ജലസംഭരണം സാധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ നദികളിലും ഉപനദികളിലും മഴക്കാല നീരൊഴുക്കിന് ഭംഗം വരാതെ വേനൽക്കാലത്തേക്കാവശ്യമായ വെള്ളം സംഭരിക്കുന്നതിനുള്ള നിർമ്മിതികൾ ഉദ്ദേശിക്കുന്നുണ്ട്. ഇവ പ്രധാന നദികളിലും ഉപനദികളിലും സാധ്യമാണ്. ഹരിതകേരളം മിഷന്റെ ജലസംരക്ഷണ ഉപമിഷന്റെ ടാസ്ക് ഫോഴ്സ് തീരുമാനപ്രകാരം ഇതുസംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തുടർച്ചയായുള്ള രണ്ടു വർഷകാലങ്ങളിലെ നിരൊഴുക്കും ജലജീവികളുടെ സഞ്ചാരവും തടസ്സപ്പെടാതെയുള്ള ഇത്തരം നിർമ്മിതികൾ വർഷകാലത്തിനുശേഷമുള്ള നീരൊഴുക്കും വേനൽമഴയിലെ നീരൊഴുക്കും ശേഖരിച്ചുവയ്ക്കുന്നതിന് സഹായകരമാകും.

സ്ഥലലഭ്യതയാണ് ജലസംഭരണികൾ നിർമ്മിക്കുന്നതിൽ പ്രധാന തടസ്സം. എന്നാൽ നദികളെ തന്നെ ജലസംഭരണികളാക്കുന്ന പദ്ധതികൾ ആലോചനയിലുണ്ട്. ഇവ വേനൽക്കാല ജലദൗർലഭ്യം കുറയ്ക്കുവാനും ഭൂജല നിരപ്പ് ഉയരുവാനും സഹായകമാണ്. ഉപ്പുവെള്ളം കുടിവെള്ള സ്രോതസ്സിലേയ്ക്ക് ചേരുന്ന പ്രതിഭാസം ചില പദ്ധതികളിൽ ഇപ്പോൾ തന്നെ കാണപ്പെടുന്നുണ്ട്. ഈ പദ്ധതികളുടെ സ്രോതസ്സുകളിൽ ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് താൽക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്. ഈ തടയണകൾ വേനൽക്കാല സംഭരണികളായി കണക്കാക്കാവുന്നതാണ്.

(ഇ) ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പരമ്പരാഗത ജലസംരക്ഷണ രീതികളെക്കുറിച്ച് അറിവുകൾ പങ്കുവയ്ക്കുന്നതിനും മഴവെള്ള സംഭരണത്തിനുള്ള പ്രാധാന്യം

എത്രത്തോളമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ജലം സംഭരിക്കുന്ന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ജലത്തിന്റെ സൂക്ഷ്മമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലസാക്ഷരത ഉറപ്പുവരുത്തുന്നതിനും വേണ്ടി ആവിഷ്കരിച്ച ജലം ജീവാമൃതം പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യമടക്കമുള്ള സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ കൈപ്പുസ്തകം വിതരണം നടത്തിക്കഴിഞ്ഞു. ജലസംരക്ഷണ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ജലത്തിന്റെ മിതമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലസംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചുവരെഴുത്തുകൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്.

ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റെസിഡൻഷ്യൽ ഏരിയകൾ തുടങ്ങിയവയിൽ സെമിനാറുകൾ, ചർച്ചകൾ, പാരമ്പര്യ കൃഷി രീതികളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള ക്ലാസ്സുകൾ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. കൂടാതെ കനാലുകൾ, തോടുകൾ, പുഴകൾ, കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ മലിനമാക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ തടയുന്നതിനും മലിനമാക്കുന്നത് നിയമ വിരുദ്ധവും ശിക്ഷാർഹവുമാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

ലോക തണ്ണീർത്തട ദിനം (ഫെബ്രുവരി 2), ലോകജലദിനം (മാർച്ച് 22), ലോക പരിസ്ഥിതി ദിനം (ജൂൺ 5) തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പൊതു പരിപാടികളിലൂടെ സന്ദേശം ജനങ്ങളിലെത്തിക്കുക, ലഘുലേഖകൾ (ജലം ജീവാമൃതം) മുഖേന ആശയ പ്രചാരണം നടത്തുക, കുടുംബശ്രീ, സംസ്ഥാന സാക്ഷരതാ മിഷൻ, വായനശാലകൾ, സ്കൂളുകൾ എന്നിവർ നടത്തുന്ന വിവിധ ജലസംരക്ഷണ സന്ദേശ പ്രവർത്തനങ്ങളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്ത് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

ജലനിധിയുമായി ബന്ധപ്പെട്ട് ജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, പരമ്പരാഗത ജലസംരക്ഷണ രീതികളുടെ അറിവുകളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനും ജല ദുരുപയോഗം തടയുന്നതിനുംവേണ്ടി ജലനിധി പഞ്ചായത്തുകളിൽ

ബോധവൽക്കരണം നടത്തുന്നതിനായി കുടിവെള്ള ഗുണഭോക്തൃസമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികൾ ശരിയായ ജലവിനിയോഗം സംബന്ധിച്ചും ജലദുരുപയോഗം തടയുന്നതിനുള്ള ബോധവൽക്കരണത്തിനായി സ്കൂൾ തലത്തിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

ജലനിധി പദ്ധതികൾ നടപ്പിലാക്കിയ സന്ദർഭത്തിൽ വിവിധ മാധ്യമങ്ങളിലൂടെ (റേഡിയോ, പത്രം) ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി സന്ദേശങ്ങൾ പ്രചരിപ്പിച്ചിരുന്നു.

ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി ജനങ്ങളിൽ ജല സംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലദുരുപയോഗം തടയുന്നതിനും ജലമലിനീകരണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്.

ജലസംരക്ഷണത്തിന്റെയും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന്റെയും പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിന് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് "ജലമാണ് ജീവൻ", "ഹരിതോത്സവം" എന്നീ പരിപാടികളിലൂടെ കുട്ടികളിൽ ജലസംരക്ഷണത്തിന്റെയും ജലമിത ഉപയോഗത്തിന്റെയും പാഠങ്ങൾ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ അയൽക്കൂട്ടങ്ങൾ വഴിയുള്ള ജലസംരക്ഷണ പ്രചാരണവും ഏറ്റെടുത്തിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നതിനെതിരെയുള്ള പ്രചാരണവും "ഗ്രീൻപ്രോട്ടോക്കോൾ" നടപ്പിലാക്കുന്നതിനുള്ള പ്രചാരണവും നടന്നുവരുന്നു.

ഭൂജലസംരക്ഷണം, വിനിയോഗം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി "ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകൾ എല്ലാ ജില്ലകളിലും അതാത് ഭൂജലവകുപ്പ് ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

## നദികളിലെയും പുഴകളിലെയും മാലിന്യപ്രശ്നം

205(2823) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിച്ച പ്ലാസ്റ്റിക് കുടിവെള്ള കുപ്പികൾ നദികളിലും, പുഴകളിലും നിക്ഷേപിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരമായ മാലിന്യ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ഭേദഗതി നിയമത്തിലൂടെ ഖര/ദ്രവ മാലിന്യങ്ങൾ നദികൾ, പുഴകൾ തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിക്കുന്നത് നിയന്ത്രിക്കുവാൻ കർശന ശിക്ഷാനടപടി കൊണ്ടു വന്നിട്ടുണ്ടെങ്കിലും അത് ഫലപ്രദമല്ലായെന്നതിനാൽ പ്രസ്തുത നിയമം കൂടുതൽ കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം അനുസരിച്ച് ജലസ്രോതസ്സുകളിൽ ഒരുതരത്തിലുള്ള മാലിന്യവും (ഖര-ദ്രവ രൂപത്തിലുള്ളവ) നിക്ഷേപിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യ നിക്ഷേപത്തിനെതിരെയുള്ള പരാതിയിന്മേലുള്ള അന്വേഷണത്തിൽ കുറ്റക്കാരനെന്ന് തെളിഞ്ഞാൽ കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷം വരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കുംവിധമാണ് നിയമത്തിൽ മാറ്റം വരുത്തിയത്. ബന്ധപ്പെട്ട പോലീസ് അധികൃതരാണ് പരാതി അന്വേഷിച്ച് ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടത്. ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെടുന്ന ഏതൊരാൾക്കും കേസ് കൊടുക്കാവുന്നതാണ്. നിയമം കൂടുതൽ കർശനമാക്കുന്നതിനേക്കാൾ അഭികാമ്യം നിലവിലുള്ള നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയെന്നതാണ്. മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കണമെന്ന് ജലസേചനവകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജലദൗർലഭ്യം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണത്തിന് നടപടി

206(2824) ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണത്തിനുള്ള പ്രാധാന്യം എത്രത്തോളമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) തുലാവർഷക്കാലത്ത് മഴവെള്ള ശേഖരണം ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;അറിയിക്കാമോ;

(സി) ഭൂപ്രകൃതി അനുസരിച്ച് സാധ്യമായ സ്ഥലങ്ങളിൽ എല്ലാം മഴക്കുഴികൾ നിർമ്മിക്കുന്നതിനും കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനും നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രളയവും, കൊടും വരൾച്ചയും മാറിമാറി നേരിടേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതിനാൽ ജലസംഭരണത്തിന് ഏറ്റവും നൂതനവും ഫലപ്രദവുമായ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) മഴവെള്ള സംഭരണത്തിനുള്ള പ്രാധാന്യം എത്രത്തോളമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന്, ജലം സംഭരിക്കുന്ന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ജലത്തിന്റെ സൂക്ഷ്മമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലസാക്ഷരത ഉറപ്പുവരുത്തുന്നതിനും വേണ്ടി ആവിഷ്കരിച്ച 'ജലം ജീവാമൃതം' പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യമടക്കമുള്ള സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ കൈ പുസ്തകം വിതരണം നടത്തിക്കഴിഞ്ഞു. അതോറിറ്റിയുടെ കെട്ടിടങ്ങളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്ന സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' എന്ന സ്ഥാപനം സംസ്ഥാനത്ത് 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഗുണവശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ഗുണഭോക്താക്കളെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപശാലകൾ നടത്തുന്നുമുണ്ട്. പദ്ധതി നടപ്പാക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികളെയും അദ്ധ്യാപകരെയും മഴവെള്ള സംഭണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നുണ്ട്. മാത്രവുമല്ല, ജലനിധി പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ രൂപീകരിച്ച സുലഭി ക്ലബ്ബുകൾ മുഖേന സ്കൂൾ കുട്ടികൾക്ക് മഴവെള്ളസംഭരണത്തിനും ജലസംരക്ഷണത്തിനുമുള്ള ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

കൂടാതെ ഭൂജലസംരക്ഷണം, വിനിയോഗം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി 'ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകൾ എല്ലാ ജില്ലകളിലും അതാത് ഭൂജലവകുപ്പ് ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

മേൽക്കൂര വഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ ഭൂജലവിതാനം ഉയർത്തുന്നതിന് റീചാർജ്ജ് പിറ്റ്/കിണർ നിറ പദ്ധതികൾ തുടങ്ങിയവ മുഖേന ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നതിനോടൊപ്പം അതാത് ജില്ലകളിൽ നടപ്പിലാക്കേണ്ട ഭൂജലസംപോഷണ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിവരുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സായ കുഴൽക്കിണറുകൾ പലവിധ കാരണങ്ങൾകൊണ്ട് ഉപയോഗശൂന്യമാകാറുണ്ട്. അത്തരം ഉപയോഗശൂന്യമായ സ്രോതസ്സുകളെ മഴവെള്ളമുപയോഗിച്ച് റീചാർജ്ജ് ചെയ്യുന്ന പദ്ധതി ആലോചിച്ച് വരുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ ശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷത്തൈകൾ നട്ടും, മഴക്കുഴികൾ നിർമ്മിച്ചും അത് പരിപാലിച്ചും ഭൂഗർഭജല വിതരണം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മേൽക്കൂര-മഴവെള്ള സംഭരണ പദ്ധതി വീടുകളിൽ നടപ്പിലാക്കുന്നതിന് പുറമെ കിണർ റീചാർജ്ജിംഗ് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം, ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കുളങ്ങളുടെ നിർമ്മാണം, മഴക്കുഴികളുടെ നിർമ്മാണം, ഭൂജല

പരിപോഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് പരിപാടികൾ ജലനിധിയുടെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പരിപാടിക്കായി 12.31 കോടി രൂപ ചെലവഴിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണവും-ഭൂജല പരിപോഷണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായവും ആവശ്യഘട്ടങ്ങളിൽ ലഭ്യമാക്കി വരുന്നുണ്ട്.

(ഡി) പ്രളയവും കൊടുംവരൾച്ചയും മാറിമാറി വരുന്ന സാഹചര്യത്തിൽ സുസ്ഥിരമായ കുടിവെള്ള വിതരണം നടത്തുന്നതിനായി ചെറിയ കുടിവെള്ള വിതരണ പദ്ധതികളിൽ തടയണകൾ നിർമ്മിച്ച് ജലസംഭരണം സാധ്യമാകുന്ന പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന രണ്ട് അണക്കെട്ടുകളിൽ ജല ഉപയോഗം ഫലപ്രദമായി നടത്തുന്നതിന് സംവിധാനങ്ങൾ ഉണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മറ്റ് വകുപ്പുകളുടെ സഹായത്തോടെ പദ്ധതികൾ നടപ്പിൽ വരുത്തുന്നുണ്ട്. വൃഷ്ടിപ്രദേശത്തെ മഴയുടെ അളവ് രേഖപ്പെടുത്തുന്ന റെയ്ൻ ഗേജ്, സംഭരണിയിലേയ്ക്കുള്ള ജല ഗമനത്തിന്റെ തോത് ലഭ്യമാക്കാൻ സഹായിക്കും. ജലസംഭരണികളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് ഉപകരണത്തിന്റെ സഹായത്തോടെ ഓരോ നിമിഷത്തെയും ജലനിരപ്പ് രേഖപ്പെടുത്തുവാനും ദൂരപരിധിയില്ലാതെ വിവരങ്ങൾ കൈമാറാനും സഹായിച്ചുവരുന്നുണ്ട്. ഇവ സംയോജിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി ജലവിനിയോഗം നടത്തുന്നതിനുള്ള ഓട്ടോമേഷൻ സംവിധാനം തയ്യാറാക്കിവരുന്നു.

ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvestinhg), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

KRWS-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ

ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചും നിലവിലുള്ള കിണറുകൾ റീചാർജ്ജ് ചെയ്തും ജലപരിപോഷണം നടപ്പിലാക്കിവരുന്നു.

**ജലഅതോറിറ്റിയുടെ വരവുചെലവുകൾ**

207(2825) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ വെള്ളക്കരം, നോൺ പ്ലാന്റ് ഗ്രാന്റ് തുടങ്ങിയവ ചേർത്ത് ജല അതോറിറ്റിയുടെ വരുമാനം 1057.46 കോടി രൂപയും ചെലവ് 1082.82 കോടി രൂപയായിരുന്നോ: ഇതു പ്രകാരം നഷ്ടം 25.36 കോടി രൂപയാണോ;

(ബി) കൂടാതെ വൈദ്യുതി ചാർജ്ജ് ഉയർത്തിയതോടെ അധിക ബാധ്യതയായി 23 കോടി രൂപയും വാട്ടർ അതോറിറ്റി കണ്ടെത്തേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(സി) ജല അതോറിറ്റിയുടെ മൊത്തം നഷ്ടം ഇതുവരെ 365 കോടി രൂപയാണോ;

(ഡി) വെള്ളക്കരം വർദ്ധിപ്പിക്കുന്ന കാര്യം വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ടോ; വെള്ളക്കരം കുടിശ്ശികയായി എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്: വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തെ അതോറിറ്റിയുടെ 'കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അനുസരിച്ച് 1057.46 കോടി രൂപ തനത് വർഷത്തെ വരവും 1082.82 കോടി രൂപ തനത് വർഷത്തെ ചെലവും, 25.36 കോടി രൂപ ധനകമ്മിയുമാണ്. ഈ കമ്മി മുൻവർഷത്തെ നീക്കിയിരുപ്പിൽ നിന്ന് കണ്ടെത്തി. ഇത് അതോറിറ്റിക്ക് 2018-19-ൽ കിട്ടിയ റവന്യൂ ഫണ്ടിന്റെ വരവ് ചെലവ് കണക്കാണ്.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ 2018-19 വർഷം കൊടുക്കേണ്ട ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, അറ്റകുറ്റപ്പണികളുടെ ബില്ലുകൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള അതാത് മാസത്തെ വൈദ്യുതി ചാർജ്ജ് തുടങ്ങി കൊടുത്തുതീർക്കുവാൻ സാധിക്കാത്ത ചെലവുകൾ പരിഗണിച്ചിട്ടില്ല. സർക്കാർ ലോണുകൾക്കുള്ള പലിശ, തേയ്മാന ചെലവ് എന്നിവയും പരിഗണിച്ചിട്ടില്ല.

(ബി) വൈദ്യുതി ചാർജ്ജ് ഉയർത്തിയതോടെ അധിക ബാധ്യത വാട്ടർ അതോറിറ്റി കണ്ടെത്തേണ്ടതുണ്ട്. ഇത് അതോറിറ്റിയുടെ ദൈനംദിന പ്രവർത്തന ചെലവുകളെ കാര്യമായി ബാധിക്കും. തന്മൂലം അതോറിറ്റിയുടെ പ്രവർത്തന നഷ്ടത്തിൽ വർദ്ധനവ് ഉണ്ടാകും. നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയ്ക്ക് ശേഷം പ്രതിമാസം ഏകദേശം 30 കോടി രൂപയാണ് ജല അതോറിറ്റി വൈദ്യുതി ചാർജ്ജായി അടയ്ക്കുവാനുള്ളത്.

(സി) ജല അതോറിറ്റിയുടെ നാളിതുവരെയുള്ള നഷ്ടം 365 കോടി രൂപയല്ല. 2013-14 ഓഡിറ്റഡ് വരവ് ചെലവ് കണക്കനുസരിച്ച് സഞ്ചിതനഷ്ടം 2390.57 കോടി രൂപയാണ്. 2018-19 വരെയുള്ള പ്രൊവിഷണൽ അക്കൗണ്ട്സ് അനുസരിച്ച് സഞ്ചിതനഷ്ടം 4632.87 കോടി രൂപയാണ്.

(ഡി) വെള്ളക്കരം വർദ്ധിപ്പിക്കുന്ന കാര്യം വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ട്. വെള്ളക്കരം കുടിശ്ശികയായി ജല അതോറിറ്റിക്ക് 1111.54 കോടി രൂപ പിരിഞ്ഞുകിട്ടേണ്ടതുണ്ട്. ഇത് ഭൂരിഭാഗവും പലിശയും പിഴപലിശയും ഉൾപ്പെട്ടതാണ്. യഥാർത്ഥത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക വളരെ കുറവാണ്. പിരിഞ്ഞുകിട്ടാനുള്ള തുകയിൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലുള്ള കുടിശ്ശികയുമുണ്ട്.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

208(2826) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷണ നടപടികൾ വേണ്ടത്ര പ്രായോഗികമല്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ പൊതുസ്ഥിതി മനസ്സിലാക്കി അവയുടെ പുനരുദ്ധാരണ-ശുചീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനാക്രമം ചിട്ടപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുതലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തടപ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായാണ് ഈ അന്വേഷണം നടത്തിയത്. കൂടാതെ, ദേശീയതലത്തിൽ നടക്കുന്ന 6-ാമത് മൈനർ ഇറിഗേഷൻ സെൻസസ്സിന്റെ ഭാഗമായി ജലസ്രോതസ്സുകളെക്കുറിച്ച് കൂടുതൽ വിവരശേഖരണം നടത്തിവരുന്നു.

(ബി&സി) ജലസ്രോതസ്സുകളിൽ മാലിന്യം എത്തിച്ചേരുന്നത് വിവിധ സ്രോതസ്സുകളിൽ നിന്നാണ്. നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് മാത്രമാണ് വേഗത്തിൽ തിരിച്ചറിയാൻ സാധിക്കുന്നത്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ വിവിധ ഏജൻസികൾ, ഗ്രാമപഞ്ചായത്തുകൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവ നടപടി സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2018-ൽ ഭേദഗതി വരുത്തി ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഏതൊരാൾക്കും പോലീസ് സ്റ്റേഷനിൽ പരാതി നൽകാവുന്നതാണ്. ആവശ്യമായ അന്വേഷണം നടത്തി പോലീസ് അധികൃതരാണ് ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടത്. നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിനേക്കാൾ അഭികാമ്യം ഈ നിയമത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനുള്ള നടപടികളാണ് ആവശ്യം. ഇക്കാര്യത്തിൽ സാധ്യമായ നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റി**

209(2827) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയ്ക്ക് കുടിവെള്ള സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിച്ച മുന്നൂറ്റിമുപ്പത്തി മൂന്ന്കോടി രൂപ ലാപ്സായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്

ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി യോട് ശിപാർശ ചെയ്യുമോയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ആലുവ, കോഴിക്കോട് എന്നിവിടങ്ങളിലെ കുപ്പിവെള്ള പ്ലാന്റുകൾ നിർമ്മാണ മാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ടെക്നിക്കൽ സ്പെഷ്യൽ റൂൾ അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.ഡബ്ള്യു.എ.-യിലെ അക്കൗണ്ട്സ് മെമ്പർ തസ്തിക ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിൽ കുടിവെള്ള വിതരണത്തിന് 124.03 കോടി രൂപയുടെയും സ്വീവറേജ് പദ്ധതികൾക്ക് 103.34 കോടി രൂപയുടെയും പദ്ധതികൾക്ക് മൂന്ന് State Annual Action Plan (SAAP)-കളിലായി അംഗീകാരം നൽകുകയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയശേഷം പ്രവൃത്തികൾ അവാർഡ് ചെയ്ത് നടന്നുവരുന്നു. അമൃതിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച മേൽ പദ്ധതികൾക്ക് തുകയൊന്നും ലാപ്സായിട്ടില്ല.

(ബി) ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടില്ല.

(സി) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ടെക്നിക്കൽ സ്പെഷ്യൽ റൂൾ അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ അക്കൗണ്ട്സ് മെമ്പറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളായണി കായൽ സംരക്ഷണ പദ്ധതികൾ**

210(2828) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട്ഏതെല്ലാം ഏജൻസികൾ ചേർന്നാണ് കായൽ വൃത്തിയാക്കുന്നതെന്നും അതിൽ സർക്കാർ

പങ്കാളിത്തം എത്ര മാത്രമുണ്ടെന്നും ഇതുവരെ അതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) കുടിവെള്ള സ്രോതസായ വെള്ളായണി കായലിലെ വെള്ളത്തിൽ പുഴുക്കൾ കാണപ്പെടുകയും അശുദ്ധമാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കായൽ സംരക്ഷണത്തിന്എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ) വെള്ളായണി കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് 'സ്വസ്തി ഫൗണ്ടേഷൻ' എന്ന സംഘടനയുമായി ചേർന്നാണ് കായൽ വൃത്തിയാക്കൽ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ജലസേചന വകുപ്പിന്റെ ഫണ്ട് ഇതിനായി വിനിയോഗിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലശുദ്ധീകരണശാലയിൽനിന്നും വിതരണം ചെയ്യുന്ന ജലത്തിൽ പുഴുക്കളും മറ്റു മാലിന്യങ്ങളും കടന്നുകൂടുന്നത് തടയാനായി വാട്ടർ അതോറിറ്റി അതീവ ജാഗ്രത പുലർത്തിവരുന്നുണ്ട്. ഇതിനായി ആവശ്യമായ അളവിൽ പ്രീ-ക്ലോറിനേഷൻ നടത്തുകയും പൊട്ടാസ്യം പെർമാംഗനേറ്റ് ചേർക്കുകയും പ്ലാന്റിന്റെ വിവിധ ഔട്ട്‌ലെറ്റുകളിൽ പുഴുവിന്റെ കടന്നുകയറ്റം തടയുന്ന രീതിയിലുള്ള അരിപ്പകൾ സ്ഥാപിക്കുകയും നിശ്ചിതമായ ഇടവേളകളിൽ പ്ലാന്റ് ശുചീകരണം നടത്തുകയും ചെയ്ത് ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നുണ്ട്.

കായൽ സംരക്ഷണം സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയും സംയുക്തമായി നടത്തിയ യോഗത്തിൽ നിർദ്ദേശിച്ച പ്രകാരം കായൽ സംരക്ഷണത്തിനും ടൂറിസം വികസനത്തിനും ആയിട്ടുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു.

**വർക്കല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

211(2829) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാട്ടർ അതോറിറ്റി വർക്കല മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ; അവയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വർക്കല മണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2016-17-ൽ 4.18 ലക്ഷം രൂപയുടെയും 2017-18-ൽ 296.15 ലക്ഷം രൂപയുടേയും 2018-19-ൽ 124.06 ലക്ഷം രൂപയുടെയും 2019-20-ൽ 75.58 ലക്ഷം രൂപയുടെയും പദ്ധതി, എം.എൽ.എ. ഫണ്ടുപയോഗിച്ച് 65.80 ലക്ഷം രൂപയുടെ പദ്ധതികളും കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ താഴെ വിവരിക്കുന്നു.

1. വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം

ഒന്നാം ഘട്ടമായി 28 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവുമുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് വേണ്ടിയുള്ള സർവ്വെ നടപടികൾ പൂർത്തീകരിച്ച് 150 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനായി സ്ഥലങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

2. പള്ളിക്കൽ മടവൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി

പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

3. കാക്കകുഴി കുടിവെള്ള പദ്ധതി

കാക്കകുഴി കുടിവെള്ള പദ്ധതി, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 291.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഉപരിതല ജലസംഭരണിയുടെയും ജലവിതരണ പൈപ്പ് ലൈനുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. പമ്പിംഗ് മെയിൻ, പൈപ്പ് ലൈൻ മൈക്രോ ഫിൽട്ടർ, അയൺ റിമൂവൽ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായുള്ള ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മഴവെള്ളം ശുദ്ധീകരിച്ച് വിപണനം നടത്തുന്നതിന് നടപടി**

212(2830) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഴവെള്ളം സംഭരിച്ച് ശുദ്ധീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ വിപണനം നടത്തുന്നതിന് ശാസ്ത്രീയമായ പ്രവർത്തനങ്ങൾ നടത്തുന്നകാര്യം പരിഗണിക്കുമോ;

(ബി) ഇതിനു എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

**കുടിവെള്ള പരിശോധനാ സംവിധാനം**

213(2831) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സംവിധാനങ്ങൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) കുപ്പിവെള്ളം/മിനറൽ വാട്ടർ പരിശോധനക്ക് ശേഷമാണ് വിതരണത്തിന് തയ്യാറാക്കുന്നത് എന്ന കാര്യം സർക്കാർ ഉറപ്പുവരുത്തുന്നുണ്ടോ; ഇതിനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ ;

(സി) കുടിവെള്ളം പരിശോധിക്കുന്നതിന് മലപ്പുറം ജില്ലയിൽ ലഭ്യമായ സൗകര്യങ്ങൾ/സംവിധാനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ഡി) മൊബൈൽ ജല പരിശോധനാ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെതന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോട് കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാം തന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും

കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP-യുടെ ഭാഗമായി മുപ്പത്തിരണ്ട് ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വാർഡ് സർവ്വേയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ കിണർ, കുഴൽകിണർ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും സംഭരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു. ഇതിനെല്ലാം പുറമെ പ്രളയം, വരൾച്ച, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്.

(ബി) കുപ്പിവെള്ളം/മിനറൽ വാട്ടർ ഗുണനിലവാര പരിശോധന ഫുഡ് സേഫ്റ്റി അതോറിറ്റിയാണ് നടത്തുന്നത് എന്നതിനാൽ ഈ വിഷയം ജലവിഭവ വകുപ്പിന് ബാധകമല്ല.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് മലപ്പുറം ടൗണിലെ കോട്ടക്കുന്നിൽ സ്ഥിതി ചെയ്യുന്ന അതോറിറ്റിയുടെതന്നെ ഗുണനിലവാര പരിശോധന ലാബ് നിലവിലുണ്ട്. ഇവിടെ നിശ്ചിത ഫീസ് ഒടുക്കി പൊതുജനങ്ങൾക്കും കുടിവെള്ള സാമ്പിളുകൾ പരിശോധന നടത്താവുന്നതാണ്. കൂടാതെ മലപ്പുറം ജില്ലയിൽ NRDWP പദ്ധതിയിലുൾപ്പെട്ട 5 സബ് ജില്ലാ ലാബുകൾ മലപ്പുറം, പെരിന്തൽമണ്ണ, പാറപ്പുറം, മഞ്ചേരി, നിലമ്പൂർ, എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ പഞ്ചായത്തുകളിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കിണർ, കുഴൽക്കിണർ തുടങ്ങിയ സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം, വാർഡ് സർവ്വെയുടെ ഭാഗമായി ഈ ലാബുകളിൽ പരിശോധിച്ചുവരുന്നു.

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ മൊബൈൽ ജല പരിശോധനാ സംവിധാനമില്ല.

## ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

214(2832) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പിന് കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ക്വാളിറ്റി കൺട്രോൾ വിഭാഗം ഓഫീസുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജലസേചന വകുപ്പിന്റെ പുനഃസംഘടനയോടൊപ്പം വകുപ്പിന് കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി IWR (Investigation for Water Resources) കാര്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാനത്തെ 14 ജില്ലാ ലാബുകളെയും ഘട്ടംഘട്ടമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അവയ്ക്ക് NABL Accreditation ലഭ്യമാക്കി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ കേരള ജല അതോറിറ്റിയുടെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

215(2833) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻകുടിവെള്ള പദ്ധതി പ്രവൃത്തികൾ മന്ദഗതിയിലാകുന്നതുകാരണം ജനങ്ങൾ ഏറെ പ്രയാസപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തത് പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രതിബന്ധമായി മാറിയ സാഹചര്യത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് ജൈക്ക പദ്ധതിയിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റോഡുകൾ ഉപയോഗപ്പെടുത്താമെന്നും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ പുനരുദ്ധാരണം, ആവശ്യമായ തുക ഈടാക്കി പ്രസ്തുത വകുപ്പ് തന്നെ നിർവ്വഹിക്കേണ്ടതാണെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൻപ്രകാരം കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ റോഡ് കട്ടിംഗിനുള്ള അനുമതിക്കായി പദ്ധതിയുടെ ആരംഭഘട്ടത്തിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട തുക കേരള

വാട്ടർ അതോറിറ്റി അടവാക്കിയിട്ടുള്ളതാണ്. തുടർന്നും ഓരോ സമയത്തും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള തുക അടവാക്കി റോഡ് കുഴിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിയായിട്ടുള്ളതാണ്. പദ്ധതിയുടെ ട്രാൻസ്മിഷൻ മെയിൻ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും വിതരണ ശൃംഖയുടെ 65% മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. വിതരണ ശൃംഖലയുടെ പ്രധാന പൈപ്പ് ലൈനുകൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലൂടെയാണ് കടന്നുപോകുന്നത്. ജല സംഭരണി മുതൽ ഉപഭോക്താക്കളുടെ വീടുവരെയുള്ള ഭാഗം എന്ന ക്രമത്തിൽ മാത്രമേ പൈപ്പ്ലൈനുകൾ ചാർജ്ജ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. കൂടാതെ 2018, 2019 വർഷങ്ങളിലെ അപ്രതീക്ഷിതമായ പ്രളയം പദ്ധതിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നിലവിൽ ജൈക്ക പദ്ധതി പൂർത്തീകരിക്കാൻ കാലതാമസമെടുക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം കൊണ്ടുകൂടിയാണ്. ആയത് പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അദ്ധ്യക്ഷരായ സമിതി കൂടി പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനുള്ള നിർദ്ദേശങ്ങൾ നിലവിലെ കരാറുകാർക്ക് നൽകിയിട്ടുണ്ട്.

## പ്രളയാനന്തരം കേടുപാടുകൾ സംഭവിച്ച കുടിവെള്ളസ്രോതസ്സുകളുടെ പുനർനിർമ്മാണം

216(2834) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പ്രളയാനന്തരം കേടുപാടുകൾ സംഭവിച്ചിട്ടുള്ള കുടിവെള്ള സ്രോതസ്സുകളുടെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെല്ലാം മേഖകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) റീബിൽഡ് കേരളയുടെ ഭാഗമായി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിൽ പ്രളയംമൂലം കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ മണ്ണും ചെളിയും കയറുകയും കിണറുകളിൽ ചെളി കയറി പമ്പിംഗ് തടസ്സപ്പെടുകയും ചെയ്തു. വിവിധ പദ്ധതികളുടെ പൈപ്പ് ലൈനുകൾ, സംരക്ഷണ ഭിത്തി എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

കുടിവെള്ള സ്രോതസ്സുകളായ കാളിയാർ, മേത്തലപ്പാറ, എന്നിവിടങ്ങളിലെ കിണറുകളിൽ പ്രളയംമൂലം ചെളി കയറിയത് നീക്കം ചെയ്യുകയും ജലവിതരണം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ശുദ്ധജലവിതരണ പദ്ധതികളായ കുമളി, ഉപ്പുതറ, ഹെലിബെറിയ എന്നിവയുടെ ഉറവിടങ്ങളിൽ പ്രളയംമൂലം അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്തിട്ടുണ്ട്.

പ്രളയംമൂലം കേടുപാടുകൾ സംഭവിച്ച മൂന്നാർ, കുഞ്ചിത്തണ്ണി, നെടുങ്കണ്ടം എന്നീ മേഖലകളിലെ ഉറവിടങ്ങൾ ചെളിയും മണ്ണും അടിഞ്ഞുകൂടിയത് ശുചിയാക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഉപ്പുതറ പദ്ധതിയുടെ സ്രോതസ്സിൽനിന്നും പ്രളയം കാരണം വന്ന ചെളി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വെള്ളത്തൂവൽ കൊന്നത്തടി ശുദ്ധജലവിതരണ പദ്ധതിയിൽ കിണറിനോട് ചേർന്ന കൺട്രോൾ റൂം ചരിഞ്ഞുപോവുകയും തടയണ പ്രളയത്തിൽ ഒലിച്ചുപോവുകയും ചെയ്തു. ഇവ പുനഃസ്ഥാപിക്കുന്ന ജോലികൾ നടന്നുവരുന്നു.

കൂടാതെ ട്രാൻസ്ഫോർമർ വെള്ളത്തിൽ മുങ്ങി കേടുപാടുകൾ സംഭവിച്ചത് നന്നാക്കാനുള്ള ദർഘാസ് നടപടികൾ നടന്നുവരുന്നു.

തൊടുപുഴ നഗര ശുദ്ധജലവിതരണ പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ സംരക്ഷണ ഭിത്തിയുടെ കേടുപാടുകൾ പരിഹരിക്കുന്ന നടപടികൾ 60% പൂർത്തിയായി.

ഉടുമ്പൻചോല കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിലെ വെൽ കം പമ്പ് ഹൗസ്, ഗാലറി എന്നിവയിൽ ചെളി കയറിയത് മാറ്റുകയും കേടുപാട് വന്ന പമ്പുസെറ്റുകൾ, വയറിംഗ് സംവിധാനങ്ങൾ എന്നിവ നന്നാക്കുകയും ചെയ്തു. സംരക്ഷണ ഭിത്തിക്കുണ്ടായ നാശനഷ്ടങ്ങൾ പുനരുദ്ധരിച്ചു. പ്രെഷർ ഫിൽറ്റർ നന്നാക്കി.

പെരുവന്താനം-കൊക്കയാർ കുടിവെള്ള പദ്ധതിയിലേയ്ക്കും പെരുവന്താനം-നെടിയോരം മേഖലയിലെ കേടായ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ ജലനിധി പദ്ധതി വഴി നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടന്നുവന്നിരുന്ന 16 ഗ്രാമപഞ്ചായത്തുകളിലെ 210 കുടിവെള്ള വിതരണ പദ്ധതികൾ 2018-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതിൽ 201 പദ്ധതിയുടെ പുനർനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ

അനുവദിച്ച SDRF ഫണ്ടിൽ നിന്നുമാണ് ടി പ്രവൃത്തികൾ നടത്തിവരുന്നത്. അടിമാലി (5), കഞ്ഞിക്കുഴി (2), കൊന്നത്തടി (1), നെടുങ്കണ്ടം (1) എന്നിങ്ങനെ 4 പഞ്ചായത്തുകളിലായി 9 പദ്ധതികളുടെ പുനർനിർമ്മാണം 2020 മാർച്ചിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നത് KRWSA-യുടെ റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ സംവിധാനം ഉപയോഗിച്ചാണ്. 2019-ലെ പ്രളയക്കെടുതിയിൽ 6 പഞ്ചായത്തുകളിലായി 39 ജലനിധി പദ്ധതികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ഇടുക്കി ജില്ലയിൽ പ്രളയംമൂലം ജലനിധി കുടിവെള്ള സ്രോതസ്സുകൾക്ക് കേടുപാടുകൾ സംഭവിച്ച മേഖലകൾ ചുവടെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിലാണ്.

1. കഞ്ഞിക്കുഴി
2. നെടുങ്കണ്ടം
3. കൊന്നത്തടി
4. മാങ്കുളം
5. വാത്തിക്കുടി
6. അറക്കുളം

(ബി) പരിഗണനയിലാണ്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

217(2835) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) പൊതുവിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനു മുമ്പായി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ;

(സി) ഇപ്രകാരം നടത്തിയ പരിശോധനയിൽ ഗുണനിലവാരമില്ലാത്തവ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോട് കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ്. അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം ഇവിടെങ്ങളിലെല്ലാംതന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP-യുടെ ഭാഗമായി മുപ്പത്തിരണ്ട് ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വാർഡ് സർവ്വേയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ കിണർ, കുഴൽക്കിണർ തുടങ്ങിയ സ്രോതസ്സുകളിൽനിന്നും സംഭരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു. ഇതിനെല്ലാം പുറമെ പ്രളയം, വരൾച്ച, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച് കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്.

(ബി) പൊതുവിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം കേരള വാട്ടർ അതോറിറ്റി പരിശോധനയ്ക്ക് വിധേയമാക്കാറില്ല.

(സി) ബാധകമല്ല.

## കേരള ജല അതോറിറ്റി ജീവനക്കാർക്ക് നൽകിയിരുന്ന അധിക വേതനം

218(2836) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ അധിക ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് നൽകി വന്നിരുന്ന അധിക വേതനം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജീവനക്കാരിൽ നിന്നോ സംഘടനകളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റിയിൽ അധിക ജോലി ചെയ്യേണ്ടിവരുന്ന ഓപ്പറേറ്റർ തസ്തികയിലെ ജീവനക്കാർക്ക് അധിക സമയബത്ത നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 3-11-2017-ലെ നടപടിക്രമം പ്രകാരം ആയത് പ്രതിമാസം പരമാവധി നാല് ഡ്യൂട്ടിയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് അംഗീകൃത യൂണിയനുകളുമായി നടന്ന ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

## വാട്ടർ അതോറിറ്റി ജലത്തിന് ഈടാക്കുന്ന വില

219(2837) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന് ഇപ്പോൾ ഈടാക്കുന്ന വില എത്രയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇതിനുമുൻപ് വാട്ടർ അതോറിറ്റി ജലത്തിന് വില വർദ്ധിപ്പിച്ചത് ഏത് വർഷമാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന് ഗാർഹിക, ഗാർഹികേതര, വ്യാവസായിക ഉപഭോഗത്തിനനുസരിച്ച നിരക്കുകളിലാണ് വെള്ളക്കരം ഈടാക്കിവരുന്നത്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു *. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലയിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) 1-10-2014 മുതലാണ് കേരള വാട്ടർ അതോറിറ്റി ജലത്തിന് വില വർദ്ധിപ്പിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില ഭദ്രമാക്കാൻ നടപടി

220(2838) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ലും, 2019 ലും ഉണ്ടായ പ്രളയം കേരള വാട്ടർ അതോറിറ്റിക്ക് എന്ത് നഷ്ടമാണ് ഉണ്ടാക്കിയത് എന്ന് വെളിപ്പെടുത്താമോ;

(ബി) കേടായ പമ്പുകൾ നന്നാക്കുന്നതിനും, ജലവിതരണം പുനസ്ഥാപിക്കുന്നതിനും അധിക ബാധ്യതയുണ്ടായിട്ടുണ്ടോ;

(സി) വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പയും അതിന്റെ പലിശയും നിലവിൽ എത്രയാണ്; അത് മൂലധനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതിന് സഹായകമായിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 483 ശുദ്ധജല പദ്ധതികൾക്ക് നാശനഷ്ടമുണ്ടായി. 20,000-ത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നശിച്ചു. ശുദ്ധീകരണ ശാലകളുടെ പ്രവർത്തനം തകരാറിലായതുകാരണം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉൽപ്പാദനം തടസ്സപ്പെട്ടു. കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചത് അതീവ ഗുരുതര സ്ഥിതിയുണ്ടാക്കി. ഇതിനുപുറമെ 39 മുനിസിപ്പാലിറ്റികളും 346 പഞ്ചായത്തുകളും ബാധിക്കപ്പെട്ടു. മേൽവിവരിച്ച നാശനഷ്ടങ്ങൾ നികത്തി ജലവിതരണം പൂർവ്വസ്ഥിതിയിൽ എത്തിക്കാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത പ്രതികരണനിധി, സംസ്ഥാന പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നായി 1640 പ്രവൃത്തികൾക്കായി 77.88 കോടി രൂപയുടെ പദ്ധതികൾക്കായി അനുമതി നൽകുകയുണ്ടായി. 2019 വർഷത്തെ മഴക്കെടുതിയിൽ വൈദ്യുത തകരാർ ഉണ്ടായതുകാരണം പല കുടിവെള്ള സ്കീമുകളും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. കൂടാതെ പമ്പിംഗ് സ്റ്റേഷനുകളിലേയ്ക്കുള്ള പ്രവേശനം വെള്ളക്കെട്ട് കാരണം തടസ്സപ്പെട്ടതിനാൽ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. അമിതമായ കലക്കൽ കാരണം ജലശുദ്ധീകരണശാലകളുടെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടി വന്നു. ചില ജല വിതരണ പൈപ്പുകൾക്ക് സ്ഥാനചലനം സംഭവിച്ചത് കാരണം കുടിവെള്ള വിതരണം തടസ്സപ്പെട്ടു. ആകെ 236 സ്കീമുകൾ നിർത്തിവയ്ക്കേണ്ടി വന്നു. ജലശുദ്ധീകരണവുമായി ബന്ധപ്പെട്ട 745 ഘടകങ്ങൾക്ക് തകരാർ സംഭവിച്ചു. കേരള ജല അതോറിറ്റിക്ക് 23 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) ശുദ്ധീകരണശാലകളുടെ പ്രവർത്തനത്തിന് തടസ്സം നേരിട്ടതിനാലും പൈപ്പുകൾക്ക് സ്ഥാനചലനം സംഭവിച്ചതിനാലും പമ്പിംഗ് തടസ്സം നേരിട്ടതിനാലും വിതരണ പ്രക്രിയയെ ബാധിച്ചതിനാൽ റവന്യൂ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. 2018-ലെ മഹാപ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ നികത്തി ശുദ്ധജല വിതരണ പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുവാനായി സ്റ്റേറ്റ് പ്ലാനിൽ മറ്റ് ഹെഡ്ഡുകളിൽ 2018 ആഗസ്റ്റ് വരെ ഭരണാനുമതി നൽകിയത് കഴിഞ്ഞുള്ള ഏകദേശം 43 കോടി രൂപയോളം പ്രളയാനന്തര പ്രവൃത്തിയിൽ വകമാറ്റി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് സർക്കാരിൽനിന്നും 31-3-2007 വരെ നൽകിയ 713 കോടിരൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും, വായ്പയിന്മേലുള്ള 1004 കോടി രൂപ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും ചെയ്തു. സർക്കാർ വായ്പ മൂലധനമാക്കി മാറ്റുന്നതുവഴി അതോറിറ്റിയുടെ ബാധ്യത കുറയുകയും വായ്പയുടെ പലിശ എഴുതിത്തള്ളുന്നതുവഴി സഞ്ചിത നഷ്ടം കുറയുകയും ചെയ്തു. കൂടാതെ 2007-08 മുതൽ 2016-17 വരെ കേരള വാട്ടർ അതോറിറ്റിക്ക് സർക്കാരിൽനിന്നും നൽകിയ വായ്പ തുകയായ 2332.74 കോടി രൂപ മൂലധനമാക്കി മാറ്റുന്ന വിഷയവും അതിന്റെ പലിശയായ 1699.33 കോടി രൂപ (31-03-2017 വരെ) എഴുതിത്തള്ളുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരുന്നു.

**കുപ്പിവെള്ള വിതരണം**

221(2839) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ളം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;എങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ;

(സി) പ്ലാന്റ് നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കുപ്പിവെള്ള വിതരണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി അരുവിക്കര കുപ്പിവെള്ള പ്ലാന്റ് നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയുടെ അവസാന ഘട്ടത്തിലാണ്. എന്നാൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

(ബി) 17-10-2019-ലെ സ.ഉ.(സാധാ)നം.742/2018/WRD നമ്പർ ഉത്തരവ് പ്രകാരം 16 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 2019 ഫെബ്രുവരി മാസം ജലവിഭവ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്ലാന്റ് സന്ദർശിച്ചിട്ടുണ്ട്.

(ഡി) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്, ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവയുടെ അനുമതി ലഭിക്കാനുണ്ട്. അരുവിക്കര കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കാൻ വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അനുബന്ധ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കുപ്പിവെള്ള വിതരണം ആരംഭിക്കാൻ കഴിയുന്നതാണ്.

**അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിലവിലെ സ്ഥിതി**

222(2840) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പണി പൂർത്തിയാക്കിയ അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്ലാന്റ് കൈമാറ്റം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ വ്യവസ്ഥകളും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ കുപ്പിവെള്ള പ്ലാന്റ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലുള്ള കുപ്പിവെള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്. ബി.ഐ.എസ്., എഫ്.എസ്.എസ്.എ.ഐ. എന്നിവയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

(ബി) അരുവിക്കര കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കാൻ വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല.

**കേരകകുന്ന് കുടിവെള്ള പദ്ധതി**

223(2841) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി മുഖേന ഭരണാനുമതി നൽകിയ ചേലക്കര മണ്ഡലത്തിലെ കൊണ്ടാഴി പഞ്ചായത്ത് കേരകകുന്ന് കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകി രണ്ട് വർഷമായിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ ;

(സി) പദ്ധതി പ്രദേശത്ത് വലിയ തോതിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് പ്രവൃത്തി ചെയ്തു തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി 29-5-2019-നും 31-8-2019-നും തൃശ്ശൂർ ഡിവിഷൻ ഓഫീസിൽനിന്നും രണ്ടുതവണ ദർഘാസ് ക്ഷണിക്കുകയും ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് തീയതി നീട്ടി നൽകുകയും ചെയ്തിരുന്നുവെങ്കിലും ആരുംതന്നെ ദർഘാസിൽ പങ്കെടുത്തില്ല.

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരുമായി കൂടിക്കാഴ്ച നടത്തി ദർഘാസിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ ദർഘാസ് വീണ്ടും ക്ഷണിക്കുന്നതും പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

### പത്തനാപുരം മണ്ഡലത്തിലെ ചെമ്പനരുവി കുടിവെള്ള പദ്ധതി

224(2842) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ചെമ്പനരുവിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയ്ക്ക് ആവശ്യമായ സാധ്യതാപഠന റിപ്പോർട്ട് നൽകുവാൻ കേരള വാട്ടർ അതോറിറ്റി ഭൂഗർഭ ജല വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഭൂഗർഭ ജലവകുപ്പിൽ പണം അടച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര തുക, എപ്പോൾ അടച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഭൂഗർഭ ജലവകുപ്പ് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഏത് തീയതിയിൽ സമർപ്പിച്ചുവെന്നും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്നും ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ സാധ്യതാപഠന റിപ്പോർട്ട് ലഭിക്കുന്നതിനായി കേരള ജല അതോറിറ്റി, കൊല്ലം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 28-10-2016-ലും 26-9-2018-ലും ഭൂഗർഭ ജല വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി 25-11-2016-ൽ 1,750 രൂപയും 23-12-2016-ൽ 6,440 രൂപയും ഒന്നാം സാധ്യത പഠനത്തിനായും രണ്ടാം സാധ്യത പഠനത്തിനായി 4-10-2018-ൽ 1,840 രൂപയും 4-2-2019-ൽ 16,790 രൂപയും കേരള ജല അതോറിറ്റി, കൊല്ലം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഭൂഗർഭ ജലവകുപ്പിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്.

(ഡി) ഭൂഗർഭ ജല വകുപ്പ് 31-1-2017-ൽ ഒന്നാം സാധ്യതാപഠനം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതിക്ക് ഉദ്ദേശിച്ചിരുന്ന ജലത്തിന്റെ ഉറവിടം അപര്യാപ്തമാണെന്നാണ് റിപ്പോർട്ട് ചെയ്തത്.

രണ്ടാം സാധ്യതാ പഠന റിപ്പോർട്ട് ഭൂഗർഭ ജലവകുപ്പിൽനിന്നും നാളിതുവരെയും കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമാക്കിയിട്ടില്ല.

(ഇ) 4-12-2018-ൽ ഭൂഗർഭ ജലവകുപ്പിൽനിന്നും തുറന്ന കുളത്തിലെ പമ്പിംഗ് ടെസ്റ്റ് ഏപ്രിൽ/മേയ് മാസത്തിൽ മാത്രമേ സാധിക്കുകയുള്ളൂവെന്നും ആയതിലേയ്ക്കായി 16,790 രൂപ ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിക്കുകയുണ്ടായി. ടി തുക ഭൂഗർഭ ജല വകുപ്പിൽ ഒടുക്കുകയും 7-2-2019-ൽ പമ്പിംഗ് ടെസ്റ്റ് നടത്തുന്നതിനായി കത്ത് നൽകുകയും ചെയ്തു. തുടർന്ന് 26-3-2019-ൽ വീണ്ടും ഒരു കത്ത് പരിശോധനയ്ക്കായി നൽകിയിരുന്നു. ടി കത്തിന് മറുപടിയായി 14-6-2019-ൽ കുളത്തിന്റെ മദ്ധ്യഭാഗത്തായി ഒരു പ്ലാറ്റ്ഫോമും ചുറ്റുമുള്ള കാടും വൃത്തിയാക്കി നൽകിയാൽ മാത്രമേ പമ്പിംഗ് ടെസ്റ്റ് നടത്താൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു. 15-6-2019-ൽ മേൽ പ്രവൃത്തികളുടെ തുക കൂടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഒടുക്കാമെന്നും മഴയ്ക്ക് മുമ്പായി പമ്പിംഗ് ടെസ്റ്റ് നടത്തി റിപ്പോർട്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഭൂഗർഭ ജലവകുപ്പിന് കത്ത് നൽകിയിരുന്നു. ഇതിന് മറുപടിയായി 22-6-2019-ൽ, തുറന്ന കുളങ്ങളിൽ പമ്പിംഗ് ടെസ്റ്റ് മാത്രമേ നടത്തുകയുള്ളൂ എന്നും അനുബന്ധ പ്രവൃത്തികൾ നടത്തുന്നതല്ലെന്നും ഭൂഗർഭജല വകുപ്പ് അറിയിച്ചു. കേരളത്തിൽ മൺസൂൺ അരംഭിച്ചതിനാൽ തുറന്ന കുളത്തിലെ പമ്പിംഗ് ടെസ്റ്റ് ഏപ്രിൽ/മേയ് മാസത്തിൽ മാത്രമേ സാധ്യമാകൂവെന്ന് ഭൂഗർഭ ജല വകുപ്പ് അറിയിച്ചതിനാൽ കേരള ജല അതോറിറ്റി മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. ഏപ്രിൽ/മേയ് മാസത്തിന് മുമ്പായി കാട് വെട്ടി, പ്ലാറ്റ്ഫോം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പച്ചത്തുംപാറയിൽ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി

225(2843) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഒലിപ്പുഴയിലെ കടുത്ത ജലക്ഷാമം പരിഹരിയ്ക്കുന്നതിന് മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ പച്ചത്തുംപാറ വി.സി.ബി യ്ക്ക് ഷട്ടർ നിർമ്മിയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശുദ്ധജലവിതരണ സമിതിയുടെയും നാട്ടുകാരുടെയും ആവശ്യം പരിഗണിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്തെ പ്രശ്നം പരിഹരിയ്ക്കുന്നതിന് പ്രസ്തുത പദ്ധതിയ്ക്കായി എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എങ്കിൽ വിശദമാക്കുമോ;

(സി) പൊതുജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമെന്നത് പരിഗണിച്ച് ജലക്ഷാമം പരിഹരിയ്ക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിനും പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനും നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 5 ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ ആനുകൂല്യങ്ങൾ

226(2844) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ ആനുകൂല്യങ്ങളായ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവയിൽ എന്നുമുതലാണ് കുടിശ്ശിക ഉള്ളതെന്നും എത്രപേർക്കാണ് കുടിശ്ശിക നൽകാനുള്ളതെന്നും തരം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇത് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(സി) കുടിശ്ശിക എന്ന് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 16-9-2018 മുതൽ റിട്ടയർ ചെയ്തവരിൽ അനുമതി ഉത്തരവ് നൽകിയ 350 പേർക്ക് ഗ്രാറ്റുവിറ്റിയും (ഡി.സി.ആർ.ജി.) 1-4-2017 മുതൽ റിട്ടയർ ചെയ്ത 713 പേർക്ക് കമ്മ്യൂട്ടേഷനും നൽകാനുണ്ട്. പ്രസ്തുത കുടിശ്ശിക തുക യഥാക്രമം 30,30,99,307 രൂപയും 103,64,86,413 രൂപയുമാണ്. കൂടാതെ, പെൻഷൻ പരിഷ്കരണത്തെ തുടർന്ന് 1-1-2016 മുതൽ 287 പേർക്ക് ഡിഫറൻഷ്യൽ ഗ്രാറ്റുവിറ്റിയും 678 പേർക്ക് ഡിഫറൻഷ്യൽ കമ്മ്യൂട്ടേഷനും നൽകാനുണ്ട്. ഇവ യഥാക്രമം 6,96,13,743 രൂപയും 46,24,36,914 രൂപയുമാണ്.

(ബി&സി) കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. എന്നിരിക്കലും കുടിശ്ശിക തുക ഘട്ടം ഘട്ടമായി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയിൽ ഒഴിവുള്ള തസ്തികകൾ**

227(2845) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയാണെന്ന് തസ്തിക, എണ്ണം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലിവിൽ ഉള്ളത് ഏതിനൊക്കെയെന്നും ലിസ്റ്റിന്റെ കാലാവധി എന്നുവരെ ആണെന്നും അറിയിക്കാമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവുകൾ നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിൽ നേരിട്ട് നിയമനം നൽകുന്ന തസ്തികകളുടെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ | 2 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 21 |
| 3 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I | 26 |
| 4 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II | 66 |
| 5 | സർവ്വേയർ ഗ്രേഡ് II | 48 |
| 6 | ലോവർ ഡിവിഷൻ ക്ലാർക്ക് | 231 |
| 7 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 59 |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 2 |
| 9 | സാനിട്ടറി കെമിസ്റ്റ് | 1 |
| 10 | ഓവർസീയർ ഗ്രേഡ് III | 290 |
| 11 | ഓപ്പറേറ്റർ | 127 |
| 12 | മീറ്റർ റീഡർ | 14 |
| 13 | ഡ്രൈവർ | 10 |
| 14 | ഓഫീസ് അറ്റൻഡന്റ് | 116 |
| 15 | വാച്ച്മാൻ | 116 |
| 16 | ലാസ്കർ | 63 |
| 17 | പ്ലംബർ | 8 |
| 18 | ഫിറ്റർ | 18 |
| 19 | വർക്കർ | 12 |
| 20 | അൺസ്കിൽഡ് വർക്കർ | 13 |

പ്രൊമോഷൻ വഴി നിയമനം നടത്തുന്ന തസ്തികകളുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 |
| 2 | സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ | 2 |
| 3 | അപ്പർ ഡിവിഷൻ ക്ലാർക്ക് | 63 |
| 4 | ഹെഡ് ക്ലാർക്ക് | 5 |
| 5 | ജൂനിയർ സൂപ്രണ്ട് | 32 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 |
| 7 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 |

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് ബഹു മാനപ്പെട്ട ഹൈക്കോടതിയുടെ 20-11-2017-ലെ WP(C) No. 37132/2017 (N) മേലുള്ള വിധിന്യായത്തിൽ ഉത്തരവായിട്ടുണ്ട്.

**എടവണ്ണ കുടിവെള്ള പദ്ധതി**

228(2846) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജലവിഭവ വകുപ്പ് മുഖേന ചെയ്യുന്നതിന് ഭരണാനുമതി നല്കിയ എടവണ്ണ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള ഏതെല്ലാം പ്രവൃത്തികൾക്ക് ഉള്ളതാണ് പൂർത്തിയാക്കിയിട്ടുള്ളത് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി കിഫ്ബി അനുവദിച്ചിട്ടുള്ളത് എത്ര തുകയാണ്; അവയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ ഉള്ളതെന്ന് അറിയിക്കുമോ;

(ഡി) ആയത് പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി ആരംഭിക്കാനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എടവണ്ണ കുടിവെള്ള പദ്ധതി രണ്ട് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് ഒന്നിൽ ഉത്പാദക ഘടകങ്ങളായ 9 എം.എൽ.ഡി. ജല ശുദ്ധീകരണശാല, 4 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ് രണ്ടിൽ വിതരണ ശൃംഖലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) 15.74 കോടി രൂപയുള്ള പാക്കേജ് 1 ടെണ്ടർ ചെയ്തു. ആയതിന്റെ അംഗീകാരത്തിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ടെണ്ടറിൽ ഉത്പാദക ഘടകങ്ങളായ 9 എം.എൽ.ഡി. ജലശുദ്ധീകരണശാല, 4 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 53.40 കോടി രൂപയുടെ തത്വത്തിൽ അംഗീകാരവും കിഫ്ബിയിൽ നിന്നും 47.21 കോടി രൂപയുടെ ധനസഹായത്തിന് അനുമതിയും ലഭിച്ച ഏറനാട് മണ്ഡലത്തിലെ കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തിയ എടവണ്ണ കുടിവെള്ള പദ്ധതിയുടെ പാക്കേജ് -1 ടെണ്ടർ ചെയ്തു. പാക്കേജ് 2-ന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യേണ്ടതുണ്ട്. അതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) 2021 മേയ് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങളിൽ തടസ്സങ്ങളൊന്നും തന്നെ നേരിട്ടിട്ടില്ല. എന്നാൽ പാക്കേജ് 1-ന്റെ ടെണ്ടറുമായി ബന്ധപ്പെട്ട് ചില സാങ്കേതിക കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തേണ്ടി വന്നതിനാൽ നേരിയ കാലതാമസം നേരിട്ടിരുന്നുവെങ്കിലും ആയത് പരിഹരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## തഴക്കര-മാവേലിക്കര കുടിവെള്ള പദ്ധതി

229(2847) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര-മാവേലിക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർവ്വേ നടപടികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക്സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പി.പി.ഡി. വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 30 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള പദ്ധതിയുടെ വിതരണശൃംഖലകൾ ഒഴികെയുള്ള ഭാഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) 2018-19-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത പദ്ധതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മുനിസിപ്പാലിറ്റിലെയും പഞ്ചായത്തുകളിലെയും സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ജല ശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം വാട്ടർ അതോറിറ്റിയുടെ അധീനതയിലാണ്. രണ്ടു ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തു നൽകുന്നതാണ് എന്ന് സമ്മതിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതി

230(2848) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടി, കൊറ്റനാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകുന്ന അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ജനകീയ പങ്കാളിത്തത്തോടെ പദ്ധതിക്കാവശ്യമായ ശുദ്ധീകരണ പ്ലാന്റിനായി സ്ഥലം ഏറ്റെടുത്തു നൽകിയിട്ടും പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) രണ്ടു പഞ്ചായത്തുകളിലെ പതിനായിരക്കണക്കിന് ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ ഈ കുടിവെള്ള പദ്ധതിയ്ക്ക് അടിയന്തരമായി അംഗീകാരം നൽകി, നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റാന്നി-അങ്ങാടി-കൊറ്റനാട് ശുദ്ധജല വിതരണപദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 24-4-2015-ൽ 1150 ലക്ഷം രൂപയ്ക്ക് NRDWP യിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ NRDWP യിലെ ഫണ്ടിന്റെ അഭാവംമൂലം ഭരണാനുമതി റദ്ദാക്കുകയും പിന്നീട് 5-10-2019-ൽ സ്റ്റേറ്റ് പ്ലാനിൽ പുതുക്കിയ നിരക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(സി) റാന്നി-അങ്ങാടി-കൊറ്റനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക് പമ്പ്ഹൗസ് നിർമ്മിക്കേണ്ട സ്ഥലം അളന്നു തിരിച്ച് കേരള വാട്ടർ അതോറിറ്റിക്കു കൈമാറണമെന്നഭ്യർത്ഥിച്ച് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കോണ്ടൂർ മാപ്പ് തയ്യാറാക്കി വരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ചെക്ക് ഡാമിന്റെ നിർമ്മാണത്തിന് ലൊക്കേഷൻ മാപ്പ് തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തി ജലസേചന വകുപ്പിന്റെ ഡെപ്പോസിറ്റ് പ്രവൃത്തിയായോ അല്ലെങ്കിൽ ജലസേചന വകുപ്പിന്റെ അനുമതിയോടെ കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ നിർമ്മിക്കുന്നതോ ഏതാണ് സാധ്യമായത് എന്ന് പരിശോധിച്ചുവരുന്നു. ഇൻടേക് കിണർ നിർമ്മിക്കുവാനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊൻമള-ഒതുക്കുങ്ങൽ കുടിവെള്ള പദ്ധതി

231(2849) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമള - ഒതുക്കുങ്ങൽ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഈ പദ്ധതിയിലെ നിലവിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം എത്ര; പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) NABARD RIDF XVIII-ൽ ഉൾപ്പെട്ട പൊൻമള-ഒതുക്കുങ്ങൽ കുടിവെള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 2019 ഡിസംബറിനുള്ളിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) നിലവിൽ ഈ പദ്ധതിയിൽ കണക്ഷനുകളൊന്നുമില്ല. ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏകദേശം 6000 കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തിയ ഇരുമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്ക് 75 കോടി രൂപയുടെ തത്വത്തിൽ അംഗീകാരവും കിഫ്ബിയിൽനിന്നും 72.17 കോടി രൂപയുടെ ധനസഹായത്തിന് അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി മൂന്ന് പാക്കേജുകൾ ആയിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് ഒന്നിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങളായ 26 എം.എൽ.ഡി. ജലശുദ്ധീകരണശാല, സമ്പ്, നിലവിലെ വെൽ കം പമ്പ് ഹൗസിന്റെ പുനരുദ്ധാരണം, gantry girder, ഉപരിതല ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, സബ്സ്റ്റേഷൻ, ജലശുദ്ധീകരണ ശാലയിലേയ്ക്കുള്ള റോഡ് പണി എന്നിവ ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ് രണ്ടിൽ ഇരുമ്പിളിയം, വളാഞ്ചേരി പഞ്ചായത്തിലെ നിലവിലുള്ള വിതരണശൃംഖലയുടെ വിപുലീകരണവും എടയൂർ പഞ്ചായത്തിലെ വിതരണശൃംഖലയ്ക്കും പാക്കേജ് മൂന്നിൽ ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സിനും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ സബ്ഡിവിഷനുകളിലെ കുടിവെള്ള വിതരണം

232(2850) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളിമുക്കിലുള്ള വാട്ടർ അതോറിറ്റിയുടെ പബ്ലിക് ഹെൽത്ത് ഡിവിഷന് കീഴിൽ എത്ര സബ് ഡിവിഷനുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഹൈക്കോടതിക്ക് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ വാട്ടർ സപ്ലൈ ഡിവിഷന് കീഴിൽ എത്ര സബ് ഡിവിഷനുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പബ്ലിക് ഹെൽത്ത് ഡിവിഷനും വാട്ടർ സപ്ലൈ ഡിവിഷനും കീഴിലുള്ള ഓരോ സബ് ഡിവിഷനിലും എത്ര വാട്ടർ കണക്ഷനുകൾ ഉണ്ടെന്നും ഇതിൽ ഫ്ലാറ്റുകൾക്കുള്ള കണക്ഷനുകൾ എത്രയെന്നും വിശദമാക്കാമോ;

(ഡി) ഓരോ സബ് ഡിവിഷനിലും പ്രതിദിനം എത്ര ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ടെന്നും ഇതിൽ ഫ്ലാറ്റുകൾക്ക് വിതരണം ചെയ്യുന്ന കുടിവെള്ളം എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ സബ് ഡിവിഷനിലും പ്രതിമാസം കുടിവെള്ള വിതരണത്തിലൂടെ ലഭിക്കുന്ന വരുമാനമെത്രയെന്നും ഇതിൽ ഫ്ലാറ്റുകളിൽ നിന്നും ലഭിക്കുന്ന വരുമാനം എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ പള്ളിമുക്കിലുള്ള വാട്ടർ അതോറിറ്റിയുടെ പബ്ലിക് ഹെൽത്ത് ഡിവിഷന് കീഴിൽ 5 സബ്ഡിവിഷനുകളുണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. വാട്ടർ വർക്ക്സ് സബ്ഡിവിഷൻ പള്ളിമുക്ക്.
2. വാട്ടർ വർക്ക്സ് സബ്ഡിവിഷൻ കലൂർ
3. വാട്ടർ വർക്ക്സ് സബ്ഡിവിഷൻ കുരുവേലിപ്പടി
4. വാട്ടർ വർക്ക്സ് സബ്ഡിവിഷൻ വൈറ്റില
5. സ്വിവറേജ് സബ്ഡിവിഷൻ കൊച്ചി -16.

(ബി) പ്രസ്തുത ജില്ലയിൽ ഹൈക്കോടതിക്ക് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ വാട്ടർ സപ്ലൈ ഡിവിഷന് കീഴിൽ 4 സബ്ഡിവിഷനുകളുണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. വാട്ടർ സപ്ലൈ സബ്ഡിവിഷൻ, തൃപ്പൂണിത്തുറ.
2. വാട്ടർ സപ്ലൈ സബ്ഡിവിഷൻ, കളമശ്ശേരി.
3. വാട്ടർ സപ്ലൈ സബ്ഡിവിഷൻ, പുത്തൻകുരിശ്
4. വാട്ടർ സപ്ലൈ സബ്ഡിവിഷൻ, നോർത്ത് പറവൂർ

(സി) പബ്ലിക് ഹെൽത്ത് ഡിവിഷൻ പള്ളിമുക്കിന്റെയും വാട്ടർ സപ്ലൈ ഡിവിഷൻ കൊച്ചി 18-ന്റെയും കീഴിലുള്ള ഓരോ സബ് ഡിവിഷനുകളുടെയും വാട്ടർ കണക്ഷനുകളുടെ എണ്ണവും ഇതിൽ ഫ്ലാറ്റ് കണക്ഷനുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

**പബ്ലിക് ഹെൽത്ത് ഡിവിഷൻ പള്ളിമുക്ക് കൊച്ചി -16**

| സബ് ഡിവിഷൻ | ആകെയുള്ള കണക്ഷൻ | ഫ്ലാറ്റ് കണക്ഷൻ |
|---|---|---|
| വാട്ടർ വർക്സ് സബ്ഡിവിഷൻ പള്ളിമുക്ക് | 35,726 | 290 |
| വാട്ടർ വർക്സ് സബ്ഡിവിഷൻ കലൂർ | 39,265 | 256 |
| വാട്ടർ വർക്സ് സബ്ഡിവിഷൻ കുരുവേലിപ്പടി | 62,456 | 33 |
| വാട്ടർ വർക്സ് സബ്ഡിവിഷൻ വൈറ്റില | 37,279 | 311 |

**വാട്ടർ സപ്ലൈ സബ് ഡിവിഷൻ കൊച്ചി -18**

| സബ് ഡിവിഷൻ | ആകെയുള്ള കണക്ഷൻ | ഫ്ലാറ്റ് കണക്ഷൻ |
|---|---|---|
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, തൃപ്പൂണിത്തുറ. | 46,726 | 183 |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, കളമശ്ശേരി. | 42,712 | 447 |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, പുത്തൻകുരിശ് | 10,220 | 7 |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, നോർത്ത് പറവൂർ | 98,301 | 8 |

(ഡി) ഓരോ സബ്ഡിവിഷനിലും പ്രതിദിനം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെയും ഫ്ലാറ്റുകൾക്ക് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പബ്ലിക് ഹെൽത്ത് ഡിവിഷൻ പള്ളിമുക്ക് കൊച്ചി -16**

| സബ് ഡിവിഷൻ | ആകെ വിതരണം ചെയ്യുന്നത് | ഫ്ലാറ്റുകളിൽ വിതരണം ചെയ്യുന്നത് |
|---|---|---|
| വാട്ടർ വർക്സ് സബ്ഡിവിഷൻ പള്ളിമുക്ക് | 85 MLD | 5.20 MLD |
| വാട്ടർ വർക്സ് സബ്ഡിവിഷൻ കലൂർ | 32.568 MLD | 0.931 MLD |
| വാട്ടർ വർക്സ് സബ്ഡിവിഷൻ കുരുവേലിപ്പടി | 50 MLD | 16.60 MLD |
| വാട്ടർ വർക്സ് സബ്ഡിവിഷൻ വൈറ്റില | 40 MLD | 2.58 MLD |

**വാട്ടർ സപ്ലൈ സബ് ഡിവിഷൻ കൊച്ചി -18**

| സബ് ഡിവിഷൻ | ആകെ വിതരണം ചെയ്യുന്നത് | ഫ്ലാറ്റുകളിൽ വിതരണം ചെയ്യുന്നത് |
|---|---|---|
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, തൃപ്പൂണിത്തുറ. | 45.5 MLD | 49.34 KL |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, കളമശ്ശേരി. | 27.71 MLD | 8.6 MLD |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, പുത്തൻകുരിശ് | 7.2 MLD | 0.046 MLD |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, നോർത്ത് പറവൂർ | 73 MLD | 1200 KL |

(ഇ) ഓരോ സബ്ഡിവിഷനിലെയും പ്രതിമാസം കുടിവെള്ള വിതരണത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെയും ഫ്ലാറ്റുകളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പബ്ലിക് ഹെൽത്ത് ഡിവിഷൻ പള്ളിമുക്ക് കൊച്ചി -16**

| സബ് ഡിവിഷൻ | ആകെ വരുമാനം | ഫ്ലാറ്റ് കണക്ഷനുകളിലെ വരുമാനം |
|---|---|---|
| വാട്ടർ വർക്സ് സബ്ഡിവിഷൻ പള്ളിമുക്ക് | 285 ലക്ഷം | 19.3 ലക്ഷം |
| വാട്ടർ വർക്സ് സബ്ഡിവിഷൻ കലൂർ | 114 ലക്ഷം | 4.33 ലക്ഷം |
| വാട്ടർ വർക്സ് സബ്ഡിവിഷൻ കുരുവേലിപ്പടി | 104 ലക്ഷം | 12.32 ലക്ഷം |
| വാട്ടർ വർക്സ് സബ്ഡിവിഷൻ വൈറ്റില | 101 ലക്ഷം | 6 ലക്ഷം |

**വാട്ടർ സപ്ലൈ സബ് ഡിവിഷൻ കൊച്ചി -18**

| സബ് ഡിവിഷൻ | ആകെ വരുമാനം | ഫ്ലാറ്റ് കണക്ഷനുകളിലെ വരുമാനം |
|---|---|---|
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, തൃപ്പൂണിത്തുറ. | 75.67 ലക്ഷം | 4.18 ലക്ഷം |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, കളമശ്ശേരി. | 105 ലക്ഷം | 20 ലക്ഷം |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, പുത്തൻകുരിശ് | 15 ലക്ഷം | 2.44 ലക്ഷം |
| വാട്ടർ സപ്ലൈ സബ്ഡിവിഷൻ, നോർത്ത് പറവൂർ | 91.78 ലക്ഷം | 0.48 ലക്ഷം |

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

233(2851) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ജലനിധി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത മണ്ഡലത്തിൽ മോട്ടോർ തകരാറുകൾമൂലം കുടിവെള്ള വിതരണം വ്യാപകമായി മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ എന്നീ പഞ്ചായത്തുകളിലായി യഥാക്രമം 25, 23, 38 എണ്ണം പദ്ധതികൾ ജലനിധി ഒന്നാം ഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കി ജനകീയ സമിതികൾക്ക് നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലനിധി പദ്ധതികളുടെ പരിപാലനം പൂർണ്ണമായും ജനകീയ സമിതിക്കാണെങ്കിലും കാലപ്പഴക്കംമൂലം മോട്ടോർ തകരാറുകൾ, മറ്റ് തകരാറുകൾ എന്നിങ്ങനെയുള്ള കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി ജലനിധി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തകരാറുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പദ്ധതികളിൽ അവ പരിഹരിക്കുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ സാങ്കേതികാനുമതി നൽകിയ പദ്ധതികളുടെ നിർവ്വഹണത്തിനുള്ള ആദ്യ ഗഡു അതാത് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

## മുരിയാട്- വെള്ളക്കര കുടിവെള്ള പദ്ധതി

234(2852) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച മുരിയാട്-വേളൂക്കര കുടിവെള്ള പദ്ധതിക്ക് എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ ഡി.പി.ആർ ആണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

### ഉത്തരം

ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഉദ്ദേശിച്ച മൂരിയാട്-വേളൂക്കര ശുദ്ധജല വിതരണ പദ്ധതിക്ക് 60 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2016-ൽ DSR 2014 പ്രകാരം തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പരിഗണിച്ചില്ല.

ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്ന തുമായ പദ്ധതികളിൽ വിതരണശൃംഖല സ്ഥാപിക്കുവാനുള്ള 128 പദ്ധതികൾക്കാണ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരിക്കുന്ന അഞ്ചു വർഷത്തേയ്ക്കുള്ള ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷമേ പുതിയ പദ്ധതികൾ ധനലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ.

## തിരുനാവായ ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതി

235(2853) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുനാവായ ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതിയുടെ ശുദ്ധജലവിതരണം മുടങ്ങിയത് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് സൂപ്രണ്ടിംഗ് എൻജിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ആയിരക്കണക്കിന് കുടുംബങ്ങളെ ബാധിക്കുന്ന പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) റെയിൽവേയുടെ അനുമതി ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുനാവായ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിനിൽ ചോർച്ച കണ്ടെത്തിയതിനെ തുടർന്ന് പരിഹരിക്കുവാൻ ശ്രമിച്ചെങ്കിലും റെയിൽവേ ട്രാക്കിനടിയിൽ സ്ഥാപിച്ച പൈപ്പിലാണ് ചോർച്ച എന്നതിനാൽ അടിയന്തര പരിഹാരം കാണുവാൻ സാധിച്ചില്ല. ഇരുഭാഗത്തുമുള്ള ചോർച്ച പരിഹരിക്കുവാൻ റെയിൽവേ അധികൃതർ അനുമതി തരാത്തതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കി പുതിയതായി പണി കഴിപ്പിച്ച മേൽപ്പാലത്തിനടിയിലൂടെ ബൈപ്പാസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുവാൻ 1.77 കോടി രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റിന് സ്റ്റേറ്റ് പ്ലാൻ 2019-20-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് വർക്ക് ഓർഡർ കൊടുത്തിട്ടുമുണ്ട്. റെയിൽവെ അടക്കമുള്ള വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) തിരുനാവായ പദ്ധതിയുടെ നിലവിലുള്ള പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ പ്രവൃത്തിക്ക് കരാർ കൊടുക്കുകയും പൈപ്പുകൾ എത്തിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്.

(സി) പാലക്കാട് റെയിൽവെ ഡിവിഷൻ ഓഫീസുമായി ബന്ധപ്പെട്ട് റെയിൽവെ മേൽപ്പാലത്തിനടിയിലൂടെ ഭൂമി തുരന്ന് കേസിംഗ് പൈപ്പ് സ്ഥാപിച്ച് അതിനകത്ത് പൈപ്പ് ഇറക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് അനുമതിക്കായുള്ള അപേക്ഷ ചെന്നൈയിലുള്ള റെയിൽവേ റീജിയണൽ ഓഫീസിൽ പരിഗണനയിലാണ്.

## വളാഞ്ചേരി നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ

236(2854) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ നൽകിയ 845/M(WR)/2019, 844/M(WR)/2019 എന്നീ നമ്പരിലുള്ള ഫയലുകളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) വളാഞ്ചേരി നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) വളാഞ്ചേരി-ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; കിഫ്ബി വഴിയുള്ള പ്രസ്തുത പദ്ധതി സംബന്ധിച്ച് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി പ്രവീണയുടെ 1231/M(WR)/ VIP/2019 നമ്പർ നിവേദനത്തിലും നജാത്തുൽ ഇസ്ലാം സഭ സെക്രട്ടറിയുടെ 1224/M(WR)/VIP/2019 നമ്പർ നിവേദനത്തിലും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 1228/M(WR)/VIP/2019 നമ്പർ നിവേദനത്തിലും ചീഫ് എഞ്ചിനിയർ ഭരണവിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ നൽകിയ നിവേദനം 8-8-2019-ലെ സർക്കാർ കത്ത് നമ്പർ WS C3/255/2019-WRD മുഖേന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എം.ഡി., കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇരുമ്പിളിയം വളാഞ്ചേരി കുടിവെള്ള പദ്ധതി ഇരിമ്പിളിയം പഞ്ചായത്തിൽ 2009-ലും അന്നത്തെ വളാഞ്ചേരി പഞ്ചായത്തിൽ (ഇന്നത്തെ വളാഞ്ചേരി മുനിസിപ്പാലിറ്റി) 2010 -ലും ആണ് കമ്മീഷൻ ചെയ്തത്. ആളോഹരി 70 ലിറ്റർ വെള്ളം നൽകാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ എല്ലാ ഉയർന്ന പ്രദേശങ്ങളിലേയ്ക്കും തിരുനാവായ പദ്ധതിയിൽ നിന്നും ജലവിതരണം സാങ്കേതികമായി സാധ്യമല്ലാത്തതിനാൽ കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എടയൂർ കുടിവെള്ള പദ്ധതിയിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിലെയും ഇരുമ്പിളിയം പഞ്ചായത്തിലെയും സർവ്വീസ് ലെവൽ (കൂടുതൽ ജലം ലഭ്യമാക്കൽ) കൂട്ടുന്നത് കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്ക് സർക്കാരിൽ നിന്നും 53.40 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം ലഭ്യമാക്കി. ഉത്തരവ് നമ്പർ WRD 025-14-PA-01 തീയതി 14-6-2018 പ്രകാരം കിഫ്ബിയിൽ നിന്നും 47.21 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ 26 എം.എൽ.ഡി. ജലശുദ്ധീകരണശാല, 10.8 LL സമ്പ്, ഉപരിതല ജല സംഭരണി, ഭൂതല ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്സ്, സബ്സ്റ്റേഷൻ ബിൽഡിംഗ്, ട്രാൻസ്ഫോർമർ, വിതരണശൃംഖല എന്നിവ വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനായി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ടും മൂന്നും പാക്കേജുകളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഉയർന്ന പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പ് ലൈനുകളിലെല്ലാം വെള്ളം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

<u>പാക്കേജ് 1</u> - നിലവിലുള്ള കിണറിന്റെ പുനരുദ്ധാരണം, 26 എം.എൽ.ഡി. ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ, പമ്പിംഗ് മെയിൻ, 10.8 ലക്ഷം ലിറ്റർ സമ്പ്, 25.2 ലക്ഷം ലിറ്റർ ഉപരിതല സംഭരണി, 23 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, സബ്സ്റ്റേഷൻ ബിൽഡിംഗ് എന്നിവ. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ പരിശോധനയിലാണ്. ടി ടെണ്ടറിൽ ഉൾപ്പെട്ട ജലശുദ്ധീകരണശാലയുടെ സാങ്കേതികവിദ്യയെക്കുറിച്ച് ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയറോട് ആരായുകയും ആയതിനുള്ള മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത് പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പാക്കേജ് 2</u> - എടയൂർ പഞ്ചായത്തിനുള്ള ജലവിതരണ ശൃംഖല.

പാക്കേജ് 3 - ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നീ പ്രവൃത്തികൾ.

പാക്കേജ് രണ്ടിന്റെയും മൂന്നിന്റെയും സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പാക്കേജ് ഒന്നിന്റെ അംഗീകാരത്തിനുശേഷം മാത്രമേ രണ്ടിന്റെയും മൂന്നിന്റെയും സാങ്കേതികാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

(ഡി) ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത് മെമ്പർ, ശ്രീമതി പ്രവീണ, നജാത്തുൽ ഇസ്ലാം സഭ സെക്രട്ടറി, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നിവേദനങ്ങൾ വിശദമായ റിപ്പോർട്ടിനായി ജലസേചനവും ഭരണവും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിൽ കിഫ്ബി വഴി കുടിവെള്ള പദ്ധതികൾ

237(2855) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ കിഫ്ബി വഴി നടത്തുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ കിഫ്ബിയുടെ ധനസഹായാനുമതി ലഭിച്ച 4 വൻകിട പദ്ധതികളും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്ന 6 പ്രവൃത്തികളുമാണുള്ളത്. ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## അത്തിക്കയം പെരുനാട് കുടിവെള്ള പദ്ധതി

238(2856) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തിക്കയം- പെരുനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്; ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ&ബി) പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (NRDWP) യിൽ ഉൾപ്പെടുത്തി 1400 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട റാ വാട്ടർ പമ്പിംഗ് മെയിൻ, 8 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാല, കോട്ടുപാറ ജലസംഭരണിയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (150 എംഎം ഡി.ഐ. - കെ -9 പൈപ്പ്) ഇടപ്രാമലയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (100 എംഎം ഡി.ഐ. - കെ -9 പൈപ്പ്), മുക്കം ജംഗ്ഷൻ വരെയുള്ള ഗ്രാവിറ്റി മെയിൻ (500 എംഎം ഡി.ഐ. - കെ -9 പൈപ്പ്) എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ അവശേഷിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി 331 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇതിൽ ഉൾപ്പെട്ട ഇൻടേക്ക് പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻടേക് കിണറിന്റെ നവീകരണം, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കൽ, പഞ്ചാരമുക്കിൽ പമ്പ് ഹൗസും ജലസംഭരണിയും, ചെമ്പൻ മുടിയിലെ ജലസംഭരണി എന്നീ പ്രവൃത്തികൾക്കുള്ള ദർഘാസ് നടപടികൾ നടന്നുവരുന്നു.

പെരുനാട് അത്തിക്കയം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവൃത്തികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 4140 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായി തിരിച്ചാണ് രണ്ടാം ഘട്ടം പദ്ധതി നിർവ്വഹണം നടത്തുന്നത്. രണ്ടാം ഘട്ടം പദ്ധതിയിൽ പെരുനാട്, അത്തിക്കയം പഞ്ചായത്തുകളിലേയ്ക്കാവശ്യമായ വിതരണശൃംഖല പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പാക്കേജ് ഒന്നിൽ ഉൾപ്പെടുത്തി ഏഴ് സോണുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിൽ ഏഴ് സോണുകളിലേയ്ക്കുള്ള വിതരണശൃംഖല, ജലശുദ്ധീകരണശാല മുതൽ മണംപുഴ സമ്പ് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പാക്കേജ് രണ്ടിൽ ഉൾപ്പെട്ട 8, 9, 10, 11 എന്നീ സോണുകളിലേയ്ക്കുള്ള വിതരണശൃംഖല, ജല ശുദ്ധീകരണശാല മുതൽ പഞ്ചാരമുക്ക് സാംപ് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണശാല മുതൽ മുണ്ടൻമല ലോ ലെവൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, മുണ്ടൻമല ലോ ലെവൽ പമ്പ് ഹൗസ്, കോട്ടുപാറ മുതൽ മാമ്പാറ ടാങ്ക് വരെയുള്ള ഗ്രാവിറ്റി മെയിൻ, പഞ്ചാരമുക്ക് സംപ് മുതൽ ചെമ്പൻമുടി ടാങ്ക് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ

ഘടകങ്ങൾ പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ രണ്ടു പഞ്ചായത്തുകളിലെയും വിതരണശൃംഖല ഉൾപ്പെടെയുള്ള ഘടകങ്ങൾ (പമ്പ് സെറ്റുകൾ ഒഴികെ) പൂർണ്ണമാകുന്നതാണ്.

പാക്കേജ് മൂന്നിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പമ്പ് ഹൗസുകളിൽ സ്ഥാപിക്കേണ്ട പമ്പ് സെറ്റുകൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി)1. പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം (NRDWP) -1400 ലക്ഷം രൂപ.

2. പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം Balance work (സ്റ്റേറ്റ് പ്ലാൻ) -331 ലക്ഷം രൂപ.

3. പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം (കിഫ്ബി) - 4140 ലക്ഷം രൂപ.

(ഡി) പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ നിലവിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ 2020 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പത്തനാപുരം മണ്ഡലത്തിലെ പട്ടാഴി ജലശുദ്ധീകരണശാല**

239(2857) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ പട്ടാഴി ജല ശുദ്ധീകരണശാലയോട് അനുബന്ധിച്ച് ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുവാനുള്ള ലാബ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിലേയ്ക്ക് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ജല ശുദ്ധീകരണ ശാലയിൽ ലഭ്യമാണെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ അനുകൂല നടപടി സർക്കാർ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പദ്ധതികൾ വഴി വിതരണം ചെയ്യുന്ന ജലം പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും നിലവിലുള്ള ജില്ലാ ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എല്ലാ ലാബുകൾക്കും NABL അംഗീകാരം നേടിയെടുക്കുന്നതിനാണ് ഇപ്പോൾ

അതോറിറ്റി ഊന്നൽ നൽകിയിരിക്കുന്നത്. കേന്ദ്ര സർക്കാർ പദ്ധതിയായ NRDWP-യിൽ ഉൾപ്പെടുത്തി പുതിയ സബ് ഡിസ്ട്രിക്ട് ലാബ് കൊല്ലം ജില്ലയിൽ അനുവദിക്കുന്ന വേളയിൽ പട്ടാഴി ജല ശുദ്ധീകരണശാലയോട് അനുബന്ധിച്ച് ലഭ്യമായ സ്ഥലത്ത് ലാബ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പത്തനാപുരം മണ്ഡലത്തിലെ മാങ്കോട് കുടിവെള്ള പദ്ധതി**

240(2858) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ മാങ്കോട് കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രൂക്ഷമായ കുടിനീർക്ഷാമം അനുഭവപ്പെട്ടുവരുന്ന മാങ്കോട് പ്രദേശത്ത് ജലസംഭരണികളിൽ വെള്ളം എത്തിക്കുന്നതിനും വിതരണം നടത്തുന്നതിനും എന്തൊക്കെ പ്രായോഗിക മാർഗ്ഗങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ മാങ്കോട് കുടിവെള്ള പദ്ധതിയുടെ വിശദമായ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള ഇൻവെസ്റ്റ്മെന്റ് പദ്ധതിയിൽ, ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയായതും മതിയായ വിതരണശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്കാണ് പ്രാമുഖ്യം നൽകിയിരുന്നത്. ഈ വിഭാഗത്തിൽ മാങ്കോട് പദ്ധതിയും ഉൾപ്പെടുന്നു.

(ബി) മാങ്കോട് കുടിവെള്ള പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ ഡി.ഇ.ആർ. പ്രകാരം, നിലവിലുള്ള കുരിയാട്ടുമല ജലശുദ്ധീകരണശാലയിൽനിന്നും ഏകദേശം 16626 മീറ്റർ ദൂരത്തിൽ ജലം പമ്പ് ചെയ്ത് മാങ്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന 1.7 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതലസംഭരണിയിലും വാഴപ്പാറയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 2.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയിലും ശേഖരിക്കുവാനും, വാഴപ്പാറയിൽനിന്നും 3331 മീറ്റർ ഗ്രാവിറ്റി മെയിൻ സ്ഥാപിച്ച് മുത്തിക്കോണം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന നിലവിലുള്ള 31500 ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയിൽ ജലം ശേഖരിക്കുവാനാണ്

വിഭാവനം ചെയ്യുന്നത്. ഇതുകൂടാതെ അമ്മൂമ്മക്കാവിനു സമീപം 40000 ലിറ്റർ ശേഷിയുള്ള ഒരു ഉപരിതല സംഭരണിയും ഇതിൽ നിന്നും 200 എം.എം. മുതൽ 90 എം.എം. വരെയുള്ള വിവിധ വലിപ്പത്തിലുള്ള പൈപ്പുകൾ ഉൾപ്പെട്ട 65.218 കിലോമീറ്റർ വിതരണശൃംഖലയും സ്ഥാപിക്കുന്ന പ്രവൃത്തിയും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

**മാനന്തവാടി ശുദ്ധജലവിതരണ പദ്ധതി**

241(2859) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പുതുതായി എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകളിലേയ്ക്ക് ഈ പദ്ധതിയിൽ നിന്നും കൂടുതൽ വെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി ശുദ്ധജലവിതരണ പദ്ധതിയിൽ പുതിയതായി 23 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) മാനന്തവാടി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകളിലേയ്ക്ക് കൂടുതൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി മാനന്തവാടി ചൂട്ടക്കടവിൽ നിർമ്മിച്ച 10 എം.എൽ.ഡി. ജലശുദ്ധീകരണശാലയിൽ നിന്നും മാനന്തവാടിയിലേയ്ക്ക് നബാർഡ് ധനസഹായത്തോടുകൂടി 23 കി.മീ. വിതരണശൃംഖല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ എടവക, നല്ലൂർനാട് എന്നീ വില്ലേജുകളിലേയ്ക്ക് 70 കിലോമീറ്ററോളം നീളത്തിൽ വിതരണശൃംഖലകളും സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ട്രയൽ റണ്ണിംഗ്, ചാർജ്ജിംഗ് വർക്കുകൾ എന്നിവ നടത്തിവരികയാണ്. മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ബഹുമാനപ്പെട്ട മാനന്തവാടി നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ കല്ലുമൊട്ടംകുന്ന് പ്രദേശങ്ങളിലേയ്ക്ക് വിതരണശൃംഖലകൾ ദീർഘിപ്പിച്ച് ജലവിതരണം സാദ്ധ്യമാക്കിയിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിൽ പ്രളയത്തിൽ കേട്ടുപറ്റിയ ജലസേചന പദ്ധതികൾ

242(2860) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ജലസേചന/ജല വിതരണ പദ്ധതികൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേടുപാടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ജലസേചന പദ്ധതികൾ താഴെ ചേർക്കുന്നു.

1. പൂക്കോട്ടുമണ്ണ റെഗുലേറ്റർ-കം-ബ്രിഡ്ജ്
2. പൂവത്തിക്കടവ് എൽ.ഐ.എസ്.
3. കൊത്തുപാറ എൽ.ഐ.എസ്.
4. ഗ്രാമംകടവ് എൽ.ഐ.എസ്.
5. കടുവാക്കുഴി I എൽ.ഐ.എസ്.
6. കടുവാക്കുഴി II എൽ.ഐ.എസ്.
7. മണലി എൽ.ഐ.എസ്.
8. മൂച്ചിപ്പുരത എൽ.ഐ.എസ്.
9. മുപ്പിനി എൽ.ഐ.എസ്.
10. കുരുന്തോട്ടിമണ്ണ എൽ.ഐ.എസ്.
11. തെക്കേപ്പാലാട് എൽ.ഐ.എസ്.
12. ചളിക്കൽപ്പൊട്ടി എൽ.ഐ.എസ്.
13. പാലങ്കര എൽ.ഐ.എസ്.
14. എടക്കര എൽ.ഐ.എസ്.

കേരള വാട്ടർ അതോറിറ്റി നിലമ്പൂർ മണ്ഡലത്തിലെ പൂർത്തീകരിക്കാനുള്ള ചുങ്കത്തറ-പൂക്കോട്ടുമണ്ണ കടവിൽ ചാലിയാർ പുഴ സ്രോതസ്സായി വിഭാവനം ചെയ്തിട്ടുള്ള ചുങ്കത്തറ, എടക്കര, വഴിക്കടവ്, പോത്തുക്കല്ല് സമഗ്ര കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിലും ചെറിയ തകരാറുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ കിണറിലും പമ്പ് ഹൗസിലും ചെളി നിറഞ്ഞിട്ടുണ്ട്. നിലമ്പൂർ അമരമ്പലം, എടക്കര, പടിഞ്ഞാട്ടുംപാടം എന്നീ കുടിവെള്ള പദ്ധതികളുടെ ശുദ്ധീകരണ ശാലകളിലും പമ്പ് ഹൗസുകളിലും വെള്ളം കയറുകയും പമ്പ്, മോട്ടോറുകൾ തുടങ്ങിയ വിവിധ ഇലക്ട്രിക്കൽ മെക്കാനിക്കൽ ഉപകരണങ്ങൾക്കു കേടുപാടുകൾ സംഭവിക്കുകയും പ്രസ്തുത പദ്ധതികളുടെ ജലവിതരണം തടസ്സപ്പെടുകയും ചെയ്തിരുന്നു.

നിലമ്പൂർ നിയോജകമണ്ഡലത്തിൽ വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല്, ചുങ്കത്തറ എന്നീ പഞ്ചായത്തുകളിലായി 128 കുടിവെള്ള വിതരണ പദ്ധതികൾ ജലനിധി ഒന്നാം ഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കി ജനകീയ സമിതികൾക്ക് നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. ഇവയിൽ 2019-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1. ഹൈസ്കൂൾ കുന്നു കുടിവെള്ള പദ്ധതി - ചുങ്കത്തറ ഗ്രാമപഞ്ചായത്ത്.
2. കുട്ടംകുളം -പോത്തുകൽ ഗ്രാമപഞ്ചായത്ത്.
3. മാക് സമഗ്ര കുടിവെള്ള പദ്ധതി - പോത്തുകൽ ഗ്രാമപഞ്ചായത്ത്.
4. കോട്ടമല കുടിവെള്ള പദ്ധതി - മൂത്തേടം ഗ്രാമപഞ്ചായത്ത്.

(ബി) പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുടെയും എൽ.ഐ. സ്കീമുകളിലെ കേടുപാടുകൾ തീർക്കുന്നതിനുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. താഴെപ്പറയുന്ന എൽ.ഐ. പദ്ധതികളുടെ സിവിൽ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കേന്ദ്രസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

1. പൂവത്തിക്കടവ് എൽ.ഐ.എസ്.
2. കൊത്തുപാറ എൽ.ഐ.എസ്.
3. ഗ്രാമംകടവ് എൽ.ഐ.എസ്.
4. കടുവാക്കുഴി എൽ.ഐ.എസ്.

5. മണലി എൽ.ഐ.എസ്.

6. മൂച്ചിപ്പരത എൽ.ഐ.എസ്.

7. മൂപ്പിനി എൽ.ഐ.എസ്.

8. കുരുന്തോട്ടിമണ്ണ എൽ.ഐ.എസ്.

9. തെക്കേപ്പാലാട് എൽ.ഐ.എസ്.

10. ചളിക്കൽപ്പൊട്ടി എൽ.ഐ.എസ്.

11. പാലങ്കര എൽ.ഐ.എസ്.

12. എടക്കര എൽ.ഐ.എസ്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളിലെ കേടുപാടുകൾ അടിയന്തരമായി പരിഹരിച്ച് ജലവിതരണം നടത്തിവരുന്നു.

കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട പദ്ധതികളെ ജലനിധി സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി തകരാറുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ കുടിവെള്ള പദ്ധതിക്ക് ഫണ്ട്

243(2861) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മാത്തൂർ, പിരായിരി, കോട്ടായി എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മാത്തൂർ, പിരായിരി, കോട്ടായി എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. മാർഗ്ഗരേഖ ലഭ്യമായാൽ അതിനനുസരിച്ച് പുതിയ പദ്ധതികൾ പരിഗണിക്കുന്നതാണ്.

## കുറത്തികാട് കുടിവെള്ള പദ്ധതി

244(2862) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കുറത്തികാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി 2020 ജനുവരിയിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായ കുറത്തിക്കാട് കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ കമ്മീഷൻ ചെയ്ത് ഈ ഘടകങ്ങൾ പൊതുവായി വരുന്ന മറ്റൊരു പദ്ധതിയായ മാന്നാർ-ചെന്നിത്തല കുടിവെള്ള പദ്ധതിക്ക് ജലവിതരണം നടത്തി വരുന്നു. മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നടപ്പാതയിലെ ഡക്റ്റിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനുമതിക്കായി റെയിൽവേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് റെയിൽവേ നിരസിക്കുകയുണ്ടായി. തുടർന്ന് കല്ലുമല റെയിൽവെ ഓവർബ്രിഡ്ജിന് സമാന്തരമായി പൈപ്പ് സ്ഥാപിച്ച് റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്നതിലേയ്ക്ക് പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈനും അനുബന്ധരേഖകളും റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയിൽനിന്നും അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരണത്തിനാവശ്യമായ റെയിൽവേ മേൽപ്പാലം, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിലെ ഗ്യാപ് വർക്കുകൾ, കുറത്തികാട് ടാങ്കിന്റെ വെർട്ടിക്കൽ കണക്ഷൻ, ഡിസ്ട്രിബ്യൂഷൻ പൈപ്പുകളുടെ ഇന്റർകണക്ഷൻ തുടങ്ങിയവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## തളിപ്പറമ്പ് താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതി

245(2863) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഉൾപ്പെടെയുള്ള സമീപ പഞ്ചായത്തുകൾക്ക് വേണ്ടി തയ്യാറാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം

ഏതെല്ലാം പഞ്ചായത്തുകളിലാണ് കുടിവെള്ളം വിതരണം നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പ്ലാന്റിന് എത്ര ലിറ്റർ വെള്ളം ശുദ്ധീകരിച്ച് സംഭരിക്കാനുള്ള സ്റ്റോറേജ് കപ്പാസിറ്റി ഉണ്ടെന്നും എത്ര ലിറ്റർ വെള്ളമാണ് വിതരണം ചെയ്യുന്നതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി കടന്നുപോകുന്ന ഇരിക്കൂർ, ചെങ്ങളായി പഞ്ചായത്തുകളും ശ്രീകണ്ഠപുരം നഗരസഭയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം താഴെപ്പറയുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ള വിതരണം നടത്തുന്നുണ്ട്.

1. തളിപ്പറമ്പ് മുനിസിപ്പാലിറ്റി
2. ആന്തൂർ മുനിസിപ്പാലിറ്റി
3. പട്ടുവം ഗ്രാമപഞ്ചായത്ത്
4. പരിയാരം ഗ്രാമപഞ്ചായത്ത്
5. കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്
6. ഏഴോം ഗ്രാമപഞ്ചായത്ത്
7. മാട്ടൂൽ ഗ്രാമപഞ്ചായത്ത്
8. കണ്ണപുരം ഗ്രാമപഞ്ചായത്ത്
9. ചെറുകുന്ന് ഗ്രാമപഞ്ചായത്ത്
10. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്
11. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്
12. കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്
13. മാടായി ഗ്രാമപഞ്ചായത്ത്
14. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്.

(ബി) ഈ പദ്ധതിയിലൂടെ പ്ലാന്റിന് പ്രതിദിനം 90 ദശലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിച്ച് സംഭരിക്കാനും വിതരണം ചെയ്യുന്നതിനുള്ള കപ്പാസിറ്റിയുണ്ട്. 30 ദശലക്ഷം ലിറ്റർ വെള്ളമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിനെയും ശ്രീകണ്ഠപുരം നഗരസഭയിലെ നിടിയേങ്ങ വില്ലേജിനെയും ഉൾപ്പെടുത്തുന്നതിന്റെ സാങ്കേതികത കേരള വാട്ടർ അതോറിറ്റിയുടെ ചീഫ് എഞ്ചിനീയർ (നോർത്ത് റീജിയൺ) ഓഫീസിൽ പരിശോധിച്ചുവരുന്നു. ഇരിക്കൂർ പഞ്ചായത്ത് ജലനിധി പഞ്ചായത്താണ്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ബൾക്ക് സപ്ലൈ മുഖേനയാണ് നിലവിൽ ഇരിക്കൂർ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്തുവരുന്നത്.

**ചങ്ങനാശ്ശേരി, തിരുവല്ല നഗരങ്ങളിലെ കുടിവെള്ളക്ഷാമം**

246(2864) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി,തിരുവല്ല നഗരങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത നഗരങ്ങളിലേയ്ക്ക് കൂടുതൽ വെള്ളം എത്തിക്കുവാൻ ആരംഭിച്ചിരിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ചങ്ങനാശ്ശേരി നഗരസഭയിലേക്ക് അധികമായി ലഭിക്കുന്ന ജലത്തിന്റെ അളവെത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി, തിരുവല്ല നഗരങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത നഗരങ്ങളിലേയ്ക്ക് കൂടുതൽ വെള്ളമെത്തിക്കുവാനും വേണ്ടി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 'തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതിക്കു കിഫ്ബിയിൽനിന്നും 58 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

5 പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഒന്നാമത്തെ പാക്കേജിൽ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, നിലവിൽ 25 എം.എൽ.ഡി. ശേഷിയും, 33 എം.എൽ.ഡി. ശേഷിയുമുള്ള ജലശുദ്ധീകരണശാലകളുടെ നവീകരണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. ഒന്നാം പാക്കേജിന്റെ പ്രവൃത്തികൾ 75% പൂർത്തീകരിച്ചു.

രണ്ടാമത്തെ പാക്കേജിൽ 15 ലക്ഷം ലിറ്റർ കപ്പാസിറ്റിയും, 22 ലക്ഷം ലിറ്റർ കപ്പാസിറ്റിയുമുള്ള ഉന്നതതല ജലസംഭരണികൾ (തിരുമൂലപുരത്തും തിരുവല്ലയിലും) ബന്ധപ്പെട്ട ട്രാൻസ്മിഷൻ മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. മേൽ പ്രവൃത്തികൾ 70% പൂർത്തീകരിച്ചു.

മൂന്നാം പാക്കേജിൽ കുറ്റൂർ, തിരുവൻവണ്ടൂർ പഞ്ചായത്തുകളിൽ 15 ലക്ഷം വീതം കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം, ബന്ധപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണശൃംഖലകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ മേൽ പ്രവൃത്തികൾക്ക് സ്ഥലം ലഭ്യമായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

നാലാം പാക്കേജിൽ നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും അപ്ഗ്രഡേഷൻ വർക്കുകളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്.

കൂടാതെ അഞ്ചാം പാക്കേജിൽ കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ചങ്ങനാശ്ശേരി നഗരസഭയിലേയ്ക്ക് 5 എം.എൽ.ഡി. ശുദ്ധജലം അധികമായി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) മേൽ പദ്ധതി മാർച്ച് 2020-ൽ പൂർത്തീകരിക്കാമെന്നാണ് കണക്കാക്കിയിരുന്നതെങ്കിലും മൂന്നാമത്തെ പാക്കേജിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടും പി.ഡബ്ല്യു.ഡി.-യിൽനിന്നും റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സംബന്ധിച്ചും തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം 2021 മാർച്ച് വരെ നീളാൻ സാധ്യതയുണ്ട്. എന്നിരുന്നാലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനായി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

## പെരിന്തൽമണ്ണ കുത്തുപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

247(2865) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തില കുത്തു പറമ്പ് ഏരിയ കാർഷിക വികസന സൊസൈറ്റിയുടെ കീഴിൽ തുതയിൽ സ്ഥാപിച്ചിട്ടുള്ള കുത്തുപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പുലൈനുകൾ കാലപ്പഴക്കംകൊണ്ട് തുടർച്ചയായി പൊട്ടുന്നത് ജലവിതരണത്തെ ബാധിക്കുന്നതായുള്ള സൊസൈറ്റിയുടെ നിവേദനത്തിന്മേൽ ചീഫ് എഞ്ചിനീയർ (ഐ&എ) എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 9-10-2019-ലെ 1300/M (WR/VIP/19) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രദേശത്തെ ചെറുകിട കർഷകർക്കും പൊതുജനങ്ങൾക്കും വളരെയധികം പ്രയോജനപ്രദമായ പദ്ധതി എന്ന നിലയിൽ കാലപ്പഴക്കം ചെന്ന പൈപ്പുലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കുത്തുപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ജലവിഭവ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല. പ്രസ്തുത പദ്ധതി ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്നതാണ്. കുത്തുപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ കാലപ്പഴക്കം കൊണ്ട് തുടർച്ചയായി പൊട്ടുന്നത് സംബന്ധിച്ച പെരിന്തൽമണ്ണ മണ്ഡലത്തിലെ കുത്തുപറമ്പ് ഏരിയ കാർഷിക വികസന സൊസൈറ്റിയുടെ നിവേദനം ലഭ്യമായതായി കാണുന്നില്ല. എന്നാൽ 9-10-2019-ലെ നമ്പർ 1300/M(WR/VIP/19) ആയ നിവേദനം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ക്ക് ലഭ്യമാവുകയും ആയത് റിപ്പോർട്ടിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതി

248(2866) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിയുടെ ഭാഗമായി വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. വിളവൂർക്കൽ പഞ്ചായത്തിലെ ജലവിതരണശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പള്ളിച്ചൽ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നതിന് പൂവടയിൽ 8.70 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് കൈമാറിയിരുന്നു. എന്നാൽ ടി സ്ഥലത്തേയ്ക്കുള്ള വഴി ഗതാഗതത്തിന് ഇപ്പോൾ പര്യാപ്തമല്ലാത്തതിനാൽ ഗതാഗതയോഗ്യമായ വഴിക്കുള്ള സ്ഥലവും കൂടി ലഭ്യമാകുന്ന മുറയ്ക്കേ കേരള വാട്ടർ അതോറിറ്റിക്ക് തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. അതനുസരിച്ച് 2020 ജൂൺ മാസം മുപ്പതാം തീയതിയോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന പഴയ എ.സി. പൈപ്പുകൾ

249(2867) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന പഴയ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2019-20 സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ച ഏഴ് കോടി രൂപയുടെ ഇരുപത് ശതമാനം തുക അനുവദിച്ചതിനെത്തുടർന്ന് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഡി.പി.ആർ. പ്രകാരം അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) 2019-20-ലെ പൊതുബഡ്ജറ്റിൽ തുക അനുവദിക്കപ്പെട്ട നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തയ്യാറാക്കപ്പെട്ട ഡി.പി.ആർ പ്രകാരം ജല അതോറിറ്റിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പഴയ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 6.75 കോടി രൂപയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല; ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## ഇരിങ്ങാലക്കുടയിൽ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

250(2868) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ചെലവഴിച്ചു; വിശദവിവരങ്ങൾ നൽകാമോ;

(സി) ഭാവിയിൽ ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുള്ള പദ്ധതികളുടെ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ പദ്ധതികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

1. നബാർഡ് - കാട്ടൂർ, പടിയൂർ, പൂമംഗലം പഞ്ചായത്തുകൾക്കും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള സമഗ്രശുദ്ധ ജലവിതരണ പദ്ധതി.

2. കാറളം സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

(ബി) കാട്ടൂർ, പടിയൂർ, പൂമംഗലം ശുദ്ധജലവിതരണ പദ്ധതിക്കായി 3133.58 ലക്ഷം രൂപയും കാറളം ശുദ്ധജലവിതരണ പദ്ധതിക്കായി 957.77 ലക്ഷം രൂപയും ഇതുവരെ ചെലവ് വന്നിട്ടുണ്ട്.

(സി) ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഉൾപ്പെടുന്ന മുരിയാട്-വേളൂക്കര ശുദ്ധജലവിതരണ പദ്ധതിക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2016-ൽ DSR 2014 പ്രകാരം തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പരിഗണിച്ചിട്ടില്ല.

ഉല്പാദനഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കുവാനുള്ള 128 പദ്ധതികൾക്കാണ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരിക്കുന്ന 5 വർഷത്തേയ്ക്കുള്ള ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷമേ പുതിയ പദ്ധതികൾ ധനലഭ്യതക്കനുസരിച്ച് ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ.

## ആറാട്ടുപുഴ പഞ്ചായത്തിൽ പുതിയ കുഴൽക്കിണർ സ്ഥാപിക്കാൻ നടപടി

251(2869) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ രണ്ടാം നമ്പർ പമ്പ്ഹൗസിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിന്റെ പ്രവർത്തനം മണൽ കയറി തടസ്സപ്പെട്ടുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലെ ജലവിതരണത്തെയാണ് ഇത് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ പുതിയ കുഴൽക്കിണർ സ്ഥാപിച്ച് പമ്പ്ഹൗസിന്റെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ മണിവേലിക്കടവ് ഭാഗത്ത് ഭൂജലവകുപ്പ് കുഴൽക്കിണർ ഡെവലപ് ചെയ്യുന്നതുവരെ ഒരാഴ്ചയോളം (21-7-2019 മുതൽ 25-7-2019 വരെ) ജലവിതരണം തടസ്സപ്പെട്ടിരുന്നു. നിലവിൽ ഈ കുഴൽക്കിണറിൽ നിന്നും ജലം പമ്പ് ചെയ്യുന്നതിന് തടസ്സമില്ല. ആയതിനാൽ ജലവിതരണം ഈ പ്രദേശത്തെ ബാധിച്ചിട്ടില്ല.

(സി) ആറാട്ടുപുഴ പഞ്ചായത്ത് ഉൾപ്പെടെ ഹരിപ്പാട് മണ്ഡലത്തിലെ മുഴുവൻ പ്രദേശങ്ങൾക്കും ജലം ലഭ്യമാക്കുന്നതിനായി 50 എം.എൽ.ഡി. ശേഷിയുള്ള വൻകിട കുടിവെള്ള പദ്ധതി നിർമ്മാണഘട്ടത്തിലാണ്. പുതിയ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അധികൃതർ അപേക്ഷ സമർപ്പിക്കുന്ന പക്ഷം സ്ഥലപരിശോധന നടത്തി അനുയോജ്യമാണെങ്കിൽ ഭൂജല വകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖേന പുതിയ കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

252(2870) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലേമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി നിലവിലുണ്ട്. പരപ്പനങ്ങാടി വള്ളിക്കുന്ന് പദ്ധതിയിൽ നിന്നും വള്ളിക്കുന്ന് പഞ്ചായത്തിന്റെ ഉദ്ദേശം 50% പ്രദേശങ്ങളിൽ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. നിലവിലെ പദ്ധതികൾ അപര്യാപ്തമാകയാൽ ഈ മണ്ഡലത്തിലെ മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലേമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുള്ള പദ്ധതി വിപുലീകരിച്ചു. ഇതിൽ വള്ളിക്കുന്ന് പഞ്ചായത്ത് കൂടി ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിന്റെ ജലസംഭരണിക്ക് ആവശ്യമായ സ്ഥലം ലഭിക്കേണ്ടതുണ്ട്.

ഈ മണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കൽ പഞ്ചായത്ത് ചീക്കോട് പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്താണ്. ഈ പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്നതിനായി 1570 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

**ചാലക്കുടിപ്പുഴയിൽ സ്റ്റോറേജ് ഡാമുകൾ**

253(2871) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിയ്ക്കു മുകളിലായി രണ്ടു സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിക്കു മുകളിലായി കണ്ണൻകുഴി, വെറ്റിലപ്പാറ എന്നീ സ്ഥലങ്ങളിൽ 0.81 $Mm^3$, 1.61 $Mm^3$ കപ്പാസിറ്റിയുള്ള

2 തടയണകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കണ്ണൻകുഴിയിലെ തടയണ ആ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് റെഗുലേറ്റർ ആയിട്ടാണ് ഡിസൈൻ ചെയ്യുന്നത്. വെറ്റിലപ്പാറയിലെ നിർമ്മിതി ചെക്ക് ഡാമായി ഡിസൈൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ട്രക്ചറൽ ഡിസൈന് അംഗീകാരവും ഫണ്ട് ലഭ്യതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി**

254(2872) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കുറ്ററ പമ്പ് ഹൗസ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും ആയതിന്റെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമായി 2019-20-ലെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നത് പ്രകാരം തുടർനടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) ട്രാൻസ്ഫോർമർ സ്ഥാപിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ പ്രവൃത്തിക്കായി 2019-20- ലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ 9.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ മാനദണ്ഡപ്രകാരം 12% ജി.എസ്.ടി. കൂടി ചേർത്തപ്പോൾ എസ്റ്റിമേറ്റ് തുക 10.84 ലക്ഷം രൂപയായി ഉയർന്നതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ഒ.ഡി.ഇ.പി.സി. വഴിയുള്ള നിയമനങ്ങൾ**

255(2873) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഒ.ഡി.ഇ.പി.സി. വഴി എത്ര തൊഴിൽ റിക്രൂട്ട്മെന്റ് നടന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിലേക്ക് ഒ.ഡി.ഇ.പി.സി. വഴി തൊഴിൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്; അതിന് ഈടാക്കുന്ന ഫീസ്, അനുബന്ധ നടപടിക്രമങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഒ.ഡി.ഇ.പി.സി. റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ വഴി 1363 പേർക്ക് റിക്രൂട്ട്മെന്റ് നടന്നിട്ടുണ്ട്.

(ബി) സൗദി അറേബ്യ, കുവൈറ്റ്, ഖത്തർ, യു.എ.ഇ., അയർലണ്ട്, യു.കെ. തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഒ.ഡി.ഇ.പി.സി. വഴി റിക്രൂട്ട്മെന്റ് നടത്തുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ്, എമിഗ്രേഷൻ ക്ലിയറൻസ് എന്നീ സേവനങ്ങൾ ഒഡെപെക് നൽകുന്നു. ഇതിന് നിശ്ചയിച്ചിട്ടുള്ള 30,000 രൂപ മാത്രമാണ് ഓരോ ഉദ്യോഗാർത്ഥികളിൽ നിന്നും ഈടാക്കുന്നത്.

### തോട്ടം തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതി

256(2874) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ തോട്ടം തൊഴിലാളികളുടെ ആകെ എണ്ണം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭവനരഹിത തോട്ടം തൊഴിലാളികളെ സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വകുപ്പ് നടത്തിയിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ ഭവനരഹിത തോട്ടം തൊഴിലാളികളെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പ് സർവ്വേ നടത്തിയിട്ടുണ്ട്. റിട്ടയർ ചെയ്തിട്ടും ലയങ്ങളിൽ താമസിക്കുന്നവരിൽ സ്ഥലമോ വീടോ ഇല്ലാത്തവർ/സ്ഥലമുണ്ടായിട്ടും വീട് ഇല്ലാത്തവർ, നിലവിൽ ജോലി ചെയ്യുന്നവരിൽ സ്ഥലമുണ്ടായിട്ടും വീട് ഇല്ലാത്തവർ/സ്ഥലമോ, വീടോ ഇല്ലാത്തവർ എന്നിങ്ങനെ 4 വിഭാഗമായി തിരിച്ചാണ് സർവ്വേ നടത്തിയത്. ടി സർവ്വേ പ്രകാരം 32,591 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

(ബി & സി) തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ലൈഫ് മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പ്രാഥമിക സർവ്വേ പ്രകാരം സമർപ്പിച്ചിട്ടുള്ള ലിസ്റ്റിലെ മുഴുവൻ ആൾക്കാരും ഉൾപ്പെട്ടിട്ടില്ല. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് സർവ്വേ നടത്തിയതുപ്രകാരമുള്ള ലിസ്റ്റ് പ്രത്യേകമായി പരിഗണിക്കണമെന്ന ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

257(2875) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ; നിലവിൽ ഏതൊക്കെ കോഴ്സുകളാണ് അവിടെ നടത്തുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര വിദ്യാർത്ഥികളുണ്ട്;

(സി) ഈ സ്ഥാപനത്തിന്റെ മാതൃകയിൽ ചാത്തന്നൂരിൽ മറ്റൊരു അക്കാഡമി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്;

(ഡി) നിലവിൽ ചവറയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽപോലും മതിയായ വിദ്യാർത്ഥികൾ ഇല്ലാതിരിക്കെ പുതിയ അക്കാഡമി സ്ഥാപിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ ചവറയിൽ IIIC (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഐ.ടി.ഐ./ഡിപ്ലോമ/എഞ്ചിനീയറിംഗ് ബിരുദം/മറ്റ് സാങ്കേതിക യോഗ്യതകൾ എന്നിവ കൈവരിച്ച വിദ്യാർത്ഥികൾക്ക് നൈപുണ്യശേഷി പരിശീലിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അതിലൂടെ തൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്ന വിവിധ പഠന കോഴ്സുകൾ നടത്തി വരുന്നു. കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ 378 വിദ്യാർത്ഥികൾ പരിശീലനം നടത്തിവരുന്നു.

(സി & ഡി) ഉദ്ദേശിക്കുന്നില്ല. കൊല്ലം ജില്ലയിലെ ചാത്തന്നൂർ പഞ്ചായത്തിലെ മീനാട് വില്ലേജിൽ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, അവരുടെ ആശ്രിതർ, തൊഴിലുടമകൾ, കോൺട്രാക്ടർമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നതിനായുള്ള പരിശീലന അക്കാദമി സ്ഥാപിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു. ചവറയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന പദ്ധതിയും വ്യത്യസ്തങ്ങളാണ്. ചവറയിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ 250 വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള ഹോസ്റ്റൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യമാണ് ഒരുക്കിയിരുന്നത്. എന്നാൽ ഇപ്പോൾ വിദ്യാർത്ഥികളുടെ ബാഹുല്യം കാരണം ബാച്ചുകൾ കൂട്ടുന്നതിനും , കാമ്പസിന് വെളിയിൽ ഹോസ്റ്റൽ സൗകര്യവും ഒരുക്കിയാണ് പ്രവർത്തിക്കുന്നത്.

## തൊഴിൽ മേളകൾ

258(2876) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ തൊഴിൽമേളകൾ നടത്താറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാന/ജില്ലാ/നിയോജക മണ്ഡലം തലങ്ങളിൽ തൊഴിൽ മേളകൾ നടത്തുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ അറിയിക്കാമോ;

(സി) എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ അറിയിക്കാമോ;

(ഡി) എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ ബോർഡിൽ അംഗങ്ങൾ ആരെല്ലാമെന്നും ഇതിന്റെ ഘടന നിശ്ചയിക്കുന്നത് ആരാണെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളുടെ ഭാഗമായി തൊഴിൽ മേളകൾ നടത്തുന്നുണ്ട്. വകുപ്പിന് കീഴിലുള്ള

എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന വിവിധ സ്വകാര്യ തൊഴിൽദായകരെ പങ്കെടുപ്പിച്ച് ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി തൊഴിൽ മേളകൾ നടത്താറുണ്ട്. കൂടാതെ മേഖലാടിസ്ഥാനത്തിൽ സ്വകാര്യ തൊഴിൽദായകരെ പങ്കെടുപ്പിച്ച് നിയുക്തി മെഗാ ജോബ് ഫെയറുകളും നടത്താറുണ്ട്.

(ബി) സംസ്ഥാനതലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു മേഖലകളിലായി നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. ആയതിലേയ്ക്ക് സ്വകാര്യ തൊഴിൽദായകരും തൊഴിലന്വേഷകരും രജിസ്റ്റർ ചെയ്യുന്നതിനായി www.jobfest.kerala.gov.in എന്ന വെബ്സൈറ്റ് നിലവിലുണ്ട്. ഈ തൊഴിൽമേളയുടെ സേവനം സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നത്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ജില്ലാ അടിസ്ഥാനത്തിലും ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. ടി ജോബ് ഫെയറുകളും സൗജന്യമായാണ് നടത്തുന്നത്. കൂടാതെ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്റർ മുഖേനയും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പ്രാപ്തമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ പ്ലെയ്സ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ഇത് തികച്ചും സൗജന്യമായാണ് നടത്തുന്നത്.

(സി) എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് വകുപ്പ് നേരിട്ട് നിയമനങ്ങൾ നടത്തുന്നില്ല. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കുകയാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ചെയ്യുന്നത്. ഇപ്രകാരം നൈപുണ്യ വികസനം നൽകുന്നതിന് ഓരോ ഉദ്യോഗാർത്ഥിയിൽ നിന്നും നിശ്ചിത ഫീസായി 250 രൂപ ഈടാക്കുന്നുണ്ട്. അപ്രകാരം നൈപുണ്യ വികസനം നേടിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി ജോബ് ഫെയറുകളും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സംഘടിപ്പിക്കുന്നുണ്ട്.

(ഡി) എംപ്ലോയബിലിറ്റി സെന്റർ മുഖേന നടത്തുന്ന തൊഴിൽ മേളകളിലൂടെ ഉദ്യോഗദായകർ ആവശ്യാനുസരണം നേരിട്ടാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഉദ്യോഗാർത്ഥികളെയും സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഒരു വേദിയായിട്ടാണ് ഇത്തരം തൊഴിൽ മേളകൾ വിഭാവനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗദായകരാണ് അവരവരുടെ ഇന്റർവ്യൂ ബോർഡുകൾ നിശ്ചയിക്കുന്നത്.

## കരിയർ നയം

259(2877) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും കരിയർ ആസൂത്രണം ചെയ്യാൻ കരിയർ നയം തയ്യാർ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കരട് കരിയർ നയത്തിന്റെ വിശദാംശങ്ങളും ഇതിലൂടെ ലക്ഷ്യമിടുന്ന ഉദ്ദേശ്യങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കരട് കരിയർ നയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ വിദ്യാഭ്യാസ-തൊഴിൽ സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളത്. വികസിത രാജ്യങ്ങളിലെ തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യാൻ കരിയർ ഗൈഡൻസ്, കരിയർ ഡെവലപ്മെന്റ് പ്രക്രിയകൾ എന്നിവ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വികസ്വര രാഷ്ട്രങ്ങളിലെ കരിയർ മേഖലയുടെ പരിഷ്കരണത്തിനായി ഐ.എൽ.ഒ. തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഓരോ വ്യക്തിയുടെയും സമ്പൂർണ്ണ വളർച്ചയ്ക്ക് സഹായകരമായ നിലയിലാണ് സംസ്ഥാന കരിയർ നയത്തിന്റെ കരട് വിഭാവനം ചെയ്തിട്ടുള്ളത്.

കരട് കരിയർ നയത്തിന്റെ വിശദാംശങ്ങളും ഇതിലൂടെ ലക്ഷ്യമിടുന്ന ഉദ്ദേശ്യങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമപദ്ധതി മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ ലയിപ്പിക്കുന്നതിനുള്ള നടപടി

260(2878) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളിക്ഷേമ പദ്ധതി മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ക്ഷേമപദ്ധതികൾ ലയിപ്പിക്കുന്നതിനുള്ള നടപടികൾ കാലവിളംബം കൂടാതെ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പരിഗണനയിലുണ്ട്. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയെ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിനുള്ള നിർദ്ദേശമടക്കം 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിൽ വിവിധ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട സമാഹൃത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**തൊഴിൽനയം**

261(2879) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പ് തയ്യാറാക്കിയിട്ടുള്ള തൊഴിൽ നയത്തിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നയത്തിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ നാളിതുവരെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) തൊഴിൽ നയത്തിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പ് വഴി നിയമനം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമനാധികാരികൾ നേരിട്ട് നിയമനം നടത്താതെ യോഗ്യരായവരെ എംപ്ലോയ്മെന്റ് വകുപ്പ് വഴി നിയമിക്കുന്നതിന് നിയമപരമായ പിൻബലം നൽകുന്നതിന് സർക്കാർ പരിഗണനയിൽ നിയമനിർമ്മാണ നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ എത്രകാലമായി പരിഗണനയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ;

(ഇ) സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിന് സഹായകരമായ ഇത്തരം നിയമനിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പിൽ ഏതെല്ലാം തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് വകുപ്പിനെ അവഗണിച്ച് താൽക്കാലിക/ദിവസവേതന/കോൺട്രാക്ട് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇവ ഏതെല്ലാം സ്ഥാപനങ്ങളിലാണ്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടുന്ന നിയമനങ്ങൾ ഉറപ്പാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വിവിധ മത്സരപരീക്ഷകൾക്ക് സൗജന്യപരിശീലനവും തൊഴിൽ മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുമായി ആരംഭിച്ച കൈവല്യ തൊഴിൽ പുനരധിവാസ പദ്ധതി വിപുലീകരിക്കും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കും.

സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകൾ രൂപീകരിച്ച് ശക്തിപ്പെടുത്തും.

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്കിൽ അസെസ്മെന്റ്, സൈക്കോമെടിക് അനാലിസിസ്, കൗൺസിലിംഗ് എന്നിവ മുഖേന സ്കിൽ ഗ്യാപ് അസെസ്മെന്റ് നടത്തി ആവശ്യമുള്ളവർക്ക് സോഫ്റ്റ് സ്കിൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം എന്നിവ നൽകി തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കും. ഭൂമിശാസ്ത്രപരമായ പരിമിതിമൂലം എംപ്ലോയബിലിറ്റി സെന്ററുകളുടെ സേവനം ലഭിക്കാതിരുന്നവർക്ക് സഹായകരമാകുംവിധം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിലും വിദൂരഗ്രാമീണ മേഖലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് പരിഗണന നൽകും.

ഇന്ത്യയിലും വിദേശത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ജോബ് പോർട്ടൽ ആരംഭിക്കും. എൻ.സി.എസ്. പോർട്ടലിന്റെ സേവനം ലഭ്യമാക്കി അതുവഴി തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും പ്രദാനം ചെയ്യും.

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളോട് അനുബന്ധിച്ച് മോഡൽ കരിയർ സെന്ററുകൾ തുടങ്ങും. എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കും.

തൊഴിൽ വിവരങ്ങൾ നൽകുന്നതിനും എംപ്ലോയ്മെന്റ് വകുപ്പിന്റെ വർത്തമാന ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഓൺലൈൻ/ഓഫ്ലൈൻ ബുള്ളറ്റിൻ ആരംഭിക്കും.

ഇന്ത്യയിലും വിദേശത്തും ഭാവിയിൽ ആവശ്യമായി വരുന്ന മാനവവിഭവശേഷി മുൻകൂട്ടി കണ്ടെത്തുന്നതിനായി KASE യുമായി സഹകരിച്ച് ഗവേഷണ വികസന വിഭാഗം ആരംഭിക്കും. ഈ കേന്ദ്രം മാനവവിഭവശേഷിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും സർക്കാരിനും തൊഴിൽരഹിതർക്കും പ്രദാനം ചെയ്യും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുവരുടെ പ്രൊഫൈലിംഗ് തയ്യാറാക്കും. ഏതുമേഖലകളിലെ ജോലിക്കാണ് താല്പര്യം എന്ന് വിവരശേഖരണം നടത്തും. ഇവർക്ക് അതത് മേഖലകളിലെ തൊഴിലിനാവശ്യമായ വൈദഗ്ധ്യം സ്കിൽ ഇന്ത്യ പദ്ധതി വഴി ലഭ്യമാക്കും ഇത്തരത്തിൽ പ്രായോഗിക പരിശീലനം നേടിയ തൊഴിലാളികളെ സ്വകാര്യ മേഖലയ്ക്ക് കൂടി ലഭ്യമാക്കും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് നവജീവൻ എന്ന പേരിൽ സമഗ്രതൊഴിൽ-പുനരധിവാസ പദ്ധതി ആരംഭിക്കും. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്ന തിന് ഡാറ്റാ ബാങ്ക് രൂപീകരിക്കും.

(ബി) <u>കൈവല്യ</u>

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്ക് വേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്ക് താഴെപ്പറയുന്ന നാല് ഘടകങ്ങളുണ്ട്.

1. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി
4. സ്വയം തൊഴിൽ വായ്പാ പദ്ധതി.

കമ്പ്യൂട്ടറൈസേഷൻ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലപ്പെടുത്തി അതുവഴി നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും കൂടുതൽ സുതാര്യമായും കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസൻ ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

www.employment.kerala.gov.in എന്ന പ്രസ്തുത പോർട്ടൽ മുഖാന്തരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ ഓൺലൈനാക്കിയിട്ടുണ്ട്.

നവജീവൻ

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നേരിട്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വയം തൊഴിൽ പുനരധിവാസ പദ്ധതിയാണ് നവജീവൻ. ടി പദ്ധതിയിലൂടെ മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കരട് ചട്ടങ്ങൾ അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

മോഡൽ കരിയർ സെന്റർ

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി രാജ്യത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെയാണ് സെന്റർ പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് കൗൺസലിംഗ്, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി പൂർണ്ണമായും ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിൽ

ഉദ്യോഗാർത്ഥികൾക്ക് www.ncs.gov.in എന്ന ജോബ് പോർട്ടലിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി, അവർക്ക് നേരിട്ട് മോഡൽ കരിയർ സെന്ററിലെ സേവനങ്ങൾ സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതാണ്. സ്വകാര്യ മേഖലയിലെ ഒഴിവുകളിൽ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനായി സ്വകാര്യ ഉദ്യോഗദായകരുമായി ചേർന്ന് നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലെയ്സ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുകയും ചെയ്യുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചുവരുന്നു.

(സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിന്മേൽ നിയമനം നടത്തിയിട്ടുള്ളപക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപനമേധാവികൾക്കു നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/അർദ്ധ സർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന Kerala Regulation of Recruitment in State Government Establishment Through Employment Exchange Act 2016 ഡ്രാഫ്റ്റ് ബിൽ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമമാക്കിയാൽ മാത്രമേ ഇതിനുള്ള ശാശ്വത പരിഹാരമാവുകയുള്ളൂ.

(ഡി) സംസ്ഥാനതലത്തിൽ ഇതുസംബന്ധിച്ച് നിയമം കൊണ്ടുവരുന്നതിന് ഡ്രാഫ്റ്റ് ബിൽ പരിഗണനയിലാണ്.

(ഇ) കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959 കാലാനുസൃതമായി ഭേദഗതി ചെയ്ത് ലഭിക്കുവാൻ സാധ്യമല്ലാത്തതിനാൽ സംസ്ഥാനതല നിയമം കൊണ്ടുവരുന്നതിനായി സമർപ്പിച്ച ഡ്രാഫ്റ്റ് ബിൽ പരിഗണനയിലാണ്.

(എഫ്) ലേബർ കമ്മീഷണറേറ്റുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് വകുപ്പിനെ അവഗണിച്ച് നിയമനമൊന്നും നടത്തിയിട്ടില്ല. എന്നാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മിനിമം വേജസ് അഡ്വൈസറി ബോർഡിൽ ടൈപ്പിസ്റ്റ് തസ്തികയിൽ കുടുംബശ്രീ മുഖേന ഒരാളെ നിയമിച്ചിട്ടുണ്ട്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

262(2880) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്; ഇവയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ബോർഡുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ; ആയത് വിശദമാക്കുമോ;

(സി) ഉന്നത തസ്തികയിൽ ജോലി ചെയ്യുന്ന പല ഉദ്യോഗസ്ഥരും ക്ഷേമനിധി ബോർഡുകളിൽ ഡെപ്യൂട്ടേഷനിൽ വന്ന് താഴ്ന്ന തസ്തികയിൽ ജോലിചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാരണങ്ങളാൽ ക്ഷേമനിധി ബോർഡുകളിൽ നിന്ന് ശമ്പളവും, മറ്റ് അലവൻസുകളും ഇനത്തിൽ വൻതുക നഷ്ടപ്പെടുന്നത് സർക്കാർ പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്.
4. കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.
6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.

7. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
11. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.
12. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്.
13. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്.
14. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
15. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്.
16. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്.

(ബി) ഉണ്ട്. അവലോകനയോഗങ്ങൾ നടത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ട്. യോഗങ്ങളിൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ പൊതുവായും ഓരോ ബോർഡിന്റെയും പ്രത്യേകിച്ചുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി&ഡി)ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സമാനതസ്തികകളിലേയ്ക്കാണ് സാധാരണയായി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. സ്പെഷ്യൽ റൂളുകൾ നിലവിൽ വന്ന് പി.എസ്.സി. വഴി നിയമനം നടത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഭൂരിഭാഗം ക്ഷേമനിധി ബോർഡുകളിലും ഡെപ്യൂട്ടേഷൻ നിയമനം ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ സാഹചര്യമാണ് നിലവിലുള്ളത്.

**ഇതരസംസ്ഥാന തൊഴിലാളികൾക്കായി റിവോൾവിംഗ് ഫണ്ട്**

263(2881) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ വച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനായി എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലാളി ക്ഷേമ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ ഈ ഫണ്ട് എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ടോ എന്നും ഫണ്ട് വിനിയോഗിച്ചതും ഇല്ലാത്തതുമായ ജില്ലകൾ ഏതാണെന്ന് വ്യക്തമാക്കാമോ; ഫണ്ടിന്റെ അപര്യാപ്തതമൂലം ഏതെങ്കിലും ജില്ലയിൽ ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്യാൻപറ്റാത്ത സ്ഥിതിയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഇ) അടുത്തകാലത്ത് റിവോൾവിംഗ് ഫണ്ടിന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് ഏതെല്ലാം ജില്ലയ്ക്ക് എത്ര രൂപ വീതമാണ് ഇപ്പോൾ ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) " ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 28-10-2019 തീയതി വരെ 4,63,415 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ 30-9-2019 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ കീഴിൽ 55,517 ഇതരസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണ് കുറവ് അത് കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്നും നൽകി വരുന്നു. മരണം സംബന്ധിച്ച പ്രഥമവിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മേൽ തുക അനുവദിക്കുന്നത്. ഇപ്രകാരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെലവഴിക്കുന്ന തുക ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും യഥാസമയം വീണ്ടെടുത്തു വരുന്നു.

(സി) റിവോൾവിംഗ് ഫണ്ട് 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ വിവിധ ജില്ലകൾക്ക് വ്യത്യസ്തമായ നിരക്കിൽ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ഡി) എല്ലാ ജില്ലകൾക്കും റിവോൾവിംഗ് ഫണ്ട് ഇനത്തിലുള്ള തുക അനുവദിച്ചിട്ടുള്ളതാണ്. ആയത് എല്ലാ ജില്ലാ ലേബർ ഓഫീസുകളും വിനിയോഗിച്ചുവരുന്നു. ഈ ഇനത്തിൽ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിട്ടില്ല.

(ഇ) രണ്ട് ലക്ഷം രൂപയായിരുന്ന റിവോൾവിംഗ് ഫണ്ട് 14-8-2019-ലെ സ.ഉ.(സാധാ) നമ്പർ 983/2019/തൊഴിൽ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിൻപ്രകാരം എറണാകുളം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾക്ക് നാലുലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾക്ക് മൂന്നു ലക്ഷം രൂപ വീതമായി വർദ്ധിപ്പിച്ചുകൊണ്ടും ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകൾക്ക് രണ്ടു ലക്ഷം രൂപയായി നിലനിർത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്.

## സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ

264 (2882) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ എത്ര ക്ഷേമനിധി ബോർഡുകളുണ്ട്; അവ ഏതെല്ലാം എന്നും ഓരോന്നിലും എത്ര അംഗങ്ങൾ ഉണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെങ്കിലും ബോർഡുകളെ സർക്കാർ സംയോജിപ്പിച്ചോയെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) അംഗസംഖ്യകൾ കുറവുള്ളതും സമാനതകളുള്ളതുമായ ബോർഡുകളെ സംയോജിപ്പിച്ച് അവയുടെ പ്രവർത്തനം പുരോഗതിയിലെത്തിക്കാനും അംഗങ്ങൾക്ക് അതുവഴി കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മുൻ സർക്കാർ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ട ചില ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് അവർ അംഗങ്ങളായ ക്ഷേമനിധി ബോർഡുകൾ വഴി നല്കിയ സഹായങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളുണ്ട്. ബോർഡുകളുടെ പേരും അംഗങ്ങളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) സമാന സ്വഭാവമുള്ള ബോർഡുകളെ ഏകീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) 2014-15 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ/ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ച 'സുരക്ഷാ സ്വയം തൊഴിൽ പദ്ധതി' പ്രകാരം അർഹരായ തൊഴിലാളികളെ കണ്ടെത്തി 5 വർഷത്തേയ്ക്ക് 2,50,000 രൂപ ടേം ലോൺ ആയും 50,000 രൂപ ഗ്രാന്റ്/സബ്സിഡി ആയും അനുവദിക്കുന്നതിനുള്ള നടപടികൾ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സ്വീകരിച്ചുവരുന്നു. മുൻ സർക്കാർ കാലയളവിൽ മദ്യനയത്തെതുടർന്ന് താൽക്കാലികമായി അടച്ചുപൂട്ടുകയും വീണ്ടും ബിയർ പാർലർ ലൈസൻസ് ലഭിച്ചതിനെ തുടർന്ന് തുറന്ന പ്രവർത്തിക്കുകയും ചെയ്ത സ്ഥാപനങ്ങളിലെ അടച്ചുപൂട്ടിയ കാലയളവിലെ അംശാദായ കുടിശ്ശിക ഒഴിവാക്കുന്നതിനും ബിയർ പാർലർ ലൈസൻസ് ലഭിക്കാതെ പൂട്ടിപ്പോയ സ്ഥാപനങ്ങളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ അംശദായ കുടിശ്ശികയിൽ നിന്നും ഒഴിവാക്കുന്നതിനും പൂട്ടിപ്പോയ തീയതി കണക്കാക്കി അംഗീകരിക്കുന്നതിനുമുള്ള നടപടി കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2017, 2018 വർഷങ്ങളിൽ ഓണത്തിനും 2019-ൽ വിഷുവിനും ഓണത്തിനും 2000 രൂപയും 10 കിലോ അരിയും സമാശ്വാസമായി നൽകിയിരുന്നു. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ കുടിശ്ശിക വന്നിട്ടുള്ളതിനാൽ സജീവ അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കുടിശ്ശിക തുക ഒടുക്കുവരുത്തി സജീവ അംഗത്വം നിലനിർത്തുന്നതിന് അവസരം നൽകുകയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തൊഴിൽ ഇല്ലാത്ത അവസരത്തിൽ തൊഴിലാളിയുടെ അക്കൗണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടാത്ത അഡ്വാൻസായി 10,000 രൂപ അനുവദിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്ഥിരപ്പെടുത്തിയ കരാർ ജീവനക്കാർ

265(2883) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫയർ ഫണ്ട് ബോർഡിൽ ഈ സർക്കാർ നിലവിൽ വന്നശേഷം കോൺട്രാക്ട് വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന എത്രപേരുടെ നിയമനം സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവരുടെ പേരും കാറ്റഗറിയും തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

## അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

266(2884) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകർ 'വർക്ക്മെൻ' എന്ന ഗണത്തിലോ 'എംപ്ലോയി' എന്ന നിർവചനത്തിലോ വരാത്തതുമൂലം തൊഴിൽ വകുപ്പിന് ഫലപ്രദമായി ഇടപെടാൻ കഴിയാത്ത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് തൊഴിൽ സംരക്ഷണവും മിനിമം വേതനവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (അൺ എയ്ഡഡ്) അദ്ധ്യാപകരടക്കമുള്ള ജീവനക്കാർക്ക് മെറ്റേണിറ്റി ബെനിഫിറ്റ് നിയമം ബാധകമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(ബി & സി) അദ്ധ്യാപകർക്ക് തൊഴിൽ സംരക്ഷണവും മിനിമം വേതനവും ഉറപ്പുവരുത്തുന്നതിനും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമുള്ള നിയമനിർമ്മാണം പൊതുവിദ്യാഭ്യാസ വകുപ്പിൽ പരിശോധിച്ചുവരുന്നു.

**കേന്ദ്ര സാമൂഹിക സുരക്ഷ ചട്ടത്തിന്റെ കരട്**

267(2885) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ദേശീയ സാമൂഹിക സുരക്ഷ ബോർഡ് രൂപീകരിക്കണമെന്നും പി.എഫ്., ഇ.എസ്.ഐ. എന്നിവയ്ക്ക് പ്രത്യേക ഫണ്ട് ഉണ്ടാക്കി പൊതുബോർഡിന് കീഴിലാക്കണമെന്നും നിർദ്ദേശിക്കുന്ന സാമൂഹിക സുരക്ഷ ചട്ടത്തിന്റെ കരട് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരട് ചട്ടം തൊഴിലാളികൾക്ക് ഗുണപ്രദമാണോ;

(സി) പ്രസ്തുത കരട് ചട്ടത്തിന് സംസ്ഥാന സർക്കാർ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഭേദഗതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-സി) കേന്ദ്ര സർക്കാർ 2017-ൽ പ്രസിദ്ധീകരിച്ച സാമൂഹ്യസുരക്ഷാ ചട്ടത്തിന്റെ കരടിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം/നിർദ്ദേശം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

പ്രസ്തുത കരടിൽ മാറ്റം വരുത്തി 'കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി 2019' എന്ന പേരിൽ ഒരു കരട് നിയമം കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കരട് നിയമം സർക്കാർ പരിശോധിച്ചു വരികയാണ്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമനിധി

268(2886) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽതൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തയ്യൽ മേഖലയിൽ പണിയെടുക്കുന്ന വനിതാ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകിവരുന്നു.

1. റിട്ടയർമെന്റ് പെൻഷൻ - 1200 രൂപ
2. റിട്ടയർമെന്റ് ആനുകൂല്യം - 120 രൂപ മുതൽ 60000 രൂപ വരെ, സർവ്വീസ് അനുസരിച്ച്.
3. കുടുംബ പെൻഷൻ - 1200 (മിനിമം പെൻഷൻ തുക)
4. അംഗങ്ങൾക്കുള്ള അവശതാ പെൻഷൻ-1200(മിനിമം പെൻഷൻ തുക)
5. പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് പെൻഷന് അർഹരായ അംഗങ്ങൾ അല്ലാത്തവർക്കുള്ള അവശതാ പെൻഷൻ -1200 (മിനിമം പെൻഷൻ തുക)
6. മരണാനന്തര ധനസഹായം - 25,000
7. ശവസംസ്കാരത്തിനുള്ള സഹായം - 1000

8. അംഗങ്ങളുടെ കുട്ടികൾക്കുള്ള ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പും ക്യാഷ് അവാർഡും - 600 രൂപ മുതൽ 5000 രൂപ വരെ.

9. വിവാഹ ധനസഹായം - 2000 രൂപ (പുരുഷ അംഗങ്ങൾക്ക് 1000 രൂപ)

10. പ്രസവ ധനസഹായം - 2000 രൂപ ബോർഡ് വിഹിതവും, 13000 രൂപ സർക്കാർ ധനസഹായവും.

11. ചികിത്സാ ധനസഹായം - 1000 രൂപ മുതൽ 5000 രൂപ വരെ.

(ബി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വനിതാ തൊഴിലാളികൾക്ക് വിവാഹ ധനസഹായവും പ്രസവ ധനസഹായവും നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസവ ധനസഹായമായി 2019 സെപ്റ്റംബർ മാസം വരെ 21127 പേർക്ക് 2000 രൂപ വീതവും 770 പേർക്ക് 13000 രൂപ വീതവും ആകെ 5,22,64,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (എ) പിരിവിലുള്ള ചോദ്യത്തിനുള്ള മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ബാങ്ക് മുഖേനയും അക്ഷയകേന്ദ്രങ്ങൾ വഴിയും തൊഴിലാളികൾക്ക് അംശദായം ഒടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയതോടൊപ്പം, ടി അംശദായ തുക സോഫ്റ്റ്‌വെയർ മുഖേന തൊഴിലാളികളുടെ അക്കൗണ്ടിൽ കൃത്യമായി വരവ് വയ്ക്കുന്നുണ്ട്. ആനുകൂല്യ അപേക്ഷകളും രജിസ്ട്രേഷൻ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനും ആനുകൂല്യ വിതരണത്തിനും അംശാദായം ഒടുക്കുന്നതിനും എസ്.എം.എസ്. വഴിയുള്ള അറിയിപ്പ് നൽകുന്നതിനും അപേക്ഷകളുടെ തൽസ്ഥിതി അറിയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ മാസവും ലഭിക്കുന്ന ആനുകൂല്യ അപേക്ഷകൾ അതാത് മാസത്തിൽ തന്നെ തീർപ്പാക്കുകയും തൊട്ടടുത്ത മാസംതന്നെ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ആനുകൂല്യം നൽകുകയും ചെയ്യുന്നുണ്ട്. അപാകതമൂലം തീർപ്പാക്കാതിരുന്ന ആനുകൂല്യം അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും 2019 മാർച്ച് 31 വരെയുള്ള 2485 അപേക്ഷകൾ തീർപ്പാക്കുകയും 1292 അപേക്ഷകർക്ക്

ആനുകൂല്യമായി 32,62,604 രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2019 ജൂലൈ വരെയുള്ള പെൻഷനും 2019 സെപ്റ്റംബർ വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിന്റെയും തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിന്റെയും കാര്യക്ഷമമായ പ്രവർത്തനം കണക്കിലെടുത്ത് ISO 9001-2015 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

## തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ

269(2887) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ;

(സി) സ്ത്രീ തൊഴിലാളികളുടെ സംഘടിത മേഖലയിലെയും, അസംഘടിത മേഖലയിലേയും ക്ഷേമത്തിനായി പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന പരിശോധനകളിൽ തൊഴിലിടങ്ങളിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമഭേദഗതിയിലൂടെ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.

(സി) അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (അൺ എയ്ഡഡ്) അദ്ധ്യാപികമാരുൾപ്പെടെയുള്ള ജീവനക്കാരെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾക്ക് തൊഴിൽ വകുപ്പ് രൂപം നൽകിയിട്ടില്ല.

## തൊഴിലാളിക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

270(2888) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും 600 രൂപയിൽനിന്നും 1200 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന വിവിധ ധനസഹായ തുകകളും വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തുവരുന്നുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുണ്ട്. സമാന സ്വഭാവമുള്ള ബോർഡുകളും സ്കീമുകളും ഏകീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. ഇതുവഴി ഭരണച്ചെലവ് കുറയ്ക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തൊഴിലാളികൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനും സാധിക്കും. ക്ഷേമനിധി ബോർഡുകളുടെ അംശദായവും ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് ആരംഭിച്ച 'ആവാസ് 'ഇൻഷ്വറൻസ് പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ഇവർക്കായി ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 2 (എസ്)-ൽ വരുത്തിയ ദേദഗതിപ്രകാരം വർക്ക്മാൻ എന്ന നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് യോഗം ചേർന്ന് തോട്ടം തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ തൊഴിലുടമകളിൽ നിന്നും ലഭ്യമാക്കി സർക്കാർ പരിശോധിച്ചുവരുന്നു.

ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി മുഖേന പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി, തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി ചെലവ് കുറഞ്ഞ താമസസൗകര്യം ഏർപ്പെടുത്തുന്നുണ്ട്. അസംഘടിതരായ പാവപ്പെട്ട നഗര തൊഴിലാളികൾക്കുള്ള ചെലവ് കുറഞ്ഞ ഭവന പദ്ധതി (ജനനി)യും തോട്ടം തൊഴിലാളി ഭവന പദ്ധതിയും നടപ്പിലാക്കിവരുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നീ വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖലയിലെ തൊഴിലാളി സംരക്ഷണം എന്ന ഒറ്റ സ്കീമാക്കിയിരിക്കുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാനം ഉറപ്പാക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

തൊഴിലുടമ/തൊഴിലാളി ബന്ധം ശക്തമാക്കി സംസ്ഥാനത്തെ ഒരു സംരംഭകസൗഹൃദസംസ്ഥാനമാക്കി മാറ്റുന്നതിനും വികസന പദ്ധതികൾക്ക് ക്രിയാത്മകമായ മാർഗ്ഗനിർദ്ദേശമുണ്ടാകുന്നതുമായ ഒരു തൊഴിൽനയം 18-5-2018-ൽ സർക്കാർ പ്രഖ്യാപിക്കുകയും ആയതനുസരിച്ച് തൊഴിലാളികളുടെ നിയമപരമായ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടാതെ തൊഴിലാളികളുടെ ആരോഗ്യസുരക്ഷ, മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം എന്നിവയ്ക്കായും നടപടികൾ സ്വീകരിച്ചുവരുന്നു.

തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത സാഹചര്യത്തിൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം നൽകാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമെടുത്തു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമം 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 34 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും വിജ്ഞാപനം ആയിട്ടുണ്ട്. കൂടാതെ വ്യവസായ ബന്ധസമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സമിതികൾ സഹായകമാകുന്നു.

2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ടി നിയമഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

## ആലത്തൂർ മണ്ഡലത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

271(2889) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറി എന്ന് നിലവിൽ വരുമെന്നറിയിക്കാമോ;

(സി) ഇത് തുടങ്ങുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വിശദമാക്കാമോ?

ഉത്തരം

(എ-സി) ഇ.എസ്.ഐ. കോർപ്പറേഷന്റെ ശിപാർശ പ്രകാരം 15-9-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് ആലത്തൂർ ഉൾപ്പെടെ 18 സ്ഥലത്ത് പുതുതായി ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. എന്നാൽ

നിലവിൽ 6 ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. മതിയായ ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികൾ ഇല്ലാത്തതിനാൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് ഇ.എസ്.ഐ. കോർപ്പറേഷൻ കേന്ദ്ര ഓഫീസിൽനിന്നും അനുമതി ലഭിച്ചിട്ടില്ല. ഇനിയും പ്രവർത്തനാനുമതി ലഭിക്കാത്ത ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനാനുമതിക്കായി ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ട്.

## മിനിമം വേതനം ലഭ്യമാകുന്നതിന് നടപടി

272(2890) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ തൊഴിൽ മേഖലയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധനയിൽ മിനിമം വേതനം നൽകാത്ത എത്ര സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

### ഉത്തരം

(എ) സ്വകാര്യ തൊഴിൽ മേഖലയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം മിനിമം വേതന നിയമം അടക്കമുള്ള വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തുവരുന്നു.

സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതല സ്ക്വാഡ് പരിശോധനകളും നടത്തുന്നതുകൂടാതെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ പരിശോധനാ വേളയിലും തൊഴിലാളികൾക്ക് നിശ്ചയിച്ച മിനിമം വേതനം

ലഭ്യമാകുന്നുണ്ടോയെന്നത് എൻഫോഴ്സ്മെന്റ് വിഭാഗം ഉറപ്പുവരുത്താറുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. +

## ഷോപ്പിംഗ് മാളുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

273(2891) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ സമാന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളും തൊഴിൽ സാഹചര്യവും മിനിമം നിലവാരമുള്ളതാക്കാനും തൊഴിൽഉറപ്പ് ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതുവഴി എത്ര തൊഴിലാളികൾക്ക് ഗുണം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് വേണ്ടുന്ന പരിരക്ഷ ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; ആയത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലെ തൊഴിലാളി വിരുദ്ധ പ്രവൃത്തികൾ നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങളുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന തിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസറുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു.

സംസ്ഥാനത്തെ മാളുകളിൽ 15-6-2019-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 139 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ആയതിൽ 59 സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യമില്ലാത്തതും 136 സ്ഥാപനങ്ങളിൽ മറ്റു നിയമലംഘനങ്ങളും കണ്ടെത്തുകയും ടി 136 സ്ഥാപനങ്ങൾക്ക് നിയമലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ ആകെ 6257- ഓളം തൊഴിലാളികൾക്ക് ഇതിന്റെ ഗുണം നേരിട്ട് ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ പരിശോധന ഉത്തരവ് നൽകി അപാകത പരിഹരിക്കുന്നതിന് നിർദ്ദേശിക്കുകയും ആയത് പരിഹരിക്കാത്ത പക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകി പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വയനാട് ജില്ലയിൽ 6, കാസർഗോഡ് ജില്ലയിൽ 4, കോഴിക്കോട് ജില്ലയിൽ 4, കണ്ണൂർ ജില്ലയിൽ 20 സ്ഥാപനങ്ങൾക്കെതിരെയും മലപ്പുറം ജില്ലയിൽ 1 സ്ഥാപനത്തിനെതിരെയും നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം റീജിയണൽ ലേബർ കമ്മീഷണറുടെ കീഴിലുള്ള വിവിധ ജില്ലകളിൽ 6 ക്ലെയിം പെറ്റീഷനുകളും 8 പ്രോസിക്യൂഷനും ഫയൽ ചെയ്തിട്ടുണ്ട്. കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ പരിശോധനാകുറിപ്പ് നൽകുകയും ആയത് പരിഹരിക്കാത്ത സാഹചര്യത്തിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. എറണാകുളം ജില്ലയിൽ ഷോപ്പിംഗ് മാളുകളിൽ നടത്തിയ പരിശോധനയിൽ നിയമലംഘനങ്ങൾ കണ്ടെത്തിയത് പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ 2 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നടത്തിയ പരിശോധനയിൽ നിയമലംഘനങ്ങൾ കണ്ടെത്തിയത് പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഒരു സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾക്കെതിരെ 16 പ്രോസിക്യൂഷനും 2 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

## സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി റിക്രൂട്ട് ചെയ്യുന്നതിന് പദ്ധതി

274(2892) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി റിക്രൂട്ട് ചെയ്യുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നിബന്ധനകളാണ് വച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മെഗാ തൊഴിൽമേളകൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിൽ നേടിയെടുക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ എംപ്ലോയബിലിറ്റി സെന്ററുകളുടെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരെ പങ്കെടുപ്പിച്ച്, ജില്ലാടിസ്ഥാനത്തിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ മുഖേന നടത്തുന്ന ജോബ് ഡ്രൈവുകളിലൂടെയും സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് തൊഴിൽ നേടുന്നതിന് ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും നടത്തിവരുന്നു.

(ബി) ഇത്തരത്തിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI) പദ്ധതി പ്രകാരം അതതു പ്രദേശങ്ങളിലെ എംപ്ലോയ്മെന്റ് രജിസ്റ്റർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് ഉദ്യോഗദായകരുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നുണ്ട്.

2. ഉദ്യോഗദായകരുടെ പ്രവർത്തനങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് അന്വേഷിച്ച് വിശ്വാസ്യത ഉറപ്പുവരുത്തുന്നുണ്ട്.

3. ചേമ്പർ ഓഫ് കൊമേഴ്സ് പോലുള്ള സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടുകൂടി എംപ്ലോയേഴ്സ് മീറ്റ് സംഘടിപ്പിച്ച് സുതാര്യത ഉറപ്പുവരുത്തുന്നുണ്ട്.

4. എംപ്ലോയബിലിറ്റി സെന്ററുകളിൽ ഉദ്യോഗദായകർ രജിസ്റ്റർ ചെയ്യുമ്പോൾ സി.എൻ.വി. ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നേരിട്ട് സ്ഥാപനങ്ങൾ സന്ദർശിച്ച് വിശ്വാസ്യത ഉറപ്പുവരുത്തുന്നുണ്ട്.

(സി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 'നിയുക്തി' എന്ന പേരിൽ മെഗാ തൊഴിൽ മേളകൾ നടത്തുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് 2015 വർഷം മുതൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നുണ്ട്. തികച്ചും

സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തി പോലെയുള്ള ജോബ് ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ഉദ്യോഗദായകർക്ക് അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേയ്ക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു.

## ഐ.ടി.ഐ.-കളിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികകൾ

275(2893) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ ഏതൊക്കെ ട്രെയിഡുകളിൽ എത്ര യൂണിറ്റുകളിലായാണ് പരിശീലനം നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ ഐ.ടി.ഐ. കളിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണോ പ്രസ്തുത തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ട്രെയിനിംഗ് മാന്വൽ പ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ ചുമതലകൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത തസ്തിക നിലവിലില്ലാത്ത ഐ.ടി.ഐ. കളിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ ഡ്യൂട്ടി നിർവ്വഹിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ഏത് ഉദ്യോഗസ്ഥരെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ ഉൾപ്പെട്ട 76 ട്രേഡുകളിലായി 1476 യൂണിറ്റുകളിലായാണ് പരിശീലനം നൽകിവരുന്നത്. ട്രേഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. +

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) ഉണ്ട്. ന്യൂഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന ട്രെയിനിംഗ് മാനുവലിലെ മാർഗ്ഗരേഖകൾ പരിഗണിച്ചാണ് ഐ.ടി.ഐ.-കളിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

എട്ട് യൂണിറ്റുകൾ വരെയുള്ള ഐ.ടി.ഐ.-കൾക്ക് ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക ആവശ്യമില്ല. എന്നാൽ തുടർന്നുള്ള ഓരോ എട്ട് യൂണിറ്റുകൾക്കും ഒരു ഗ്രൂപ്പ് ഇൻസ്ട്രക്ടർ എന്ന അനുപാതത്തിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക അനുവദിക്കുന്നതിനാണ് ട്രെയിനിംഗ് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്നത്. എട്ട് എണ്ണത്തിൽ കൂടുതൽ യൂണിറ്റിൽ ട്രെയിനിംഗ് നടത്തുന്ന സ്ഥാപനങ്ങൾക്ക് നിലവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക അനുവദിച്ചിട്ടുണ്ട്.

(ഡി) ഐ.ടി.ഐ.-കളിൽ നടത്തിവരുന്ന എല്ലാ പരിശീലന പരിപാടികളും ശരിയായ നിലയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുക, പരിശീലനത്തിനാവശ്യമായ മെറ്റീരിയലുകളുടെ ലഭ്യത ഉറപ്പുവരുത്തുക, സംഭരണത്തിനുള്ള നടപടികൾ സ്വീകരിക്കുക, പരിശീലന സമയത്ത് ട്രെയിനികളുടെ സുരക്ഷ, സ്ഥാപനത്തിലെ അച്ചടക്കം എന്നിവ ഉറപ്പുവരുത്തുക, ഇൻസ്ട്രക്ടർമാർ തയ്യാറാക്കുന്ന ലെസൻ പ്ലാൻ, ഡെമൺസ്ട്രേഷൻ പ്ലാൻ മുതലായവ പരിശോധിക്കുകയും ആയതിൻപ്രകാരം ട്രെയിനിംഗ് നടക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നിവയാണ് ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ ചുമതല.

(ഇ) എട്ട് യൂണിറ്റുകൾ വരെയുള്ള ഐ.ടി.ഐ.-കളിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ ചുമതല പ്രിൻസിപ്പാളാണ് നിർവ്വഹിക്കേണ്ടത്.

### പുതുതായി അനുവദിച്ച ഐ.ടി.ഐ.-കൾക്ക് കെട്ടിടം

276(2894) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ഐ.ടി.ഐ.കൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം ധനസഹായം നൽകുന്നതിന് വകുപ്പിന് സാധ്യമാണോ;

(ബി) പുതിയ ഐ.ടി.ഐ.-ക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ കെട്ടിടം നിർമ്മിക്കാൻ തൊഴിൽ വകുപ്പിന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നപക്ഷം വ്യാവസായിക പരിശീലന വകുപ്പിന് പ്രസ്തുത ഐ.ടി.ഐ.-യുടെ ഭാവി വികസനം മുന്നിൽ കണ്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പോ മറ്റ് അംഗീകൃത സർക്കാർ ഏജൻസികളോ മുഖേന മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിശദമായ ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കാവുന്നതാണ്. ആയതിന് സർക്കാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

277(2895) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതു വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് സർക്കാർ 3.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അപര്യാപ്തമാണെന്നും 47,40,000 രൂപ കൂടി ആവശ്യമുണ്ടെന്നും സൂചിപ്പിച്ച് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

## ഹരിപ്പാട് പള്ളിപ്പാട് ഐ.റ്റി.ഐ. വിപുലീകരണം

278(2896) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് പള്ളിപ്പാട് പ്രവർത്തിക്കുന്ന സർക്കാർ ഐ.റ്റി.ഐ.-യുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) നിലവിലെ സാഹചര്യത്തിൽ പള്ളിപ്പാട് സർക്കാർ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമല്ല. ഐ.ടി.ഐ.-യുടെ നിലവിലെ കെട്ടിടത്തിന് മുകളിൽ രണ്ട് നിലകൾകൂടി പണികഴിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത എസ്റ്റിമേറ്റിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ടി ഐ.ടി.ഐ.-ൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും നിലവിൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## ചങ്ങനാശ്ശേരി വനിത ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

279(2897) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി പെരുന്ന ഗവ:എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ സ്ഥലം ചങ്ങനാശ്ശേരി നഗരസഭ വിട്ടുതരാമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുവാൻ ആരംഭിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും സ്ഥലപരിമിതിമൂലം വനിതാ ഐ.ടി.ഐ. പുതിയ സ്ഥലത്തേയ്ക്ക് മാറ്റുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ചങ്ങനാശ്ശേരി (വനിത) ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം പണിയുവാൻ സ്വന്തമായി ഭൂമി അനുവദിച്ച് ഇതുവരെയും വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ആവശ്യത്തിലേയ്ക്കായി 50 സെന്റ് ഭൂമി കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി ചങ്ങനാശ്ശേരി നഗരസഭ സമർപ്പിച്ച അപേക്ഷ റവന്യൂ വകുപ്പ് പരിശോധിച്ച് വരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചങ്ങനാശ്ശേരി വനിത ഐ.ടി.ഐ. സ്ഥലപരിമിതിമൂലം ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് യാതൊരു ശിപാർശയും സർക്കാരിന്റെ പരിഗണനയിലില്ല.

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

280(2898) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) കരിയർ ഡെവലപ്മെന്റ് സെന്റർ നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) നിയമസഭയിലെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലങ്ങളിൽ ഏതെങ്കിലും സ്ഥലത്ത് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ടോ;

(ഡി) വടക്കൻ പറവൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടോ;

(എഫ്) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്ന കാര്യത്തിൽ വിവേചനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിലാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായ മാറ്റങ്ങളെപ്പറ്റിയും അറിവും പരിശീലനവും നൽകി ഉന്നതവിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2016-17 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ സി.ഡി.സി.-കൾ വീതം ആരംഭിക്കുവാനാണ് ആദ്യഘട്ടത്തിൽ

ഉദ്ദേശിക്കുന്നത്. സി.ഡി.സി.-കൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സ്ഥലം, കെട്ടിടം, ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട് ചേർന്ന് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ആരംഭിച്ചിട്ടില്ല.

(ഡി) എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വടക്കൻ പറവൂരിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് കരിയർ ഡെവലപ്മെന്റ് സെന്ററിനു മാത്രമായി 3000 Sq.ft. സ്ഥലം ആവശ്യമാണ്. കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേയ്ക്കായി റിസപ്ഷൻ, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, രജിസ്ട്രേഷൻ ഹാൾ, ലൈബ്രറി, ടോയ്ലറ്റുകൾ, ഓഫീസ് കാബിനുകൾ, വെയിറ്റിംഗ് ഏരിയ, ഗ്രൂപ്പ് കൗൺസലിംഗ് റൂം മുതലായവ സജ്ജീകരിക്കുന്നതിലേയ്ക്കായാണ് പ്രസ്തുത 3000 Sq.ft. ഉപയോഗപ്പെടുത്തുന്നത്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേയ്ക്കായി ഐ.ടി. ഓഫീസർ കം കരിയർ ഗൈഡൻസ് അസിസ്റ്റന്റ്, അസിസ്റ്റന്റ് സെന്റർ മാനേജർ കം കൗൺസലർ എന്നിങ്ങനെ സ്റ്റാഫിനേയും നിയമിക്കേണ്ടതായിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടാമ്പിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

281(2899) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിലെ തൊഴിൽ അന്വേഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭിക്കുന്നതിന് ദൂരെയുള്ള ഷൊർണ്ണൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കേണ്ടി വരുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഷൊർണ്ണൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ദൂരപരിധി പല വിഷമതകൾക്കും കാരണമാവുന്നത് കൊണ്ട് പ്രസ്തുത എക്സ്ചേഞ്ച് വിഭജിച്ച് പട്ടാമ്പിയിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രജിസ്ട്രേഷൻ, പുതുക്കൽ തുടങ്ങിയ എംപ്ലോയ്മെന്റ് സേവനങ്ങൾ ഓൺലൈനിലേയ്ക്ക് മാറ്റിയിട്ടുള്ളതിനാൽ പട്ടാമ്പി താലൂക്കിൽ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

282(2900) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ മേഖലയിലുൾപ്പെടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2019 സെപ്റ്റംബർ വരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് താല്ക്കാലിക/സ്ഥിരനിയമനങ്ങൾ നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) പ്രൊഫഷണൽ മേഖലയിലുൾപ്പെടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2019 സെപ്റ്റംബർ വരെ പേര് രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്തവർ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 523917 |
| കൊല്ലം | 372078 |
| ആലപ്പുഴ | 291587 |
| പത്തനംതിട്ട | 125434 |
| കോട്ടയം | 207820 |
| ഇടുക്കി | 105444 |
| എറണാകുളം | 340326 |
| തൃശ്ശൂർ | 263577 |

| (1) | (2) |
|---|---|
| പാലക്കാട് | 240007 |
| മലപ്പുറം | 275099 |
| കോഴിക്കോട് | 359464 |
| വയനാട് | 92359 |
| കണ്ണൂർ | 197356 |
| കാസർഗോഡ് | 89576 |
| ആകെ | **34,84,044** |

മുപ്പത്തിനാല് ലക്ഷത്തി എൺപത്തി നാലായിരത്തി നാൽപ്പത്തിനാല് പേർ 2019 സെപ്റ്റംബർ വരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (5/16 to 9/19) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 31743 താൽക്കാലിക നിയമനവും 7963 സ്ഥിര നിയമനവും ഉൾപ്പെടെ ആകെ 39706 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവത്കരണം**

283(2901) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനിക വത്കരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി എത്രപേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നല്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്യുകയും ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭ്യമായിരുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ 75 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നവരുടെ ആകെ എണ്ണം 2019 സെപ്റ്റംബർ 30-ലെ കണക്കുകൾ പ്രകാരം 34,84,044 (മുപ്പത്തിനാല് ലക്ഷത്തി എൺപത്തി നാലായിരത്തി നാൽപ്പത്തിനാല്) ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. വകുപ്പ് നടത്തിയ പരിശോധനയിൽ, രജിസ്ട്രേഷനിലെ ഇരട്ടിപ്പ് കണ്ടെത്തി അവ ഒഴിവാക്കിയതു പ്രകാരമുള്ളതാണ് ഈ കണക്ക്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (5/16 to 9/19) വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആകെ 39,706 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| Temporary | - | 31743 |
| Full Time Regualr | - | 3439 |
| PTR | - | 4534 |
| Total | | 39706 |

======

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ

284(2902) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത എക്സ്ചേഞ്ചുകളിൽ നടപടിക്രമങ്ങൾ പാലിക്കാതെയും സീനിയോറിറ്റി മറികടന്നും നിയമനനടപടി സ്വീകരിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇത് പൂർണമായും നിയന്ത്രിക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിലേയ്ക്കുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാന്വൽ (NESM) ന്റെയും Compulsory Notification of vacancies Act 1959, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ കാലാകാലങ്ങളിലെ ഉത്തരവുകൾ, സർക്കുലറുകൾ, മിനിറ്റ്സുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് എംപ്ലോയ്മെന്റ് വകുപ്പ് പ്രവർത്തിക്കുന്നത്. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് വകുപ്പിൽ അറിയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന ഒഴിവുകൾക്ക് നിയമാനുസൃതം യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക എന്നതാണ് വകുപ്പിന്റെ പ്രധാന ചുമതല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിച്ചുവരുന്ന എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റിലൂടെ 1959-ലെ CNV ആക്ടും തുടർന്നുള്ള 1960-ലെ നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും ആക്ടിന്റെ പരിധിയിൽ വരുന്ന ഒഴിവുകൾ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും എല്ലാ കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/ സ്വകാര്യമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിലെടുക്കുന്നവരുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കി ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വിവരങ്ങൾ വിദ്യാർത്ഥികൾക്കും തൊഴിൽ അന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ചിട്ടുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് മുഖേന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്ക് അനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിൽ അവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായി ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 'അതിജീവനം' എന്ന തൊഴിൽ മേളയും സംഘടിപ്പിച്ചു വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് PSC, UPSC, Bank പരീക്ഷകൾ എന്നിവയിൽ മികച്ച വിജയം കണ്ടെത്തുന്നതിനായി എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന coaching cum guidance Centre for SC/ST എന്ന സ്ഥാപനത്തിൽനിന്നും മികച്ച സൗജന്യ പരിശീലന ക്ലാസുകൾ നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം നൽകാനുതകുന്നതിലേയ്ക്ക് പാലോട് കേന്ദ്രമായി ഒരു ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധ സ്വയംതൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ, കൈവല്യ എന്നീ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

കെസ്റു

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് മുഖേന നടപ്പിലാക്കി വരുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതി.

മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് മുഖേന നടപ്പിലാക്കി വരുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതി.

ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികജാതി/പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി നടത്തുന്ന സ്വയംതൊഴിൽ പദ്ധതി.

കൈവല്യ

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി. ടി പദ്ധതിക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയംതൊഴിൽ വായ്പ പദ്ധതി എന്നീ 4 ഘടകങ്ങളുണ്ട്.

തൊഴിൽരഹിത വേതന പദ്ധതി

തൊഴിൽരഹിതർക്ക് ഒരു ആശ്വാസം എന്ന നിലയിൽ പ്രതിമാസം 120 രൂപാ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ തൊഴിൽരഹിത വേതനം നൽകിവരുന്നു.

ഇ-ഓഫീസ് പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേപ്പർഹരിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടെ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രത്യക്ഷമായി നൽകിവരുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. വകുപ്പ് മുഖേനയുള്ള സേവനങ്ങൾ www.employment.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം ലഭ്യമാകുന്നതാണ്.

(ബി) സീനിയോറിറ്റിയും സംവരണവും മറ്റ് നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ നിയമനനടപടികൾ സ്വീകരിക്കുന്നതെന്ന കാര്യം കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ട്. വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകളിൽ ആഭ്യന്തര പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പരിശോധന നടത്താറുണ്ട്.

(സി) വിവിധ ഒഴിവുകൾക്ക് പരിഗണിക്കപ്പെടാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത, സംവരണം, പ്രായപരിധി, മുൻഗണന എന്നിവയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റുകൾ 3 വർഷത്തിലൊരിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തയ്യാറാക്കുന്നുണ്ട്. ടി ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തുവരുന്നു. നിയമന നടപടികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി സീനിയോറിറ്റി ലിസ്റ്റുകൾ ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് പരിശോധിക്കുന്നതിനായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റിൽ ജില്ല തിരിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ചും ടി വിവരം ലഭ്യമാണ്. അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കുന്നതിനായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. ആയത് പരിശോധിച്ച് ആക്ഷേപമുള്ളപക്ഷം പരാതികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകാവുന്നതും ആയത് പരിശോധിച്ച് മേൽ നടപടികൾ ആവശ്യാനുസരണം സ്വീകരിക്കുന്നതുമാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

285(2903) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് വകുപ്പിനു കീഴിൽ 2019 മാർച്ച് 31 വരെ എത്ര ഉദ്യോഗാർത്ഥികൾ വിവിധ ജോലികൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സ്ത്രീകൾ/പുരുഷൻ/അംഗപരിമിതർ/പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നാക്കസമുദായം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വകുപ്പിലൂടെ എത്ര പേർക്ക് വിവിധ തസ്തികകളിലേയ്ക്ക് താൽക്കാലിക/സ്ഥിരം, ദിവസവേതന വ്യവസ്ഥയിൽ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത എത്ര ശതമാനം ഉദ്യോഗാർത്ഥികൾക്കാണ് ഓരോ വർഷവും നിയമനം നൽകിയത്; ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ;

(ഡി) ഈ വകുപ്പിനെ അവഗണിച്ച് മറ്റ് വകുപ്പുകൾ നിയമന നടപടികൾ സ്വീകരിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ 2019 മാർച്ച് 31 വരെ വിവിധ ജോലികൾക്കായി രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ വിവരം സ്ത്രീകൾ/പുരുഷന്മാർ/അംഗപരിമിതർ/പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായം എന്നിവ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (5/16 to 9/19) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ തസ്തികകളിലായി 31743 താൽക്കാലിക/ദിവസവേതന നിയമനവും 7963 സ്ഥിര നിയമനവും ഉൾപ്പെടെ ആകെ 39706 പേർക്ക് വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലായി നിയമനം നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ സി.എൻ.വി. ആക്ട് പ്രകാരമുള്ള പരിശോധന നടത്തുമ്പോഴോ അനധികൃത നിയമനം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ നടത്തുന്ന പരിശോധനയിലോ അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്ത് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് ഉദ്യോഗദായകന് കർശനനിർദ്ദേശം നൽകുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ

286(2904) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടപടിക്രമങ്ങൾ പാലിക്കാതെയും സീനിയോറിറ്റി മറികടന്നും നിയമനനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിലേയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാന്വൽ (NESM)-ന്റെയും Compulsory Notification of vacancies Act 1959, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ കാലാകാലങ്ങളിലെ ഉത്തരവുകൾ, സർക്കുലറുകൾ, മിനിറ്റ്സുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് എംപ്ലോയ്മെന്റ് വകുപ്പ് പ്രവർത്തിക്കുന്നത്. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് വകുപ്പിൽ അറിയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന ഒഴിവുകൾക്ക് നിയമാനുസൃതം യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക എന്നതാണ് വകുപ്പിന്റെ പ്രധാന ചുമതല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിച്ചുവരുന്ന എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റിലൂടെ 1959-ലെ CNV ആക്ടും തുടർന്നുള്ള 1960-ലെ നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും ആക്ടിന്റെ പരിധിയിൽ വരുന്ന ഒഴിവുകൾ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും എല്ലാ കേന്ദ്ര/സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖല/സ്വകാര്യമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിലെടുക്കുന്നവരുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കി ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വിവരങ്ങൾ വിദ്യാർത്ഥികൾക്കും തൊഴിൽ അന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ചിട്ടുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് മുഖേന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്ക് അനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിൽ അവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 'അതിജീവനം' എന്ന തൊഴിൽ മേളയും സംഘടിപ്പിച്ചു വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് PSC, UPSC, Bank പരീക്ഷകൾ എന്നിവയിൽ മികച്ച വിജയം കണ്ടെത്തുന്നതിനായി എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന coaching-cum-guidance Centre for SC/ST എന്ന സ്ഥാപനങ്ങളിൽനിന്നും മികച്ച സൗജന്യ പരിശീലന ക്ലാസുകൾ നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം നൽകാനുതകുന്നവിധം പാലോട് കേന്ദ്രമായി ഒരു ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ, കൈവല്യ എന്നീ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

<u>കെസ്റു</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് മുഖേന നടപ്പിലാക്കി വരുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതി.

<u>മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് മുഖേന നടപ്പിലാക്കി വരുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതി.

<u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ്

കഴിഞ്ഞ അവിവാഹിതകൾ, പട്ടികജാതി/പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി നടത്തുന്ന സ്വയംതൊഴിൽ പദ്ധതി.

കൈവല്യ

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി. ടി പദ്ധതിക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയംതൊഴിൽ വായ്പ പദ്ധതി എന്നീ 4 ഘടകങ്ങളുണ്ട്.

തൊഴിൽരഹിത വേതന പദ്ധതി

തൊഴിൽരഹിതർക്ക് ഒരു ആശ്വാസം എന്ന നിലയിൽ പ്രതിമാസം 120 രൂപാ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ തൊഴിൽരഹിത വേതനം നൽകിവരുന്നു.

ഇ-ഓഫീസ് പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടെ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രത്യക്ഷമായി നൽകിവരുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. വകുപ്പ് മുഖേനയുള്ള സേവനങ്ങൾ www.employment.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം ലഭ്യമാകുന്നതാണ്.

(ബി) സീനിയോറിറ്റിയും സംവരണവും മറ്റ് നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ നിയമനനടപടികൾ സ്വീകരിക്കുന്നതെന്ന കാര്യം കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ട്. വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകളിൽ ആഭ്യന്തര പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പരിശോധന നടത്താറുണ്ട്. ജീവനക്കാരുടെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കുന്നത് പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ ആയതിന് കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിവിധ ഒഴിവുകൾക്ക് പരിഗണിക്കപ്പെടാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത, സംവരണം, പ്രായപരിധി, മുൻഗണന എന്നിവയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റുകൾ 3 വർഷത്തിലൊരിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തയ്യാറാക്കുന്നുണ്ട്. ടി ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തുവരുന്നു. നിയമന നടപടികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി സീനിയോറിറ്റി ലിസ്റ്റുകൾ ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് പരിശോധിക്കുന്നതിനായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭ്യമാകുന്നതാണ്. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റിൽ ജില്ല തിരിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ചും ടി വിവരം ലഭ്യമാണ്. സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കുന്നതിനായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. ആയത് പരിശോധിച്ച് ആക്ഷേപമുള്ളപക്ഷം പരാതികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകേണ്ടതാണ്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## നൈപുണ്യ സംരംഭകത്വ കേന്ദ്രങ്ങൾ

287(2905) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ ടാപ്പിംഗ്, തേങ്ങയിടീൽ, കെട്ടിടം പണി, പ്ലംബിംഗ് തുടങ്ങിയ ജോലികൾക്ക് തൊഴിലാളികളെ കിട്ടാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാടൻ പണികൾക്കായി നൈപുണ്യ സംരംഭകത്വ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അതാത് പ്രദേശങ്ങളിൽ കൂടുതൽ ആവശ്യമുള്ള തൊഴിൽ മേഖലകളിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റബ്ബർ ടാപ്പിംഗ്, തേങ്ങയിടീൽ എന്നീ മേഖലകളിലെ ജോലികൾക്ക് ആവശ്യകതയ്ക്കനുസരിച്ച് തൊഴിലാളികളെ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) ബാധകമല്ല.

**ഇ.എസ്.ഐ. ഡിസ്പെൻസറി**

288(T *2906) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇ.എസ്.ഐ. ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ ജീവനക്കാരുടെ കുറവ് നിമിത്തം ബുദ്ധിമുട്ടുന്ന പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരെയും മറ്റ് മെഡിക്കൽ സ്റ്റാഫുകളെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇൻഷ്വറൻസ് വകുപ്പ് മേധാവി സർക്കാരിലേയ്ക്ക് അയച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം കണ്ടെത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ ടെണ്ടർ നൽകിയെങ്കിലും നിശ്ചിത തീയതിക്കുള്ളിൽ ആരുംതന്നെ ഇ-ടെണ്ടർ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ നടപടികൾ വീണ്ടും സ്വീകരിക്കുവാൻ ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കോട്ടക്കൽ ഡിസ്പെൻസറിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്.

(സി) ഇൻഷ്വറൻസ് വകുപ്പ് മേധാവി സർക്കാരിലേയ്ക്ക് അയച്ച റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി

289(2907) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കൾ എത്തിച്ച് നല്കുന്ന സംഘങ്ങളെ കണ്ടെത്തുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ബി) ഓരോ സ്കൂളുകളുടെയും നിരീക്ഷണത്തിന് പ്രത്യേകമായി എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. ഇത്തരത്തിൽ ചുമതലയുള്ള വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളിലെ കൺവീനർമാർ, സ്കൂൾ അധികൃതർ, പി.ടി.എ. അംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങിയ അനധികൃത പ്രവണതകൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോയെന്ന് നിരന്തരം പരിശോധിച്ചു വരുന്നുണ്ട്.

ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി "വിമുക്തി" എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് ആരംഭിക്കുകയും ആയതിലൂടെ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ നിരന്തരം വ്യാപൃതരാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പിന് സ്വന്തമായി സൈബർ സെൽ

290(2908) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വഴിയും മൊബൈൽ ഫോൺ ഉപയോഗിച്ചുമുള്ള ലഹരി കടത്ത് ഇടപാടുകൾ വർദ്ധിച്ചുവരുന്നത് എക്സൈസിന് ഫലപ്രദമായി തടയാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സൈസ് വകുപ്പിന് സ്വന്തമായി ഹൈടെക് സൈബർ സെൽ സജ്ജമാക്കുന്നത് ഇതിന് ഒരു പരിധിവരെ പരിഹാരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) അതിർത്തികടന്നുള്ള ലഹരി കടത്ത് ഉൾപ്പെടെ തടയുന്നതിന് എക്സൈസ് വകുപ്പിന് സ്വന്തമായി സൈബർ സെൽ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ടായിട്ടില്ല. വിവിധ സാമൂഹിക മാധ്യമങ്ങളും പുതിയ സാങ്കേതിക വിദ്യ സംവിധാനങ്ങളും ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എക്സൈസ് ഇന്റലിജൻസ് സംവിധാനവും ഷാഡോ എക്സൈസ്, എക്സൈസ് കമ്മീഷണറുടെ സ്പെഷ്യൽ സ്ക്വാഡുകൾ എന്നിവയും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും ഇതര ഇന്റലിജൻസ് ഏജൻസികളുമായുള്ള സഹകരണത്തിലൂടെ ലഹരി കടത്ത് ഇടപാടുകൾ തടയുന്നതിന് ഫലപ്രദമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഓൺലൈൻ വഴിയും മൊബൈൽ ഫോൺ ഉപയോഗിച്ചുമുള്ള ലഹരി കടത്ത് ഇടപാടുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എക്സൈസ് വകുപ്പിന് സ്വന്തമായി ഹൈടെക് സൈബർ സെൽ സജ്ജമാക്കുന്നത് ഇവയെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വീര്യം കുറഞ്ഞ മദ്യം**

291(2909) ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്ക, കശുമാങ്ങ, വാഴപ്പഴം മുതലായവയിൽ നിന്നും മറ്റ് കാർഷികോല്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉണ്ടാക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അപ്രകാരം വീര്യം കുറഞ്ഞ മദ്യവും വൈനും ഉല്പാദിപ്പിക്കുന്നതിന് ആർക്കാണ് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് എക്സൈസ് നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(എഫ്) നിലവിലെ വൈനറി റൂൾ വൻകിട വ്യവസായ യൂണിറ്റുകളെ ഉദ്ദേശിച്ചിട്ടുള്ളതാകയാൽ പുതിയ രീതിയിലുള്ള മദ്യ യൂണിറ്റുകളുടെ നിർമ്മാണത്തിന് പ്രത്യേക ചട്ടം രൂപീകരിക്കേണ്ടതുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 26-10-2019-ലെ സ.ഉ(കൈ) 58/2019/നി.വ. പ്രകാരം പഴങ്ങളിൽ നിന്നും ധാന്യങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ തുടങ്ങിയ പാനീയങ്ങൾ ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ പാഴായി പോകുന്ന ചക്ക, കശുമാങ്ങ തുടങ്ങിയ പഴങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് സാധ്യത വളരെ കൂടുതലാണെന്നും ആയതിന് അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ആലോചിക്കണമെന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ

സംബന്ധിച്ച് സർക്കാർതലത്തിൽ ചർച്ച ചെയ്ത് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് 10-3-2014-ൽ കൂടിയ നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII നിർദ്ദേശിച്ചിരുന്നു. തുടർന്ന് 9-7-2014-ൽ സമർപ്പിച്ച കമ്മിറ്റി റിപ്പോർട്ടിലും ഇക്കാര്യം ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ മേൽനടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) ഇത്തരത്തിൽ വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്ന സംരംഭകർക്ക്, അബ്കാരി നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ലൈസൻസ് നൽകുന്നതാണ്.

(ഡി) കശുമാമ്പഴത്തിൽനിന്നും വീര്യം കുറഞ്ഞ മദ്യം നിർമ്മിക്കുന്നതിന് അനുമതി തേടി പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്കും ജാതിക്കയുടെ തോടിൽനിന്നും വൈൻ ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി തേടി സ്പൈസസ് പ്രൊഡ്യൂസേഴ്സ് ലിമിറ്റഡ്, മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്നിവരും സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ഇ&എഫ്) 26-10-2019-ലെ സ.ഉ.(കൈ) 58/2019/നി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അബ്കാരി നിയമത്തിൽ ആവശ്യമായ നിയമഭേദഗതിക്കായുള്ള ശിപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബാറുകളുടെ ദൂരപരിധി

292(2910) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ബാറുകളുടെ ദൂരപരിധി സംബന്ധിച്ച് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തനം പുനരാരംഭിച്ചു/ആരംഭിച്ചുവെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

### <u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ വിദേശമദ്യ നിയമപ്രകാരമുള്ള ബാറുകളുടെ ദൂരപരിധി സംബന്ധിച്ച് ഒരു ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 19 ബാറുകൾ പ്രവർത്തനം ആരംഭിച്ചു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1 |
| കോട്ടയം | 1 |
| എറണാകുളം | 3 |
| ഇടുക്കി | 2 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 1 |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 2 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 0 |

## ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് തസ്തിക

293(2911) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ആകെ എൽ.ഡി.ക്ലാർക്ക് തസ്തിക എത്രയുണ്ടെന്നും ഇതിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തസ്തികകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇനിയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനായി ഒഴിവുകളുണ്ടോ എന്നും അവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ ഏതെങ്കിലും തരത്തിൽ നികത്തിയിട്ടുണ്ടോ എന്നും എങ്കിൽ അങ്ങനെ ജോലി ചെയ്യുന്നവർ എത്രയാണെന്നും ഏതടിസ്ഥാനത്തിലെന്നും വ്യക്തമാക്കുമോ ;

(ഡി) ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും ആ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വ്യക്തമാക്കാമോ;

(ഇ) നിലവിൽ ബിവറേജസ് കോർപ്പറേഷനിൽ ഒഴിവുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ആകെ എണ്ണം 279 ആണ്. ആയതിനാൽ 252 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) ഒഴിവുള്ള എല്ലാ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എൽ.ഡി.സി. തസ്തികയിൽ താത്ക്കാലികാടിസ്ഥാനത്തിൽ 140 പേർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്.

(ഡി&ഇ) ബിവറേജസ് കോർപ്പറേഷൻ എൽ.ഡി.സി. റാങ്ക് പട്ടിക നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽനിന്നും പി.എസ്.സി. നിയമന ശിപാർശ ആരംഭിച്ചിട്ടില്ല. പി.എസ്.സി. നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് കെ.എസ്.ബി.സി. നിയമന ഉത്തരവ് നൽകുന്നതാണ്.

**ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളുടെ വിറ്റുവരവ്**

294(2912) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ വഴി എത്ര കോടി രൂപയുടെ മദ്യമാണ് വില്പന നടത്തിയത്; വ്യക്തമാക്കാമോ;

(ബി) മുൻ വർഷം ഇതേ കാലയളവിലുള്ള വില്പനയെക്കാൾ എത്ര കോടി രൂപയുടെ വർദ്ധനവാണ് നടപ്പ് വർഷം ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2019 വർഷത്തെ ഓണക്കാലത്ത് 3-9-2019 മുതൽ 12-9-2019 വരെയുള്ള 10 ദിവസങ്ങളിൽ കെ.എസ്.ബി.സി.-യുടെ ചില്ലറ വിൽപ്പനശാലകൾ മുഖേനയുള്ള വിറ്റുവരവ് 415.52 കോടി രൂപയാണ്. 2018 വർഷത്തെ ഓണക്കാലത്തെ 10 ദിവസങ്ങളിലെ (17-8-2018 മുതൽ 26-8-2018 വരെ) വിറ്റുവരവായ 383.82 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷത്തെ വിറ്റുവരവിൽ 31.70 കോടി രൂപയുടെ വർദ്ധനവ് (8%) ഉണ്ടായിട്ടുണ്ട്.

## വർദ്ധിച്ചുവരുന്ന ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയാൻ നടപടി

295(2913) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും അതുമായി ബന്ധപ്പെട്ട ക്രിമിനൽ മാഫിയാ സംഘങ്ങളുടെ പ്രവർത്തനവും തടയുവാനായി പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., റെയിൽവേ എന്നീ വിഭാഗങ്ങളുമായി ചേർന്ന് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ ലഹരി ഉല്പന്നങ്ങൾ പിടികൂടി; എത്ര കേസ്സുകൾ ചാർജ്ജുചെയ്തു; എത്ര പേരെ പിടികൂടി;

(സി) ഇതിൽ എത്ര ഇതര സംസ്ഥാനക്കാർ, വിദ്യാർത്ഥികൾ, പ്രായപൂർത്തിയാകാത്തവർ ഉണ്ടായിരുന്നു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഹരി ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും ഉപയോഗവും തടയുന്നതിനായി പോലീസ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡ്, വാഹന പരിശോധന, ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിലെ പരിശോധന എന്നിവ നടത്തിവരുന്നുണ്ട്. ആർ.പി.എഫ്.-മായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ഇതരസംസ്ഥാന തൊഴിലാളികൾ കൂടുതലായി വരുന്ന ട്രെയിനുകളിലും പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. വനം വകുപ്പുമായി ചേർന്ന് വനമേഖലകളിൽ കഞ്ചാവ് കൃഷി, വ്യാജവാറ്റ് എന്നിവ തടയുന്നതിനായി സംയുക്ത പരിശോധനകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുമായി ചേർന്ന് കടലിലും തീരപ്രദേശങ്ങളിലും ശക്തമായ പരിശോധനകൾ നടന്നുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പിടികൂടിയ ലഹരി ഉൽപ്പന്നങ്ങളുടെ വില, ചാർജ്ജുചെയ്ത കേസ്സുകൾ, പിടികൂടിയവരുടെ എണ്ണം എന്നിവ താഴെ കൊടുത്തിരിക്കുന്നു.

| വർഷം | ലഹരി ഉൽപ്പന്ന ങ്ങളുടെ ഏകദേശ മതിപ്പ് തുക | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | | അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം | |
|---|---|---|---|---|---|
| | | അബ്കാരി | എൻ. ഡി. പി.എസ്. | അബ്കാരി | എൻ. ഡി. പി.എസ്. |
| 2016 (1/06/16 മുതൽ) | 150 കോടി | 16233 | 2033 | 15409 | 2158 |
| 2017 | 300 കോടി | 21372 | 5946 | 18301 | 6226 |
| 2018 | 650 കോടി | 10634 | 7573 | 7873 | 7798 |
| 2019 (30/09/19 വരെ) | 500 കോടി | 10340 | 5811 | 8370 | 6043 |

(സി) 2566 ഇതര സംസ്ഥാനക്കാരും 127 വിദ്യാർത്ഥികളും 198 പ്രായപൂർത്തിയാകാത്തവരും ഉണ്ടായിരുന്നു.

**ലഹരി മാഫിയ സംഘം നിയന്ത്രിക്കുന്നതിന് നടപടി**

296(2914) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മാഫിയ സംഘം വൻതോതിൽ മാരകായുധങ്ങൾ ശേഖരിക്കുന്നുണ്ടെന്ന വിവരം രഹസ്യാന്വേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(ബി) വണ്ടൂരിൽ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർക്ക് നേരെ മയക്കുമരുന്ന് കേസിലെ പ്രതി നാല് റൗണ്ട് വെടി വച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) 2010-ൽ വാറണ്ടുമായി കാളികാവ് സ്റ്റേഷനിലെത്തിയ ഗ്രേഡ് എസ്.ഐ.-യെ മയക്കുമരുന്നു കേസിലെ പ്രതി വെടിവച്ചു കൊന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) നേരത്തെ അരീക്കോട് എസ്.ഐ.-ക്ക് കുത്തേറ്റതും ലഹരി മാഫിയ സംഘത്തിൽപ്പെട്ട ആളിൽ നിന്നായിരുന്നു എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ ഇത്തരം ക്രിമിനലുകളെ ഫലപ്രദമായി നേരിടുന്നതിന് എന്തൊക്കെ ഒരുക്കങ്ങളാണ് എക്സൈസ് വകുപ്പ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഉണ്ട്.

(ഡി) അരീക്കോട് എസ്.ഐ.-ക്ക് 10-7-2019-ൽ കുത്തേറ്റത് ലഹരി മാഫിയാ സംഘത്തിൽപ്പെട്ടയാളിൽ നിന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അനധികൃത മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന ക്രിമിനലുകളെ നേരിടുന്നതിനായി എക്സൈസ് വകുപ്പിൽ എല്ലാ ജീവനക്കാർക്കും മതിയായ അടിസ്ഥാന പരിശീലനം നൽകി വരുന്നതോടൊപ്പം എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് small arms (റിവോൾവർ, പിസ്റ്റൾ) അനുവദിച്ചിട്ടുള്ളതും ഈ ഉദ്യോഗസ്ഥർക്ക് small arms ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകിവരുന്നുമുണ്ട്.

**ലഹരി ഉപഭോഗം തടയാൻ കർശന പരിശോധന**

297(2915) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിശോധനകൾ കർശനമാക്കുന്നതിന് വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രത്യേക പരിശീലനം ലഭിച്ച സ്ക്വാഡുകൾക്ക് രൂപം നൽകുവാനും പരിശോധന കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി പൊതുസ്ഥലങ്ങളും വിദ്യാലയങ്ങളും കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) നിയമവിരുദ്ധ ലഹരി ഉപഭോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗും എല്ലാ എക്സൈസ് ചെക്ക് പോസ്റ്റുകളിലും ശക്തമായ വാഹന പരിശോധനയും നടത്തിവരുന്നു. പുറമെ ഓണാഘോഷ കാലത്ത് " ഓപ്പറേഷൻ വിശുദ്ധി" എന്ന പദ്ധതിയും ഇപ്പോൾ 'ഓപ്പറേഷൻ സീറോ ടോളറൻസ് ' എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ട്രെയിൻ മാർഗ്ഗമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനായി

സംസ്ഥാന എക്സൈസ് വകുപ്പ് ആർ.പി.എഫുമായി ചേർന്നും റെയിൽവേ സ്റ്റേഷനുകളിൽ പോലീസ് ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയും പരിശോധന നടത്തി ലഹരി വസ്തുക്കൾ കടത്തുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളിലേയ്ക്ക് ഉൾപ്പെടെ എല്ലാ റോഡുകളിലും വാഹന പരിശോധന നടത്തി മയക്കുമരുന്നിന്റെ കടത്ത് പിടികൂടുന്നുണ്ട്.

(ബി) സംസ്ഥാന തലത്തിൽ സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും മേഖലാടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ എക്സൈസ് കമ്മീഷണർ സ്പെഷ്യൽ സ്ക്വാഡും രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്.

(സി) പൊതുസ്ഥലങ്ങളും സ്കൂൾ, കോളേജ് പരിസരങ്ങളും കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

## ഹൈവേ പട്രോളിംഗ് യൂണിറ്റ്

298(2916) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിന് കീഴിലുള്ള തലശ്ശേരി റെയിഞ്ച് ഓഫീസിനോട് അനുബന്ധിച്ച് നാർക്കോട്ടിക് സെൽ, ഹൈവെ പട്രോളിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ

299(2917) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് 2018-19 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ശബരിമല മണ്ഡല മഹോത്സവവുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ജാഗ്രതാനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) എക്സൈസ് റേഞ്ച് ആഫീസിൽ ശബരിമല സീസണിന്റെ പ്രാധാന്യം കണക്കിലെടുത്ത് താൽക്കാലിക ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷം ആകെ 57 അബ്കാരി കേസുകളും 71 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശബരിമല മേഖലയിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ താൽക്കാലിക എക്സൈസ് റെയിഞ്ച് ഓഫീസുകൾ സ്ഥാപിക്കുന്നതാണ്. ഇവിടേയ്ക്ക് ഉദ്യോഗസ്ഥരെ വിന്യസിച്ച് തീർത്ഥാടന കാലത്ത് ലഹരി വസ്തുക്കൾ കൊണ്ടുവരുന്നതും ഉപയോഗിക്കുന്നതും കർശനമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പൂങ്കാവനം ഉൾപ്പെടുന്ന പത്തനംതിട്ട മണ്ണാറകുളഞ്ഞി മുതൽ പമ്പ വരെയുള്ള ഭാഗങ്ങളിൽ 24 മണിക്കൂർ പട്രോളിംഗ് നടത്തിവരുന്നുമുണ്ട്. പന്തളം, ആറന്മുള എന്നീ സ്ഥലങ്ങളിൽ എക്സൈസ് ഔട്ട് പോസ്റ്റുകളും സ്ഥാപിക്കുന്നതാണ്.

(സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വ്യാപനം തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം എക്സൈസ് ഇന്റലിജൻസ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. ടി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ രഹസ്യനിരീക്ഷണ സംവിധാനം ഏർപ്പെടുത്തി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എക്സൈസ് വകുപ്പിലെ ഓരോ ഉദ്യോഗസ്ഥരെ ഓരോ സ്കൂളിന്റെ ചുമതല നൽകി നിയോഗിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ വാഹനവും ഡ്രൈവറും ഉൾപ്പെടെയായിരിക്കും ശബരിമല സന്നിധാനം പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ താൽക്കാലിക എക്സൈസ് റെയിഞ്ച് ഓഫീസുകൾ പ്രവർത്തിക്കുന്നത്.

## കുഴൽമന്ദം റെയ്ഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടം

300(2918) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കുഴൽമന്ദം റെയ്ഞ്ച് ഓഫീസിന് സ്വന്തമായി ഒരു കെട്ടിടമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുഴൽമന്ദത്തെ റെയ്ഞ്ച് ഓഫീസിന്റെ സ്ഥലപരിമിതിമൂലം വനിതാ ജീവനക്കാരുൾപ്പെടെയുള്ളവർ അനുഭവിക്കുന്ന കഷ്ടപ്പാടുകളും, തൊണ്ടിമുതൽ സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതിയും പരിഗണിച്ച് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുഴൽമന്ദം എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൗമാരക്കാരിലെയും യുവജനങ്ങളിലെയും വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം

301(2919) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം കുറച്ചു കൊണ്ടു വരുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള വ്യാപാര സ്ഥാപനങ്ങളിൽ വിവിധ തരത്തിലുള്ള ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികളെ ആകർഷിക്കുന്നതിനായി ഏതെല്ലാം തരത്തിലാണ് ലഹരിവസ്തുക്കൾ സംസ്ഥാനത്തെ സ്കൂൾ കോളേജ് പരിസരങ്ങളിൽ വിറ്റഴിക്കപ്പെടുന്നത്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ലഹരിമരുന്ന് വിൽപ്പനക്കാർ കൗമാരക്കാരെയും യുവജനങ്ങളെയും ഉപയോഗിച്ച് ലഹരിമരുന്ന് വിറ്റഴിക്കുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിക്കുന്നതിനും നമ്മുടെ കൗമാരക്കാരെയും യുവജനങ്ങളെയും ഇവയിൽനിന്നും മോചിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) സ്കൂൾ കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിവിധ രീതിയിൽ വില്പന നടത്തിയതിന്റെ പേരിൽ എത്ര കച്ചവടക്കാർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കും എതിരായ പ്രവർത്തനങ്ങളിൽ എൻഫോഴ്സ്മെന്റിനോടൊപ്പംതന്നെ പ്രസക്തമാണ് ഫലപ്രദമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ലഹരിക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ച് വരുന്നു. വിപുലമായ ബോധവത്ക്കരണ ക്ലാസ്സുകൾ, കലാ-സാഹിത്യ കായിക മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കുട്ടികളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ വിവിധ തരത്തിലുള്ള പാൻ ഉൽപ്പന്നങ്ങൾ (തമ്പാക്ക്, പാൻപരാഗ് മുതലായവ), ബ്രാൻഡഡ് അല്ലാത്ത വിവിധതരം സിഗരറ്റ്, ബീഡി കൂടാതെ ലഹരി വസ്തുക്കൾ അടങ്ങിയ മിഠായികൾ, ജ്യൂസുകൾ എന്നിവ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) അത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത അവസാനിപ്പിക്കുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും സ്കൂൾ, കോളേജ് പരിസരങ്ങൾ നിരീക്ഷിക്കുന്നതിനും എക്സൈസ് റേഞ്ച്, സർക്കിൾ, സ്ക്വാഡ്, ഐ.ബി. അംഗങ്ങൾ നിരീക്ഷണം നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിമുക്തി മിഷൻ വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നുമുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് 14 ജില്ലാ ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന സൗജന്യ ചികിത്സ നൽകുന്നുണ്ട്. ലഹരിയിലേയ്ക്ക് വഴുതി പോകാനിടയുള്ളവർക്ക് സൗജന്യ കൗൺസലിംഗ് സൗകര്യം നൽകുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ സെന്ററിലും രണ്ടുവീതം കൗൺസലർമാർ കൗൺസലിംഗ് സേവനം നൽകിവരുന്നു.

(എഫ്) 3320 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ലകൾ | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 864 |
| 2 | കൊല്ലം | 485 |
| 3 | പത്തനംതിട്ട | 92 |
| 4 | ആലപ്പുഴ | 256 |
| 5 | കോട്ടയം | 107 |
| 6 | ഇടുക്കി | 29 |
| 7 | എറണാകുളം | 163 |
| 8 | തൃശ്ശൂർ | 52 |
| 9 | പാലക്കാട് | 1165 |
| 10 | മലപ്പുറം | 40 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 43 |
| 14 | കാസർഗോഡ് | 11 |
| | **ആകെ** | **3320** |

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ലഹരി വിമുക്ത കേന്ദ്രം**

302(2920) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രത്തിൽ കൂടുതൽ പേർക്ക് കിടത്തിചികിത്സ നൽകുന്നതിനുവേണ്ടി കിടക്കകളുടെ എണ്ണം കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലഹരി വിമുക്ത കേന്ദ്രത്തിന് പ്രതിവർഷം എത്ര തുകയാണ് ചെലവ് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ടി കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രായോഗിക നടപടികൾ പരിശോധിച്ചു വരുന്നു.

(ബി) പ്രതിവർഷം ജീവനക്കാർക്കുള്ള ശമ്പളം നൽകുന്നതിന് വേണ്ടിയും മരുന്ന് വാങ്ങി നൽകുന്നതിനുവേണ്ടിയും ഉദ്ദേശം 39,69,800 രൂപ ചെലവ് വരുന്നുണ്ട്.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ലഹരിവിമുക്ത കേന്ദ്രത്തിൽ നിലവിൽ 10 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്. ടി കേന്ദ്രത്തിൽ 20 പേർക്കുള്ള കിടക്ക സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നുണ്ട്.

**വിമുക്തി മിഷൻ**

303(2921) ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യവർജ്ജനം എന്ന ലക്ഷ്യത്തിനായി വിമുക്തി മിഷൻ ആവിഷ്ക്കരിച്ചു വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് ഏതെല്ലാം ജില്ലകളിലാണ് ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വിമുക്തി മിഷന്റെ ഭാഗമായി ഏതെല്ലാം നഗരങ്ങളിലാണ് കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്;

(ഡി) ലഹരിയ്ക്ക് എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി വിമുക്തി മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന ഡി-അഡിക്ഷൻ സെന്ററുകളുടെ ശാക്തീകരണം, സംസ്ഥാനത്തെ 77 താലൂക്കുകളിൽ ഡി-അഡിക്ഷൻ സെന്ററുകളുടെ സബ് സെന്ററുകൾ, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡി-അഡിക്ഷൻ സെന്ററുകൾ, കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയുമായി സഹകരിച്ച് വീടുകൾ നേരിട്ട് സന്ദർശിച്ചുള്ള ബോധവത്കരണം, എല്ലാ വാർഡുകളിലും 5 മുതൽ 10 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് വിമുക്തി സേന രൂപീകരണം, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, എക്സൈസ്/പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയ കമ്മിറ്റി രൂപീകരണം, എം.എൽ.എ., എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, വിവിധ ജനപ്രതിനിധികൾ, ലഹരിവിരുദ്ധ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നിയോജകമണ്ഡല കമ്മിറ്റി രൂപീകരണം, ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖാന്തരമുള്ള ബോധവത്കരണ പരസ്യ പ്രചാരണം തുടങ്ങിയവയാണ് വിമുക്തി മിഷൻ ആവിഷ്കരിച്ചുവരുന്ന നൂതന പദ്ധതികൾ. " നാളത്തെ കേരളം ലഹരിവിമുക്ത നവകേരളം" എന്ന തീവ്ര ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിക്ക് നവംബർ 1-ന് തുടക്കം കുറിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30 വരെ നീണ്ടുനിൽക്കുന്ന കാലയളവിൽ വിപുലമായ കർമ്മ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിലെ 14 ജില്ലകളിലും ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

(ഡി) ലഹരിയിലേയ്ക്ക് വഴുതിപ്പോകാനിടയുള്ളവർക്ക് സൗജന്യ കൗൺസലിംഗ് സൗകര്യം നൽകുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസലിംഗ് സെന്ററുകൾ, സ്കൂൾ കോളേജ്

തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, കേരളത്തിലെ പ്രധാനപ്പെട്ട കലാ സാംസ്കാരിക ആഘോഷവേളകളിൽ ബോധവത്കരണ പവലിയനുകളും ഫ്ളോട്ടുകളും പ്രദർശിപ്പിക്കുക, ബോധവത്കരണ പ്രചരണാർത്ഥം മാരത്തോൺ നടത്തുക, ആദിവാസി തീരദേശ മേഖലകളിൽ ക്യാമ്പുകളും സർവ്വേകളും നടത്തുക, പി.എസ്.സി., കരിയർ ഗൈഡൻസ് സെന്ററുകൾ വഴി സൗജന്യ പരിശീലനം നൽകുക, ആദിവാസി ഊരുകളിൽ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്ന പദ്ധതി, ലഹരി മുക്തിഗ്രാമം പദ്ധതി, ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ എന്നിവ വഴി ബോധവത്കരണം നടത്തുക, ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം പ്രചരിപ്പിക്കുന്നതിലേയ്ക്കായി വിദ്യാർത്ഥികളെയും യുവാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക, വിവിധ പത്ര, ദൃശ്യ, നവമാധ്യമങ്ങൾ മുഖാന്തരം ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുക എന്നിവയാണ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ.

## എക്സൈസ് ഡ്രൈവർ തസ്തിക

304(2922) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ എത്ര ഡ്രൈവർ തസ്തികയാണ് സൃഷ്ടിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## എക്സൈസ് വകുപ്പിലെ നിയമനങ്ങൾ

305(2923) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് വയനാട് ജില്ലയിൽ എത്ര നിയമനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന കണക്ക് ലഭ്യമാക്കാമോ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികവർഗ വിഭാഗക്കാരായ എത്ര പേരെയാണ് എക്സൈസ് വകുപ്പിൽ സംസ്ഥാനത്താകെ നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് വയനാട് എക്സൈസ് ഡിവിഷനിൽ 102 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) സിവിൽ എക്സൈസ് ഓഫീസർ | - 74 |
| വനിത സിവിൽ എക്സൈസ് ഓഫീസർ | - 24 |
| എക്സൈസ് ഡ്രൈവർ | - 2 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - 1 |
| പാർട്ട് ടൈം സ്വീപ്പർ | -1 |

(സി) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**വിമുക്തി മിഷൻ**

306(2924) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് സേനാവിഭാഗത്തിൽപ്പെടുന്ന വകുപ്പാണോ;

(ബി) സേനാ വിഭാഗത്തിൽപ്പെടുന്ന വകുപ്പാണെങ്കിൽ എക്സൈസ് ജീവനക്കാർക്ക് സേനാ വിഭാഗത്തിലെ ജീവനക്കാർക്ക് കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടോ;

(സി) വിമുക്തി മിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ ഓഫീസ് കെട്ടിടം നിലവിൽ പ്രവർത്തിക്കുന്നത് എവിടെയാണ്;

(ഡി) ഇവരെ സഹായിക്കുന്നതിന് മറ്റു സ്റ്റാഫുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പ് യൂണിഫോംഡ് ഫോഴ്സിൽ ഉൾപ്പെടുന്നു.

(ബി) യൂണിഫോംഡ് ഫോഴ്സിൽ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങൾക്ക് കാലാകാലങ്ങളിൽ വ്യത്യസ്തമായ ആനുകൂല്യങ്ങൾ സർക്കാർ നിശ്ചയിച്ച് നൽകിവരുന്നു.

(സി) കോട്ടയം, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിൽ എക്സൈസ് ഡിവിഷൻ ഓഫീസുകളിലാണ് വിമുക്തി മിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. കോട്ടയം

ജില്ലയിൽ എക്സൈസ് കോംപ്ലക്സിലും മലപ്പുറം ജില്ലയിൽ എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഓഫീസിലും ഇടുക്കി ജില്ലയിൽ തൊടുപുഴ എക്സൈസ് റേഞ്ച് ഓഫീസിലും ഓഫീസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിമുക്തി മിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ സഹായിക്കുന്നതിന് അതാത് റേഞ്ച് ഓഫീസ് പരിധിയിൽപ്പെട്ട ഒരു സിവിൽ എക്സൈസ് ഓഫീസർ/വനിത സിവിൽ എക്സൈസ് ഓഫീസറിനെ എക്സൈസ് കമ്മീഷണർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

307(2925) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ നിലവിൽ എത്ര ഡ്രൈവർമാർ ഉണ്ട്; സ്ഥിരം, താത്ക്കാലിക ഡ്രൈവർമാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സ്ഥിരം ഡ്രൈവർമാരുടെ ഒഴിവുകൾ ഓരോ ജില്ലയിലും എത്ര വീതം ഉണ്ട്;

(സി) പുതിയതായി ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ നിലവിൽ 277 ഡ്രൈവർ തസ്തിക നിലവിലുണ്ട്. ആയതിൽ 229 ഡ്രൈവർമാർ സ്ഥിരം തസ്തികയിലും 11 പേർ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായും ജോലി ചെയ്തുവരുന്നു. സ്ഥിരം/താൽക്കാലിക ഡ്രൈവർമാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | സ്ഥിരം ഡ്രൈവർമാർ | താൽക്കാലിക ഡ്രൈവർമാർ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 31 | 2 |
| കൊല്ലം | 14 | |
| പത്തനംതിട്ട | 15 | |
| ആലപ്പുഴ | 11 | 2 |
| കോട്ടയം | 15 | 2 |
| ഇടുക്കി | 17 | |
| എറണാകുളം | 22 | |
| തൃശ്ശൂർ | 16 | |

| (1) | (2) | (3) |
|---|---|---|
| പാലക്കാട് | 22 | 4 |
| മലപ്പുറം | 14 | 1 |
| കോഴിക്കോട് | 16 | |
| വയനാട് | 11 | |
| കണ്ണൂർ | 16 | |
| കാസർഗോഡ് | 9 | |

(ബി)

| ജില്ല | സ്ഥിരം ഡ്രൈവർമാർ |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 7 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 5 |
| കോട്ടയം | 4 |
| ഇടുക്കി | 4 |
| എറണാകുളം | 2 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 2 |
| മലപ്പുറം | 2 |
| കോഴിക്കോട് | 2 |
| വയനാട് | 1 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 4 |
| ക്രൈംബ്രാഞ്ച് | 3 |

(സി) പുതിയ ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2684 -ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II അടിയന്തരപ്രമേയം

ഇടുക്കി ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം

മി. സ്പീക്കർ: ഇതേ വിഷയവുമായി ബന്ധപ്പെട്ട് നേരത്തെ ശ്രീ. റോഷി അഗസ്റ്റിൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. എന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അനുവദിക്കുകയാണ്. ഇടുക്കി ജില്ലയിൽ 15 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി റവന്യൂ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പുറപ്പെടുവിച്ച ഉത്തരവുകൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ജെ. ജോസഫ്, കെ. സി. ജോസഫ്, വി. കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് കൃഷിക്കും ഗൃഹനിർമ്മാണത്തിനും ഗുണപരമായ ഉദ്യോഗത്തിനും മാത്രമാണ്. പരിസ്ഥിതി സംഘടനകളും മറ്റും ഇടുക്കി ജില്ലയിലെ അനധികൃത കയ്യേറ്റങ്ങൾ സംബന്ധിച്ച് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 1801/2010 എന്ന കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 21-1-2010-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം വ്യാപകമായ പൊതുതാത്പര്യമുൾക്കൊണ്ടുകൊണ്ട് കൃഷിക്കായി പതിച്ചുനൽകുന്ന ഭൂമി വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കണ്ടെത്തി. കേരളത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നതിൽ അതിപ്രധാന പങ്ക് വഹിക്കുന്ന പശ്ചിമഘട്ട മലനിരകളിൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ 8 വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് ഇടുക്കി ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയും അപ്രകാരം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഇടുക്കി ജില്ലാ കളക്ടർ സർക്കുലർ പുറപ്പെടുവിച്ചു. ആദ്യം റവന്യൂ ഡിവിഷണൽ ഓഫീസറെയും പിന്നീട് വില്ലേജ് ഓഫീസറെയുമാണ് ഇതിനായി ചുമതലപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിബന്ധനകൾ ഏർപ്പെടുത്തിയത് കാരണം സാധാരണക്കാരായ ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി ധാരാളം നിവേദനങ്ങൾ ലഭിക്കുകയും ബഹുമാനപ്പെട്ട അംഗങ്ങൾ അത്

ഉന്നയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന തുടർനടപടികളെക്കുറിച്ച് കൂടിയാലോചന നടത്തിയിട്ടുള്ളതാണ്. അപ്രകാരമുള്ള പരിശോധനയിൽ ഇതുസംബന്ധിച്ച കോടതിവിധികൾ ഉൾപ്പെടെ പരിശോധിക്കുകയുണ്ടായി. റിട്ട് പെറ്റീഷൻ 32143/2016, 32145/2016 എന്നീ കേസുകളിൽ 14-11-2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കാർഷികാവശ്യത്തിന് പതിച്ചുനൽകിയ ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം അനുവദനീയമല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിച്ചിട്ടുള്ളതാണ്. റിട്ട് പെറ്റീഷൻ 1801/2010 എന്ന കേസ് പല തവണ കോടതി പരിഗണിച്ചപ്പോഴൊക്കെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ചോദിച്ച് കടുത്ത പരാമർശങ്ങളും നിരീക്ഷണങ്ങളും നടത്തുകയുണ്ടായി. പ്രസ്തുത കേസ് 15-7-2019-ൽ ബഹുമാനപ്പെട്ട കോടതി പരിഗണിച്ചപ്പോൾ ആവശ്യമായ ഭേദഗതി ഭൂമി പതിവ് ചട്ടങ്ങളിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകളും നിരീക്ഷണങ്ങളും സാധാരണ ജനങ്ങളുടെ പ്രയാസങ്ങളുമുൾപ്പെടെ പരിഗണിച്ചുകൊണ്ട് വിധിന്യായത്തിലുള്ള ചർച്ചകളും അഭിപ്രായ രൂപീകരണങ്ങളും നടത്തിയതിനുശേഷമാണ് 22-8-2019-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. സാധാരണക്കാരായ വ്യക്തികൾക്ക് ഏകഉപജീവനമാർഗ്ഗമായ ചെറുകിട കെട്ടിടങ്ങൾ നിയമപരമാക്കുന്നതിനുള്ള നടപടിയാണ് ഈ ഉത്തരവിലൂടെ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് 1964-ലെ ലാന്റ് അസൈന്മെന്റ് റൂൾ അനുസരിച്ച് പട്ടയങ്ങൾ ഭൂരിപക്ഷവും ഇടുക്കി ജില്ലയിൽ കൊടുത്തിരിക്കുന്നതായി കാണാം. 1964-ന് മുമ്പും ജനങ്ങൾക്ക് ഭൂമിയിന്മേൽ അവകാശമുണ്ടല്ലോ. എന്നാൽ മറ്റ് ജില്ലകളിൽ 80-90 ശതമാനവും മറ്റ് രീതിയിൽ ഭൂമിയിന്മേൽ അവകാശം കിട്ടിയിട്ടുള്ളവരാണ്. അവർക്കൊക്കെ വീടു വയ്ക്കുക, കൃഷി ചെയ്യുക എന്നിവ മാത്രമല്ല മറ്റാവശ്യങ്ങൾ അതായത്, കൊമേഴ്സ്യൽ ഉപയോഗത്തിനുള്ള അവകാശമുണ്ട്. 1964-ൽ ഈ റൂൾ വന്നതിനുശേഷമാണ് ഇടുക്കിയിൽ ഭൂരിപക്ഷം പട്ടയങ്ങളും കൊടുത്തത്. 1964-ൽ വീടും കൃഷിയും മാത്രം മതിയായിരുന്നിരിക്കാം. പിന്നീട് അവിടെ എന്തെല്ലാം കാര്യങ്ങൾ നടന്നു. കട്ടപ്പന, നെടുങ്കണ്ടം, ചെറുതോണി, അടിമാലി എന്നിവിടങ്ങളിലെല്ലാം ധാരാളം കെട്ടിടങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവ വന്നു. 1964-ലെ നിയമപ്രകാരം കുറച്ച് പട്ടയങ്ങൾ മറ്റ് ജില്ലകളിലും കൊടുത്തിട്ടുണ്ടാകാം. എന്നാൽ മറ്റ് ജില്ലകളിൽ പട്ടയങ്ങൾ അഥവാ ഭൂമിയിന്മേലുള്ള അവകാശം ഈ റൂൾ പ്രകാരമല്ല. അവർക്കുള്ള

അവകാശം ഇടുക്കിയിലെ ജനങ്ങൾക്ക് എന്തുകൊണ്ട് നിഷേധിക്കുന്നു. ഇടുക്കിയിലെ കയ്യേറ്റങ്ങളെപ്പറ്റിയുള്ള ചർച്ചകളുണ്ടായി. 1977-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ഒരു സർവ്വകക്ഷിയോഗം വിളിച്ചു. കുടിയേറ്റവും കുടിയിറക്കും നിത്യസംഭവമായതുകൊണ്ട് ഒരു പൊതുപോളിസി വേണമെന്ന അഭിപ്രായം അവിടെയുണ്ടായി. അന്ന് എല്ലാ കക്ഷികളും യോജിച്ച് ഒരു കാര്യം പറഞ്ഞു, 1-1-1977-ന് മുമ്പ് ഭൂമി കൈവശമുള്ള ആളുകൾക്കെല്ലാം പട്ടയം കൊടുക്കണം. അത് പിന്നീട് കേന്ദ്രഗവൺമെന്റും അംഗീകരിച്ചു. ഞാൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ വിഷയം അന്നത്തെ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും റാബു വീരേന്ദ്രസിംഗ് അന്ന് ഒരു കത്ത് എനിക്ക് നൽകുകയുമുണ്ടായി. അതൊരു മുഖ്യവിഷയമായെടുത്തതുകൊണ്ട് അദ്ദേഹം എഴുതി, 1-1-1977-ന് മുമ്പുള്ള വനഭൂമി ഉൾപ്പെടെയുള്ള ഭൂമികൾക്ക് കൈവശക്കാർക്ക് പട്ടയം കൊടുക്കുന്നത് നയപരമായി അംഗീകരിച്ചിരിക്കുന്നുവെന്ന്. അതനുസരിച്ച് മുന്നോട്ട് നീങ്ങിയപ്പോൾ അന്നും ചില സംഘടനകൾ പരാതി കൊടുത്തു. ആ പരാതികൾ മാറിയപ്പോൾ ഈ പ്രശ്നം കോടതിയിൽ വന്നു, 1-1-1977-ന് മുമ്പുള്ള ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് കോടതിയിൽ നിന്നും ക്ലിയറൻസ് കിട്ടി. വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷനുണ്ടായി. മാറി മാറി വന്ന ഗവൺമെന്റുകൾ പതിനായിരക്കണക്കിനാളുകൾക്ക് പട്ടയം കൊടുത്തിട്ടുണ്ട്. ഇനിയും പട്ടയം കൊടുക്കാനുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കട്ടപ്പനയിൽ ഞാനും ശ്രീ. റോഷി അഗസ്റ്റിനും പങ്കെടുത്ത യോഗത്തിൽ പട്ടയ വിതരണം 44,000 തികഞ്ഞു. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തും പട്ടയങ്ങൾ കൊടുത്തിട്ടുണ്ട്. അത് കോടതിയുടെ ക്ലിയറൻസ് കിട്ടിയതിനുശേഷമാണ്. കോടതിയിൽ ധാരാളം വാദിക്കേണ്ടി വന്നു. സുപ്രീംകോടതിയിൽ വരെ ഈ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിച്ച് ഇതെല്ലാം ശരിയായ നിലയിലാണ് നടക്കുന്നതെന്ന് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. വന സംരക്ഷണ നിയമം 1980-ലാണ് വന്നത്. വന സംരക്ഷണ നിയമത്തിന്റെ പേരിൽ ഈ വിഷയം വന്നപ്പോൾ, കട്ട് ഓഫ് ഡേറ്റ് 1-1-1977 ആയതിനാൽ അതും ബാധിക്കുകയില്ല. ഇതെല്ലാം പരിഗണിച്ചശേഷമാണ് കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ ക്ലിയറൻസ് നടത്തിയത്. ആ സാഹചര്യത്തിൽ വൺ എർത്ത് സംഘടനയുടെ ഓഫീസ് കത്തിപ്പോയി. ഈ പറയുന്ന സ്ഥലത്ത് അങ്ങനെയൊരു ഓഫീസേയില്ല, ആളുമില്ല. ആരോ ചില പരാതി അയച്ചു. ഇതെല്ലാം സംരക്ഷിക്കണമെന്ന് ഹൈക്കോടതിയിൽ നിന്ന് ഒരു ഡയറക്ഷൻ വന്നു. സംരക്ഷിക്കണമെന്നതിന് സംശയമില്ല. 22-8-2019-ലെ ഉത്തരവ് എത്ര വിചിത്രമാണ്. പട്ടയം കൊടുക്കുന്നതിനുള്ള പരിധി ആദ്യം ഒരേക്കർ, രണ്ടേക്കർ

ഏറ്റവുമവസാനം നാലേക്കർ വരെയാണ്. അപ്പോൾ ഈ 15 സെന്റിന്റെ പ്രത്യേകത എന്താണ്? 15 സെന്റായി ലിമിറ്റ് ചെയ്യുന്നുവെന്ന് മാത്രമല്ല അതിൽ 1500 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള കെട്ടിടമുണ്ടെങ്കിൽ ഗവൺമെന്റിന് അത് ഏറ്റെടുക്കാം; അങ്ങനെ എത്രയോ കെട്ടിടങ്ങളുണ്ട്. വീടുകൾ മാത്രമല്ല, സ്കൂളുകളുണ്ട്, ആശുപത്രികളുണ്ട് ഇതെല്ലാം ഏറ്റെടുക്കാവുന്നതാണ്. ഇനിമേൽ കെട്ടിടം പണിയണമെങ്കിൽ വില്ലേജ് ഓഫീസറുടെയും പഞ്ചായത്തിന്റെയുമെല്ലാം എൻ.ഒ.സി. വാങ്ങണം. അങ്ങനെ കെട്ടിടം പണിതാൽ സോളാർ എനർജിയേ ഉപയോഗിക്കാവൂ എന്നുള്ളതും കൂടി അംഗീകരിക്കണം. സോളാർ നല്ല കാര്യമാണ്. ഒരു വീട് പണിയണമെങ്കിൽ സോളാർ എനർജിയേ ഉപയോഗിക്കാവൂ എന്നു പറഞ്ഞാണോ മറ്റുള്ളിടത്ത് അനുവാദം കൊടുക്കുന്നത്. അതു മാത്രമല്ല, ഈ കെട്ടിടം അവരുടെ ജീവസന്ധാരണത്തിന് ആവശ്യമാണെന്ന് ബോധ്യപ്പെടുത്തണം. സമയച്ചുരുക്കം കൊണ്ട് ഞാൻ മുഴുവൻ വായിക്കുന്നില്ല, ഈ സഭ അറിയേണ്ടതാണ്. ഇതിൽ ഒറ്റ വ്യവസ്ഥയാണ്, വ്യവസ്ഥ ലംഘിച്ചിരിക്കുന്നുവെന്നാണ്. Government lands may be assigned on registry for purposes of personal cultivation, house-sites and beneficial enjoyment of adjourning registered holdings. വീട് വയ്ക്കാനും കൃഷിക്കും മാത്രമേ ഇതനുസരിച്ച് ഭൂമി അസൈൻ ചെയ്യാൻ പാടുള്ളൂ. ഇത് The Kerala Land Assignment Rules, 1964-ലുള്ളതാണ്. ആ കാലമെല്ലാം കഴിഞ്ഞുപോയില്ലേ. മറ്റ് ജില്ലകളിലൊക്കെ ഇത് കൊടുത്തിട്ടുണ്ട്. ഇടുക്കിയിൽ മാത്രം എൻഫോഴ്സ് ചെയ്യാനുള്ള കാരണമെന്താണ്? ഇതെല്ലാം കയ്യേറ്റ മാണെന്നാണോ? ഇപ്പോഴും ഇടുക്കിക്കാരെ കയ്യേറ്റക്കാരായി കാണുന്നു. ആദ്യമിറങ്ങിയ ഓർഡർ ഇടുക്കി ജില്ലയ്ക്ക് മൊത്തമായാണ്. അതിനെതിരെ എല്ലാ കക്ഷികളും പ്രതിഷേധിച്ചു. പിന്നീട് തദ്ദേശസ്വയംഭരണ വകുപ്പ് കൂടി ഉത്തരവ് പുറപ്പെടുവിച്ചു. അതുകൊണ്ടാണ് മുഖ്യമന്ത്രിക്ക് ഞാൻ നോട്ടീസ് കൊടുത്തത്. ഇതിൽ എന്ത് ന്യായമാണുള്ളത്? കേരളത്തിലെ 13 ജില്ലകളിലുമുള്ള അവകാശം ഇടുക്കിയിലെ ജനങ്ങൾക്ക് എന്തുകൊണ്ട് നിഷേധിക്കുന്നു? ഇതൊരു വലിയ വിവേചനമല്ലേ? ഈ റൂൾ ഭേദഗതി ചെയ്യുന്നില്ലെങ്കിൽ ഏത് പരിസ്ഥിതിക്കാരൻ കേസിനുപോയാലും ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്തരം ഓർഡറുകൾ പുറപ്പെടുവിക്കേണ്ടി വരും. അപ്പോൾ ഇത് ശരിയാണോ എന്ന് നിഷ്പക്ഷമായി പരിശോധിക്കണം. ഇടുക്കിയിലെ പട്ടയങ്ങൾ ബഹുഭൂരിപക്ഷവും 1964-ലെ ചട്ടമനുസരിച്ചാണ് നൽകിയിട്ടുള്ളത്. 1993-ൽ ഒരു ഭേദഗതി വന്നിട്ടുണ്ട്. ചെറിയ ഷോപ്പുകളാകാം, ബാക്കിയൊന്നും പാടില്ല. ആശുപത്രി പാടില്ല, സ്കൂൾ പാടില്ല, ദേവാലയങ്ങൾ പാടില്ല. ഉണ്ടെങ്കിൽ അതൊക്കെ ഗവൺമെന്റ് ഏറ്റെടുക്കും. റവന്യൂ വകുപ്പിന് ഇങ്ങനെയൊരു ഓർഡർ എങ്ങനെയാണ് ഇറക്കാൻ കഴിയുക? അവിടെ താമസിക്കുന്നതും മനുഷ്യരല്ലേ? 1500 സ്ക്വയർ ഫീറ്റിന് മുകളിൽ വീടുണ്ടെങ്കിൽ

അതെല്ലാം ഗവൺമെന്റ് ഏറ്റെടുക്കും. സർവ്വകക്ഷിയോഗം വിളിച്ചിട്ടാണ് ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് പട്ടയത്തിന്റെ കാര്യത്തിൽ തീരുമാനമെടുത്തത്. ഇക്കാര്യങ്ങളെല്ലാം പരിശോധിക്കണം. ഒരു പുതിയ കയ്യേറ്റവും അവിടെ അനുവദിക്കാൻ പാടില്ല എന്ന കാര്യത്തിൽ അതിശക്തമായ നിലപാടാണ് എനിക്കുള്ളത്. കൃഷിക്കപ്പുറത്തുള്ള കാര്യങ്ങൾ ഇന്ന് ആവശ്യമില്ലേ? ഇടുക്കിയിൽ ഒരു ചെറുകിട വ്യവസായം തുടങ്ങാൻ പാടില്ലെന്നാണോ? ഇതനുസരിച്ച് ചെറുകിട വ്യവസായം തുടങ്ങാൻ സാധിക്കില്ല. അങ്ങനെയൊരു വിവേചനം ശരിയാണോ? ഇപ്പോൾ അത് എട്ട് വില്ലേജുകളിലേയ്ക്കായി ചുരുക്കിയിട്ടുണ്ട്. ഏത് കേസിനുപോയാലും ഇടുക്കിയിലെ എല്ലാ സ്ഥലത്തും 1500 സ്ക്വയർ ഫീറ്റിന് കൂടുതലുള്ള കെട്ടിടങ്ങൾ ഏറ്റെടുക്കാം. എത്രയോ കടമ്പകൾ കടന്നിട്ടാണ് പണിയാൻ കഴിയുന്നത്. അതുകൊണ്ട് കേരളത്തിലെ 13 ജില്ലകളിലുള്ള അവകാശം ഇടുക്കിയിലെ ജനങ്ങൾക്കുമുണ്ടാകണം. അതിനെ ലംഘിക്കത്തക്ക നിലയിലുള്ള ഉത്തരവ് നിലനിൽക്കുന്നു. അതുകൊണ്ട് ഈ ഉത്തരവ് പിൻവലിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ചത്. 1964-ലെ ഭൂപതിവ് ചട്ടത്തിൽ ഭേദഗതിയുണ്ടാകണമെന്നുള്ള ആവശ്യം നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 22-8-2019-ൽ ഇറങ്ങിയ ഉത്തരവ് വലിയൊരു തടസ്സമുണ്ടാക്കിയിരിക്കുകയാണ്. ഇത് നമ്മുടെ നിയമസഭ അറിയണം. ആ ഉത്തരവിനുവേണ്ടി ബഹു. മന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ശ്രദ്ധിച്ചു. സ്വാഭാവികമായി കോടതിയുടെ പല പരാമർശങ്ങളുടെയും പശ്ചാത്തല ത്തിലായിരിക്കാം ചെയ്തിട്ടുള്ളത്. കോടതി ഉത്തരവുകളുടെയും നിരന്തരമായ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ കൂടിയാലോചനകൾ നടത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. അത്തരം ആലോചനകൾ ജനപ്രതിനിധികളുമായിട്ടോ സർവ്വകക്ഷിയോഗത്തിലോ ചർച്ച ചെയ്തിട്ടില്ല. ഞാൻ ഈ വിഷയം 2017-ൽ തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഇത് വളരെ ഗൗരവമായിട്ടെടുക്കാമെന്ന് അങ്ങ് ഈ സഭയിൽ പറയുകയുണ്ടായി. 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ നാലാം ചട്ടത്തിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് വളരെ കാര്യമായിട്ടാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇവിടെ പറഞ്ഞതുപോലെ കോടതിവിധി നിലവിലുള്ള ആക്ടിന്റെയും റൂളിന്റെയും അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ ഉൾപ്പെടെ ചൂണ്ടിക്കാണിച്ച ഒരുപാട്

വിഷയങ്ങളുണ്ട്. ഇടുക്കിയിലും ചിലപ്പോൾ അതിന് പുറത്ത് എല്ലായിടത്തും ബാധകമാകുമെന്ന് ചൂണ്ടിക്കാണിച്ചത് ശരിയാണെന്ന് അങ്ങ് തന്നെ പറഞ്ഞത് മറുപടിയിലുണ്ട്. 2018-ലും ഈ വിഷയം നിയമസഭയിൽ കൊണ്ടുവരികയുണ്ടായി. ഇപ്പോൾ 1964-ലെ ഭൂപതിവ് ചട്ടവുമായി ബന്ധപ്പെട്ട 22.8.2019-ലെ ഓർഡർ പരിശോധിച്ചാൽ ഗവൺമെന്റ് ഒരു വലിയ പ്രശ്നത്തിൽ ചെന്നെത്തിയിരിക്കുകയാണെന്ന് മനസ്സിലാകും. 2010-ൽ കോടതി പറഞ്ഞത് മൂന്നാറിലെ അനധികൃതമായിട്ടുള്ള കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനവുമാണ്. അതിനുവേണ്ടി മൂന്നാറിനെ മാത്രം ഉൾപ്പെടുത്തേണ്ടതായിരുന്നു. അതിനായി ആദ്യം 8 വില്ലേജുകളെടുത്തു. ആ 8 വില്ലേജുകളിലും വികസനപ്രവർത്തനങ്ങൾ വേണ്ടേ? അവിടെ സാധാരണക്കാരായ ആളുകളുക്ക് നിയമാനുസൃതമായ കെട്ടിടങ്ങൾ സഫലീകരിച്ചുകൊടുക്കണ്ടേ? ആനവിലാസം വില്ലേജ് നൂറ് കിലോമീറ്റർ അകലെയാണ്. അതും ഇതിൽപ്പെട്ടിരിക്കുന്നു. 22-8-2019-ലെ ഉത്തരവോടുകൂടി ഗവൺമെന്റ് പറയുന്നത്, 1500 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുള്ള ബിൽഡിംഗുകളെല്ലാം നിയമാനുസൃതമല്ലെന്നും അത് ചട്ടലംഘനമാണെന്നും ഏറ്റെടുത്ത് ലീസിനുകൊടുക്കുമെന്നുമാണ്. അത് പിൻവലിച്ചുകൊണ്ടുള്ള ഒരുത്തരവ് 14-10-2019-ൽ ഇറങ്ങി. ആ ഉത്തരവിൽ വാഗമൺ വില്ലേജ്, കോട്ടയം കൂടി ഉൾപ്പെടുന്നുണ്ട്. പിന്നീട് വാഗമൺ വില്ലേജിനെ ഒഴിവാക്കി ഇടുക്കി ജില്ലയ്ക്ക് മാത്രമാക്കി ലിമിറ്റ് ചെയ്തു. ഇത് ഇടുക്കിയിലെ പൊതു വിഷയമാണ്. ഇടുക്കി മാത്രമല്ല, 1964-ലെ റൂളനുസരിച്ച് കൊടുത്തിട്ടുള്ള പട്ടയങ്ങളെയെല്ലാം ഇത് ബാധിക്കും. മരടിലെ കാര്യങ്ങൾ കണ്ട് പേടിച്ചൊരു സമൂഹമാണ്. അതുകൊണ്ട് 1964-ലെ ഭൂപതിവ് ചട്ടത്തിൽ ഭേദഗതി കൊണ്ടുവരണം. അതല്ലാതെ വെറെ യാതൊരു മാർഗ്ഗവുമില്ല. 22-8-2019-ൽ എന്തുകൊണ്ടാണ് ഗവൺമെന്റ് ഇത്തരത്തിലൊരു ഉത്തരവ് ഇറക്കിയതെന്ന് കോടതി നിരീക്ഷിക്കും. അതുകൊണ്ട് ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിൽ നിൽക്കുന്ന സാഹചര്യത്തിൽ ഭൂപതിവ് ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാൻ വേണ്ടിയുള്ള കർശനമായ തീരുമാനം കൈക്കൊള്ളണം. ഇടുക്കിയിലേത് വലിയൊരു വിഷയമാണ്.

മി. സ്പീക്കർ: പ്ലീസ്, ഇരിക്കു, ഇരിക്കു...,

ശ്രീ. റോഷി അഗസ്റ്റിൻ: അതിൽ ഒരു തീരുമാനം പറഞ്ഞില്ല. ഇങ്ങനെ മുന്നോട്ടുപോകാൻ സാദ്ധ്യമല്ല. ഇടുക്കിയിലെ ജനങ്ങളുടെ വികാരമുൾക്കൊണ്ടുകൊണ്ട് വിവിധ പാർട്ടികൾ ധാരാളം സമരങ്ങൾ നടത്തി. ഇക്കാര്യത്തിലൊരു തീരുമാനമുണ്ടാക്കണം. ഇത് സഭയുടെ പൊതുവായ സ്വഭാവമായി മാറണം. അങ്ങനെ വരുന്നില്ലെങ്കിൽ ഇടുക്കിയിലേയ്ക്ക് തിരിച്ചു പോകാൻ പറ്റില്ലെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല .....(മൈക്ക് ഓഫ്)...

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ് ഇരിക്കു. വിശദമായി പ്രസംഗിക്കാനല്ല. ശ്രീമതി ഇ. എസ്. ബിജിമോൾ കൂടി ഒരു വാക്ക് പറയൂ. ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു എം.എൽ.എ. എന്ന നിലയിൽ ശ്രീമതി ഇ. എസ്. ബിജിമോൾക്കുകൂടി സംസാരിക്കാം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, 22-8-2019-ൽ ഇറക്കിയ ഉത്തരവിലെ അവ്യക്തത പരിഹരിച്ചുകൊണ്ട് 1964-ലെ ചട്ടം ഭേദഗതി ചെയ്ത് റൂൾസ് കൊണ്ടുവരുമെന്ന് 14-10-2019-ൽ ഇറക്കിയ ഉത്തരവിൽ വ്യക്തമായി പറയുന്നുണ്ട്. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് വേഗതയുണ്ടാകണം. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതുപോലെ 44,000 പട്ടയം കൊടുത്തത് എവിടെയാണെന്ന് എനിക്കറിയില്ല. പെരിഞ്ചാംകുട്ടിയിൽ നിന്ന് കുടിയിറക്കപ്പെട്ട ആളുകൾക്ക് ഭൂമി കിട്ടാത്തതടക്കം നിരവധി പ്രശ്നങ്ങളുണ്ട്. കെ.എൽ.ആർ. ആക്ട് വരുന്നതിന് മുമ്പ് ഭൂമി കിട്ടിയ ആളുകളുണ്ട്. തോട്ടങ്ങളിൽ നിന്ന് ഭൂമി വാങ്ങിച്ച ആളുകൾക്ക് പോലും കരമടയ്ക്കാൻ സാധിക്കാത്ത സാഹചര്യമടക്കം ഒട്ടനവധി വിഷയങ്ങൾ ഇടുക്കി ജില്ലയുടെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. ഇപ്പോൾ ഇടുക്കിയിലെ ലാന്റ് വാല്യൂ സീറോ ആണ്. ഒരു ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നില്ല. മൊറട്ടോറിയം നിലനിൽക്കുമ്പോൾതന്നെ ബാങ്കുകളിൽ നിന്ന് നോട്ടീസ് അയച്ചു കൊണ്ടിരിക്കുകയാണ്. ഒരുപാട് ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇടുക്കി ജില്ലയിലെ ആളുകളെ സഹായിക്കുന്നതിനുവേണ്ടി 1964-ലെ ചട്ടം ഭേദഗതി ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഈ സങ്കീർണ്ണമായ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടുന്നത് നല്ല കാര്യമാണ്. ഇപ്പോൾ അതിന് തുടക്കം കുറിക്കാൻ സാധിച്ചു. ആ വിഷയങ്ങളിൽ വന്നിട്ടുള്ള ഉത്തരവുകളിൽ റവന്യൂ ഡിപ്പാർട്ട്മെന്റ് മാറ്റം വരുത്തണം. പഞ്ചായത്ത് കൊടുത്തിട്ടുള്ള ഉത്തരവ് പിൻവലിക്കണം. പ്രസ്തുത വിഷയം സബ്മിഷനായി കൊടുത്തെങ്കിലും ഇതുവരെയും വന്നില്ല. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് സർവ്വകക്ഷി യോഗം ചേർന്ന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ഒഴികെ, മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. എസ്. രാജേന്ദ്രൻ ഉൾപ്പെടെയുള്ള ഇടുക്കി ജില്ലയിലുള്ള എല്ലാ ജനപ്രതിനിധികളും സംസാരിച്ചു. ഇടുക്കി ജില്ലയ്ക്കുവേണ്ടി ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് ഞാൻ പറയാം. ഇടുക്കിക്കാരെ ദ്രോഹിക്കുകയാണെന്ന രീതിയിലാണ് ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചത്. 22-8-2019-ൽ ഇറക്കിയ ഉത്തരവ് യഥാർത്ഥത്തിൽ ഇടുക്കിയിലെ സാധാരണക്കാരായ ജനങ്ങളെ സഹായിക്കാനായിരുന്നു എന്നുള്ളത് ഉറപ്പല്ലേ. ഒരു നിർമ്മാണ പ്രവർത്തനവും നടത്താൻ പറ്റാത്ത 15 സെന്റ് വരെയുള്ള സ്ഥലത്ത് 1500 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ അത് ആ ഭൂവുടമയുടെ യഥാർത്ഥ ഉപജീവന മാർഗ്ഗത്തിനാണെന്ന് തെളിയിക്കുകയാണെങ്കിൽ റെഗുലറൈസ് ചെയ്യും. അതോടൊപ്പം അതിന് അൽപ്പം മുകളിലുള്ളതാണെങ്കിൽ പോലും ഏക ഉപജീവനമാർഗ്ഗമാണെന്ന് പറഞ്ഞാൽ അതിനെ നിലനിർത്താനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമെന്ന് പറഞ്ഞു. ഇതിന് മുമ്പ് ഇടുക്കിയിൽ ഇങ്ങനെയൊരു നിയമമുണ്ടായിരുന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ അവിടെ വന്ന് പലപ്പോഴും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും കൂടി കണക്കിലെടുത്താണ് വാണിജ്യാവശ്യത്തിന് റെഗുലറൈസ് ചെയ്ത് കൊടുക്കുന്നത്. 1964-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ബഹുമാന്യനായ മുൻ റവന്യൂ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിൽ വ്യവസ്ഥ ചെയ്യുതനുസരിച്ച് കൃഷിക്കും വീട് വയ്ക്കുന്നതിനും ബെനിഫിഷ്യറി എഞ്ചോയ്മെന്റിനും മാത്രമാണ് ആ ഭൂമി പതിച്ച് കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആ ഭൂമിയിൽ വാണിജ്യാവശ്യത്തിന് നിർമ്മിച്ച കെട്ടിടങ്ങളെക്കുറിച്ച് ഇടുക്കിയിൽ മാത്രമാണ് നിയന്ത്രണം ഏർപ്പെടുത്തിയതെന്ന് പറയുമ്പോൾ, കേരളത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നതിൽ അതിപ്രധാനമായ പങ്ക് വഹിക്കുന്ന പശ്ചിമഘട്ട മലമേഖലയിലുൾപ്പെടുന്ന ഇടുക്കി ജില്ലയിലെ എട്ട് വില്ലേജുകളെ സംബന്ധിച്ച് നേരത്തേ തന്നെ കോടതി നിർദ്ദേശിച്ചതനുസരിച്ചാണ് ഇവിടെ മാത്രം ഈ വ്യവസ്ഥയുണ്ടായത്. ഒരു നിയമത്തിൽ ഭേദഗതി വരുമ്പോൾ സ്വാഭാവികമായും കേരളത്തെയാകെ ബാധിക്കും. അക്കാര്യത്തിൽ ആർക്കാണ് സംശയം. അതിന്റെ പേരിൽ ഉത്തരവിറക്കുകയും അതിന്റെയടിസ്ഥാനത്തിൽ നിയമത്തിൽ ഭേദഗതി നടത്താനിരിക്കുകയുമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇടുക്കി ജില്ല മൊത്തമായി വന്നുവെന്ന് പറഞ്ഞപ്പോൾ അത് തിരുത്താൻ തയ്യാറായി. അതോടൊപ്പം പഞ്ചായത്ത് ഇറക്കിയ ഉത്തരവുകളിൽ മാറ്റം വരുത്തി എട്ട് വില്ലേജുകളിലേയ്ക്ക് മാത്രമാക്കി ചുരുക്കി. ഇടുക്കി ജില്ലയിൽ ഈ മേഖലയിലെ ആളുകൾക്ക് ഇതിന് മുമ്പില്ലാത്ത സൗകര്യം അനുവദിച്ച് കിട്ടുന്ന സാഹചര്യമാണുണ്ടായതെന്ന സത്യമെങ്കിലും നമ്മൾ അംഗീകരിക്കണം. ഇടുക്കി ജില്ലയിലെ സാധാരണക്കാരായ ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഈ സർക്കാർ മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 20419 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഉപാധിരഹിത പട്ടയമെന്ന ദീർഘകാല ആവശ്യത്തിന് അംഗീകാരം നൽകി. 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി കൈവശമില്ലാത്ത ഭൂമി പതിച്ച് കിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലാവധി 25 വർഷത്തിൽ നിന്ന് 12 വർഷമായി കുറവ് ചെയ്തു. കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ച് നൽകുന്നതിന് പ്രത്യേക ഫോറങ്ങളാക്കി. കൈവശ ഭൂമി പതിച്ച് കിട്ടുന്ന സംഗതിയിൽ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണെന്ന് ഇതിൽ വ്യവസ്ഥ ചെയ്തു. കൈവശമുണ്ടായിരുന്ന ഭൂമിയായാലും കൈവശമില്ലാത്ത ഭൂമിയായാലും പതിച്ച് കിട്ടിയാൽ അത് എല്ലാത്തരം ബാങ്കുകളിലും ഈട് വച്ച് ലോൺ എടുക്കുന്നതിനും മറ്റും ഉതകുന്ന വിധത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു. ഇതെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവദിച്ചതാണ്. 1964-ലെ ചട്ടങ്ങൾ പ്രകാരം നൽകിയ പട്ടയ ഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് തന്നെ ലഭിക്കുന്ന തരത്തിൽ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി. ഇടുക്കി പദ്ധതി പ്രദേശത്ത് പത്ത് ചങ്ങലയിൽ മൂന്ന് ചങ്ങല വിട്ടുള്ള പ്രദേശത്ത് കാലങ്ങളായി താമസിക്കുന്ന എല്ലാവർക്കും പട്ടയം വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചു. അര നൂറ്റാണ്ടിലധികം നീണ്ട ആവശ്യത്തിന് പരിഹാരം കണ്ടു. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുന്ന കാര്യമാണോ? ഇടുക്കി ജില്ലയിൽ മൂന്ന് ചങ്ങലയ്ക്കകത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ തത്വത്തിൽ തീരുമാനം എടുത്തു. പെരിഞ്ചാംകുട്ടിയിൽ ആദിവാസികളുടെ ദീർഘകാല ഭൂപ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചു. കുടിയിറക്കപ്പെട്ട 158 കുടുംബങ്ങൾക്കും പട്ടയം നൽകാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നിരവധി കാര്യങ്ങൾ ഈ സർക്കാർ ഇടുക്കി ജില്ലയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതാണ്. ഇപ്പോൾ പറഞ്ഞിരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം ഞാൻ നേരത്തേ വ്യക്തമാക്കിയതാണ്. കോടതിയുടെ ശക്തമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും വന്നപ്പോൾ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നില്ലെങ്കിൽ ഏതാണ്ട് ആ പട്ടയം റദ്ദ് ചെയ്യണമെന്നുവരെ പറയുന്നതിലേയ്ക്ക് കോടതി നീങ്ങുന്ന സാഹചര്യത്തിലാണ് അതുസംബന്ധിച്ച് പരിശോധിക്കുമെന്ന് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും 22-8-2019-ന് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത്. ഇപ്രകാരമുള്ള നിരവധി കാര്യങ്ങൾ സർക്കാർ ഇടുക്കിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പറഞ്ഞിരിക്കുന്ന ഉത്തരവ്

പുറപ്പെടുവിക്കാനുള്ള സാഹചര്യം നേരത്തേ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. കോടതികൾ വളരെ രൂക്ഷമായ രീതിയിലാണ് ഇടുക്കി ജില്ലയിലെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുള്ളത്. ഭൂമി പതിച്ച് നൽകിയ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള കൈവശങ്ങൾക്കെതിരെ റവന്യൂ അധികാരികൾ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒന്നിലധികം തവണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി ഉത്തരവുകൾ ലംഘിക്കാത്ത രീതിയിലും സാധാരണക്കാരായ ആളുകളെ സംരക്ഷിക്കുന്ന രീതിയിലുമാണ് ഇപ്പോൾ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പതിച്ച് നൽകിയ ഭൂമിയിൽ 15 സെന്റിന് താഴെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിൽ താഴെയുള്ളതും ഉപജീവന ആവശ്യത്തിന് ഉപയോഗിക്കുന്നതുമായ വാണിജ്യ നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളവരെ ക്രമവത്കരിച്ച് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുവഴി ഭൂമി പതിച്ച് നൽകിയ ആവശ്യത്തിൽനിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ കൂടി അത് ഒരാളിന്റെ ഏക ഉപജീവന മാർഗ്ഗമാണെങ്കിൽ സാധാരണക്കാരായ അത്തരം വ്യക്തികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കുക എന്ന സദുദ്ദേശ്യമാണ് ഈ ഉത്തരവിലുള്ളത്. ചെറുകിട നിർമ്മിതികൾ ഏത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന് നോക്കാതെ തന്നെ നിയമപരമാക്കുകയെന്ന ഗുണപരമായ വശമാണ് ഇതിലുള്ളത്. 15 സെന്റ് വരെയുള്ള പട്ടയഭൂമിയിൽ 1500 ചതുരശ്രയടിയിൽ അധികരിക്കുന്ന കെട്ടിടമാണുള്ളതെങ്കിൽ, അത് ഉടമസ്ഥരുടെ ഏക ഉപജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് നീതിയുക്തമായ തീരുമാനമെടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞ രണ്ട് വിഭാഗങ്ങളിലും ഉൾപ്പെടുത്താത്തതും പട്ടയഭൂമിയിലുള്ളതുമായ വാണിജ്യ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ആവശ്യമെങ്കിൽ കൈവശക്കാരന് തന്നെ പ്രസ്തുത ഭൂമി പാട്ടത്തിനെടുക്കാൻ കഴിയുന്ന വ്യവസ്ഥയും നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇനിമേൽ ഇടുക്കി ജില്ലയിൽ പതിച്ച നൽകിയ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നത് പരിഷ്കരിച്ച് ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തെ എട്ട് വില്ലേജുകളിലേയ്ക്ക് മാത്രമാക്കി ഭേദഗതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും പുതുക്കിയ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഇതൊക്കെയാണ് വസ്തുതയെന്നിരിക്കെ യഥാർത്ഥത്തിൽ നേരത്തേയില്ലാതിരുന്ന

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കോടതിയുടെ ശക്തമായ നിർദ്ദേശങ്ങളും നിരീക്ഷണങ്ങളുമെല്ലാം ഉള്ളപ്പോഴും സാധാരണക്കാരായ ആളുകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ ആലോചനകളും നടത്തി എടുത്ത ഈ അനുകൂലമായ തീരുമാനം തുടരുകയല്ലാതെ നിർവ്വാഹമില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, ചട്ടവിരുദ്ധമായി പ്രവർത്തിച്ചുവെന്ന് പറയാനുള്ള കാരണം, ഈ ഭൂമി കൃഷിക്കും വീട് വയ്ക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്നുള്ളതാണ്. ആ ചട്ടം മാറ്റിയേ മതിയാകൂ. മറ്റ് ജില്ലകളിലെ ഭൂമിയിന്മേലുള്ള അവകാശം ഇടുക്കിയിലെ ജനങ്ങൾക്കുമുണ്ടാകണം. ആ രീതിയിൽ ഭേദഗതിയുണ്ടാകണം. അത് ഭേദഗതി ചെയ്യാത്തതുകൊണ്ടാണ് ഹൈക്കോടതി എതിർത്തത്. അതുകൊണ്ട് ഈ വിവേചനം അവസാനിപ്പിക്കണം. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നാലാം ചട്ടം ഭേദഗതി ചെയ്യണമെന്നുള്ളതാണ് ആവശ്യം.

(ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, മുൻ റവന്യൂ വകുപ്പുമന്ത്രി ആവർത്തിച്ച് പറയുന്ന കാര്യത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ചട്ടം ഭേദഗതി ചെയ്യുന്ന മുറയ്ക്ക് സംസ്ഥാനത്താകെ ബാധകമാകുന്ന വിഷയമാണിത്. നിലവിലുള്ള ചട്ടത്തിന് വിരുദ്ധമായി അവിടെ നടത്തിയ പ്രവർത്തനത്തെ എങ്ങനെയാണ് സാധൂകരിക്കുക അല്ലെങ്കിൽ എങ്ങനെയാണ് നിയമപരമായി പരിരക്ഷിക്കാൻ കഴിയുക?

ശ്രീ. പി. ജെ. ജോസഫ്: സർ, അത് എല്ലായിടത്തും ബാധകമാക്കിയാൽ എന്താണ് പ്രശ്നം? ..(മൈക്ക് ഓഫ്)..

ശ്രീ. വി. ഡി. സതീശൻ: സർ, സീനിയറായ ഒരംഗം എഴുന്നേറ്റ് നിന്നാൽ മൈക്ക് കൊടുക്കാതെ ഇങ്ങനെ ഇൻസൾട്ട് ചെയ്യുന്നത് ശരിയല്ല. ഇങ്ങനെയുള്ള പതിവൊന്നും ഈ സഭയിലുള്ളതല്ല.

മി. സ്പീക്കർ: ആരും ആരെയും ഇൻസൾട്ട് ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇരുന്നാൽ മാത്രമേ അദ്ദേഹത്തിന് മൈക്ക് കിട്ടുകയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 1964-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള, ഇപ്പോൾ ഉത്തരവ് ഇറക്കിയതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഭേദഗതി ആവശ്യമാണ്. ഇതിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക് ആവശ്യമായ ആലോചനകളും ചർച്ചകളും നടത്തുന്നതാണ്. ഈ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് സംസ്ഥാനത്തിന് പൊതുവിൽ ബാധകമാണ്. ഇപ്പോൾ ഇടുക്കി ജില്ലയിലെ 8 വില്ലേജുകൾക്ക് മാത്രമായി ബാധകമാകുന്ന വിഷയം വരുന്നത് കോടതിവിധിയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് റൂൾസ് അമെന്റ്

ചെയ്യേണ്ട സന്ദർഭം വരുമ്പോൾ എങ്ങനെയാണ് ഇത് ഗുണപരമായ രീതിയിൽ മാറ്റാൻ കഴിയുക എന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അതിനാൽ ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാന സർക്കാരിന്റെ ഭൂവിനിയോഗ നിർമ്മാണ നിയന്ത്രണ ഉത്തരവുകൾ ഇടുക്കി ജില്ലയിൽ പ്രക്ഷുബ്ധമായ അവസ്ഥയുണ്ടാക്കിയിരിക്കുകയാണ്. മുൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഇടുക്കി ജില്ലയിലെ എല്ലാ പ്രതിനിധികളും ഒരേ ശബ്ദത്തിൽ തന്നെയാണ് ഈ ആവശ്യത്തോട് യോജിച്ചത്. സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറിപോലും ഈ ഉത്തരവ് തിരുത്തുമെന്ന് പറഞ്ഞത് ഇന്നത്തെ പത്രത്തിലുണ്ട്. അങ്ങേയ്ക്കുമാത്രം ഇത് മനസ്സിലാകുന്നില്ലെന്നുള്ളതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 1964-ലെ ഭൂമി പതിവ് ചട്ടമനുസരിച്ച് കൃഷിക്കും വീടുവയ്ക്കാനും മാത്രമാണ് ഇന്ന് അനുവാദമുള്ളത്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾക്കനുസരിച്ച് അത് തിരുത്തുന്നില്ലെങ്കിൽ കോടതികളിൽനിന്നും ഇത്തരത്തിലുള്ള ഇടപെടലുകളുണ്ടാകും. ഇവിടെ സംഭവിച്ചത് എന്താണ്? One Earth One Life എന്ന സംഘടനയാണ് ഹൈക്കോടതിയിൽ പോയത്. ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ 1964-ലെ ഉത്തരവ് നിലനിൽക്കുമ്പോൾ മറ്റുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും അനധികൃതമാണെന്ന് അവർ കണ്ടെത്തും. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളെ പ്രായോഗികമായ കാഴ്ചപ്പാടോടുകൂടി സമീപിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി വേണ്ടത്. അല്ലെങ്കിൽ മരടിലുണ്ടായ അനുഭവമുണ്ടാകും. നമ്മളെല്ലാവരും ഒരുമിച്ച് നിന്നിട്ടും മരടിൽ സുപ്രീംകോടതി വിധി നടപ്പായില്ലേ? ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് ഇന്ന് വളരെയധികം ആശങ്കയുണ്ട്. ആദ്യത്തെ ഗവൺമെന്റ് ഉത്തരവിൽ ഇടുക്കി ജില്ല മൊത്തത്തിലായിരുന്നു. പിന്നീട് പുതുക്കിയ ഉത്തരവ് പ്രകാരം 8 വില്ലേജുകളാക്കി മാറ്റി. 100 കിലോമീറ്റർ അകലെയുള്ള ആനവിലാസം വില്ലേജ് ഇതിൽ ഉൾപ്പെടുത്തുകയും കുഞ്ചിത്തണ്ണി ഒഴിവാക്കുകയും ചെയ്തത് എന്തിനാണെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഇതിലൊക്കെ ജനങ്ങളിൽ വലിയ ആശങ്ക നിലനിൽക്കുകയാണ്. കുഞ്ചിത്തണ്ണി ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന്

എല്ലാവർക്കുമറിയാം. ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. പട്ടയഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് വില്ലേജാഫീസറുടെ എൻ.ഒ.സി. അനിവാര്യമാണ്. ഇന്ന് കാർഷിക മേഖലയാകെ തകർന്നിരിക്കുകയാണ്, റെമ്യൂണറേറ്റീവ് പ്രൈസസ് ലഭിക്കാത്തതുകൊണ്ട് ഇന്ത്യയിലൊട്ടാകെയുള്ള, പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ കർഷകർ ഇന്ന് ആത്മഹത്യയുടെ വക്കത്താണ്. തകർന്നുകൊണ്ടിരിക്കുന്ന കാർഷിക രംഗത്തുനിന്ന് വാണിജ്യ രംഗത്തേയ്ക്കോ വ്യവസായ രംഗത്തേയ്ക്കോ ഒരു കർഷകന് പോകണമെങ്കിൽ അതിനുള്ള അവസ്ഥ ഇന്ന് ഇടുക്കിയിലില്ല. ഒരു ഫാക്ടറി പണിയാനോ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനോ കഴിയാത്ത നിലയിലാണ് കാര്യങ്ങൾ പോകുന്നത്. ഇടുക്കിയിൽ എങ്ങനെയാണ് കുടിയേറ്റമുണ്ടായതെന്ന് എല്ലാവർക്കുമറിയാം. മഹാരാജാവിന്റെ കാലത്തുതന്നെ Grow More Food പദ്ധതിപ്രകാരം ഇവിടെനിന്നും കർഷകരെ കൊണ്ടുപോയി അവിടെ താമസിപ്പിച്ചതാണ്. മലമ്പനിയോടും വന്യമൃഗങ്ങളോടും ഏറ്റുമുട്ടി പുതിയൊരു ഇതിഹാസം രചിച്ചവരാണ് ഇടുക്കിയിലെ കുടിയേറ്റ കർഷകർ. അവർക്കൊരു ചരിത്രമുണ്ട്, അത് ആ നാടിന്റെ ചരിത്രമാണ്. അവരുടെ അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും ചരിത്രം ഈ നാടിന്റെ ചരിത്രമായി മാറിയിട്ടുണ്ട്. കാലാകാലങ്ങളിലുള്ള ഉത്തരവുകളും പ്രതിസന്ധികളും കാരണം അവർക്ക് മുന്നോട്ടു പോകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. വാണിജ്യ വ്യവസായ രംഗത്ത് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നവർക്കുകൂടി ഈ ഉത്തരവ് തിരിച്ചടിയാണ്. ആദ്യത്തെ ഉത്തരവ് വലിയ അബദ്ധമായിരുന്നു. സർക്കാർ ആലോചനയില്ലാതെ ഇറക്കിയ ഉത്തരവാണത്. അതിൽ വലിയ പ്രതിഷേധമുണ്ടായി. പുതിയ 8 വില്ലേജുകളെ ഉൾപ്പെടുത്തി രണ്ടാമത്തെ ഉത്തരവ് വന്നു. ടൂറിസം ഉൾപ്പെടെയുള്ള നിരവധി സാധ്യതകളുള്ള പ്രദേശമാണത്. അവിടെ ഒരു നിർമ്മാണവും നടത്താൻ കഴിയുകയില്ല. 15 സെന്റിൽ താഴെ ഭൂമിയുള്ളവർക്കും 1500 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടമുള്ളവർക്കും ആനുകൂല്യം കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അല്ലാത്തവയൊക്കെ ഗവൺമെന്റ് ഏറ്റെടുത്തശേഷം അവർക്കുതന്നെ പാട്ടത്തിന് കൊടുക്കും എന്നാണ്. ഉടമസ്ഥരായവരെ പാട്ടക്കാരനാക്കി മാറ്റുന്ന നടപടിയാണ് ഇവിടെയുണ്ടായിരിക്കുന്നത്. അത് എത്രമാത്രം യോജിച്ച നടപടിയാണ്; ഇത് അംഗീകരിക്കാൻ കഴിയുന്നതാണോ? അതുപോലെ വ്യാപകമായി ക്വാറികളുണ്ട്. അതിനെല്ലാം അനുമതിയുണ്ട്. ഇപ്പോൾ 254 ക്വാറികൾ പുതുതായി അനുവദിച്ചുവെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇന്നലത്തെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്. കാലഘട്ടത്തിനനുസരിച്ച് ഭൂമി പതിവ്

ചട്ടങ്ങളിൽ ഭേദഗതി വേണം. വയനാട്, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിലെ ചില ഭാഗങ്ങളിലൊക്കെ ഈ പ്രതിസന്ധി നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കാണുന്നതുപോലെയല്ല, ഹൈറേഞ്ചിൽ വിഷയം വളരെ രൂക്ഷമാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാനായി ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിൽ മൂന്നാറിന്റേത് പ്രത്യേകമായൊരു പ്രശ്നമാണ്. കേരളത്തിന്റെ പ്രകൃതിയുടെ ഒരു വരദാനമാണ് മൂന്നാർ. അതുകൊണ്ട് മൂന്നാറിനെ പ്രത്യേകമായി സംരക്ഷിക്കേണ്ടതുണ്ട്. നേരത്തെ മൂന്നാർ ട്രൈബ്യൂണൽ എന്നൊരു സംവിധാനമുണ്ടായിരുന്നു. അതിന് ചില അതിർത്തിയുമുണ്ടായിരുന്നു. അതിലുൾപ്പെട്ട വില്ലേജുകളെയാണ് ഇപ്പോൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുഞ്ചിത്തണ്ണി മറ്റെന്തോ കാരണത്താൽ ഉൾപ്പെടുത്തി യതാണെന്ന് അങ്ങ് സൂചിപ്പിക്കാൻ നോക്കി. അതല്ല, മൂന്നാർ ട്രൈബ്യൂണലിന്റെ ഭാഗമായി നിന്നിരുന്ന വില്ലേജുകളെയാണ് ഇപ്പോൾ ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച് ഒട്ടേറെ ആശങ്കകളുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ, മൂന്നാറിനെ പ്രത്യേകമായി സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം ഇടുക്കിയുടെ പ്രശ്നങ്ങൾ പ്രത്യേകമായി ചർച്ച ചെയ്ത് കുറേ വ്യക്തത വരുത്തിയിട്ടുണ്ട്, ഇനിയും വ്യക്തത വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മൂന്നാറിന്റെ പ്രകൃതിസൗന്ദര്യവും ടൂറിസം സാദ്ധ്യതകളും നിലനിർത്തിക്കൊണ്ടുള്ള നിയമനിർമ്മാണത്തിന് ആരാണെതിര്; അതുകൊണ്ട് ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂടെ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ നേരത്തെ ആൾ പാർട്ടി മീറ്റിംഗ് നടന്നിട്ടുണ്ട്. ഇനിയും ആൾ പാർട്ടി മീറ്റിംഗ് നടത്തേണ്ടതുണ്ടെങ്കിൽ അതും നടത്താം. ഇക്കാര്യത്തിൽ യാതൊരു പ്രത്യേക എതിർ നിലപാടും സർക്കാരിനില്ല. ഇടുക്കിയിലെ കർഷകരെ സംരക്ഷിക്കുകയെന്ന നിലപാടിനോടൊപ്പമാണ് സർക്കാർ നിൽക്കുന്നത്. അതേസമയം മൂന്നാറിന്റെ പ്രത്യേകത സംരക്ഷിക്കുകയും വേണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പ് ഞങ്ങൾ അംഗീകരിക്കുന്നു. അതുവരെ ആ ഉത്തരവ് മരവിപ്പിക്കണമെന്നാണ് എനിക്ക് റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. ജനങ്ങൾക്ക് ബുദ്ധിമുട്ടും ആശങ്കയുമുണ്ടാകാതെ നോക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ചെങ്ങന്നൂർ നഗരത്തെ ശബരിമല തീർത്ഥാടന കവാടമായി പ്രഖ്യാപിക്കൽ

ശ്രീ. സജി ചെറിയാൻ: സർ, ശബരിമലയുടെ വികസനത്തിനും ഭക്തരുടെ ആവശ്യങ്ങൾ പരിഗണിച്ചും ചരിത്രത്തിലെ ഏറ്റവും വലിയ ഇടപെടലും സഹായവും ഈ ഗവൺമെന്റ് ചെയ്തുവരുന്നതിൽ ഞാൻ ഗവൺമെന്റിനെയും മുഖ്യമന്ത്രിയേയും വകുപ്പുമന്ത്രിയേയും പ്രത്യേകം അഭിനന്ദിക്കുന്നു. ഇതിന്റെ ഭാഗമായി ചെങ്ങന്നൂർ ഭക്തരുടെ ഇടത്താവളമെന്ന നിലയിൽ ഒട്ടേറെ സഹായങ്ങൾ ഗവൺമെന്റ് ചെയ്തുവരുന്നു. എന്നാൽ കൂടുതൽ ഇടപെടൽ ആവശ്യമായതിനാലാണ് ഈ കാര്യത്തിൽ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. ചെങ്ങന്നൂരിനെ ഗേറ്റ് വേ ഓഫ് ശബരിമലയായി പ്രഖ്യാപിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ചെങ്ങന്നൂരിന്റെ പെരുമ പണ്ടുകാലത്തുതന്നെ പരദേശങ്ങളിൽപ്പോലും വ്യാപിച്ചിരുന്നു.

എട്ടാം നൂറ്റാണ്ടിൽ തമിഴ് വൈഷ്ണവ കവി പ്രധാനിയായിരുന്ന നമ്മാഴ്വാർ 'തിരുവായ്മൊഴി' എന്ന ഗ്രന്ഥത്തിലും പന്ത്രണ്ടാം നൂറ്റാണ്ടിൽ മഹാകവി ചേക്കിഴാർ പെരിയ പുരാണത്തിലും ചെങ്ങന്നൂരിനെ പരാമർശിച്ചിട്ടുണ്ട്. 'ചെങ് അതിരുകളും തേമ്പണൈ ഉടയച്ചൂര് തിരുചെങ്ങന്നൂർ ചെറുകുലൈ വാഴൈ, കവുങ്ങ്, തെങ്ങിനെ ചൂടിച്ചത് തിരു-ചെങ്ങന്നൂർ ചേര തിരുനാട്ട് ഊരുകളിൽ മുൻ പിറന്ത മുളുർ ചെങ്ങന്നൂർ.' ചേരരാജാക്കന്മാരുടെ രാജ്യങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ സ്ഥലങ്ങളിലൊന്നായിരുന്നു ചെങ്ങന്നൂർ. കായൽ മീനുകൾ നിറഞ്ഞ വയലുകളും വാഴക്കുലകളും കവുങ്ങുകളും തെങ്ങുകളുമുള്ള, വലിയ പ്രസക്തിയുള്ള ചെങ്ങന്നൂർ ഇന്ന് അവഗണനയാണ് നേരിടുന്നത്. പാടൽപെട്ട 108 വൈഷ്ണവ ക്ഷേത്രങ്ങളിൽ തിരുനാവായ മുതൽ തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രം വരെ ഇന്നത്തെ കേരളത്തിലുള്ള 11 മഹാക്ഷേത്രങ്ങളിൽ തൃച്ചിറ്റാറ്റ്, തൃപ്പുലിയൂർ, തിരുവൻവണ്ടൂർ എന്നീ മൂന്ന് വൈഷ്ണവ ക്ഷേത്രങ്ങൾ ചെങ്ങന്നൂരാണുള്ളത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഇരമത്തൂർ സൂര്യക്ഷേത്രം, തൃപ്പൂത്താറാട്ട് ഉൾപ്പെടെയുള്ള ധാരാളം പ്രത്യേകതകളുള്ള മഹാക്ഷേത്രമായ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രം, മാന്നാർ തൃക്കുരട്ടി മഹാദേവക്ഷേത്രം തുടങ്ങി ശബരിമല തീർത്ഥാടകർ അയ്യപ്പന്റെ മാതൃ-പിതൃ സ്ഥാനീയരായി കണ്ട് ആചാര ഭാഗമായി തന്നെ ദർശനം നടത്തുകയും ചെയ്യുന്ന ക്ഷേത്രങ്ങളുള്ള ഒരു നാടാണ് ചെങ്ങന്നൂർ. പൂർവ്വകാലത്ത് ചെങ്ങന്നൂർ മഹാദേവന്റെ അനുഗ്രഹം വാങ്ങിയതിനുശേഷം മാത്രമേ ശബരിമല

തീർത്ഥാടകർ മല ചവിട്ടിയിരുന്നുള്ളൂ. കേവലം ഒരു ഇടത്താവളം എന്നതിലുപരി ശബരിമലയുടെ പ്രവേശന കവാടമാണ് ചെങ്ങന്നൂർ. ശബരിമല തന്ത്രി കുടുംബവും കൊച്ചുകടുത്ത സ്വാമിയുടെ കുടുംബവും ചെങ്ങന്നൂരിലാണുള്ളത്. മണ്ഡലമകരവിളക്ക് ഉത്സവം, മാസപൂജകൾ, മറ്റ് ആട്ടവിശേഷങ്ങൾ എന്നിവയ്ക്കായി ഓരോ വർഷവും നട തുറന്നിരിക്കുന്ന 135 ദിവസങ്ങളിലായി അരക്കോടിയിലധികം തീർത്ഥാടകരാണ് ചെങ്ങന്നൂരിലെത്തുന്നത്. കൂടാതെ, വൈശാഖ മാസാചരണത്തിന്റെ ഭാഗമായി ഏപ്രിൽ-മേയ് മാസങ്ങളിൽ ചെങ്ങന്നൂരിലെ ക്ഷേത്രങ്ങളിൽ അഭൂതപൂർവ്വമായ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഈ പ്രത്യേകതകൾ പരിഗണിച്ച് ശബരിമലയുടെ പ്രവേശന കവാടമായി ചെങ്ങന്നൂരിനെ പ്രഖ്യാപിച്ച് തീർത്ഥാടനത്തിനാവശ്യമായ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്നു.

ശബരിമല ഇടത്താവളം രണ്ടുവർഷം മുമ്പ് 10 കോടി രൂപ ചെലവിൽ ദേവസ്വം ബോർഡ് ഗവൺമെന്റ് സഹായത്തോടെ നിർമ്മിക്കാൻ നിശ്ചയിച്ച് തറക്കല്ലിട്ട കെട്ടിടം ഇതുവരെ യാതൊരു നടപടിയുമായി മുന്നോട്ടു പോയിട്ടില്ലെന്നതാണ് പ്രശ്നം. ലക്ഷക്കണക്കിന് തീർത്ഥാടകർ വിരി വയ്ക്കുന്ന ഇടത്താവളം അടിയന്തരമായി നിർമ്മിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

മാലിന്യപ്രശ്നം അതീവ ഗൗരവമാണ്. ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്നതിനാൽ വലിയ മാലിന്യ പ്രശ്നങ്ങളാണ് ചെങ്ങന്നൂരിലുണ്ടാകുന്നത്. ഇത് പരിഹരിക്കാൻ നഗരസഭയ്ക്ക് മാത്രമായി കഴിയില്ല. അതിനുള്ള മുൻകൈ അവർ എടുക്കുന്നുമില്ല. പമ്പയാർ പൂർണ്ണമായി മാലിന്യനിക്ഷേപ കേന്ദ്രമായി മാറി. ഈ കാര്യത്തിൽ സർക്കാർ മുൻകയ്യെടുത്ത് മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പാക്കേണ്ടതായിട്ടുണ്ട്.

അവിടെ വരുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഒരു വർഷം കോടിക്കണക്കിന് ലിറ്റർ കുടിവെള്ളം ആവശ്യമാണ്. ഈ ഗവൺമെന്റ് ആദ്യമായി ഒരു കുടിവെള്ള പദ്ധതി പ്രഖ്യാപിച്ചു. മറ്റൊരു പദ്ധതിയും നിലവിൽ അവിടെയില്ല. പ്രഖ്യാപിച്ച പദ്ധതി അടിയന്തരമായി ആരംഭിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചില്ലെങ്കിൽ കുടിവെള്ള പ്രശ്നം രൂക്ഷമായി മാറും.

ടൂറിസം മേഖലയിൽ ലക്ഷക്കണക്കിന് തീർത്ഥാടകരെയും മറ്റ് ടൂറിസ്റ്റുകളെയും ആകർഷിക്കാൻ കഴിയുന്ന ഒരു മെഗാ ടൂറിസം പദ്ധതിക്ക് രൂപം കൊടുക്കുന്നതിന് ചില നടപടികൾ ധനകാര്യ വകുപ്പുമന്ത്രിയുടെയും ടൂറിസം വകുപ്പുമന്ത്രിയുടെയും

അംഗീകാരത്തോടെ തയ്യാറാക്കിവരുന്നുണ്ട്. ക്ഷേത്രങ്ങൾ, പുരാതന ക്രൈസ്തവ പള്ളികൾ, മാന്നാർ ഓട് വ്യവസായം, വെള്ളി ഉല്പാദനം, കരിങ്കല്ല് ഉപയോഗിച്ച് വിശ്വകർമ്മ ജനവിഭാഗം പരമ്പരാഗതമായി നിർമ്മിക്കുന്ന ക്ഷേത്ര വിഗ്രഹങ്ങൾ, പമ്പ, മണിമല, അച്ചൻകോവിൽ, വരട്ടാർ, കുട്ടംപേരൂർ, ഉത്തരപ്പള്ളിയാർ തുടങ്ങിയ എല്ലാ ആറുകളെയും ഉൾപ്പെടുത്തി കേരളത്തിലെ ഏറ്റവും വലിയ ടൂറിസം പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കാൻ കഴിയുമെന്നതാണ് വസ്തുത. ഈ കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

രൂക്ഷമായ പ്രളയം കാരണം ഭൂരിപക്ഷം ഗ്രാമീണ റോഡുകളും തകർന്നിരിക്കുകയാണ്. തീർത്ഥാടകർ ക്ഷേത്രങ്ങളിലേയ്ക്ക് സഞ്ചരിക്കുന്നത് ഈ റോഡുകൾ വഴിയാണ്. ഇത് നിർമ്മിക്കുന്നതിനുള്ള സഹായം അടിയന്തരമായി ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളു കളെല്ലാം നിർത്തി. റെയിൽവേയുടെ വികസന പ്രവർത്തനം ഒരു തരത്തിലും നടക്കുന്നില്ല. ഈ കാര്യങ്ങളെല്ലാം തീർച്ചയായും ബഹുമാനപ്പെട്ട ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്.

മി. സ്പീക്കർ: അങ്ങ് വളരെ സമഗ്രമായി ശ്രദ്ധ ക്ഷണിച്ചു.

ശ്രീ. സജി ചെറിയാൻ: സർ, ഒരു കാര്യം കൂടി, പരമ്പരാഗത ലോഹ-കരിങ്കൽ-ശില്പ വ്യവസായത്തിന്റെ കേന്ദ്രമാണ് ചെങ്ങന്നൂർ. ഇന്ന് ഈ മേഖലയിൽ പണിയെടുക്കുന്ന വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന ആയിരക്കണക്കിന് തൊഴിലാളികളും കുടുംബങ്ങളും പുതിയ നിയമങ്ങൾ കൊണ്ടും വ്യവസായത്തകർച്ചകൊണ്ടും പട്ടിണിയിലാണ്. ശബരിമല ശാസ്താവിന്റെ വിഗ്രഹംപോലും നിർമ്മിച്ചത് ചെങ്ങന്നൂരിലെ ഈ ജനവിഭാഗമാണെന്ന കാര്യം പ്രത്യേകമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മേൽപ്പറഞ്ഞതും പറയാത്തതുമായ എല്ലാ കാര്യങ്ങളും പ്രത്യേകമായി ഗവൺമെന്റ് പരിഗണിച്ച് നടപ്പാക്കുമ്പോൾ കേരളത്തിൽതന്നെ ഇത് വലിയ വരുമാന സ്രോതസ്സായും തൊഴിൽമേഖലയുമായി മാറുമെന്ന കാര്യം ഉറപ്പാണ്. സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം. ഗേറ്റ് വേ ഓഫ് ശബരിമലയായി ചെങ്ങന്നൂരിനെ പ്രഖ്യാപിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ചെങ്ങന്നൂരിന്റെ പാരമ്പര്യത്തെക്കുറിച്ചും മറ്റും പറഞ്ഞ കാര്യങ്ങൾ നമുക്കെല്ലാവർക്കും അംഗീകരിക്കാവുന്നത് തന്നെയാണ്. ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ ഉന്നയിക്കാത്ത കാര്യങ്ങളാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇനിയും പറയാത്ത

കാര്യങ്ങളും കൂടി ചേർത്ത് ഞാൻ മറുപടി പറയണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. അദ്ദേഹത്തിന്റെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങൾക്കുള്ള മറുപടി ഞാൻ സഭയുടെ മുന്നിൽ വയ്ക്കാം.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2019 സെപ്റ്റംബർ മാസം 5-ാം തീയതി യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടകരുടെ പ്രധാന ഇടത്താവള കേന്ദ്രങ്ങളായ ചെങ്ങന്നൂർ, ഏറ്റുമാനൂർ, എരുമേലി, പന്തളം എന്നിവിടങ്ങളിൽ ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പുദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ ചേർന്ന് മതിയായ സൗകര്യങ്ങളൊരുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. ചെങ്ങന്നൂർ നഗരത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യം ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തോടനുബന്ധിച്ചുള്ള ദേവസ്വം ഭൂമിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡും സർക്കാരിന്റെ വിവിധ വകുപ്പുകളും ചേർന്ന് ഒരുക്കിയിട്ടുണ്ട്. അയ്യപ്പന്മാർക്ക് വിരിവയ്ക്കുന്നതിന് ഓപ്പൺ ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ ഇൻഫർമേഷൻ സെന്ററിന്റെയും ടിക്കറ്റ് കൗണ്ടറിന്റെയും ഷെഡ്ഡുകൾ ആറാട്ടുകടവിൽ ഫയർ ഫോഴ്സിനും പോലീസിനുമുള്ള ഷെഡ്ഡുകൾ ക്ഷേത്രത്തിനോട് ചേർന്ന് പോലീസ് എയ്ഡ് പോസ്റ്റിന്റെയും ആരോഗ്യ വകുപ്പിന്റെയും ഷെഡ്ഡുകൾ, എന്നിവയുടെ പണികൾ അവസാനഘട്ടത്തിലാണ്. ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, കുന്നത്തുക്ഷേത്രത്തിനുസമീപം പാർക്കിംഗിനും ടോയ്‌ലെറ്റിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ ബാഹുല്യം കണക്കിലെടുത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി 10 കോടി രൂപയുടെ ഇടത്താവള സമുച്ചയം പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. തീർത്ഥാടകർക്ക് വിരിവയ്ക്കാനും വിശ്രമിക്കാനും ഭക്ഷണത്തിനും വാഹന പാർക്കിംഗിനും ഉൾപ്പെടെയുള്ള വിപുലമായ സൗകര്യങ്ങളൊരുക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. അടുത്ത തീർത്ഥാടന കാലത്തിനുമുമ്പ് ഈ പദ്ധതി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ശബരിമല തീർത്ഥാടകരുടെ പ്രധാന കവാടങ്ങളിൽ ഒന്നായ ചെങ്ങന്നൂരിന്റെ പ്രാധാന്യത്തിന് അനുസരിച്ചുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ഇത് മുഴുവൻ എഴുതി രേഖാമൂലം കൊടുത്തതാണ്. കൊടുത്തത് കിട്ടിയില്ലായെന്ന് പറയുമ്പോൾ അത് പരിശോധിക്കണം. കേന്ദ്രഗവൺമെന്റ് ചെങ്ങന്നൂരിനെ ശബരിമലയുടെ കവാടമായി നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്മേൽ യാതൊരുവിധ നടപടിയും പിന്നീട് സ്വീകരിച്ചില്ല. എന്റെ ആവശ്യം ആ പ്രഖ്യാപനത്തിന്റെ തുടർച്ചയായി സംസ്ഥാന ഗവൺമെന്റ് ഗേറ്റ് വേ ഓഫ് ശബരിമലയായി ചെങ്ങന്നൂരിനെ പ്രഖ്യാപിക്കണമെന്നുള്ളതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അദ്ദേഹത്തിന്റെ ആവശ്യം അല്ലെങ്കിൽ ആഗ്രഹം നല്ലതാണ്. നമുക്ക് ചെങ്ങന്നൂരിനെ ശബരിമലയുടെ പ്രവേശന കവാടമായിട്ടൊന്നും പ്രഖ്യാപിക്കാൻ കഴിയില്ല. ശബരിമലയിലേയ്ക്ക് ദശലക്ഷ ക്കണക്കിനാളുകൾ വരുന്നത് വിവിധ കവാടങ്ങളിലൂടെയാണ്. ചെങ്ങന്നൂരിനെ ഒരു കവാടമായി പ്രഖ്യാപിക്കുകയെന്നുപറയുന്നത് പരിശോധിക്കേണ്ട കാര്യമാണ്. അതിന് എന്തെങ്കിലും സാധ്യതയുണ്ടോയെന്നുള്ള കാര്യം പരിശോധിക്കാം.

## (2) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പോക്സോ കേസുകൾ തീർപ്പാക്കുന്നതിനും നടപടി

ശ്രീ. എം. ഉമ്മർ: സർ, പോക്സോ കേസുകൾ സംബന്ധിച്ച നിയമം വളരെ ശക്തമാണ്. പക്ഷേ നമ്മുടെ സമൂഹത്തിൽ നിന്നും നമ്മെ മാത്രമല്ല ലോകത്തെ മുഴുവൻ ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ചെറുപ്രായത്തിൽതന്നെ പിഴതെറിയപ്പെടുന്ന എത്രയെത്ര കുഞ്ഞുങ്ങളുടെ കഥകളാണ് ഓരോ ദിവസവും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. പത്രത്തിലെ ഓരോ ദിവസത്തെയും വാർത്തകൾ വായിക്കുമ്പോൾ നമ്മുടെ സമൂഹത്തിനുതന്നെ ഭ്രാന്തുപിടിച്ചതുപോലെ തോന്നും. നിയമത്തിന്റെ ശക്തിക്കുറവ് കൊണ്ടല്ല. 2012 ജൂൺ 19-നാണ് പോക്സോ നിയമം നിലവിൽ വന്നത്. അതിന് ശക്തിപോരെന്ന് വിചാരിച്ച് 2018 ഏപ്രിൽ 21-ന് ശിക്ഷാനടപടികൾ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയും പാർലമെന്റിൽ ബിൽ അവതരിപ്പിക്കുകയും ചെയ്തു. പഴയ നിയമമായിരുന്നാലും പുതിയ നിയമമായിരുന്നാലും കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഒരു കുറവും ഉണ്ടാകുന്നില്ലെന്നത് സമൂഹത്തിന്റെ മുഴുവൻ കണ്ണ് തുറപ്പിക്കപ്പെടേണ്ട കാര്യമാണ്. സംരക്ഷണം നൽകേണ്ട ആളുകളിൽ നിന്നും ഇങ്ങനെയുള്ള പീഡനങ്ങളുണ്ടാകുന്നത് വേദനാജനകമാണ്. സ്വന്തം വീടുകളിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും നിയമപാലകരിൽ നിന്നും സംരക്ഷണം നൽകാൻ ആരാണോ ബാദ്ധ്യസ്ഥരായത് അവരിൽ നിന്നുമാണ് പീഡനങ്ങളുണ്ടാകുന്നത്. ഇത്തരം പീഡനങ്ങൾക്ക് അറുതി വരുത്താൻ നമ്മുടെ സമൂഹത്തിൽ വലിയൊരു മാറ്റമുണ്ടാകേണ്ടത് അനിവാര്യമാണ്.

പോക്സോ കേസുകൾ 2014-ൽ 2391, 2015-ൽ 2354, 2016-ൽ 2879. 2017-ൽ പിന്നെയും വർദ്ധിച്ചു. 2012 മുതൽ 2018 വരെ 11,797 കേസുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ വർഷം മാത്രം 1,704 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു വർഷം ശരാശരി 1800 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. നിയമ സംവിധാനത്തിന്റെ പരാജയമാണിതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിക്കണമെന്നാണ് പോക്സോ നിയമത്തിൽ പറയുന്നത്. നിയമം ശക്തമാണെങ്കിൽപ്പോലും പല കാരണങ്ങൾകൊണ്ടും 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിക്കാൻ കഴിയാതെ പോകുകയാണ്. ഫോറൻസിക് റിപ്പോർട്ട് സമയബന്ധിതമായി ലഭിക്കാത്തതുകൊണ്ട് കുറ്റപത്രം സമർപ്പിക്കാൻ കഴിയുന്നില്ലെന്ന ഒരു കാരണമാണ് പറയുന്നത്. നമ്മുടെ ഫോറൻസിക് ലബോറട്ടറികൾ അത്രമാത്രം പര്യാപ്തമല്ല. നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ 3 ഫോറൻസിക് ലബോറട്ടറികളും 19 മൊബൈൽ ലബോറട്ടറികളുമാണുള്ളത്. മൊബൈൽ ലബോറട്ടറികളുടെ പ്രവർത്തനം നാമമാത്രമായല്ലാതെ ഇങ്ങനെയുള്ള ഫോറൻസിക് റിപ്പോർട്ടുകൾ കൊടുക്കത്തക്കവിധം ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

വീടുകളിൽ നിന്നല്ലാതെ പോലീസിൽ നിന്നും ജയിലിൽ നിന്നും സി.ഡബ്ല്യു.സി. ചെയർമാൻമാർ/അംഗങ്ങളിൽ നിന്നും വരെ പീഡനമുണ്ടാകുന്നു. നിയമം സംരക്ഷിക്കപ്പെടേണ്ട ആളുകൾപോലും കുറ്റവാളികൾക്കാണ് സംരക്ഷണം നൽകുന്നതെന്ന പത്രവാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. നിയമവകുപ്പ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. പോക്സോ കേസുകളുടെ നടത്തിപ്പിനുവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല സമിതി രൂപീകരിക്കാൻ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനമെടുത്തതായി പത്രത്തിൽ വായിക്കാൻ കഴിഞ്ഞു. നല്ല കാര്യം. പക്ഷേ, ഇങ്ങനെയുള്ള സമിതികൾ ഉണ്ടായതുകൊണ്ട് കാര്യമില്ല. നമ്മുടെ സമൂഹത്തിന്റെ വലിയൊരു പ്രത്യേകതയാണ്, ഒരു അപകടമുണ്ടായി പത്തോ മുപ്പതോ ആളുകൾ മരിക്കുകയാണെങ്കിൽ പിറ്റേദിവസം വളരെ ജാഗ്രതയായിരിക്കും. സ്പീഡ് ഗവേർണർ ഉണ്ടോയെന്നും ലൈസൻസ് ഉണ്ടോയെന്നുമൊക്കെയുള്ള പരിശോധനകൾ നടത്തും. രണ്ടുദിവസം സമൂഹവും നിയമപാലകന്മാരുമൊക്കെ ഉണർന്നിരിക്കും. അതുകഴിഞ്ഞാൽ വീണ്ടും പഴയ സ്ഥിതിയിലേയ്ക്ക് തിരിച്ചുപോകും. ഇപ്പോൾ പുതിയ സംഭവത്തിന്റെ അടിസ്ഥാനത്തിൽ, വാളയാർ കേസിന്റെയൊക്കെ അടിസ്ഥാനത്തിൽ ജാഗ്രതയോടു കൂടി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കുകയാണ്. കുറച്ചുദിവസം കഴിഞ്ഞാൽ അതും പോകും. നിലവിൽ ജില്ലയിലെ എസ്.പി.-മാരടക്കം പോക്സോ കേസുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ റിവ്യൂ നടത്തുന്നതിന് സംവിധാനങ്ങളുണ്ട്. പക്ഷേ, അതൊന്നും ഫലപ്രദമല്ലെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്.

പിങ്ക് പോലീസ് സംവിധാനം ഇതിനുവേണ്ടി കൊണ്ടുവന്നതാണ്. പിങ്ക് പോലീസ് സംവിധാനം നാമമാത്രമായി മാറുകയാണ്. പിങ്ക് പോലീസുണ്ടെന്ന് പറയാനല്ലാതെ ഇങ്ങനെയുള്ള സംഭവങ്ങൾ തടയുവാനോ ഇരകൾക്ക് വേണ്ട സംരക്ഷണം നൽകുവാനോ പ്രോസിക്യൂഷനെ സഹായിക്കുവാനോ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതിനോ സഹായകരമായ രീതിയിൽ അവർക്ക് ഇടപെടാൻ കഴിയുന്നില്ലെന്നതാണ് വസ്തുത.

അതുപോലെതന്നെ കുട്ടികൾക്ക് ഹെൽപ്പ്‌ലൈൻ നമ്പറുണ്ട്. കുടുംബത്തിൽ നിന്നുതന്നെ കുട്ടികൾ പീഡിപ്പിക്കപ്പെട്ടാൽ പരാതി പറയാൻ ഹെൽപ്പ്‌ലൈൻ നമ്പറുണ്ടെന്ന് എത്ര പേർക്കറിയാം? അതുകൊണ്ട് അതിനെസംബന്ധിച്ചുള്ള ബോധവൽക്കരണം സമൂഹത്തിന്റെ അടിത്തട്ടിൽനിന്നുതന്നെ ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തുകൾതോറും വനിതാ പോലീസ് ബീറ്റ് ഓഫീസറുടെ സേവനം വേണമെന്ന് നിർബന്ധമുണ്ട്. ഏത് വനിതാ ബീറ്റ് ഓഫീസർമാരാണ് പഞ്ചായത്തുകൾതോറും പോകുന്നത്; കടലാസിലുണ്ടെന്നല്ലാതെ അത് നടപ്പിലാകുന്നില്ല. ആഴ്ചയിൽ ഒരു ദിവസമെങ്കിലും വനിതാ പോലീസ് ബീറ്റുണ്ടാകണമെന്ന് പറയുന്നുണ്ട്. അതും നടക്കുന്നില്ല. നൂറിലേറെ പോക്സോ കേസുകളുള്ള ജില്ലകളിൽ പ്രത്യേക കോടതി സ്ഥാപിക്കണമെന്ന് സുപ്രീംകോടതി ഉത്തരവുണ്ട്. പ്രത്യേക കോടതി സ്ഥാപിക്കണമെന്ന് മാത്രമല്ല ഈ കോടതികൾക്ക് ആവശ്യമായ കെട്ടിടവും അതുപോലെ അവിടത്തെ ജീവനക്കാർക്കും ജുഡീഷ്യൽ ഓഫീസർമാർക്കും വേണ്ടിവരുന്ന മുഴുവൻ പണവും കേന്ദ്രഗവൺമെന്റിന് കൊടുക്കാൻ കഴിയുമോയെന്നത് സുപ്രീംകോടതി നേരിട്ട് ആരായുകയുണ്ടായി. അത്രയും കർശനമായി സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. നിലവിലെ സ്ഥിതി എന്താണ്? 14 ജില്ലകളിലും പോക്സോ കോടതി ഉണ്ടോയെന്ന് ചോദിച്ചാൽ, ഉണ്ട്. യഥാർത്ഥത്തിൽ അതിനുവേണ്ടി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കോടതികൾ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും മാത്രമേയുള്ളൂ. ബാക്കിയുള്ള ജില്ലകളിൽ നിലവിലുള്ള ജില്ലാ കോടതികൾക്ക് അഡീഷണൽ ജ്യൂറിസ്ഡിക്ഷൻ കൊടുത്തിരിക്കുകയാണ്. അവർ മറ്റ് കേസുകളുടെ കൂട്ടത്തിൽ ഇതും നടത്തുമെന്നല്ലാതെ ഇതിനുവേണ്ടി പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടില്ല.

2018-ലെ കണക്കുകൾ പ്രകാരം 14 ജില്ലകളിലായി 3991 പോക്സോ കേസുകൾ പെൻഡിംഗിലുണ്ട്. സാങ്കേതിക തടസ്സങ്ങൾ കൊണ്ടും ജീവനക്കാരില്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങളും കാരണമാണ് ഇതുപോലുള്ള കേസുകൾ പെൻഡിംഗിൽ കിടക്കുന്നത്. ഇതിനുവേണ്ടി പ്രത്യേകമായി കോടതികൾ രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അത് ഉണ്ടായിട്ടില്ല.

ഈയടുത്തകാലത്തുണ്ടായ സംഭവത്തെക്കുറിച്ച് ധാരാളം ചർച്ച ചെയ്തതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമുക്ക് സംരക്ഷണം നൽകാൻ ബാദ്ധ്യസ്ഥരായവർ പോലീസ് ഉദ്യോഗസ്ഥന്മാരായിരുന്നാലും ജുഡീഷ്യൽ ഓഫീസർമാരായിരുന്നാലും ഇതുമായി ബന്ധപ്പെട്ട് ലാഘവത്തോടുകൂടിയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള ഉദ്യോഗസ്ഥരെ മാത്രം നിയമിച്ച് വളരെ ഗൗരവമായി കൈകാര്യം ചെയ്ത് പോക്സോ കേസുകളുടെ എണ്ണം ചുരുക്കാനും പ്രതികൾക്ക് ന്യായമായ ശിക്ഷ നൽകാൻ കഴിയുന്ന വിധത്തിലുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. പല കേസുകളും കോടതികളിൽ പരാജയപ്പെടുന്നുണ്ട്. 17 ശതമാനം കേസുകൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. ശിക്ഷ ഉറപ്പാക്കാനും കുറ്റമറ്റ രീതിയിൽ കുറ്റപത്രം സമർപ്പിക്കാനുമുള്ള നടപടികളുണ്ടാകണം. ഇരകളായ കുട്ടികൾക്ക് കോടതികളിലും പോലീസ് സ്റ്റേഷനിലും നേരിട്ട് ചെന്ന് പരാതി പറയാനുള്ള അവസരങ്ങളുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കുട്ടികൾ ഇരയാകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കേസുകളെടുത്ത് എത്രയും വേഗം നിയമനടപടികൾ കൈക്കൊള്ളണമെന്ന കർശന നിലപാടാണ് പോക്സോ കേസുകളുടെ കാര്യത്തിൽ സർക്കാരിനുള്ളത്. 2013 മുതൽ കോടതിയിൽ വ്യവഹാരത്തിലിരിക്കുന്ന കേസുകളുണ്ട്. മറ്റ് കുറ്റകൃത്യങ്ങളിൽനിന്നും വ്യത്യസ്തമായി പീഡനത്തിനിരയാകുന്ന കുട്ടിയുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധുത്വമോ അധീശത്വമോ ഉള്ള വ്യക്തികളാണ് മിക്കവാറും കേസുകളിൽ പ്രതിസ്ഥാനത്ത് വരുന്നത് എന്നതിനാൽ ശിക്ഷാ സാധ്യതയെ ഇത് പ്രതികൂലമായി ബാധിക്കുന്നുവെന്ന വസ്തുതയും നിലനിൽക്കുന്നു. എന്നിരുന്നാലും 2016-ൽ 19 ശതമാനമായിരുന്ന ശിക്ഷാനിരക്ക് 2019 ആയപ്പോൾ 24 ശതമാനമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നതാണ്. സംസ്ഥാനത്ത് പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനായി 14 ജില്ലകളിലും അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് തലത്തിലുള്ള കോടതിയെ പ്രത്യേകമായി നിശ്ചയിച്ച് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടുന്ന കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എറണാകുളം ജില്ലയിൽ പോക്സോ കേസുകൾക്ക് മാത്രമായി പ്രത്യേക കോടതി ആരംഭിക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. പോക്സോ കേസുകളുടെ വിചാരണ വേഗത്തിലാക്കണമെന്നും അതിനായി 2019-20,

2020-21 സാമ്പത്തിക വർഷങ്ങളിൽ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ ആരംഭിക്കണമെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ റിട്ടയേർഡ് ജുഡീഷ്യൽ ഓഫീസർമാരുടെയടക്കം സേവനം ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇന്നലെ ഒരു ഉന്നതതലയോഗം ചേർന്നിരുന്നു. അതിൽ സംസ്ഥാനത്ത് 57 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നതിനും അതിനാവശ്യമായ തുക വകയിരുത്താനും തീരുമാനിച്ചിട്ടുണ്ട്. പോക്സോ കേസുകളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി രൂപീകരിക്കാൻ ഇന്നലെ ചേർന്ന ഉന്നതതലയോഗം തീരുമാനിച്ചു. ആഭ്യന്തരം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, നിയമം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ ഇതിൽ അംഗങ്ങളായിരിക്കും. രണ്ട് മാസം കൂടുമ്പോൾ ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണം. എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് കൗൺസലിംഗ് നൽകാൻ സംവിധാനമുണ്ടാകണമെന്ന് യോഗം തീരുമാനിച്ചു. വീടുകളിലടക്കമുണ്ടാകുന്ന പീഡനം തുറന്നുപറയാനുള്ള ധൈര്യം കുട്ടികൾക്ക് ലഭിക്കണം. ആ ധൈര്യം കൗൺസലിംഗിലൂടെ നൽകാനാകണം. അതുകൂടിയാണ് കൗൺസലിംഗിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി കൗൺസലർമാർക്ക് പരിശീലനവും നിയമ ബോധവത്കരണവും നൽകാൻ തീരുമാനിച്ചു. കുട്ടികൾക്ക് ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകുന്നതിന് പാഠ്യ പദ്ധതികളിൽ ഇടമുണ്ടാകണമെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഇക്കാര്യത്തിൽ തെറ്റായ യാഥാസ്ഥിതിക ബോധം നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പാഠ്യപദ്ധതിയിൽ ഏതെങ്കിലും തരത്തിൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അംശങ്ങളുണ്ടായാൽ അതെന്തോ സദാചാര വിരുദ്ധമായിപ്പോകുമെന്ന് ധരിക്കുന്ന കുറേയാളുകൾ നമ്മുടെ സമൂഹത്തിലുണ്ട്. യഥാർത്ഥത്തിൽ ആ വികാരം കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഉൾപ്പെടുത്തൽ വേണം; അതിന് തുടക്കം കുറിക്കണമെന്നുതന്നെയാണ് കാണുന്നത്. സ്കൂൾ പരിസരത്ത് ലഹരി വസ്തുക്കളുടെ വിൽപ്പന കർശനമായി തടയണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ് വകുപ്പുകൾ ഇക്കാര്യത്തിൽ കർക്കശമായ നടപടി സ്വീകരിക്കും. സൈബർ, ഫോറൻസിക് ലബോറട്ടറി സംവിധാനം ശക്തിപ്പെടുത്തും. ഫോറൻസിക് ലാബിന്റെ കാര്യം അദ്ദേഹം നേരത്തേ സൂചിപ്പിക്കുകയുണ്ടായി. അത് കുറേക്കൂടി ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചിട്ടുണ്ട്. അമ്മയും പെൺമക്കളും മാത്രം താമസിക്കുന്ന ഒറ്റപ്പെട്ട

ധാരാളം വീടുകളുണ്ട്. അങ്ങനെയുള്ള കുടുംബങ്ങളെ കണ്ടെത്തുകയും അവർക്ക് സംരക്ഷണം ഉറപ്പാക്കുകയും വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചില പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകമായ അഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. അത്തരം പ്രദേശങ്ങളിൽ വലിയ തോതിലുള്ള ജാഗ്രത പുലർത്തണമെന്നും ഇന്നലെ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇതിൽ അങ്ങ് പറഞ്ഞ റിട്ടയേർഡ് ജഡ്ജിമാരെ നിയമിക്കുന്ന കാര്യം, അങ്ങനെ നിയമിക്കാൻ പ്രൊവിഷനുണ്ടെങ്കിലും സൂക്ഷിച്ച് ചെയ്യണമെന്നാണ് പറയുന്നത്. റിട്ടയേർഡ് ജഡ്ജിമാർ എന്നുപറഞ്ഞാൽ റിട്ടയേർഡ് തന്നെയാണ്. അങ്ങനെയുള്ള ജഡ്ജിമാരെ പരമാവധി ഒഴിവാക്കി സർവ്വീസിലുള്ളവരെയോ അല്ലെങ്കിൽ ക്വാളിഫൈഡായിട്ടുള്ളവരെയോ നിയമിക്കണം. കഴിവുള്ള ധാരാളം ചെറുപ്പക്കാർ ഇപ്പോഴുണ്ടല്ലോ; ഒരു ടെസ്റ്റ് നടത്തുകയാണെങ്കിൽ കണ്ടെത്താൻ സാധിക്കും. അതുകൊണ്ട് റിട്ടയേർഡ് ജഡ്ജിമാരെ ഒഴിവാക്കിയിട്ട് കഴിവുള്ള ആളുകളെ നിയമിക്കണം. കഴിയുന്നതും ഇങ്ങനെയുള്ള കേസുകൾ ഗൗരവമായി കൈകാര്യം ചെയ്യുന്നതിന് സാമൂഹ്യ പ്രതിബദ്ധതയുള്ള ആളുകളെ നിയമിക്കണം. ഇതിനുവേണ്ടി പ്രത്യേക കോടതി കൊടുത്ത് ഈ കേസ് ആദ്യം എടുത്തതിനുശേഷം, അഡീഷണൽ ജൂറിസ്ഡിക്ഷൻ അവർക്ക് കൊടുക്കുകയാണെങ്കിൽ തരക്കേടില്ല. ഇപ്പോൾ നിലവിലുള്ള കോടതികൾ അവരുടെ ബിസിനസ് കഴിഞ്ഞതിനുശേഷമാണ് ഈ കേസുകൾ പരിഗണിക്കുന്നത്. അതുകൊണ്ട് ഇതിന് പ്രാധാന്യം നൽകിയിട്ടുള്ള പ്രത്യേകമായ പോക്സോ കോടതിക്ക്, അവരുടെ വർക്ക് കുറവാണെങ്കിൽ അതിനനുസരിച്ച് മറ്റ് കേസുകൾ കൈകാര്യം ചെയ്യുന്ന തരത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കുമോ ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത്രയും കോടതികൾ വരുന്ന മുറയ്ക്ക് പെൻഡിംഗ് കേസുകളുടെ ബാഹുല്യം നമുക്ക് നല്ലതുപോലെ കുറയ്ക്കാൻ സാധിക്കും. അത്രയും കോടതികൾ കൊണ്ടുവരാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. റിട്ടയേർഡ് എന്നുപറഞ്ഞാൽ എല്ലാ റിട്ടയേർഡ് ജഡ്ജിമാരെയും നിയമിക്കുക എന്നല്ല; അതിന് പറ്റിയ ആളുകളുണ്ടെങ്കിൽ അവരെ നമുക്ക് നിശ്ചയിക്കാം. അതേസമയം അങ്ങ് പറഞ്ഞരീതിയിലുള്ളവരെ നിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാം.

## IV. പ്രത്യേക പരാമർശം

### ചീഫ് സെക്രട്ടറിയുടെ ലേഖനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ഞാൻ അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഏറ്റവും സുപ്രധാനമായ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. സംസ്ഥാന ക്യാബിനറ്റിന്റെ സെക്രട്ടറിയാണ് ചീഫ് സെക്രട്ടറി. സംസ്ഥാന ഗവൺമെന്റ് മാവോയിസ്റ്റ് കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. ആ സന്ദർഭത്തിലാണ് അദ്ദേഹം ടൈംസ് ഓഫ് ഇന്ത്യയിൽ ഇന്നലെ ഒരു ലേഖനം എഴുതിയത്. ആ ലേഖനം വളരെയേറെ വിവാദങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ക്രൈംബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരിക്കുമ്പോൾ മുൻവിധിയോടുകൂടി ക്യാബിനറ്റ് സെക്രട്ടറി കൂടിയായ ചീഫ് സെക്രട്ടറി അങ്ങനെയൊരു പരാമർശം നടത്തിയത് അനുചിതമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്; ഗവൺമെന്റിന്റെ അനുമതി ചോദിച്ചിട്ടാണോ അദ്ദേഹം ഈ ഇന്റർവ്യൂ കൊടുത്തിട്ടുള്ളത്? അത് ഈ അന്വേഷണത്തെ സ്വാധീനിക്കുന്ന ഒന്നാണെന്ന് ഞങ്ങൾ കരുതുന്നു. പ്രത്യേകിച്ചും ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്ന ഈ ഘട്ടത്തിൽ മനുഷ്യാവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കുമെതിരെ ചീഫ് സെക്രട്ടറിയെപ്പോലെ ഉന്നത സ്ഥാനത്തിരിക്കുന്ന എക്സിക്യൂട്ടിവിന്റെ ചീഫ് അങ്ങനെ പറഞ്ഞത് ശരിയായ നടപടിയല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്? ഇത് വളരെയേറെ ആശങ്ക ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഒരു സംഭവമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് നിലപാട് വ്യക്തമാക്കാമെന്ന് പറഞ്ഞതാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്ന് വ്യക്തമാക്കാം എന്നല്ല ഞാൻ പറഞ്ഞത്. ഞാൻ വായിച്ചിട്ടില്ല, വായിച്ചതിനുശേഷം വ്യക്തമാക്കാമെന്നാണ് പറഞ്ഞത്. ഈ ലേഖനം എഴുതാൻ സർക്കാരിന്റെ മുൻകൂർ അനുമതിയൊന്നും ചീഫ് സെക്രട്ടറി വാങ്ങിയിട്ടില്ല. അതോടൊപ്പം ടൈംസ് ഓഫ് ഇന്ത്യ ദിനപ്പത്രത്തിൽ 5-11-2019-നാണ് ചീഫ് സെക്രട്ടറിയുടെ ലേഖനം വന്നിട്ടുള്ളത്. മാവോയിസ്റ്റ് ഭീകരതയാണ് ലേഖനത്തിലെ വിഷയം. ഈ ലേഖനം ഞാൻ വായിച്ചു. ലേഖനത്തിലെ പരാമർശങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ മാത്രമാണ്. മഞ്ചക്കണ്ടി സംഭവത്തിൽ നിയമപരമായി സർക്കാർ ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ലേഖനത്തിലെ പരാമർശങ്ങൾ ഒരു വിധത്തിലും കേസന്വേഷണത്തെ ബാധിക്കില്ല.

# V. സബ്മിഷൻ

## (1) പട്ടയം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെയേറെ പ്രധാനപ്പെട്ട ഒരു വിഷയമാണ് എനിക്ക് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ താമസിച്ച് കൃഷി ചെയ്തുവരുന്ന മലഅരയൻമാർ വർഷങ്ങളായി കൈവശംവച്ച് അനുഭവിച്ചുപോരുന്ന ഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാത്തതുമൂലം വളരെയേറെ ദുരിതങ്ങൾ അനുഭവിക്കുകയാണ്. അവരുടെ ഒരു നിവേദക സംഘം കഴിഞ്ഞ ദിവസം എന്നെ വന്ന് കണ്ടിരുന്നു. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നതിനും വീട് വയ്ക്കുന്നതിനും വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സമുണ്ടാകുകയാണ്. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിക്ക് പട്ടയം നൽകാവുന്നതേയുള്ളൂ. എന്നാൽ നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 1993-ലെ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റുണ്ടാക്കി ആദിവാസി വിഭാഗങ്ങൾക്കിടയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാനാണ് നടപടിക്രമം ഉണ്ടാക്കിയത്. എന്നാൽ വർഷങ്ങളായി താമസിക്കുന്ന മലയരയന്മാർക്ക് നാളിതുവരെ പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. വനം വകുപ്പിന്റെ ജണ്ടയ്ക്ക് വെളിയിൽ സ്ഥിതി ചെയ്യുന്നതും റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടുവരാത്തതും 1-8-1971 മുതൽ കുടിയേറ്റത്തിന് വിധേയമായിട്ടുള്ളതുമായ ഭൂമിയിൽ കൈവശക്കാരും പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടവരുമായ ആളുകൾക്ക് കൈവശഭൂമി 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകുന്നതിന് കരിമണ്ണൂർ ഭൂമിപതിവ് സ്പെഷ്യൽ തഹസീൽദാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവുണ്ടാകണമെന്ന് ഇടുക്കി ജില്ലാകളക്ടർ 14-05-2019-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മലയരയന്മാർ അവരുടെ കൈവശംവച്ച് കൃഷി ചെയ്യുന്ന ഭൂമിയാണ്. ആയിരക്കണക്കിനാളുകൾക്ക് പ്രയോജനം ചെയ്യുന്ന ഒന്നാണ്. അക്കാര്യത്തിൽ ഗവൺമെന്റ് ഇടുക്കി ജില്ലാ കളക്ടറുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഉത്തരവിറക്കണമെന്ന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ മലയരയർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർ 1-1-1977-ന് മുമ്പ് കൈവശം വച്ചുവരുന്ന വനഭൂമിക്ക് 'The Kerala Land Assignment (Regularisation of Occupations of Forest Lands prior to 1-1-1977) Rules 1993' പ്രകാരമുള്ള നടപടിക്രമങ്ങൾ

പാലിച്ച് പട്ടയം നൽകാവുന്നതാണ്. ഇത്തരത്തിൽ ഭൂമി കൈവശം വച്ചിരുന്ന ഇതര വിഭാഗക്കാർക്ക് പട്ടയം അനുവദിച്ചിട്ടും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയം അനുവദിക്കാതിരിക്കുകയോ കൈവശരേഖമാത്രം അനുവദിക്കുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 1993-ലെ ഭൂമിപതിവ് പ്രത്യേക ചട്ടങ്ങളിലെ ചട്ടം (2)(എഫ്)-ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ചുവരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്കുമേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകുന്നതിന് 27-4-2017-ലെ സർക്കാർ ഉത്തരവുപ്രകാരം നിർദ്ദേശം നൽകുകയും അതനുസരിച്ച് ഉപാധിരഹിത പട്ടയ വിതരണം നടന്നുവരികയും ചെയ്യുന്നുണ്ട്. ചിലയിടങ്ങളിൽ പട്ടയം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്.ഇതിനകം കൈവശരേഖ അനുവദിച്ചിട്ടുള്ളവർക്ക് ആയത് റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, 1966-ൽ 500-ഓളം ജീവനക്കാരുമായി മികച്ച രീതിയിൽ പ്രവർത്തനമാരംഭിച്ച കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ് കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്. രാജ്യത്ത് നിലവിലുണ്ടായിരുന്ന 17 ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സുകളിൽ 12 എണ്ണം അടച്ചുപൂട്ടുന്നതിനും ബാക്കി അഞ്ച് പ്രസ്സുകൾ മാത്രം പ്രവർത്തിച്ചാൽ മതിയെന്നുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തെത്തുടർന്ന് 2018 ജനുവരി മുതൽ കൊരട്ടിയിലെ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ് തുടർന്നും പ്രവർത്തിക്കുന്നതിനാവശ്യമായ ഇടപെടലുകളും സമ്മർദ്ദവും കേന്ദ്ര ഗവൺമെന്റിൽ ചെലുത്തി ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കേണ്ടതുണ്ട്. നേരത്തെ കൊരട്ടിയിൽ പ്രസ്സിന്റെ 103 ഏക്കർ സ്ഥലത്തുനിന്നും 30 ഏക്കർ സ്ഥലം കിൻഫ്രയുടെ പ്രവർത്തനത്തിനായി വിട്ടുനൽകിയിരുന്നു. കൊരട്ടി പ്രസ് അടച്ചുപൂട്ടാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ച സാഹചര്യത്തിൽ, എയർപോർട്ടിനോടടുത്തതും ദേശീയ പാതയോട് ചേർന്നതും വലിയ വികസന സാധ്യതയുള്ളതുമായ 73 ഏക്കറോളം വരുന്ന ഭൂമി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കിൻഫ്രയ്ക്ക് വിട്ടുകിട്ടുന്നതിനും വിവിധ വകുപ്പുകളുടെ വികസന ആവശ്യങ്ങൾക്കുമായി സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ ഇടപെടലുകളും സമ്മർദ്ദവും ചെലുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ് നാസിക്കിലെ പ്രസ്സുമായി ലയിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിന് സംസ്ഥാന ഗവൺമെന്റ് കത്തയച്ചിരുന്നു. പ്രസ്സിന്റെ കൈവശമുള്ള അധിക ഭൂമി കേന്ദ്ര സ്ഥാപനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ അല്ലെങ്കിൽ സംസ്ഥാനത്തിന് തിരികെ നൽകുകയോ ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ലയന നടപടി തുടരുമെന്നും ലയനം ജീവനക്കാരെ യാതൊരുതരത്തിലും ബാധിക്കില്ലെന്നുമാണ് കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം അറിയിച്ചിട്ടുള്ളത്. കൊരട്ടി ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന്റെ അധീനതയിലുണ്ടായിരുന്ന 30 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് നേരത്തെ കൈമാറിയിരുന്നു. പ്രസ്തുത ഭൂമിയിൽ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ 35 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ 37,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി കെട്ടിടം പാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്. 12 വ്യവസായ യൂണിറ്റുകൾ ഈ കെട്ടിട സമുച്ചയത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി 68,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്സിന്റെ ഉപയോഗത്തിലില്ലാത്ത പതിനഞ്ച് ഏക്കർ ഭൂമികൂടി വ്യാവസായിക ആവശ്യത്തിനായി നിശ്ചിത വിലയ്ക്ക് വിട്ടുനൽകണമെന്ന് 2017-ൽ വ്യവസായ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി, കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയത്തിന് ഇതുസംബന്ധിച്ച് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഇതുവരെ അനുകൂലമായ ഒരു തീരുമാനവും സ്വീകരിച്ചിട്ടില്ല.

### (3) വിവാഹച്ചടങ്ങിനിടെയുണ്ടായ അതിക്രമം

ശ്രീ. സണ്ണി ജോസഫ്: സർ, പേരാവൂർ പഞ്ചായത്തിലെ മേൽ മുരിങ്ങോടി എന്ന സ്ഥലത്തെ നാല് സെന്റ് കോളനിയിൽ താമസിക്കുന്ന പാവപ്പെട്ട കുടുംബത്തിലെ നവ്യ എന്ന പെൺകുട്ടിയുടെ വിവാഹം കഴിഞ്ഞ 3-ാം തീയതിയായിരുന്നു. വീട്ടിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ ആനക്കുഴിയെന്ന് പറയുന്ന സ്ഥലത്തെ സാംസ്കാരിക നിലയത്തിൽവച്ചാണ് കല്യാണം നടത്താൻ തീരുമാനിച്ചിരുന്നത്. അവിടെ പന്തൽ കെട്ടി അലങ്കരിച്ച് എല്ലാ ഒരുക്കങ്ങളും നടത്തിയിരുന്നു. ഭക്ഷണ സാധനങ്ങൾ ഈ സാംസ്കാരിക നിലയത്തിലെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. രാത്രി ഈ പന്തലിലും അതിന്റെ

പരിസരപ്രദേശത്തുമെല്ലാം മണ്ണെണ്ണയും കരിഓയിലുമൊഴിച്ച് മുഴുവനും നശിപ്പിച്ചു. ബിരിയാണി ഉണ്ടാക്കുന്നതിനുള്ള അരി, പച്ചക്കറി, പലവ്യഞ്ജന സാധനങ്ങൾ എന്നിവ പൂർണ്ണമായും നശിപ്പിച്ചു. ഞാൻ ഈ സംഭവസ്ഥലം സന്ദർശിച്ച് കാര്യങ്ങളെല്ലാം ബോധ്യപ്പെട്ടതാണ്. തൊട്ടടുത്ത് താമസിക്കുന്ന തങ്കച്ചൻ എന്ന് പറയുന്ന വ്യക്തിയുടെ കിണറ്റിൽനിന്നാണ് വെള്ളം എടുത്തിരുന്നത്. ആ കിണറ്റിലും കരിഓയിലും മണ്ണെണ്ണയും ഒഴിച്ച് ഉപയോഗിക്കാൻ കഴിയാത്ത നിലയിലാക്കി. അക്കാര്യത്തിൽ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസിന് സാധിച്ചിട്ടില്ല. പിന്നീട് നാട്ടുകാരെല്ലാവരും സഹകരിച്ചാണ് സാധനങ്ങൾ പാവപ്പെട്ട ഈ വീട്ടുകാർക്ക് ശേഖരിച്ച് നൽകിയത്. ഞാനും ഡി.സി.സി. പ്രസിഡന്റും പഞ്ചായത്ത് പ്രസിഡന്റുമെല്ലാം സ്ഥലം സന്ദർശിച്ചിരുന്നു. ഇങ്ങനെയുള്ള സാമൂഹ്യ വിരുദ്ധർ ആരാണ്? പേരാവൂരിലെ മുരിങ്ങോടി മുഴക്കുന്ന് പഞ്ചായത്തിലെ മുടക്കുഴി മലയുടെ സമീപത്താണ്. ആ സ്ഥലത്തുനിന്നു കൊണ്ടുതന്നെ ഞാൻ കണ്ണൂർ പോലീസ് സൂപ്രണ്ടിനേയും ഇരിട്ടി എ.എസ്.പി.-യെയും സബ് ഇൻസ്പെക്ടറേയും വിളിച്ചിരുന്നു. പക്ഷേ, ഒന്നാം തീയതി രാത്രി നടന്ന സംഭവത്തിൽ ഇന്ന് ആറാം തീയതിയായിട്ടും പ്രതികളെ പിടികൂടുന്നതിനുള്ള യാതൊരു നടപടിയും പോലീസ് സ്വീകരിച്ചിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഈ പാവപ്പെട്ട ഒരു കുടുംബത്തെ മാത്രമല്ല സമൂഹത്തിന് നേരെ ഉയർന്നിട്ടുള്ള ഇത്തരത്തിലുള്ള ഹീനമായ സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തിയവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യനായ സണ്ണി ജോസഫ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ശക്തമായി എതിർക്കപ്പെടേണ്ടതാണ്. സാമൂഹ്യവിരുദ്ധരുടെ ഇത്തരത്തിലുള്ള അഴിഞ്ഞാട്ടങ്ങൾക്കെതിരെ ജനങ്ങളെ അണിനിരത്തിക്കൊണ്ട്, അതോടൊപ്പം പോലീസിന്റെ ഭാഗത്തുനിന്നും പ്രതികളെ പിടികൂടുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. കണ്ണൂർ പേരാവൂർ മണത്തണ, ആനക്കുഴി പ്രദേശത്ത് നവ്യ എന്ന പെൺകുട്ടിയുടെ വിവാഹത്തിന്റെ തലേദിവസമായ 1-11-2019-ന് രാത്രിയിൽ വിവാഹ ആവശ്യത്തിന് വെള്ളമെടുക്കാൻ ഉദ്ദേശിച്ചിരുന്ന കിണറ്റിൽ ഏതോ സാമൂഹ്യദ്രോഹികൾ വിഷദ്രാവകം കലക്കി കുടിവെള്ളം മലീമസമാക്കുന്ന സംഭവമുണ്ടായി. അതിനുപുറമെ പെൺകുട്ടിയുടെ വിവാഹം നടത്താൻ നിശ്ചയിച്ചിരുന്ന പേരാവൂർ ഗ്രാമ പഞ്ചായത്തുവക സാംസ്കാരിക നിലയത്തിൽ അന്നേ ദിവസം രാത്രി ആരോ അതിക്രമിച്ച് കയറി ചുമരിൽ കരി ഓയിൽ ഒഴിച്ച് വൃത്തികേടാക്കിയ ഹീനമായ

സംഭവമുണ്ടായി. ഈ സംഭവങ്ങളിൽ പേരാവൂർ പോലീസ് യഥാക്രമം ക്രൈം 515/19, 509/19 എന്നീ നമ്പരുകളിലായി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. ശക്തമായ നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും; ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

(4) ശുദ്ധജല വിതരണ പദ്ധതി

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട വെളിയം പഞ്ചായത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിൽ ഒരു പദ്ധതിയുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മീനാട് കുടിവെള്ള പദ്ധതിയെന്ന് അറിയപ്പെടുന്ന, ദീർഘവർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. അതിന്റെ ഭാഗമായി വർക്കേറ്റെടുത്ത കോൺട്രാക്ടർ അവിടവിടെയായി കുറച്ച് സ്ഥലത്ത് പൈപ്പിട്ടിട്ട് മതിയാക്കിപോയ ഒരു പ്രശ്നമുണ്ട്. അത് പരിഹരിക്കാൻ ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മുൻകയ്യെടുത്തുകൊണ്ട് ആ വർക്ക് റീ ടെണ്ടർ ചെയ്തിട്ടുണ്ട്. അത് വലിയ ആശ്വാസമാണ്. പക്ഷേ, ഇപ്പോഴും ആ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. റോഡുകൾ അടയ്ക്കുന്നതിനായി ഞങ്ങൾ ഏഴെട്ടുമാസംവരെ ബി.എം.ആന്റ് ബി.സി. വർക്ക് ചെയ്യാതെ കാത്തിരുന്നു. പക്ഷേ, അതിന് കാലതാമസം വന്നതുമൂലം, അവരുടെ കാലാവധിക്കുള്ളിൽ വർക്ക് പൂർത്തിയാക്കേണ്ടതുള്ളതിനാൽ ചെയ്തു. അല്ലാതെ പൂർത്തിയാക്കിയ റോഡുമുണ്ട്. ഈ റോഡ് കുഴിച്ചുവേണം പൈപ്പുകൾ സ്ഥാപിക്കേണ്ടത്. അതുമായി ബന്ധപ്പെട്ട് പഞ്ചായത്തിനെയും പി.ഡബ്ല്യൂ.ഡി.-യേയും വാട്ടർ അതോറിറ്റി എഞ്ചിനീയർമാരെയും വിളിച്ചുകൂട്ടി നിരവധി മീറ്റിംഗുകൾ നടത്തിയിരുന്നു. എന്നിട്ടും അതൊന്നും മുന്നോട്ട് പോയിട്ടില്ല. ഈ പഞ്ചായത്തിലെ നിലവിലുള്ള ബാക്കി പദ്ധതികൾ ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ട് പൂർത്തിയാക്കുന്ന തിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ എനിക്കൊരു അഭ്യർത്ഥനയുള്ളത്; ഈ റോഡുകൾ കുഴിക്കുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കണം. അതായത്, പെർമനന്റ് ഡക്ട് ഈ റോഡുകളിലിടുകയും അതിന്റെ സൈഡിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്താൽ റോഡ് പുനഃസ്ഥാപിക്കാൻ ആവർത്തിച്ചുണ്ടാകുന്ന ഭാരിച്ച ചെലവ് ഒറ്റത്തവണകൊണ്ട് നികത്താൻ കഴിയും. അതിന് എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഇടപെടൽകൂടി ബഹുമാനപ്പെട്ട മന്ത്രി നടത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാം. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന മീനാട് ശുദ്ധജല പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നത് 73 ദശലക്ഷം ശേഷിയുള്ള ജല ശുദ്ധീകരണശാല, മൊത്തം 25 ദശലക്ഷം ശേഷിയുള്ള 14 ജലസംഭരണികൾ, 80.4 കിലോമീറ്റർ ദൈർഘ്യമുള്ള 1016 മില്ലി മീറ്റർ മുതൽ 2000 മില്ലി മീറ്റർ വരെ വ്യാസമുള്ള വിവിധയിനം ട്രാൻസ്മിഷൻ പൈപ്പുകൾ, 963 കിലോമീറ്റർ വിതരണക്കുഴലുകൾ എന്നിവയാണ്. ഇതിൽ വിതരണ ശൃംഖലയുടെ പണികളൊഴിച്ച് ബാക്കിയെല്ലാം പൂർത്തിയായിട്ടുണ്ട്. പദ്ധതിയിൽ ഏകദേശം 963 കിലോമീറ്റർ വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പണികൾക്ക് ആദ്യം കരാർ ഏറ്റെടുത്തിരുന്നത് ഹൈദ്രാബാദിലെ രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡായിരുന്നു. പ്രസ്തുത കരാറുകാർ പണികൾ ഉപേക്ഷിച്ചുപോയതിനാൽ 2012-ൽ കൊച്ചിയിലെ ടെക്പ്രോ ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽ ടെക്പ്രോ ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ് പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31-7-2017-ൽ അവസാനിപ്പിക്കുകയുണ്ടായി. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിനായി ടെക്പ്രോയുടെ റിസ്ക് ആൻഡ് കോസ്റ്റിൽ 10-10-2018-ൽ ഷിബു സക്കറിയ മൾട്ടി സർവ്വീസ് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുകയുണ്ടായി. ടി കരാർ പ്രകാരം 09.04.2020-ന് മുൻപ് കരുവള്ളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനെല്ലൂർ, മയ്യനാട്, പുതുക്കുളം, പരവൂർ, ചിറക്കര എന്നീ പഞ്ചായത്തുകളുടെ ബാക്കിയുള്ള വിതരണ ശൃംഖലയുടെ പൂർത്തീകരണം സാധ്യമാക്കണം. മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽ വെളിയം പഞ്ചായത്ത് ഒഴികെയുള്ള പഞ്ചായത്തുകളിൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചു. വെളിയം പഞ്ചായത്തിലെ വിതരണത്തിനുള്ള ഭൂതല സംഭരണി സ്ഥിതി ചെയ്യുന്ന വാപ്പാല പ്രദേശത്തിനും ഓടാനവട്ടം ജംഗ്ഷനും ഇടയിലായി 400 മില്ലിമീറ്റർ DI വിതരണക്കുഴലുകൾ 400 മീറ്ററോളം പല ഭാഗങ്ങളായി ഗ്യാപ്പുള്ളതിനാൽ ഇതുവരെ ഈ പഞ്ചായത്തിൽ ജിക്ക മീനാട് സ്കീം കമ്മിഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ടി റോഡിൽ വിതരണക്കുഴൽ സ്ഥാപിക്കാനുള്ള അനുമതി ലഭിക്കാൻവേണ്ടി പി.ഡബ്ല്യൂ.ഡി. കൊല്ലം റോഡ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുകയുണ്ടായി. എന്നുമാത്രമല്ല, 21-1-2019-ന് ബഹുമാനപ്പെട്ട എം.എൽ.എ. വെളിയം പഞ്ചായത്ത് ഓഫീസിൽവച്ച് നടത്തിയ മീറ്റിംഗിലും 21-10-2019-ൽ കൊട്ടാരക്കര പി.ഡബ്ല്യൂഡി. റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ മീറ്റിംഗിലും റോഡ് കട്ടിംഗിന് അനുമതി ലഭ്യമാക്കണമെന്ന് പി.ഡബ്ല്യൂ.ഡി.-ക്കാരോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നാളിതുവരെയും ഇതിനുള്ള അനുമതി ലഭ്യമായിട്ടില്ല. പി.ഡബ്ല്യൂ.ഡി. ഓഫീസിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പൈപ്പ് സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. പി.ഡബ്ല്യൂ.ഡി. റോഡിലുള്ള പ്രസ്തുത 400 മീറ്റർ ഗ്യാപ്പിൽ പൈപ്പ് സ്ഥാപിച്ചാൽ മാത്രമേ ബാക്കി 20 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(5) സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവത്ത് ഒരു ആർ.ടി. ഓഫീസ് വേണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇതുമായി ബന്ധപ്പെട്ട ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

പിറവവുമായി ബന്ധപ്പെട്ട്, മൂവാറ്റുപുഴ ആർ.ടി. ഓഫീസിലും തൃപ്പൂണിത്തുറ ആർ.ടി. ഓഫീസിലുമാണ് ഇപ്പോൾ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. മൂവാറ്റുപുഴ ആർ.ടി. ഓഫീസിന് കീഴിൽ വരുന്നതിൽ 7 വില്ലേജുകൾ പിറവം മേഖലയിൽ നിന്നുള്ളവയാണ്. 600 മുതൽ 700 രജിസ്ട്രേഷനുകൾ ഒരു ദിവസം അവിടെ വരുന്നു. 350 അപേക്ഷകളാണ് പ്രോസസ് ചെയ്യാൻ കഴിയുന്നത്. തൃപ്പൂണിത്തുറ ആർ.ടി. ഓഫീസിൽ 300 മുതൽ 400 രജിസ്ട്രേഷനുകൾ ശരാശരി ഒരു ദിവസം വരുമ്പോൾ അതിൽ 180 എണ്ണം വരെയാണ് പ്രോസസ് ചെയ്തെടുക്കുന്നത്. അങ്ങ് കൃത്യമായ നിലയിൽ പരിശോധന നടത്തിയാൽ മനസ്സിലാക്കാൻ കഴിയും; ഈ പ്രദേശത്തുനിന്നുള്ള വാഹനങ്ങളാണ് ഈ രണ്ട് ആർ.ടി. ഓഫീസുകളിലേയ്ക്കും കൂടുതലായി രജിസ്ട്രേഷന് വരുന്നത്. ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ പിറവം കേന്ദ്രീകൃതമായി ഒരു ആർ.ടി. ഓഫീസ് വേണമെന്നുള്ളതാണ് എനിക്ക് ഉന്നയിക്കാനുള്ളത്. താലൂക്കുകളിൽ രണ്ട് ആർ.ടി. ഓഫീസുകൾ അനുവദിച്ച ഒരുപാട് പ്രീസിഡന്റ്സുണ്ട്. നെയ്യാറ്റിൻകര, ആലുവ താലൂക്കുകളിൽ ഒന്നിൽക്കൂടുതൽ ആർ.ടി. ഓഫീസുകൾ കാണാൻ കഴിയും. ജനങ്ങളുടെ ആവശ്യാർത്ഥവും സേവനങ്ങൾ മെച്ചപ്പെടുത്താനും വേണ്ടിയാണ് ഇതിനുമുൻപ് അങ്ങനെയുള്ള നടപടികൾ ഉണ്ടായിട്ടുള്ളത്. അത് കണക്കിലെടുത്ത് പിറവം കേന്ദ്രീകൃതമായി പുതിയൊരു ആർ.ടി. ഓഫീസ് വേണമെന്നുള്ള ആവശ്യം അനുഭാവപൂർവ്വം സർക്കാർ പരിഗണിക്കണമെന്നും അംഗീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പിറവം കേന്ദ്രമാക്കി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങണമെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനിലെ പ്രധാനപ്പെട്ട ആവശ്യം. ഈ സർക്കാർ ഇക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ സബ് ആർ.ടി. ഓഫീസുകളില്ലാത്ത താലൂക്കുകളിൽ ഘട്ടംഘട്ടമായി സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കണമെന്നാണ് നിലപാട്. അതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 6 ആർ.ടി. ഓഫീസുകളും 2019-20 സാമ്പത്തിക

വർഷത്തിൽ 7 സബ് ആർ.ടി. ഓഫീസുകളും തുടങ്ങിയിട്ടുണ്ട്. 2020 മാർച്ച് മാസത്തിന് മുൻപ് ഈ ഏഴെണ്ണത്തിന്റെ പ്രവർത്തനം ആരംഭിക്കും. സ്വാഭാവികമായും അവശേഷിക്കുന്ന എല്ലാ താലൂക്കുകളിലും സബ് ആർ.ടി. ഓഫീസുകൾ ഉണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഈ രൂപത്തിൽ കൂടുതൽ സബ് ആർ.ടി. ഓഫീസുകൾ തുടങ്ങാൻ തീരുമാനിക്കുന്ന ഘട്ടത്തിൽ വാഹന സാന്ദ്രതയും ജനസാന്ദ്രതയും പരിഗണിച്ച് പിറവം ഉൾപ്പെടുന്ന പ്രദേശത്ത് സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്

(6) <u>കബനി പദ്ധതിയിൻകീഴിലുള്ള ജീവനക്കാരുടെ പുനർവിന്യാസം</u>

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, കേരളം വലിയ പ്രളയത്തെ നേരിട്ടു. കടുത്ത പ്രകൃതിക്ഷോഭവും തുടർച്ചയായി കാലവർഷക്കെടുതിയും കൊണ്ട് നാട് പൊറുതിമുട്ടുകയുമാണ്. ഇത് നേരിടുന്നതിന് വിവിധ തരത്തിലുള്ള മാർഗ്ഗങ്ങൾ സംസ്ഥാനം ജാഗ്രതയോടെ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു പരിശ്രമമാണ് സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ. സംസ്ഥാന കൃഷിവകുപ്പ്, വിശേഷിച്ച് മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് വളരെ സ്തുത്യർഹമായ വിധത്തിൽ ആ പരിശ്രമം നടത്തുന്നുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ അത്തരത്തിലുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം കൊടുക്കാൻ, പ്രത്യേകം പരിഗണന നൽകാൻ തീരുമാനിക്കുകയും ചെയ്തു.

നിയമസഭാംഗമെന്ന നിലയിൽ വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള അവസരം ലഭിച്ച അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന്റെ പ്രവർത്തനം അങ്ങേയറ്റം പ്രശംസനീയമാണ്. ഏറ്റവും ത്യാഗപൂർണ്ണമായി രണ്ടര മാസക്കാലംകൊണ്ട് 32,000 ഹെക്ടർ ഭൂമി transect walk നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കൃഷി വകുപ്പ് വളരെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ഒന്നുരണ്ട് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും, ഇതിനെല്ലാം നേതൃത്വം കൊടുത്തിട്ടുള്ള കൃഷി വകുപ്പിനെയും, പ്രത്യേകിച്ച് മണ്ണ് സംരക്ഷണ വകുപ്പിനെയും പ്രശംസിക്കുകയാണ്.

ഞാൻ ഈ അവസരത്തിൽ ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്; സംസ്ഥാനത്തിനുതന്നെ മാതൃകയാക്കാൻ സാധിക്കുന്ന, പ്രളയത്തെയും പ്രകൃതിക്ഷോഭത്തെയും കാലവർഷക്കെടുതിയെയും നേരിടാൻ സാധിക്കുന്ന ഇത്തരത്തിലുള്ള സൂക്ഷ്മ നീർത്തടാധിഷ്ഠിത പദ്ധതിയെ സംസ്ഥാന

സർക്കാർതന്നെ പ്രത്യേകമായി പ്രോത്സാഹിപ്പിക്കണം എന്നുള്ളതാണ്. അതിന്റെ ഭാഗമായി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കൂടുതൽ ഉദ്യോഗസ്ഥരെ നൽകുന്നതിനുവേണ്ടി തയ്യാറാകണം. അതുപോലെതന്നെ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥലത്ത് അതിനാവശ്യമായ ജീവനക്കാരെ വിന്യസിപ്പിക്കാൻ സാധിക്കണം. സംസ്ഥാന സർക്കാർതന്നെ കൃഷിവകുപ്പിന്റെ ഈ പ്രവർത്തനത്തെ പ്രത്യേകമായി സംരക്ഷിച്ച് സഹായിച്ച് മുൻപോട്ട് കൊണ്ടുപോയാൽ മാത്രമേ ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വരൾച്ച, കുടിവെള്ളക്ഷാമം എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. സമഗ്രമായ ഒരു സമീപനം ഇക്കാര്യത്തിൽ സംസ്ഥാന കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നും മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. എന്നാൽ ആവശ്യമായ ഉദ്യോഗസ്ഥൻമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ചുകൊണ്ട് വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല. അതീവ പ്രാധാന്യമുള്ള ഈ കാര്യം സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും മുൻകയ്യോടുകൂടി പരിഹരിക്കാൻ കഴിയണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ 7 ഗ്രാമപഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്ന 32,693 ഹെക്ടർ പ്രദേശത്തെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സമൃദ്ധി പദ്ധതി നടപ്പാക്കാനായി വിശദമായ പദ്ധതിരേഖ മണ്ണ് സംരക്ഷണ പര്യവേക്ഷണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. 174.11 കോടി രൂപയാണ് അതിന്റെ വിശദമായ പ്രൊപ്പോസൽ അനുസരിച്ചുള്ള തുക. 2019-20 വർഷം 3 കോടി രൂപ ഇതിന്റെ ഭാഗമായി വകുപ്പിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ വരൾച്ചയ്ക്കും പാരിസ്ഥിതിക ശോഷണത്തിനും അടിയന്തരമായി പരിഹാരം കാണുന്നതിനുവേണ്ടിയാണ് സമൃദ്ധി മണ്ണ് ജല സംരക്ഷണ പദ്ധതി ആരംഭിച്ചത്. വളരെ ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് അതിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കായി 12 കോടി രൂപയുടെ പ്രൊപ്പോസൽ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. അത് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ആവശ്യമായ ഉദ്യോഗസ്ഥൻ മാരില്ലെന്നുള്ളതാണ്. സംസ്ഥാന കൃഷി വകുപ്പും മണ്ണ് സംരക്ഷണ വകുപ്പും പ്രളയത്തിനുശേഷം കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനുവേണ്ടി

മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി ഊന്നൽ നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി മുള്ളൻകൊല്ലി പോലുള്ള പ്രദേശങ്ങളിൽ ഉണ്ടാകുന്ന വരൾച്ചയെ പ്രതിരോധിക്കാൻവേണ്ടിയുള്ള പദ്ധതി ഇതിന് സമാനമായ രീതിയിൽ നടപ്പാക്കുന്നുണ്ട്. നീർത്തടാധിഷ്ഠിത രീതിയിലുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരികയാണ്. അതിനുപുറമേ, agro ecological zones ആക്കി മാറ്റിക്കൊണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ ഒരു പുനഃസംഘടന നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. ഡിസംബർ മാസം 5-ാം തീയതി മണ്ണ് ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ഈ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടാൻ കഴിയാവുന്ന രീതിയിലുള്ള സോയിൽ ഫെസ്റ്റുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കു ന്നതിനുവേണ്ടി വയനാട് ജില്ലയിലെ കബനി പദ്ധതിയിലെ 42 ജീവനക്കാരെ പുനർ വിന്യസിച്ച് തളിപ്പറമ്പ്, ഇരിക്കൂർ ബ്ലോക്കുകൾ ആസ്ഥാനമാക്കി രണ്ട് മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതുകൂടാതെ കബനി പദ്ധതിയിൻകീഴിൽ ബാക്കിയുള്ള ജീവനക്കാരെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ഇതര പദ്ധതികൾക്കായി പുനർവിന്യസിക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. കബനി പദ്ധതിയിൻ കീഴിൽ വരുന്ന ജീവനക്കാരെ വിവിധ പദ്ധതികളിൽ പുനർ വിന്യസിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചാലുടൻ ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും ഈ പറയുന്ന രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

### (7) റോഡ് നിർമ്മാണം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പൊതുമരാമത്ത് വകുപ്പുമന്ത്രിയും വകുപ്പും വളരെ സജീവമായി കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സമയബന്ധിതമായി അവ നടപ്പിലാക്കാൻ യത്നിക്കുകയും ചെയ്യുന്നതിന് അഭിനന്ദനം രേഖപ്പെടുത്തുകയാണ്. എന്റെ മണ്ഡലത്തിൽ 2016-ൽ പ്രഖ്യാപിച്ച 27 കോടി രൂപയുടെ കിഫ്ബി വർക്കാണ് പാങ്ങോട്-ചിങ്ങോലി-ചടയമംഗലം റോഡ് നിർമ്മാണം. അത് ഒന്നര വർഷം മുൻപ് പ്രവർത്തനം ആരംഭിച്ചതാണ്. അതിൽ ചിങ്ങോലിക്ക് ഇപ്പുറം പള്ളിമുക്ക് മുതൽ പാങ്ങോട് വരെ ഒരു ലെയർ ബി.എം. ചെയ്തതുമാണ്. ചിങ്ങോലി മുതൽ ചടയമംഗലം വരെയുള്ള വർക്ക് നടന്നുകൊണ്ടിരിക്കുമ്പോഴാണ് അത് സസ്പെന്റ് ചെയ്യപ്പെട്ടത്. വർക്ക് സമയബന്ധിതമായി തീരാത്തതാണോ മറ്റേതെങ്കിലും വർക്കിൽ വന്ന

കുറവാണോ ഇതിന്റെ കാരണം എന്നൊന്നും നാട്ടുകാർക്കറിയില്ല. പക്ഷേ ആ റോഡിൽ ഇപ്പോൾ സഞ്ചാരം വലിയതരത്തിൽ പ്രശ്നത്തിലാകുകയാണ്. ഇത്തരം പദ്ധതികൾ ഇടയ്ക്കുവച്ച് നിന്നുപോയാൽ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നാട്ടിൽ നിൽക്കാൻ പറ്റാത്ത തരത്തിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടിവരും. അതുകൊണ്ട് ചിങ്ങോലി മുതൽ ചടയമംഗലം വരെയുള്ള റോഡിന്റെ വർക്ക് അടിയന്തരമായി പൂർത്തിയാക്കി നാട്ടുകാരുടെയിടയിലുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഉന്നയിച്ച പ്രശ്നം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡായ പാങ്ങോട്-കടയ്ക്കൽ-ചിങ്ങോലി-ചടയമംഗലം റോഡിനെപ്പറ്റിയാണ്. കിഫ്ബി 27 കോടി 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി നിയമപ്രകാരം ടെണ്ടർ ചെയ്ത് പണി ആരംഭിച്ച പദ്ധതിയാണത്. അക്ഷയ ബിൽഡേഴ്സ് എന്ന കമ്പനിയാണ് ഈ വർക്ക് ഏറ്റെടുത്തിട്ടുള്ളത്. 18 മാസമായിരുന്നു അതിന്റെ കാലാവധി. ആ കാലാവധി ഈ മാസം അവസാനിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യവർഷം അനുവദിച്ച റോഡാണ്. ഇതുവരെ ഈ കമ്പനി 30% പ്രവൃത്തിയാണ് പൂർത്തീകരിച്ചത്. രണ്ടാഴ്ച മുൻപ് കിഫ്ബിയുടെ ചില ഉദ്യോഗസ്ഥൻമാർ അവിടെ പരിശോധിക്കുകയും അതിൽ കുറച്ച് നിർമ്മാണ പിശകുകളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തതായി പത്രവാർത്തകളുണ്ടായിരുന്നു. അതുസംബന്ധിച്ച ഒരു ഫയലും വന്നിരുന്നു. അതിന്മേൽ നിർമ്മാണപരമായ തകരാറുണ്ടെങ്കിൽ ഗൗരവമായി പരിശോധിച്ച് തിരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2019 ഒക്ടോബർ 3-ാം തീയതിയാണ് പണി നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചത്. ഇപ്പോൾ ഒരു മാസമായി. അതിനുശേഷം ധാരാളം ചർച്ചകൾ നടന്നു. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി നൽകിയ ഒബ്സർവേഷൻ മെമ്മോയിലെ നിർദ്ദേശങ്ങൾ പാലിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടുകഴിഞ്ഞു. പി.ഡബ്ല്യു.ഡി. ക്വാളിറ്റി മാന്വലിലെ നിർമ്മാണ രീതിയിൽ പറയുന്ന ഗുണനിലവാരം ഉറപ്പുവരുത്തണമെന്നതാണ് കിഫ്ബിയുടെ ആവശ്യം. അതനുസരിച്ച് ജോലികൾ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. പ്രവൃത്തി എത്രയുംവേഗം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കേരള റോഡ് ഫണ്ട് ബോർഡാണ് ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ. അവരുടെ സ്റ്റോപ്പ് മെമ്മോയ്ക്കുള്ള മറുപടി നൽകിക്കഴിഞ്ഞു. ആ മറുപടി പരിശോധിച്ച് കിഫ്ബിയിൽ നിന്നും ഉത്തരവ് ഉണ്ടാകേണ്ടതായിട്ടുണ്ട്. അത് വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങയുടെ ഉപക്ഷേപംകൂടി വന്ന സ്ഥിതിക്ക് വീണ്ടും ഇക്കാര്യം കിഫ്ബിയോട് നിർദ്ദേശിക്കാം.

## (8) റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. റോജി എം. ജോൺ: സർ, പൊതുമരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് തന്നെയാണ് എനിക്കും സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളിൽ പലതിനും തുക അനുവദിച്ച് മാസങ്ങൾക്കുമുൻപ് ഭരണാനുമതി ലഭിച്ചെങ്കിലും അതിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇവിടെ ഞാൻ എഴുതിക്കൊടുത്തിരിക്കുന്ന കറുകുറ്റി-ഏഴാറ്റുമുഖം റോഡ്, വേങ്ങൂർ-നായത്തോട് റോഡ്, അങ്കമാലി-മഞ്ഞപ്ര-മലയാറ്റൂർ റോഡ് എന്നിവയൊക്കെ വളരെ പ്രധാനപ്പെട്ട റോഡുകളാണ്. ഇതിന് തുക അനുവദിച്ചെങ്കിലും പലതും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ചില വർക്കുകൾ കരാറുകാർ ഏറ്റെടുത്തതിനുശേഷം പി.ഡബ്ല്യു.ഡി. നിരക്കിലെ അപാകതയും മറ്റു പല കാരണങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് അവർ ഒഴിഞ്ഞുപോകുന്ന സാഹചര്യംവരെ നിലനിൽക്കുകയാണ്. ബഹുമാന്യനായ മന്ത്രി കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ, നമ്മൾ കരാറുകാരുമായിട്ടൊക്കെ സംസാരിക്കുമ്പോൾ പണി കഴിഞ്ഞാൽ ബിൽ മാറിക്കിട്ടാനുണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് അവർ സൂചിപ്പിക്കുന്നുണ്ട്. ബിൽ മാറിക്കിട്ടാൻ ട്രഷറിയിലുണ്ടാകുന്ന കാലതാമസം കാരണം കരാറുകാർ പലരും വർക്ക് ഏറ്റെടുക്കുന്നതിൽ നിരുൽസാഹപ്പെടുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരം കാലതാമസം ഒഴിവാക്കിക്കൊണ്ട് ഈ റോഡുകളുടെ പുനർനിർമ്മാണത്തിന് എത്രയുംവേഗം നടപടിയുണ്ടാകണം. പ്രത്യേകിച്ച് വേങ്ങൂർ-നായത്തോട് റോഡ് എയർപോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡാണ്. ആ റോഡിന്റെ കരാർ ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും അവിടെയുള്ള മണ്ണ് ടെണ്ടർ ചെയ്ത് ലേലം വിളിച്ച് ഏറ്റെടുക്കാൻ ആളില്ലാത്തതുകൊണ്ട് വലിയ കാലതാമസം ഉണ്ടാകുകയാണ്. എയർപോർട്ടിലേയ്ക്ക് ഉൾപ്പെടെ പോകുന്ന ആളുകൾക്ക് അത് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുകയാണ്. അതുപോലെ അങ്കമാലി-മഞ്ഞപ്ര-മലയാറ്റൂർ റോഡ് എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ്. ആ റോഡും ഇതുപോലെ തന്നെയാണ്. അങ്ങ് പ്രത്യേക താൽപ്പര്യമെടുത്ത് 15 കോടി രൂപ സി.ആർ.എഫ്. (സെൻട്രൽ റോഡ് ഫണ്ട്)-ൽ അതിനുവേണ്ടി അനുവദിച്ചു. എന്റെ അഭ്യർത്ഥന മാനിച്ച് ബഹുമാന്യനായ മന്ത്രി താൽപ്പര്യമെടുത്താണ് അഡീഷണൽ അലോക്കേഷൻ വഴി സി.ആർ.എഫ്.-ൽ തുക അനുവദിച്ചത്. പക്ഷെ അത് മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും എടുക്കാൻ ആളുണ്ടായില്ല. അവസാനം ടെണ്ടർ എടുത്തയാൾ തന്നെ ഒഴിഞ്ഞുപോകുകയും വീണ്ടും അത് ടെണ്ടർ ചെയ്തിരിക്കുകയുമാണ്. റോഡിന്റെ

അവസ്ഥ വളരെ മോശമായിരിക്കുകയാണ്. താൽക്കാലികമായിട്ടെങ്കിലും അറ്റകുറ്റപ്പണികൾ ചെയ്യണമെന്ന് നമ്മൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അത് നടത്താൻ ഇപ്പോൾ സാധിക്കുന്നില്ല. മഴ ഇടയ്ക്കിടയ്ക്ക് ഉണ്ടെങ്കിൽത്തന്നെയും സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്. ആവർത്തിച്ച് ടെണ്ടർ ചെയ്തിട്ടും കരാറുകാർ പണി ഏറ്റെടുക്കാത്ത സാഹചര്യവുമുണ്ട്. ഇത് ഒഴിവാക്കി റോഡിന്റെ പണി എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഇവിടെ ബഹുമാന്യനായ മുല്ലക്കര രത്നാകരൻ സൂചിപ്പിച്ചതു പോലെ നാട്ടിൽ ഇതുമായി ബന്ധപ്പെട്ട് നിരന്തരമായി സമരങ്ങൾ നടക്കുകയാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ വിഷയം ഏറ്റെടുത്തുകൊണ്ട് ഇതിനെതിരെ ശക്തമായി രംഗത്തുവന്നിരിക്കുന്നു. റോഡിൽ അപകടത്തിൽ ഒരാൾ മരണപ്പെട്ട സാഹചര്യം വരെയുണ്ടായി. അതുകൊണ്ട് ഈ വിഷയം അടിയന്തരമായി പരിഹരിച്ച് പ്രസ്തുത റോഡുകളെ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മൂന്ന് റോഡുകളെപ്പറ്റിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. റോജി എം. ജോൺ ഉന്നയിച്ചിരിക്കുന്നത്. അങ്കമാലി-മഞ്ഞപ്ര-മലയാറ്റൂർ റോഡ് സി.ആർ.എഫ്-ൽപ്പെടുത്തിയിട്ടുള്ള റോഡാണ്. ആവശ്യമായ പണവും അനുവദിച്ചിട്ടുണ്ട്. ദേശീയപാത നിലവാരത്തിലാണ് സി.ആർ.എഫ്. റോഡ് നിർമ്മിക്കേണ്ടത്. സി.ആർ.എഫ്. റോഡിന് പണമൊരു പ്രശ്നമല്ല. കോൺട്രാക്ടർമാർ പറയുന്നത് ശുദ്ധകളവാണ്. കേന്ദ്രഗവൺമെന്റ് നൽകുന്ന ഫണ്ടാണ്. ഫണ്ട് നേരത്തെ വന്നിട്ടുണ്ട്, നിർമ്മിച്ചു കഴിഞ്ഞാൽ കിട്ടും. ട്രഷറിയിലെ നടപടിക്രമങ്ങൾ എല്ലായിടത്തുമുള്ളതാണ്. അത് പണമില്ലാത്തതു കൊണ്ടല്ല. അതവർ വെറുതെ പറയുന്നതാണ്. രണ്ട് തവണ ടെണ്ടർ ചെയ്തിട്ടും ആരും എടുത്തിട്ടില്ല, വീണ്ടും ടെണ്ടർ നടപടി നടക്കുകയാണ്.കേന്ദ്ര ഗവൺമെന്റിൽ നിന്നും പണം വാങ്ങി ഇൻവെസ്റ്റ് ചെയ്തിരിക്കുന്ന ഒരു പദ്ധതിയിൽ പിന്നീട് പണം മുടക്കാൻ പാടില്ലെങ്കിലും അവിടത്തെ അറ്റകുറ്റപ്പണിക്ക് 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആ അറ്റകുറ്റപ്പണിയുടെ സ്ഥിതി സംബന്ധിച്ച് പരിശോധിക്കണം. ഏഴ് മാസമായി മഴയാണ്, ഒന്നും ചെയ്യാൻ കഴിയുന്നില്ല. മേയ് മാസത്തിൽ തുടങ്ങിയ മഴയാണ്. ഇപ്പോൾ തീർന്നെങ്കിലായി, എന്നാലും ഉറപ്പ് പറയാൻ പറ്റുകയില്ല. ഇത് കേരളത്തിലെ സ്ഥിതിയാണ്. ടെണ്ടർ എടുക്കാൻ ആളില്ലാത്തതിന് അവിടത്തെ രാഷ്ട്രീയ പാർട്ടികൾ സമരം ചെയ്യുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല. അവരുടെ ജോലി എന്താണ്; രാഷ്ട്രീയ പാർട്ടി നമ്മുടെ മേലധികാരിയാണോ? രാഷ്ട്രസേവനമാണെങ്കിൽ അവർ മര്യാദയ്ക്ക്

കോൺട്രാക്ടർമാരെ ഏർപ്പാടാക്കി കൊടുക്കണം. ആ സമരത്തോടൊന്നും യാതൊരു ബഹുമാനവുമില്ല. ടെണ്ടർ പിടിക്കാത്തതിനല്ല മന:പൂർവ്വം പണം അനുവദിക്കാത്തതിനും കാലതാമസം വരുത്തുന്നതിനുമാണ് സമരം ചെയ്യേണ്ടത്. അല്ലാതെ സമരം ചെയ്യുന്നത് രാഷ്ട്രീയ പാർട്ടികളുടെ പാപ്പരത്തം എന്നല്ലാതെ എന്താണ് പറയേണ്ടത്? ടെണ്ടർ എടുപ്പിക്കാൻ അവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുൻകയ്യെടുക്കണം. ശ്രീ. വി. ഡി. സതീശൻ അതിന് സഹായിക്കണം. പൈസ കൃത്യമായി കിട്ടും. ഞാൻ വെറുതെ പറയുകയല്ല. നമ്മൾ വിളിച്ചുകൊടുക്കണം. അങ്ങനെയൊക്കെ നമുക്ക് ചെയ്യാമല്ലോ. ഞാൻ വേണമെങ്കിൽ വിളിച്ചുതരാം. കോൺട്രാക്ടർമാരെ എല്ലാവരെയും അറിയാമല്ലോ. ഞാൻ സാധാരണ അവരോടൊന്നും പറയാറില്ല, പക്ഷെ അവിടെ വന്ന് പറയാം. അതുകൊണ്ട് പണം അനുവദിച്ചാലും പണി നടത്താൻ പറ്റുന്നില്ലെന്ന് പറയുന്നത് ഒരു പുതിയ പ്രതിഭാസമാണ്. മഴയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകഴിഞ്ഞാൽ എല്ലാ അറ്റകുറ്റപ്പണികളും നടത്തുമെന്നതിൽ സംശയമില്ല. വേങ്ങൂർ-നായത്തോട് എയർപോർട്ട് റോഡിന് 1 കോടി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, ടെണ്ടർ നടപടി പൂർത്തിയായി. ഡ്രെയിനിന്റെ പണിയാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഒരുഭാഗം റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണെടുപ്പുമായി ബന്ധപ്പെട്ട് കോടതിയിൽ കേസായതിനാലാണ് അത് തടസ്സപ്പെട്ടിരിക്കുന്നത്. കോടതി കേസ് ഒത്തുതീർപ്പാക്കി പരിഹരിച്ചാൽ അത് വേഗം പൂർത്തീകരിക്കാൻ കഴിയും. കുറുകുറ്റി-ഏഴാറ്റുമുഖം റോഡ് 2 കോടി 80 ലക്ഷം രൂപയാണ്. ആരും ടെണ്ടർ എടുത്തിട്ടില്ല. അവിടെ ടെണ്ടർ എടുക്കാതിരിക്കാനുള്ള എന്തോ കളി നടക്കുന്നു. എന്താണെന്നുള്ളത് പരിശോധിക്കണം. പുതുക്കിയ ബിറ്റുമിൻ നിരക്കിൽ സാങ്കേതികാനുമതി നൽകി. ജില്ല മൊത്തമൊന്നുമില്ല, കോർപ്പറേഷൻ ഏരിയയിൽ പണി നടക്കുന്നുണ്ട്. റോഡെല്ലാം ഒരുവിധം ശരിയായിക്കൊണ്ടിരിക്കുകയാണ്. 105 ലക്ഷം രൂപയുടെ രണ്ടാമതൊരു ഫ്ലഡ് വർക്കുകൂടി അനുവദിച്ചിട്ടുണ്ട്. വേണമെങ്കിൽ അതിനായി ഒരു മീറ്റിംഗ് വിളിച്ച് എന്താണെന്ന് നോക്കാം. എം.എൽ.എ. എന്ന നിലയ്ക്ക് കോൺട്രാക്ടർമാരെ കൊണ്ടുവന്ന് ടെണ്ടർ ചെയ്യിക്കണം. എന്തോ പ്രശ്നം അവിടെയുണ്ട്. അത് എന്താണെന്ന് എനിക്കറിയില്ല. അവിടെ മാത്രമാണ് ആരും പണിയെടുക്കാത്തത്. അതുകൊണ്ടാണ് ഞാൻ ബഹുമാനപ്പെട്ട സീനിയർ മെമ്പറോട് സഹായിക്കാൻ പറ്റുമോ എന്ന് ചോദിച്ചത്. അത്രയേ എനിക്ക് പറയാനുള്ളൂ. എന്തായാലും ഒരു കാര്യം അങ്ങേയ്ക്ക് മനസ്സിലായല്ലോ. മൂന്ന് വർക്കാണ് ആ മണ്ഡലത്തിൽ നടക്കുന്നത്. അതും ഒരു പ്രശ്നമാണ്. നാട് മുഴുവൻ വർക്കായതുകൊണ്ട് കോൺട്രാക്ടർമാർക്കും പ്രശ്നമാണ്. കാരണം, പത്ത്- അറുന്നൂറ് വർക്ക് നടക്കുകയാണ്. വർക്ക് പിടിക്കാൻ ആളില്ല, പിടിച്ചാൽ നോക്കാൻ എഞ്ചിനീയറില്ല. ഇതിനെല്ലാം നമുക്ക് അടിസ്ഥാനപരമായ

ഒരു സൗകര്യവും വികസനവും ഉണ്ടായിട്ടുമില്ല. അതുകൊണ്ട് അങ്ങയുടെ മണ്ഡലത്തിലെ ജനങ്ങളോട് നമുക്കൊന്നും പറയാൻ പറ്റുകയില്ല എന്നുള്ളത് ഞാൻ അംഗീകരിക്കുന്നു.

## (9) ദേശീയപാത 66 -ന്റെ നവീകരണം

ശ്രീ. എം. സി. കമറുദ്ദീൻ: സർ, തലപ്പാടി മുതൽ പെർവാട് വരെയും തുടർന്നുമുള്ള ദേശീപാത നവീകരണം എപ്പോൾ തുടങ്ങുമെന്നതിനെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ്. ദിവസേന നൂറുകണക്കിന് ആംബുലൻസുകൾ മംഗലാപുരത്തേയ്ക്ക് രോഗികളെയുംകൊണ്ട് ചീറിപ്പായുകയും കണ്ണൂർ -കാസർഗോഡ് ജില്ലയിൽനിന്നും രോഗികളടക്കമുള്ള നിരവധിയാളുകൾ സാധാരണയായി ആശ്രയിക്കുകയും ചെയ്യുന്ന പ്രസ്തുത റോഡിലെ വലിയ കുഴികൾ കാരണം യാത്ര ദുസ്സഹമായിരിക്കുകയാണ്. കാസർഗോഡ്-മഞ്ചേശ്വരം ഭാഗത്തുനിന്നുള്ള നിരവധി വിദ്യാർത്ഥികളും ഈ റോഡ് മാർഗ്ഗമാണ് മംഗലാപുരത്തേയ്ക്ക് പോകുന്നത്. മംഗലാപുരത്തേയ്ക്ക് പോകുന്നതിനായി റോഡുമാർഗ്ഗം മറ്റു വഴികളില്ല. മൂകാംബികക്ഷേത്രം ഉൾപ്പെടെയുള്ള നിരവധി തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും ഇതുവഴിയാണ് പോകുന്നത്. കൂടാതെ നവംബർ 28-ാം തീയതി മുതൽ ഡിസംബർ 1-ാം തീയതി വരെ സംസ്ഥാന യുവജനോത്സവം അവിടെ വച്ച് നടക്കുകയാണ്. ഇടക്കാലത്ത് ചെറിയ തോതിൽ അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും മഴ പെയ്തതോടുകൂടി റോഡിന്റെ അധികഭാഗവും ഒലിച്ചുപോയി വീണ്ടും കുഴികളായി. പ്രസ്തുത റോഡിന്റെ നവീകരണം വേഗത്തിൽ ആരംഭിക്കണമെന്നും നവീകരണം നടത്തിയാൽ കുറച്ചുകാലമെങ്കിലും ഒലിച്ചുപോകാതെ നിലനിർത്താനാവശ്യമായ സാങ്കേതികവിദ്യകൂടി ഉപയോഗപ്പെടുത്തുന്നതിനായി അടുത്ത ടെണ്ടറിൽ നടപടിയുണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2016 ഫെബ്രുവരി 1-ന് നിർമ്മാണ കാലാവധി അവസാനിച്ച ഒരു പദ്ധതിയാണിത്. 39 മാസം മുമ്പ് overlay ചെയ്യേണ്ട പദ്ധതിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനാസ്ഥകൊണ്ടാണ് പദ്ധതി വൈകുന്നത്. അവർ തരേണ്ട പണം ഇതുവരെ തന്നിട്ടില്ല. മേൽപ്പറഞ്ഞ കാലയളവുമുതൽ പാത നാലുവരിയാക്കുമെന്ന് ആവർത്തിക്കുന്നുണ്ടെങ്കിലും അങ്ങനെ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവരെ നേരിൽ കണ്ടതിനെത്തുടർന്ന് കഴിഞ്ഞ മാസമാണ് കരാറിൽ ഒപ്പിട്ടത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ഭാഗത്തുള്ള റോഡ്

പ്രവൃത്തിയുടെ ടെണ്ടർ നടന്നുകഴിഞ്ഞു. റോഡ് പ്രവൃത്തിയിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ല മുഴുവനായും കണ്ണൂർ ജില്ലയുടെ ഒരു ഭാഗവും ടെണ്ടർ ചെയ്തു കഴിഞ്ഞു. ഈ നവംബർ 11-ാം തീയതി തുടങ്ങാനിരുന്ന പ്രവൃത്തി വീണ്ടും ഡിസംബർ 11-ലേയ്ക്ക് മാറ്റി. ഇക്കാര്യങ്ങളൊന്നും ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുന്നില്ല. ഈ ഗവൺമെന്റ് വളരെ കർശനമായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് ഇപ്പോഴെങ്കിലും പ്രവൃത്തി നടന്നത്. കേന്ദ്രഗവൺമെന്റ് കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. അതിനെക്കുറിച്ചൊന്നും സബ്മിഷനിൽ പറഞ്ഞിട്ടില്ല. അക്കാര്യം തീർച്ചയായും പറയണം. നമ്മൾ എന്തു പിഴച്ചു? നമ്മൾ നല്ല നിലയിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി നാലുവരിപ്പാതയാക്കുന്നതിനു പുറമേ തലപ്പാടി മുതൽ ഉപ്പളവരെയുള്ള റോഡിന്റെ ഭാഗം resurface ചെയ്യാൻ 6 കോടി 98 ലക്ഷത്തിൽപ്പരം, ഏകദേശം 7 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ശ്രീ. ബി. എ. ഷെരീഫ് എന്ന വ്യക്തിയാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. മഴ മാറുന്ന മുറയ്ക്ക് പ്രവൃത്തി വേഗത്തിൽ ചെയ്യേണ്ടതുണ്ട്. നാലുവരിപ്പാതയുടെ പ്രവൃത്തി വരികയാണെങ്കിൽ ഒരു വിഷയമുണ്ട്, ഇ.പി.സി.(എഞ്ചിനീയറിംഗ്, പ്രൊക്യൂർമെന്റ്, കൺസ്ട്രക്ഷൻ) മോഡലായതുകൊണ്ട് കുറച്ച് സമയം വേണ്ടിവരും. 6 മാസം കഴിയാതെ പ്രവൃത്തി നടക്കില്ല. ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.-യോടും ഇത് പറഞ്ഞിട്ടുണ്ട്. എല്ലാ മണ്ഡലങ്ങളിലും ഈ വിഷയമുണ്ട്. റോഡ് കേടായി മൂന്ന് -മൂന്നര വർഷമായാലും പണം നൽകില്ല. സ്റ്റേറ്റ് ഗവൺമെന്റ് പണം മുടക്കി ചെയ്യാമെന്ന് പറഞ്ഞാൽ സമ്മതിക്കുകയുമില്ല. ഇത് പണ്ടുമുതലേയുള്ള പരിപാടിയാണ്. ഈ റോഡിന്റെ വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ദേശീയപാത 66-ലെ തലപ്പാടി മുതൽ ഉപ്പള വരെ 7 കോടി രൂപയും ഉപ്പള മുതൽ പെർവാട് വരെ 8 കോടി രൂപയും, മൊത്തം 15 കോടി രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന ഉദാസീനതയിൽ തീർച്ചയായും മാറ്റം വരുത്തേണ്ടതുണ്ട്. അതിനായി തുടർച്ചയായി നമ്മൾ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കിട്ടിയ ഏറ്റവും പുതിയ കണക്കനുസരിച്ച് നമ്മൾ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 457 കോടി രൂപ ദേശീയപാത വികസനത്തിനായി അനുവദിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി നേരിൽക്കണ്ടതിന്റെ ഫലമായി 178 കോടി രൂപ അനുവദിച്ചു. അതിനുമുമ്പേ വേറെ തുകയും അനുവദിച്ചിരുന്നു. പിന്നീട് അനുവദിച്ച 183 കോടി

രൂപയും കൂട്ടിച്ചേർന്നാൽ 878 കോടി രൂപ ഈ വർഷം അനുവദിക്കപ്പെട്ടിരിക്കുകയാണ്. മേൽ സൂചിപ്പിച്ച റോഡിന്റെ പ്രവൃത്തി 39 മാസം മുമ്പ് ചെയ്യേണ്ടതായിരുന്നു. ഈ പ്രശ്നം നമ്മൾ ക്യാമ്പയിൻ ചെയ്യേണ്ടതുണ്ട്. ടെണ്ടർ നീട്ടിക്കൊണ്ടുപോകുന്നതിൽ പ്രദേശത്ത് ശക്തമായ പ്രതിഷേധമുണ്ടാകണം. നവംബർ മാസം 11-ാം തീയതി തുടങ്ങാനിരുന്നത് മാറ്റിയത് എന്തിനാണ്? മൂന്ന് വർഷമായി മാറ്റിമാറ്റി വച്ച് ഇപ്പോൾ ടെണ്ടർ നടപടികളായി. ടെണ്ടർ നടപടിക്കുശേഷം മാറ്റുന്നതെന്തിനാണ്? കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നീതിപാലിക്കണം എന്നുപറയുന്നത് എന്തുകൊണ്ടാണ്; സംസ്ഥാനം ഏതു നീതിയാണ് പാലിക്കേണ്ടത്? നിങ്ങൾ ഭരിച്ചാലും ഇങ്ങനെതന്നെ പറയണം. കേന്ദ്രം മാത്രമാണ് നീതിപാലിക്കേണ്ടത്. ബഹുമാനപ്പെട്ട എം.എൽ.എ അവിടെ ശക്തമായ ഒരു നിലപാടെടുക്കണം. എല്ലാ രാഷ്ട്രീയ പാർട്ടികളെയും വിളിച്ചുകൂട്ടി ടെണ്ടർ ഓപ്പൺ ചെയ്യാൻ സമ്മർദ്ദം ചെലുത്തണമെന്നാണ് എന്റെ അഭിപ്രായം.

### (10) <u>പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി</u>

<u>ശ്രീ. ആർ. രാജേഷ്</u>: സർ, എന്റെ മണ്ഡലത്തിലെ തെക്കേക്കര പഞ്ചായത്തിൽ ഉൾപ്പെട്ട വാലിൽ പട്ടികജാതി കോളനിയിലേയ്ക്ക് വഴി ലഭ്യമാകുന്നതിനായി ഭൂമി ഏറ്റെടുക്കാൻ അടിയന്തര അനുമതി നൽകണമെന്നതാണ് എന്റെ സബ്മിഷൻ. പ്രസ്തുത കോളനിയിലേയ്ക്ക് പോകുന്നതിനായി സഞ്ചാരയോഗ്യമായ വഴിയില്ല. ഒരാൾക്ക് മാത്രം യാത്ര ചെയ്യാൻ കഴിയുന്ന ചെറിയൊരു വഴിയാണ് നിലവിലുള്ളത്. 56 കുടുംബങ്ങളിലായി 150 -ന് മുകളിൽ ആളുകൾ ഇവിടെ താമസിക്കുന്നുണ്ട്. ഈ കോളനിയിലേയ്ക്ക് പ്രവേശിക്കാൻ മറ്റു വഴികളൊന്നുമില്ല. അതുകൊണ്ട് വഴി നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കേണ്ട സ്ഥിതിവിശേഷമുണ്ട്. അടിയന്തര ആവശ്യങ്ങളുണ്ടാകുമ്പോൾ പ്രദേശവാസികൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. സുഗമമായ യാത്രയ്ക്കായി ഒരു നല്ല വഴിയുണ്ടാക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ 30 ലക്ഷം രൂപ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നുതന്നെ വകയിരുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, മാവേലിക്കര തെക്കേക്കര വാലിൽ പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിന് 257/3 വസ്തുവിൽപ്പെട്ട നടപ്പാത, 10 അടി വീതിയിലും 210

അടി നീളത്തിലും 195.10 ചതുരശ്ര മീറ്റർ വസ്തു അക്വയർ ചെയ്ത് മാവേലിക്കര തെക്കേക്കര പഞ്ചായത്തിന്റെ തീരുമാനപ്രകാരം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ റോഡിന്റെ ഒരു വശത്ത് താമസിക്കുന്ന വ്യക്തിയിൽ നിന്നാണ് സ്ഥലമേറ്റെടുക്കാൻ ഉത്തരവായിരുന്നത്. ആ വസ്തു ഉടമ അത് എതിർത്തു. റോഡിന്റെ മറുവശത്ത് താമസിക്കുന്ന വ്യക്തിയുടെ ഭൂമിയിൽ നിന്നുകൂടി സ്ഥലമേറ്റെടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഇതിനോട് വിയോജിച്ച് റോഡിലെ മറുവശത്ത് താമസിക്കുന്ന ശ്രീമതി തിലോത്തമ എന്നയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. അതിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ റോഡിന് ഇരുവശത്തുമുള്ള വ്യക്തികളുടെ കൈവശത്തുനിന്നും തുല്യ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള requisition സമർപ്പിക്കാൻ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ വഴി വികസിപ്പിക്കുന്നതിനായി 10 അടി വീതിയിലും 210 അടി നീളത്തിലും ഇരുവശത്തുനിന്നും തുല്യമായ സ്ഥലം ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം അക്വയർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പാതയുടെ ഇരുവശത്തുമായി ബ്ലോക്ക് നമ്പർ 10-ൽ 284/16, 287/3 എന്നീ രണ്ട് സർവ്വേ നമ്പരുകളും ഉൾപ്പെട്ടുവരുന്ന 195.10 ചതുരശ്രമീറ്റർ സ്ഥലം 2013-ൽ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഹൈക്കോടതിയിലെ കേസുകളുടെ വിശദാംശങ്ങൾ സർക്കാർ ആരായുകയും പഞ്ചായത്ത് ഡയറക്ടർ 22-5-2019-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ 14.02.2019-ലെ ഉത്തരവുപ്രകാരം ഫണ്ട് ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന്റെ ലഭ്യത ഉറപ്പുവരുത്താൻവേണ്ടി സർക്കാർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ മുപ്പതുലക്ഷം രൂപ അതിന് വകയിരുത്താൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആ വിവരം ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തരമായി ഇതിന് അനുമതി നൽകുന്നതാണ്. വളരെ ഗൗരവമായ പ്രശ്നംതന്നെയാണ് എം.എൽ.എ. ഉന്നയിച്ചിട്ടുള്ളത്. അനുമതി നൽകുന്നതാണെന്ന വിവരംകൂടി അറിയിക്കുന്നു.

## VI. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി ചെയർമാനായ ഞാൻ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 6-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## VII. റിപ്പോർട്ടുകളുടെ സമർപ്പണം

1. 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ഉബൈദുള്ളയ്ക്കുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: Sir, I move that- " This House resolves to disapprove The Kerala Farmers' Debt Relief Commission (Amendment) Ordinance,2019 (Ordinance No.36 of 2019)."

ഞാൻ ഈ ബില്ലിനെ എതിർക്കുന്നില്ല. പക്ഷേ കേരളത്തിലെ, പ്രത്യേകിച്ച് വയനാട്, ഇടുക്കി ജില്ലകളിലെ മുഴുവൻ കർഷകരും ആത്മഹത്യയുടെ വക്കിലാണ്. ചെറിയ തുക ലോണെടുത്താൽപ്പോലും അത് തിരിച്ചടയ്ക്കാൻ പറ്റാതെ വരുന്ന സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. കൃഷിയെ സംബന്ധിച്ച് അങ്ങേയ്ക്കും അറിയാം. കേരളത്തിലെ ബഹുഭൂരിപക്ഷം കൃഷിക്കാരും ലാഭം മാത്രം നോക്കി കൃഷി ചെയ്യുന്നവരല്ല. ലാഭം കിട്ടുമായിരിക്കുമെന്ന ഒറ്റ വിശ്വാസത്തിലാണ് കൃഷിയിൽ നിലനിൽക്കുന്നത്. ഓരോ കൃഷിയുമെടുത്തുനോക്കിയാൽ നമുക്കത് മനസ്സിലാക്കാൻ സാധിക്കും. റബ്ബർ കർഷകർക്ക് നേരത്തെ 200 രൂപവരെ വില കിട്ടിയിരുന്ന കാലഘട്ടമുണ്ടായിരുന്നു. പക്ഷെ ഇന്ന് എന്താണ് സ്ഥിതി? ഇന്ന്, റബ്ബറിന്റെ വില

വളരെ താഴ്ന്നുപോയി. റബ്ബറിന്റെ വില താഴ്ന്നുപോയാലും റബ്ബർ ഉൽപന്നങ്ങൾക്ക് യാതൊരു വിലക്കുറവുമുണ്ടായിട്ടില്ല. യഥാർത്ഥത്തിൽ നഷ്ടം കർഷകർക്കാണ്. ഇതിനിടയിൽ നിൽക്കുന്ന ആളുകൾക്കൊന്നും നഷ്ടം വന്നിട്ടില്ല. വൻകിട റബ്ബർ ഉൽപന്നങ്ങൾക്കൊന്നും യാതൊരു വിലക്കുറവും വന്നിട്ടില്ല. സ്വന്തമായി ടാപ്പ് ചെയ്ത് ഉപജീവനം നടത്തുന്ന റബ്ബർ കർഷകർക്ക് മാത്രമാണ് ആശ്വാസമുള്ളത്. ഗവൺമെന്റ് ചെറിയ തോതിൽ സബ്സിഡി കൊടുക്കുന്നുണ്ടെങ്കിൽപ്പോലും അതൊന്നും യഥാർത്ഥത്തിൽ അവർക്ക് ആശ്വാസമല്ല. കാരണം, റബ്ബർപാൽ ഉൽപാദിപ്പിക്കാനാവശ്യമായ പ്രോഡക്ട്സിന്റെയെല്ലാം വില വർദ്ധിച്ചു. ടാപ്പിംഗ് തൊഴിലാളികൾ റേറ്റ് കൂട്ടി. ഇതിനെത്തുടർന്ന് റബ്ബർ കർഷകർക്ക് തുച്ഛമായ വരുമാനം മാത്രമേ കിട്ടുന്നുള്ളൂ.

12.00 Noon ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, റബ്ബർ കർഷകരെപ്പറ്റി പറഞ്ഞ കാര്യങ്ങളെല്ലാംതന്നെ വസ്തുതകളാണ്. കേന്ദ്ര ഗവൺമെന്റ് റബ്ബറിനെ ഇപ്പോഴും കാർഷികവിളയായി അംഗീകരിച്ചിട്ടില്ല. റബ്ബർ കൃഷി കേന്ദ്രഗവൺമെന്റിന്റെ കൃഷി വകുപ്പിന് കീഴിൽ വരുന്നതല്ല. വ്യവസായ വകുപ്പിന് കീഴിൽ വരുന്ന വ്യവസായോല്പന്നമായാണ് കാണുന്നത്. കാർഷികോല്പന്നമായി പരിഗണിച്ച് റബ്ബറിനെ കൃഷിയായി അംഗീകരിക്കണമെന്ന് കേരളം പലതവണയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും റബ്ബറിനെ കൃഷിയായി കേന്ദ്രഗവൺമെന്റ് അംഗീകരിക്കാത്തതിന്റെ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ സൂചിപ്പിച്ചെന്നുമാത്രമേയുള്ളൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേന്ദ്രഗവൺമെന്റ് ഇന്ന് എല്ലാം വിൽക്കാൻവേണ്ടിയുള്ള തയ്യാറെടുപ്പിലാണ്. ഉദാഹരണത്തിന്, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രികൂടി അറിയേണ്ടതാണ്. കൊച്ചിൻ റിഫൈനറി ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്)-ന്റെ 53.78 ശതമാനം ഷെയർ വിൽക്കാൻ തീരുമാനിച്ചു. അത് വിൽക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം കേരളത്തിന് മാത്രമാണ്. കാരണം, ഇന്ത്യയിലെ മഹാരത്ന കമ്പനികളിലൊന്നാണ് ബി.പി.സി.എൽ. അതിന്റെ ഷെയർ വിൽക്കാൻ തീരുമാനിച്ചത് കേന്ദ്ര ഗവൺമെന്റാണ്. വിൽപ്പന നടന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അതിന്റെ ഷെയർ വിൽക്കുന്നതുമൂലം കൊച്ചിയിലുള്ള എന്റെ മണ്ഡലത്തിലുള്ള റിഫൈനറികൂടി വിൽക്കാൻ പോകുകയാണ്. ഏറ്റവും കുറഞ്ഞ നിരക്കിൽ ബിറ്റുമിൻ ടാറും

പാചകവാതകവുമെല്ലാം അവിടെ നിന്ന് തന്നുകൊണ്ടിരിക്കുകയാണ്. അതെല്ലാം ഇനി നിൽക്കാൻ പോകുകയാണ്. സ്വാഭാവികമായി ലാഭമില്ലാത്ത ഒന്നും സ്വകാര്യകുത്തകകൾ ഉൽപ്പാദിപ്പിക്കില്ല. റിഫൈനറിയുമായി സംസ്ഥാന സർക്കാരുണ്ടാക്കിയ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഇവയെല്ലാം നമുക്ക് ഉൽപ്പാദിപ്പിച്ച് തരുന്നത്. ഇപ്പോൾ കിട്ടുന്ന ടാർ ബിറ്റുമിൻ നാളെ ഇല്ലാതാകും, അവർ ഉൽപ്പാദിപ്പിക്കില്ല. അപ്പോൾ പുറത്തുനിന്ന് കൊണ്ടുവരേണ്ടിവരും. നിലവിൽ റോഡുകൾക്കുള്ള എസ്റ്റിമേറ്റ് മതിയാകാതെ വരും. അഞ്ച് ലക്ഷത്തിനോ പത്ത് ലക്ഷത്തിനോ ഇരുപത്തിയഞ്ച് ലക്ഷത്തിനോ തീരേണ്ടത് മൂന്നിരട്ടിയായി വർദ്ധിക്കും. കാരണം, പുറത്തുനിന്ന് സാധനം കൊണ്ടുവരേണ്ടിവരും. നരേന്ദ്ര മോദി ഗവൺമെന്റ് കർഷകരോട് മാത്രമല്ല, കേരളത്തോട് കാണിക്കുന്നത് ക്രൂരതയാണ്. കൊച്ചിൻ റിഫൈനറിയിൽ കഴിഞ്ഞ വർഷം പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി വന്നു. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച 24,500 കോടി രൂപയുടെ ഒരു പ്രോജക്ട് കമ്മീഷൻ ചെയ്ത് ഉദ്ഘാടനം ചെയ്യാൻവേണ്ടിയാണ് അദ്ദേഹം വന്നത്. രണ്ട് വർഷം മുമ്പ് അത് കമ്മീഷൻ ചെയ്ത് കംപ്ലീറ്റായതാണ്. ഉദ്ഘാടനം ചെയ്യാൻ നിരവധി പ്രാവശ്യം പറഞ്ഞു. പാർലമെന്റ് തെരഞ്ഞെടുപ്പിന് രണ്ട് മാസം മുമ്പ്, പെരുമാറ്റച്ചട്ടം വരുന്നതിനുമുമ്പാണ് അദ്ദേഹം വന്നത്. അദ്ദേഹം റിഫൈനറി മുഴുവൻ നടന്ന് കണ്ട് ഇഷ്ടപ്പെട്ടാണ് പോയത്. ബഹുമാനപ്പെട്ട നമ്മുടെ മുഖ്യമന്ത്രിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഉദ്യോഗസ്ഥർ കാര്യങ്ങളെല്ലാം വിശദീകരിച്ചു നൽകിയപ്പോൾ അദ്ദേഹം എപ്പോഴും 'അച്ഛാ..... അച്ഛാ.....' എന്ന് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം എല്ലാം കണ്ട് ഇഷ്ടപ്പെട്ടെന്നാണ് പറഞ്ഞത്. സാറിന് ഒരു സ്ഥലം വിൽക്കാനുണ്ടെങ്കിൽ ആ വസ്തു ഒരു ബ്രോക്കറെ വിളിച്ച് കാണിക്കും, ബ്രോക്കർ വന്നുകണ്ട് ഇഷ്ടപ്പെട്ടിട്ടാണ് വസ്തു വാങ്ങാനുള്ള ആളിനെ വിളിച്ചുകൊണ്ടുവരുന്നത്. എന്നുപറഞ്ഞതുപോലെയാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കൊച്ചിൻ റിഫൈനറി വന്നുകണ്ട് ഇഷ്ടപ്പെട്ടതിനുശേഷം തിരിച്ചുപോയി. യഥാർത്ഥത്തിൽ അദ്ദേഹം അച്ഛാ.....അച്ഛാ..... എന്ന് പറഞ്ഞത് നമ്മുടെയെല്ലാം അച്ഛന് പറഞ്ഞതിന് തുല്യമാണ്. അദ്ദേഹം അത് വിൽക്കാൻവേണ്ടി തീരുമാനമെടുത്തു. അദ്ദേഹം വന്നില്ലായിരുന്നെങ്കിൽ ഈ BPCL (Bharat Petroleum Corporation Ltd.,)-ന്റെ ഷെയർ വിൽക്കില്ലായിരുന്നു. കൊച്ചിൻ റിഫൈനറി അടക്കമുള്ളവ പൊതുമേഖലയിൽ തന്നെ നിൽക്കുമായിരുന്നു.

ഞാൻ കർഷകരുടെ ഇടയിലേയ്ക്ക് വരികയാണ്. കർഷകരെ സംബന്ധിച്ച് ഇന്ന് വലിയ ദുരിതമാണ്. ഏറ്റവും പ്രധാന പ്രശ്നം, എതെങ്കിലും ഒരു പ്രകൃതി

ദുരന്തമുണ്ടായാൽ അവർക്കിപ്പോഴും തുച്ഛമായ നഷ്ടപരിഹാരമാണ് കൊടുക്കുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെയൊക്കെ പ്രദേശങ്ങളിൽ രണ്ട് പ്രളയം വന്നു. എത്രയോ നാശനഷ്ടങ്ങളാണ് കർഷകർക്കുണ്ടായത്. കപ്പ, വാഴ തുടങ്ങി അവരുടെ എല്ലാ കൃഷികളും നശിച്ചു. വയനാട്, ഇടുക്കി ജില്ലകളിലൊക്കെ ഉരുൾപൊട്ടലുണ്ടായി. ഒരു പ്രദേശം മുഴുവൻ ഒലിച്ചുപോയി. അവർക്ക് എന്ത് നഷ്ടപരിഹാരമാണ് കൊടുക്കാൻ കഴിഞ്ഞത്? ഒരു വാഴയോ , ജാതിയോ നശിച്ചാൽ തുച്ഛമായ നഷ്ടപരിഹാരമാണ് നൽകുന്നത്. ജാതി കൃഷിക്കാർ ഏറ്റവും കൂടുതലുള്ള സ്ഥലമാണ് എന്റെ നിയോജകമണ്ഡലം. പത്തോ ഇരുപതോ ജാതി വൃക്ഷങ്ങളിൽനിന്ന് കിട്ടുന്ന വരുമാനത്തിൽനിന്നാണ് അവരുടെ കുട്ടികളെ പഠിപ്പിക്കുന്നതും മക്കളെ കല്ല്യാണം കഴിച്ചയയ്ക്കുന്നതും അവർക്ക് രോഗം വന്നാൽ ചികിത്സിക്കാനുള്ള പണമുണ്ടാക്കുന്നതും. ആ ജാതി വൃക്ഷങ്ങൾ മുഴുവൻ പ്രളയത്തിൽ നശിച്ചുപോയി. അവർക്ക് എന്ത് നഷ്ടപരിഹാരം കൊടുക്കാൻ സാധിച്ചു? യഥാർത്ഥത്തിൽ അവർ ആത്മഹത്യയുടെ വക്കിലാണ്. ഇടുക്കിയിലെയും വയനാട്ടിലെയും കർഷകർ ലോണെടുത്ത തുക തിരിച്ചടയ്ക്കാൻ പറ്റാതെ ആത്മഹത്യയുടെ വക്കിൽ നിൽക്കുകയാണ്, പലരും ആത്മഹത്യ ചെയ്തു. ഇവർക്ക് ഒരാശ്വാസം കൊടുക്കണ്ടേ? നമ്മൾ എത്രയോ ആളുകൾക്ക് സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു, എത്രയോ ആളുകളുടെ കടങ്ങൾ ഏതെല്ലാം വകുപ്പുകളിൽ എഴുതിത്തള്ളുന്നു. എന്തുകൊണ്ട് കർഷകരെ സംരക്ഷിക്കുന്നില്ല? നമ്മുടെ ജലവിഭവ വകുപ്പുമന്ത്രി നല്ലൊരു കർഷകനാണ്. കർഷകരെ സംബന്ധിച്ച് നമ്മളാരും ഗൗരവമായി പഠിക്കുന്നില്ലെന്ന് ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു. അദ്ദേഹം ഒരു കമ്മീഷനുണ്ടാക്കി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹത്തെ ഒരു കമ്മീഷനാക്കി വച്ചതാണ്, കൃഷ്ണൻകുട്ടി കമ്മീഷൻ. പേരിൽ മാത്രമേ കമ്മീഷൻ എന്നുള്ളൂ. അദ്ദേഹം വളരെ വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചു. പക്ഷേ നമുക്കൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കൃഷിപ്പണിയിൽ നിൽക്കുന്ന ആളുകൾ നാളെ ഈ തൊഴിൽ ഉപേക്ഷിച്ചുപോയാൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താകും? പുതിയ തലമുറ എന്തുകൊണ്ട് കൃഷിയിലേയ്ക്ക് വരുന്നില്ലെന്ന് നമ്മൾ ആലോചിക്കേണ്ടതല്ലേ? അങ്ങനെ വരാത്തതിന്റെ കാരണമെന്താണ്? കാരണം, എല്ലാവരും കൃഷിയിടങ്ങളിലെ പണിക്കാർക്കെങ്കിലും കൂലി കൊടുക്കാൻ കഴിയുന്ന രീതിയിലുള്ള വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. ആ വരുമാനംപോലും ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്. എന്റെ നാട്ടിലൊക്കെ പൈനാപ്പിൾ കൃഷിയുണ്ട്, ഇപ്പോൾ സീസണാണ്. മൂവാറ്റുപുഴ, കുന്നത്തുനാട്, പെരുമ്പാവൂർ തുടങ്ങിയ മേഖലകളിലെല്ലാം പൈനാപ്പിൾ കൃഷി നന്നായി ചെയ്യുന്നുണ്ട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, അങ്ങ് കൃഷിക്കാരുടെ കാര്യം വളരെ വ്യക്തമായി പറഞ്ഞുപോകുന്നു. വരൾച്ച, പ്രളയം, ഒപ്പം വന്യജീവികൾ നശിപ്പിക്കുന്ന കൃഷിവിളകൾ എന്നിവയിലൂടെ നാശനഷ്ടങ്ങൾ സംഭവിക്കുമ്പോൾ കൃഷിക്കാർ പരമാവധി സഹകരണ മേഖലയിൽനിന്നാണ് വായ്പയെടുക്കുന്നത്. നാഷണലൈസ്ഡ് ബാങ്കുകളേക്കാളും സഹകരണ മേഖലയിലുള്ള ബാങ്കുകൾ, ബോർഡ് നിശ്ചയിക്കുന്നതനുസരിച്ച് ഇവർക്ക് എന്തെങ്കിലും നീക്കുപോക്ക് വരുത്താൻ സാധിക്കുമെന്നുള്ള സാഹചര്യമാണ് നിലവിലുള്ളത്. സഹകരണ മേഖലകളിലെ കൃഷിക്കാരനെ സംരക്ഷിക്കാൻ പ്രളയം, വരൾച്ച, വന്യജീവികൾ വരുത്തിവയ്ക്കുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് കോമ്പൻസേഷൻ നൽകുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, പ്രളയവും വരൾച്ചയുംപോലെ തന്നെയാണ് വന്യജീവികൾ വരുത്തിവയ്ക്കുന്ന നാശനഷ്ടവും. ബഹുമാനപ്പെട്ട അംഗം എസ്. രാജേന്ദ്രൻ പറഞ്ഞത് വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന്റെ ഒരു ഭാഗം വനമേഖലയാണ്. കുരങ്ങുകളുടെയും ആനകളുടെയും പന്നികളുടെയും ശല്യം വളരെ രൂക്ഷമായ പല പ്രദേശങ്ങളുമുണ്ട്. നമ്മൾ കണക്കെടുക്കുന്നതുമുഴുവൻ പ്രളയത്തിന്റെയും വരൾച്ചയുടെയുമൊക്കെയാണ്. പക്ഷെ ഇതുപോലെ വന്യജീവികളുടെ ആക്രമണംമൂലം കൃഷിക്കാർക്ക് നിരവധി നാശനഷ്ടം സംഭവിക്കാറുണ്ട്. ശ്രീ. രാജു എബ്രഹാമിന്റെ മണ്ഡലത്തിന്റെ ഒരു ഭാഗം മുഴുവൻ വനമാണ്. ശബരിമല ഉൾപ്പെടെ അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. കാട്ടുപന്നികളും ആനകളും കുരങ്ങുകളുമെല്ലാം വന്ന് ആ പ്രദേശത്തെ കൃഷി മുഴുവൻ നശിപ്പിക്കും. ഇതിന് എന്ത് പരിഹാരമാണ് കാണാൻ കഴിയുന്നത്? അതുകൊണ്ട് അവിടെയുള്ള ആളുകൾ പരമാവധി കുരങ്ങിന്റെയും ആനയുടെയുമൊക്കെ ശല്യമില്ലാത്ത രീതിയിലുള്ള കൃഷികളാണ് ചെയ്യുന്നത്. അവർക്ക് യഥാർത്ഥത്തിൽ ആ മണ്ണിൽ കൃഷി ചെയ്യാൻ പറ്റുന്ന ഒട്ടനവധി കൃഷികളുണ്ട്. അതിൽനിന്ന് ആദായമെടുക്കാൻ പറ്റും. പക്ഷെ അവരെല്ലാം അനുഭവത്തിന്റെ വെളിച്ചത്തിൽ ഒന്നുകിൽ തെങ്ങോ അല്ലെങ്കിൽ കവുങ്ങോ വയ്ക്കും. വാഴയും കപ്പയും പോലുള്ള കൃഷികളൊന്നും അവർ ചെയ്യാറില്ല. അവ കൃഷി ചെയ്താൽ ഒരു സുപ്രഭാതത്തിൽ കുരങ്ങുകൾ കൃഷി മുഴുവൻ നശിപ്പിക്കും.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, റാന്നി നിയോജകമണ്ഡലത്തിൽ കാട്ടുപന്നികളും കുരങ്ങുകളും മാത്രമല്ല ഉള്ളത്. ഞങ്ങളൊക്കെ ആ മണ്ഡലത്തിൽനിന്ന് വരുന്നതാണെന്ന ധാരണ അങ്ങേയ്ക്കുണ്ടോ എന്നെനിക്കറിയില്ല. അങ്ങ് നേരത്തെ പറഞ്ഞതുപോലെ കൃഷി ലാഭകരമല്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കാനുള്ളത്, വാനില നല്ല ലാഭമുള്ള ഒരു

കൃഷിയായിരുന്നു. ധാരാളം ആളുകൾ വാനില കൃഷി ചെയ്തു. പക്ഷെ നമുക്ക് മാർക്കറ്റ് ചെയ്യാൻ സംവിധാനമില്ല, അതിനെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ നൽകാൻ കൃഷി ഓഫീസർമാരുമില്ല. എല്ലാവരും വാനില വെട്ടിക്കളഞ്ഞു. വാനില എവിടെ നിന്നെങ്കിലും സംഘടിപ്പിച്ച് തരാമോ, അഞ്ഞൂറ് രൂപ തരാം, ക്രിസ്തുമസിന് കേക്കിൽ മിക്സ് ചെയ്യാൻ വേണ്ടിയാണ് എന്നുപറഞ്ഞ് അടുത്തിടെ വിദേശത്തുനിന്ന് ചില ആളുകൾ എന്നെ വിളിച്ചു. അതുപോലെതന്നെ തമിഴ്നാട്ടിൽനിന്നാണ് നെല്ലിക്കയും ചെറുനാരങ്ങയും വരുന്നത്. ഇവിടെ റബ്ബർ, കുരുമുളക് തുടങ്ങിയ പരമ്പരാഗത കൃഷികൾ മാത്രമേയുള്ളൂ. മുരിങ്ങയില ഇന്ന് വമ്പൻ കൃഷിയാണ്, വലിയ രീതിയിൽ കയറ്റുമതി ചെയ്യുന്നുണ്ട്. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ഇതുസംബന്ധിച്ച ഒരു പ്ലാനിംഗ് നടത്താൻ കൃഷി ഓഫീസർമാർ പലപ്പോഴും മൈൻഡ് അപ്ലൈ ചെയ്യുന്നില്ലെന്നുള്ള ഒരു ദുര്യോഗം നാം നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ നഷ്ടമുള്ള കൃഷിയിൽമാത്രം കൃഷിക്കാരൻ നിൽക്കുന്ന ഒരു അവസ്ഥയാണുള്ളത്. ലാഭമുള്ള കൃഷി ധാരാളമുണ്ട്. അവിടേയ്ക്ക് പോകാനുള്ള സംവിധാനങ്ങൾ, അതിനെപ്പറ്റി ആലോചിക്കാൻവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൂടി അങ്ങ് സമർപ്പിക്കുമോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, തീർച്ചയായും. റവന്യൂ വകുപ്പുമന്ത്രിയാണ് ഈ ബിൽ അവതരിപ്പിക്കുന്നതെങ്കിലും കൃഷി വകുപ്പുമന്ത്രികൂടി ഇവിടെയുണ്ട്. നമുക്ക് കർഷകരെ സംരക്ഷിച്ചേ മതിയാകൂ. കർഷകരില്ലെങ്കിൽ നമ്മുടെ സംസ്ഥാനമില്ല. അങ്ങുകൂടി മുൻകയ്യെടുത്ത് കുറേ സ്ഥലത്തൊക്കെ പോയി വിത്ത് വിതയ്ക്കുന്ന ചിത്രങ്ങളൊക്കെ ഞാൻ കണ്ടു, വളരെ സന്തോഷം. തരിശായ പാടശേഖരങ്ങളിൽ നെൽകൃഷി ഇറക്കുന്നതെല്ലാം വളരെ പോസിറ്റീവായിട്ടുള്ള കാര്യങ്ങളാണ്. അതിനുശേഷവും അത് തുടർച്ചയായി നടക്കുന്നുണ്ടോ എന്നും അതിൽനിന്ന് ആളുകൾ പിൻമാറിയോ എന്നുള്ളതും അങ്ങ് പരിശോധിക്കേണ്ടതാണ്. മുടക്കിയ പണംപോലും തിരിച്ച് കിട്ടാത്ത ഒരു സാഹചര്യമുള്ളതുകൊണ്ടാണ് പലരും അതിൽനിന്ന് മാറുന്നത്. പുതിയ തലമുറ കൃഷിയോട് താൽപ്പര്യം കാണിക്കുന്നില്ല. പഴയ തലമുറയിൽപ്പെട്ട 58-ഉം 60-ഉം വയസ്സുള്ള ആളുകളാണ് ഇന്ന് കൃഷിപ്പണി ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ കാലശേഷം അവരുടെ മക്കൾ കൃഷിപ്പണി ഏറ്റെടുക്കില്ല. ഒരു പ്രയോജനവുമില്ലാത്തതുകൊണ്ടാണ് ഏറ്റെടുക്കാത്തത്. കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരമായി വളരെ കുറച്ച് തുക മാത്രമാണ് ലഭിക്കുന്നത്. ഒരു പ്രകൃതി ദുരന്തമുണ്ടായാൽ നഷ്ടപരിഹാരം കൊടുക്കണ്ടേ? വലിയ പാടുപെട്ട് ഒരു വാഴ നട്ടുവളർത്തി അത് കുലച്ചുകഴിയുമ്പോൾ കാറ്റുവന്ന് കുമ്പൊടിഞ്ഞാൽ നഷ്ടപരിഹാരം കിട്ടാനായി കൃഷി ഓഫീസിൽ

കയറിയിറങ്ങുകയാണ്. നഷ്ടപരിഹാരം സമയത്ത് കിട്ടിയില്ലെങ്കിലും എന്നെങ്കിലും കിട്ടേണ്ടേ? അതുപോലും കിട്ടുന്നില്ല. രണ്ട് വർഷം മുമ്പുണ്ടായ പ്രകൃതി ദുരന്തത്തിന്റെ നഷ്ടപരിഹാരംപോലും ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അവരോട് എന്ത് സമാധാനമാണ് പറയുന്നത്? അവർ എങ്ങനെയാണ് ഈ പണി ഏൽക്കുന്നത്? അവരുടെ മക്കൾ ഇത് കണ്ടല്ലേ വളരുന്നത്? അവരുടെ മക്കൾ ഈ കൃഷിയിലേയ്ക്ക് പോകുമോ, മറ്റ് മാർഗ്ഗങ്ങളിലേയ്ക്ക് പോകില്ലേ? ഓട്ടോറിക്ഷയോ ടാക്സിയോ ഓടിച്ചാലും നിശ്ചിത വരുമാനം കിട്ടും. പക്ഷെ ഈ പണിയുമായി മുന്നോട്ടുപോയാൽ ഒരു ഉറപ്പുമില്ലാത്ത സ്ഥിതിയാണ്. നമ്മുടെ സംസ്ഥാനത്ത് ഒട്ടനവധി ക്ഷീര കർഷകരുണ്ട്. അവർക്ക് കാലിത്തീറ്റ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾപോലും ഫലപ്രദമല്ല.

(ശ്രീ. വി. എസ്. സുനിൽ കുമാർ): സാർ, കൃഷിയുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞ ആശങ്കകളെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ വിളകൾ മാറിമാറി കൃഷി ചെയ്യുകയാണെങ്കിൽ ലാഭമുണ്ടാകുമെന്ന് ശ്രീ. രാജു എബ്രഹാം പറഞ്ഞു. ഇത് പലപ്പോഴും കൃഷി വകുപ്പിന്റെ ആസൂത്രണവുമായി ബന്ധപ്പെട്ടുകൊണ്ട് മാത്രം വരുന്നതല്ല. ഒരു കാലത്ത് കൊക്കോ ധാരാളമായി വച്ചുപിടിപ്പിക്കാൻ ആവശ്യപ്പെട്ടു, അത് വച്ചു പിടിപ്പിച്ചു. പക്ഷെ പിന്നീട് അതിന് വില കിട്ടാത്ത സാഹചര്യമാണുണ്ടായത്. പലപ്പോഴും അന്താരാഷ്ട്ര മാർക്കറ്റിലുണ്ടാകുന്ന വ്യതിയാനങ്ങളെല്ലാം നമ്മളെ ബാധിക്കുന്ന വിഷയങ്ങളാണ്. അതിന്റെ അടിസ്ഥാനത്തിൽ കുറേ മാറ്റങ്ങൾ നമ്മൾ വരുത്താൻ ശ്രമിക്കുകയാണ്. അങ്ങ് ഇവിടെ പറഞ്ഞു, തുച്ഛമായിട്ടുള്ള തുകയാണ് വാഴ കർഷകർക്ക് കിട്ടുന്നതെന്ന്. ഒരു വാഴ നശിച്ചാൽ 5.20 രൂപയാണ് കേന്ദ്രം കൊടുക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നത് 100 രൂപയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു വാഴയ്ക്ക് 3 രൂപ വച്ച് 1000 വാഴ 3000 രൂപയ്ക്ക് ഇൻഷ്വർ ചെയ്തുകഴിഞ്ഞാൽ കുലച്ച വാഴയ്ക്ക് 300 രൂപയായി നഷ്ടപരിഹാരം വർദ്ധിപ്പിച്ച കാര്യം നിങ്ങൾക്ക് അറിയില്ലേ? അങ്ങനെ വരുമ്പോൾ കുലച്ച വാഴകൾ പ്രകൃതി ദുരന്തങ്ങളിൽ നശിച്ചുപോയാൽ ഒരു വാഴയ്ക്ക് 400 രൂപ കിട്ടുന്ന സാഹചര്യം ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സാർ, 400 രൂപ കൊടുക്കുന്നത് നല്ല കാര്യമാണ്. ഞാൻ പറഞ്ഞുവന്നത് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണെന്നാണ്. കേന്ദ്ര ഗവൺമെന്റ് ഇത്രയേ തരുന്നുള്ളൂവെന്ന് പറഞ്ഞ് നമ്മൾ പരാതി പറഞ്ഞിട്ട് കാര്യമില്ല. അവരിൽനിന്നും ഒന്നും പ്രതീക്ഷിക്കേണ്ട,

അവർ സംസ്ഥാനത്തിന്റെ ലാഭമുള്ള സ്ഥാപനങ്ങൾ വിൽക്കാൻവേണ്ടി നടക്കുകയാണ്. ശ്രീമതി സി. കെ. ആശയുടെ നിയോജകമണ്ഡലത്തിലെ വെള്ളൂരിലാണ് ഇന്ത്യയിലെ ഏറ്റവും വലിയ പേപ്പർ ഫാക്ടറികളിലൊന്നായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) സ്ഥിതി ചെയ്യുന്നത്. വളരെ ലാഭകരമായി പ്രവർത്തിച്ചിരുന്ന ആ ഫാക്ടറി ഇപ്പോൾ വിറ്റു. കഴിഞ്ഞ രണ്ടുവർഷക്കാലമായി അവിടത്തെ ജീവനക്കാർക്ക് ശമ്പളം കിട്ടുന്നില്ല. കേരളത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം ഇതാണ്. അതുകൊണ്ട് ദയവുചെയ്ത് ബഹുമാനപ്പെട്ട മന്ത്രി വി. എസ്. സുനിൽ കുമാർ, കേന്ദ്രം തരുന്നില്ലെന്ന് പറയരുത്. അവരിൽനിന്നും ഒന്നും പ്രതീക്ഷിക്കേണ്ട. നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യം ചെയ്യണം. പ്രത്യേകിച്ചും കേരളത്തോട് കേന്ദ്ര ഗവൺമെന്റ് കടുത്ത അനീതിയാണ് കാണിക്കുന്നത്. കാരണം, ഏത് തെരഞ്ഞെടുപ്പ് വന്നാലും ബി.ജെ.പി.-യ്ക്ക് അനുകൂലമായ സമീപനം കേരളത്തിലെ ജനങ്ങൾ സ്വീകരിക്കുന്നില്ല. അത് ഒരുപക്ഷെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒരുപോലെ ബി.ജെ.പി.-യെ എതിർക്കാനുള്ള ഒരു ശക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. നിങ്ങൾ വട്ടിയൂർക്കാവിലും കോന്നിയിലും ജയിച്ചതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം, ബി.ജെ.പി. ജയിച്ചില്ലല്ലോ എന്നുള്ള സന്തോഷമാണ്. കോൺഗ്രസ്സുകാർ സഹായിക്കുന്നതു കൊണ്ടാണ് നിങ്ങൾ ജയിക്കുന്നതെന്ന ഓർമ്മ വേണം. അത് ശ്രീ. വി. എസ്. സുനിൽ കുമാർ ഓർക്കണം. അല്ലാതെ പിണറായി വിജയൻ ഗവൺമെന്റിന്റെ മെച്ചമായി കാണേണ്ട കാര്യമില്ല. കോൺഗ്രസ്സുകാർ തന്നെയാണ് നിങ്ങളെ ജയിപ്പിക്കുന്നത്. യഥാർത്ഥ വസ്തുത അതാണ്. കോൺഗ്രസ്സുകാർ ഒന്നിച്ചു നിന്ന തെരഞ്ഞെടുപ്പ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പാണ്. ആ തെരഞ്ഞെടുപ്പിൽ 19 സീറ്റ് കിട്ടി. വാവര് സ്വാമിയുടെ അനുഗ്രഹമുള്ളതുകൊണ്ടാണ് ശ്രീ. എ. എം. ആരിഫ് പാർലമെന്റിലേയ്ക്ക് പോയത്. അല്ലാതിരുന്നെങ്കിൽ അദ്ദേഹവും ജയിക്കില്ലായിരുന്നു. ഞങ്ങളുടെ ആളുകൾ ഒരുമിച്ച് നിന്നുകഴിഞ്ഞാൽ ഇവിടെ എൽ.ഡി.എഫ്. ജയിക്കില്ല. കൂടിവന്നാൽ 20 സീറ്റ് ലഭിക്കും. ബഹുമാനപ്പെട്ട മന്ത്രി വി. എസ്. സുനിൽകുമാറും തോറ്റുപോകും. ഞങ്ങളുടെ ആളുകൾ ഒന്നിച്ചു നിൽക്കുന്നില്ല; അതാണ് കുഴപ്പം. എന്താണ് കാര്യം, കോൺഗ്രസ്സ് പാർട്ടിയിൽ ഗ്രൂപ്പ് സംവിധാനങ്ങളുണ്ട്. ഓരോരുത്തർക്കും ഓരോ അപ്പന്മാരുണ്ട്. ആ അപ്പന്മാരുടെ നിർദ്ദേശമനുസരിച്ചാണ് കോൺഗ്രസ്സ് പാർട്ടി പോകുന്നത്. .....(ബഹളം)....പാർട്ടി നടപടിയെടുത്താൽ എന്റെ സീറ്റ് പോകും. എന്നാലും ഞാൻ ഉള്ള കാര്യം ഉള്ളതുപോലെ പറയും. ഞങ്ങളുടെ ആളുകൾ ഒന്നിച്ചുനിന്ന തെരഞ്ഞെടുപ്പ് കഴിഞ്ഞ

പാർലമെന്റ് തെരഞ്ഞെടുപ്പാണ്. തിരുവനന്തപുരം ജില്ലയിൽ മണികണ്ഠൻ നായർ എന്നൊരാളുണ്ട്. അദ്ദേഹം എല്ലാ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് പാർട്ടിക്കെതിരായി വോട്ട് ചെയ്യുന്നയാളാണ്. അവസാനം അദ്ദേഹത്തിന് ജില്ലാ പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കാൻ ഒരു സീറ്റ് കൊടുത്തു. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അദ്ദേഹം ഫ്ലക്സ് വച്ചു, ബോർഡ് വച്ചു, നോട്ടീസൊക്കെ അടിച്ചു. അദ്ദേഹം രാവിലെ വോട്ട് ചെയ്യാൻ വേണ്ടി ക്യൂ നിൽക്കുകയാണ്. വോട്ട് ചെയ്യുന്നതിന് തൊട്ട് മുൻപ് പുറകിൽനിന്ന ഭാര്യ പറഞ്ഞു 'അണ്ണാ, അണ്ണൻ തന്നെയാണ് സ്ഥാനാർത്ഥി. അരിവാളല്ല ചിഹ്നം' എന്ന് പറഞ്ഞുകൊടുക്കേണ്ട സ്ഥിതിയുണ്ടായി. ഞങ്ങളുടെ പാർട്ടിയിൽ ഇതുപോലത്തെ സ്ഥിതി ഇടയ്ക്ക് ഉണ്ടാകാറുണ്ട്. പക്ഷെ വരാൻപോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങളെല്ലാവരും ഒന്നിക്കും. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലേതു പോലെയാകും. അതുകൊണ്ട് കോന്നിയും വട്ടിയൂർക്കാവും കണ്ട് ആരും ചിരിക്കേണ്ട. മണികണ്ഠൻ നായർ ഇപ്പോഴില്ല. അതുകൊണ്ട് ഞങ്ങളെല്ലാവരും ഒന്നിച്ച് നിൽക്കുമെന്ന കാര്യം ഈ അവസരത്തിൽ പറയുകയാണ്.

കർഷകരുടെ കാര്യത്തിൽ നമുക്കൊരു യോജിച്ച തീരുമാനമുണ്ടാക്കണം. ഞാനൊരു റബ്ബർ കർഷകനാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സാർ, താങ്കൾ ഇപ്പോൾ സംസാരിക്കുന്നത് കാർഷിക കടാശ്വാസ ബില്ലുമായി ബന്ധപ്പെട്ടാണ്. കേരളത്തിൽ നടക്കുന്ന ഒരു കാര്യം, കാർഷിക ലോൺ എടുക്കുന്നവർ പലപ്പോഴം മറ്റ് പല ബിസിനസ്സുകളും നടത്തുന്നവരാണ്. എന്നാൽ യഥാർത്ഥ കൃഷിക്കാരന് ആശ്വാസം നൽകുന്ന രൂപത്തിലുള്ള പദ്ധതികൾ നടപ്പാക്കണമെങ്കിൽ കൃഷിക്കാരന്റെ എല്ലാ ലോണും കാർഷിക ലോണായി പരിഗണിക്കേണ്ടതല്ലേ? കൃഷിക്കാരൻ അയാളുടെ മകളുടെ കല്ല്യാണത്തിന് സഹായം അഭ്യർത്ഥിക്കുകയാണെങ്കിലും മറ്റ് വീട്ടാവശ്യങ്ങൾക്കു വേണ്ടി വായ്പയെടുക്കുകയാണെങ്കിലും അതെല്ലാം യഥാർത്ഥ കർഷകന്റെ വായ്പയായി പരിഗണിക്കുന്നില്ല. മറുവശത്താണെങ്കിൽ കരാറുകാരുടെയും മറ്റ് ബിസിനസ്സുകാരുടെയും ഭൂമി നിലമായി കാണിച്ചുകൊണ്ട് അവർ മറ്റ് കാര്യങ്ങൾക്കുവേണ്ടി എടുക്കുന്ന വായ്പകൾ കാർഷിക വായ്പയായി പരിഗണിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സാർ, തീർച്ചയായിട്ടും ഉണ്ട്. നിലവിൽ ഈ കർഷകർക്കെല്ലാം റവന്യൂ റിക്കവറി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ചെയർ കൂടി ശ്രദ്ധിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി വി. എസ്. സുനിൽകുമാറിനോട് ചോദിക്കുകയാണ്, അങ്ങ് കേന്ദ്ര ഗവൺമെന്റിന്

കത്ത് കൊടുത്തോ എന്നതു സംബന്ധിച്ച് വിശദീകരിച്ചാൽ കൊള്ളാം. ഞാനൊരു കർഷകനാണ്. ഞാൻ ചെറുപ്പത്തിൽ ആദ്യം പഠിച്ച ജോലി റബ്ബർ ടാപ്പിംഗാണ്. എനിക്ക് ഇപ്പോഴും റബ്ബർ ടാപ്പ് ചെയ്യാനറിയാം. റബ്ബർ ടാപ്പ് ചെയ്ത് പാലെടുത്ത് ഉറച്ചിട്ടാണ് ഞാൻ സ്കൂളിൽ പോയിക്കൊണ്ടിരുന്നത്. തിരിച്ച് 4 മണിക്ക് വന്നിട്ട് റബ്ബർ ഷീറ്റ് അടിച്ചുകൊണ്ട് ഉണക്കാനിടും. അധികം ഷീറ്റൊന്നും ഉണ്ടാകാറില്ല. ഇപ്പോഴും റബ്ബറുണ്ട്, ഞാൻ ടാപ്പിംഗും ചെയ്യാറുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി ഞാൻ റബ്ബർ ടാപ്പ് ചെയ്യുന്നില്ല. കാരണം, വെട്ടുകാരനുപോലും കൂലി കൊടുക്കാൻ പറ്റാത്തതുകൊണ്ടാണ്. നിയമസഭ സമ്മേളനമുള്ളതുകൊണ്ട് എനിക്ക് റബ്ബർ വെട്ടാൻ പോകാൻ കഴിയില്ല. ഈ വർഷം റബ്ബർ ടാപ്പ് ചെയ്യുന്ന ആൾ എന്നോടുപറഞ്ഞു 'സർ, എനിക്ക് എന്തെങ്കിലും പണി കിട്ടുമല്ലോയെന്ന്.' അങ്ങനെ വീണ്ടും ലാഭമൊന്നും പ്രതീക്ഷിക്കാതെ ഞാൻ റബ്ബർ ടാപ്പ് ചെയ്യാൻ അദ്ദേഹത്തിനെ ചുമതലപ്പെടുത്തി. ഞാൻ പറഞ്ഞുവന്നത് സ്വർണ്ണം പണയം വച്ച് കരം തീർത്ത രസീത് കൂടി കൊടുത്തുകഴിഞ്ഞാൽ 4 ശതമാനം പലിശയ്ക്ക് 4 ലക്ഷം രൂപ വരെ ആർക്കുവേണമെങ്കിലും കാർഷിക വായ്പയെടുക്കാം. അത് യഥാർത്ഥത്തിൽ കൃഷിക്കുവേണ്ടിയല്ല ഉപയോഗിക്കുന്നത് എന്നുപറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കേന്ദ്രത്തിന് കത്തയച്ചതായി പത്രങ്ങളിൽ വാർത്ത വന്നു. കൃഷിക്കാർ യഥാർത്ഥത്തിൽ കൃഷിക്കുവേണ്ടി മാത്രമല്ല വായ്പയെടുക്കുന്നത്. പൈനാപ്പിൾ കൃഷിക്കാരൻ പൈനാപ്പിൾ കൃഷിചെയ്യുമ്പോൾ മാത്രമല്ല സ്വർണ്ണം പണയം വയ്ക്കുന്നത്. മക്കളെ പഠിപ്പിക്കാനും മറ്റ് ആവശ്യങ്ങൾക്കുംവേണ്ടിയുള്ള കാശായിരിക്കും ചിലപ്പോൾ കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത്. അപ്പോഴായിരിക്കും മക്കൾക്ക് അഡ്മിഷൻ കിട്ടുന്നത്. അപ്പോൾ ഫീസ് അടയ്ക്കാനും മറ്റും പൈസ ആവശ്യമായിവരും. അപ്പോഴാണ് അവന്റെ ഭാര്യയുടെ കെട്ടുതാലി നാല് ശതമാനം പലിശയ്ക്ക് പണയം വച്ച് പണം കടമെടുക്കുന്നത്. നാല് ശതമാനം പലിശ എന്നുപറഞ്ഞാൽ വളരെ തുച്ഛമായ പലിശയാണ്. പക്ഷെ കർഷകനെ സംബന്ധിച്ച് അത് താങ്ങാൻ കഴിയാത്തതാണ്. ഈ വായ്പ ദുരുപയോഗം ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി കേന്ദ്രത്തിന് കത്തയയ്ക്കുകയും വായ്പ കൊടുക്കേണ്ട എന്ന് കേരളത്തിലെ ബാങ്കുകൾക്ക് കേന്ദ്രം നിർദ്ദേശം കൊടുത്തതായും അറിയാൻ കഴിഞ്ഞു. കർഷകരെ സംബന്ധിച്ച് 4 ശതമാനം പലിശയ്ക്ക് വേറെ എവിടെനിന്ന് വായ്പ ലഭിക്കും? അവരുടെ വീട്ടിലിരിക്കുന്ന സ്വർണ്ണം കൊണ്ടുവച്ചാണ് വായ്പയെടുക്കുന്നത്.

(ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ തിരുത്തിയെന്ന് പറയുന്നതിന് കാരണം, ബാങ്കേഴ്സ് മീറ്റിംഗിൽ യഥാർത്ഥ കൃഷിക്കാർക്ക് വായ്പ കിട്ടുന്നില്ലെന്ന

വ്യാപകമായ പരാതി വന്നിരുന്നു. ഒരു കൃഷിക്കാരൻ വായ്പയ്ക്ക് അപേക്ഷിച്ചാൽ ബാങ്കുകൾ കൊടുക്കുന്നില്ല. കിസാൻ ക്രെഡിറ്റ് കാർഡ് വഴി നിയമപ്രകാരം വായ്പ കൊടുക്കണമെന്നാണ് കേന്ദ്രം നൽകിയിരിക്കുന്ന നിർദ്ദേശം. കിസാൻ ക്രെഡിറ്റ് കാർഡിൽ അംഗമായിരിക്കുന്ന ഒരു കൃഷിക്കാരന് 1,60,000 രൂപ വരെ യാതൊരു തരത്തിലുള്ള കൊളാറ്ററൽ സെക്യൂരിറ്റിയുമില്ലാതെതന്നെ വായ്പ കൊടുക്കണമെന്നാണ് നിയമം. ശ്രീ. വി. പി. സജീന്ദ്രന് കിസാൻ ക്രെഡിറ്റ് കാർഡുണ്ടെങ്കിൽ താങ്കളുടെ കൃഷിക്കനുസരിച്ച് ആ ക്രെഡിറ്റ് കാർഡുപയോഗിച്ച് ബാങ്കിൽനിന്ന് 1,60,000 രൂപ ലോൺ ലഭിക്കും. അതിന് സ്വർണ്ണം കൊടുക്കേണ്ട കാര്യമില്ല. കിസാൻ ക്രെഡിറ്റ് കാർഡുവഴി വായ്പ കൊടുക്കാൻ ഒരു ബാങ്കും തയ്യാറാകുന്നില്ല. പത്ത് ശതമാനം മാത്രമേ കിസാൻ ക്രെഡിറ്റ് കാർഡ് കൊടുക്കുന്നുള്ളൂ. എന്നാൽ ബാങ്കുകൾ പറയുന്നത് റിസർവ് ബാങ്ക് നിയമപ്രകാരം കേരളത്തിലെ കൃഷിക്കാർക്കെല്ലാം ആവശ്യമായ തരത്തിൽ വായ്പ കൊടുക്കുന്നുണ്ടെന്നാണ്. അവർ പറയുന്നത്, റിസർവ് ബാങ്ക് നൽകിയിട്ടുള്ള നിബന്ധന അനുസരിച്ച് ഇത്ര ശതമാനം ലോൺ കൊടുത്തുവെന്നാണ്. എല്ലാ ബാങ്കും ആ ശതമാനം കൈവരിച്ചിരിക്കുകയാണ്. അവർ കേരളത്തിൽ കൃഷിക്കാർക്കുവേണ്ടി കഴിഞ്ഞ വർഷം കൊടുത്തിരിക്കുന്ന ക്രെഡിറ്റ് 80,000 കോടി രൂപയാണ്. ഏറ്റവും കൂടുതൽ അർബൻ മേഖലയിലാണ് കാർഷിക വായ്പ കൊടുക്കുന്നത്. പക്ഷേ അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, കൃഷി ചെയ്യുന്ന സ്ഥലത്തിനല്ല വായ്പയെടുത്തിരിക്കുന്നത് എന്നാണ്. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ പട്ടണങ്ങളിലാണ് കൂടുതൽ ലോൺ കൊടുത്തിരിക്കുന്നത്. പല പലിശക്കാരും നാല് ശതമാനം പലിശയ്ക്ക് വായ്പയെടുക്കുകയാണ്. മൂന്ന് ലക്ഷം രൂപയ്ക്ക് സ്വർണ്ണം പണയം വച്ച് വായ്പയെടുത്തതിനുശേഷം അതേ ബാങ്കിൽതന്നെ ആ കാശ് ഡെപ്പോസിറ്റ് ചെയ്ത് പലിശ വാങ്ങുകയാണ്. സ്വന്തം ഭാര്യയുടെ സ്വർണ്ണം ലോക്കറിൽ വയ്ക്കണമെങ്കിൽ വാടക കൊടുക്കണം. ഇതിന് വാടകയൊന്നും കൊടുക്കേണ്ട, ബാങ്ക് മാനേജർ ഇത് വാങ്ങിവച്ച് മൂന്ന് ലക്ഷം രൂപ കൊടുക്കും. മൂന്ന് ലക്ഷംരൂപ കിട്ടിക്കഴിഞ്ഞാൽ ബാങ്ക് മാനേജരെ സംബന്ധിച്ചിടത്തോളം കാർഷിക വായ്പ കൊടുത്തുവെന്ന നേട്ടവുമായി. യഥാർത്ഥ കൃഷിക്കാർക്ക് വായ്പ കൊടുക്കുന്നില്ല. ഇങ്ങനെ വ്യാപകമായ ദുരുപയോഗമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ അർത്ഥം കൃഷിക്കാർക്ക് വായ്പ കൊടുക്കണ്ടായെന്നുള്ളതല്ല. അതുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രനെ പോലെയുള്ള ആളുകൾ കൃഷിക്കാർക്ക് വായ്പ കൊടുക്കാതിരിക്കാൻ വേണ്ടി എന്ന് പറയരുത്. യഥാർത്ഥ കൃഷിക്കാർക്ക് വായ്പ കൊടുക്കണം, എല്ലാ ബാങ്കുകളും കിസാൻ ക്രെഡിറ്റ് കാർഡിലേയ്ക്ക് നൂറ് ശതമാനം കൃഷിക്കാരെ എത്തിക്കണമെന്നാണ് State Level Banker's Committee (SLBC) യോഗത്തിൽ ഗവൺമെന്റ് വ്യക്തമായ രീതിയിൽ

പറഞ്ഞത്. കൃഷിക്കാരല്ലാത്ത ആളുകൾക്ക് വായ്പ കൊടുക്കുന്നുണ്ടെങ്കിൽ പരിശോധിക്കണമെന്നുമാത്രമേ പറഞ്ഞുള്ളൂ. യഥാർത്ഥ കൃഷിക്കാർക്ക് വായ്പ കിട്ടാതിരിക്കുന്നതിന് ഇതൊരു തടസ്സമാകാൻ പാടില്ല. അതുകൊണ്ട് കൊളാറ്ററൽ എഗ്രിമെന്റ് ഇല്ലാതെതന്നെ കൃഷിക്കാർക്ക് വായ്പ കിട്ടാൻവേണ്ടി കിസാൻ ക്രെഡിറ്റ് കാർഡിലേയ്ക്ക് വായ്പ പോകണം. അതിനോടൊപ്പംതന്നെ കൃഷിക്കാർക്ക് സ്വർണ്ണം പണയം വച്ചാൽ വായ്പ കിട്ടുന്ന സംവിധാനം ഒരുകാരണവശാലും നിർത്തണമെന്നല്ല പറഞ്ഞിരിക്കുന്നത്. 80,000 കോടി രൂപയുടെ വായ്പ ബാങ്കുകൾ കൊടുത്തിരിക്കുകയാണ്. 80,000 കോടി രൂപയുടെ കാർഷിക വായ്പ കൊടുക്കുമ്പോൾ ഏകദേശം കേന്ദ്ര ഗവൺമെന്റ് അഞ്ച് ശതമാനം ലോണിനുള്ള സബ്സിഡി സബ്‌വെൻഷൻ കൊടുക്കുകയാണ്. അപ്പോൾ കൃഷിക്കാരല്ലാത്ത ആളുകൾ 2750 കോടിയോളം രൂപയുടെ പലിശയിളവ് അനധികൃതമായി വാങ്ങുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉന്നയിക്കുകയെന്നുള്ളത് എന്റെ ഉത്തരവാദിത്വമാണ്. അത് യഥാർത്ഥ കൃഷിക്കാർക്ക് വായ്പ കിട്ടുമെന്ന് ഉറപ്പാക്കാൻവേണ്ടി ചെയ്യിരിക്കുന്ന ഒരു കാര്യമാണ്. അല്ലാതെ വ്യാജമായി വായ്പയെടുത്തശേഷം ഒരു വെണ്ട കൃഷി ചെയ്യാതെ, മറ്റ് ബിസിനസ് നടത്തുന്നവരും പലിശയ്ക്ക് കൊടുക്കുന്നവരുമുണ്ട്. അത്തരം ആളുകൾക്കെതിരായിട്ടാണ് നമ്മൾ സംസാരിച്ചിരിക്കുന്നത്. അല്ലാതെ കൃഷിക്കാർക്കെതിരായിട്ടല്ലെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിക്കാണുമെന്ന് ഞാൻ കരുതുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കൃഷിക്കാരെല്ലാം വളരെ പാവങ്ങളും മര്യാദക്കാരും സത്യസന്ധരുമാണ്. സ്വന്തം ഭാര്യയുടെ സ്വർണ്ണം മാത്രമേ അവർ പണയം വയ്ക്കാറുള്ളൂ. മറ്റുള്ള ആളുകളുടേത് പണയം വയ്ക്കാറില്ല. അങ്ങ് ഇക്കാര്യത്തിൽ ഇടപെട്ടുവെന്ന് എനിക്കിപ്പോൾ മനസ്സിലായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് പോലെയുള്ള നഗരങ്ങളിലുള്ള ആളുകളാണ് കൃഷിക്കുവേണ്ടി വായ്പയെടുത്തത് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പറയാൻ പറ്റില്ല. കാരണം, ഞാൻ എറണാകുളം നഗരത്തിൽ വൈറ്റിലയിൽ താമസിക്കുന്നയാളാണ്. പക്ഷെ എനിക്ക് എന്റെ നാട്ടിൽ സ്ഥലമുണ്ട്, ആ സ്ഥലത്താണ് ഞാൻ കൃഷിചെയ്യുന്നത്. അപ്പോൾ എനിക്ക് വായ്പ എടുത്തുകൂടെ? അതുകൊണ്ട് കാടടച്ച് വെടിവയ്ക്കുന്ന സമീപനം ശരിയല്ല. പക്ഷെ ദുരുപയോഗം നമ്മൾ എതിർക്കണം, അതിൽ കുഴപ്പമൊന്നുമില്ല. കർഷകർക്ക് യഥാർത്ഥത്തിൽ വായ്പ കിട്ടണം. പക്ഷെ ഇത് ദുരുപയോഗം ചെയ്യുന്നവരെ പിടിക്കാൻവേണ്ടി കർഷകർക്ക് കിട്ടുന്ന ആനുകൂല്യം നഷ്ടമാകുന്നതിൽ അങ്ങ് യോജിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല ഉദ്ദേശ്യത്തിലാണെങ്കിലും വയനാട് പോലെയുള്ള സ്ഥലങ്ങളിൽ യഥാർത്ഥ കർഷകർ തന്നെയാണ് വായ്പയെടുത്തിരിക്കുന്നത്. നാഷണലൈസ്ഡ് ബാങ്കിൽ സ്വർണ്ണം പണയം വച്ചാൽ പരമാവധി മൂന്ന് ലക്ഷം രൂപയേ കിട്ടുകയുള്ളൂ. ആ മൂന്ന് ലക്ഷം രൂപയ്ക്കാണ് നാല് ശതമാനം പലിശ വാങ്ങുന്നത്. വയനാട്ടിൽ ഏറെക്കുറെ വായ്പയെടുത്തത് കർഷകർ തന്നെയാണ്. ഇപ്പോൾ കേന്ദ്രത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്തതോടുകൂടി മൊത്തം വായ്പ നിലച്ച അവസ്ഥയിലാണ്. കിസാൻ കാർഡ് വഴി ബാങ്കുകൾ വലിയ തുക മാത്രമേ കൊടുക്കുന്നുള്ളൂ. വലിയ തുകയ്ക്ക് 13-14 ശതമാനം പലിശയാണ്. 1,60,000 രൂപ മാത്രമാണ് അങ്ങ് പറഞ്ഞതുപോലെ കാർഡിനകത്ത് വരികയുള്ളൂ. അത് കൊടുക്കാൻ അവർ തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ പറഞ്ഞതുപോലെ കർഷകരുടെ മറ്റുപല ആവശ്യങ്ങളും മീറ്റ് ചെയ്യാൻ അവരുടെ കയ്യിൽ കാശില്ല. ഉദാഹരണത്തിന്, ഇടുക്കിയിലും വയനാട്ടിലും കാപ്പിക്കും കുരുമുളകിനും വിലയില്ല. ഏലം കൃഷി ചെയ്താൽ നഷ്ടമാണ്. കോസ്റ്റ് ഓഫ് പ്രൊഡക്ഷനും മറ്റ് കാര്യങ്ങളും നോക്കിയാൽ അതിന് ഒരുപാട് പ്രശ്നങ്ങളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.. യെസ്.

ശ്രീ. സി. മമ്മൂട്ടി: സർ ഞാൻ പറയട്ടെ, ബില്ലിൻമേലുള്ള ചർച്ചയിൽ സമയം പ്രശ്നമല്ലല്ലോ. ബില്ലുമായി ബന്ധപ്പെട്ട വിഷയമാണ് പറയുന്നത്, രാഷ്ട്രീയമല്ലല്ലോ. സ്വാഭാവികമായും ധാരാളം കഷ്ടനഷ്ടങ്ങൾ നേരിട്ടുകൊണ്ടാണ് കർഷകർ കൃഷി ചെയ്യുന്നത്. അതുകൊണ്ട് ഈ അവസ്ഥയിൽനിന്ന് യഥാർത്ഥ കർഷകരെ രക്ഷിക്കണമെന്ന അഭിപ്രായത്തോട് താങ്കൾ യോജിക്കുന്നുണ്ടല്ലോ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് തെറ്റിദ്ധാരണയാണ്. അങ്ങനെയൊരു തീരുമാനം ബാങ്ക് എടുത്തിട്ടില്ല. കർഷകർക്ക് ലോൺ കൊടുക്കണ്ടായെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. എസ്.എൽ.ബി.സി. യോഗത്തിൽ വളരെ വ്യക്തമായി ചർച്ച ചെയ്തതാണ്. നിങ്ങളെല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യം, യഥാർത്ഥ കൃഷിക്കാരൻ എപ്പോഴും പലിശക്കാരുടെ അടുത്തേയ്ക്ക് പോകുകയാണ്. അവർക്ക് ബാങ്കിൽനിന്നും ലോൺ കിട്ടുന്നില്ല. അവർ മൈക്രോ ഫിനാൻസ് കമ്പനികളുടെ കൈകളിലേയ്ക്ക് പോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ശരിയായി പരിശോധിച്ചതിന്റെ അടിസ്ഥാന ത്തിലാണ് ഇത് പറയുന്നത്. കച്ചവടക്കാരായ ആളുകളാണ് കൃഷി ചെയ്യാതെ കാർഷികേതര കാര്യങ്ങൾക്കുപയോഗിക്കുന്ന കാർഷിക ലോണെടുക്കുന്നത്. അതൊരു

വസ്തുതയാണ്. അത് സാധാരണക്കാർ തന്നെയാണ്, ഞങ്ങളതിനെ എതിർക്കാനൊന്നും പോകുന്നില്ല. പക്ഷേ, ഒരു ബാങ്ക് അവരുടെ നിബന്ധന പാലിക്കുന്നതിനുവേണ്ടി കർഷകർക്ക് ഇത്ര ശതമാനം ലോൺ കൊടുക്കണമെന്ന് പറയുന്നത് കൊടുക്കാതെ കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി ലോൺ കൊടുത്ത് അത് കാർഷിക ലോണിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്ന പരിപാടി ബാങ്കുകൾ തുടർന്നുവരികയാണ്. അത് അവസാനിപ്പിക്കണമെന്നുള്ളതാണ് നമ്മുടെ വാദം. രണ്ടാമത്തെ കാര്യം, കിസാൻ ക്രെഡിറ്റ് കാർഡ് കൃഷിക്കാർക്ക് മാത്രമേ കിട്ടുകയുള്ളൂ. അവർക്ക് 1,60,000 രൂപ വരെ എന്നുള്ളത് മൂന്നര ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. അത് പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡെടുക്കുന്ന ഒരു കൃഷിക്കാരന് അത്രയും തുകയ്ക്ക് ഒരു തരത്തിലുള്ള കൊളാറ്ററലുമില്ലാതെതന്നെ വായ്പ കൊടുക്കണമെന്ന് നിയമമുള്ളതാണ്. അത് ബാങ്കുകൾ നിർബന്ധമായി കൊടുത്തു കൊണ്ടിരിക്കുകയാണ്. എന്നാൽ ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി നൂറ് ശതമാനം കിസാൻ ക്രെഡിറ്റ് കാർഡിലേയ്ക്ക് പോകാനുള്ള ക്യാമ്പയിൻ കേന്ദ്ര ഗവൺമെന്റും ബാങ്കുകളുടെ കമ്മിറ്റിയും ആരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൃഷിഭവൻ മുഖാന്തരം ബാങ്കുകൾ കൂടി സംയുക്തമായിട്ട് ഒരു ക്യാമ്പയിൻ ആരംഭിച്ചതിന്റെ ഫലമായി വൻതോതിൽ കിസാൻ ക്രെഡിറ്റ് കാർഡിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന കാര്യംകൂടി അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, ഗവൺമെന്റ് ഭവനനിർമ്മാണത്തിന് ലോൺ കൊടുക്കുന്നു. ആ തുക ചെറിയ തോതിൽ മറ്റാവശ്യത്തിന് വിനിയോഗിക്കുന്ന ആളുകളുമുണ്ടാകാം. എനിക്കുതന്നെ നിരവധി കാര്യങ്ങൾ നേരിട്ട് അറിയാവുന്നതാണ്. അതുകൊണ്ട് ഭവനനിർമ്മാണ വായ്പ കൊടുക്കുന്നില്ല എന്നൊരു തീരുമാനമെടുക്കാൻ സാധിക്കുമോ? ഇവിടെ കുഴപ്പം കാണിക്കുന്ന ആളുകളുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കണം. കുഴപ്പക്കാരെ കണ്ടുപിടിച്ച് അവരെ ഡീബാർ ചെയ്യണം. നാല് ശതമാനത്തിന് പാവപ്പെട്ട കർഷകന് കിട്ടാൻ സാധ്യതയുള്ളൊരു ലോൺ സിസ്റ്റം വേണ്ടായെന്ന് പറഞ്ഞുകഴിഞ്ഞാൽ പിന്നെ അവർ എവിടെ പോകും? സ്വർണ്ണം പണയം വയ്ക്കാൻ ആരും ഇഷ്ടപ്പെട്ട് ആഹ്ലാദത്തോടുകൂടിയല്ലല്ലോ പോകുന്നത്. അതല്ലാതെ വേറൊരു നിവൃത്തിയുമില്ലാത്തതുകൊണ്ടാണ് സ്വർണ്ണം പണയം വയ്ക്കുന്നത്. നാല് ശതമാനം പലിശയ്ക്ക് കിട്ടാനുള്ള ഒരു ഓപ്ഷനാണ്, അതും ഏത് വിഭാഗത്തിനാണ്? ഇവരെല്ലാം കോടീശ്വരന്മാരും ജന്മിമാരും പ്രമാണിമാരുമാണോ? ഒന്നുമല്ല. ഈ

നാട്ടിലെ സാധാരണക്കാരും ശരാശരിക്ക് താഴെയുള്ള ആളുകളുമാണ്. അവരാണ് സ്വർണ്ണം പണയം വയ്ക്കാൻ പോകുന്നത്. അവർക്ക് നാല് ശതമാനം പലിശയെന്ന് പറയുന്നത് ആകർഷണീയമാണ്. അങ്ങനെ നാല് ശതമാനം പലിശയ്ക്ക് കിട്ടിക്കൊണ്ടിരുന്ന ഒരു ആനുകൂല്യം അങ്ങയുടെ ഒരു ഇടപെടൽകൊണ്ട് നഷ്ടപ്പെട്ടുവെന്നുള്ള ദു:ഖമാണ് കേരളത്തിലെ ജനങ്ങൾക്കുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ.എസ്. ബിജിമോൾ)

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാല് ശതമാനം പലിശയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന ഗോൾഡ് ലോൺ നഷ്ടപ്പെടുത്തിയെന്ന് അങ്ങ് തെറ്റിദ്ധരിപ്പിക്കുകയാണ്. ഒരു കാര്യം കൂടി പറയാം, കേരളത്തിലെ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ സ്വർണ്ണം പണയത്തിന് വാങ്ങി ആളുകൾക്ക് ലോണുകൾ നൽകുന്നുണ്ട്. അതേ സ്വർണ്ണംതന്നെ പല ബാങ്കുകളും കാർഷിക ലോണുകളാക്കി മാറ്റി നാല് ശതമാനം പലിശയ്ക്ക് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നുവെന്ന കൃത്യമായ വിവരം ഗവൺമെന്റിന്റെ പക്കലുണ്ട്. അത്തരത്തിലുള്ള ദുരുപയോഗത്തെയാണ് ഗവൺമെന്റ് സൂചിപ്പിച്ചത്. പാവപ്പെട്ടവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാനുകൂല്യവും നിലച്ചിട്ടില്ല. സ്വർണ്ണപ്പണയംവഴി കൊടുത്തുകൊണ്ടിരിക്കുന്ന ലോൺ ഇതുവരെ നിർത്തി വച്ചിട്ടില്ല; അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ഒരു പരിശോധന മാത്രമാണ് നടന്നിരിക്കുന്നത്. റിസർവ് ബാങ്ക് നിയമിച്ച കമ്മിറ്റി ഇവിടെ വന്ന് പരിശോധന നടത്തിയപ്പോൾ ഒരുകാരണവശാലും ഗോൾഡ് ലോൺ നിർത്തലാക്കാൻ പാടില്ലെന്ന നമ്മുടെ നിലപാട് അറിയിച്ചിട്ടുണ്ട്. ഗോൾഡ് ലോൺ തുടരുക തന്നെ വേണം. അങ്ങ് പറഞ്ഞതുപോലെ, ദുരുപയോഗമുണ്ടെങ്കിൽ അത് തടയുകയും കൃഷിക്കാർക്ക് ലോൺ കിട്ടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യണമെന്ന കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇന്നുവരെ റിസർവ് ബാങ്കോ കേന്ദ്ര ഗവൺമെന്റോ ലോൺ നിർത്തലാക്കാനുള്ള ഒരുത്തരവും ഇറക്കിയിട്ടില്ലെന്ന് മാത്രമല്ല ആ ലോൺ സംവിധാനം സുഗമമായി ഇപ്പോഴും നടപ്പിലാക്കികൊണ്ടിരിക്കുന്നുമുണ്ട്. ആരും തെറ്റിദ്ധരിക്കരുത്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം പ്രസംഗം തുടരു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത്തരത്തിൽ ദുരുപയോഗം നടത്തിയിട്ടുള്ള എത്ര ആളുകളെ ഗവൺമെന്റ് കണ്ടുപിടിച്ചു; എത്രപേരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി അവർക്കെതിരെ നടപടി എടുത്തിട്ടുണ്ട്? ഇതെല്ലാം ചെയ്യേണ്ടത് ബാങ്കുകളാണ്. സ്വാഭാവികമായും ഗവൺമെന്റ് ഒരു തീരുമാനം

എടുക്കുമ്പോൾ ആ തീരുമാനത്തിലെത്താനുള്ള കാരണം വ്യക്തമാക്കണം. അങ്ങ് പറഞ്ഞതിനോട് ഞാൻ തർക്കിക്കുകയല്ല, പക്ഷെ കാടടച്ച് വെടി വയ്ക്കാമോ; എത്ര വ്യക്തികൾ ദുരുപയോഗം ചെയ്തുവെന്ന് കണ്ടുപിടിച്ച്, അവരെ ഡീബാർ ചെയ്ത് നടപടി സ്വീകരിക്കണം. അതിനുപകരം മൊത്തത്തിലുള്ള ആനുകൂല്യത്തെ എതിർക്കുന്നത് ശരിയാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

(ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇത് പരിശോധിക്കേണ്ടത് ബാങ്കുകളാണ്, അല്ലാതെ സംസ്ഥാന ഗവൺമെന്റിന്റെ ജോലിയല്ല. ബാങ്കുകളോട് പരിശോധിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടതനുസരിച്ച് അവർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അത്തരം ആളുകൾക്ക് ലോൺ കൊടുക്കണമോയെന്ന് തീരുമാനിക്കുന്നത് ബാങ്കുകളാണ്. സംസ്ഥാന കൃഷി വകുപ്പ് ഇതുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങളും അഭിപ്രായങ്ങളും റിസർവ് ബാങ്കിന് മുമ്പാകെ പറഞ്ഞുവെന്നല്ലാതെ, ഒരു തീരുമാനമെടുക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനോ കൃഷി വകുപ്പിനോ ഇല്ല. അതുസംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടത് ബാങ്കുകളാണ്, ബാങ്കുകളുടെ ഉത്തരവാദിത്വമാണ്. നമ്മൾ ഇത്തരത്തിലുള്ള ദുരുപയോഗം നടക്കുന്നുണ്ടെന്നും ഗോൾഡ് ലോൺ നിലവിലും തുടർന്നുകൊണ്ടു പോകണമെന്നുമുള്ള അഭിപ്രായം ബാങ്കുകളുടെ മുമ്പാകെ പറഞ്ഞുവെന്നേയുള്ളൂ. കർഷകരുടെ പൊതുതാല്പര്യം മുൻനിർത്തി നമ്മൾ പറഞ്ഞ വസ്തുതകൾ പരിശോധിച്ചുകൊണ്ടായിരിക്കണം നിങ്ങൾ മറുപടി പറയേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഒരിക്കലും കൃഷിക്കാരന് ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യവും ലഭ്യമാകാതിരിക്കാനല്ല, കർഷക നെതിരെയുള്ള ചൂഷണം തടയുന്നതിന് വേണ്ടിയുള്ള സത്യസന്ധമായ നിലപാടാണ് സ്വീകരിച്ചത്. ചില ആളുകൾക്ക് എതിർപ്പുണ്ടാകുമെന്നുള്ള കാര്യം ശരിയായിരിക്കാം. എതിർപ്പുണ്ടെന്ന് കരുതി സത്യസന്ധമായ നിലപാടിൽനിന്ന് പിൻമാറാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കർഷകരിൽ ആരെങ്കിലും ദുരുപയോഗം ചെയ്യുന്നുവെങ്കിൽ അവരെ കണ്ടെത്താനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനല്ലാതെ പിന്നെ അത് ആരുടെ ഉത്തരവാദിത്വമാണ്; അങ്ങ് ഗവൺമെന്റിന്റെ ജോലിയല്ലായെന്ന് പറയുന്നതിന് എന്താണ് കാരണം; 95 ശതമാനം കർഷകരും ഇതിന്റെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നവരാണ്. രണ്ടോ മൂന്നോ ശതമാനം ആളുകൾക്കുവേണ്ടി 95 ശതമാനം ആളുകളെ ബലിയാടാക്കുന്നത് ശരിയല്ല. യഥാർത്ഥത്തിൽ 95 ശതമാനം കർഷകരായിട്ടുള്ള ആളുകളും നാല് ശതമാനം പലിശയ്ക്ക് ലോണെടുത്ത് അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നവരാണ്. രണ്ടോ മൂന്നോ ശതമാനം ആളുകൾക്കുവേണ്ടി അങ്ങ് ഇങ്ങനെ സംസാരിക്കുന്നത്

ശരിയാണോ; അങ്ങ് നഗരങ്ങളിലുള്ള ആളുകൾ ഈ ലോൺ എടുത്ത് പലിശയ്ക്ക് കൊടുക്കുന്നുവെന്ന് പറഞ്ഞു. അങ്ങനെ ഭൂതക്കണ്ണാടി വച്ച് നോക്കി കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറയുന്നത് ശരിയാണ്. പക്ഷെ, മനസ്സിലാക്കേണ്ട ഒരു കാര്യം, കേരളത്തിൽ കഴിഞ്ഞ വർഷം 80,965 കോടി രൂപ കൃഷിക്കാർക്ക് ലോണായി കൊടുത്തുവെന്നാണ് ബാങ്കുകൾ പറയുന്നത്. അതിൽ 67 ശതമാനം ലോണും അഗ്രികൾച്ചറൽ ഗോൾഡ് ലോണാണ്. കിസാൻ ക്രെഡിറ്റ് കാർഡ് വഴിയും മറ്റുരീതിയിലും പതിനാറായിരം കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. അതിൽ 80 ശതമാനവും സഹകരണ ബാങ്കുകളാണ് കൊടുത്തിരിക്കുന്നത്. കൃത്യമായും കാർഷിക ലോൺ കൊടുത്തിരിക്കുന്നത് സഹകരണ ബാങ്കുകളാണ്. നമ്മുടെ ഷെഡ്യൂൾഡ് ബാങ്കുകളിൽ കൊടുത്തിരിക്കുന്ന ഗോൾഡ് ലോണുകളിൽ എത്ര ശതമാനം യഥാർത്ഥ കൃഷിക്കാർക്ക് കൊടുത്തിട്ടുണ്ടെന്നകാര്യം ആത്മാർത്ഥമായി അങ്ങ് പരിശോധിച്ചാൽ മതി. എന്നാൽ അത് ദുരുപയോഗം ചെയ്യുന്നവരെല്ലാം പണക്കാരാണെന്ന് ഞാൻ പറയുന്നില്ല. സാധാരണക്കാരായ ആളുകളും കച്ചവടക്കാരും നമ്മുടെ കുടുംബങ്ങളിലെ ആളുകളും പലപ്പോഴും ഇത്തരത്തിൽ വാങ്ങുന്നുണ്ട്. ഇതൊന്നും തടയാൻ വേണ്ടി പറയുന്നതല്ല. പക്ഷെ, ബാങ്കുകളിൽ യഥാർത്ഥ കൃഷിക്കാർ വരുമ്പോൾ ഞങ്ങൾ ഗോൾഡ് ലോൺ കൊടുക്കുന്നില്ലെന്നാണ് ബാങ്ക് അധികൃതർ പറയുന്നത്. പാവപ്പെട്ട കൃഷിക്കാരന്റെ കയ്യിൽ കൊടുക്കാൻ സ്വർണ്ണമില്ല. അവന് എന്ത് ചെയ്യാൻ കഴിയും; കെട്ടുതാലി പോലും നഷ്ടപ്പെട്ടുപോയ പാവപ്പെട്ട കൃഷിക്കാരൻ ഏത് സ്വർണ്ണം വയ്ക്കും; അപ്പോൾ സ്വർണ്ണമുള്ളവർക്ക് മാത്രമുള്ള ആനുകൂല്യമായി ഇത് മാറുകയാണോ; അതിനാലാണ് ഈ സ്കീം കിസാൻ ക്രെഡിറ്റ് കാർഡിലേയ്ക്ക് വരണമെന്ന വ്യക്തമായ നിലപാട് സ്വീകരിക്കുന്നത്. അങ്ങ് പറഞ്ഞല്ലോ, കെട്ട്താലിപോലുമില്ലാത്ത കൃഷിക്കാരൻ എവിടെ പോയി ഗോൾഡ് ലോൺ വയ്ക്കുമെന്ന്; യഥാർത്ഥ കൃഷിക്കാരൻ അവന്റെ വിളവ് വച്ചുകൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ അപേക്ഷിച്ചാൽ ഒരു കാരണവശാലും ബാങ്കുകൾ അംഗീകരിക്കുന്നില്ല. നിരന്തരമായി ഇങ്ങനെയുള്ള പരാതികൾ വന്നപ്പോഴാണ് പരിശോധിച്ചത്. ബാങ്കുകൾ പറയുന്നതിലുള്ള പൊള്ളത്തരം നമ്മൾ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. അതല്ലാതെ, ഒരു കൃഷിക്കാരനും ഒരിക്കലും യാതൊരു കാരണവശാലും ഇതിന്റെ പേരിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുന്ന പ്രശ്നം ഉദിക്കുന്നില്ല. അതിന് ഗവൺമെന്റ് സമ്മതിക്കുകയില്ല.

<u>ചെയർപേഴ്സൺ</u>: നിരാകരണ പ്രമേയം 40 മിനിട്ടായി.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അങ്ങ് പറഞ്ഞത് വസ്തുതയാണ്, കെട്ട്താലിപോലുമില്ലാത്ത കൃഷിക്കാരുണ്ട്. അങ്ങനെയുള്ളവർ അടുത്ത വീട്ടിലെ പരിചയക്കാരന്റെയും മറ്റും സ്വർണ്ണം വാങ്ങിയാണ് പണയം വയ്ക്കുന്നത്. അങ്ങ് ഇങ്ങനെ കാടടച്ച് വെടിവയ്ക്കരുത്. മൂന്ന് ലക്ഷം രൂപയെടുത്ത് എന്ത് ദുരുപയോഗം ചെയ്യാനാണ്, ഇപ്പോഴത്തെ കാലത്ത് മൂന്ന് ലക്ഷം രൂപ എന്താവശ്യത്തിന് തികയും; ചിലപ്പോൾ കൃഷിക്കാരൻ ലോണെടുക്കുന്നത് അവന്റെ മകളുടെ വിദ്യാഭ്യാസത്തിനോ കല്യാണത്തിനോ വേണ്ടിയാകും. കാരണം, ആ കൃഷിക്കാരൻ അതിനുമുമ്പ് സ്വരൂപിച്ച് വച്ചിരുന്ന പണമെടുത്ത് പൈനാപ്പിൾ, കപ്പ, വാഴ തുടങ്ങിയവ കൃഷി ചെയ്തിട്ടുണ്ടാകാം. ആ സമയത്ത് അവന്റെ കയ്യിൽ കാശുണ്ടായിരുന്നു. പക്ഷെ, പെട്ടെന്നൊരു ആശുപത്രി ആവശ്യം വന്നാൽ അവൻ എന്ത് ചെയ്യും; കൃഷി ചെയ്യുമ്പോൾ മാത്രമേ ലോൺ എടുക്കാൻ കഴിയുകയുള്ളൂവെന്ന് പറയുന്നത് എന്ത് നിയമമാണ്? അതുകൊണ്ട് അങ്ങനെ ധരിക്കരുത്. നാല് ലക്ഷം രൂപ, മൂന്ന് ലക്ഷം രൂപ, രണ്ട് ലക്ഷം രൂപ, ഒരു ലക്ഷം രൂപ ഇതൊക്കെയാണ് ബാങ്കിൽ സ്വർണ്ണം വച്ച് നാല് ശതമാനം പലിശയ്ക്ക് കൊടുക്കുന്നത്. നമ്മുടെ രാജ്യത്തുനിന്നും ബ്ലെയിഡ് കമ്പനിക്കാരെ ഇല്ലായ്മ ചെയ്യുവാൻ കഴിയില്ല. ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ബ്ലെയിഡ് കമ്പനിക്കാരെ മുഴുവൻ പിടിക്കാൻ ശ്രമിച്ചു. എന്നാൽ അവരെല്ലാം ഇല്ലാതായോ; അവരെല്ലാം ഇപ്പോഴുമുണ്ട്. ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തര വകുപ്പിൽനിന്ന് മാറിയപ്പോൾ വീണ്ടും ബ്ലെയിഡുകാർ അതേ പരിപാടിയുമായി പോവുകയാണ്. അവരെയെല്ലാം ഇല്ലാതാക്കാൻ നമുക്ക് കഴിയില്ല. നമുക്ക് ആലോചിക്കാൻ കഴിയുന്നത് ഈ കൃഷിക്കാർക്ക് ഏത് രീതിയിൽ മൂന്ന് ലക്ഷം രൂപ കൊടുക്കുവാൻ കഴിയും എന്നുള്ളതാണ്. സംസ്ഥാന സർക്കാർ കടാശ്വാസ കമ്മീഷൻ ബിൽ കൊണ്ടുവരുന്നു. കടാശ്വാസ കമ്മീഷൻ വച്ച് മൂന്ന്-നാല് പേരെ വാഹനത്തിൽ പറഞ്ഞുവിട്ടിട്ട് കാര്യമില്ല. എന്റെ നാട്ടിലെ ഒരാൾ കടാശ്വാസ കമ്മീഷനിൽ അംഗമായിരുന്നു. അയാൾക്ക് അഞ്ചേക്കർ സ്ഥലമുണ്ടായിരുന്നു. അഞ്ചേക്കർ സ്ഥലം വിറ്റ് വിറ്റ് അവസാനം അയാൾക്ക് അഞ്ച് സെന്റ് സ്ഥലവും ഒരു കാറും മാത്രമായി. ആ കാറിൽ ബോർഡ് വച്ച് ഓഫീസിൽ എന്നെ കാണാനായി അദ്ദേഹം വരും. കടം കയറി മുടിഞ്ഞ് ആ വീടും സ്ഥലവും വിൽക്കേണ്ട സ്ഥിതി അദ്ദേഹത്തിന് വന്നിരിക്കുകയാണ്. അങ്ങനെയുള്ള കടാശ്വാസ കമ്മീഷൻ ആകരുത്. നമ്മൾ കുറച്ച് പ്രായോഗികമായി ചിന്തിക്കണം. ഈ കർഷകർക്ക് ഇപ്പോൾ മൂന്ന് ലക്ഷംരൂപ നാല് ശതമാനം പലിശയ്ക്ക് കൊടുക്കുന്നുണ്ട്. അതുപോലെ സംസ്ഥാന സർക്കാരും ഇതേ ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കാനുള്ള സംവിധാനം

ഏർപ്പെടുത്തണ്ടേ; ഈ സംവിധാനം കേരള ബാങ്കിൽ നിലവിൽ വന്നിട്ടുണ്ടെന്നാണ് പറയുന്നത്, എനിക്കറിയില്ല. കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കൊള്ളപ്പലിശയാണ് വാങ്ങുന്നത്. നാട്ടിൻപുറങ്ങളിലെ ബാങ്കുകളിലെ സഹകാരികളെല്ലാം ഈ കർഷകരാണ്. ഇവർക്കെല്ലാം വൻ പലിശയ്ക്കാണ് ബാങ്കുകൾ പണം കൊടുക്കുന്നത്. കർഷകരുടെ ആവശ്യത്തിനുവേണ്ടി കടാശ്വാസ കമ്മീഷനെന്ന പേരിൽ ഒരു കമ്മീഷനെയും അഞ്ചാറ് അംഗങ്ങളെയും നിയമിച്ചിട്ട് എന്താണ് കാര്യം; കർഷകർക്ക് 4 ശതമാനം പലിശയ്ക്ക് അഞ്ച് ലക്ഷം രൂപയുടെ ലോൺ അനുവദിക്കാൻ സൊസൈറ്റികൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കുകയാണ് വേണ്ടത്. അവർക്ക് ലോൺ കൊടുത്ത് അവരെ സഹായിക്കാൻ അങ്ങ് നിർദ്ദേശം നൽകണം. നാട്ടിൻപുറത്തുള്ള ബാങ്കുകാരാകുമ്പോൾ അങ്ങ് പറഞ്ഞാൽ കുഴപ്പമൊന്നും വരില്ല. നഗരങ്ങളിൽ താമസിക്കുന്നവർ ഇത് ദുരുപയോഗം ചെയ്യുകയാണ്. പ്രൈവറ്റ് ബാങ്കാകുമ്പോൾ അവർക്കെല്ലാം ഇതിനെക്കുറിച്ച് നേരിട്ടറിയാം. എന്റെ നിയോജകമണ്ഡലത്തിൽ പകുതി പഞ്ചായത്തുകളിലും കൃഷിക്കാർ മാത്രമേയുള്ളു. അവരൊക്കെ ആ ബാങ്കുകളിലെ അംഗങ്ങളാണ്. അവർ അവിടെ പോയി ലോൺ ചോദിച്ചാൽ ബാങ്കുകാർക്ക് വിശ്വാസക്കുറവൊന്നുമില്ല. നാഷണലൈസ്ഡ് ബാങ്കോ ഷെഡ്യൂൾഡ് ബാങ്കോ ആണെങ്കിൽ ബാങ്ക് മാനേജർ പുറത്തുനിന്നുള്ള ആളോ ഹിന്ദിക്കാരനോ തമിഴനോ ഒക്കെയായിരിക്കും. അവർക്ക് ചിലപ്പോൾ നേരിട്ട് ആളുകളെ അറിയാൻ കഴിയാതെ വരും. അങ്ങനെ വരുമ്പോൾ ദുരുപയോഗം വരും. കർഷകർക്ക് സഹകരണ ബാങ്കുകളിൽനിന്ന് നാല് ശതമാനം പലിശയ്ക്ക് പത്ത് ലക്ഷം രൂപയോ, അഞ്ച് ലക്ഷം രൂപയോ വരെ നൽകാവുന്നതാണ്. അഞ്ച് ലക്ഷം രൂപ കൊടുത്താലും കർഷകർക്ക് സന്തോഷമാണ്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് ആലോചിക്കാൻ സാധിക്കുമോ; അതിന് മുൻകയ്യെടുക്കുമോ?

ചെയർപേഴ്സൺ: ഇനി പ്രമേയത്തെ പിന്താങ്ങി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സംസാരിക്കാനുണ്ട്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, സഹകരണ മേഖലയിലെ വായ്പ കൃഷിക്കാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഒരു വിഷയം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വായ്പ പുതുക്കിപ്പുതുക്കി ജീവിതകാലം മുഴുവനും കുടിശ്ശികയും പിഴ കുടിശ്ശികയുമായി അവൻ വീണ്ടും കടക്കെണിയിൽപ്പെടുകയാണെന്നുള്ള വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് പരിഹാരം കാണുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. രാജേന്ദ്രനെപ്പോലെ കൃത്യമായി പലിശ അടയ്ക്കാൻ കഴിവുള്ളവരല്ല കർഷകർ. ബഹുമാനപ്പെട്ട അംഗം കൃത്യമായി മാസ പലിശ അടയ്ക്കും. പക്ഷേ കർഷകർക്ക് കൃത്യമായി പലിശ അടയ്ക്കണമെന്ന് ആഗ്രഹമുണ്ട്, പക്ഷേ മാസവരുമാനത്തിൽനിന്ന് ചിലപ്പോൾ പലിശ അടയ്ക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകാം. അല്ലാതെ ലോണെടുത്തത് അടയ്ക്കാൻ ആഗ്രഹമില്ലാത്തവരാണോ; ആഗ്രഹമുണ്ടാകും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ പറഞ്ഞത് ആ കാര്യമല്ല, ഒന്നുകൂടി വ്യക്തമാക്കാം. അടയ്ക്കാൻ പറ്റാത്തതുകൊണ്ട് വീണ്ടും വീണ്ടും പലിശ കൂടി കടമാകും. അത് പിന്നെയും പുതുക്കും. പലിശയുംകൂടി ചേർത്ത് വീണ്ടും പുതുക്കുമ്പോൾ തുക വർദ്ധിക്കും. 10-30 വർഷം മുൻപ് എടുത്ത അതേ വായ്പതന്നെയാണ് പുതിയ വായ്പയായി മാറുന്നത്. ഇങ്ങനെയുള്ള കേസുകളിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കിയാൽത്തന്നെ കൃഷിക്കാരൻ രക്ഷപ്പെട്ടുമായിരുന്നു. അക്കാര്യത്തിൽ കടാശ്വാസ കമ്മീഷൻ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം എന്താണ്?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കടാശ്വാസ കമ്മീഷൻ ഇങ്ങനെയുള്ള കാര്യങ്ങൾ പഠിച്ച് വേണ്ടത് ചെയ്യേണ്ടതാണ്. ജനങ്ങൾ റവന്യൂ റിക്കവറി വന്നാലും സഹകരണ ബാങ്കുകളിൽനിന്നും ലോൺ എടുത്തിട്ടുള്ളതാണെങ്കിലും നേരെ ഇവിടെയിരിക്കുന്ന മന്ത്രിമാരടക്കമുള്ള മുഴുവൻ അംഗങ്ങളുടെയും അടുത്ത് വരാറുണ്ട്. നമ്മൾ അപ്പോൾ ബാങ്കിലെ എം.ഡി.-യെ അല്ലെങ്കിൽ പ്രസിഡന്റിനെ വിളിക്കും. വിളിക്കുമ്പോൾ അവർ പറയുന്നത് പുതുക്കിക്കൊടുക്കാമെന്നാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പലിശയും പിഴപ്പലിശയും കുറച്ചുള്ള സെറ്റിൽമെന്റല്ല അവർ പറയുന്നത്. ഈ ലോൺ പുതുക്കിക്കൊടുക്കാമെന്നാണ് പറയുന്നത്. അപ്പോൾ പലിശയും പിഴപ്പലിശയും എല്ലാംകൂടി കൂട്ടി നല്ലൊരു തുക അടയ്ക്കേണ്ടിവരും. അവർക്ക് പലിശ അടയ്ക്കാൻ വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് അവർ വീണ്ടും അത് സമ്മതിക്കും. ഏറ്റവും അവസാനം ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞതുപോലെ, മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതെ വസ്തുവും സ്ഥലവുമെല്ലാം പോകുന്ന അവസ്ഥ വരും. ഇവർക്കുവേണ്ടി ഒരു പുതിയ സംവിധാനം ഉണ്ടാകണം. സൊസൈറ്റികളിൽ പലിശ കുറവുള്ള ലോണാണെങ്കിൽ നമുക്ക് അവരോട് പലിശയും പിഴപ്പലിശയും ഒന്നും കുറച്ച് കൊടുക്കേണ്ട കാര്യമില്ല, നിങ്ങൾ അടച്ചേ മതിയാകൂവെന്ന് പറയാം. നമുക്ക് എന്തായാലും കർഷകരെ ഉപേക്ഷിക്കാൻ പറ്റുമോ?

ചെയർപേഴ്സൺ: അങ്ങനെ പുതുക്കി വച്ചിട്ടുള്ള ആളുകൾക്കാർക്കുംതന്നെ ഈ കടാശ്വാസ കമ്മീഷന്റെ ഒരുവിധത്തിലുള്ള ആനുകൂല്യങ്ങളും കിട്ടുകയുമില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അതുകൊണ്ടാണല്ലോ ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്. നിലവിൽ ഒരാനുകൂല്യവും കർഷകർക്ക് കിട്ടുന്നില്ല. ബഹുമാനപ്പെട്ട ചെയർതന്നെ കർഷകരുടെ നാട്ടിൽനിന്ന് വരുന്നയാളാണ്. അവിടെ കർഷകർ മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ചെയറിന്റെ നിയോജക മണ്ഡലത്തിലാകെ കർഷകരാണ്. ഇടുക്കി ജില്ലയിൽ കർഷകർ ആത്മഹത്യ ചെയ്യുകയാണ്. സ്വന്തം വീടും മറ്റും നഷ്ടപ്പെടുകയാണ്, നാളെ തെരുവിലേയ്ക്ക് ഇറങ്ങുകയാണ്, പിന്നെ ജീവിച്ചിരുന്നിട്ട് കാര്യമില്ല, അതുകൊണ്ടാണ് അവർ ആത്മഹത്യയിലേയ്ക്ക് പോകുന്നത്. ഇടുക്കിയിലും വയനാട്ടിലും ആത്മഹത്യകൾ ഒട്ടനവധി ഉണ്ടായത് അങ്ങനെയാണ്. അതുകൊണ്ടാണ് കട്ടപ്പനയിലടക്കം കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിൽ സമരങ്ങൾ നടന്നത്. ഇത് രാഷ്ട്രീയമൊന്നുമല്ല, എല്ലാ രാഷ്ട്രീയ പാർട്ടികളിലും കർഷകരുണ്ട്. എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലും എല്ലാ പാർട്ടിയിലുമുണ്ട്. നമ്മൾ പൊതുവായ തീരുമാനമെടുക്കേണ്ടതാണ്. ഇവിടെ ഒരു കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ കൊണ്ടുവന്നതുകൊണ്ട് ഇവരുടെ പ്രശ്നമെല്ലാം തീർന്നുവെന്ന് പറയാൻ സാധിക്കില്ല.

ചെയർപേഴ്സൺ: ആ പോയിന്റ് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കണം. അടുത്ത അംഗത്തിനുകൂടി അവസരം കൊടുക്കണ്ടേ; പ്രമേയത്തെ അനുകൂലിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സംസാരിക്കാനുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ബില്ലിനെ അനുകൂലിച്ചല്ല, എതിർത്താണ് സംസാരിക്കുന്നത്. ഞാൻ പറയുന്നത് ഈ ബിൽകൊണ്ടുവന്നിട്ട് ഒരു കാര്യവുമില്ലെന്നാണ്. കാരണം, ബഹുമാനപ്പെട്ട മന്ത്രിപോലും ഇതൊന്നും ശ്രദ്ധിക്കുന്നില്ല, അദ്ദേഹം അടുത്തിരിക്കുന്ന ആളുമായി സംസാരിച്ചു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിനുപോലും ഈ ബിൽ ആര് പറഞ്ഞിട്ടാണ് കൊണ്ടുവന്നതെന്ന് അറിഞ്ഞുകൂടാ. അദ്ദേഹം അവതരിപ്പിച്ച ഈ ബിൽപോലും ശ്രദ്ധിക്കാൻ അദ്ദേഹത്തിന് താൽപ്പര്യമില്ല. ശ്രീ. വി. എസ്. സുനിൽകുമാറിന് പ്രത്യേകിച്ച് വകുപ്പുള്ളതുകൊണ്ട് കർഷകരെ സംബന്ധിച്ച് ചെറിയ താൽപ്പര്യമുണ്ട്. വകുപ്പുപോയിക്കഴിഞ്ഞാൽ അദ്ദേഹത്തിന് അതിലും താൽപ്പര്യമില്ല. അദ്ദേഹം ഇപ്പോഴും പ്രതിപക്ഷത്താണെന്നാണ് വിചാരിച്ചിരിക്കുന്നത്. ഇടയ്ക്കിടയ്ക്ക് ചാടി എഴുന്നേറ്റ് വർത്തമാനം പറയും. ഭരണപക്ഷത്തെ സീറ്റാണെന്നുപോലും അദ്ദേഹത്തിന് ഒരു ബോധം വന്നിട്ടില്ല. മൂന്നര വർഷമായി. ബിൽ കൊണ്ടുവന്ന മന്ത്രിക്കുപോലും ഇതിനോട് എത്ര ആത്മാർത്ഥതയുണ്ടെന്നുള്ള കാര്യം എനിക്ക് സംശയമാണ്.

<u>ചെയർപേഴ്സൺ:</u> ആത്മാർത്ഥതയുള്ളതുകൊണ്ടായിരിക്കും ചിലപ്പോൾ ഫലപ്രദമായി ഇടപെടുന്നത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ശ്രീ. വി. എസ്. സുനിൽ കുമാറിന് ഇപ്പോൾ ആശ്വാസമുണ്ട്. കാരണം 3 ലക്ഷം രൂപ കൊടുക്കേണ്ട എന്നുപറഞ്ഞ് കേന്ദ്രത്തിന് കത്തയച്ചതുകൊണ്ട് അദ്ദേഹത്തിന് ഇപ്പോൾ ചെറിയ ആശ്വാസമുണ്ട്.

<u>ചെയർപേഴ്സൺ:</u> അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ വിഷയത്തിൽ എത്രമാത്രം ആത്മാർത്ഥത ഉണ്ടെന്നുള്ളത് പരിശോധിക്കണം എന്നാണ്. കേരളത്തിലെ കർഷകർ ഓരോ ദിവസവും ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ ആത്മഹത്യയുടെ വക്കിൽനിൽക്കുമ്പോൾ ഒരു കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ കൊണ്ടുവന്നിട്ട് എന്തെങ്കിലും കാര്യമുണ്ടോ; അവർക്ക് എന്തെങ്കിലും പാക്കേജ് പ്രഖ്യാപിക്കാനുള്ള അവസരം ഉണ്ടാക്കണ്ടേ; വെറുതെ കേന്ദ്രത്തെ കുറ്റംപറഞ്ഞിട്ട് കാര്യമുണ്ടോ; കേന്ദ്രത്തിൽനിന്ന് ഒന്നും പ്രതീക്ഷിക്കേണ്ട. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ഞാൻ പറയുകയാണ്, സഹകരണ വകുപ്പുമന്ത്രി ഇപ്പോൾ ഈ സഭയിലില്ല, ഈ ഭേദഗതി കൊണ്ടുവന്നിട്ട് കാര്യമില്ല. അവർക്ക് സ്വർണ്ണം പണയം വച്ച് കേന്ദ്രഗവൺമെന്റിൽനിന്ന് കിട്ടുന്ന തുച്ഛമായ തുകപോലും കൊടുക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി കത്ത് കൊടുത്ത ഒരു സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ എന്ത് ചെയ്യാൻ പറ്റും എന്നതിനെ സംബന്ധിച്ച് ആലോചിക്കണം. ബിൽകൊണ്ടുവന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇത് ബില്ലായി കൊണ്ടുവന്നിട്ട് കാര്യമില്ല. അവർക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ, അഞ്ചേക്കർ ഉണ്ടായിരുന്ന സ്ഥാനത്ത് അഞ്ചുസെന്റും ഒരു കാറുമായി ഓടിനടക്കുന്ന കുറെ കമ്മീഷനംഗങ്ങളെ വച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രായോഗികമായി ഇടപെടണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിന്മേൽ പ്രമേയം അവതരിപ്പിച്ച് സംസാരിച്ച ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞതുപോലെ ഞങ്ങളാരും ഇതിനെ ഡയറക്ടായി എതിർക്കുന്നില്ല. ഇവിടെ ആക്ടിന്റെ (5)-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ ' ഒരു ലക്ഷം രൂപയോ' എന്ന വാക്കുകൾക്ക് പകരം 'രണ്ട് ലക്ഷം രൂപയോ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ് എന്ന ഒരു മാറ്റമാണ് വന്നിരിക്കുന്നത്. ഇതുമൂലം രണ്ട് ലക്ഷം രൂപ വരെയുള്ള

കടാശ്വാസം കർഷകന് ലഭ്യമാകുന്ന എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യം നിലനിൽക്കുമ്പോൾതന്നെ കർഷകന്റെ നിലനിൽപ്പിനുവേണ്ടി ഈ ഗവൺമെന്റ് സജീവമായി ഇടപെടുന്നില്ലെന്നുള്ള ഒരു നിരീക്ഷണം, ഒരഭിപ്രായം, പൊതുജനങ്ങൾക്ക് പൊതുവിലുണ്ടെന്നുകൂടി സൂചിപ്പിക്കുകയാണ്. ഇവിടെ ചോദ്യോത്തരവേളകളിലും സബ്മിഷൻ ഉന്നയിക്കുമ്പോഴുമൊക്കെ ബഹുമാനപ്പെട്ട ഭരണകക്ഷിയിലെ അംഗങ്ങൾ ആദ്യത്തെ വാക്ക് സംസ്ഥാന ഗവൺമെന്റിനെ പ്രശംസിച്ചു കൊണ്ടായിരിക്കും പറയുന്നത്. അങ്ങനെയൊരു വിപ്പ് ഒരുപക്ഷേ ഭരണകക്ഷിയിലെ അംഗങ്ങൾക്ക് നൽകിയിട്ടുണ്ടാകുമെന്ന് ഞങ്ങൾ ചിന്തിക്കുകയാണ്. അതിപ്പോൾ ഇവിടെ ശ്രീ. കെ. രാജൻ വിപ്പായതുകൊണ്ടല്ല, മുമ്പേ തന്നെ അത്തരമൊരു അഭിപ്രായം ഞങ്ങളിൽ എല്ലാവരിലുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാറിനെക്കുറിച്ച് പറയുമ്പോൾ, അങ്ങയുടെ കാർഷിക മേഖലയിലെ ഇടപെടലുകളെക്കുറിച്ച് ആദ്യമൊരു പ്രശംസയുണ്ട്. അങ്ങ് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. സംസാരത്തിൽ വളരെ താൽപ്പര്യമുള്ള, പ്രസംഗത്തിൽ വളരെ കഴിവുള്ള ഒരു മന്ത്രിയാണ് അങ്ങ്. 'പാഠം ഒന്ന് പാടത്തേയ്ക്ക് ' എന്നൊക്കെ പറഞ്ഞ് പല പേരുകൾ ഇട്ടുകൊണ്ട് ചില കൃഷിയിടങ്ങളിൽ പദ്ധതികൾ അങ്ങ് നടത്തുന്നുണ്ടെന്നത് ഞങ്ങൾ വിസ്മരിക്കുന്നില്ല. എന്തുകൊണ്ടാണ് ഭരണകക്ഷിയിലെ അംഗങ്ങൾ ഓരോ വാക്കിലും ഗവൺമെന്റിനെ പ്രശംസിച്ചുകൊണ്ടിരിക്കുന്നത്? അതൊരു പ്രത്യേക തന്ത്രമാണ്. ഒരു നുണ ആയിരംതവണ ആവർത്തിച്ചു പറഞ്ഞാൽ അത് സത്യമായി തീരുമെന്നുള്ള ഗീബൽസിയൻ തന്ത്രം ഇവിടെ പ്രയോഗിക്കുന്നുവെന്നുള്ളതാണ് നമുക്ക് ബോധ്യമാകുന്നൊരു കാര്യം. ബഹുമാനപ്പെട്ട ദേവികുളം എം.എൽ.എ. ഇവിടെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള ജോസഫ് എന്ന കർഷകൻ തന്റെ വീടിന്റെ പുറത്ത് ബോർഡ് എഴുതിവച്ചത് ' കിഡ്നി വിൽപ്പനയ്ക്ക് ' എന്നായിരുന്നു. വെള്ളപ്പൊക്കത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം വീടും കൃഷിയുമൊക്കെ നശിച്ച ഒരു കർഷകൻ മനംനൊന്ത് വീടിന് പുറത്ത് ബോർഡ് എഴുതി വച്ചത് "എന്റെ കിഡ്നി വിൽപ്പനയ്ക്ക് "എന്നാണ്. ഒരുപക്ഷെ കേരളത്തിലെ എല്ലാ കർഷകരും ഇതുപോലെയുള്ള ബോർഡ് എഴുതിവയ്ക്കാതെയിരിക്കുന്നത് നാണക്കേടുകൊണ്ടാണ്. അദ്ദേഹം പത്രക്കാരോട് പറഞ്ഞത്, "എന്റെ കിഡ്നി വിറ്റ് കിട്ടുന്ന കാശുകൊണ്ട് ഞാൻ എന്റെ വീട്ടിലെ കിണർ വൃത്തിയാക്കും, മണ്ണിടിച്ചിൽ വന്ന് പുര നശിച്ചുപോയി, വീട് മേഞ്ഞ് വൃത്തിയാക്കും, ബാക്കി കാശുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്ക് കൈക്കൂലിയായി നൽകും" എന്നുപറയുന്ന വേദനാജനകമായ വാർത്ത പത്രമാധ്യമങ്ങളിൽ നമ്മളെല്ലാം വായിച്ചതാണ്. കർഷകനോട് എന്ത് ആത്മാർത്ഥതയാണ് ഈ ഗവൺമെന്റിനുള്ളത്? അമ്പതിനായിരം കോടി രൂപയുടെ വികസന

പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചിരിക്കുന്ന കിഫ്ബിയെന്ന പദ്ധതിയിൽ അയ്യായിരം കോടി രൂപയുടെ പദ്ധതികൾപോലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷെ അത്തരം പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ ഇൻഫ്രാസ്ട്രക്ച്ചറിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതിയാണെങ്കിലും കാർഷിക മേഖലയ്ക്ക് വേണ്ടി ഒരു രൂപയെങ്കിലും മാറ്റിവയ്ക്കുന്ന രീതിയിലുള്ള പദ്ധതിയുണ്ടാക്കാനോ ആ രീതിയിൽ മുന്നോട്ട് പോകുവാനോ നിങ്ങൾക്ക് കഴിഞ്ഞോ? 9 ശതമാനം പലിശ ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ചുകൊണ്ട് പോകുന്നൊരു പദ്ധതിയാണ്. 450 കോടി രൂപയല്ലേ സിനിമ തിയേറ്ററുകൾ നിർമ്മിക്കാൻ വേണ്ടി മാത്രമായി അതിൽ മാറ്റിവച്ചത്. എത്രയോ വലിയ ധൂർത്ത് ഇവിടെ നടന്നുകൊണ്ടിരിക്കുന്നു. പക്ഷെ കർഷകന്റെ പ്രശ്നങ്ങൾ പരിഹരിക്കാതെയുള്ള ഈ പോക്ക് ശരിയാണോയെന്ന് അങ്ങ് സ്വയം വിലയിരുത്തണം. ഇവിടെ സർക്കാരിന്റെ ധൂർത്ത് പല മേഖലകളിലാണ്. ഇതിനെ ഞങ്ങൾ വിളിക്കുന്നത് നിയമാനുസൃത കൊള്ള എന്നാണ്. നിയമപരമായും ആസൂത്രിതമായും എങ്ങനെ അഴിമതി ചെയ്യാമെന്നതിന്റെ ഒരു വലിയ ഉദാഹരണമായി ഈ ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ 250 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. അതുമാത്രമല്ല, റബ്കോ ഒരു സി.പി.ഐ.(എം) അനുഭാവ സ്ഥാപനമാണെന്നുള്ള കാര്യം അറിയാമല്ലോ. റബ്കോയുടെ കടമായ 370 കോടി രൂപയിൽ 238 കോടി രൂപ ഗവൺമെന്റ് സെറ്റിൽ ചെയ്ത് അടയ്ക്കേണ്ട അവസ്ഥയുണ്ടായി. തിരിച്ചുകിട്ടുമെന്നാണ് പറയുന്നത്, എന്നാൽ തിരിച്ചുകിട്ടുമെന്ന അഭിപ്രായം ജനങ്ങൾക്കില്ല. അതൊരു സത്യവുമാണ്. അങ്ങനെ പലരീതിയിൽ വലിയ ധൂർത്ത് ഈ സമൂഹത്തിൽ ഉണ്ടാകുമ്പോഴും കർഷകനെ സംരക്ഷിക്കുന്ന ആത്മാർത്ഥമായ നടപടികൾ ഉണ്ടാകുന്നില്ലെന്നുള്ളതാണ് സത്യം. ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ സ്വർണ്ണം പണയ വായ്പയെ സംബന്ധിച്ച് സൂചിപ്പിച്ചു. കർഷകരല്ലാത്തവർ സ്വർണ്ണം പണയംവച്ച് 3 ലക്ഷം രൂപ എടുത്ത് പലിശയ്ക്ക് നൽകുവാനും മറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നുവെന്ന് പറഞ്ഞു. അതിൽ ഒരു ശതമാനമെങ്കിലും ശരിയുണ്ട്. അങ്ങ് പറഞ്ഞത് പൂർണ്ണമായും നുണയല്ല. പക്ഷെ അങ്ങനെയുണ്ടാകുമ്പോൾ തന്നെ നമുക്ക് വളരെയധികം കടബാധ്യതകളുണ്ട്. ഞാൻ മൂന്ന് ബാങ്കുകളിൽ നിന്നായി എന്റെ ഭൂമി വച്ച് കാർഷിക മേഖലയുമായി ബന്ധപ്പെട്ട വായ്പകൾ എടുത്തിട്ടുള്ള വ്യക്തിയാണ്. ഓരോ വർഷവും സമയമാകുമ്പോൾ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കാൻപോലും കഴിയുന്നില്ല. പലരോടും കടം വാങ്ങി പലിശ ഉൾപ്പെടെ അടച്ച് പുതുക്കിവയ്ക്കുന്ന സാഹചര്യമാണുള്ളത്. ഞാനും സ്വർണ്ണം പണയം വച്ച് ഇതുപോലെയുള്ള വായ്പകൾ എടുത്തിട്ടുണ്ട്. കൃഷിചെയ്തുകൊണ്ട് കർഷകൻ എന്ന രീതിയിൽ മുന്നോട്ടുപോകാൻ

കഴിയാത്തൊരു സാഹചര്യം കേരളത്തിലുണ്ട്. റബ്ബറിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. എനിക്കുണ്ടായിരുന്ന 500 റബ്ബർ അവസാനം സ്ലോട്ടർ വെട്ടി കൊടുക്കേണ്ട അവസ്ഥയുണ്ടായി. വെട്ടുകാരന് കൊടുക്കാൻ പോലുമുള്ള തുക അതിൽനിന്ന് കിട്ടുന്നില്ല. ഒരു വർഷത്തിൽ 365 ദിവസങ്ങളുണ്ട്. അതിൽ ടാപ്പിംഗ് തൊഴിലാളിക്ക് മഴയൊക്കെ മാറി കിട്ടുന്നത് എത്ര ദിവസമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇന്ന് നിയമസഭയിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞത് കഴിഞ്ഞ ഏഴ് മാസമായി മഴയായിരുന്നുവെന്നാണ്. മഴ മാറാതെ ഒരു കുഴിപോലും അടയ്ക്കുവാൻ പറ്റില്ലെന്നും പറഞ്ഞു. ഏഴ് മാസം മഴയാണെങ്കിൽ പിന്നീട് എത്ര മാസം ബാക്കിയുണ്ട്. 10 മാസം മഴയാണെങ്കിൽ നമുക്ക് രണ്ട് മാസമല്ലേ കിട്ടൂ, അതായത്, കേവലം 60 ദിവസം. ഒരു റബ്ബർ കർഷകന് രണ്ടുമാസംപോലും റബ്ബർ ടാപ്പ് ചെയ്യേണ്ട ആവശ്യം വരില്ല. ശ്രീ. വി. പി. സജീന്ദ്രൻ അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് റബ്ബർ ടാപ്പ് ചെയ്ത അനുഭവം പറയുകയുണ്ടായി. ടാപ്പിംഗ് തൊഴിലാളിക്ക് കൊടുക്കാനുള്ള തുക പോലും ഇന്ന് കിട്ടുന്നില്ല. രണ്ട് മാസക്കാലം ടാപ്പിംഗ് തൊഴിലാളിക്ക് നമ്മൾ കൂലി കൊടുക്കും. ബാക്കി 10 മാസം കൊടുക്കാൻ കഴിയില്ല. ടാപ്പിംഗ് മേഖലയിൽ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് കർഷകന് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത്തരം സാഹചര്യങ്ങളിൽ കിട്ടുന്ന വിലയ്ക്ക് സ്ലോട്ടർ വെട്ടിക്കൊടുക്കേണ്ട അവസ്ഥയാണ്. ആ സ്ഥലത്ത് ഞാനിപ്പോൾ പൈനാപ്പിൾ കൃഷി ചെയ്യുകയാണ്. റബ്ബറിനേക്കാൾ ലാഭകരമാണത്. പലപ്പോഴും മറ്റു കർഷകർക്കൊക്കെ വേണ്ട രീതിയിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് കിട്ടുന്നില്ല.

ഇവിടെ കർഷക ആത്മഹത്യകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇവിടെ അങ്ങ് തന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടി പറഞ്ഞത് വളരെ രസകരമാണ്. നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം കാണുമ്പോൾ നമ്മൾ നക്ഷത്രമെണ്ണിപ്പോകും. അതാണ് ഇവിടത്തെ അവസ്ഥ. ഇതിലേയ്ക്ക് വരുംമുൻപ് ഞാനൊരു കാര്യംകൂടി സൂചിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവിന് മരടിലെ വിഖ്യാതമായ ഫ്ലാറ്റ് സമുച്ചയത്തിൽ ഫ്ലാറ്റുണ്ടോ; എത്ര രൂപയ്ക്കാണ് അദ്ദേഹമത് വാങ്ങിയത്; അതിന് എത്ര രൂപ രജിസ്ട്രേഷൻ ഫീസ് കൊടുത്തുവെന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ മറുപടി വളരെ രസകരമായിരുന്നു. പത്രമാധ്യമങ്ങളിലത് വന്നതാണ്. ' ഏത് മുഖ്യമന്ത്രിയെന്ന് വ്യക്തമല്ലാത്തതുകൊണ്ട് ' ഉത്തരം നൽകുവാൻ കഴിയില്ലെന്ന മറുപടിയാണ് നൽകിയത്. കേരളത്തിലെ ബഹുമാനപ്പെട്ട മന്ത്രിമാർക്കുപോലും ഏത് മുഖ്യമന്ത്രിയാണെന്ന് അറിയാത്ത സാഹചര്യമുണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്ന കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തന്നെയാണെന്ന

കാര്യത്തിൽ ഒരു സംശയവും വേണ്ട. പക്ഷെ മറുപടി പറയുന്ന മന്ത്രിസഭയിലെ മന്ത്രിമാർക്ക് ആരാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്നുപോലും അറിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പുതിയ സംഭവവികാസങ്ങളുടെ പേരിൽ മുഖ്യമന്ത്രി ശ്രീ. ലോക്നാഥ് ബെഹ്റയാണെന്നുള്ള വല്ല തെറ്റിദ്ധാരണയും അവർക്കുണ്ടായതുകൊണ്ട് ചോദിച്ചതായിരിക്കുമോ?

ചെയർപേഴ്സൺ: ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത വിഷയമാണിത്.

1.00 P.M.]

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബില്ലുമായി ബന്ധപ്പെട്ട കാര്യമാണ് സംസാരിക്കുന്നത്. ബഹുമാനപ്പെട്ട ചെയർ ഈ കാര്യങ്ങളൊന്ന് ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്കാണ് പോകുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രി ആരാണെന്ന് പോലും ഇവിടത്തെ മന്ത്രിമാർക്ക് അറിയില്ലെന്ന് പറയുന്നത്ര നാണക്കേട് വേറെയുണ്ടോ? ആ രീതിയിലുള്ള മറുപടികളാണ് ലഭിക്കുന്നത്. 19-6-2018-ലെ ഒരു ചോദ്യം, "ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കൃഷിനാശം സംഭവിച്ച് ജപ്തിനടപടികൾ നേരിട്ട എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് അറിയാമോ?" അതിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി ഇപ്രകാരമാണ്. "ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷിനാശം സംഭവിച്ച് ജപ്തിനടപടികൾ നേരിട്ട കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല." അതൊന്നും മന്ത്രിക്ക് യാതൊരു ബോധ്യവുമില്ല. ജപ്തിയുണ്ടോ, നടപടികളുണ്ടായിട്ടുണ്ടോ, അത്മഹത്യ ചെയ്തിട്ടുണ്ടോ എന്നൊന്നും അദ്ദേഹത്തിനറിയില്ല. അദ്ദേഹം മന്ത്രിയായതിന്റെ പ്രത്യേക മാനസികാവസ്ഥയിൽ കേരളത്തിലെല്ലാം ഓടി നടന്നു കൊണ്ടിരിക്കുകയാണ്. പിന്നീടാണ് കാര്യം മനസ്സിലാക്കിയത്. 12.06.2019-ലെ ചോദ്യത്തിനുള്ള മറുപടികൂടി ഞാൻ ഇവിടെ വായിക്കാം. ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച ചോദ്യമാണ്. "ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തു". അതിന്റെ മറുപടി, '15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ആത്മഹത്യകൾ കർഷക ആത്മഹത്യയുടെ നിർവചനത്തിൽപ്പെടുന്നതല്ല. കർഷകരെടുത്തിട്ടുള്ള കാർഷികേതര വായ്പകളിന്മേലുള്ള ജപ്തി നടപടികളെ ത്തുടർന്നാണ് ആത്മഹത്യ ചെയ്തത് എന്നാണ്. ആദ്യം ഞാൻ പറഞ്ഞത് ശ്രീ. പി.

കെ. ശശിയുടെ ചോദ്യമായിരുന്നു. എൽ.ഡി.എഫ്.-ന്റെ ഒരു എം.എൽ.എ. എന്ന രീതിയിൽ ശ്രീ. പി. കെ. ശശി ചോദിച്ചപ്പോൾ, 'ആത്മഹത്യകൾ ഇല്ല' എന്ന് മറുപടി പറഞ്ഞു. ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിന് യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുള്ള മറുപടി നൽകി. അങ്ങ് പറയുന്നതിലെ വിരോധാഭാസം ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അങ്ങ് പറയുന്നത് കർഷകർ ആത്മഹത്യ ചെയ്തുവെന്ന നിർവ്വചനത്തിൽ വരുന്നില്ല. കർഷകർ ബാങ്കിൽ നിന്നും വായ്പയെടുത്തു. വായ്പയെടുത്തത് തിരിച്ചടയ്ക്കാത്തതിനെത്തുടർന്നുള്ള ജപ്തി നടപടികളുടെ പേരിലാണ് ഈ നടപടി. അപ്പോൾ അങ്ങ് കുറ്റക്കാരനായില്ല, ധാർമ്മിക ഉത്തരവാദിത്വമില്ല. ബാങ്കിനാണ് ധാർമ്മിക ഉത്തരവാദിത്വം വന്നത്. അപ്പോൾ ഈ രീതിയിലുള്ള മറുപടി നൽകുന്നത് ശരിയല്ല. അതുകൂടാതെ, '2019 ജനവരി 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും ഇടുക്കി ജില്ലയിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും വെളിപ്പെടുത്താമോ?' എന്ന ചോദ്യത്തിന് അങ്ങ് മറുപടി പറയുന്നത്, '12 കർഷകർ ആത്മഹത്യ ചെയ്തതിൽ 10 പേർ ഇടുക്കി ജില്ലയിലാണ്' എന്നാണ്. എത്രയോ കർഷകർ ഇവിടെ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. 2018-ലെ പ്രളയം കഴിഞ്ഞപ്പോൾ, സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് നമുക്ക് രണ്ട് കോടിയോളം പൗൾട്രി നഷ്ടപ്പെട്ടുപോയി. എഴുപതിനായിരത്തിലധികം പശുക്കൾ ചത്തുപോയി. പ്രളയം അധികം ബാധിക്കാത്ത ജില്ലകൾ കാസർഗോഡും തിരുവനന്തപുരവും കൊല്ലവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാക്കിയെല്ലാ ജില്ലകളിലും പ്രളയം വളരെയധികം ബാധിച്ചു. അൻപതിനായിരം ആടുകളാണ് ചത്തൊടുങ്ങിയത്. 57000 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോയി. ആ നഷ്ടം നികത്തണമെങ്കിൽ ധാരാളം സമയമെടുക്കും. അമ്പതിനായിരം ആടുകളെ വളർത്തിയെടുക്കാൻ എത്രവർഷമെടുക്കും; എഴുപതിനായിരത്തിലധികം പശുക്കളെ കൊണ്ടുവന്ന് വളർത്തി അത്രയും ഉണ്ടാക്കിയെടുക്കണമെങ്കിൽ എത്രയധികം സമയമെടുക്കും? അതുമായി ബന്ധപ്പെട്ടുണ്ടായ കാർഷിക മേഖലയിലെ നഷ്ടം എത്രമാത്രം വലുതാണെന്നുള്ളത് പറഞ്ഞറിയിക്കാൻ സാധിക്കില്ല. ഇങ്ങനെയൊക്കെ ഉണ്ടാകുമ്പോൾ കാർഷിക മേഖലയിൽ നമുക്കൊരു കാരുണ്യ പദ്ധതി വേണ്ടേ? മുൻ ധനകാര്യ വകുപ്പുമന്ത്രികൂടിയായിരുന്ന അന്തരിച്ച കെ. എം. മാണി കാൻസർ രോഗികളെ സഹായിക്കാൻവേണ്ടി കൊണ്ടുവന്ന ഏറ്റവും വലിയ ഇൻഷ്വറൻസ് പദ്ധതിയായിരുന്നു കാരുണ്യ ലോട്ടറി. ബഹുമാനപ്പെട്ട സി. പി. ജോൺ ആസൂത്രണ സമിതി അംഗമായിരുന്ന സമയത്ത്, കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ച നടന്നപ്പോൾ അദ്ദേഹത്തോട് ഒരാൾ ചോദിച്ചു, ഈ ഇൻഷ്വറൻസ് പദ്ധതിയിൽ എത്രയാണ് ഇൻഷ്വറൻസ് തുക അടയ്ക്കേണ്ടത്, എത്രയാണ് കവറേജ്, കാൻസർ രോഗി തുക വല്ലതും അടയ്ക്കണോ? അപ്പോൾ

അദ്ദേഹം പറഞ്ഞത്, രോഗികൾക്ക് ഇൻഷ്വറൻസ് കവറേജ് ലഭിക്കും, കാൻസർ രോഗികൾ തുക മുടക്കുകപോലും ചെയ്യേണ്ട; വളരെയധികം കാരുണ്യ രീതിയിലുള്ള പദ്ധതിയാണ് ഇതെന്നാണ്. ആ രീതിയിലുള്ള കാരുണ്യ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുമോ എന്നുള്ള കാര്യം ഇവിടെ പറയേണ്ടത് വളരെ അത്യാവശ്യമാണ്.

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ 16 മിനിട്ടായി.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 25 ശതമാനം ആളുകൾ മാത്രമാണ് താൻ കർഷകനാണെന്ന് പോലും പറയുന്നത്. ഇതിൽ എത്ര ശതമാനം ആളുകൾ ഇൻഷ്വറൻസ് എടുത്തിട്ടുണ്ട് എന്നതിനെപ്പറ്റി നമുക്ക് കൃത്യമായൊരു കണക്കുവേണ്ടേ? കാർഷിക മേഖലയിലുള്ള ആളുകളെ ഇൻഷ്വറൻസിന് കീഴിൽ കൊണ്ടുവരാൻ വേണ്ടിയുള്ള നടപടി അങ്ങ് നിർബന്ധമായും എടുക്കണം. മറ്റ് മേഖലയിൽ ഇൻഷ്വറൻസുണ്ടെന്ന് പറഞ്ഞാലും അതുമായി ബന്ധപ്പെട്ട വലിയ രീതിയിലുള്ള തിരിച്ചുവരവ് കർഷകനുണ്ടാകുന്നില്ലെന്നുള്ളതാണ് സത്യം. അങ്ങ് പറഞ്ഞു, ഒരു വാഴ നഷ്ടപ്പെട്ടാൽ 300-400 രൂപ ലഭിക്കുമെന്ന്. എത്രപേർക്ക് കിട്ടിയിട്ടുണ്ട്. കണക്കിൽ എന്തെങ്കിലും പറയാൻ പറ്റും. പക്ഷേ കൃത്യസമയത്ത് അത് ലഭിക്കുന്നില്ല. വാഴ കൃഷിചെയ്യുന്നൊരു കർഷകന് കാറ്റ് വന്ന് വാഴയെല്ലാം നശിച്ചുപോകുമ്പോൾ മനസ്സ് മടുത്തുപോകുകയാണ്. അങ്ങനെ നശിച്ചു പോകുന്നതിന്റെ പിറ്റേ ദിവസം നഷ്ടപരിഹാരം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിലേ കർഷകനെ സംരക്ഷിക്കാൻ പറ്റുകയുള്ളൂ. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിന്റെ സമീപത്ത് കാടുണ്ട്. ആനകൾ കയറി വന്ന് നിരവധി കൃഷിയിടങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിലും വലിയ പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറയുന്നത്, ആന ചവിട്ടിക്കൊന്നാൽ അഞ്ച് ലക്ഷം രൂപ ഉടൻ വീട്ടിൽക്കൊണ്ട് വന്ന് കൊടുക്കുമെന്നാണ്. ശരിയാണ്, ഞങ്ങളുടെ മണ്ഡലത്തിലെ സി.പി.ഐ.-ക്കാരനായ മുൻ പഞ്ചായത്തംഗം ജോൺ എബ്രഹാം നല്ലൊരു മനുഷ്യനായിരുന്നു. അദ്ദേഹം ഒരു ദിവസം തൊടാക്കയം എന്ന സ്ഥലത്തുകൂടി, കാട്ടിലൂടെ തന്റെ തറവാട്ട് വീട്ടിൽ പോയിട്ട് തിരികെ പോകുന്ന വഴിക്ക് കാട്ടാന അദ്ദേഹത്തെ ചവിട്ടിക്കൊല്ലുന്ന അവസ്ഥയുണ്ടായി. രണ്ട് ദിവസത്തിനുള്ളിൽ അദ്ദേഹത്തിന്റെ വീട്ടിൽ അഞ്ച് ലക്ഷം രൂപ കൊണ്ടുപോയി കൊടുത്തു. പക്ഷേ, ഇതുപോലെ തന്നെ, ഒരു വലിയ കൊലയാണ് കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരുടെ ഹൃദയത്തിൽ ഏൽപ്പിക്കുന്നത്. അക്കാര്യത്തിൽ, ഉടനടി നടപടി സ്വീകരിക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടുപോകുന്നു എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ജപ്തി നടപടികൾ ബാങ്കുകൾ

തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഇത് സ്വാഭാവികമായും കർഷകനെ ദ്രോഹിക്കുന്ന നടപടികൾ തന്നെയാണ്. ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചു. 2019 ഡിസംബർ 31 വരെ മൊറട്ടോറിയമുണ്ടെന്ന് പറയുമ്പോൾ, അതുമൂലം എന്തെങ്കിലും പ്രയോജനം ജനങ്ങൾക്കോ കർഷകർക്കോ ഉണ്ടായിട്ടുണ്ടോ? നിങ്ങൾ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ അത് നടപ്പിലാക്കിയിട്ടില്ല. ബാങ്കുകൾ അന്യായ പലിശയും ജപ്തിയും നോട്ടീസും പീഡനവുമൊക്കെ തുടർന്നുകൊണ്ടിരിക്കുകയാണ്. മുരിക്കാശ്ശേരിയിൽ കുന്നംപുറത്ത് സഹദേവൻ എന്ന കർഷകൻ വീടിനുള്ളിൽ കെട്ടിത്തൂങ്ങി മരിച്ചത് ജപ്തിമൂലമാണ്. തോപ്രാംകുടിയിൽ സന്തോഷ്, കീരിത്തോട് ദിവാകരൻ, വയനാട് ബത്തേരിയിൽ മുട്ടുപലി ബാലകൃഷ്ണൻ എന്നിവർ ആത്മഹത്യ ചെയ്തത് ഈ പീഡനംമൂലമാണ്. വയനാട് പുൽപ്പള്ളിയിൽ മൂന്ന് കർഷകർ ആത്മഹത്യ ചെയ്തത് അവരുടെ കാർഷിക കടവുമായി ബന്ധപ്പെട്ട കാര്യങ്ങളാലാണ്. പലയിടങ്ങളിലായി കർഷകർ ഓരോ ദിവസവും ആത്മഹത്യ ചെയ്യുന്നുവെന്നുള്ളത് നമ്മളെ വേദനിപ്പിക്കുന്നൊരു കാര്യം തന്നെയാണ്.

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, 20 മിനിട്ട് കഴിഞ്ഞു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഓർമ്മിപ്പിച്ചതിന് നന്ദി. പലപ്പോഴും കർഷകർ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനൊടുക്കുമ്പോഴും അവരെ സഹായിക്കുന്നതിനുള്ള സത്വര നടപടികൾ ഗവൺമെന്റ് ഇപ്പോഴും കൊണ്ടുവന്നിട്ടില്ലെന്നുള്ള യാഥാർത്ഥ്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ചെയർ സൂചിപ്പിച്ചതുകൊണ്ട് ദീർഘമായിട്ടുള്ള മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. പ്രളയവുമായി ബന്ധപ്പെട്ട് എത്രമാത്രം തുക സർക്കാരിൽ ലഭിച്ചുവെന്നതിന്റെ കണക്ക് എന്റെ കൈവശമുണ്ട്. മൊത്തം 4656.93 കോടി രൂപയാണ് ഗവൺമെന്റിലേക്ക് വന്നത്. രണ്ട് വർഷം കഴിഞ്ഞിട്ടും അതിൽ നിന്നും ചെലവഴിച്ചത് 2456.22 കോടി രൂപ മാത്രമാണ്. എന്നുപറഞ്ഞാൽ 2200 കോടി രൂപ ഇനിയും ചെലവഴിക്കാതെ കിടക്കുകയാണ്. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് നേരിട്ട് ചോദിക്കുകയുണ്ടായി, ഈ തുക ഹെഡ്ഡ് മാറ്റി ചെലവഴിച്ചില്ലേ എന്ന്. പ്രളയവുമായി ബന്ധപ്പെട്ട് കിട്ടിയ തുകയെല്ലാം നിങ്ങൾ ശമ്പളം നൽകാനും മറ്റ് കാര്യങ്ങൾക്കുംവേണ്ടി ചെലവഴിച്ചില്ലേ എന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൂസലില്ലാതെ മറുപടി പറഞ്ഞത്, ഫണ്ടെല്ലാം വരുന്നത് ട്രഷറിയിലേയ്ക്കാണ്, തുകയെല്ലാം പോകുന്നത് അവിടെ നിന്നാണ്. ട്രഷറിയിൽ ബാലൻസില്ലാതെയായി എന്നാണ്. വകമാറ്റി ചെലവഴിച്ചുവെന്ന് പറയുമ്പോൾ അതിന്റെ അർത്ഥമെന്താണ്? ഇവിടെ ഒരു ഹെഡ്ഡിൽ വന്ന തുക ആ ഹെഡ്ഡിൽ

ചെലവഴിക്കാതെ മറ്റൊരു ഹെഡ്ഡിൽ ചെലവഴിക്കുന്നു. ഉദാഹരണത്തിന്, നമ്മുടെ കയ്യിൽ ആയിരം രൂപയുണ്ട്. വീട്ടിൽ അരി വാങ്ങുവാൻ അഞ്ഞൂറ് രൂപ വേണം, കുട്ടികൾക്ക് ഫീസ് നൽകുവാൻ എണ്ണൂറ് രൂപ വേണം. കയ്യിലുള്ള ആയിരം രൂപ ആരെങ്കിലും തന്ന സംഭാവനയായിരിക്കാം. അത് കുട്ടികളുടെ ഫീസടയ്ക്കുവാൻ വേണ്ടി തന്നതാണെങ്കിൽ ഫീസ് അടയ്ക്കാതെ വേറെ ആവശ്യത്തിന് നമുക്കത് വിനിയോഗിക്കാം എന്ന് പറയുന്നതുപോലെ വകമാറ്റി ചെലവഴിക്കുന്നതാണ്.

ഒരു വ്യക്തിക്ക് ഒരു ദിവസം പണിക്കുപോയാൽ ചിലപ്പോൾ 1000 രൂപ കിട്ടാം. ആയിരം രൂപ കിട്ടുമെങ്കിൽ വീട്ടിൽ 500 രൂപയ്ക്ക് സാധനം വാങ്ങണമായിരിക്കാം, 200 രൂപ അദ്ദേഹത്തിന് ചെലവുണ്ടാകാം, 300 രൂപ വീടുമായി ബന്ധപ്പെട്ട മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാം. പക്ഷേ, അയാൾക്ക് വേണമെങ്കിൽ ആ പൈസമുഴുവൻ കള്ളുകുടിക്കാനായി വിനിയോഗിക്കാമെന്ന് പറയുന്നതുപോലെയാണ് സംസ്ഥാന ഗവൺമെന്റ് പണം ചെലവഴിക്കുന്നത് .

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞുവരുന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. 2018-ലെയും 2019-ലെയും മഹാപ്രളയത്തിനുശേഷം കാർഷിക ദുരിതാശ്വാസ ഇനത്തിൽ ധാരാളം പണം കൊടുക്കേണ്ടതുണ്ട്. കാരണം, ബാലൻസ് 2018-ൽ നിൽക്കുകയാണ്. കൃഷിവകുപ്പിലേയ്ക്ക് പണം വരാത്തതു കൊണ്ടാണ്, കൃഷിവകുപ്പിന് പണം വന്നിട്ടുണ്ടെങ്കിൽ അത് അപ്പോൾത്തന്നെ കൊടുത്തിട്ടുണ്ട്. അക്കാര്യത്തിലൊന്നും തർക്കമില്ല. പക്ഷേ, കൃഷിവകുപ്പിലേയ്ക്ക് പണം എന്തുകൊണ്ട് തരുന്നില്ല? 14 മാസമായിട്ടും എന്തുകൊണ്ട് തരുന്നില്ല? പണമില്ലായ്മയാണ്. ആ സാഹചര്യത്തിലാണ് വേൾഡ് ബാങ്കിൽനിന്നും കിട്ടിയ 1780 കോടി രൂപ ഈ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാതെ ശമ്പളം കൊടുക്കാനും പലിശ കൊടുക്കാനും വേറെ ആവശ്യങ്ങൾക്കുംവേണ്ടി വകമാറ്റി ചെലവഴിച്ചതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ 23 മിനിട്ടായി ഇനി എത്ര മിനിട്ടുകൂടി വേണം?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെട്ടെന്നുനിർത്താം. ഞാൻ വേൾഡ് ബാങ്കിൽനിന്നും കിട്ടിയ കണക്ക് സൂചിപ്പിക്കാൻ വിട്ടുപോയതാണ്. ആ കാശുകൂടി നിങ്ങൾ വകമാറ്റി ചെലവഴിച്ചു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചെറുപ്പക്കാരനാണ്. എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹമുള്ള ഒരാളാണ്. പക്ഷെ അദ്ദേഹത്തിന് ചെയ്യാൻ സാധിക്കുന്നില്ല, അദ്ദേഹത്തിന് പണം ലഭ്യമാകാതെ എങ്ങനെ ചെയ്യാൻ സാധിക്കും? ഈ രീതിയിൽ തുക പലയിനത്തിൽ വകമാറ്റി ചെലവഴിക്കുന്നുണ്ട്. കാർഷിക മേഖലയിൽ നല്ല

ഇടപെടൽ നടത്താൻ കഴിയാതെ പോകുന്നുവെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ഇവിടെ ധൂർത്തിന്റെ പര്യായമായി ഈ ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുകയാണ്. അഴിമതിമുക്തം എന്ന് സംസാരത്തിൽ മാത്രമേയുള്ളൂ; എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് വന്നവരാണ് നിങ്ങൾ. നിങ്ങൾക്ക് ഒന്നും ശരിയാക്കാൻ പറ്റിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങൾ നിരന്തരം അഴിമതിയിലേയ്ക്ക് പോകുകയാണ്. കണ്ണടച്ച് പാൽ കുടിക്കുന്ന പൂച്ചയെപ്പോലെയാണ് നിങ്ങൾ ഇവിടെ അഴിമതി നടത്തുന്നതെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കണം. അങ്ങ് അഴിമതി ചെയ്തുവെന്നല്ല, നിങ്ങൾ കൂട്ടായി നടത്തുന്ന അഴിമതിയാണ്. വ്യക്തിപരമായ അഴിമതികളൊന്നും ഞാനിവിടെ പറയുന്നില്ല. കൂട്ടായിനിന്നുള്ള വലിയ അഴിമതി ഇതുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ടെന്നുള്ളത് ഒരു പ്രശംസയായി നിങ്ങൾ കാണേണ്ട. നിങ്ങളുടെ അംഗങ്ങളാരും അത് പറയാൻ സാധ്യതയില്ല. അത്രയധികം ധൂർത്താണ് ഈ ഗവൺമെന്റിൽ നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ പ്രഖ്യാപിച്ച മൊറൊട്ടോറിയംപോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കർഷകനുവേണ്ടി കർഷകക്ഷേമ ബോർഡ് യാഥാർത്ഥ്യമാക്കണമെന്നുള്ള ആവശ്യം നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. അതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് പോയിട്ടുണ്ട്. ആ നടപടികൾ വന്നുകഴിഞ്ഞാൽ തീർച്ചയായും യുവാക്കളായ കർഷകർക്ക് ഈ രംഗത്തേയ്ക്ക് വരാൻ കഴിയും. എന്തുകൊണ്ടാണ് യുവാക്കൾ കൃഷിരംഗത്തേക്ക് വരാത്തത്? നിരവധി യുവകർഷകരുണ്ട്. പക്ഷേ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് ലാഭമുണ്ടാക്കാൻ കഴിയുമോ എന്നുചോദിച്ചാൽ എല്ലാവരും പറയും, നഷ്ടമാണ്, ആ രംഗത്തേയ്ക്ക് പോകരുതെന്നാണ്. കുട്ടികളായിരിക്കുമ്പോൾത്തന്നെ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുസമൂഹത്തിൽ വന്നുകഴിഞ്ഞാൽ അവന് വലിയ നഷ്ടം സംഭവിക്കും, അവന് ജീവിക്കാൻ പറ്റില്ല, അവന് കല്യാണംപോലും കഴിക്കാൻ സാധിക്കില്ലെന്നുള്ള മിഥ്യാധാരണ അവന്റെ മനസ്സിലുണ്ടാക്കുകയാണ്. ആ മിഥ്യാധാരണയ്ക്ക് മാറ്റമുണ്ടാകണമെങ്കിൽ പ്രളയമുണ്ടായതിനു ശേഷമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പഠിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. പ്രളയമുണ്ടായപ്പോൾ എത്രയോ മേൽമണ്ണ് ഒലിച്ചുപോയി, എത്രയോ വളക്കൂറുള്ള മണ്ണ് നഷ്ടപ്പെട്ടു. ഇനി കൃഷിയിടങ്ങളിൽ കൃഷി ചെയ്താൽ ലാഭമുണ്ടാകുമോ? ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ കഴിയുമോ എന്നുള്ള രീതിയിലുള്ള പല പ്രശ്നങ്ങളും നാട്ടിൽ നിലനിൽക്കുമ്പോൾ, അതിനെക്കുറിച്ചുള്ള വ്യക്തമായ പഠനവും കാര്യങ്ങളും ഉണ്ടെങ്കിൽ മാത്രമേ കാർഷിക മേഖലയിൽ പുതിയ ഉണർവുണ്ടാകാനും ചെറുപ്പക്കാർ മുന്നോട്ടുവരാനുമുള്ള സാഹചര്യമുണ്ടാകുകയുള്ളൂ. വാനിലയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു, വാനിലയുടെ ഒരു ചെറിയ തണ്ടിന് 500 രൂപ കിട്ടുമെന്ന് ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പറയുകയുണ്ടായി. ഞാൻ അമേരിക്കയിൽ

പോയപ്പോൾ അവിടെ വിൽക്കാനായി വച്ചിരിക്കുന്ന മൂന്ന് ഇല കണ്ടു. മൂന്ന് ഇലയുടെ വില പത്ത് ഡോളറാണ്. ആ ഇല എന്താണെന്ന് അറിയാമോ? മാവിന്റെ ഇലയാണ്. മൂന്ന് മാവിന്റെ ഇല പ്ലാസ്റ്റിക് കൂടിനുള്ളിലടച്ച് അവിടെ കടയിൽ വിൽക്കാൻ വച്ചിരിക്കുകയാണ്. അവർക്ക് അവിടെനിന്നുതന്നെ കിട്ടും. കേരളത്തിൽനിന്ന് കയറ്റി അയച്ചാൽ ലാഭമുണ്ടാകുമെന്ന് ഞാൻ ചിന്തിച്ചതാണ്. പക്ഷേ, അത് അവിടെത്തന്നെ കിട്ടുന്നൊരു സാഹചര്യമുണ്ട്. ഒരു മാവില രാവിലെ വെള്ളത്തിലിട്ട് അത് ചൂടാക്കി തിളപ്പിച്ചുകുടിക്കുകയാണെങ്കിൽ കൊളസ്ട്രോളും മറ്റുപല അസുഖങ്ങളും ഇതുമൂലം ഇല്ലാതാകുമെന്നാണ് പറയുന്നത്. കാർഷികമേഖലയിലുണ്ടാകുന്ന ഉത്പന്നങ്ങൾക്ക് വില കിട്ടുന്നില്ല, വിപണിയില്ല. എന്റെ വീട്ടിലെ പശു പ്രസവിച്ചപ്പോൾ, ആ പശുവിന്റെ കിടാവ് ഒരു മൂരി കിടാവായിപ്പോയി. എന്റെ ഭാര്യയടക്കം എല്ലാവരും പശുക്കിടാവ് ഉണ്ടാകണമെന്ന് പ്രാർത്ഥിച്ചതാണ്. പക്ഷേ, മൂരി കിടാവായിപ്പോയി. അതിനെ കുറച്ചുനാൾ വളർത്തി അതിനുവേണ്ട പിണ്ണാക്കും ചെലവും സൗകര്യവും കൊടുത്ത് കൂടാതെ അതിനുവേണ്ടി പുല്ല് വെട്ടാനായി ആളെയും വച്ച് അഞ്ചോ എട്ടോ മാസം അതിനെ പരിപാലിച്ചു. കണക്ക് നോക്കുമ്പോൾ പതിനായിരം രൂപയ്ക്ക് മുകളിൽ എനിക്ക് ചെലവുണ്ട്. പിന്നീടത് 2500 രൂപയ്ക്ക് വിൽക്കേണ്ടി വന്നു. ആദ്യം വന്ന ഒരാൾ എന്നോട് 3500 രൂപ പറഞ്ഞു. പക്ഷേ വീട്ടിൽ വന്ന മൃഗഡോക്ടർ 5000 രൂപ കിട്ടുമെന്ന് പറഞ്ഞു. അതുകൊണ്ട് വിറ്റില്ല. അവസാനം രണ്ടുദിവസം മുമ്പ്, ഞാൻ ഇങ്ങോട്ട് വരുന്നതിന് മുമ്പ്, കുറച്ച് സാമ്പത്തികാവശ്യമുള്ളതുകൊണ്ട് 2500 രൂപയ്ക്ക് മൂരി കിടാവിനെ വിൽക്കേണ്ട അവസ്ഥയുണ്ടായി.

സംസ്ഥാന ഗവൺമെന്റ് കാർഷികമേഖലയിലെന്നല്ല എല്ലാ മേഖലയിലും സമ്പൂർണ്ണമായി പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്; വലിയ കാര്യങ്ങൾ പറയുന്നുണ്ട്; പല രീതിയിലുള്ള ഓമനപ്പേരിട്ട് അതിനെ വിളിക്കുന്നുണ്ട്; പക്ഷേ ഇതൊന്നും പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളായി മാറുകയോ ഗുണപരമായ മാറ്റങ്ങളോ ഉണ്ടാകുന്നില്ല. ഇവിടെയുള്ള ഒരു കാര്യം പറയാം, ഈ നിയമസഭാ സമുച്ചയം, എത്ര മനോഹരമായ കെട്ടിടമാണ്. ഇവിടെ ഏതെങ്കിലുമൊരു മെയിന്റനൻസ് എപ്പോഴെങ്കിലും വേണമെന്ന് ആരെങ്കിലും പറയുമോ? നമുക്ക് ഇവിടെ ശങ്കരനാരായണൻ തമ്പി ലോഞ്ചുണ്ട്. ആദ്യത്തെ സ്പീക്കറല്ലേ അദ്ദേഹം.XXXXXXXXX *

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങ് പ്രസംഗം ചുരുക്കണം.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.6232/ഇ.ബി./2019/നി.സെ., തീയതി 7-11-2019) രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മുൻ സ്പീക്കറായിരുന്ന ആളുടെ കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. ചെയർ ശ്രദ്ധിക്കണം.

ചെയർപേഴ്സൺ: അങ്ങനെയല്ല, സ്പീക്കറുടെ അധികാരപരിധിയിൽ നിൽക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട ചർച്ച സഭയിൽ കൊണ്ടുവരുന്നത് ഭംഗിയല്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: XXXX*

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, പ്രസംഗം അവസാനിപ്പിക്കൂ. വിഷയത്തിൽ നിന്ന് മാറിപോകുകയല്ലേ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: അങ്ങനെ പറയാറുണ്ടല്ലോ;

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബഹുമാന്യനായ പെരുമ്പാവൂർ എം.എൽ.എ. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞുവന്നത്, സർക്കാർ ഇപ്പോൾ കടത്തിലാണ്, കൃഷിക്കാർ കടത്തിലാണ്, നാട്ടിലെ ജനങ്ങൾ കടത്തിലാണ്, റോഡിന്റെ കുഴികൾ അടയ്ക്കാൻപോലും പണമില്ല. XXXXXX

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒരു മാനദണ്ഡവും ഇവിടെയില്ല. XXXXXXX ഇങ്ങനെ കുറേ മാനദണ്ഡങ്ങളുണ്ട്. അതൊക്കെ നാട്ടിൽ അറിയാവുന്ന കാര്യങ്ങൾ തന്നെയാണ്. ഇവിടെ ഊരാളുങ്കൽ സൊസൈറ്റിയുടെ അതികഠിനമായ രീതിയിലുള്ള ഇടപെടൽ ഉണ്ടാകുന്നുണ്ട് എന്നുള്ളത് സത്യമാണ്.

ചെയർപേഴ്സൺ: ഗുരുവായൂർ എം.എൽ.എ. പോയിന്റ് ഓഫ് ഓർഡർ ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തെറ്റായതും അടിസ്ഥാനരഹിതവുമായ ഒരു ആരോപണം ഏതെങ്കിലും ഒരു രേഖയുടെ പിൻബലത്താൽ അല്ലാതെ, എഴുതിക്കൊടുത്തുകൊണ്ടല്ലാതെ ഈ സഭയിൽ ഉന്നയിക്കുന്നത് സഭാചട്ടങ്ങൾക്ക് എതിരാണ്. അത് ഞാൻ പോയിന്റ് ഓഫ് ഓർഡറായി ഉന്നയിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഇന്ത്യയിൽ മറ്റൊരു സ്ഥാപനത്തിലും ഇല്ലാത്തവിധം മൂന്നുകൊല്ലത്തിൽ ഒരു പ്രാവശ്യം തെരഞ്ഞെടുപ്പ് നടത്തും. 100 കൊല്ലം മുമ്പ് വാഗ്ഭടാനന്ദ സ്വാമി തുടങ്ങിയതാണ്. സാധാരണക്കാരായ തൊഴിലാളികൾ നടത്തിയൊരു സ്ഥാപനം അവർ കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് നല്ല നിലയിലെത്തി. ഇന്ന് കേരളത്തിലും ഇന്ത്യയിലും അതുപോലെ ഏഷ്യയിലെ മറ്റ് രാജ്യങ്ങളിൽനിന്നും വന്ന് ഈ സ്ഥാപനത്തെ പഠിക്കുകയാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റി തൊഴിലാളികളുടേതാണ്. അത് എങ്ങനെ വന്നു

എന്നതിനെപ്പറ്റി പറഞ്ഞോളൂ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ സ്ഥാപനത്തിന് മന്ത്രിമാർ അറിഞ്ഞ് എത്ര സ്ഥലത്ത് അവർക്ക് വർക്ക് കൊടുത്തു? അത് അറിയണം. അതുകൊണ്ട് ഒരു സ്ഥാപനത്തെപ്പറ്റി അങ്ങനെ പറയുന്നത് നല്ലതല്ല.

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, 30 മിനിട്ടായി അവസാനിപ്പിക്കണം. ഇങ്ങനെ നീട്ടിക്കൊണ്ട് പോകാൻ പറ്റില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:സർ, ഞാനിവിടെ ആരോപണമായി ഉന്നയിച്ചതല്ല. XXXXX*

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഊരാളുങ്കൽ സൊസൈറ്റിക്ക് അനധികൃതമായി കൊടുത്തുവെന്ന് പറയുന്നത് വസ്തുതാവിരുദ്ധമായ കാര്യമാണ്. ഊരാളുങ്കൽ സൊസൈറ്റി അടക്കമുള്ള സൊസൈറ്റികൾക്ക് ഇത്തരം കാര്യങ്ങൾ കൊടുക്കുന്നത് ചട്ടപ്രകാരം മാത്രമാണ്. മാത്രമല്ല, തൃശ്ശൂർ ജില്ലയിലെ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി, ആരാണ് അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്നുള്ള കാര്യം ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ള സീനിയർ നേതാക്കന്മാർക്കറിയാം. അത്തരം എൻലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന സൊസൈറ്റികൾക്ക് കൃത്യമായ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊടുക്കുന്നത്. വളരെ റെപ്യൂട്ടഡായിട്ടുള്ള സ്ഥാപനങ്ങളാണ്. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിനെ ഒരു അഴിമതിയുടെ രീതിയിലേയ്ക്ക് ഉന്നയിച്ചത് രേഖയിൽ നിന്നും നീക്കം ചെയ്യണം. അത് ശരിയായ കാര്യമല്ല.

ചെയർപേഴ്സൺ: അത് പരിശോധിക്കാം.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട പെരുമ്പാവൂർ എം.എൽ.എ. എൽദോസ് പി. കുന്നപ്പിള്ളിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഇവിടത്തെ നിർമ്മാണവുമായി ബന്ധപ്പെടുത്തി സൊസൈറ്റിയെ പരാമർശിച്ചശേഷം, XXXXX* അത് അടിസ്ഥാനരഹിതവും തെറ്റും ദുഃസൂചന നൽകുന്നതും സഭാരേഖകളിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, പതുക്കെ വളർന്നു വളർന്നുവരിക, അതായിരിക്കും നല്ലത്. XXXXXX അതുകൊണ്ട് അത് സ്വയം പിൻവലിക്കാൻ പറ്റുമെങ്കിൽ പിൻവലിക്കൂ, അല്ലെങ്കിൽ രേഖയിൽ നിന്നും നീക്കം ചെയ്യണം.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.6232/ഇ.ബി./2019/നി.സെ., തീയതി 7-11-2019) രേഖയിൽ നിന്നും നീക്കം ചെയ്തു.

ചെയർപേഴ്സൺ: ആ ചർച്ച ഇങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. കാർഷിക കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട ബില്ലാണ്. സബ്ജക്ടിനകത്തുനിന്ന് അംഗങ്ങൾ സംസാരിക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പെരുമ്പാവൂർ കുന്നത്തുനാട് താലൂക്കിലെ റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് സബ്മിഷൻ ഉന്നയിച്ചു. സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. മന്ത്രി പറഞ്ഞത്, ടെണ്ടർ വിളിച്ചെങ്കിലും എടുക്കാൻ ആളില്ല, എനിക്കിപ്പോൾ എന്തുചെയ്യാൻ പറ്റും എന്നാണ്. അപ്പോൾ ഇതുപോലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഊരാളുങ്കൽ സൊസൈറ്റി തയ്യാറായി വരുന്നുണ്ടല്ലോ. അപ്പോൾ കേരളത്തിലെ ടെണ്ടർ എടുക്കാത്ത റോഡുകളുടെ ടെണ്ടർ എടുക്കാനായി എന്തുകൊണ്ട് അവർ വരുന്നില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഊരാളുങ്കൽ സൊസൈറ്റിയോട് അങ്ങയുടെയും എന്റെയും മണ്ഡലത്തിലെ റോഡുകളുടെ കുഴിയടയ്ക്കാനുള്ള ടെണ്ടറെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന് പറയാൻ അങ്ങ് തയ്യാറാണോ?

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ശ്രീ. കെ. എസ്. ശബരിനാഥനുകൂടി വഴങ്ങിയിട്ട് മറുപടി പറയാം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം പറഞ്ഞ കാര്യങ്ങൾക്ക് മറുപടിയായി ശ്രീ. സി. കെ. നാണുവേട്ടൻ പഴയ കാര്യങ്ങളെല്ലാം പറഞ്ഞു. 1960-ലും 1970-ലുമുള്ള ഊരാളുങ്കൽ സൊസൈറ്റിയല്ല 2019-ലുള്ളതെന്നുള്ള കാര്യം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ശ്രദ്ധിച്ചിട്ടുണ്ടോ; അതോടൊപ്പംതന്നെ, ഒരു കോൺട്രാക്ടിംഗ് കമ്പനിക്കുവേണ്ടി ഇത്രയധികം എം.എൽ.എ.-മാരും മന്ത്രിമാരും ന്യായീകരിക്കുന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ. വിഷയം മാറിപ്പോകുകയാണ്. ബില്ലിലേയ്ക്ക് വരൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാനിവിടെ വ്യക്തിപരമായ ഒരു ആരോപണവും ആർക്കെതിരെയും ഉന്നയിച്ചിട്ടില്ല. XXXXXXX* ചിലപ്പോൾ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.6232/ഇ.ബി./2019/നി.സെ., തീയതി 07.11.2019) രേഖയിൽ നിന്നും നീക്കം ചെയ്തു.

അവിടെ കൊടുക്കുന്നില്ലായിരിക്കും, പുറത്തെവിടെ യെങ്കിലുമായിരിക്കും കൊടുക്കുന്നത് എന്ന് മാത്രമാണ് എനിക്ക് അക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഞാൻ അതിൽ നിന്നും പിൻവാങ്ങി. ആ ഒരു രീതിയിൽ ഞാൻ പറയുന്നില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, കമ്മീഷൻ ഞങ്ങളുടെ ഏർപ്പാടല്ല. കമ്മീഷൻ വാങ്ങി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് ആരാണെന്ന് എല്ലാവർക്കും അറിയാം. ...(ബഹളം)...

ചെയർപേഴ്സൺ: ബില്ലിലേയ്ക്ക് വന്ന് അങ്ങ് അവസാനിപ്പിക്കു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് വരട്ടെ. ...(ബഹളം)... ശ്രീ. കെ. എസ്. ശബരിനാഥൻ സൂചിപ്പിച്ചതുപോലെ, ഒരു സൊസൈറ്റിയുമായി ബന്ധപ്പെട്ട് ഒരു ആരോപണം ഉന്നയിക്കുമ്പോൾ ഇത്രയധികം ആളുകൾ എന്തിനാണ് ചാടി എഴുന്നേൽക്കുന്നത്. .......(ബഹളം).....

ചെയർപേഴ്സൺ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് ഇരിക്കു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സാർ, എന്തിനാണ് ഇവർ ഇങ്ങനെ ബഹളം വയ്ക്കുന്നതെന്ന് മനസ്സിലാകുന്നില്ല.

ശ്രീ. സി. കെ. നാണു: സർ, ......

ചെയർപേഴ്സൺ: അദ്ദേഹം പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. ശ്രീ. സി. കെ. നാണുവിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങ് പ്രസംഗം അവസാനിപ്പിക്കു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാനൊന്നും പറഞ്ഞിട്ടില്ല. കണ്ണൂർ കമ്മിറ്റി എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. ഈ 16 കോടി രൂപ കർഷകർക്കുവേണ്ടി വിനിയോഗിക്കാൻ പാടില്ലേ; ആത്മഹത്യ ചെയ്ത ആളുകൾക്ക് വീതംവച്ച് കൊടുക്കാൻ പാടില്ലേ; ഞങ്ങൾക്ക് സങ്കടമുള്ളതുകൊണ്ട് പറയുന്നതാണ്. കർഷകൻ ഇവിടെ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇതുപോലെയുള്ള ധൂർത്ത് അനുവദിക്കാൻ പാടില്ലെന്നാണ് ഞങ്ങൾ പറയുന്നത്. റീ-ബിൽഡ് കേരളയുടെ ഓഫീസ് നവീകരിക്കാൻ എത്ര ലക്ഷം രൂപയാണ് ഇവിടെ വിനിയോഗിച്ചത്. ഉപദേശകന്മാരുടെ എണ്ണം കൂടിക്കൂടി വലിയ ധൂർത്ത് നടന്നുകൊണ്ടിരിക്കുകയല്ലേ. കിഫ്ബിയിൽ ഇഷ്ടക്കാരെ കയറ്റിവച്ച് വലിയ ധൂർത്ത് നടന്നുകൊണ്ടിരിക്കുകയല്ലേ. ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ വലിയ അഴിമതിയും ധൂർത്തുമല്ലേ നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒരു അഴിമതിയുമില്ലെന്ന് പറയുവാൻ എന്ത് അവകാശമാണ് നിങ്ങൾക്കുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. സമസ്ത മേഖലയിലും വലിയ തോതിലുള്ള അഴിമതി നടക്കുകയാണ്. 'കോരന്

കുമ്പിളിൽത്തന്നെ കഞ്ഞി ' എന്നുപറയുന്നതുപോലെ കർഷകന് എന്നും കണ്ണീര് മാത്രമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട സി. കെ. നാണുവിന് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, ഈ സ്ഥാപനം എന്റെ നാട്ടിലാണ്. ആ സ്ഥാപനത്തിന്റെ വാർഷിക യോഗത്തിന്, 5000 തൊഴിലാളികൾ പങ്കെടുക്കുന്ന യോഗത്തിൽ ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാൻ വർഷങ്ങളായി അവരെ അഭിസംബോധന ചെയ്ത് വരുന്നു. അവിടെ മൂന്ന് കൊല്ലത്തിൽ ഒരു പ്രാവശ്യം തെരഞ്ഞെടുപ്പാണ്. പ്രസിഡന്റ് തുടങ്ങി എല്ലാവരെയും ആവശ്യമാണെങ്കിൽ മാറ്റും. അങ്ങനെ ഇന്ത്യയ്ക്ക് മാതൃകയായ ഒരു സഹകരണ സ്ഥാപനത്തെ സംബന്ധിച്ച് ഇങ്ങനെ പറയരുത്. യു.ഡി.എഫ്. അധികാരത്തിൽ വന്ന അവസരത്തിലും മന്ത്രിമാർ ആ സ്ഥാപനത്തിന്റെ വ്യക്തിത്വം മനസ്സിലാക്കിയിട്ട് ഇതുപോലെ കോൺട്രാക്ട് കൊടുക്കുന്നതിന് അവസരമുണ്ടാക്കിയിട്ടുണ്ട്. വേണമെങ്കിൽ എന്തിനെയും ആക്ഷേപിക്കാം. ഞങ്ങളെല്ലാം പഴയ കാലത്തുള്ളവരാണ്. ഒരു ബാങ്ക് ബാലൻസോ അഞ്ച് പൈസയോ ഉണ്ടാക്കിയിട്ട് പറയുന്നതല്ല. പക്ഷെ പറയുന്നത് വസ്തുതയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഇ. കെ. വിജയൻ: സർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2006-ൽ ഇത്തരമൊരു ബിൽ കൊണ്ടുവരാനിടയായ സാഹചര്യം നാം ഓർക്കണം. ഗാട്ട്-ആസിയാൻ കരാറിനെ തുടർന്ന് ഇന്ത്യൻ കാർഷിക മേഖല തകരുകയും കർഷകർ കൂട്ട ആത്മഹത്യ ചെയ്യുകയും ചെയ്ത നാളുകളായിരുന്നു അത്. ലക്ഷക്കണക്കിന് കൃഷിക്കാരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. അതിന്റെ ഭാഗമായി കേരളത്തിലും കാർഷിക മേഖല തകർച്ച നേരിട്ടതിനെ തുടർന്ന് വയനാട്, ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിലും കർഷകരുടെ ആത്മഹത്യ വർദ്ധിച്ചു. ആ സാഹചര്യത്തിൽ അതിനെ എങ്ങനെ നേരിടാൻ കഴിയുമെന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാന ഗവൺമെന്റുകളോ കേന്ദ്ര ഗവൺമെന്റോ ആലോചിക്കാത്ത സാഹചര്യത്തിലാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് 2006-ൽ ഇതിന് പരിഹാരം എങ്ങനെ കാണാൻ കഴിയും, എങ്ങനെയൊരു ആശ്വാസ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ആലോചിക്കുകയും കാർഷിക കടാശ്വാസ കമ്മീഷൻ ഓർഡിനൻസ് കൊണ്ടുവന്ന് അത് നിയമമാക്കി നടപ്പിലാക്കുകയും ചെയ്തത്. അതിന്റെ ഭാഗമായി കേരളത്തിലെ കർഷക ആത്മഹത്യ തടയാൻ കഴിഞ്ഞു. ജനസംഖ്യയുടെ ഏറിയ പങ്കുമുള്ള കൃഷിക്കാരെ

സംരക്ഷിക്കേണ്ടത് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ചുമതലയാണെന്ന വിശ്വാസത്തോടുകൂടി ഈ നിയമം നടപ്പിലാക്കുകയും അതിന്റെ ആശ്വാസം കേരളത്തിന് ലഭിക്കുകയും ചെയ്തു. അതിനെക്കുറിച്ച് പറയാതെ മറ്റ് സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങൾ വിമർശനപരമായി ഉന്നയിക്കുന്ന നിലയാണ് അപ്പുറത്തുനിന്ന് കേൾക്കാൻ ഇടയായത്. അന്ന് ഭരിച്ചവർ ആരാണെന്ന് അവർ ഓർത്തില്ല. യു.പി.എ.-യും എൻ.ഡി.എ.-യും തുടരുന്ന നയങ്ങളുടെ ഭാഗമായാണ് ഇന്ത്യൻ കാർഷിക മേഖല തകരുന്നത്. ഇന്ന് ഇന്ത്യയിൽ കൃഷിക്കാരുടെ ഉജ്ജ്വലമായ സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കൃഷിക്കാർ അസംഘടിതരാണ്. ജീവിക്കാൻ വേണ്ടിയുള്ള അവരുടെ അവകാശം നേടിയെടുക്കാൻ ആത്മഹത്യയല്ല, പോരാട്ടമാണ് വേണ്ടതെന്ന് കണ്ടുകൊണ്ടാണ് ഇന്ത്യയിലെ കൃഷിക്കാരുടെ ഒട്ടേറെ സംഘടനകളെ ഒരുമിച്ച് നിർത്തിക്കൊണ്ട് അത്തരം വലിയ പ്രക്ഷോഭങ്ങൾ നമ്മുടെ രാജ്യത്ത് ഉയർന്നുവന്നിട്ടുള്ളത്. എന്നാൽ ഞങ്ങൾ അതിൽ നിന്നും പിന്നോട്ട് പോകുന്നവരല്ലെന്ന് കാണിച്ചുകൊണ്ട് നേരത്തേ യു.പി.എ. എടുത്ത നിലപാടുകളെ കുറച്ചുകൂടി ശക്തിപ്പെടുത്തിക്കൊണ്ട് ലോക രാജ്യങ്ങളുമായി കരാറിലേയ്ക്ക് രാജ്യം നീങ്ങുകയാണ്. അതാണ് ആർ.സി.ഇ.പി. ഉൾപ്പെടെയുള്ള കരാറുകൾ. ആർ.സി.ഇ.പി. കരാറിൽ, ഇന്ത്യൻ കർഷകരുടെ രോഷം ശക്തിപ്പെട്ടതുകൊണ്ടല്ല, ഗുജറാത്തിലെ കൃഷിക്കാരൻ ആശങ്ക പ്രകടിപ്പിക്കുന്നതുകൊണ്ടല്ല, ചൈനയുമായി അങ്ങനെയൊരു കരാറിൽ ഒപ്പിടുന്നത് ഞങ്ങൾക്ക് ഇഷ്ടമല്ലായെന്ന് അമേരിക്ക പറയുന്നതിന്റെ ഭാഗമായാണ് ശ്രീ. നരേന്ദ്ര മോദി അതിൽ നിന്ന് പിന്തിരിയാനുള്ള ആലോചന ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ അവർക്ക് വിഷയമല്ല. നേരത്തെ ലോക കോർപ്പറേറ്റുകൾ യു.പി.എ.-യെ നിയന്ത്രിച്ചതുപോലെ അമേരിക്കയാണ് ഇന്ന് ശ്രീ. നരേന്ദ്ര മോദിയെ നിയന്ത്രിക്കുന്നത്. അപ്പോൾ ചൈനയുമായി ഒരു കരാർ ഉണ്ടാക്കിയാൽ ഇന്ത്യയും ചൈനയും അടുത്ത ബന്ധം നിലനിൽക്കുന്ന സാഹചര്യത്തിലേയ്ക്ക് വരും. അത് അതിനേക്കാളേറെ വിപത്ത് അമേരിക്കയ്ക്കുണ്ടാക്കുമെന്ന് കണ്ടുകൊണ്ടാണ് അമേരിക്ക 'അരുത്' എന്ന് പറഞ്ഞതിന്റെ ഭാഗമായി അതിൽനിന്ന് പിൻവലിയാനുള്ള നിലപാടിലേയ്ക്ക് ശ്രീ. നരേന്ദ്ര മോദി ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ കൂടി ഭാഗമായി ഉണ്ടാകാൻ പോകുന്ന വിപത്ത് എത്രമാത്രം കാഠിന്യമേറിയതായിരിക്കും. ഇതെല്ലാം കണ്ടുകൊണ്ടാണ് 2006-ൽ നിന്ന് 2019-ലേയ്ക്ക് ദീർഘനാളത്തെ യു.പി.എ., എൻ.ഡി.എ., ഭരണത്തെത്തുടർന്ന് തകർന്ന് തരിപ്പണമായ കാർഷിക മേഖലയിലെ കൃഷിക്കാർക്ക് സഹായം ലഭ്യമാക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കൃഷിക്കാരോടുള്ള ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയാണ് ഈ ബില്ലിലൂടെ കാണിക്കുന്നത്. 2006-ലെ ഗവൺമെന്റ് കൊണ്ടുവന്ന, പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റിന് അതിൽ മാറ്റം വരുത്തണമെന്ന് തോന്നിയില്ലല്ലോ? ഇന്ത്യ ഒരു കാർഷിക രാജ്യമാണെന്ന് പഠിച്ച് വളരുന്നവരാണ് നാം. പക്ഷെ കൃഷിക്കാരനുമാത്രം സഹായം നൽകില്ല. ഏത് കാർഷിക മേഖല

പരിശോധിച്ചാലും അവർ അസംഘടിതരാണെന്നതുകൊണ്ട് അവരെ സഹായിക്കാൻ പദ്ധതിയില്ല. ബാക്കി എല്ലാ മേഖലകളിലും സഹായം ലഭ്യമാക്കുന്നു. കഴിഞ്ഞ യു.പി.എ ഗവൺമെന്റിന്റെ അവസാന നാളുകളിലും എൻ.ഡി.എ. ഗവൺമെന്റും പുത്തൻ സാമ്പത്തിക നയങ്ങളുമായി മുന്നോട്ടുപോയി. അതിന് പുത്തൻ സാമ്പത്തിക നയമെന്നാണ് പേര്. ആ പേര് അതിന് അനുയോജ്യമല്ല. ലോക സാമ്രാജ്യത്വ സാമ്പത്തിക നയം ഇന്ത്യയിൽ നടപ്പിലാക്കാൻ തുടങ്ങിയതിനെത്തുടർന്ന് കാർഷിക മേഖല നിലംപരിശാകുന്ന സാഹചര്യത്തിലെത്തിയിരിക്കുകയാണ്. അതിന്റെ ഭാഗമായി പണ്ട് ബ്രിട്ടീഷുകാർ ഇന്ത്യയിലേയ്ക്ക് വന്നതുപോലെ ഇന്ത്യയുടെ ഭൂമിപോലും വീണ്ടും അവരുടെ കൈകളിലേയ്ക്ക്, ലോക കോർപ്പറേറ്റുകൾക്ക് വാങ്ങാനുള്ള അവസരമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തെ ഉണ്ടാക്കിയ കരാറിന്റെ ഭാഗമായി നമ്മുടെ ഭൂമി വിദേശികൾക്ക് വാങ്ങാനുള്ള അവസരമുണ്ടാക്കി. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി അവർക്ക് വാങ്ങാനുള്ള അവസരമുണ്ടാക്കി. അങ്ങനെ കാർഷിക മേഖല തകരുകയാണ്. പൊതുമേഖലാ ബാങ്കുകൾ കൃഷിക്കാരെ സഹായിക്കാത്ത സാഹചര്യത്തിൽ നമ്മൾ സഹകരണ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തി. അവരാണ് കൃഷിക്കാർക്കുള്ള ആശ്വാസ നടപടി സ്വീകരിച്ചത്. കടാശ്വാസ കമ്മീഷനിൽ ആരാണ് സഹായിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ കാർഷിക സഹകരണ ബാങ്കുകളാണ്. ജില്ലാ ബാങ്കുകൾ അതിലേയ്ക്ക് വരുന്ന കാര്യം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ സൂചിപ്പിക്കുകയാണ്. അതോടൊപ്പം നമ്മുടെ പൊതുമേഖലാ ബാങ്കുകൾ ഇതിൽ ഉൾപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ കൂടി ഇതിലേയ്ക്ക് വന്നാലേ കൃഷിക്കാരന് ആശ്വാസ നടപടികൾ നല്ലതുപോലെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയുള്ളൂ. അതിന് കേന്ദ്ര നിയമം അനിവാര്യമാണ്. ഇത്രകൊല്ലം ഭരിച്ചെങ്കിലും കൃഷിക്കാരെ സഹായിക്കാൻ കോൺഗ്രസിനോ യു.പി.എ.-യ്ക്കോ കഴിഞ്ഞോ? എൻ.ഡി.എ. ചെയ്യില്ലെന്ന് നമുക്കറിയാം. കൃഷിക്കാരനെ സഹായിക്കുന്നതിനുള്ള ആലോചനകൾ ഇതിനുമുമ്പും അവരുടെ ഭാഗത്തുനിന്ന് വന്നിട്ടില്ല.

അതോടൊപ്പം സർഫാസി നിയമം കൂടിയുണ്ട്. അതിൽ സംസ്ഥാന ഗവൺമെന്റ് ഒരു സമീപനം കൈക്കൊണ്ടു. 2017 ആഗസ്റ്റ് 21-ന് അഞ്ച് സെന്റുള്ളവരെയെങ്കിലും ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് ഐകകണ്ഠ്യേന ഈ സഭ ഒരു പ്രമേയം അംഗീകരിച്ചു. ഇന്ത്യയിലെ ഇതര സഭകളിൽ നിന്ന് വിഭിന്നമാണ് കേരള നിയമസഭ. ഒട്ടേറെ നിയമനിർമ്മാണങ്ങൾ കേരള നിയമസഭ നടത്തിയിട്ടുണ്ട്. അത് അറിയാവുന്ന ഈ സഭയ്ക്ക് മുമ്പാകെ അതെല്ലാം അക്കമിട്ട് നിരത്തി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിലൊന്നാണ് ഈ കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ. ഇതര സംസ്ഥാനങ്ങളിൽ ഇല്ലാത്ത, കേന്ദ്ര ഗവൺമെന്റ് ശ്രദ്ധിക്കാത്ത നിയമനിർമ്മാണങ്ങൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. അതിൽ

എന്തുകൊണ്ടും കേരള നിയമസഭയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളാൽ കുറിക്കപ്പെടുന്ന ചരിത്രമാണ് ഈ കടാശ്വാസ കമ്മീഷനുമുള്ളത്. അതിന്റെ ഭാഗമായാണ് 2017 ആഗസ്റ്റ് 21-ന് സർഫാസി നിയമത്തിൽ നിന്ന് അഞ്ച് സെന്റുള്ളവരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടത്. നാട്ടിൽ ഇപ്പോൾ ബാങ്കുകാർ വന്നാൽ സർഫാസി നിയമം വച്ച് പാവപ്പെട്ട കൃഷിക്കാരനെ/തൊഴിലാളികളെ ഇറക്കിവിടാൻ ആ പ്രദേശത്തെ ജനങ്ങൾ സമ്മതിക്കുമോ? അവർ വന്ന് നോട്ടീസ് പതിക്കുന്നതിനപ്പുറം അവരെ ഇറക്കിക്കൊണ്ടുപോകാൻ ആർക്കെങ്കിലും കഴിയുമോ? പത്ത് സെന്റുകാരായാലും അഞ്ചു സെന്റുകാരായാലും ജനങ്ങളുടെ ശക്തമായ ഇടപെടലിന്റെ അടിസ്ഥാനത്തിൽ ബാങ്ക് നോട്ടീസ് പതിക്കുന്നതിനപ്പുറത്ത് അവരെ ഇറക്കി വിടാൻ കഴിയില്ല. അത്തരമൊരു നിയമം കൊണ്ടുവന്നത് ആരാണ്? ആരെ സഹായിക്കാനാണ്? പൊതുമേഖലാ ബാങ്കുകൾ ഒന്നൊന്നായി ചേർത്തുകൊണ്ട്, മെർജ് ചെയ്ത് പുതിയ ബാങ്കുകൾ രൂപീകരിച്ചുകൊണ്ട് ലോക മാർക്കറ്റിൽ ഏറ്റവും വിലയുള്ള ഒരു ബാങ്കായി ഇന്ത്യൻ ബാങ്കിനെ മാറ്റാൻ അവർ ശ്രമിക്കുകയാണ്. അവർക്ക് കൃഷിക്കാരെ സംരക്ഷിക്കാനും കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും താത്പര്യമില്ല. അതിനെല്ലാം ആശ്വാസം നൽകുന്നതിന്റെ ഭാഗമായാണ് 2006-ൽ ആയിരക്കണക്കിന് കൃഷിക്കാർ മരിച്ച സാഹചര്യത്തിൽ ഇങ്ങനെയൊരു കർഷക കടാശ്വാസ കമ്മീഷൻ ബിൽ ഈ നിയമസഭയിൽ കൊണ്ടുവരികയും പാസ്സാക്കുകയും അത് നടപ്പിലാക്കുകയും കൃഷിക്കാർക്ക് അതിന്റെ ആശ്വാസ നടപടികൾ ലഭിക്കുകയും ചെയ്തത്. അതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റം വരുത്തുകയാണ് ഈ ബില്ലിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നത്. തീർച്ചയായും ഈ ബിൽ ഐകകണ്ഠ്യേന ഇവിടെ പാസ്സാകും. എന്തൊക്കെ പ്രശ്നങ്ങൾ പറഞ്ഞാലും ഇതിനെ എതിർക്കാൻ ഇവർക്ക് കഴിയുമോ? കൃഷിക്കാരന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമെല്ലാം ജനങ്ങളുടേതാണ്. എൽ.ഡി.എഫ്. കൊണ്ടുവന്ന ബിൽ എന്ന നിലയിൽ ഇതിനെ എതിർക്കാൻ യു.ഡി.എഫ് തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഓഖി ദുരന്തം, രണ്ട് പ്രളയം, വരൾച്ച ഇവയൊക്കെ നേരിട്ടു കൊണ്ടാണ് ഈ സംസ്ഥാനം കടന്നുപോകുന്നത്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്ത നടപടികളിൽ ഒറ്റമനസ്സോടെ കേരള സമൂഹം നിന്നു, അതിനെ നേരിട്ടു. നമ്മളെ സഹായിക്കാൻ റിസർവ് ബാങ്കില്ല. കേന്ദ്ര ഗവൺമെന്റിനെ റിസർവ് ബാങ്ക് എല്ലാ നിയമങ്ങളും മറികടന്നുകൊണ്ട് സഹായിച്ചത് നമ്മൾ കണ്ടിട്ടുണ്ട്. കേരളത്തിന്റെ റിസർവ് ബാങ്കെന്നു പറയുന്നത് ജനകീയ സമൂഹമാണ്. കേരളത്തിലും കേരളത്തിന് പുറത്തുമുള്ള മലയാളികളുടെ നിർലോഭമായ സഹകരണത്തിന്റെ

അടിസ്ഥാനത്തിലാണ് കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ, അത്തരമൊരു സഹായം കേരളത്തിന് നൽകണമെന്ന് നിങ്ങൾ ഈ നാട്ടിലെ ജനങ്ങളോട് പറഞ്ഞുവെന്ന് നെഞ്ചത്ത് കൈ വച്ച് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ആബാലവൃദ്ധം ജനങ്ങളും ആ സഹായം നൽകാൻ തീരുമാനിച്ചപ്പോഴും വിദേശ രാജ്യങ്ങളിൽ നിന്ന് സഹായം ലഭിച്ചപ്പോഴും അതുവേണ്ടെന്ന് പറയുന്ന കേന്ദ്ര ഗവൺമെന്റ് നിലപാടുകളെ എതിർക്കണമെന്ന് നിങ്ങൾക്ക് തോന്നിയില്ലല്ലോ. എന്നാൽ അതിനെയെല്ലാം മറികടന്ന് മുന്നോട്ട് പോകാനുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

രൂക്ഷമായ വരൾച്ച കാരണം പതിനായിരക്കണക്കിന് ഏക്കർ കൃഷി നശിച്ചു. 2016-17 വർഷത്തിൽ 1,71,398 ഹെക്ടറിൽ നെൽകൃഷി ചെയ്തു. 2017-18 വർഷം 2,20,449 ഹെക്ടറിൽ നെൽകൃഷി ചെയ്തു. ഇതിൽ നിന്ന് ആറ് ലക്ഷത്തിലധികം മെട്രിക് ടൺ അരി അധികമായി ഉത്പാദിപ്പിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വെള്ളപ്പൊക്കത്തിൽ പതിനായിരക്കണക്കിന് ഹെക്ടർ കൃഷി നശിച്ചിട്ടും പുനർജ്ജനി പ്രവർത്തനങ്ങൾ ശക്തമായി തിരിച്ചുവരികയും ആകെ രണ്ട് ലക്ഷം ഹെക്ടർ നെൽകൃഷി ചെയ്യുകയും ചെയ്തു. കർഷക കടാശ്വാസ കമ്മീഷനും ഗവൺമെന്റിന്റെ ശക്തമായ ഇടപെടലും വന്നതുകൊണ്ട് ചെറുപ്പക്കാരും കാർഷിക രംഗത്തേയ്ക്ക് വരുന്നുണ്ടെന്നതാണ് യഥാർത്ഥ വസ്തുത. ഗൾഫ് രാജ്യങ്ങളിലെ പ്രതിസന്ധിയെത്തുടർന്ന് തിരിച്ചുവന്ന ചെറുപ്പക്കാർ സംഘടിതമായി ചേർന്ന് ചില കൂട്ടുകൃഷി സംരംഭങ്ങൾ ആരംഭിച്ച വാർത്തകൾ വരുന്നത് സന്തോഷകരമാണ്. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഞാൻ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ജില്ലാ ബാങ്കുകളെക്കൂടി ഇതിൽ കൊണ്ടുവരാനുള്ള ശ്രമം ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. ഞാൻ കോഴിക്കോടുകാരനാണ്. ഇവിടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ സംബന്ധിച്ച് സൂചിപ്പിച്ചപ്പോൾ എം.എൽ.എ.-മാർക്ക് എന്താണ് ഇതിൽ താത്പര്യമെന്ന് ചോദിക്കുന്നതുകേട്ടു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അവരുടെ പണി പൂർത്തിയായശേഷം ബാക്കി പണം സർക്കാരിനുതന്നെ തിരിച്ചുകൊടുത്തത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, അതാണ് ഞാൻ പറയാൻ തുടങ്ങിയത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കേവലമൊരു മുതലാളി-തൊഴിലാളി ബന്ധമല്ല. നമ്മുടെ നാട്ടിലെ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി വാഗ്ഭടാനന്ദ ഗുരു അവിടെ വന്ന് പട്ടിണിക്കാരായ ജനങ്ങളെ സംഘടിപ്പിച്ച് അവർക്ക് പണിയായുധങ്ങൾ നൽകി, നാട്ടിൽ

പണിയെടുപ്പിക്കാനുള്ള സംവിധാനമൊരുക്കാൻ ചെറിയ സംഘം രൂപീകരിച്ച് അതിലൂടെ വളർന്നുവന്ന് ഇന്നത്തെ നിലയിലെത്തിയതാണ്. വലിയ ശ്രമകരമായ ജോലിയുടെ അടിസ്ഥാനത്തിൽ, നാട്ടിലെ ജനങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് അവർ ഈ നിലയിലേയ്ക്ക് ഉയർന്നുവന്നത്. ആ നിലയിലെത്തിയ ഒരു സ്ഥാപനത്തെ അടച്ചാക്ഷേപിക്കുന്ന നിലയും അതിനെതിരായ നിലപാടുകൾ സ്വീകരിക്കുന്ന സമീപനവും ഉയർന്നുവരുന്നത് ഈ സഭയിൽ നല്ലതല്ലെന്ന് സൂചിപ്പിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേരളത്തിൽ ഒരുപാട് പ്രവർത്തനങ്ങൾ വളരെ നല്ല നിലയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ചില പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1500 കോടി രൂപയുടെ വർക്കാണ് ഊരാളുങ്കൽ സൊസൈറ്റിക്ക് കൊടുത്തതെന്ന് അങ്ങേയ്ക്ക് അറിയാമോ? അവർ വളരെ നല്ല നിലയിൽ നടത്തിയ ഒട്ടേറെ വർക്കുകളുണ്ട്. ഈ കാര്യങ്ങൾ തെറ്റായ നിലയിൽ പറയുന്നത് ഒരു തരം പുകമറയുണ്ടാക്കാൻ വേണ്ടി മാത്രമാണ്. ഇതേ മാനദണ്ഡങ്ങൾ അവലംബിച്ചാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും വർക്കുകൾ കൊടുത്തതെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ഇ. കെ. വിജയൻ: സർ, അതറിയാം. അതോടൊപ്പം അവർക്കിപ്പോൾ ആ പ്രദേശത്ത് തൊഴിലാളികളെ കിട്ടാനില്ല. അത്രയും തൊഴിലാളികളെ ഈ പ്രവർത്തനരംഗത്തേയ്ക്കിറക്കിയിരിക്കുകയാണ്. ഇപ്പോൾ സൊസൈറ്റിയെ സമീപിച്ചു കഴിഞ്ഞാൽ ആ ജോലി ഏറ്റെടുക്കാൻ അവർക്ക് കഴിയാത്ത രീതിയിൽ ആധിക്യത്തിലെത്തിയിരിക്കുകയാണ്. നാട്ടിലെ ചെറിയ വർക്കുകൾ, ആ പ്രദേശത്തെ ഫ്ലഡ് വർക്ക്, സാധാരണ എം.എൽ.എ. ഫണ്ട്, ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള വർക്ക് തുടങ്ങിയവയൊക്കെ ചെയ്യുന്ന ഒരു സൊസൈറ്റിയാണിത്. അതോടൊപ്പം വൻകിട പ്രവർത്തനങ്ങളും അവർ ഏറ്റെടുക്കുന്നുണ്ട്. തൊഴിലുടമ-തൊഴിലാളി ബന്ധമെന്ന് പറഞ്ഞാൽ അവിടത്തെ തൊഴിലാളികളിൽനിന്നും തെരഞ്ഞെടുക്കുന്ന ഡയറക്ടർമാരാണ്. നേരത്തെ ശ്രീ. സി. കെ. നാണു ഇവിടെ സൂചിപ്പിച്ചതുപോലെ തെരഞ്ഞെടുപ്പ് നടന്ന് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഉൾപ്പെടെ എല്ലാം മത്സരവും നടത്തിക്കൊണ്ടാണ് ആളുകളെ തെരഞ്ഞെടുക്കുന്നത്. ഡയറക്ടർമാർ മാറി വരാറുണ്ട്. ചിലർ തോൽക്കാറുണ്ട്, പത്രത്തിൽ വാർത്ത വരാറുണ്ട്. അങ്ങനെ തെരഞ്ഞെടുക്കുന്ന ഒരു സംഘമാണ് ഈ വർക്ക് ചെയ്യുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവൃത്തികൾ മാത്രമല്ല സേവന പ്രവർത്തനങ്ങളിലേർപ്പെടുന്ന വിവരവും അങ്ങയുടെ ശ്രദ്ധയിലുണ്ടോ; പുത്തുമലയിൽ വലിയ അപകടമുണ്ടായപ്പോൾ 17 പേരാണ് മരിച്ചിരുന്നത്. രണ്ട് പ്രദേശങ്ങൾ തമ്മിൽ വിഭജിക്കപ്പെട്ടപ്പോൾ ഇവർ വന്ന് 11 മണിക്കൂർ സമയം കൊണ്ട് രാവും പകലും പണിയെടുത്ത് പാലം പുനർനിർമ്മിച്ച് ഗതാഗതം പുനഃസ്ഥാപിച്ചു. അത്തരം സേവനങ്ങൾ ചെയ്യുന്ന ഒരു സൊസൈറ്റിയാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. ഇ. കെ. വിജയൻ: സർ, അതറിയാം. എന്റെ മണ്ഡലമായ നാദാപുരത്ത് ഉരുൾപൊട്ടിയപ്പോൾ അവിടെയും വന്നത് ഇവരാണ്. അത്യാവശ്യം ചില സാധനങ്ങൾ അവർക്ക് പുറത്തുനിന്ന് എടുക്കേണ്ടി വന്നു. കാരണം, അത്രയേറേ വാഹനങ്ങൾ വയനാട്ടിലേയ്ക്കുപോയി. തിരിച്ച് അവിടെനിന്ന് ഇങ്ങോട്ടു കൊണ്ടുവരാനുള്ള യാത്രാ സൗകര്യമില്ലാത്തതുകൊണ്ടാണ് അതിനുള്ള സാമഗ്രികൾ ഇവിടെ ഏർപ്പാട് ചെയ്തത്. ഇന്ത്യൻ ആർമിയോടൊപ്പം ചേർന്നുകൊണ്ടാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തിയത്. മാത്രമല്ല അവിടെയുള്ള എല്ലാ ഉരുൾപൊട്ടലുകളിലും ഇവരാണ് ആദ്യമെത്തി പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. യാതൊരു പ്രതിഫലവും വാങ്ങാതെയാണ് ആ ജോലികളൊക്കെ അവർ ചെയ്തിരുന്നത്. ആ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഈ കാര്യങ്ങളൊക്കെ സഭയിൽ ചർച്ച ചെയ്യേണ്ടതല്ല. പക്ഷെ ഒരു ആരോപണം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയാൻ ഞാൻ നിർബന്ധിതനായതെന്നുകൂടി ഇവിടെ സൂചിപ്പിക്കുകയാണ്. ഏതായാലും കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം തുടർന്നും നടത്താനും അതിന്റെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ ഇവിടെ ഉയർന്നുവന്നുവെന്നത് സന്ദർഭോചിതമായി. ഇന്ത്യൻ കാർഷികരംഗമാകെ തകരുമ്പോൾ, ആർ.സി.ഇ.പി. കരാറിന്റെ ഭീകരതയ്ക്കു മുമ്പിൽ നിൽക്കുന്ന ഒരു സാഹചര്യത്തിൽ, ഈ ബിൽ കേരളത്തിലെ കർഷകരെ സംബന്ധിച്ച് ഏറെ ആശ്വാസകരമാണ്. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2007-ലെ കാർഷിക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ വകുപ്പ് 5-ൽ കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. ഈ വകുപ്പിലെ 3-ാം ഉപവകുപ്പിനാണ് ഇപ്പോൾ ഭേദഗതി അവതരിപ്പിക്കപ്പെടുന്നത്. കാർഷിക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് കർഷകന് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. കർഷകന് ഏറെ പ്രയോജനം ചെയ്യുന്ന ഒരു നടപടിയാണിത്. ഈ ആനുകൂല്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ച ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും പ്രശംസിക്കുകയാണ്. ഇതിനുമുമ്പ് ഇവിടെ സംസാരിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ഭരണപക്ഷ അംഗങ്ങൾ ഇങ്ങനെ പ്രശംസിച്ചുകൂടാ എന്ന തരത്തിലാണ് സംസാരിച്ചത്. എങ്ങനെ പ്രശംസിക്കാതിരിക്കും. ഇത്തരം അഭിനന്ദനാർഹമായിട്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴാണ് ഭരണപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട ഗവൺമെന്റിനെയും മന്ത്രിമാരെയുമെല്ലാം പ്രശംസിക്കുന്നത്. കർഷകന്റെ മനസ്സറിയാവുന്ന ഒരു ഗവൺമെന്റിന് മാത്രമേ ഇത്തരത്തിലുള്ള തീരുമാനങ്ങളെടുക്കാൻ കഴിയുകയുള്ളൂ. അവിചാരിതമെങ്കിലും കേരള നിയമസഭാംഗമായതിനുശേഷം കർഷകന്റെ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. അതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം, ഏറെ കർഷകരുള്ള ഒരു നാട്ടിൽ നിന്നുമാണ് നിയമസഭയിലേയ്ക്ക് ഞാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. അതിനെല്ലാമുപരി മലയോര നാട്ടിൽ ഒരു സാധാരണ കൃഷിക്കാരന്റെ മകനായാണ് ഞാൻ ജനിച്ചത്. അതുകൊണ്ടുതന്നെ കർഷകനെ സംബന്ധിച്ച പ്രശ്നങ്ങളെല്ലാം എന്റേതുകൂടി പ്രശ്നമായി കരുതി എനിക്ക് സംസാരിക്കാൻ കഴിയും. ഒരു കർഷകൻ കടക്കാരനാകുന്നത് അവന്റേതല്ലാത്ത കാരണങ്ങൾകൊണ്ടാണ്. കൃഷി ചെയ്യാൻ; വിത്ത് വാങ്ങാൻ; വളം വാങ്ങാൻ; കൃഷിഭൂമി ഒരുക്കുവാനൊക്കെ കർഷകൻ വായ്പയെടുക്കുമ്പോൾ അവന്റെ മുമ്പിലുള്ളത് ചെറിയ ചെറിയ ലക്ഷ്യങ്ങളാണ്. കൃഷിയിറക്കി കഴിയുമ്പോൾ പ്രധാനമായും അവൻ എടുത്ത വായ്പ തിരിച്ചടയ്ക്കണം, മക്കളെ പഠിപ്പിക്കണം, അവരുടെ വിവാഹം നടത്തണം, വീട് പരിപാലിക്കണം, കുട്ടികൾക്ക് നല്ല വസ്ത്രം വാങ്ങണം എന്നിങ്ങനെ ചെറിയ ചിന്തകൾ മാത്രമാണ് ആ

കർഷകന്റെ മനസ്സിലുണ്ടാകുന്നത്. പക്ഷെ ആ കർഷകന്റെ പ്രതീക്ഷ തകരുന്നത് എപ്പോഴാണ്? കാർഷിക വിളകൾക്ക് വില ലഭിക്കാതെ വരുമ്പോൾ; പ്രകൃതിക്ഷോഭംമൂലം കൃഷി നശിക്കുമ്പോൾ; വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷി നശിക്കുമ്പോഴൊക്കെയാണ് കർഷകന്റെ പ്രതീക്ഷ തകരുന്നത്. എങ്ങനെയാണ് നമ്മുടെ രാജ്യത്ത് ഇത്തരത്തിൽ കർഷകന്റെ കാർഷിക വിളകൾക്ക് വിലത്തകർച്ചയുണ്ടായത്? ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ അവരൊക്കെ ഏത് രാഷ്ട്രീയ പ്രസ്ഥാനത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന സംശയം എനിക്ക് തോന്നുകയുണ്ടായി. കോന്നിയിൽ ഇടതുപക്ഷം ജയിച്ചതിൽ ഞാൻ സന്തോഷിക്കുന്നുവെന്നാണ് ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞത്. എന്തായാലും കോന്നിയിൽ ഇടതുപക്ഷം ജയിച്ചതിൽ ശ്രീ. വി. പി. സജീന്ദ്രന് സന്തോഷമുണ്ടെന്നതിൽ എനിക്കും സന്തോഷമുണ്ട്. കാരണം ഞാൻ നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനു വേണ്ടി കോന്നിയിൽ എത്തുന്നതിന് ഒരു മാസം മുമ്പ് തന്നെ യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ ശ്രീ .വി. പി. സജീന്ദ്രൻ കോന്നി യിലുണ്ടായിരുന്നു. ഈ സഭയ്ക്കുള്ളിൽ ബി.ജെ.പി.-യെ വിമർശിച്ച അദ്ദേഹം കോന്നിയിൽ ആ ഘട്ടങ്ങളിലൊന്നും വിമർശിച്ചതായി ഞാൻ കണ്ടിട്ടില്ല. ഏതായാലും അദ്ദേഹത്തിന്റെ സന്തോഷമെന്താണെന്ന് മനസ്സിലാകുന്നില്ല. എന്തായാലും അദ്ദേഹം പ്രകടിപ്പിച്ച ആ സന്തോഷത്തിൽ ഞാനും സന്തോഷിക്കുന്നു.

കേരളത്തിലെ അല്ലെങ്കിൽ നമ്മുടെ രാജ്യത്തെ കർഷകർ ഈ അവസ്ഥയിൽ എത്തിയതെങ്ങനെയാണ്? അതന്വേഷിച്ച് നമ്മൾ ഏറെ ദൂരമൊന്നും പോകേണ്ടതില്ല. അതിന് കാരണക്കാർ കോൺഗ്രസ് എന്ന പാർട്ടി മാത്രമാണ്. സ്വതന്ത്ര ഇന്ത്യയിൽ ഏറെക്കാലം അധികാരത്തിലിരുന്ന പാർട്ടിയാണ് കോൺഗ്രസ്. കോൺഗ്രസ് തെരഞ്ഞെടുക്കപ്പെടുമ്പോൾ ഈ രാജ്യത്തെ കർഷകരുടെ പിന്തുണ നിങ്ങൾക്കുണ്ടായിരുന്നു. ഈ രാജ്യത്തെ കർഷകരുടെ പിന്തുണയോടുകൂടിയാണ് സ്വതന്ത്ര ഇന്ത്യയിൽ കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലുമെല്ലാം കോൺഗ്രസ് അധികാരത്തിലിരുന്നത്. പക്ഷെ നിങ്ങൾ കർഷകരെ വഞ്ചിക്കുകയാണ് ചെയ്തത്. കർഷകരെ നിങ്ങൾ വഞ്ചിച്ചതിന്റെ ഭാഗമായിട്ടാണ് ഇന്നൊരു വർഗ്ഗീയ രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യയുടെ ഭരണം

കയ്യാളുന്നത്. വിലത്തകർച്ചയെക്കുറിച്ച് നിങ്ങൾ സംസാരിച്ചല്ലോ, കേന്ദ്ര ഗവൺമെന്റിനെ പഴിചാരിയല്ലോ. ആസിയാൻ കരാർ ഒപ്പിടുന്ന ഘട്ടത്തിൽ, ആ കരാറിൽ ഒപ്പിട്ടാൽ കേരളത്തിലെയും ഇന്ത്യയിലെയും കർഷകർ ദുരിതത്തിലാകും, അതിനാൽ കരാറിൽ ഒപ്പിടരുതെന്ന് എത്ര തവണയാണ് ഇടതുപക്ഷം ആവർത്തിച്ചുപറഞ്ഞത്. ഏറെ റബ്ബർ കർഷകരുള്ള നാടാണ് പത്തനംതിട്ട. ഒരു കാലത്ത് ആ റബ്ബർ കർഷകരെല്ലാം യു.ഡി.എഫ്.-ന് ഒപ്പമായിരുന്നു. അതുകൊണ്ടാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ബാലികേറാമലയായി ആ ജില്ലയെ കരുതിയിരുന്നത്. നിങ്ങൾ അവരെ ചതിച്ചത് അവർ തിരിച്ചറിഞ്ഞു. കോന്നി ഉപതെരഞ്ഞെടുപ്പുകൂടി കഴിഞ്ഞപ്പോൾ യു.ഡി.എഫ്.-ന് പത്തനംതിട്ട ജില്ലയിൽ എത്ര അംഗങ്ങളുണ്ടെന്ന് പറയാൻ കഴിയുമോ? യു.ഡി.എഫ്.-ന് പത്തനംതിട്ട ജില്ലയിൽ നിന്ന് നിയമസഭയിലുള്ള അംഗങ്ങളുടെ എണ്ണം പൂജ്യമാണ്. അവിടെയുള്ള കർഷകരെല്ലാം നിങ്ങൾക്ക് എതിരായി മാറിയിരിക്കുന്നു. കറുത്ത പൊന്നായ കുരുമുളകിന്റെ സ്ഥിതി എന്താണ്? അതിന് കാരണക്കാർ നിങ്ങളാണെന്ന് ജനം തിരിച്ചറിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഭരിക്കുന്ന ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ടെന്നാണ് നിങ്ങൾ പറയുന്നത്. അത് ഞങ്ങൾ ഉൾക്കൊള്ളുന്നു. പക്ഷെ, നിങ്ങൾ രണ്ടാളുകളുംകൂടി നടത്തിയ നയത്തിന്റെ ഭാഗമായാണ് നമ്മുടെ രാജ്യത്തെ കർഷകരുടെ സ്ഥിതി ഇത്തരത്തിൽ മാറിയിട്ടുള്ളത്. അതുകൊണ്ടാണ് ഇന്ന് കർഷകർക്ക് വില ലഭിക്കാതെ പോകുന്ന സ്ഥിതിയുണ്ടായത്. പ്രകൃതിക്ഷോഭംമൂലം കൃഷി നശിക്കുന്നു. പ്രളയത്തിൽ തകർന്ന കൃഷി സംരക്ഷിക്കാനും അവർക്ക് ആശ്വാസം നൽകുവാനും ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികളെ സ്വാഗതം ചെയ്യുകയാണ്. പക്ഷെ ഇങ്ങനെയുള്ള കർഷകരെ സംരക്ഷിക്കാൻ രാജ്യത്തിന്റെ ഭരണത്തിൽ വിവിധ ഘട്ടങ്ങളിലിരുന്നപ്പോൾ എന്തെങ്കിലും ഒരു നടപടി നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ?

കർഷകന് പകലന്തിയോളം കൃഷിഭൂമിയിൽ കൃഷി ചെയ്തതിനുശേഷം രാത്രിയിൽ വീട്ടിൽ വന്ന് ഉറങ്ങാൻ കഴിയുന്നില്ല. കർഷകൻ കൃഷിഭൂമിക്ക് കാവൽ നിൽക്കുകയാണ്. പക്ഷെ, കർഷകൻ കാവൽ നിൽക്കുമ്പോഴും അവനെ എതിർത്തുകൊണ്ട് കൃഷിഭൂമിയിലേയ്ക്ക് കാട്ടാന, കാട്ടുപന്നി, കുരങ്ങ് ഉൾപ്പെടെയുള്ള മൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിക്കുന്നു. അത് നിസ്സഹായതയോടെ നോക്കി

നിൽക്കാൻ മാത്രമേ കർഷകന് കഴിയുന്നുള്ളൂ. ഇത് കർഷകൻ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ പ്രശ്നത്തിന് കുറേയധികം ഇടപെടലുകൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച്, കാട്ടുമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷന്റെയും സൗരോർജ്ജ വേലിയുടെ കാര്യത്തിലും മറ്റുമൊക്കെ കുറേയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിൽ നിന്നും നമ്മുടെ നാട്ടിലെ കർഷകൻ പലതും പ്രതീക്ഷിക്കുന്നുണ്ട്. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ സ്വന്തം പുരയിടത്തിൽ വച്ച് ഉപാധികളോടെ കർഷകർക്ക് വെടിവച്ച് കൊല്ലാൻ അനുമതി കൊടുക്കുന്ന ആ നിയമത്തിലെ അപ്രായോഗികത പരിഹരിക്കപ്പെടണം. അത് പരിഹരിക്കാനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, കാട്ടുപന്നികൾ പെറ്റുപെരുകുകയാണ്. പതിനായിരക്കണക്കിന് കാട്ടുപന്നികൾ മലയോരപ്രദേശം വിട്ട് നാട്ടിൻപുറങ്ങളിലിറങ്ങി ഇപ്പോൾ ഏതാണ്ട് ആലപ്പുഴ ജില്ലയിലേയ്ക്ക് കയറുന്ന അവസ്ഥ വന്നിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് കാട്ടുപന്നികളെ നിയന്ത്രിക്കാനായി ഒരു നിയമം കൊണ്ടുവന്നു. ആ ഉത്തരവിൽ വളരെ വിചിത്രമായ കാര്യങ്ങളാണ് പറയുന്നത്. അത് തിരുത്തണം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. കാട്ടുപന്നികൾ ഗർഭിണികളാണോയെന്ന് നോക്കണമെന്ന് ആ ഉത്തരവിൽ പറയുന്നുണ്ട്. എങ്ങനെയാണ് കാട്ടുപന്നികൾ ഗർഭിണികളാ ണോയെന്ന് നോക്കുന്നത്? ഒന്നുകിൽ അതിന്റെ മൂത്രം അല്ലെങ്കിൽ രക്തം എടുത്ത് സമീപത്തെ ലാബിൽ കൊടുത്താൽ അടുത്ത ദിവസം മാത്രമേ പന്നികൾക്ക് ഗർഭമുണ്ടോയെന്ന് അറിയാൻ സാധിക്കു. ഗർഭിണി അല്ലെന്നുണ്ടെങ്കിൽ വെടിവയ്ക്കാം. അപ്പോൾ രണ്ടുദിവസം കാട്ടുപന്നി അവിടെ ഇരിക്കണം. അപ്പോൾ നമുക്ക് പോയി വെടിവയ്ക്കാം. ഇതാണ് കഴിഞ്ഞ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ്. അതിന് വിരുദ്ധമായി, കോന്നിയിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വന്നപ്പോൾ പറഞ്ഞത്, ഇതിനെ വെടിവയ്ക്കാനുള്ള അധികാരം പോലീസിനുൾപ്പെടെ നൽകാമെന്നും അതിന്റെ താവളങ്ങൾ കണ്ടെത്തിക്കൊടുത്താൽ മതിയെന്നുമാണ്. അത്തരത്തിലുള്ള ഉത്തരവ് ഇറക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ആ പ്രദേശത്തെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട റാന്നി അംഗം സൂചിപ്പിച്ചത്. ഇത്തരത്തിലുള്ള മൃഗങ്ങൾ കൃഷിഭൂമിയിൽ നിന്നെല്ലാം മാറി ഇപ്പോൾ ടൗണുകളിലേയ്ക്ക് ഇറങ്ങിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അടിയന്തരമായ തീരുമാനമെടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കടക്കെണിയിലാകുന്ന കർഷകനെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും എല്ലാ കാലത്തും നിലപാടുകളെടുത്തിട്ടുള്ളത് ഇടതുപക്ഷമാണ്. അത് മറന്നുപോയതു കൊണ്ടാണ് ഇതിനുമുമ്പ് സംസാരിച്ച യു.ഡി.എഫ്.-ലെ അംഗങ്ങൾ അത്തരത്തിൽ പ്രതികരിച്ചത്. എന്നാൽ അതിനുള്ള മറുപടി കേൾക്കാനുള്ള ധാർമ്മികത അവർ കാണിച്ചിട്ടില്ല. 2007-ൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ഗവൺമെന്റാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് ഇത്തരത്തിൽ കർഷകരെ സഹായിക്കാൻ തീരുമാനിച്ചതെന്ന് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ഇ. കെ. വിജയൻ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 75,10,99,165 രൂപയാണ് അനുമതിയായി വിവിധ അപേക്ഷകളിന്മേൽ നൽകിയിട്ടുള്ളത്. 19,883 കർഷകർക്കാണ് ഇപ്പോൾ ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് കർഷക കടാശ്വാസ കമ്മീഷന്റെ അവസ്ഥ എന്തായിരുന്നു? കെട്ടിക്കിടക്കുന്ന ഫയലുകളുടെ സ്ഥിതിയെല്ലാം അന്ന് നമ്മൾ പത്രങ്ങളിലൂടെ കണ്ടതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കർഷകരുടെ കടങ്ങൾക്കുള്ള പലിശയിളവ്, ഇടുക്കി, വയനാട്, കുട്ടനാട് എന്നിവിടങ്ങളിലെ കർഷകരെ സഹായിക്കാനുള്ള പ്രത്യേക പാക്കേജ്, പൊതുമേഖലാ വാണിജ്യ സഹകരണ ബാങ്കുകളിൽ നിന്നും കർഷകൻ എടുത്തിട്ടുള്ള വായ്പകളിന്മേൽ ജപ്തി നടപടികളിൽ മൊറട്ടോറിയം തുടങ്ങിയ ഒരുപാട് ആശ്വാസങ്ങളാണ് കർഷകന് ലഭിച്ചുകൊണ്ടിരിക്കുന്നത്. തെറ്റായ വിവരങ്ങൾ ഉദ്ധരിച്ചുകൊണ്ട് ചില കണക്കുകളൊക്കെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിക്കുകയുണ്ടായി. വ്യക്തമായ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്ക് പറയാം. കർഷക ആത്മഹത്യകൾ ഏറ്റവും കൂടുതൽ നടന്നത് യു.ഡി.എഫ്. കേരളം ഭരിക്കുമ്പോഴാണ്. 2010-ൽ ഒരു കർഷക ആത്മഹത്യപോലും ഉണ്ടായിരുന്നില്ല. 2011-ൽ 19, 2012-ൽ 25, 2013-ൽ 33, 2014-ൽ 3, 2015-ൽ 8, 2016-ൽ 3 എന്നിങ്ങനെയാണ് കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കണക്ക്. യു.ഡി.എഫ്. കേരളം ഭരിച്ചപ്പോൾ ആകെ 91 കർഷകരാണ് ആത്മഹത്യ ചെയ്തത്. കേരളത്തിലെ കർഷകർ ആത്മഹത്യയുടെ വക്കിലാണെന്നാണ് നേരത്തേ സംസാരിച്ച ശ്രീ. വി. പി.

സജീന്ദ്രൻ സൂചിപ്പിച്ചത്. വക്കിലായാലും അവർ ആത്മഹത്യ ചെയ്യില്ല. കാരണം അവരെ സംരക്ഷിക്കാൻ കേരളത്തിൽ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റുണ്ട്. ഈ ബില്ലിന്മേലുള്ള ചർച്ച നടക്കുന്ന ഘട്ടത്തിൽ തന്നെ ഈ രാജ്യത്തിന്റെ ഓരോ കോണിലും എത്ര കർഷകർ ആത്മഹത്യ ചെയ്യുകാണും. മഹാരാഷ്ട്രയിൽ ഒരു ദിവസം 10 കർഷകർ ആത്മഹത്യ ചെയ്യപ്പെടുന്നു എന്നതാണ് കണക്ക്. മധ്യപ്രദേശിൽ കോൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷം 71 കർഷകരാണ് ഇതുവരെ ആത്മഹത്യ ചെയ്തിട്ടുള്ളത്. പഞ്ചാബിൽ 2017-18 കാലഘട്ടത്തിൽ 119 കർഷകരാണ് ആത്മഹത്യ ചെയ്യപ്പെട്ടിട്ടുള്ളത്. അത്തരം ആളുകളെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും കാർഷിക കടംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ആശ്വാസമാകുവാനും ഈ ഗവൺമെന്റ് അവതരിപ്പിച്ച ഭേദഗതി ഉപകരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

2.00 PM]

## IX. ക്രമപ്രശ്നം

നിയമസഭാ മന്ദിരത്തിലെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പരാമർശം

നിർമ്മാണ പ്രവർത്തനം

ശ്രീ. രാജു എബ്രഹാം: സർ, ഇന്നലെയും ഇന്നുമായി സഭയിലെ ചില അംഗങ്ങൾ തങ്ങളുടെ പ്രസംഗത്തിനിടയിൽ നിയമസഭാ മന്ദിരത്തിലെ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ദു:സൂചനയോടെ സംസാരിക്കുകയുണ്ടായി. സഭയുടെ നടപടിക്രമവും കീഴ്‌വഴക്കവും അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ കൈക്കൊണ്ട തീരുമാനപ്രകാരമുള്ള കാര്യങ്ങൾ സഭയിൽ സാധാരണഗതിയിൽ പരാമർശിക്കാറില്ല; അത് പാർലമെന്ററി മര്യാദകളുടെ ലംഘനവുമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ പരിധിയിൽ വരുന്ന കാര്യങ്ങളെ സംബന്ധിച്ച് അംഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള അഭിപ്രായപ്രകടനം നടത്തേണ്ടതുണ്ടെങ്കിൽ അത് ബഹുമാനപ്പെട്ട സ്പീക്കറെ നേരിൽ കണ്ട് അറിയിക്കുന്നതോ എഴുതി സമർപ്പിക്കുന്നതോ ആണ് കീഴ്‌വഴക്കം. അതിന് വിരുദ്ധമായി ഇവിടെ സഭയെയും ബഹുമാനപ്പെട്ട സ്പീക്കറെയും അധിക്ഷേപിക്കുന്ന തരത്തിൽ സഭയിലുണ്ടായിട്ടുള്ള പരാമർശങ്ങൾ ചട്ടം 307 അനുസരിച്ച് രേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭ പ്രവർത്തിക്കുന്നത് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിലാണ്. തുടർച്ചയായി അത് മറന്നുപോകുകയോ ബോധപൂർവ്വം മറന്നതായി നടിക്കുകയോ ചെയ്യുന്ന രീതി ചില അംഗങ്ങൾ തുടരുന്നുണ്ടെന്നുള്ളത് നിർഭാഗ്യകരമാണ്. ശ്രീ. രാജു എബ്രഹാം ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം വളരെ ഗൗരവതരമായ ഒന്നാണ്. സഭയുടെ നടപടിക്രമവും കീഴ്വഴക്കവും മനസ്സിലാക്കാതെയാണ് ചില അംഗങ്ങൾ ഇവിടെ സംസാരിച്ചതെന്നാണ് ചെയർ മനസ്സിലാക്കുന്നത്. സ്പീക്കർ കൈക്കൊള്ളുന്ന തീരുമാനങ്ങളും സ്പീക്കറുടെ പരിധിയിൽ വരുന്ന കാര്യങ്ങളും നിയമസഭയ്ക്കകത്ത് ചർച്ച ചെയ്യുന്ന പതിവ് സാധാരണഗതിയിലില്ല. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ നേരിൽ സമീപിച്ചോ ബി.എ.സി. മുഖാന്തരമോ ആവശ്യമായ വ്യക്തത വരുത്തുകയാണ് ആരോഗ്യകരമായ പാർലമെന്ററി നടപടിക്രമം. നമ്മുടെ സഭയിലെ കീഴ്വഴക്കവും അതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ അത്തരം കാര്യങ്ങൾ ഭാവിയിൽ ശ്രദ്ധിക്കുമെന്നാണ് ചെയർ കരുതുന്നത്. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ലോകജനാധിപത്യത്തിന് കേരളം നൽകിയ ശ്രദ്ധേയമായ സംഭാവനയാണ് ലോക കേരളസഭ. മലയാളി ഉള്ളിടത്തെല്ലാം കേരളമുണ്ടെന്നൊരു സന്ദേശം അതുവഴി നമുക്ക് കൊണ്ടുവരാൻ സാധിച്ചു. ലോകത്തിലെ എല്ലാ വൻകരകളിലുമുള്ള മലയാളികളുടെ പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയ ലോക കേരളസഭയുടെ നേതാവ് മുഖ്യമന്ത്രിയും ഉപനേതാവ് പ്രതിപക്ഷനേതാവുമായിരുന്നു. ലോക കേരളസഭയുടെ സമ്മേളനത്തിനായി ഒരു സ്ഥിരംവേദി വേണമെന്നുള്ള കൂടിയാലോചനയുടെ അടിസ്ഥാനത്തിലാണ് നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി ലോഞ്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള വേദിയാക്കി മാറ്റാൻ തീരുമാനിച്ചത്. ഇക്കാര്യത്തെ സംബന്ധിച്ച് ഇത്തരമൊരു ചർച്ച വന്നത് നിർഭാഗ്യകരമാണ്. രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം (....ബഹളം....)

<u>മി. സ്പീക്കർ</u>: നിങ്ങളുടെ പ്രശ്നമെന്താണ്? റൂളിംഗ് നൽകിയിട്ടും തീരെ ശക്തിയില്ലാത്ത അവസ്ഥയിലാണ് ഇവിടെയിരിക്കുന്നതെന്ന് നിങ്ങൾ കരുതണ്ട. ഈ സഭയിൽ ഒരു റൂളിംഗ് നൽകിയല്ലോ. അതിനുശേഷം ആ റൂളിംഗിനെക്കുറിച്ച് അനാവശ്യമായി കമന്റ് ചെയ്യുന്നത് ശരിയാണോ? (...ബഹളം....)

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇവിടെ നടക്കുന്ന ധൂർത്താണ് ചൂണ്ടിക്കാണിച്ചത്. അതെല്ലാം ഈ നാട്ടിലെ ജനങ്ങൾ കാണുകയാണ്.

<u>മി. സ്പീക്കർ</u>: അത് ചൂണ്ടിക്കാണിക്കുന്നതിന് ചട്ടവും കീഴ്വഴക്കവുമുണ്ട്. (...ബഹളം....)

<u>ശ്രീ. റോജി എം. ജോൺ</u>: സർ, എങ്കിൽ അത് സഭയ്ക്കുപുറത്ത് ചർച്ച ചെയ്യാം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സഭയ്ക്കുപുറത്ത് ചർച്ച ചെയ്യുമെന്ന് പറഞ്ഞതുകൊണ്ട് ഇവിടെ ആരും ഭയപ്പെടുന്നില്ലെന്നുള്ള കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. (...ബഹളം....) കടാശ്വാസ കമ്മീഷൻ ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ...... (...ബഹളം....) ഒച്ചവച്ച് പേടിപ്പിക്കല്ലെ ചങ്ങാതി. (...ബഹളം....) ഞങ്ങളൊക്കെ ഈ സഭയിൽ കുറേകാലങ്ങളായി ഇരിക്കുന്നവരാണ്. (...ബഹളം....) നിയമസഭയിൽ ഞങ്ങൾക്ക് ഉന്നയിക്കേണ്ട കാര്യങ്ങൾ ശക്തമായി ഉന്നയിക്കുന്നവരാണ്. അതുകൊണ്ട് നിങ്ങൾ നിയമസഭയ്ക്ക് പുറത്തോ അകത്തോ ഉന്നയിച്ചാലും ഞങ്ങൾ അതിനെ ഭയപ്പെടുന്നവരൊന്നുമല്ല. നിയമസഭയിലും പുറത്തും എന്തൊക്കെ ഉന്നയിക്കണമെന്ന് ഞങ്ങൾക്ക് നന്നായി അറിയാം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അത് നമുക്കുമറിയാം. (...ബഹളം....)

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് ബിൽ സബ്ജക്ട് കമ്മിറ്റിയിൽപോയി തിരിച്ചുവരുന്ന ഘട്ടത്തിൽ ആ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കുന്നതായിരിക്കും ഉചിതമെന്നുള്ളതുകൊണ്ട് അതിനെ സംബന്ധിച്ച വിശദമായ സംസാരത്തിന് ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ കർഷകരെ സംബന്ധിച്ച് പ്രളയത്തിനുശേഷം കേരള ഗവൺമെന്റ്...... (...ബഹളം....)

<u>മി. സ്പീക്കർ</u>: ഇതെത്ര നിർഭാഗ്യകരമായ കാര്യമാണ്. (...ബഹളം....) ബഹു. പ്രതിപക്ഷനേതാവിന് എന്താണ് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോക കേരളസഭയിൽനിന്നും ഞാനും പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാരും രാജിവച്ചതാണ്. ഇവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് അങ്ങ് ഇതുവരെ ഞങ്ങളോട് ചർച്ച ചെയ്തിട്ടില്ല. എനിക്ക് സഭയിൽ ഉന്നയിക്കാൻ താല്പര്യമില്ലാത്ത വിഷയമാണിത്. ബഹു. സ്പീക്കർ സാധാരണഗതിയിൽ കക്ഷി നേതാക്കളുടെ യോഗത്തിൽ വച്ചാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്. അതുസംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് കത്ത് നൽകിയതാണ്. ഞങ്ങളുമായി ഒരു കാര്യവും ആലോചിച്ചിട്ടില്ല. നിയമസഭാ സമ്മേളനത്തിനുമുമ്പോ അതിനിടയിലോ ഒരു ഘട്ടത്തിലും അങ്ങ് കക്ഷിനേതാക്കളുടെ യോഗവും വിളിച്ചിട്ടില്ല. അങ്ങനെ വിളിക്കേണ്ടതാണെന്നുള്ളതാണ് കീഴ്‌വഴക്കം. ഞാൻ അങ്ങേയ്ക്കൊരു കത്ത് നൽകിയിരുന്നു. അതിന് അങ്ങ് മറുപടി നൽകുമെന്നും പറഞ്ഞു. ഞങ്ങൾ അങ്ങയെ കാണാനിരിക്കുകയാണ്. പക്ഷേ ഇതിവിടെ ഉന്നയിച്ച സാഹചര്യത്തിൽ അങ്ങ് എന്തോ റൂളിംഗ് നൽകിയെന്ന് അറിഞ്ഞാണ് ഞാൻ വന്നത്.

മി. സ്പീക്കർ: സഭയിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങളുമായി ബന്ധപ്പെട്ട കീഴ്‌വഴക്കങ്ങളെ സംബന്ധിച്ച കാര്യത്തിനാണ് റൂളിംഗ് നൽകിയത്. അങ്ങ് കത്ത് നൽകിയതിന്റെ പിറ്റേദിവസംതന്നെ ഇക്കാര്യത്തെ സംബന്ധിച്ച് നേരിട്ട് സംസാരിക്കാമെന്ന് കാണിച്ച് അങ്ങേയ്ക്ക് ഞാൻ കുറിപ്പ് നൽകിയിരുന്നു. ലോക കേരളസഭയുടെ ഒന്നാം സമ്മേളന സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സ്പീക്കറും ചേർന്ന യോഗത്തിൽവച്ചാണ് ഇതിനായി ഒരു സ്ഥിരം വേദിയുണ്ടാകണമെന്നും അതിനാവശ്യമായ പരിഷ്കരണം നടത്തണമെന്നും തീരുമാനിച്ചത്. അന്ന് ബഹു. പ്രതിപക്ഷനേതാവും കൂടിയുള്ള യോഗത്തിൽ നമ്മൾ മൂന്നുപേരുംകൂടി ഇരുന്ന് ചർച്ച ചെയ്താണ് അങ്ങനെ വേണമെന്നുള്ള ആവശ്യം വന്നത്. അതിനുശേഷം ഇക്കാര്യത്തിൽ എന്തെങ്കിലും വ്യക്തത ആവശ്യമുണ്ടെങ്കിൽ അങ്ങയോട് നേരിട്ട് സംസാരിക്കാമെന്നാണ് ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനത് അംഗീകരിക്കുന്നു. അങ്ങ് വിളിക്കുന്ന സന്ദർഭത്തിൽ ഞങ്ങൾ വരാനിരിക്കുകയാണ്. പ്രതിപക്ഷ കക്ഷിനേതാക്കൾ സൗകര്യംപോലെ അങ്ങയെ കാണാനിരിക്കുകയാണ്. നിയമസഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാറില്ലാത്തതുകൊണ്ട് ഞാനത് വിശദമായി ചർച്ച ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> അതിവിടെ ചർച്ച ചെയ്തതുകൊണ്ടാണ് ഞാൻ റൂളിംഗ് നൽകിയത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാനതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. നിയമസഭയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും എം.എൽ.എ. ഹോസ്റ്റലിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ഞങ്ങൾ അറിഞ്ഞിട്ടില്ല. ഞങ്ങൾ ഒരു കാര്യവും അറിയുന്നില്ല. അങ്ങ് കക്ഷിനേതാക്കളുടെ യോഗവും വിളിക്കുന്നില്ല. എല്ലാ സ്പീക്കർമാരും കക്ഷിനേതാക്കളുടെ യോഗം വിളിക്കാറുണ്ട്. അങ്ങ് ഇതിവിടെ പറഞ്ഞത് ദൗർഭാഗ്യകരമായിപ്പോയി.

<u>മി. സ്പീക്കർ</u>: ഞാനല്ല പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങിവിടെ പറഞ്ഞതുകൊണ്ട് എന്നെക്കൊണ്ട് അത് പറയിക്കാൻ നിർബന്ധിതനാക്കുകയാണ്. സാധാരണഗതിയിൽ Conducted the Speaker will not be discussed in the house എന്നാണ്. അങ്ങിത് പറയാൻ പാടില്ലായിരുന്നു.

<u>മി. സ്പീക്കർ</u>: അങ്ങയുടെ സാമാജികന്മാരാണ് ഇവിടെ ഉന്നയിച്ചത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സാമാജികർ പലതും പ്രസംഗിക്കും.

<u>മി. സ്പീക്കർ</u>: അതിന്റെ പേരിൽ ശ്രീ. രാജു എബ്രഹാം ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് എനിക്കൊരു വാക്ക് തന്നിരുന്നു. സ്പീക്കർ ഞങ്ങളെ വിളിച്ചിട്ടുണ്ട്, ഞങ്ങൾ വരും, ഞങ്ങൾ അങ്ങയോട് സംസാരിക്കും. അങ്ങിത് ചർച്ചയാക്കിയത് ശരിയായില്ല.

<u>മി. സ്പീക്കർ</u>: ഞാനല്ല ചർച്ചയാക്കിയത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങനെയൊരു കീഴ്വഴക്കം ഈ സഭയിലില്ല. Conducted the Speaker will not be discussed in the house. ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. അങ്ങയുടെ റൂളിംഗ് പുനഃപരിശോധിക്കണം.

<u>Mr. Speaker</u>: That you pleased, I will convinced that members.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അംഗങ്ങൾ ചിലപ്പോൾ പറഞ്ഞെന്നിരിക്കും. പക്ഷേ അതുപോലെയല്ല ബഹു. സ്പീക്കർ പറയുന്നത്.

മി. സ്പീക്കർ: ക്രമപ്രശ്നം വന്നാൽ എനിക്ക് മറുപടി പറയണ്ടേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ കക്ഷിനേതാക്കളെ വിളിച്ചിട്ടുണ്ട്, അവരോട് സംസാരിക്കുമെന്നാണ് ബഹു. സ്പീക്കർ പറയേണ്ടത്.

മി. സ്പീക്കർ: അങ്ങനെ തന്നെയാണ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്പീക്കർ എന്ന പദവിയുടെ മഹത്വം അങ്ങ് ഉയർത്തിപ്പിടിക്കണം.

മി. സ്പീക്കർ: അതുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഞാൻ എന്താണ് പറഞ്ഞതെന്ന് അങ്ങ് കേട്ടില്ലല്ലോ. (...ബഹളം....)

**നിയമനിർമ്മാണകാര്യം (തുടർച്ച)**

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ സംസാരിച്ച് തുടങ്ങിയപ്പോഴാണ് അങ്ങ് പ്രതിപക്ഷനേതാവിന് സമയം കൊടുത്തത്. (...ബഹളം....) കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് 2006-ൽ അന്നത്തെ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന നിയമത്തിനാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോയതിനുശേഷം വീണ്ടും സഭയിൽ വരുന്ന ഘട്ടത്തിൽ വിശദമായി സംസാരിക്കാൻ അവസരമുണ്ടാകുമെന്നുള്ളതുകൊണ്ട് വലിയ പ്രസംഗം നടത്താൻ ആഗ്രഹിക്കുന്നില്ല. ശ്രീ. വി. പി. സജീന്ദ്രൻ സംസാരിച്ചപ്പോൾ ഈ ബില്ലുകൊണ്ട് യാതൊരു നേട്ടവുമില്ലെന്ന് പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. 2006-ൽ ഈ നിയമം കൊണ്ടുവരുമ്പോൾ 2007 വരെയുള്ള കടങ്ങളാണ് ഇതിന്റെ പരിധിയിൽ വന്നിരുന്നത്. പിന്നീട് വയനാട് ജില്ലയിൽ 2011 വരെയുള്ള കടങ്ങൾ ഇതിന്റെ പരിധിയിൽ വന്നപ്പോൾ മറ്റെല്ലാ ജില്ലകളിലും 2007 വരെയുള്ള കടങ്ങളാണ് ഈ നിയമത്തിന്റെ പരിധിയിൽ വന്നിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ 2014 വരെയുള്ള കടങ്ങളും മറ്റ് ജില്ലകളിൽ 2011 വരെയുള്ള കടങ്ങളും ഈ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് ഇറക്കുകയുണ്ടായി. 2018-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കടം എഴുതിത്തള്ളണമെന്ന ആവശ്യം ഉന്നയിച്ച പശ്ചാത്തലത്തിലാണ് സംസ്ഥാന ഗവൺമെന്റ്, കർഷകർക്കുണ്ടാകുന്ന കടത്തിന് ആശ്വാസം നൽകുന്ന ഒരു സ്ഥിരം സംവിധാനം കൊണ്ടുവന്നത്. ഇന്ത്യയിൽ ഇന്ന് നിലവിലുള്ള ഏക കടാശ്വാസ കമ്മീഷൻ കേരളത്തിലെ കർഷക കടാശ്വാസ കമ്മീഷനാണ്. കടാശ്വാസ കമ്മീഷന്റെ പരിധിക്കകത്തു നിന്നുകൊണ്ട്

ഒരു ലക്ഷം രൂപവരെയുള്ള കടങ്ങൾക്കാണ് പരിഹാരമുണ്ടാക്കാൻ കഴിയുന്നത്. അമ്പതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപവരെ എന്നുള്ള പരിധി മാറ്റി മിനിമം ഒരു ലക്ഷം രൂപയും മാക്സിമം രണ്ടു ലക്ഷം രൂപയും വരെയുള്ള സഹകരണ ബാങ്കുമായി ബന്ധപ്പെട്ട, 2014 മാർച്ച് മാസം 31 വരെയുള്ള കടങ്ങളും ഇടുക്കി വയനാട് ജില്ലകളിൽ 2018 ഓഗസ്റ്റ് മാസം 31 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാനുള്ള, കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായിട്ടുള്ള ഒരു സംവിധാനമാണ് ഈ നിയമ ഭേദഗതിയിലൂടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ തെറ്റിദ്ധാരണാജനകമായിട്ടുള്ള ഒരു കാര്യം പറഞ്ഞതുകൊണ്ടാണ് മറുപടി പറയുന്നത്. കർഷക ആത്മഹത്യകളുമായി ബന്ധപ്പെട്ടുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്ന് അദ്ദേഹം പറയുകയുണ്ടായി. ഒരു തെറ്റിദ്ധാരണയും ഉണ്ടായിട്ടില്ല. 2018-ൽ നൽകിയിരിക്കുന്ന മറുപടിയിൽ കർഷക ആത്മഹത്യ ഉണ്ടായില്ലെന്നും 2019-ൽ കർഷക ആത്മഹത്യ ഉണ്ടായെന്നും പറഞ്ഞുവെന്നാണ് അദ്ദേഹം പറയുന്നത്. അതൊരു സത്യം തന്നെയാണ്. 11-12-2018-ൽ എൽദോസ് പി. കുന്നപ്പിള്ളിയുടെ ചോദ്യത്തിന് മറുപടി നൽകുമ്പോൾ കേരളത്തിലെ ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്തിട്ടുണ്ടായിരുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇൻഡ്യയിൽ എല്ലായിടത്തും കൃഷിക്കാർ ആത്മഹത്യ ചെയ്യുമ്പോഴും 2018 വരെയുള്ള കാലഘട്ടത്തിൽ ഒരു കൃഷിക്കാരന്റെ ആത്മഹത്യയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നുള്ള ഒരു വസ്തുതയാണ് അന്നത്തെ ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത്. എന്നാൽ പിന്നീട് ശ്രീ. അനൂപ് ജേക്കബിന്റെ 12-6-2019-ലെ ചോദ്യത്തിന് മറുപടി പറയുമ്പോൾ 2018-ലുണ്ടായ പ്രളയത്തെത്തുടർന്ന് കേരളത്തിൽ കർഷകരുടെ ആത്മഹത്യയുണ്ടായി എന്നത് വസ്തുതയാണ്. ആ വസ്തുത ഞാൻ ഈ ചോദ്യത്തിന് ഉത്തരമായി ചൂണ്ടിക്കാണിക്കുകയുണ്ടായി.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പേരാമ്പ്ര വില്ലേജ് ഓഫീസിൽ.........(മൈക്ക് ഓഫ്).....

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, 2018-ൽ ഈ ചോദ്യത്തിന് മറുപടി പറയുന്ന സമയത്ത് ആ റിപ്പോർട്ട് അവിടെയില്ല. മറുപടി മറച്ചുവയ്ക്കേണ്ട കാര്യമൊന്നുമില്ല. ഏതെങ്കിലും ഒരു കൃഷിക്കാരന്റെ ആത്മഹത്യ നടന്നിട്ടില്ലെന്ന് പറഞ്ഞ് നമുക്ക് മറച്ചുവയ്ക്കാൻ കഴിയുന്നതല്ല. ഇതിനകത്ത് അദ്ദേഹം പറഞ്ഞ തെറ്റിദ്ധാരണാജനകമായ ഒരു കാര്യം, കർഷകരുടെ ആത്മഹത്യ സംബന്ധിച്ചുള്ള ഒരു നിർവ്വചനമാണ്. ബഹുമാനപ്പെട്ട അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി ഗൗരിയമ്മയുടെ കാലത്തുതന്നെ എന്താണ് കർഷക ആത്മഹത്യ എന്നത്

സംബന്ധിച്ചുള്ള ഒരു നിർവ്വചനമുണ്ടായിരുന്നു.അതിൽ പറയുന്ന ഗണത്തിലാണോ ഇത് ഉൾപ്പെടുന്നത് എന്നതാണ് സാധാരണഗതിയിൽ ഗവണ്മെന്റ് അന്വേഷിച്ച് റിപ്പോർട്ട് തരുന്നത്. അങ്ങനെ നോക്കുമ്പോൾ കൃഷിക്കാരൻ നേരിട്ട് കാർഷിക വായ്പയെടുക്കുകയും ആ കാർഷിക വായ്പയിന്മേൽ കുടിശ്ശിക വരികയും അതിന്റെ അടിസ്ഥാനത്തിൽ ജപ്തി നടപടിയുണ്ടാകുകയും ചെയ്തതിന്റെ ഫലമായി ആത്മഹത്യ ഉണ്ടാകുമ്പോഴാണ് അത് കർഷക ആത്മഹത്യയായി പരിഗണിക്കേണ്ടതെന്നാണ് പറയുന്നത്. നമ്മൾ അങ്ങനെയല്ല നോക്കിയിരിക്കുന്നത്. ഇവിടെ ആ മറുപടിയിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. നിർവ്വചനപ്രകാരം ഇത് പരിശോധിക്കുമ്പോൾ അങ്ങനെ പറയുന്നില്ലെങ്കിൽപ്പോലും കർഷകർ കാർഷികേതര ആവശ്യങ്ങൾക്കു വേണ്ടി എടുത്തിരിക്കുന്ന വായ്പകളുടെ പേരിലാണ് അവർക്ക് ജപ്തി നടപടികളുണ്ടായിരിക്കുന്നത്. കൃഷി തന്നെ ഉപജീവനമാർഗ്ഗമായ ഒരു കൃഷിക്കാരൻ എടുത്തിരിക്കുന്ന എല്ലാ ലോണുകളും കാർഷിക ലോണുകളായി തന്നെ പരിഗണിക്കണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. അതിന്റെ അടിസ്ഥാനത്തിൽ SLBC-യിൽ മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ കാർഷിക ലോണുകൾക്ക് മാത്രമല്ല, കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായ കർഷകൻ വീട് വയ്ക്കുന്നതിനോ മക്കളുടെ വിദ്യാഭ്യാസത്തിനോ കല്യാണത്തിനോ എടുത്തിരിക്കുന്ന ലോണെങ്കിലും കാർഷിക ലോണിന്റെ പരിധിയിൽപ്പെടുത്തിക്കൊണ്ട് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന നിലയിലുള്ള ഒരു നിലപാട് സ്വീകരിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നേരത്തെ അങ്ങ് പറഞ്ഞതുപോലെ, കർഷകൻ എടുത്ത ഏത് ലോണും കാർഷിക ലോണാണെന്ന നയപരമായ തീരുമാനമാണ് ഗവണ്മെന്റിനുള്ളതെങ്കിൽ പിന്നെ എന്തിനാണ് നാഷണലൈസ്ഡ് ബാങ്കിൽനിന്ന് സാധാരണക്കാരൻ പണയംവച്ചെടുക്കുന്ന വായ്പയെ കാർഷിക വായ്പാ പരിധിയിൽനിന്ന് പുറത്താക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ആരും പുറത്താക്കിയിട്ടില്ല. അങ്ങേയ്ക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. കർഷകനല്ലാത്ത ഒരാൾ എടുക്കുന്ന ലോണിന് കാർഷിക ലോൺ എന്ന് പറയാൻ കഴിയില്ല. കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ഒരാൾ എടുക്കുന്ന ഏത് ലോണും കാർഷിക ലോണായി പരിഗണിക്കണമെന്ന് പറയുമ്പോൾ കർഷകരല്ലാത്ത ഒരാൾ കർഷകനാണെന്നും പറഞ്ഞ് 10 സെന്റ് ഭൂമിയുടെ കരമടച്ച രസീത് കൊണ്ടുകൊടുത്ത് മൂന്ന് ലക്ഷം രൂപ വായ്പ വാങ്ങുന്നുണ്ടെങ്കിൽ അത് കാർഷിക ലോണായി അംഗീകരിക്കാൻ കഴിയില്ല. അത്രയേ പറഞ്ഞിട്ടുള്ളൂ. അത് വ്യക്തമാകുമെന്ന് ഞാൻ വിചാരിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട അംഗം എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെ, രണ്ട് മറുപടി കൊടുത്തിരിക്കുന്നത്, ആദ്യം കൃഷിക്കാർ ആത്മഹത്യ ചെയ്തത് കണ്ടില്ല, പിന്നെ കണ്ടു, എന്നല്ല. അന്ന് അങ്ങനെയൊരു റിപ്പോർട്ട് ഉണ്ടായിരുന്നില്ല. 2019-ൽ റിപ്പോർട്ട് ചെയ്തപ്പോൾ ഞാൻ തന്നെ കർഷക ആത്മഹത്യ നടന്ന എല്ലാ വീടുകളിലും നേരിട്ട് പോയതാണ്. കർഷക ആത്മഹത്യയുമായി ബന്ധപ്പെട്ട കാര്യത്തിൽ, നമ്മൾ പറയുന്ന മാനദണ്ഡം വച്ചുകൊണ്ട് പരിശോധിക്കാൻ കഴിയുന്ന കാര്യങ്ങളല്ല. കർഷകർ ആത്മഹത്യ ചെയ്താൽ അത് കർഷക ആത്മഹത്യ തന്നെയാണെന്നാണ് ഗവൺമെന്റ് നിലപാട്; അതിന്റെ അടിസ്ഥാനത്തിൽ അവർക്കുവേണ്ട സഹായങ്ങൾ കൊടുക്കണമെന്ന നിലപാട് തന്നെയാണുള്ളത്. അതിൽ ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചിരിക്കുന്നത്. അല്ലാതെ കർഷക ആത്മഹത്യ മറച്ചുവയ്ക്കാനൊന്നും ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. കൃഷിക്കാരൻ ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ, അവൻ വെറുതെ ആത്മഹത്യ ചെയ്യുകയില്ല. എന്തെങ്കിലും കാരണം കാണും. കൃത്യമായി കൃഷിയുമായി ബന്ധപ്പെട്ടതാണെങ്കിൽ അത് ആ നിലയിൽ കാണാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനകത്ത് യാതൊരു തരത്തിലും വെള്ളം ചേർക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടബാധ്യതകൊണ്ട് ആത്മഹത്യ ചെയ്യുന്ന കൃഷിക്കാരുടെ വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ? എന്റെ നിയോജക മണ്ഡലത്തിലുള്ള രണ്ട് കേസുകളിൽ ഗവൺമെന്റിന് അവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വയനാട്, ഇടുക്കി ജില്ലകളിൽ 2018 ഓഗസ്റ്റ് 31 വരെ സഹകരണ ബാങ്കുകളിൽ നിന്നെടുത്തിരിക്കുന്ന ഇത്തരം ലോണുകളിൽ 2 ലക്ഷം രൂപവരെയുള്ളത് കടാശ്വാസ കമ്മീഷന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരാൻ കഴിയും. SLBC മീറ്റിംഗിൽ എടുത്തിരിക്കുന്ന തീരുമാനം നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ സൂചിപ്പിച്ച ഒരു കാര്യമാണ്. മറ്റ് ബാങ്കുകളുടെ കടങ്ങൾ ഈ കടാശ്വാസ കമ്മീഷന്റെ പരിധിയിലേയ്ക്ക് കൊണ്ടു വരാൻ നിയമമുണ്ടായിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ SLBC-യുമായി ചർച്ച നടത്തിയപ്പോൾ കടാശ്വാസ കമ്മീഷന്റെ പരിധിയിലേയ്ക്ക് വരാൻ മറ്റ് ബാങ്കുകളുംകൂടി തയ്യാറാണെന്ന് സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ എ.പി.സി.യെയും പൊതുഭരണ വകുപ്പ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. അവിടെനിന്ന് റിപ്പോർട്ട് വരുന്ന മുറയ്ക്ക് അവരെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് കടാശ്വാസ കമ്മീഷൻ വിപുലപ്പെടുത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

അങ്ങനെ വരുമ്പോൾ അങ്ങ് പ്രതീക്ഷിക്കുന്നതുപോലെ മറ്റ് ബാങ്കുകളിൽ നിന്ന് എടുത്തിരിക്കുന്ന കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നുകൊണ്ട് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്ങ് പറയുന്നതുപോലെ, മുമ്പ് കർഷകർ ആത്മഹത്യ ചെയ്തില്ല എന്നുള്ളത് അങ്ങയെ അങ്ങയുടെ ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിച്ചതാണ്. അങ്ങത് ഒന്നുകൂടി പരിശോധിക്കണം. ഇൻഡ്യയിൽ നാൽപ്പത് മിനിറ്റിനിടയിൽ ഒരു കർഷകൻ വീതം ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. മൊത്തത്തിലുള്ള കണക്കെടുത്താൽ ആത്മഹത്യയുടെ 10 ശതമാനത്തോളം കർഷക ആത്മഹത്യയാണ്. നിരവധി കർഷകർ ബുദ്ധിമുട്ടും ദുരിതവും കാരണം ആത്മഹത്യ ചെയ്യുന്നുണ്ടെന്ന യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എണ്ണം വച്ച് പറയുന്നത് ഒരു സ്റ്റാറ്റിസ്റ്റിക്സ് മാത്രമാണ്. അതിൽനിന്ന് വ്യത്യസ്തമായി ഇന്ത്യയിൽ മുഴുവൻ ആത്മഹത്യ നടക്കുമ്പോൾ കേരളത്തിൽ ആത്മഹത്യയുണ്ടായിരുന്നില്ലെന്നത് സത്യമാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ കണക്കിൽ തന്നെ പറയുന്നുണ്ട്. എന്നാൽ 2018-നുശേഷം ഉണ്ടായ പ്രളയത്തിൽ 18 പേർ ആത്മഹത്യ ചെയ്തത് കേരളത്തിൽ തന്നെയാണെന്നുള്ളത് സത്യമാണ്. അതിനുശേഷം ഗവൺമെന്റ് ഇടപെട്ടതിനെത്തുടർന്ന് ഒരു കൃഷിക്കാരനും പിന്നീട് ആത്മഹത്യ ചെയ്തിട്ടില്ലെന്നുള്ളത് വസ്തുതയാണ്. അതേസമയം, വടക്കേ ഇന്ത്യയിൽ വ്യാപകമായി പതിനായിരക്കണക്കിനാളുകൾ ആത്മഹത്യ ചെയ്യുന്ന കണക്ക് ഇവിടത്തെ കണക്കിൽപ്പെടുത്തരുത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്ങ് പറയുന്ന കണക്കനുസരിച്ച്, 2015-ൽ ഉണ്ടായിട്ടുള്ള ആത്മഹത്യ 2016-ൽ ഉണ്ടായിട്ടില്ല. 2018-ലും 2019-ലും ഉണ്ടെന്ന് പറയുമ്പോൾ ആത്മഹത്യ ചെയ്യാത്ത ഒരു സ്ഥിതിയിൽ നിന്ന് ആത്മഹത്യ ചെയ്യുന്ന ഒരു സ്ഥിതിയിലേയ്ക്ക് മാറുകയല്ലേ ചെയ്തത്; അത് ഈ ഗവൺമെന്റിന് മോശമല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് പറഞ്ഞല്ലോ. പ്രളയത്തെത്തുടർന്ന് ആത്മഹത്യ നടന്നു എന്നുള്ളത് ഒരു പുതിയ കാര്യമല്ല. ഒരു ഗവൺമെന്റ് നയത്തിന്റെ ഭാഗമായി കൃഷിക്കാരൻ ആത്മഹത്യ ചെയ്യുന്നതും പ്രളയത്തെത്തുടർന്നുണ്ടായ നഷ്ടംമൂലം ആത്മഹത്യ ചെയ്യുന്നതും രണ്ടായി കാണാനുള്ള ഒരു രാഷ്ട്രീയബോധമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഇവിടെ അവതരിപ്പിച്ച ബില്ലുമായി ബന്ധപ്പെട്ട് ഇരുവശത്തുമുള്ള ബഹുമാന്യരായ എം.എൽ.എ.-മാർ നടത്തിയ ചർച്ചയിൽ കാർഷികരംഗവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിഷയങ്ങൾക്കാണ് ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രി വിശദീകരണം നൽകിയത്. കൃഷിക്കാർക്ക് സഹായകരമായൊരു നടപടിയാണ് ഈ ബിൽ കൊണ്ടുദ്ദേശിച്ചിരിക്കുന്നതെന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. ഒരു ലക്ഷം രൂപ വരെയാണ് നേരത്തെ അതിന് പരിധി നിശ്ചയിച്ചിരുന്നതെങ്കിൽ ഇപ്പോഴത് 2 ലക്ഷം രൂപ വരെയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. സ്വാഭാവികമായും കാർഷിക രംഗത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ രാജ്യത്താകമാനമുള്ള കാര്യങ്ങളെല്ലാം പറയാവുന്നതായതുകൊണ്ട് ബഹുമാന്യരായ എം.എൽ.എ.- മാർ അതൊക്കെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷെ യഥാർത്ഥത്തിൽ ചർച്ച ചെയ്യാൻ ഉദ്ദേശിച്ചത് കാർഷിക രംഗത്തെ പ്രശ്നങ്ങളാണ്. 2016 മുതൽ ഇങ്ങോട്ടുള്ള കാലഘട്ടത്തെക്കുറിച്ചാണല്ലോ ചർച്ച ചെയ്യുന്നത്. 2018-ലും 2019-ലും ഉണ്ടായ പ്രളയത്തെത്തുടർന്നുണ്ടായ ചില പ്രത്യേക സാഹചര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ സമീപകാലത്തുണ്ടായ സംഭവ വികാസങ്ങളുടെ തുടർച്ച എന്ന നിലയ്ക്കാണ് 2 രണ്ട് ലക്ഷം രൂപ വരെ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത്. അതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. 2018-ലും 2019-ലും ഉണ്ടായ പ്രളയത്തെത്തുടർന്ന് കാർഷിക മേഖല നേരിട്ട പ്രശ്നങ്ങൾ, എസ്.എൽ.ബി.സി. ഉൾപ്പെടെയു ള്ളവരുമായി നടത്തിയിട്ടുള്ള ചർച്ച, മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ബഹുമാന്യരായ എം.എൽ.എ. മാർക്കെല്ലാം അറിയാവുന്നതാണ്. ആ നടപടികൾക്കുശേഷം ഗവൺമെന്റ് പൊതുവിൽ ചർച്ച ചെയ്താണ് ഈ തീരുമാനമെടുത്തത്. നിലവിലുള്ള കാർഷിക രംഗത്തെ വിഷയത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകളുടെ പ്രശ്നമാണ് പരിഹരിക്കപ്പെടേണ്ടത്. കൊമേഴ്സ്യൽ ബാങ്കുകളുൾപ്പെടെ അതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പയുടെ കാര്യത്തിൽ കർഷക കടാശ്വാസ നിയമത്തിന്റെ പരിധിയിൽ ഇന്നുള്ളതിൽ നിന്നും അൽപ്പം സഹായകരമായ, കൃഷിക്കാർക്ക് അനുകൂലമായ രീതിയിലുള്ള തീരുമാനമെടുക്കണമെന്നതാണ് ഇതിന്റെ ഉള്ളടക്കം. രൂക്ഷമായ കാർഷിക പ്രതിസന്ധിയെത്തുടർന്ന് കേരളത്തിലെ കർഷകർ ദുരിതത്തിലാഴ്ത്തപ്പെടുകയും സാമ്പത്തികമായി തകർച്ച നേരിടുകയും ചെയ്തതിനെത്തുടർന്ന് തങ്ങളെടുത്ത വായ്പകൾ തിരിച്ചടയ്ക്കാനാകാതെ

കടക്കെണിയിലകപ്പെട്ട് ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് കർഷകർക്ക് കടാശ്വാസം നൽകുകയെന്ന ഉദ്ദേശ്യത്തോടെ കേരള നിയമസഭ 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കി 2007-ലെ ഒന്നാം നമ്പർ ആക്ടായി പ്രസിദ്ധീകരിച്ചത്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾപ്രകാരം രൂപീകരിച്ച കേരള കർഷക കടാശ്വാസ കമ്മീഷന് ഒരു സിവിൽ കോടതിക്ക് സമാനമായ അധികാരം നൽകി കർഷകർക്ക് കടാശ്വാസം നൽകുന്നതിനെ സംബന്ധിച്ച് ന്യായനിർണ്ണയങ്ങൾ നടത്തി അവാർഡുകൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. അതിനായി കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തുകയും ചെയ്ത് അവാർഡ് പാസ്സാക്കി സർക്കാരിലേയ്ക്ക് കടാശ്വാസ ശിപാർശ നൽകുകയാണ് ചെയ്യുന്നത്. അപ്രകാരം ഒത്തുതീർപ്പിൽ എത്തിച്ചേരുന്ന തുക 50,000 രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ പരമാവധി 75 ശതമാനം തുക കടാശ്വാസമായി നൽകുന്നു. അപ്രകാരമുള്ള തുക 50,000 രൂപയിൽ കൂടുതലായിരിക്കുന്ന സംഗതിയിൽ 50 ശതമാനത്തിൽ അധികരിക്കാത്തതും പരമാവധി 1,00,000 രൂപയിൽ അധികരിക്കാത്തതുമായ തുകയാണ് കടാശ്വാസമായി നൽകി വന്നിരുന്നത്. 2018 ആഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. അതിൽ വിളകൾക്കുണ്ടായ നാശനഷ്ടം 18,545.25 കോടി രൂപയും കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം 326.25 കോടി രൂപയും കാർഷിക മേഖലയിലെ ആസ്തികൾക്കും ഉൽപ്പാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം 130.34 കോടി രൂപയുമാണെന്ന് കണക്കാക്കിയിട്ടുണ്ട്. മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലായ് 31 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയാണ് ആദ്യമുണ്ടായത്. ഓവർഡ്യൂ ആയിട്ടുള്ള കാർഷിക വായ്പകളെ ക്രമീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. കർഷകർ വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള കാർഷിക-വിദ്യാഭ്യാസ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുള്ളതാണ്. കർഷക ആത്മഹത്യകൾ ഉണ്ടായ സാഹചര്യം കണക്കിലെടുത്താണ് മുകളിൽപ്പറഞ്ഞിരിക്കുന്ന പ്രകാരം കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്കുമേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം 1,00,000 രൂപയിൽ നിന്നും 2,00,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥ

ചെയ്തുകൊണ്ട് 2007-ലെ കടാശ്വാസ കമ്മീഷൻ ആക്ടിലെ 5-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത തീരുമാനം അടിയന്തരമായി നടപ്പിലാക്കേണ്ടതായിരുന്നതിനാലും നിയമസഭാ സമ്മേളനം നടക്കാത്ത സമയമായിരുന്നതിനാലും 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ഓർഡിനൻസ് 2018 ജൂലൈ 26-ാം തീയതി വിളംബരപ്പെടുത്തി 2019 ജൂലൈ 27-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത ഓർഡിനൻസിനുപകരം ആക്ട് കൊണ്ടുവരുന്നതിനുള്ള ബില്ലാണ് 2018-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ, not in the seat.

(നിരാകരണ പ്രമേയം നിരാകരിച്ചു)

ശ്രീ. ഇ. കെ. വിജയൻ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഇതൊരു പുതിയ നിയമനിർമ്മാണമാണ്. കേരളത്തിൽ വളരെ തുച്ഛമായ വേതനത്തിന് സേവനം ചെയ്യുന്ന ഒരു വിഭാഗമാണ് മദ്രസ്സാദ്ധ്യാപകർ. ആത്മീയമായ അറിവുകൾ പകർന്ന് ഒരു തലമുറയെ രൂപപ്പെടുത്തുന്നതിൽ അവർ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. മൊത്തം 21683 മദ്രസ്സകളിലായി 2,04,683 അദ്ധ്യാപകരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. വലിയൊരു വിഭാഗമായിട്ടും അവർ ഈ രംഗത്ത് നിശബ്ദമായി സേവനം ചെയ്തുപോരുന്നു. ഓരോ മദ്രസ്സയ്ക്ക് കീഴിലുമുള്ള അദ്ധ്യാപകർക്കും ലഭിക്കുന്ന വേതനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടെന്നത് വസ്തുതയാണ്. ശരാശരി 6000 രൂപയിൽ കൂടുതൽ മദ്രസ്സാദ്ധ്യാപകർക്ക് ശമ്പളമായി ലഭിക്കുന്നില്ല. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്നവരാണ് ഇവരിലേറെയും. മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ, അവരുടെ വിവാഹം, സ്വന്തമായി വീട് തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ വരുമാനം ഒട്ടും പര്യാപ്തമല്ലെന്ന് പറയേണ്ടതില്ലല്ലോ. സുമനസ്സുകളുടെ കാരുണ്യം കൊണ്ടുമാത്രമാണ് അവരിലേറെപ്പേരും ജീവിക്കുന്നത്. ദശാബ്ദങ്ങൾ മതജ്ഞാനം പകർന്നുനൽകി വിശ്രമ ജീവിതത്തിലേയ്ക്ക് കാലെടുത്തുവയ്ക്കുമ്പോൾ സമ്പാദ്യമൊന്നുമില്ലാതെ വലിയൊരു ശൂന്യതയ്ക്കുമുമ്പിൽ അവർ അന്ധാളിച്ചു നിൽക്കുന്നത് വേദനിപ്പിക്കുന്ന കാഴ്ചയാണ്. അത്യാവശ്യ ചെലവുകൾക്കും മരുന്നുകൾക്കും മറ്റുമായി ഗത്യന്തരമില്ലാതെ ഉദാരമതികളിൽ പലരെയും അവർക്ക് ആശ്രയിക്കേണ്ടിവരാറുണ്ട്. ഈ ദുരവസ്ഥ ലഘൂകരിക്കാൻ

ശ്രീ. പാലോളി മുഹമ്മദ്കുട്ടി മന്ത്രിയായിരിക്കെ ഇടതുപക്ഷ സർക്കാരാണ് സംസ്ഥാനത്ത് ആദ്യമായി മദ്രസ്സാദ്ധ്യാപക ക്ഷേമനിധി രൂപീകരിച്ചത്. ഇതുവരെ 22500-ഓളം മദ്രസ്സാദ്ധ്യാപകർ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. അനുദിനം നിരവധിപേരാണ് അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പുതന്നെ അരലക്ഷം അംഗങ്ങളെ ഈ സ്കീമിൽ ചേർക്കാനാകുമെന്നാണ് പ്രതീക്ഷ. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ ഭരണനിർവ്വഹണത്തിനായി ഒരു ബോർഡ് രൂപീകരിക്കപ്പെടുന്നതും ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ്. ഇടതുപക്ഷം പിന്തുണ നൽകിയിരുന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് നിയമിതമായ ജസ്റ്റിസ് രജീന്ദർ സച്ചാറിന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ ഇന്ത്യയിലെ മുസ്ലീം സമൂഹത്തിന്റെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് സമയബന്ധിതമായി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിന്റെ സാമൂഹികാന്തരീക്ഷം കലുഷിതമാക്കാതെ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ മുൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ അന്നത്തെ വി.എസ്. സർക്കാർ നിയമിച്ചു. പാലോളി കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ മദ്രസ്സാദ്ധ്യാപകർക്കുള്ള ക്ഷേമനിധി 2010-ൽ നിലവിൽ വന്നത്. നിലവിലുണ്ടായിരുന്ന കോഴിക്കോട് ആസ്ഥാനമായ മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ നടത്തിപ്പ് നിയമംമൂലം വ്യവസ്ഥപ്പെടുത്താനാണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം ഇപ്പോൾ നടത്തുന്നത്. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് 2018 ആഗസ്റ്റ് 31-ാം തീയതി കേരള ഗവർണർ വിളംബരം ചെയ്തു. തുടർന്ന് നിയമസഭയിൽ ബില്ലായി അവതരിപ്പിക്കാൻ കഴിയാത്തതിനാൽ 2019 ജനുവരി 7-നും 2019 മാർച്ച് 1-നും 2019 ജൂലൈ 6-നും മൂന്ന് തവണ പുനർവിളംബരം ചെയ്യുകയാണുണ്ടായത്. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 2018 ഒക്ടോബർ 16-ന് ചെയർമാനെയും അംഗങ്ങളെയും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓർഡിനൻസിലെ 10-ാം വകുപ്പ് പ്രകാരം സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരാൾ ബോർഡിന്റെ ചെയർമാനായും മദ്രസ്സാദ്ധ്യാപകരിൽ നിന്നും നാലുപേരും മദ്രസ്സ കമ്മിറ്റിയുടെ പ്രതിനിധികളിൽ നിന്നും നാല് അംഗങ്ങളും ഉൾപ്പെടെ 9 ഔദ്യോഗികാംഗങ്ങളും 5 അനൗദ്യോഗികാംഗങ്ങളും ഉൾപ്പെടുന്ന ഭരണസമിതിയെ ഇതുവഴി നിശ്ചയിച്ചു. ഔദ്യോഗികാംഗമായ ശ്രീ. അഹമ്മദ് ദേവർ കോവിൽ രാജിവച്ച ഒഴിവിൽ പകരമായി ശ്രീ. ഉമർ ഫൈസി മുക്കത്തെ 2019 ജൂലൈ 25-ന് നിയമിച്ചുകൊണ്ട് ഉത്തരവിറക്കി. 2019 ജൂൺ 21-ന് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റെ പദ്ധതികളും 2019 ജൂൺ 21-ന്

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റെ ചട്ടങ്ങളും സർക്കാർ വിജ്ഞാപനം ചെയ്തു. ഓർഡിനൻസിൽ പീഠിക ഒഴികെ 28 ക്ലോസുകളാണുള്ളത്. സമൂഹത്തിലെ അടിസ്ഥാന വിഭാഗമായ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി മുൻ എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയ ക്ഷേമനിധിയാണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡായി ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാർ ഉയർത്തുന്നത്. ബോർഡിന് സ്വതന്ത്ര ചുമതലകളാണ് നൽകിയിട്ടുള്ളത്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് നിലവിൽ വന്ന് ഏകദേശം ഒരു വർഷത്തിനുള്ളിൽ പുതിയതായി 6000-ത്തോളം പേരാണ് ക്ഷേമനിധിയിൽ അംഗങ്ങളായത്. 65 വയസ്സ് പൂർത്തിയായവരും അംഗത്വമെടുത്ത് 5 വർഷം കഴിഞ്ഞവരുമായ അംഗങ്ങൾക്കാണ് നിലവിൽ 1000 രൂപ പെൻഷൻ നൽകിവരുന്നത്. പുതിയ സ്കീം പ്രകാരം 2020 ഏപ്രിൽ 1 മുതൽ പെൻഷൻ പ്രായം 60 വയസ്സാക്കി കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻ തുക കുറഞ്ഞത് 1500 രൂപയും കൂടിയത് 7500 രൂപയുമാക്കി നിജപ്പെടുത്താനും തീരുമാനമായിട്ടുണ്ട്. 5 വർഷം കഴിഞ്ഞ ഓരോ വർഷത്തിലും പെൻഷൻ തുകയിൽ 10 ശതമാനം നിരക്കിൽ വർദ്ധനവ് വരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു സീലിംഗ് ഏർപ്പെടുത്തിയിരിക്കുന്നത്. നിലവിൽ 230 പേർക്കാണ് പെൻഷൻ ലഭിക്കുന്നത്. പ്രതിമാസ പെൻഷൻ പദ്ധതിക്കുപുറമെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾകൂടി ബോർഡ് വഴി നടപ്പിലാക്കിവരുന്നു.

ഒന്ന്, വിവാഹധനസഹായം- അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും രണ്ട് പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപയാണ് സഹായമായി നൽകുന്നത്. രണ്ട്, സ്കോളർഷിപ്പ്- എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിലെ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് 2000 രൂപ സ്കോളർഷിപ്പ് നൽകുന്നത്. മൂന്ന്, പലിശരഹിത ഭവന വായ്പ– അംഗങ്ങൾക്ക് 2.5 ലക്ഷം രൂപ 84 മാസം തിരിച്ചടവ് കാലാവധി നിശ്ചയിച്ച് നൽകുന്ന പദ്ധതിയാണിത്. നാല്, ചികിത്സാധനസഹായം- അംഗങ്ങൾക്ക് സാധാരണ അസുഖങ്ങൾക്ക് 5000 രൂപവരെയും ഗുരുതര രോഗങ്ങൾക്ക് 25000 രൂപവരെയുമാണ് ചികിത്സാസഹായം അനുവദിക്കുന്നത്. അഞ്ച്, പ്രസവാനുകൂല്യം- മദ്രസ്സാദ്ധ്യാപികമാർക്ക് 15000 രൂപ രണ്ട് പ്രസവത്തിന് എന്ന നിലയ്ക്ക് നൽകിവരുന്നു. ആറ്, വിദ്യാഭ്യാസ ധനസഹായം- പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് സർക്കാർ ഫീസിന് തുല്യമായ തുക ഈ സ്കീം വഴി ലഭ്യമാക്കുന്നു. ഏഴ്, മരണാനന്തര ധനസഹായം- അംഗത്വ കാലാവധി അനുസരിച്ച് 10,000 രൂപ മുതൽ 50,000 രൂപ വരെയാണ് മരണാനന്തര ധനസഹായമായി ലഭ്യമാക്കുന്നത്. എട്ട്, സംസ്കാര ചടങ്ങുകൾക്കുള്ള ധനസഹായം-

അംഗങ്ങൾക്ക് 5000 രൂപയും പെൻഷണർക്ക് 3000 രൂപയുമാണ് ഇതുപ്രകാരം സഹായമായി നിശ്ചയിച്ചിരിക്കുന്നത്. ഒമ്പത്, അവശതാ പെൻഷൻ- മെഡിക്കൽ ബോർഡിന്റെ നിർദ്ദേശാനുസരണം പ്രതിമാസം 1000 രൂപ ഈ പദ്ധതി പ്രകാരം നൽകിവരുന്നു. പത്ത്, കുടുംബ പെൻഷൻ- പെൻഷന് അർഹത നേടിയ അംഗങ്ങളുടെ ആശ്രിതർക്ക് കുറഞ്ഞത് 1000 രൂപയോ മരണമടയുന്ന അംഗത്തിന് ലഭിക്കാനിടയുള്ള പെൻഷൻ തുകയുടെ പകുതിയോ നൽകുന്ന പദ്ധതിയാണിത്. പതിനൊന്ന്, പലിശരഹിത വിവാഹാവശ്യ വായ്പ- അംഗങ്ങൾക്ക് സ്വന്തം വിവാഹത്തിനോ രണ്ട് പെൺമക്കളുടെ വിവാഹത്തിനോ 2 ലക്ഷം രൂപവരെ തിരിച്ചടവ് വ്യവസ്ഥയിൽ നൽകിവരുന്ന സ്കീമാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ചികിത്സാധനസഹായം, പ്രസവാനുകൂല്യം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, പലിശ രഹിത ഭവന വായ്പ, പലിശരഹിത വിവാഹാവശ്യ വായ്പ തുടങ്ങിയവ നടപ്പിലാക്കിയത്. കൂടാതെ പെൻഷൻ തുക 500 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുകയും അടുത്ത സാമ്പത്തിക വർഷം മുതൽ 1500 രൂപ തോതിൽ പെൻഷൻ നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി സംവിധാനത്തോടുകൂടിയ ബോർഡ് നിലവിൽ വരുന്നതിനുമുമ്പുണ്ടായിരുന്ന ആനുകൂല്യങ്ങളായിരുന്നു സ്കോളർഷിപ്പ്, വിവാഹ ധനസഹായം, പലിശരഹിത ഭവന വായ്പ, ചികിത്സാ ധനസഹായം എന്നിവ. ബാക്കിയുള്ളവ ബോർഡ് നിലവിൽ വന്നതിനുശേഷമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ വളരെ സുപ്രധാനമായ ഒരു ബില്ലാണ് ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബാക്കി കാര്യങ്ങൾ ചർച്ചകൾക്കുശേഷം പറയാവുന്നതാണ്.

മി. സ്പീക്കർ: ആറുപേരാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. പത്ത് മിനിട്ടിലൊതുങ്ങി സംസാരിച്ച് സഹകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

Shri Anwar Sadath: Sir, I move that- " This House resolves to disapprove 'The Kerala Madrasa Teachers' Welfare Fund Ordinance, 2019 (Ordinance No.30 of 2019).

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ചില വികാരങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. കാരണം മദ്രസ്സാദ്ധ്യാപകരെക്കുറിച്ച് നമുക്കറിയാം. ഞാൻ മദ്രസ്സ വിദ്യാർത്ഥിയായിരുന്ന കാലം മുതൽ കാണുന്നതാണ്. അവർ വലിയ പ്രയാസമനുഭവിക്കുന്നവരാണ്. അവർക്ക് ലഭിക്കുന്നത് തുച്ഛമായ ശമ്പളമാണ്.

ഇവിടെ സൂചിപ്പിച്ചതുപോലെ 6000 രൂപയാണ് അവർക്ക് പരമാവധി ലഭിക്കുന്നത്. വളരെയധികം പ്രയാസപ്പെടുന്ന ഒരു ജനവിഭാഗമാണവർ. അവരുടെ മക്കളുടെ വിവാഹ ധനസഹായത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 10000 രൂപ എന്നുള്ളത് വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കാരണം മക്കളുടെ വിവാഹം ഈ അദ്ധ്യാപകർ സുമനസ്സുകളായ ആളുകളുടെ സഹായത്തോടു കൂടിയാണ് നടത്തുന്നത്. പലയാളുകളും വാടക വീടുകളിലാണ് താമസിക്കുന്നത്. അങ്ങനെ വരുമ്പോൾ 50,000 രൂപയെങ്കിലും മിനിമമാക്കിയാൽ ആ കുടുംബത്തിന് വലിയൊരു സഹായമാകും. കാരണം അത്രമാത്രം ദാരിദ്ര്യമനുഭവിക്കുന്ന ഒരു വിഭാഗമാണ്. മദ്രസ്സകളിൽ കുട്ടികളിൽ നിന്ന് ഫീസോ മറ്റെന്തെങ്കിലുമോ ആയി വളരെ തുച്ഛമായ തുക മാത്രമേ വാങ്ങാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അദ്ധ്യാപകർക്ക് കൊടുക്കുന്ന ശമ്പളത്തിന്റെ അളവ് താരതമ്യേന കുറവായിരിക്കും. ഇവിടെ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ബിൽ ഒരു ചരിത്രമാണെന്ന് പ്രിയപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതൊക്കെ ഞാൻ സമ്മതിക്കുന്നു. ഈ ഓർഡിനൻസ് ഇറങ്ങിയിട്ട് ഒരുവർഷമായി. ഇക്കാര്യം ഇത്ര ഗൗരവത്തിലെടുത്ത ഗവൺമെന്റിന് എന്തുകൊണ്ടാണ് നാല് സഭാ സമ്മേളനങ്ങളുണ്ടായിരുന്നിട്ട് അതിൽ ഏതെങ്കിലുമൊന്നിൽ ഈ ബിൽ കൊണ്ടുവന്ന് യാഥാർത്ഥ്യമാക്കി, നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് ഞാൻ ചോദിക്കുകയാണ്. കാരണം അത്ര ഗൗരവത്തിലെടുത്തെങ്കിൽ ഈ ഒന്നരവർഷക്കാലത്തിനിടയ്ക്ക് ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കി ഇവിടെ പറഞ്ഞ ആനുകൂല്യങ്ങൾ നൽകാമായിരുന്നില്ലേ; ഓർഡിനൻസിന്റെ കാര്യം ശരിയാണ്. ഓർഡിനൻസ് ഇറക്കിയത് യാഥാർത്ഥ്യമാണ്. അത് നിലവിലുണ്ട്. 2018 മുതൽ അത് പ്രാബല്യത്തിലുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ അതിന്റെ ഗൗരവം കുടുതലുണ്ടായിരുന്നെങ്കിൽ ബിൽ എത്രയുംവേഗം സഭയിൽ കൊണ്ടുവന്ന് അത് നിയമസഭ പാസ്സാക്കിയെടുക്കേണ്ടതായിരുന്നു എന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. 1985-ലെ ഒരു കാര്യം നിങ്ങൾ ഓർക്കണം. പ്രിയപ്പെട്ട ലീഡർ മുഖ്യമന്ത്രിയായിരുന്ന സമയത്ത്, അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനഘട്ടത്തിൽ മുക്രിക്കും മുല്ലയ്ക്കും പെൻഷൻ കൊടുക്കുന്നതിനുള്ള ബിൽ കൊണ്ടുവന്നു. അന്ന് അതിനെതിരെ ശക്തമായ ജനവികാരമുണ്ടാക്കാൻ ശ്രമിക്കുകയും അതിനെ ശക്തമായി എതിർക്കുകയും ചെയ്തവരാണ് നിങ്ങൾ. അത് ഓർക്കുന്നുണ്ടോ എന്നെനിക്കറിയില്ല. അന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരുപക്ഷേ ലീഗിലായിരുന്നിരിക്കാം. അതിനെ അനുകൂലിച്ചുകാണും. വേണമെങ്കിൽ മന്ത്രിക്ക് അതിൽ നിന്ന് തടിയൂരാം. കാരണം മന്ത്രി അതിനകത്തില്ല. മന്ത്രി അന്ന് ലീഗിലും യൂത്ത് ലീഗിലും പ്രവർത്തിക്കുന്ന കാലഘട്ടമായിരിക്കുമല്ലോ; മന്ത്രിക്ക്

അതിനകത്ത് വേറെ ആക്ഷേപം പറയാൻ പറ്റില്ല. മന്ത്രിയെയും ആക്ഷേപം പറയാൻ പറ്റില്ല. പക്ഷേ മന്ത്രിയെ ഇന്ന് ഉൾക്കൊള്ളുന്ന ഇടതുപക്ഷവും അന്നത്തെ ഡി.വൈ.എഫ്.ഐ. അടക്കമുള്ള ആളുകളും ഒരു മുദ്രാവാക്യം വിളിച്ചിരുന്നു എന്താണത്; 'മുല്ലമാർക്കും മുക്രിമാർക്കും മുതുപെൻഷൻ' എന്ന മുദ്രാവാക്യം വിളിച്ചു. അതൊരു വർഗ്ഗീയ വേർതിരിവുണ്ടാക്കുന്ന രീതിയിലേയ്ക്ക്, വർഗ്ഗീയമായിത്തന്നെ ചിത്രീകരിച്ചുള്ള രീതിയായിരുന്നു അന്ന് ഇടതുപക്ഷത്തിന്റേത്. കടിച്ച പാമ്പിനെക്കൊണ്ട് വിഷമിറക്കിക്കും എന്നുപറഞ്ഞതുപോലെ ആ ഇടതുപക്ഷം തന്നെ ഇന്ന് ഈ ബിൽ കൊണ്ടുവന്ന് ഇവിടെ പാസ്സാക്കുമ്പോൾ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ട്. കാരണം കടിച്ച പാമ്പിനെക്കൊണ്ട് വിഷം ഇറക്കിച്ചു. ഇതൊക്കെ പറയുമ്പോഴും ഇതാരാണ് കൊണ്ടുവന്നത്? ഈ കമ്മിറ്റിയെ ആരാണ് നിയമിച്ചത്? മുസ്ലീം ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയെക്കുറിച്ച് പഠിക്കാൻ 2005, മാർച്ച് 9-നായിരുന്നു മൻമോഹൻ സിംഗ് ഗവൺമെന്റ് ജസ്റ്റിസ് രജീന്ദർ സച്ചാറിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചത്. അന്ന് ആ കമ്മിറ്റിയെ നിയമിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റിന് അതിന്റെ റിസൾട്ട് കിട്ടുമോയെന്ന ഒരു തെറ്റിദ്ധാരണയുണ്ടായിരുന്നു. സ്വാഭാവികമായും ന്യൂനപക്ഷങ്ങളുടെ മൊത്തം ഹോൾസെയിൽ ഏറ്റെടുത്തിരിക്കുന്നത് നിങ്ങളാണല്ലോ. ഞങ്ങളാരും ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല, എല്ലാം നിങ്ങളാണ് ചെയ്യുന്നതെന്നാണ് പറയുന്നത്. ന്യൂനപക്ഷങ്ങൾക്ക് നിങ്ങളുടെ തട്ടിപ്പെല്ലാം മനസ്സിലായി തുടങ്ങിയിട്ടുണ്ട്. അന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ, ഇവിടെ പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയെ നിയമിച്ചു. സത്യം പറഞ്ഞാൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയാൽ മതിയായിരുന്നു. പക്ഷെ അതെല്ലാം രാഷ്ട്രീയമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.

(ഡോ. കെ. ടി. ജലീൽ): സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ ഒരിടത്തും മദ്രസ്സാ ക്ഷേമനിധി നടപ്പിലാക്കണമെന്നോ അതല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെന്നോ ഒരു പൊതുനിർദ്ദേശം നൽകിയിട്ടില്ല. സാമൂഹികാന്തരീക്ഷം തകർക്കാതെ നടപ്പിലാക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടായത് കേരളത്തിൽ മാത്രമാണ്. മറ്റൊരു സംസ്ഥാനത്തും അങ്ങനെ ഉണ്ടായിട്ടില്ല.

ശ്രീ. വി. ടി. ബൽറാം: ബഹുമാന്യനായ മന്ത്രി, സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ വിവിധ സംസ്ഥാനങ്ങളുടെ സാഹചര്യം പരിഗണിക്കണമെന്ന് പറഞ്ഞിരുന്നു, അത് ശരിയാണ്. പക്ഷെ ആ സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ മുസ്ലീം ന്യൂനപക്ഷം ഏറ്റവും

കൂടുതൽ ദുരിതമനുഭവിക്കുന്ന ഒരു സംസ്ഥാനമായി ചൂണ്ടിക്കാണിച്ചത് പശ്ചിമ ബംഗാളായിരുന്നുവെന്നും അന്ന് പശ്ചിമ ബംഗാൾ ഭരിച്ചിരുന്നത് സി. പി. ഐ. (എം)-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നുവെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: തീർച്ചയായും അത് ഞാൻ പറയാനിരുന്ന കാര്യമാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ സച്ചാർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമല്ലെന്ന് പറയുന്നു. കേരള ഗവൺമെന്റ് ഒരു ഗസറ്റിലൂടെയാണ് ഒരു കമ്മിറ്റി രൂപീകരിക്കുന്നത്. 2010 മേയ് 31-ന് ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതുസംബന്ധിച്ച് പഠനം നടത്തിയ ശ്രീ. പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് അദ്ധ്യാപക ക്ഷേമനിധി പെൻഷൻ അനുവദിക്കാൻ തീരുമാനമുണ്ടായത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ ഇന്ത്യയിലെ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി നടപ്പാക്കിയതാണ്. അത് നടപ്പാക്കിയത് ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന കാലത്താണ്. ഇത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗസറ്റിൽ പ്രസിദ്ധീകരിച്ച കാര്യമാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യങ്ങളാണ് അദ്ദേഹമിപ്പോൾ പറഞ്ഞത്. ബഹുമാന്യനായ സി. മമ്മൂട്ടി പറഞ്ഞ കാര്യം ശരിയാണ്. കാരണം ഓർഡറിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവിറക്കിയത്. നിങ്ങളാണ് ന്യൂനപക്ഷങ്ങളുടെ ഹോൾസെയിൽ ഏറ്റെടുത്തിരിക്കുന്നത്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, എനിക്ക് അക്കാര്യത്തിൽ ചെറിയൊരു സംശയമുണ്ട്. ഒന്നാം യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷം പിന്തുണ നൽകിയാണ് ജസ്റ്റിസ് രജീന്ദർ സച്ചാർ ചെയർമാനായി കമ്മിറ്റിയെ നിയോഗിച്ചതെന്ന് വളരെ അഭിമാനപൂർവ്വം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. രണ്ടാമത്, അദ്ദേഹംതന്നെ പ്രസംഗത്തിന്റെ അവസാനം പറഞ്ഞത് മുല്ലയുടെയും മുക്രിയുടെയും കാര്യം അതിൽ പറഞ്ഞിട്ടില്ലെന്നുള്ളതാണ്. അദ്ദേഹം ആദ്യം യോജിക്കുകയും രണ്ടാമത് സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തള്ളിപ്പറയുകയും ചെയ്തതുപോലെയാണ് തോന്നിയത്. അതിൽ ഏതിനാണ് അദ്ദേഹം പ്രാധാന്യം കൊടുക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

ഡോ. കെ. ടി. ജലീൽ: സർ, തുടർച്ചയായി 52 വർഷം കോൺഗ്രസ് ഭരിച്ചിരുന്നു. ആ 52 വർഷക്കാലയളവിൽ ഇങ്ങനെയൊരു കമ്മീഷനെ വയ്ക്കുകയോ വേറെ ഏതെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മുസ്ലീം സമുദായങ്ങളുടെ പിന്നോക്കാവസ്ഥയും പരിതാവസ്ഥയും ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്തോ അല്ലെങ്കിൽ അതിന്റെ അഞ്ചോ പത്തോ വർഷങ്ങൾക്ക് മുമ്പോ തുടങ്ങിയതല്ല. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരുന്ന കാര്യമായിരുന്നു അത്. കോൺഗ്രസിന് ഉഗ്രപ്രതാപമുണ്ടായിരുന്ന 52 കൊല്ലം കഴിഞ്ഞതിനുശേഷം ഇന്ത്യയിലെ മുസ്ലീം ജനവിഭാഗത്തിന്റെ പരിതാവസ്ഥയെ സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ സാധിച്ചില്ല. ഒന്നാം യു.പി.എ. സർക്കാരിന്റെ സമയത്ത് മിനിമം കോമൺ പരിപാടികൾക്ക് രൂപം നൽകിയപ്പോൾ, ഇടതുപക്ഷമുൾപ്പെടെയുള്ള പാർട്ടികൾ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ച്, വിശിഷ്യാ മുസ്ലീങ്ങളെപ്പറ്റി പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഒന്നാം യു.പി.എ. സർക്കാർ അങ്ങനെയൊരു കമ്മീഷനെ നിയോഗിച്ചത്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഒന്നാം യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷം സപ്പോർട്ട് കൊടുത്തതുകൊണ്ടാണ് ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയെ നിയോഗിച്ചതെന്ന് പറയുന്നത്, ചരിത്രത്തിൽ ഇത്രയേറെ തിരുത്തൽ വരുത്തി താങ്കൾ പറയരുത്.

ശ്രീ. അൻവർ സാദത്ത്: സർ, ഞാനൊരു ഉദാഹരണം പറഞ്ഞുകൊള്ളട്ടെ, ഉത്തരത്തിലിരിക്കുന്ന പല്ലിക്ക് ഒരു ധാരണയുണ്ട്, ഈ ഉത്തരം താങ്ങിനിൽക്കുന്നത് പല്ലിയാണെന്ന്. എന്നുപറയുന്നതുപോലെ ഒരു കമന്റായി മാത്രമേ ഞങ്ങൾ അതിനെ കാണുന്നുള്ളൂ. മറ്റൊന്നും അതിൽ ഞങ്ങൾ കാണുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇവിടെ എല്ലാവരും സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങളെപ്പറ്റിയാണ് പറയുന്നത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ ഈ റിപ്പോർട്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്തിന് കത്തെഴുതിയിട്ട് എത്രവർഷം നീട്ടിക്കൊണ്ട് പോയി? അവസാനം ഗത്യന്തരമില്ലാതെ കേന്ദ്രത്തിൽനിന്നും വളരെയധികം സമ്മർദ്ദമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് വി. എസ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ ഈ റിപ്പോർട്ട് നടപ്പിലാക്കിയത്. അക്കാര്യം നിങ്ങൾക്കറിയില്ലേ?

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ അദ്ദേഹം കോൺഗ്രസിനെപ്പറ്റി പറഞ്ഞു, കോൺഗ്രസ് 1957 മുതൽ ഒറ്റയ്ക്ക് ഭരിച്ച കേരളത്തിലും കാൽ നൂറ്റാണ്ട് കാലം ഭരിച്ച

ബംഗാളിലുമാണ് മുസ്ലീങ്ങൾ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളതെന്ന് ഈ സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. കിലോമീറ്ററുകളോളം പോയാലാണ് ഒരു ബാത്ത്റൂമുള്ളത്. ആദിവാസികളെക്കാൾ കഷ്ടപ്പെട്ട ജീവിതം നയിച്ച പശ്ചിമബംഗാളിൽ നടപ്പാക്കാൻ കഴിഞ്ഞില്ല. അതുമാത്രമല്ല, കേരളത്തിൽ ഈ റിപ്പോർട്ട് നടപ്പാക്കാൻ കേന്ദ്രത്തിൽ മൻമോഹൻ സിംഗ് ഗവൺമെന്റ് വരേണ്ടിവന്നു എന്നത് അങ്ങ് ഓർക്കുന്നുണ്ടോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, തീർച്ചയായും. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെപ്പറ്റി എനിക്കറിയാൻ കഴിഞ്ഞത്, 32 വർഷക്കാലം ഇടതുപക്ഷം ഭരിച്ച ബംഗാളിൽ പട്ടിണികൊണ്ട് ന്യൂനപക്ഷങ്ങൾ മണ്ണ് തിന്നുന്ന അവസ്ഥയായിരുന്നുവെന്നാണ്. ഒരുപക്ഷെ ഉത്തർപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽപ്പോലും ന്യൂനപക്ഷങ്ങൾക്ക് അത്തരമൊരു ഗതികേടുണ്ടായിട്ടില്ല. ബംഗാളിൽ ഇടതുപക്ഷമാണ് 32 വർഷം ഭരിച്ചത്. അവിടെ എത്രമാത്രം ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നുവെന്ന് അറിയില്ല.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഇവിടെ ഈ ചർച്ചയുടെ ഭാഗമായി നേരത്തെ മന്ത്രിയും അതിനുശേഷം യു.ഡി.എഫ്. അംഗങ്ങളും തമ്മിൽ സംസാരിച്ച ഒരു വിഷയമാണ്. 52 വർഷം ഇന്ത്യ ഭരിക്കുന്ന സമയത്ത് ഇന്ത്യയിലെ മുസ്ലീം പിന്നോക്കാവസ്ഥയെപ്പറ്റി പഠിക്കാൻ ഒരു കമ്മീഷനെ നിയമിച്ചില്ലെന്നും ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് അങ്ങനെയൊരു കമ്മീഷനെ നിയമിച്ചതെന്നുമാണ് പറഞ്ഞത്. അതിൽ നമ്മൾ പരിഹസിക്കുകയും ആക്രോശിക്കുകയും ചെയ്യുന്നതിനപ്പുറം ഇതൊരു ചരിത്ര വസ്തുതയാണ്. ഈ പറഞ്ഞത് പിശകാണെങ്കിൽ ജവഹർലാൽ നെഹ്റുവിന്റെയോ ഇന്ദിരാ ഗാന്ധിയുടെയോ രാജീവ് ഗാന്ധിയുടെയോ നരസിംഹ റാവുവിന്റെയോ കാലത്ത് ഈ വിഷയത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ഞങ്ങൾ കമ്മീഷനെ വച്ചിട്ടുണ്ടെന്ന് പറഞ്ഞാൽ ചൂണ്ടിക്കാണിക്കുകയല്ലേ വേണ്ടത്? മന്ത്രി പറഞ്ഞ കാര്യത്തിൽ പിശകുണ്ടെങ്കിൽ ആ പിശക് ദയവായി അങ്ങ് ചൂണ്ടിക്കാണിക്കാമോ? ഈ 52 വർഷം നിങ്ങൾ ഭരിച്ചപ്പോൾ ഈ വിഷയം ശ്രദ്ധിച്ചിരുന്നോ; നിങ്ങൾ ഇതിനെപ്പറ്റി പഠിക്കുന്നതിന് ഒരു കമ്മീഷനെ വച്ചിരുന്നോ എന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, 1955-ൽ Kaka Kalelkar commission-നെ നിയോഗിക്കുകയും അവർ ആ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, മുപ്പത്തിമൂന്ന് വർഷം പശ്ചിമ ബംഗാൾ ഭരിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ചിത്രം, എവിടെ ഇലക്ട്രിസിറ്റി അവസാനിച്ച് മണ്ണെണ്ണയുടെ വെളിച്ചത്തിൽ ജീവിക്കുന്ന ഒരു സമൂഹമുണ്ടോ അവിടെയാണ് ഈ ന്യൂനപക്ഷത്തിന്റെ ആവാസ കേന്ദ്രം. എവിടെ ടാറിട്ട റോഡ് അവസാനിച്ച് ചെമ്മൺ പാത ആരംഭിക്കുന്നുവോ അവിടെയാണ് ഈ ന്യൂനപക്ഷത്തിന്റെ ആവാസ കേന്ദ്രം എന്ന് പലതവണ റിപ്പോർട്ട് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇടതുപക്ഷം യു.പി.എ. ഗവൺമെന്റിനെ പിന്തുണച്ചപ്പോഴാണ് സച്ചാർ കമ്മിറ്റിയെ നിയമിച്ചതെന്നാണ് ഇവിടെ ഇടതുപക്ഷം അവകാശപ്പെടുന്നത്. എന്നാൽ ഇടതുപക്ഷം പിന്തുണച്ച വി.പി. സിംഗ് ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്നപ്പോൾ എന്തുകൊണ്ടാണ് ഇത്തരത്തിൽ ഒരു കമ്മീഷനെ വയ്ക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടാത്തത്? രണ്ടാമത്തെ കാര്യം, പശ്ചിമ ബംഗാളിലെ മുസ്ലീങ്ങളുടെ വളരെ ഭീകരമായ പിന്നോക്കാവസ്ഥയാണ് ഇത്തരത്തിൽ ഒരു കമ്മിറ്റിയെ നിയമിക്കാൻ യു.പി.എ. ഗവൺമെന്റിനെ പ്രേരിപ്പിച്ചതെന്ന വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ബംഗാളിന്റെ കാര്യമാണല്ലോ പറയുന്നത്. ബംഗാളിലും മുസ്ലീം വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങളിൽ മോശപ്പെട്ട നിലയുണ്ടെന്ന പരാമർശം വന്നു, ഉത്തർ പ്രദേശാണ്  അക്കാര്യത്തിൽ ഏറ്റവും പിന്നോക്കമെന്ന റിപ്പോർട്ടാണ് അന്ന് നമ്മൾ വായിച്ചത്. നിങ്ങൾ രേഖ പരിശോധിക്കുക.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, യു.പി. ആണോ ബംഗാളാണോ എന്നുള്ള താരതമ്യം എത്രത്തോളം മോശപ്പെട്ടതാണെന്നറിയാം. യു.പി.-യും ബംഗാളും ഇക്കാര്യത്തിൽ കണക്കായിരുന്നു. രണ്ട് സ്ഥലത്തും വലിയ ബുദ്ധിമുട്ടായിരുന്നു. ആദിവാസികളേക്കാൾ പിന്നോക്കാവസ്ഥയിലുള്ള സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളായിരുന്നു ബംഗാളിൽ നിലനിൽക്കുന്നതെന്ന് സച്ചാർ കമ്മിറ്റി വളരെ കൃത്യമായി പറയുന്നുണ്ട്. എവിടെ നല്ല റോഡുകൾ അവസാനിക്കുന്നുവോ അതിനപ്പുറത്തുള്ള സ്ഥലത്താണ് മുസ്ലീം കോളനികൾ, എവിടെ കുടിവെള്ളത്തിന്റെ പൈപ്പ് അവസാനിക്കുന്നുവോ അതിനപ്പുറത്തുള്ള സ്ഥലമാണ് മുസ്ലീം കോളനികൾ, എവിടെ ഇലക്ട്രിക് ലൈൻ അവസാനിക്കുന്നുവോ അതിനപ്പുറത്തുള്ള സ്ഥലത്താണ് മുസ്ലീങ്ങൾ താമസിക്കുന്നത്. ഇതൊക്കെ രേഖകളിൽ വന്നിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അൻവർ സാദത്തിനോടുള്ള എന്റെ ചോദ്യം, നെഹ്റു അടക്കമുള്ള

ആദ്യകാല ഭരണാധികാരികൾ ഇങ്ങനെ ചെയ്തില്ല, ഇതിനായി പഠനം നടത്തിയില്ലെന്ന് അപ്പുറത്തുനിന്ന് ചില പരാമർശങ്ങളുണ്ടായി. ഇ.എം.എസ്.-ന്റെ രണ്ട് സർക്കാരുകളും നായനാരുടെ മൂന്ന് സർക്കാരുകളും കേരളം ഭരിച്ചു. ഇക്കാലത്ത് എപ്പോഴെങ്കിലും കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയെ വച്ചതുപോലെ ഒരു കമ്മിറ്റിയെ വയ്ക്കാൻ ഇ.എം.എസ്., ഇ.കെ. നായനാർ എന്നിവരാരെങ്കിലും തയ്യാറായതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട തൃത്താല നിയോജകമണ്ഡലം എം.എൽ.എ.-യുടെ ചോദ്യത്തിന് മറുപടി പറയുമ്പോൾ അങ്ങ് ഇതുംകൂടി ചേർത്ത് പറയുന്നതായിരിക്കും നല്ലത്. ഇ.എം.എസ്.-ന്റെ ഭരണകാലത്തിനുശേഷം ഇ.കെ. നായനാരല്ല ഭരിച്ചത്. അതിനിടയിൽ പട്ടം താണുപിള്ളയും ആർ. ശങ്കറും ഉണ്ടായിരുന്നു. അക്കാലത്തെക്കുറിച്ചുകൂടി വിശദീകരിച്ചാൽ കാര്യങ്ങൾ ബോധ്യപ്പെടും.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങനെയെങ്കിൽ അങ്ങേയ്ക്ക് കുറച്ചുകൂടി എളുപ്പത്തിൽ പറയാം. നെഹ്റുവും ഇന്ദിരാഗാന്ധിയും ഭരിച്ചതിനുശേഷം ഇടതുപക്ഷവും ആർ.എസ്.എസ്.-ഉം എല്ലാം ചേർന്ന മൊറാർജി ദേശായിയുടെ ഒരു സർക്കാരുണ്ടായിരുന്നു. പിന്നീട് രാജീവ് ഗാന്ധിയുടെ ഭരണശേഷം ഇടതുപക്ഷവും ആർ.എസ്.എസ്.-ഉം ഒക്കെ ചേർന്ന വി. പി. സിംഗിന്റെ ഒരു സർക്കാരുണ്ടായിരുന്നു. അക്കാലത്തെക്കുറിച്ചുകൂടി അങ്ങേയ്ക്ക് പറയാവുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, ഈ ചോദ്യത്തിന് മറുപടി പറയുമ്പോൾ ആ ചരിത്ര വിവരക്കേടിനുകൂടി അങ്ങ് മറുപടി പറയണം. അന്ന് ആർ.എസ്.എസ്. ഉണ്ടായിരുന്നില്ല. അന്ന് ജനസംഘവും പിരിച്ചുവിട്ടിരുന്നു. അന്ന് ജനതാപാർട്ടിയായിരുന്നു. (...ബഹളം...) ആർ.എസ്.എസ്. അന്ന് ഗവൺമെന്റിൽ ഉണ്ടായിരുന്നില്ല എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, വി. പി. സിംഗിന്റെ ഗവൺമെന്റിനെ പിന്തുണച്ച കാലത്ത് നിങ്ങൾ എന്തുകൊണ്ടാണ് ഇതുപോലൊരു കമ്മീഷനെ നിയോഗിക്കാതിരുന്നത് എന്നുള്ള ചോദ്യമാണ് പ്രതിപക്ഷം ഉന്നയിച്ചത്. വി. പി. സിംഗ് ഗവൺമെന്റിന്റെ കാലത്ത് വന്നതാണല്ലോ മണ്ഡൽ കമ്മീഷൻ. അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ ഇവർ സമ്മതിച്ചിരുന്നില്ല. അതിന് മുമ്പുതന്നെ ബി.ജെ.പി.-യുമായി ചേർന്ന് ഇവർ ആ സർക്കാരിനെ അട്ടിമറിച്ചു. അതൊരു വസ്തുതയാണ്.

ഇവിടെ ഇരിക്കുന്ന ആരും സച്ചാർ കമ്മീഷൻ റിപ്പോർട്ട് ഇതുവരെ വായിച്ചിട്ടില്ലെന്ന് ഇപ്പോൾ ബോധ്യപ്പെട്ടു. സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ ദുർവ്യാഖ്യാനം ചെയ്ത് 'ചന്ദ്രിക' ദിനപത്രത്തിൽ വന്ന ലേഖനങ്ങൾ വായിച്ചിട്ടാണ് ഈ വർത്തമാനം മുഴുവൻ പറയുന്നത്. ഇതിൽ ബഹുമാനപ്പെട്ട ചെയർ ഇടപെടണം.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കൂടുതൽ ചർച്ചകളിലേയ്ക്ക് പോകേണ്ടതില്ല. ശ്രീ. എം. സ്വരാജിന്റെ ചോദ്യത്തിന് ശ്രീ. വി. ടി. ബൽറാം മറുപടി പറഞ്ഞു. ഞങ്ങൾ ചെയ്തില്ലെന്ന് നിങ്ങൾ ആക്ഷേപം പറഞ്ഞു. ആക്ഷേപം പറയുന്ന നിങ്ങൾ എന്തുകൊണ്ട് നായനാർ മുഖ്യമന്ത്രിയായ സമയത്തോ ഇ.എം.എസ്. മുഖ്യമന്ത്രിയായ സമയത്തോ ചെയ്തില്ല. ന്യൂനപക്ഷങ്ങളുടെ വോട്ടിനുവേണ്ടിമാത്രം അവരെ പറ്റിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് നിങ്ങളുടേത്. അത് സത്യമാണ്. മുസ്ലീം ലീഗ് കേരളത്തിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി ശക്തമായ നിലപാടെടുത്തിട്ടുണ്ട്. പല ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിൽ അവരുടെ പങ്ക് നിർണ്ണായകമാണ്. അതിനുള്ള റിസൾട്ടും കാണാനുണ്ട്. വി.പി. സിംഗിന്റെ ഭരണകാലത്ത് ബി.ജെ.പി.-യുടെ സപ്പോർട്ടുള്ളപ്പോൾ സ്വാഭാവികമായും നിങ്ങൾക്ക് ചെയ്യാൻ പറ്റില്ല. ഞങ്ങൾ അന്നും പ്രതിപക്ഷത്തായിരുന്നു. വർഗ്ഗീയമായി ചിന്തിക്കുന്ന ആളുകൾക്ക് എങ്ങനെ കൊണ്ടുവരാൻ സാധിക്കും? അതിന് ഞങ്ങൾ നിങ്ങളെ കുറ്റം പറയില്ല. നിങ്ങളുടെ നിസ്സഹായാവസ്ഥ ഞങ്ങൾ മനസ്സിലാക്കുന്നു.

2200 രൂപയുടെ മിനിമം പെൻഷനെക്കുറിച്ച് പറഞ്ഞു. മദ്രസ്സ അദ്ധ്യാപകരുടെ പ്രയാസങ്ങളും ദുഃഖങ്ങളുമൊക്കെ നമ്മൾ ഒരുമിച്ച് പങ്കുവച്ചു. അവർ വലിയ പ്രയാസത്തിലാണെന്നുള്ളത് സത്യംതന്നെയാണ്. ആ പാവങ്ങൾക്ക് മിനിമം പെൻഷൻ 2200 രൂപ എന്നുള്ളത് 3000 രൂപയാക്കാവുന്നതാണ്. അതുപോലെ 7500 എന്നത് പതിനായിരമോ അല്ലെങ്കിൽ പതിനായിരത്തിനടുത്തോ പെൻഷനാക്കിയാൽ വലിയൊരു പുണ്യം കിട്ടുന്ന കാര്യമാണ്. അവർ അത്രമാത്രം പ്രയാസപ്പെടുന്നവരാണെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വികാരം ഞങ്ങൾ സ്വാഭാവികമായും ഉൾക്കൊള്ളുകയാണ്.

അതുപോലെതന്നെ ചെറിയൊരു തിരുത്തുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണർ 2018 ആഗസ്റ്റ് 31-നാണ് ഓർഡിനൻസിൽ ഒപ്പുവച്ചത്. ഇതിൽ പറഞ്ഞിരിക്കുന്നത്, 2018 സെപ്റ്റംബർ 4-ാം തീയതി പ്രാബല്യത്തിൽ വരുമെന്നാണ്. അവിടെ നാലഞ്ച് ദിവസത്തെ വ്യത്യാസമുണ്ട്. ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട ഗവർണ്ണർ ഒപ്പുവച്ച തീയതിയിൽത്തന്നെ ഇത് പ്രാബല്യത്തിൽ വരണമെന്നാണ്. ആരെങ്കിലും അതിൽ ഉൾപ്പെടുന്നെങ്കിൽ ഉൾപ്പെടട്ടെ. ഗവർണ്ണർ ഒപ്പുവച്ച തീയതിയിൽ ത്തന്നെയാക്കിയാൽ കുറച്ചുപേർക്ക് ഇതിൽ ഉൾപ്പെടാൻ സാധിക്കുമെങ്കിൽ അതൊരു വലിയ അനുഗ്രഹമായിരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ക്ഷേമനിധി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതാണ്. പക്ഷേ ബോർഡാക്കിയപ്പോൾ അതിന് കുറച്ച് സൗകര്യങ്ങളൊക്കെ കൂടി. ഒരു ചെയർമാനും മറ്റ് ചില കാര്യങ്ങളുമൊക്കെ വന്നു എന്നല്ലാതെ അംഗങ്ങൾക്ക് എത്രമാത്രം അതിൽ ഗുണമുണ്ടാകുമെന്ന് അറിയില്ല. ആദ്യം ഇടതുപക്ഷ സർക്കാർ പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ബോർഡ് രൂപീകരിച്ചപ്പോൾ സ്വാഭാവികമായും 700 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പലിശ വാങ്ങില്ല എന്നൊരു നിർബന്ധബുദ്ധി സ്വാഭാവികമായും മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകൾക്കുള്ളതുകൊണ്ട്, അങ്ങനെയൊരു വിശ്വാസമുള്ളതുകൊണ്ട് അന്ന് 700 പേരേ ചേർന്നുള്ളൂ. പിന്നീട് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ട്രഷറിയിലേയ്ക്ക് ആ പണം നിക്ഷേപിക്കുകയും അങ്ങനെ പതിനായിരം പേരോളം അതിൽ ചേരുന്നൊരു സാഹചര്യമുണ്ടാകുകയും ചെയ്തു.

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം പറയാനുണ്ട്. ഇപ്പോൾ 8-ാം ക്ലാസ് ജയിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. 7-ാം ക്ലാസിൽ 55 ശതമാനം മാർക്ക് നേടിയ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട കുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയുണ്ട്. ആ സ്കോളർഷിപ്പ് 2017-ൽ കൊടുത്തിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. 12,000 രൂപയോ മറ്റോ ആണ് അവർക്ക് കൊടുക്കുന്നത്. ആ തുക കൊടുത്തിട്ടില്ലെങ്കിൽ അത് എത്രയുംവേഗം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, മദ്രസ്സാ അദ്ധ്യാപകരുടെ വികാരം മനസ്സിലാക്കിക്കൊണ്ട് അവരുടെ പെൻഷൻ തുക കൂട്ടാനുള്ള സാഹചര്യമുണ്ടാക്കണം. അതവർക്ക് വലിയൊരു അനുഗ്രഹമായിരിക്കും. അവരുടെ ജീവിത നിലവാരത്തെക്കുറിച്ച് നമുക്കറിയാം. വളരെ പാവങ്ങളാണവർ. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

3.00 PM]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇവിടെ മദ്രസ്സാദ്ധ്യാപകർക്കുവേണ്ടിയുള്ള ക്ഷേമനിധിയുമായി ബന്ധപ്പെട്ട നിയമ നിർമ്മാണമാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇന്ത്യയിലെ ഏറ്റവും പ്രബലമായ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക മണ്ഡലങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ വിഷയം നമ്മൾ ചർച്ച ചെയ്യേണ്ടത്. നമുക്കറിയാം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഏറ്റവും അരക്ഷിതരായി കഴിഞ്ഞിരുന്ന ഒരു ജനവിഭാഗമാണ്

ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷം. സാമൂഹികവും വിദ്യാഭ്യാസപരവുമായ അവബോധം സൃഷ്ടിക്കുന്നതിലുണ്ടായ അഭാവവും നിരവധി വർഗ്ഗീയ ലഹളകളും കാരണം പിന്നോക്കത്തിൽ നിന്ന് പിന്നോക്കത്തിലേയ്ക്ക് തള്ളപ്പെട്ടുപോയ ഒരു ജനവിഭാഗമായി ഇന്ത്യയിലെ മുസ്ലീം സമൂഹം മാറുകയുണ്ടായി. സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് പിന്നിട്ടതിനുശേഷം 2004-ൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.പി.എ. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ഈ ദുഃസ്ഥിതി മനസ്സിലാക്കി മുസ്ലീം ന്യൂനപക്ഷങ്ങളുടെ ശാക്തീകരണത്തിനും മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം അവരെ കൊണ്ടുവരുന്നതിനുംവേണ്ടി സച്ചാർ കമ്മിറ്റിയെ നിയമിച്ചത്. അന്നത്തെ യു.പി.എ. ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളിൽ ഞങ്ങൾക്കും പങ്കുണ്ടെന്നും യു.പി.എ. ഗവൺമെന്റിന്റെ പോരായ്മകൾ കോൺഗ്രസ്സിന്റെ മാത്രം ഉത്തരവാദിത്വ മാണെന്നുമുള്ള വളരെ വിചിത്രമായൊരു വാദം നിയമസഭയിൽ തന്നെ പലപ്പോഴും ഇടതുപക്ഷം ഉന്നയിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക നയങ്ങളെ സംബന്ധിച്ച് പറയുമ്പോൾ, അത് ശ്രീ. മൻമോഹൻ സിംഗിന്റെയും കോൺഗ്രസ്സിന്റെയും കുഴപ്പമാണെന്നാണ് പറയുന്നത്. കോൺഗ്രസ് ചെയ്ത, അന്നത്തെ യു.പി.എ. ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളിൽ 'ഞമ്മുക്കും പങ്കുണ്ടപ്പാ' എന്നുപറയുന്ന വളരെ വിചിത്രമായ വാദമാണ് നിങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. ....(ബഹളം).... നിങ്ങൾ ഒച്ചയുണ്ടാക്കുന്നതെന്തിനാണ്? ഞാൻ എനിക്ക് അനുവദിച്ച സമയത്താണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ വളരെ വിചിത്രമായ വാദമാണ് എന്നും സി.പി.ഐ.(എം) സ്നേഹിതന്മാർ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. അതാണ് ഇവിടെയും അവർ കാണിച്ചത്. മുസ്ലീങ്ങളുടെ സാമൂഹികാവസ്ഥ കേരളത്തിൽ വ്യത്യസ്തമാണ്. അവരെ പഠിപ്പിക്കാനും അവരിൽ സാമൂഹിക, രാഷ്ട്രീയ ബോധമുണ്ടാക്കാനും ഒരു രാഷ്ട്രീയപാർട്ടി ശക്തമായി പ്രവർത്തിച്ചതുകൊണ്ടു മാത്രമാണ് കേരളത്തിലെ സാമൂഹികാന്തരീക്ഷത്തിന് മാറ്റം വരുത്താൻ സാധിച്ചത്. അതല്ല, അതിന്റെ ഉത്തരവാദികൾ നിങ്ങളാരെങ്കിലുമായിരുന്നുവെങ്കിൽ അത് ബംഗാളിൽ ഉണ്ടാകണമായിരുന്നുവല്ലോ? കേരളത്തിലേക്കാൾ കൂടുതൽ മുസ്ലീം ജനസംഖ്യയുള്ള, ഏകദേശം 30 ശതമാനത്തോളം മുസ്ലീം ജനസംഖ്യയുള്ള ബംഗാളിൽ 35 കൊല്ലം നിങ്ങൾ ഭരിച്ചിട്ട് അവിടത്തെ സാമൂഹികാവസ്ഥയ്ക്ക് മാറ്റം വന്നിട്ടില്ല. അപ്പോൾ നിങ്ങളുടെ വാദമുഖങ്ങൾ നിരർത്ഥകമാണ്. കുന്തമുന ഒടിഞ്ഞ വാദമുഖങ്ങളുമായിട്ടാണ് ഈ വിഷയത്തിൽ നിങ്ങൾ മുന്നോട്ടു വരുന്നത്. അതിനൊരു ചാലകശക്തിയേയുള്ളൂ. അത്, മതേതരത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ കേരളത്തിന്റെ മണ്ണിൽ മുസ്ലീം ലീഗ് നടത്തിയ രാഷ്ട്രീയ പ്രവർത്തനങ്ങളാണ്. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും അതിന് ചാലകശക്തിയായി പ്രവർത്തിച്ചിട്ടുള്ളത് ലീഗ് മാത്രമാണെന്ന് ഇവിടെ വിഷയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെ ഞാൻ ഓർമ്മപ്പെടുത്തേണ്ടതില്ല.

അക്കാര്യം ആദ്യം ഞങ്ങളേക്കാൾ മനോഹരമായി പ്രസംഗിച്ചയാളാണ് അദ്ദേഹം. അതുകൊണ്ട് ഞാനത് ഓർമ്മപ്പെടുത്തുന്നില്ല. സച്ചാർ കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തായിരുന്നു? ഈ നിയമനിർമ്മാണത്തിലേയ്ക്ക് വരുമ്പോൾ സച്ചാർ കമ്മിറ്റിയെ വിസ്മരിക്കാൻ കഴിയില്ല. ഇന്ത്യയിലെ സാമൂഹികാവസ്ഥയിൽ ആദിവാസികളേക്കാൾ പിന്നോക്കമാണ് മുസ്ലീം സമൂഹമെന്നാണ് സച്ചാർ കമ്മിറ്റിയുടെ കണ്ടെത്തൽ. വിദ്യാഭ്യാസ/തൊഴിൽരംഗങ്ങളിൽ അവർ ബഹിഷ്കൃതരായിരുന്നുവെന്ന് മാത്രമല്ല, ജനസംഖ്യാനുപാതമായ പ്രാതിനിധ്യത്തിന്റെ നാലയലത്തുപോലും ഇന്ത്യയിലെ മുസ്ലീം സമുദായക്കാർ വന്നിട്ടുണ്ടായിരുന്നില്ല. ഈ റിപ്പോർട്ടിലെ പല പരാമർശങ്ങളും അത്ഭുതമുളവാക്കുന്നവയാണ്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികളിൽ ഒന്നു സ്വത്വപരമായിട്ടുള്ള പ്രശ്നങ്ങളാണ്, - Identity crisis. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ വലിയതോതിൽ മുസ്ലീം സമുദായത്തെ വേട്ടയാടിയിരുന്നു. ഇന്ന് ബി.ജെ.പി.-യുടെ ഭരണത്തിൽ അത് കൂടുതൽ രൂക്ഷമായി. ഉത്തരേന്ത്യയിലെ ഒരു ഉന്നത ഉദ്യോഗസ്ഥനായ മുസ്ലീം സഹോദരൻ ഈ അടുത്തകാലത്ത് ഫെയ്സ്ബുക്കിൽ അദ്ദേഹത്തിന്റെ മുസ്ലീം പേര് മാറ്റുകയാണ് എന്നുപറഞ്ഞ് പോസ്റ്റിട്ടു. സച്ചാർ കമ്മിറ്റിയുടെ സമയത്തുതന്നെ ഈ സ്വത്വപരമായ പ്രതിസന്ധി നിലനിൽക്കുന്നുണ്ടായിരുന്നു. എന്താണത്? ഒരു മുസ്ലീമിന് സ്വത്വപരമായി ഇന്ത്യയിൽ ജീവിക്കാനുള്ള പ്രയാസത്തെ സച്ചാർ 2004-ൽ ചൂണ്ടിക്കാണിച്ചെങ്കിൽ ഇന്ന് ഫാസിസ്റ്റുകളുടെ അധികാര ആരോഹണമുണ്ടായപ്പോൾ അത് വളരെ ഗുരുതരമായി എവിടെവരെയെത്തി? 'ഞാൻ എന്റെ മുസ്ലീം പേര് മാറ്റുകയാണ്, ഈ മുസ്ലീം പേരുമായി ഇന്ത്യാ മഹാരാജ്യത്ത് ജീവിക്കാൻ എനിക്ക് ഭയമാണ്, എനിക്കിന്ന് പലപ്പോഴും ഈ മുസ്ലീം പേര് ഭയവും ഭാരവുമാണ് ' എന്നാണ് ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ഫെയ്സ്ബുക്ക് പോസ്റ്റ്. അപ്പോൾ സാധാരണക്കാരുടെ സ്ഥിതിയെന്തായിരിക്കും? ഒരു ഉന്നതനായ ഉദ്യോഗസ്ഥൻ ഫെയ്സ്ബുക്കിൽ ഇങ്ങനെ പോസ്റ്റ് ചെയ്ത സാഹചര്യം രാജ്യം വളരെയേറെ ചർച്ച ചെയ്തു. ഇന്ത്യയുടെ തെരുവോരങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾ പശുവിന്റെ പേരിൽ ക്രൂരമായി പേപ്പട്ടികളെപ്പോലെ തല്ലിക്കൊല്ലപ്പെടുന്ന സാഹചര്യമുണ്ട്. ഫാസിസ്റ്റുകൾ ഉറഞ്ഞുതുള്ളുകയാണ്. ഞാൻ അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അന്ന് സച്ചാർ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം സമത്വമാണ്. മറ്റു ജനവിഭാഗങ്ങളെപ്പോലെ ഇന്ത്യയിലെ മുസ്ലീം ജനവിഭാഗങ്ങൾക്ക് സമത്വം ലഭിച്ചിട്ടില്ല. മറ്റൊരു കണ്ടെത്തൽ വികസന പ്രതിസന്ധിയായിരുന്നു, development crisis. ഈ കമ്മീഷന്റെ കാലയളവിൽ മുസ്ലീം പ്രദേശങ്ങൾ അവികസിത മേഖലകളായിരുന്നു. അക്കാലത്ത് ലീലാമേനോന്റെ ലേഖനത്തിൽ ബംഗാളിനെക്കുറിച്ച് വന്ന ഉദ്ധരണിയുണ്ട്. അതാണ് ഇവിടെ ശ്രീ. വി. ടി. ബൽറാം അടക്കം ചൂണ്ടിക്കാണിച്ചത്. ഈ മുസ്ലീം

ജനവിഭാഗത്തിന്റെ വോട്ടു ലഭിച്ചാണ് 35 കൊല്ലം നിങ്ങൾ ബംഗാളിൽ അധികാരത്തിലിരുന്നത്. അവിടെ നിങ്ങൾ മുസ്ലീം ന്യൂനപക്ഷത്തിന് പകരമെന്ത് കൊടുത്തുവെന്നുള്ളതാണ് ലീലാമേനോന്റെ പ്രസിദ്ധമായ ഈ ലേഖനത്തിൽ പറയുന്നത്, 'എവിടെ കുടിവെള്ള പൈപ്പുകളും ടെലിഫോൺലൈനുകളും തീരുന്നുവോ, അവിടെ നിന്ന് മുസ്ലീം ഗ്രാമങ്ങൾ ആരംഭിക്കുകയാണ്'. വളരെ മനോഹരമായി തന്റെ ഘനഗാംഭീര്യമുള്ള ശബ്ദത്തിൽ എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ഡോ. കെ. ടി. ജലീൽ അന്ന് പ്രസംഗിച്ചത് ഞാൻ ഇന്നും ഓർക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ബംഗാളിൽ 33 വർഷക്കാലം ഇടതുപക്ഷം ഭരിച്ചിട്ട് അവിടത്തെ നല്ലൊരു ശതമാനം ജനസംഖ്യയിൽപ്പെട്ട മുസ്ലീം സമുദായക്കാരെ പരിഗണിച്ചില്ലെന്നാണ് പരാതി. 33 കൊല്ലം അവിടെ എൽ.ഡി.എഫ്. ഭരിച്ചപ്പോൾ ആ രാജ്യത്ത് നിന്നും ഒരു മുസ്ലീമോ അല്ലെങ്കിൽ മറ്റൊരാളോ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് പണി തേടിപ്പോയിട്ടില്ല. അവർക്കെല്ലാവർക്കും അവിടെത്തന്നെ പണിയുണ്ടായിരുന്നു. ബംഗാളിൽ ജ്യോതിബാസുവും ആ ഗവൺമെന്റും ആ നാട്ടിൽ നിന്നുപോയതിനുശേഷമാണ് അവിടത്തെ മുസ്ലീങ്ങളും ഹിന്ദുക്കളും ജീവിക്കാൻ മാർഗ്ഗമില്ലാതെ പണിതേടി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോയതെന്ന കാര്യം താങ്കൾക്കറിയാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമൻ വളരെ സാധുവാണ്. പക്ഷേ അദ്ദേഹത്തിന്റെ വാദങ്ങൾ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കുതന്നെയാണ് തിരിച്ചടിക്കുന്നത്. ബംഗാളികൾ കേരളത്തിലേയ്ക്ക് വരാൻ തുടങ്ങിയത് ഇന്നും ഇന്നലെയൊന്നുമല്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിനോട് ചോദിച്ചാൽ അറിയാം, ബംഗാളികളൊക്കെ ഇവിടെ താമസം തുടങ്ങിയിട്ട് വർഷങ്ങളായി. നിങ്ങൾ 35 കൊല്ലം ഭരിച്ചതിന്റെ ഫലമാണിത്. അവിടെ തൊഴിലില്ലാതെയായി. നന്ദിഗ്രാമും സിംഗൂരുമൊക്കെ ഞങ്ങൾ പോയിക്കണ്ടതാണ്. അന്ന് തുടങ്ങിയതാണ് ഈ പലായനം. ഇടതുപക്ഷമാണ് മുസ്ലീങ്ങളുടെ പുതിയ മിശിഹായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ എനിക്കിത് പറയേണ്ടി വന്നതാണെന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ബംഗാളിലും ബീഹാറിലുമാണ് ഏറ്റവും വലിയ മുസ്ലീം പിന്നോക്കാവസ്ഥയെന്നാണ് സച്ചാർ കമ്മിറ്റി പറയുന്നത്. സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ടിൽ 'thousands of villages not even a single Lower Primary School' എന്നാണ് പറയുന്നത്. മുസ്ലീം സമൂഹം തിങ്ങിപ്പാർക്കുന്ന ആയിരം ഗ്രാമങ്ങളിൽ ഒരു എൽ.പി. സ്കൂളുപോലും ഇല്ലായെന്നുപറഞ്ഞത് ബംഗാളിനെക്കുറിച്ചാണെന്നുള്ളത് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. 76 നിർദ്ദേശങ്ങളാണ് സച്ചാർ കമ്മിറ്റി

പാർലമെന്റിൽ വച്ചത്. അതിൽ 72 എണ്ണം പാർലമെന്റ് അംഗീകരിച്ചു. ഒന്നും രണ്ടും യു.പി.എ. ഗവൺമെന്റുകൾ 65 എണ്ണം നടപ്പിലാക്കി. ഇത് ഇന്ത്യയിലെ ന്യൂനപക്ഷ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെടേണ്ട കാലഘട്ടമാണെന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പറയും. സച്ചാർ കമ്മിറ്റി വരുമ്പോൾ കേരളത്തിൽ എൽ.ഡി.എഫ്. ഭരണമാണ്. അതാണ് ഇതിന്റെ പ്രത്യേകത. നായനാർ സർക്കാരിനില്ലാത്ത, ഇ.എം.എസ്. സർക്കാരിനില്ലാത്ത തോന്നൽ അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന് ഉണ്ടായത് എന്തുകൊണ്ടാണ്? അന്ന് ഇന്ത്യമുഴുവൻ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമായിരുന്നു. അപ്പോൾ അതുമായി ബന്ധപ്പെട്ടാണ് ഇതിന്റെ ശിപാർശകൾ കേരളത്തിൽ വരുന്നത്. അങ്ങനെ വന്നപ്പോൾ എൽ.ഡി.എഫ്. തുടക്കത്തിൽ വളരെ അമാന്തിച്ചു നിന്നു. എന്നിട്ട് നിങ്ങൾ എല്ലാത്തിലും രാഷ്ട്രീയം കലർത്തി. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന് പിന്നെയൊരു പാലോളി കമ്മിറ്റി കൊണ്ടുവന്നു. കമ്മിറ്റിക്കുമേൽ മറ്റൊരു കമ്മിറ്റി, അതെന്തിനാണ്? അത് തങ്ങളുടേതാക്കി മാറ്റാൻവേണ്ടിയാണ്. പാലോളി കമ്മിറ്റി പറഞ്ഞതുപോലെയെന്നൊക്ക ഇവിടെ പരാമർശിക്കുകയുണ്ടായി. എങ്ങനെയാണ് പാലോളി കമ്മിറ്റി വരുന്നത്? ശ്രീ. പാലോളി മുഹമ്മദ് കുട്ടിയോട് വലിയ സ്നേഹവും ബഹുമാനവും ഞങ്ങൾക്കുണ്ട്. അദ്ദേഹം അങ്ങയെപ്പോലെയുള്ള ഒരു കമ്മ്യൂണിസ്റ്റല്ല, വളരെ സാത്വികനായൊരു പാവപ്പെട്ട കമ്മ്യൂണിസ്റ്റാണ്. ഞാൻ ആദരിക്കുന്ന, ബഹുമാനിക്കുന്ന ആളാണ് അദ്ദേഹം. ഇപ്പോൾ അദ്ദേഹം മണ്ണാർക്കാട്ട് പരിസരത്താണ് താമസിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ഇവിടെ സംസാരിക്കുന്നത് സച്ചാർ കമ്മിറ്റി ശിപാർശകളെക്കുറിച്ചാണ്. മുസ്ലീം വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച പഠനമാണ് സച്ചാർ കമ്മിറ്റി നടത്തിയത്. ആ പഠനം നടത്താൻ ചുമതലപ്പെടുത്തിയത് കേന്ദ്രഗവൺമെന്റാണ്. റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത് കേന്ദ്രഗവൺമെന്റിനാണ്. അത് നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനാണ്, സംസ്ഥാന ഗവൺമെന്റിനല്ല. കേരളത്തിന്റെ പരിസ്ഥിതിക്കനുസരിച്ച് ആ ശിപാർശകൾ ഇവിടെ എങ്ങനെ നടപ്പിലാക്കാം എന്നതിനെ സംബന്ധിച്ച് പ്രത്യേകമായി അന്വേഷിക്കാനാണ് സംസ്ഥാന ഗവൺമെന്റ് പാലോളി കമ്മിറ്റിയെ നിയോഗിച്ചതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്തൊരു വിചിത്രമായ വാദമാണിത്. ഇന്ത്യയിൽ ഉടനീളം നടപ്പിലാക്കേണ്ട ഒന്നാണിത്. നമ്മൾ ഒരു ഫെഡറൽ സംവിധാനത്തിലാണുള്ളത്. എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുമുണ്ട്.

അതിന്റെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കാൻ പറഞ്ഞപ്പോൾ നമുക്കും കിട്ടണം ഓഹരി എന്നരീതിയിൽ പാലോളി കമ്മിറ്റിയെ ഇവർ വച്ചതാണ്. അക്കാര്യം എല്ലാവർക്കുമറിയാം.

ശ്രീ. കെ. ബാബു: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ട് വന്നത് ഇന്ത്യയിൽ എല്ലായിടത്തും നടപ്പിലാക്കാൻ വേണ്ടിയാണ്. റിപ്പോർട്ടിന്റെ ഭാഗമായുള്ള ശിപാർശകൾ ഏതെല്ലാം സംസ്ഥാനങ്ങൾ നടപ്പിലാക്കി; മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിയ രീതി ഏതെങ്കിലും സംസ്ഥാനത്തുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എല്ലാ സംസ്ഥാനങ്ങളിലും ഇതുപോലെയുള്ള നിരവധി ക്ഷേമപ്രവർത്തനങ്ങൾ വിവിധ രൂപത്തിൽ നടക്കുന്നുണ്ട്. ക്ഷേമ നിധിയിലേയ്ക്ക് വരാം. ഞാൻ പറയട്ടെ. കുറേക്കൂടി കാലതാമസമുണ്ടാക്കാൻ മറ്റൊരു കമ്മിറ്റി കൂടിവയ്ക്കുകയാണ് നിങ്ങൾ ചെയ്തത്. ഇതൊരു ഡിലേ ടാക്റ്റിക്സാണ്. ഒരു നിർദ്ദേശം നടപ്പിലാക്കുന്നത് ഒഴിവാക്കാനുള്ള ഏറ്റവും നല്ല പണി മറ്റൊരു കമ്മിറ്റിയെ വയ്ക്കുകയെന്നതാണ്. അങ്ങനെ നിങ്ങൾ പാലോളി കമ്മിറ്റിയെ വച്ചു. ഇതൊരു പൊളിറ്റിക്കൽ ഗിമ്മിക്കായിരുന്നു. സച്ചാർ കമ്മിറ്റി ശിപാർശ നടപ്പിലാക്കാതിരിക്കാൻ മറ്റൊരു പാലോളി കമ്മിറ്റിയുടെ ആവശ്യമുണ്ടായിരുന്നില്ല.

ശ്രീ. എം. സ്വരാജ്: സർ, സ്പെസിഫിക്കായ ഒരു ചോദ്യം ചോദിക്കുകയാണ്. ഇപ്പോൾ മറുപടി പറയണമെന്നില്ല. ഫെഡറൽ സിസ്റ്റത്തിനകത്തായതിനാൽ എല്ലാ സംസ്ഥാനങ്ങളും സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് അങ്ങ് പറഞ്ഞത് മുഖവിലയ്ക്കെടുത്തുകൊണ്ട് ചോദിക്കുകയാണ്, കോൺഗ്രസ് ഭരിക്കുന്ന ഏതെല്ലാം സംസ്ഥാനങ്ങളിൽ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയെന്ന് പറയാൻ സാധിക്കുമോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വളരെ ഭംഗിയായി നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, കോൺഗ്രസ് ഭരിക്കുന്ന നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ 2750 കോടി രൂപ, അതായത് ബഡ്ജറ്റിന്റെ 1.21% തുക ഇതിനായി നീക്കി വച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നീക്കി വച്ചത് 0.26% മാത്രമാണ്, ഇത് ഒന്നാമത്തെ കാര്യം, രണ്ടാമതായി അവിടെയുള്ള മുസ്ലീം വിഭാഗങ്ങൾക്കും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്കും അവരുടെ

ആവശ്യമെന്താണെന്നത് അതത് ഗവൺമെന്റുകൾ പഠിച്ച് നടപ്പിലാക്കണമെന്ന് സ്പെസിഫിക്കായി നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് അവിടെ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എന്റെ പ്രസംഗത്തിന്റെ തുടർച്ച നഷ്ടമാകുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അധികാര വികേന്ദ്രീകരണം ഇന്ത്യയിൽ നടപ്പിലാക്കുന്നതിനായി രാജീവ് ഗാന്ധി ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. ഇവിടെ അധികാര വികേന്ദ്രീകരണം ഇവരാണ് നടപ്പിലാക്കിയതെന്ന് അവകാശപ്പെട്ടുകൊണ്ട് ജനകീയാസൂത്രണം എന്ന് പേരിട്ടു. അതുപോലെ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ പേരിട്ടുവെന്നേയുള്ളൂ. ഇതെല്ലാം അവരുടേതാക്കി മാറ്റുന്നതിന് ചില പേരുകളും പൊടിക്കൈകളും എടുക്കുന്നുവെന്നല്ലാതെ അവരുടേതായി ഒന്നുമില്ല. ഒരു കാര്യം കൂടി പറയാനുണ്ട്, ഇവിടെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 2000 രൂപ സ്കോളർഷിപ്പ് കൊടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞപ്പോൾ ഇവരത് ചുരുക്കി 500 രൂപയാക്കിയാണ് കൊടുത്തത്. കേന്ദ്രം പറഞ്ഞ അത്രയും സംഖ്യ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കൊടുത്താൽ അത് വിവേചനമായിരിക്കുമെന്ന് പറഞ്ഞ് പിന്തിരിഞ്ഞ പാർട്ടിയാണ് ഇവരുടേതെന്ന് മനസ്സിലാക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അത് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്റെ പ്രസംഗത്തിന്റെ തുടർച്ചയിലേയ്ക്ക് ഞാൻ പോകുകയാണ്. ഇതുപോലുള്ള ക്ഷേമപ്രവർത്തനങ്ങൾ എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോയെന്നാണ് ഇതിനിടയിൽ വന്ന ചോദ്യം. ചർച്ചയിൽ ഇടപെട്ടുകൊണ്ട് ശ്രീ. സി. മമ്മൂട്ടി സൂചിപ്പിച്ചതുപോലെ കർണ്ണാടകയിൽ ബഡ്ജറ്റ് വിഹിതമുണ്ട്, രാജസ്ഥാനിൽ നടപ്പാക്കിയിട്ടുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയതിനെപ്പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ചിരുന്ന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിധവകൾക്കായി കുറേയേറെ വീടുകൾ നിർമ്മിച്ചുകൊടുത്തിരുന്നു. മൂവായിരത്തിലധികം വരുന്ന വീടുകൾ പാവപ്പെട്ട, സാധാരണക്കാരായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് കേരളത്തിൽ എല്ലായിടങ്ങളിലും കൊടുത്തിരുന്നു. അന്നതിന് എൽ.ഡി.എഫ്. ഉണ്ടാക്കിയ പൊല്ലാപ്പ് അങ്ങേയ്ക്കറിയില്ലേ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ന്യൂനപക്ഷങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതി നമ്മുടെ പൊതുവായ പ്രയോരിറ്റിയായി മാറണമെന്നുള്ള ആശയം ഇന്ത്യയിൽ കടന്നുവരുന്നത്. അന്നത്തെ ബഹുമാന്യനായ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ ഒരു വാചകം ആർ.എസ്.എസ്.-കാർ അദ്ദേഹത്തിനെതിരെയും കോൺഗ്രസിനെതിരെയും ഉപയോഗിച്ചിരുന്നു. " Minority should be the first beneficiary of our development" എന്ന് അദ്ദേഹം പറഞ്ഞപ്പോൾ 'ഇതാ നമ്മുടെ എല്ലാ സ്വത്തും ന്യൂനപക്ഷങ്ങൾക്കായി മൻമോഹൻ സിംഗിന്റെ ഗവൺമെന്റ് തീറെഴുതിക്കൊടുക്കുകയാണ് എന്ന് പറഞ്ഞുകൊണ്ട് ദുർവ്യാഖ്യാനം ചെയ്ത് വലിയ രീതിയിൽ രാഷ്ട്രീയ പ്രചരണം നടത്തി. ഇവിടെ സച്ചാർ കമ്മിറ്റി റിപ്പോർട്ടിനുശേഷമാണ് ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായി നിരവധി പദ്ധതികൾ ഓരോ സംസ്ഥാനത്തും ഉണ്ടായത്. അതത് സംസ്ഥാനങ്ങളുടെ സാഹചര്യത്തിനനുസരിച്ച് സ്കീമുകളിൽ വ്യത്യാസം വരും. ബംഗാളിൽ റോഡില്ല, കുടിവെള്ളമോ വൈദ്യുതിയോ പോലുമില്ല. അത്തരം സ്ഥലങ്ങളിൽ ഈ ഫണ്ട് ഉപയോഗിച്ച് ആദ്യം നൽകേണ്ടത് വൈദ്യുതി ആയിരിക്കും. പക്ഷേ കേരളം പോലുള്ള സംസ്ഥാനം മറ്റു പല കാരണങ്ങളാലും ന്യൂനപക്ഷങ്ങൾക്ക് മേൽക്കൈയുള്ള സ്ഥലമായതിനാൽ പൊതുവിൽ ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്നാണ് നോക്കേണ്ടത്. ശ്രീ. എൻ. ഷംസുദ്ദീനോട് ഒരു ചോദ്യംകൂടി ചോദിച്ച് അവസാനിപ്പിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ സമയമാണ് നഷ്ടമാകുന്നത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, പട്ടികജാതി വിഭാഗക്കാർക്കായി ജനസംഖ്യാനുപാതികമായ തുക ബഡ്ജറ്റിലൂടെ നീക്കിവയ്ക്കുന്നുവെന്ന് പറഞ്ഞു. അതുപോലെ ന്യൂനപക്ഷങ്ങൾക്കും ജനസംഖ്യാനുപാതികമായിട്ടുള്ള ഒരു ബഡ്ജറ്റ് വിഹിതം കേരളത്തിൽ ലഭിക്കുന്നുണ്ടോ; മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ന്യൂനപക്ഷങ്ങൾക്കായുള്ള ബഡ്ജറ്റ് വിഹിതം മതിയായ രീതിയിലാണെന്നുള്ള അഭിപ്രായം താങ്കൾക്കുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ പ്രസംഗത്തിനിടയിൽ പറയുന്ന ഒരു ഗിമ്മിക്ക് എന്നുപറയുന്നത്, ഇതുപോലുള്ള സ്കീം വേറെയുണ്ടോ എന്ന ചോദ്യമാണ്. അതിനുള്ള ഉത്തരം ശ്രീ. വി. ടി. ബൽറാം ഇവിടെ സൂചിപ്പിച്ചതുപോലെ ഓരോ സംസ്ഥാനങ്ങളിലെയും മുസ്ലീം വിഭാഗങ്ങളുടെ സാഹചര്യം വ്യത്യസ്തമായിരിക്കും എന്നതാണ്. കേരളത്തിലുള്ളതുപോലെ പതിനായിരക്കണക്കിന് മദ്രസ്സകൾ

ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളിലില്ല എന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. വ്യവസ്ഥാപിതമായ മദ്രസ്സ സംവിധാനം കേരളത്തിൽ മാത്രമേയുള്ളൂ. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, നദ്വത്തുൽ മുജാഹിദ്ദീൻ, ജമാഅത്തെ ഇസ്ലാമി തുടങ്ങിയവരെല്ലാംകൂടി നടത്തുന്ന മദ്രസ്സകളുടെ എണ്ണം പതിനായിരത്തിൽപ്പരം വരും. ഇവിടെ പറഞ്ഞതുപോലെ രണ്ട് ലക്ഷത്തിൽപ്പരം മദ്രസ്സാദ്ധ്യാപകരുംകൂടി ഉൾപ്പെട്ടതാണ് കേരളത്തിന്റെ സാഹചര്യം. ഓരോ സംസ്ഥാനത്തും വ്യത്യസ്ത തരത്തിലായിരിക്കും. സച്ചാർ കമ്മിറ്റി വന്നശേഷം ബാങ്ക് ശാഖകളില്ലാത്ത മുസ്ലീം വിഭാഗങ്ങൾ താമസിക്കുന്ന നോർത്ത് ഇന്ത്യൻ ഗ്രാമങ്ങളിൽ പലയിടങ്ങളിലും ബാങ്കുകൾ വന്നു. അതിന്റെ കണക്ക് ഒരു പീരിയോഡിക്കലിൽ വന്നിരുന്നു. ലോണുകൾ കൊടുത്തു. അവിടെയുള്ള ആവശ്യം ബാങ്കും ലോണുമൊക്കെ ആയിരുന്നതിനാൽ അവ ഏർപ്പെടുത്തി. ഇവിടെ ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചതുപോലെ റോഡില്ലാത്ത സ്ഥലത്ത് റോഡും കുടിവെള്ളം ആവശ്യമുള്ള സ്ഥലത്ത് അതും നൽകിയിട്ടുണ്ട്. എന്തിനേറെ എന്റെ മണ്ഡലത്തിലും ലഭിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര നിർദ്ദേശത്തിന്റെ ഭാഗമായി ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ മാത്രം നടപ്പാക്കാനുള്ള കുടിവെള്ള പദ്ധതികളുണ്ടായിരുന്നു. ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്നപ്പോൾ എന്റെ മണ്ഡലത്തിലെ രണ്ട് കേന്ദ്രങ്ങളിൽ അത്തരത്തിലുള്ള കുടിവെള്ള പദ്ധതി ലഭിച്ചിട്ടുണ്ട്. ഇന്ന് അങ്ങനെയുള്ള പദ്ധതികളോ പരിപാടികളോ ഉണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സമയം പോകുന്നു, 20 മിനിട്ട് അധികമായി...

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട അംഗത്തോട് വളരെ പരുഷമായിട്ടുതന്നെ ശ്രീ. എം. സ്വരാജും ശ്രീ. എ. എൻ. ഷംസീറും അടക്കമുള്ള സി.പി.ഐ.(എം) അംഗങ്ങൾ ഇതുപോലെയുള്ള പദ്ധതികൾ വേറെ ഏതെങ്കിലും സംസ്ഥാനത്തുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. മദ്രസ്സക്ഷേമനിധി ഉപയോഗിച്ചു കൊണ്ട് മൗലവികൾക്ക് പെൻഷൻ നൽകാൻ തീരുമാനിക്കുമ്പോൾ 1982-ലെ യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ മുല്ല-മുക്രി പെൻഷൻ നൽകുമെന്ന് ഉൾപ്പെടുത്തിയിരുന്നു. കെ. കരുണാകരൻ മുല്ല-മുക്രി പെൻഷൻ നൽകാൻ തീരുമാനമെടുത്തപ്പോൾ കേരളത്തിലാകമാനം ഡി.വൈ.എഫ്.ഐ.-കാരും മാർക്സിസ്റ്റ് പാർട്ടിക്കാരും പ്രകടനം നടത്തി. മാത്രമല്ല, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ സ്റ്റേറ്റ്മെന്റ് ഇപ്പോഴും ഓർമ്മയുണ്ട്. 'മുല്ല-മുക്രി പെൻഷൻകൊണ്ട് കേരളത്തിന്റെ ഖജനാവ് കൊള്ളയടിക്കാമെന്ന് കരുതി കോയ ഇങ്ങോട്ട് വരേണ്ട' എന്നത് ഇ.എം.എസ്.-ന്റെ പ്രയോഗമാണ്. സംവരണം പ്രളയകാലം വരെ നിലനിർത്താമെന്നുകരുതി കോയ ഇങ്ങോട്ടു വരേണ്ടതില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. മാത്രമല്ല, 1987-ൽ മുല്ല-മുക്രി പെൻഷനെച്ചൊല്ലി വർഗ്ഗീയ

കാടിളക്കിക്കൊണ്ടാണ് തെരഞ്ഞെടുപ്പിനെപ്പോലും നേരിട്ടത്. ഇരുപത്തിയഞ്ച് വർഷം കഴിഞ്ഞിട്ടാണ് നടപ്പാക്കാൻ പോകുന്നത്. അപ്പോൾ ഇരുപത്തിയഞ്ച് വർഷത്തെ ബുദ്ധിമാത്രമേ ഇവർക്ക് വന്നിട്ടുള്ളൂവെന്ന് മാത്രം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. ടി. വി. ഇബ്രാഹിം ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം വളരെ പ്രസക്തമാണ്. ഇടതുപക്ഷം തരാതരം പോലെ വർഗ്ഗീയതയിളക്കിയിട്ടുണ്ട്. ഇതുപോലെയുള്ള എന്തെല്ലാം പരാമർശങ്ങളുണ്ടായി. മുസ്ലീം മന്ത്രി മലബാറിൽ സ്ഥാപനങ്ങൾ മുസ്ലീം സമൂഹത്തിന് വാരിക്കോരി കൊടുക്കുന്നു. ആരാണ് കത്ത് കൊടുത്തത്? ആർ.എസ്.എസ്.-ന്റെയോ ബി.ജെ.പി.-യുടെയോ നേതാക്കന്മാരല്ല, അന്ന് കേരളത്തിലെ പ്രതിപക്ഷ നേതാവായിരുന്ന സഖാവ് വി. എസ്. അച്യുതാനന്ദനാണ് കത്ത് നൽകിയത്. പഞ്ചായത്തുകൾ രൂപീകരിച്ചപ്പോൾ കേരളത്തിൽ മുസ്ലീം പഞ്ചായത്തുണ്ടാക്കുകയാണെന്ന് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഇരുന്നുകൊണ്ടാണ് പറഞ്ഞത്. മലപ്പുറത്ത് നിന്നും നാല് റാങ്ക് വന്നപ്പോൾ അത് കോപ്പിയടിച്ച് പാസ്സായതാണെന്ന് പറയാനുള്ള തൊലിക്കട്ടി നിങ്ങൾക്കല്ലാതെ വേറെ ആർക്കെങ്കിലുമുണ്ടാകുമോ? അങ്ങനെ ചോദിച്ചാൽ ഒരുപാട് പറയാനുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, മുസ്ലീം പഞ്ചായത്ത് എന്ന പ്രയോഗം നടത്തിയതുകൊണ്ട് ചോദിക്കുകയാണ്. മലപ്പുറം ജില്ല രൂപീകരിച്ചപ്പോൾ മുഖ്യമന്ത്രിയുടെ കസേരയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു. അന്ന് മലപ്പുറം ജില്ല രൂപീകരണ വിരുദ്ധ കാൽനടപ്രചരണ ജാഥ വഴിക്കടവിൽനിന്ന് ആരംഭിച്ചപ്പോൾ അതിന്റെ ക്യാപ്റ്റനായിരുന്ന നേതാവും നേതാവിന്റെ പാർട്ടിയും ഏതാണെന്ന് ഓർമ്മയുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നല്ല വായനാശീലമുള്ള ശ്രീ. എം. സ്വരാജിനോട് എനിക്ക് പറയാനുള്ളത്, സഖാവ് ഗൗരിയമ്മയുടെ ആത്മകഥ ഒരാവർത്തി വായിക്കണമെന്നാണ്. എങ്ങനെയാണ് മലപ്പുറം ജില്ല രൂപീകരിക്കപ്പെട്ടതെന്ന് അന്നത്തെ റവന്യൂ മന്ത്രിയായിരുന്ന സഖാവ് കെ. ആർ. ഗൗരിയമ്മ വിശദീകരിക്കുന്നുണ്ട്. മുസ്ലീം ലീഗിന്റെ നിർബന്ധത്തിലാണ് മലപ്പുറം രൂപീകരിക്കപ്പെട്ടത്. മുസ്ലീം ലീഗ് അന്ന് ആ ഭരണത്തിൽ പങ്കാളിയായിരുന്നു. ഞങ്ങൾക്ക് അന്ന് രണ്ട് ഡിമാന്റുകളേ ഉണ്ടായിരുന്നുള്ളൂ. സി. എച്ച്. മുഹമ്മദ് കോയയും ബാഫക്കി തങ്ങളും മുന്നോട്ടുവച്ച രണ്ട് നിർദ്ദേശങ്ങളിലൊന്ന് മലപ്പുറം ജില്ലയുടെയും മറ്റൊന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെയും രൂപീകരണമായിരുന്നു. അത് രണ്ടും നേടിയിട്ട് തന്നെയാണ് ഞങ്ങൾ പോയത്. അതുകൊണ്ട് അത് നിങ്ങളുടെ നേട്ടമാണെന്ന് കരുതി ആരും സംസാരിക്കേണ്ട. നിങ്ങൾ എല്ലാകാലത്തും ചെയ്യുന്നതുപോലെ സച്ചാർ കമ്മിറ്റി

വന്നപ്പോൾ പാലോളി കമ്മിറ്റിയുണ്ടാക്കി. അന്ന് നിങ്ങൾ കോഴിക്കോട് വലിയ സമ്മേളനമൊക്കെ നടത്തിയത് ഞാനിന്നും ഓർക്കുകയാണ്. പത്രങ്ങളൊക്കെ ബിരിയാണി സമ്മേളനം എന്നുവിളിച്ച് അതിനെ കളിയാക്കിയതും ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഞാൻ ബില്ലിലേയ്ക്ക് വരികയാണ്, നിങ്ങൾ ഇതിനൊരു ബോർഡുണ്ടാക്കി. ഡോ. കെ. ടി. ജലീൽ കൊണ്ടുവരുന്നതൊരു പുതിയകാര്യമല്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്. ക്ഷേമനിധി ഇവിടെ ആദ്യമേയുണ്ട്. നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് ഒരു ബോർഡ് രൂപീകരിച്ച്, ഒരു ചെയർമാനെയും കുറെ അംഗങ്ങളെയും നിയമിച്ചു. അവർക്ക് ശമ്പളം നൽകുന്നതും കമ്മിറ്റിയുടെയും മീറ്റിംഗിന്റെയും ചെലവ് നടക്കുന്നതും പാവപ്പെട്ട മദ്രസ്സാമൗലവിമാർ അടയ്ക്കുന്ന അംശദായത്തിൽനിന്നുമാണ്. കാറും സൗകര്യങ്ങളുമൊക്കെയുണ്ട്. ഞങ്ങൾ അതൊന്നുമില്ലാതെയാണ് നടപ്പിലാക്കിയത്. ശ്രീ. മഞ്ഞളാംകുഴി അലി ന്യൂനപക്ഷക്ഷേമവകുപ്പ് കൈകാര്യം ചെയ്തപ്പോൾ ഞങ്ങൾ നടപ്പിലാക്കിയത് അങ്ങനെയാണ്. പാവപ്പെട്ട മദ്രസ്സാദ്ധ്യാപകന്റെ പണമാണ് നിങ്ങൾ ദുരുപയോഗം ചെയ്യാൻപോകുന്നത്. 2011-ൽ നിങ്ങളുടെ അന്നത്തെ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ ന്യൂനപക്ഷക്ഷേമ വകുപ്പുണ്ടാക്കിയെന്ന് പറഞ്ഞ് ഒരു ജി.ഒ. മാത്രമാണുണ്ടായിരുന്നത്. There was only a single paper. എന്നാൽ 2011-2016 വരെയുള്ള യു.ഡി.എഫ്. സർക്കാരാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് ഈ രാജ്യത്ത് യാഥാർത്ഥ്യമാക്കിയത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ആ പദ്ധതി, ഈ പദ്ധതി എന്നൊക്കെ പറയുന്നുണ്ടല്ലോ, ഇരിക്കാനുള്ള പ്രതലമുണ്ടാക്കിത്തന്നത് ഞങ്ങളുടെ കാലത്താണ്. അന്നൊരു പ്ലാൻ ഹെഡ്ഡുണ്ടായിരുന്നോ? ന്യൂനപക്ഷക്ഷേമത്തിന് 2011-ൽ ഞങ്ങൾ വരുമ്പോൾ ഒരു പ്ലാൻ ഹെഡ്ഡ് പോലുമില്ലായിരുന്നു. ഞങ്ങൾ പ്ലാൻ ഹെഡ്ഡുണ്ടാക്കി, ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ ഒരു കോടി രൂപയും വകയിരുത്തി. യു.ഡി.എഫ്. ആണ് ഈ വകുപ്പുണ്ടാക്കിയതെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. കേന്ദ്രത്തിൽനിന്ന് 40 കോടി രൂപയുടെ ഗ്രാന്റ് കിട്ടി. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ ഭരണത്തിൽ കേന്ദ്രത്തിൽനിന്ന് എത്ര രൂപയുടെ ഗ്രാന്റ് കിട്ടി? വട്ടപൂജ്യമാണ്. കേന്ദ്രത്തിൽനിന്ന് മൂന്നരക്കൊല്ലംകൊണ്ട് ഒരു രൂപയുടെപോലും ഗ്രാന്റ് കിട്ടിയിട്ടില്ല. ഓരോ വർഷത്തിലും ബഡ്ജറ്റിൽ സപ്പോർട്ടുമായി യു.ഡി.എഫ്. സർക്കാർ 40 കോടി രൂപയുടെ ഗ്രാന്റ് കൊണ്ടുവന്നു. ഒരു കോടി രൂപയുണ്ടായിരുന്നത് 118 കോടി രൂപയാക്കി ഉയർത്തി. എന്നാൽ ഈ മൂന്നരക്കൊല്ലംകൊണ്ട് നിങ്ങൾ 50 കോടി രൂപയാക്കി കുറയ്ക്കുകയാണ് ചെയ്തത്. ഇതാണോ ന്യൂനപക്ഷക്ഷേമം? ന്യൂനപക്ഷക്ഷേമവകുപ്പിൽ ഞങ്ങളുടെ കാലത്ത് അവസാനം 118 കോടി രൂപയുണ്ടായിരുന്നു. നിങ്ങൾ ഇപ്പോൾ ഒന്നും നൽകിയിട്ടില്ല, അങ്ങനെ അത് 50 കോടി രൂപയിൽ താഴെയായി. ഇതിനെ ന്യൂനപക്ഷക്ഷേമത്തിന്റെ 'ജലീൽ മോഡൽ' എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ന്യൂനപക്ഷക്ഷേമത്തിന്റെ

പുതിയ മോഡലാണിത്. ന്യൂനപക്ഷക്ഷേമ പദ്ധതികളുടെ വിനിയോഗത്തിലും നിർവ്വഹണത്തിലും ഇതുതന്നെയാണ് സ്ഥിതി. ഇടതുപക്ഷഭരണക്കാലത്ത് അതായത്, 2011-ൽ ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ കേരളം, ഇന്ത്യയിൽ പതിനാറാം സ്ഥാനത്തായിരുന്നു. വേറെ ഏതെങ്കിലും സംസ്ഥാനത്തുണ്ടോയെന്ന് നിങ്ങൾ ചോദിച്ചില്ലേ? അതിന്റെ ഉത്തരം ഇതിൽത്തന്നെയുണ്ട്. പതിനാറിന് മുമ്പ് പതിനഞ്ച് സംസ്ഥാനങ്ങളുണ്ടായിരുന്നു. 2011-ലെ ദേശീയ സർവ്വേയുടെ റിപ്പോർട്ടനുസരിച്ചാണ് ഞാൻ പറയുന്നത്. അതിൽ പറയുന്നത്, ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ അന്നത്തെ വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റ് ഇന്ത്യയിൽ പതിനാറാം സ്ഥാനത്താണെന്നാണ്. എന്നാൽ 2013-14 എത്തിയപ്പോൾ കേരളം ഒന്നാം സ്ഥാനത്തായി. അത് ആരുടെ കാലമാണ്? 2011 മുതലുള്ള യു.ഡി.എഫ്.-ന്റെ കാലമായപ്പോൾ നമ്മൾ ഒന്നാംസ്ഥാനത്തായി.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ക്ലിയർ ചെയ്യാൻ വേണ്ടിയാണ് ചോദിക്കുന്നത്. അങ്ങ് ഈ കണക്ക് ഏത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ നിയമസഭാ രേഖകളിൽനിന്നും മറ്റും കിട്ടിയ റെക്കോർഡനുസരിച്ചാണ് പറയുന്നത്. ഓരോ ചോദ്യത്തിനും നൽകിയ ഉത്തരം ഇതിലുണ്ട്. അതായത്, 2010-ൽ സി. ടി. അഹമ്മദലിക്ക് നിങ്ങൾ നൽകിയ ഉത്തരം തൊട്ട് ഇന്നേവരെയുള്ള വിവിധ ചോദ്യോത്തരങ്ങൾക്ക് കിട്ടിയ മറുപടിയാണിത്. അതുകൊണ്ട് വെറുതെ പറയുന്നതല്ല. വേണമെങ്കിൽ പിന്നീട് ഓരോരുത്തർക്കും വിശദീകരിച്ചുനൽകാം. 2013-14 ആയപ്പോൾ കേരളം ഒന്നാം സ്ഥാനത്തെത്തി. ഇന്ത്യയിലെ ഇതര ബഡ്ജറ്റുകളെ നോക്കുമ്പോൾ ഏറ്റവും കുറഞ്ഞ തുകയാണ് ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി കേരള ബഡ്ജറ്റിൽ വകയിരുത്തിയത്. കർണ്ണാടകയിൽ ആയിരം കോടി രൂപ വകയിരുത്തുമ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ 50 കോടി രൂപയാണ് വകയിരുത്തിയത്. യു.ഡി.എഫ്.-ന്റെ കാലത്ത് ന്യൂനപക്ഷക്ഷേമവകുപ്പ് വഴി ധാരാളം ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ മദ്രസ്സാദ്ധ്യാപകർക്ക് എന്തോ മഹാകാര്യം ഡോ. കെ. ടി. ജലീൽ ചെയ്യാൻ പോകുന്നുവെന്നാണ് പറയുന്നത്. കാലഘട്ടത്തിനനുസൃതമായ വിദ്യാഭ്യാസ സൗകര്യമെന്ന നിലയ്ക്ക് ഞങ്ങളുടെ ഭരണകാലത്ത് മദ്രസ്സാദ്ധ്യാപകരുടെ കുട്ടികൾക്ക് ലാപ്ടോപ്പ് കൊടുത്തു. മദ്രസ്സാദ്ധ്യാപകർക്ക് ചികിത്സാധനസഹായം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു. അങ്ങനെ നിരവധി കാര്യങ്ങൾ നൽകി. കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....പ്ലീസ്....മുപ്പത് മിനിട്ടായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇടപെടലുകളില്ലെങ്കിൽ ചുരുക്കാം. 16 കോച്ചിംഗ് സെന്ററുകളുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. ഇന്ന് പൊന്നാനി ഉൾപ്പെടെയുള്ള കോച്ചിംഗ് സെന്ററുകൾ നിങ്ങളുടെ പാർട്ടികേന്ദ്രമായി മാറിയിരിക്കുകയാണ്. അവിടത്തെ കുട്ടികൾക്ക് ആക്ഷേപമുണ്ട്. അവർ എനിക്ക് പരാതി നൽകിയിട്ടുണ്ട്. അവിടെ കോച്ചിംഗ് നല്ല രീതിയിൽ നടക്കുന്നില്ല. എന്നാൽ പാർട്ടി മീറ്റിംഗുകളൊക്കെ കൃത്യമായി നടക്കുന്നുണ്ട്. കോച്ചിംഗ് സെന്ററുകൾ കാര്യക്ഷമമാക്കണം. കൂടാതെ ഈ വകുപ്പിന് കുറെ പേരിടൽ കർമ്മം നടത്തി. പണിയും പദ്ധതിയുമൊക്കെ ഞങ്ങളുടെ കാലത്തുള്ളതുതന്നെയാണ്. ഞങ്ങളുടെ കാലത്തുള്ള ഹൗസിംഗിന് ഇമ്പിച്ചി ബാവ ഹൗസിംഗ് സ്കീം എന്നുപേരിട്ടു. ഹൗസിംഗ് സ്കീം പുതിയതല്ല. യു.ഡി.എഫ്.-ന്റെയാണ്. പക്ഷേ പേര് പുതിയതാണ്. ഇമ്പിച്ചി ബാവയ്ക്ക് ഞങ്ങൾ എതിരല്ല. പക്ഷേ നിങ്ങൾ ചെയ്ത കാര്യത്തെക്കുറിച്ചാണ് പറയുന്നത്. സ്കോളർഷിപ്പിന് ജോസഫ് മുണ്ടശ്ശേരിയുടെ പേരിട്ടു. സ്കോളർഷിപ്പ് യു.ഡി.എഫ്.-ന്റെ കാലത്തുതന്നെയുള്ളതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ന്യൂനപക്ഷങ്ങൾക്കുള്ള വിവിധ വീടുനിർമ്മാണമെല്ലാംകൂടി ലൈഫ് പദ്ധതിയിൽ ലയിപ്പിച്ച് എല്ലാം കുളമാക്കിയതുപോലെ ഈ പദ്ധതിയും നിങ്ങൾ കുളമാക്കി.

ഈ ബില്ലിൽ ക്ഷേമനിധിയുടെ കാര്യം നോക്കിയാൽ, 2010-ൽ എൽ.ഡി.എഫ്. സർക്കാർ കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പത്ത് കോടി രൂപ നിക്ഷേപിച്ചു. അതാണ് ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചത്. ഈ പത്ത് കോടി രൂപ നിക്ഷേപിച്ചതിൽ പലിശ ഉൾപ്പെടും. അന്ന് ഒന്നര ലക്ഷം മദ്രസ്സാദ്ധ്യാപകരുണ്ടായിട്ടും കേവലം എഴുന്നൂറ് പേരാണ് ഈ ക്ഷേമനിധിയിൽ ചേർന്നത്. എന്താണ് കാരണം? ഈ തുകയിൽ പലിശ കലരുന്നതാണ് എന്നതാണ് ഇതിന്റെ കാരണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, മുപ്പത്തിയൊന്ന് മിനിറ്റായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പറയട്ടെ. എന്നേക്കാൾ അധികം സമയം ഇവരെല്ലാവരും എടുത്തതല്ലേ? ഇത് ചർച്ച നടക്കേണ്ട വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: മുപ്പത്തിയൊന്ന് മിനിറ്റായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇങ്ങനെ അസഹിഷ്ണുത കാണിക്കരുത്. ഇത് ചർച്ച നടക്കേണ്ട വിഷയമാണ്. അന്ന് രണ്ട് ലക്ഷത്തോളം മദ്രസ്സാദ്ധ്യാപകരുണ്ടായിട്ടും ആകെ എഴുന്നൂറ് പേരാണ് അംഗമായത്. എന്താണ് കാരണം? പലിശ ഇൻവോൾവ്മെന്റ് ഉണ്ടായതു കൊണ്ടാണ്. എന്നാൽ ഞങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ എന്താണ് ചെയ്തത്?

ഈ പത്ത് കോടി രൂപയിൽ വേറെ ചില ഗ്രാന്റുകൾകൂടി കൂട്ടി പതിനാറ് കോടി രൂപ ട്രഷറിയിൽ പലിശരഹിത നിക്ഷേപമായി യു.ഡി.എഫ്. വച്ചപ്പോൾ ഈ ക്ഷേമനിധി ചലിക്കാൻ തുടങ്ങി, ഇതിലേയ്ക്ക് ആളുകൾ വരാൻ തുടങ്ങി. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ഇപ്പോൾ കമ്മിറ്റി ഉണ്ടാക്കിയപ്പോഴും ബോർഡ് ഉണ്ടാക്കിയപ്പോഴും ഇതിന്റെ പണമെടുത്ത് അവർക്ക് ടി.എ. കൊടുക്കാൻ തീരുമാനിച്ചപ്പോഴുമല്ല ഇതിൽ അംഗങ്ങൾ കൂടിയത്.

ശ്രീ. എ. എൻ. ഷംസീർ: സർ, പലിശയോടുള്ള മുസ്ലീം ലീഗിന്റെ സമീപനമെന്താണ്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വേറെയൊരു സബ്ജക്റ്റാണ് നമ്മൾ സംസാരിക്കേണ്ടത്. ഇസ്ലാമിക വ്യവസ്ഥിതിയിൽ പലിശ ഹറാമാണ്, നിഷിദ്ധമാണ്. അതിൽ ഒരു തർക്കവുമില്ല. ഒരു വിശ്വാസി എന്ന നിലയ്ക്ക് കഴിവതും പലിശയുമായി ഇടപെടാതിരിക്കുകയാണ് വേണ്ടത്. .....(ബഹളം)..... അത് നമുക്ക് വേറെ ചർച്ച ചെയ്യാമെന്ന് ഞാൻ പറഞ്ഞില്ലേ. ശ്രീ. എ. എൻ. ഷംസീർ, അതിലൊന്നും യാതൊരു പ്രയാസവുമില്ല. ഇന്നത്തെ നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് ആ വിഷയങ്ങളിലെ നിലപാടുകൾ നമുക്ക് സംസാരിക്കാം. ഒരു കമ്മ്യൂണിസ്റ്റുകാരന് പറ്റാത്ത പല പണിയും നിങ്ങൾ ചെയ്യുന്നുണ്ടല്ലോ. അതെന്താണ്? ഇതൊരു കമ്മ്യൂണിസ്റ്റ് ഭരണമല്ല, ഇതൊരു കമ്മ്യൂണിസ്റ്റ് നാടുമല്ല. അതുകൊണ്ടാണ്.

ശ്രീ. വി. ടി. ബൽറാം: സർ, കഴിഞ്ഞ ദിവസം ഈ സഭയിൽ വന്ന ഒരു നിയമം സ്വകാര്യ സ്വത്ത് സംരക്ഷണവുമായി ബന്ധപ്പെട്ടാണ്. സ്വകാര്യ സ്വത്തിനെക്കുറിച്ച് കമ്മ്യൂണിസ്റ്റുകാരുടെ നിലപാടെന്താണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതൊരു കമ്മ്യൂണിസ്റ്റ് നാടല്ല, ഇത് ചൈനയല്ല. ചൈന പോലും അതൊക്കെ തള്ളി എന്നുള്ളത് വേറെ കാര്യം. അല്ലെങ്കിൽ ഇത് പഴയ റഷ്യയല്ല. ഒരു ഇസ്ലാമിക സമൂഹത്തിൽ ജീവിക്കുന്ന വിശ്വാസി പുലർത്തേണ്ട കാര്യങ്ങളും ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ പുലർത്തേണ്ട കാര്യങ്ങളും തമ്മിൽ വ്യത്യസ്തതയുണ്ട്. ഞാൻ ചോദിക്കട്ടെ, എത്രയോ മുസ്ലീങ്ങൾ ശതകോടിക്കണക്കിന് രൂപയുടെ പലിശ വേണ്ടെന്ന് വയ്ക്കുന്നുണ്ട്. ഇത് മദ്രസ്സാദ്ധ്യാപകന്റെ പ്രശ്നമാണ്. മദ്രസ്സാദ്ധ്യാപകൻ അത്രയേറെ സൂക്ഷ്മത പുലർത്തുന്ന ആളാണ്. ജീവിതത്തിലോ താൻ കഴിക്കുന്ന ഭക്ഷണത്തിലോ ഒരിഞ്ചുപോലും പലിശ വരരുതെന്ന് സൂക്ഷ്മത പാലിക്കുന്നതുകൊണ്ടാണ് നിങ്ങൾ പത്ത് കോടി രൂപ കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലിട്ടപ്പോൾ അതിൽ ചേരാൻ ആളുകൾ വരാത്തത്. അത് മനസ്സിലാക്കിയിട്ടാണ് ഞങ്ങൾ അത്

സംസ്ഥാന ട്രഷറിയിലേയ്ക്ക് മാറ്റി പതിനാറ് കോടി രൂപയാക്കി വച്ചത്. പലിശരഹിത നിക്ഷേപമാണത്. അങ്ങനെ നിക്ഷേപിക്കുമ്പോൾ വേറൊരു കാര്യമുണ്ട്. അവിടെയാണ് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ നൽകേണ്ട മറുപടി.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, 34 മിനിറ്റാകുന്നു. പ്ലീസ്.....പ്ലീസ്.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഓരോ വർഷവും ഒന്നരക്കോടി രൂപ ഈ പതിനാറ് കോടി രൂപയുടെ കോർപ്പസ് ഫണ്ടിലേയ്ക്ക് ഗവൺമെന്റ് നൽകണമെന്നാണ് വ്യവസ്ഥ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇങ്ങനെ ഓരോ മിനിറ്റിലും പ്ലീസ് പറഞ്ഞാൽ എങ്ങനെ അവസാനിപ്പിക്കാൻ കഴിയും?

മി. ഡെപ്യൂട്ടി സ്പീക്കർ: മുപ്പത്തിനാല് മിനിറ്റായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് ബില്ലല്ലേ? ഇവിടെ ഒരു മണിക്കൂർ സംസാരിച്ചില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: മുപ്പത്തിനാല് മിനിറ്റായി എന്ന് ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ പറഞ്ഞുവന്ന പ്രധാനപ്പെട്ട ഒരു പോയിന്റ്, ഇവിടെ വലിയ ന്യൂനപക്ഷക്ഷേമം പറയുന്ന മന്ത്രി മറുപടി പറയേണ്ട ഒരു പോയിന്റ്, ഈ പതിനാറ് കോടിയിലേയ്ക്ക്.....

ശ്രീ. എം. ഉമ്മർ: സർ, ട്രഷറി നിക്ഷേപം പലിശരഹിത നിക്ഷേപമാണെന്ന് ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. മന്ത്രി അത് മനസ്സിലാക്കിയതുകൊണ്ടാണ് അങ്ങനെ പറഞ്ഞിട്ടുള്ളത്. അല്ലാതെ അപ്പുറത്ത് പലിശയുണ്ടോ ഇപ്പുറത്ത് പലിശയുണ്ടോ എന്നുള്ളതല്ല. ഈ പദ്ധതി വിജയിക്കണമെങ്കിൽ ഇത് ആവശ്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ട് ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. ട്രഷറി നിക്ഷേപമുണ്ടോ എന്ന് അവിടെ ചോദിച്ചതിന് പറയൂ. ബില്ലിലുണ്ട്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, പ്ലീസ്..... അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ലീഗിന്റെ അഭിപ്രായമല്ല, ബില്ലിന്റെ അഭിപ്രായമാണ് പറയുന്നത്. ലീഗിന് പല അഭിപ്രായങ്ങളുമുണ്ടാകും. ലീഗ് പറഞ്ഞത് ഇവിടെ നടപ്പിലാക്കാൻ കഴിയില്ലല്ലോ? ഇതിലെ വിഷയം അതല്ല. ഈ ക്ഷേമനിധി വിജയിക്കണമെങ്കിൽ പലിശരഹിത നിക്ഷേപം വേണമെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞ അതേ പോയിന്റ് മനസ്സിലാക്കിയതുകൊണ്ടാണ് മുമ്പത്തെ തെറ്റ് തിരുത്തി മന്ത്രി ഇതിൽ പലിശരഹിത നിക്ഷേപം എന്ന് പറഞ്ഞത്. ഈ ബില്ലൊന്ന് വായിച്ചുനോക്കണമെന്നാണ് ഞാൻ പറയുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾക്ക് കൃത്യമായി ഉറപ്പുതരേണ്ട ഒരു കാര്യമാണിത്. ന്യൂനപക്ഷ ക്ഷേമത്തിൽ താൽപ്പര്യമുണ്ടെങ്കിൽ ഈ വിഷയത്തിലാണ് നിങ്ങൾ താൽപ്പര്യം കാണിക്കേണ്ടത്. നിങ്ങളുടെ പ്രവൃത്തിയിൽ അത് കണ്ടിട്ടില്ല. ഓരോ വർഷവും ഒന്നരക്കോടി രൂപ ഈ പതിനാറ് കോടി രൂപയുടെ കോർപ്പസ് ഫണ്ടിലേയ്ക്ക് ഗവൺമെന്റ് വിഹിതം വയ്ക്കണം. ഈ മൂന്നരക്കൊല്ലം അത് വച്ചിട്ടില്ല. ആ നിലയിൽ ഒൻപത് കോടി രൂപയുടെ കുടിശ്ശികയാണ് ഈ ഫണ്ടിൽ നിങ്ങൾ വരുത്തിയത്. ക്ഷേമനിധിക്കുള്ള ഫണ്ടാണിത്. ഇപ്പോൾ ട്രഷറിയിലിരിക്കുന്ന, ഞങ്ങളുടെ കാലത്ത് ഞങ്ങൾ പിരിഞ്ഞുപോകുമ്പോൾ അവസാനമായുണ്ടായിരുന്ന പതിനാറ് കോടി രൂപയിലേയ്ക്ക് ഒന്നരക്കോടി രൂപ വീതം നിങ്ങൾ ഓരോ വർഷവും വയ്ക്കേണ്ടതിൽ ഒൻപത് കോടി രൂപയുടെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ഈ കുടിശ്ശിക വച്ചിട്ടുമതി ന്യൂനപക്ഷ ക്ഷേമത്തെക്കുറിച്ച് പുതിയ വർത്തമാനം പറയാനെന്നേ എനിക്ക് പറയാനുള്ളൂ. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ന്യൂനപക്ഷക്ഷേമത്തെക്കുറിച്ച് പറയുമ്പോൾ പലപ്പോഴും ഈ വകുപ്പിനെക്കുറിച്ച് വന്ന വലിയ ആക്ഷേപമെന്താണ്? ഒരു മന്ത്രിയുടെ കുടുംബക്ഷേമമാണ് ഇവിടെ നടന്നത് എന്നാണ് പലരും ഈയടുത്ത കാലത്ത് ആക്ഷേപം പറയുന്നത്. ശ്രീ. കെ. ടി. അദീബിന്റെ കാര്യവും അത് മന്ത്രിക്കുണ്ടാക്കിയ അദാബിന്റെ കാര്യവുമൊന്നും ഞാൻ പറയുന്നില്ല. ന്യൂനപക്ഷ ക്ഷേമത്തിന്റെ മറ്റൊരു മുഖം നമ്മൾ കണ്ടു. വലിയ ന്യൂനപക്ഷ പ്രേമമാണ്. ഇവിടെ ഇപ്പോൾ ഏറ്റവും അവസാനം വന്നത് KAS (Kerala Administrative Service) ആണ്. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ വിശദീകരിക്കണം, Kerala Administrative Service-ൽ ഞങ്ങൾ എത്ര ബഹളം വച്ചിട്ടാണ്, ഇവിടെ അതുമായി ബന്ധപ്പെട്ട് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ കോടതിയിൽ പോയിട്ടാണ്..... നിങ്ങൾക്ക് കൃത്യമായ നിയമോപദേശം കിട്ടിയിട്ടും നിങ്ങൾ എന്താണ് ചെയ്തത്? ഈ രാജ്യത്തെ പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ തടയാനാണ് നിങ്ങൾ നോക്കിയത്. മൂന്ന് സ്കീമിൽ ഒന്നിൽമാത്രം സംവരണം നൽകി, രണ്ട് സ്കീമിൽ സംവരണം തരാതിരിക്കാനാണ് നിങ്ങൾ നോക്കിയത്. പക്ഷേ, ഞങ്ങൾ വിവിധ ഭേദഗതികളും സബ്മിഷനുകളും

കൊണ്ടുവന്നും ഇവിടെ നിയമപരമായി നടത്തിയ പോരാട്ടങ്ങളിലല്ലേ നിങ്ങൾക്ക് വീഴേണ്ടിവന്നത്. എത്ര മുടന്തൻ ന്യായങ്ങൾ പറഞ്ഞ് കെ.എ.എസ്.-ന്റെ സംവരണം അട്ടിമറിക്കാൻ നിങ്ങൾ നോക്കി. അതുപോലെതന്നെ ഇടതുപക്ഷത്തിന്റെ ന്യൂനപക്ഷ പ്രേമത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മുല്ല, മുക്രി പെൻഷൻ. എന്തെല്ലാം വിവാദങ്ങളായിരുന്നു. ഖേദകരമെന്ന് പറയട്ടെ, ഇന്നത്തെ സംഘപരിവാർ വിളിക്കുന്ന മുദ്രാവാക്യമാണ് അന്ന് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷം ഈ രാജ്യത്ത് പ്രയോഗിച്ചത്. 1982 മുതൽ 1987 വരെയുണ്ടായിരുന്ന കെ. കരുണാകരൻ സർക്കാരാണ് മുല്ല, മുക്രി പെൻഷൻ കൊണ്ടുവന്നത്. 1987-ലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ഇതൊരു വർഗ്ഗീയ പ്രചരണമാക്കി. അങ്ങനെയാണ് നിങ്ങൾ അധികാരം പിടിച്ചത്. തരാതരം പോലെ നിങ്ങൾ ന്യൂനപക്ഷപ്രേമം കാണിക്കും, ചില സമയത്ത് ന്യൂപക്ഷങ്ങളെ തള്ളിപ്പറഞ്ഞ് ഭൂരിപക്ഷത്തിന്റെ പ്രീതി നേടാൻ നോക്കും, ഇതൊക്കെ നിങ്ങളുടെ രാഷ്ട്രീയമാണ്. അതുകൊണ്ട്, അങ്ങനെയൊക്കെ ഒരു രാഷ്ട്രീയത്തിന്റെ ഭാഗമായിത്തന്നെയുള്ള ഒരു പ്രചരണത്തിനാണ് ഇപ്പോൾ ഇങ്ങനെയൊരു ബോർഡ് ഉണ്ടാക്കുന്നത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചപോലെ, ഇതൊക്കെ നാമമാത്രമായ സംഖ്യയാണ്, തുക ഉയർത്തണം. പതിനായിരം രൂപ വിവാഹത്തിന് കൊടുക്കുന്നത് അൻപതിനായിരം രൂപയാക്കി ഉയർത്തണം. അങ്ങനെയാണെങ്കിൽ അതുകൊണ്ടൊരു ഫലമുണ്ട്. അതുപോലെതന്നെ ചികിത്സയ്ക്ക് കൊടുക്കുന്ന ധനസഹായം എത്ര കുറവാണ്. ആ തുക ഉയർത്തിക്കൂടേ? ഒരു പൊളിറ്റിക്കൽ ഗിമ്മിക്കാണ് ഇവിടെ നടക്കുന്നത് എന്നുള്ളത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതെല്ലാം കാലോചിതമായി പരിഷ്കരിക്കണം എന്നുകൂടി ബില്ലിന്റെ ചർച്ചയുടെ ഭാഗമായി ഇവിടെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ഉബൈദുള്ളയ്ക്ക് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ബില്ലിന് സമയപരിധിയില്ല എന്നുള്ളത് ശരിയാണ്. പക്ഷേ, ആറ് പേർ സംസാരിക്കാനുള്ളപ്പോൾ, ഓരോരുത്തരും ഒരു മണിക്കൂർ വീതം സംസാരിച്ചാൽ ആറ് മണിക്കൂർ എടുക്കും. അതുകൊണ്ട് അംഗങ്ങൾ അതിലൊരു മാന്യത കാണിക്കണമെന്ന് മാത്രമേ ഇതിൽ പറയാനുള്ളൂ. നാല് മണി കഴിഞ്ഞാൽ ഓരോരുത്തരായി അസ്വസ്ഥരാകാൻ തുടങ്ങും.

ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31/12/2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ അവതരിപ്പിച്ചപ്പോൾ മന്ത്രി പറഞ്ഞത് ഇത് ചരിത്രപ്രാധാന്യമുള്ള ബില്ലാണെന്നാണ്. ഇതിന് എന്ത് ചരിത്രപ്രാധാന്യമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബില്ലല്ലേ; ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ക്ഷേമനിധിക്ക് ഒരു ബോർഡ് രൂപീകരിക്കുന്ന ബില്ലാണ്. ഇവിടെ തെരഞ്ഞെടുപ്പിൽ തോറ്റ കുറേയാളുകൾക്ക് ക്യാബിനറ്റ് പദവി കൊടുത്തു, കുറേയാളുകളെ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കളാക്കി.

മി. സ്പീക്കർ: ഒരു ബോർഡ് രൂപീകരിക്കുന്ന ബില്ലിന്റെ മുകളിലാണ് ഈ ലോകത്തെ മുഴുവൻ കാര്യവും എന്നാണോ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു ഇടത് സഹയാത്രികനായ വ്യവസായിയെ ചെയർമാൻ സ്ഥാനത്ത് അവരോധിക്കാനുള്ള ബില്ലാണിത്. ഇതിന് യാതൊരു ചരിത്രപ്രാധാന്യവുമില്ല. ഇത് സർക്കാരിന്റെ ഖജനാവ് ധൂർത്തടിക്കാനുള്ള ബില്ലാണ്. ഞങ്ങളൊക്കെ ചെറുപ്പത്തിൽ മദ്രസ്സയിൽ പഠിച്ചിട്ടുണ്ട്. ഞങ്ങൾക്ക് 5-ാം ക്ലാസ് പൊതുപരീക്ഷ കഴിഞ്ഞാൽ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെ ഒരു സർട്ടിഫിക്കറ്റ് കിട്ടും. ആ സർട്ടിഫിക്കറ്റ് ഫ്രെയിം ചെയ്ത് വീടിന്റെ വരാന്തയിൽ തൂക്കിയിടും. അത്ര പ്രാധാന്യമാണ് 5-ാം ക്ലാസ്സ് മദ്രസ്സ സർട്ടിഫിക്കറ്റിനുണ്ടായിരുന്നത്. അയൽവാസികളോടും മറ്റുള്ളവരോടും സ്നേഹപൂർവ്വമായി പെരുമാറുക, ചെറിയവരെ സ്നേഹിക്കാനും മുതിർന്നവരെ ബഹുമാനിക്കാനും പഠിപ്പിക്കുക അങ്ങനെ മറ്റുള്ള ആളുകളുമായിചേർന്ന് സമന്വയത്തോടെയുള്ള ജീവിതരീതി, മതാചാരങ്ങൾ എന്നിവയാണ് മദ്രസ്സകളിൽ പഠിപ്പിക്കുന്നത്. ഇസ്ലാം മതത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനോടൊപ്പം മറ്റ് മതങ്ങളെക്കൂടി ബഹുമാനിക്കാനാണ് പഠിപ്പിക്കുന്നത്. വളരുന്ന തലമുറയെ സംസ്കരിച്ചെടുക്കുന്നതിൽ തുടക്കംകുറിക്കുന്ന കേന്ദ്രങ്ങളാണ് മദ്രസ്സകൾ. മദ്രസ്സകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ തുച്ഛമായ വേതനം വാങ്ങിക്കുന്നവരാണ്. കേരളത്തിൽ ഇരുപതിനായിരത്തോളം മദ്രസ്സകളും രണ്ട് ലക്ഷത്തിലധികം മദ്രസ്സാദ്ധ്യാപകരുമുണ്ട്. ഇവർക്ക് ഒരു സംഘടിത ഗ്രൂപ്പില്ല. കേരള സർക്കാരിനു കീഴിലുള്ള 12000 സ്കൂളുകളിൽ എത്ര അദ്ധ്യാപക സംഘടനകളുണ്ടെന്ന് എനിക്കറിയില്ല. അൻപതോ അതിലധികമോ ഉണ്ടാകും. അവരൊക്കെ നിരന്തരമായി പണിമുടക്ക് സമരങ്ങളൊക്കെ നടത്താറുമുണ്ട്. എന്നാൽ

ചരിത്രത്തിൽ ഇന്നുവരെ ഒരു മദ്രസ്സയും പണിമുടക്ക് കാരണം പൂട്ടിയിട്ടില്ല. തുച്ഛമായ ശമ്പളം വാങ്ങുന്ന അവർക്ക് ഏകീകൃത സേവന വേതന വ്യവസ്ഥയില്ല. പ്രാദേശിക കമ്മിറ്റികൾ നിശ്ചയിച്ചുകൊടുക്കുന്ന ശമ്പളം വാങ്ങിയിട്ട് വലിയ സേവനം രാജ്യത്തിനുവേണ്ടി ചെയ്യുന്നവരാണിവർ. അവർക്ക് ഒരു ക്ഷേമനിധി കൊണ്ടുവരാൻ യഥാർത്ഥത്തിൽ കാരണമായത് സച്ചാർ കമ്മിറ്റി റിപ്പോർട്ടാണ്. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായപ്പോൾ ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി രജീന്ദർ സച്ചാർ കമ്മിറ്റിയെ നിയോഗിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ സച്ചാർ കമ്മിറ്റിയുടെ കണ്ടെത്തലുകളെക്കുറിച്ച് പറഞ്ഞതുകൊണ്ടും ആവർത്തന വിരസത അനുഭവപ്പെടുമെന്നുള്ളതുകൊണ്ടും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. രജീന്ദർ സച്ചാർ കമ്മിറ്റി 76 നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. അതിൽ ചുരുക്കം ചിലത് നടപ്പാക്കാനേ ശ്രമിച്ചിട്ടുള്ളൂ. ഉദ്യോഗസംവരണത്തിലെ ബാക്ക്‌ലോഗ് നികത്തുന്നതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട നിർദ്ദേശങ്ങളുണ്ട്. അത്തരം കാര്യമായ നിർദ്ദേശങ്ങളൊന്നും ഇതുവരെ നടപ്പാക്കാൻ ന്യൂനപക്ഷങ്ങളുടെ സംരക്ഷകർ എന്ന് അവകാശപ്പെടുന്ന ഇടതുപക്ഷ മുന്നണി ഗവൺമെന്റ് തയ്യാറായിട്ടില്ല. 2006-ൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അന്ന് ഇവിടെയുണ്ടായിരുന്നത് എൽ.ഡി.എഫ്. ഗവൺമെന്റായിരുന്നു എന്നതുകൊണ്ട് പല പദ്ധതികളുടെയും പേര് മാറ്റിയതുപോലെ സച്ചാർ കമ്മിറ്റിയുടെ പേര് മാറ്റി 'പാലോളി കമ്മിറ്റി' എന്നാക്കി. ഇടതുപക്ഷം പിന്തുണച്ച സന്ദർഭത്തിലാണ് യു.പി.എ. ഗവൺമെന്റ് ഈ പദ്ധതി കൊണ്ടുവന്നതെങ്കിൽ പിന്നെ എന്തിനാണ് അതിന് പേര് മാറ്റിയത്? ഞങ്ങൾക്കൂടി പിന്തുണച്ച ഗവൺമെന്റ് കൊണ്ടുവന്നതാണ്, അതുകൊണ്ട് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുക എന്ന നിലപാട് എടുത്താൽപോരേ? ന്യൂനപക്ഷ വകുപ്പിന് ഒരു ഡയറക്ടറേറ്റ് ഉണ്ടാക്കിയത് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി മന്ത്രിയായതിനുശേഷമാണ്. മദ്രസ്സാദ്ധ്യാപകർക്കുവേണ്ടി ക്ഷേമനിധി കൊണ്ടുവന്നപ്പോൾ അവരുടെ പ്രയാസങ്ങളെക്കുറിച്ച് വേണ്ടരീതിയിൽ മനസ്സിലാക്കാൻ സാധ്യമായില്ല. വളരെ തുച്ഛമായ ആനുകൂല്യങ്ങളാണ് ക്ഷേമനിധിയിൽനിന്നും മദ്രസ്സാദ്ധ്യാപകർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. പെൻഷൻ വെറും 1000 രൂപയാണ്. ഒരു മാസം 1000 രൂപ കൊണ്ട് എങ്ങനെ ജീവിക്കാൻ സാധിക്കും? പെൻഷൻ തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. എല്ലാ ക്ഷേമപെൻഷനുകളിലും കാലാനുസൃതമായ മാറ്റമുണ്ടായിട്ടുണ്ട്. അതുപോലെ മരണാനന്തര സഹായമായി ഇപ്പോൾ നൽകുന്നത് 10,000 രൂപ മുതൽ 50,000 രൂപ വരെയാണ്. മരണാനന്തര സഹായം പതിനായിരം രൂപയിൽനിന്നും ഇരുപതിനായിരം രൂപ മുതൽ ഒരു ലക്ഷം വരെയെങ്കിലുമാക്കി ഉയർത്തേണ്ടത് അനിവാര്യമാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിൽ ഏതാണ്ട് രണ്ട് ലക്ഷത്തിലധികം അദ്ധ്യാപകരുണ്ട്. പക്ഷേ ഇത്ര വർഷമായിട്ടും അതിൽ അംഗത്വമെടുത്തിട്ടുള്ള ആളുകൾ 23000-ത്തിൽ താഴെ മാത്രമാണ്. നേരത്തെ അത് വളരെ കുറവായിരുന്നു. പലിശയുമായി ബന്ധപ്പെട്ട വിഷയം ഇവിടെ ചർച്ച ചെയ്തു. പക്ഷേ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പലിശ മാറ്റി ട്രഷറിയിൽ അടയ്ക്കാമെന്നുള്ള തീരുമാനമെടുത്തപ്പോൾ 23000 അദ്ധ്യാപകർ മാത്രമേ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ഉണ്ടായിരുന്നുള്ളൂ. ഇതിന്റെ കാരണം, ബോർഡിൽ അംഗത്വമെടുക്കാനും കാശടയ്ക്കാനും പോസ്റ്റ് ഓഫീസിൽ പോകണം. ഈ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവർക്ക് പോസ്റ്റോഫീസിൽ പോയി ക്യൂ നിന്ന് പണം അടയ്ക്കാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടാണ് അംഗത്വം വർദ്ധിക്കാത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഓൺലൈനായി പണമടയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുത്താൽ തീർച്ചയായിട്ടും ഒരു മാറ്റമുണ്ടാകും. അതുകൂടാതെ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, കേരളത്തിന്റെ സമീപ സംസ്ഥാനങ്ങളിൽ കേരള സിലബസ്സിൽതന്നെ പഠിപ്പിക്കുന്ന അദ്ധ്യാപകരുണ്ട്. അവരെക്കൂടി ഈ ക്ഷേമനിധിയിലേക്ക് കൊണ്ടുവരാൻ സാധ്യമാകുമോ എന്നുള്ളതുകൂടി പരിശോധിക്കുമോ, അത് പരിഗണിക്കുമോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞത് വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ്. ഞാൻ അതിലേയ്ക്ക് വരികയായിരുന്നു.

<u>മി. സ്പീക്കർ</u>: രണ്ടുകാര്യങ്ങളാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഒന്ന് ഓൺലൈൻ വഴി പണമടയ്ക്കാനുള്ള സൗകര്യം വേണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നേരത്തെ ഈ ക്ഷേമനിധിയിൽ ചേരാൻ മദ്രസ്സാദ്ധ്യാപകർ വിമുഖത കാണിച്ച കാര്യം അദ്ദേഹം പറഞ്ഞല്ലോ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പത്ത് കോടി രൂപ കോർപ്പസ് ഫണ്ടിൽനിന്നും ഫിക്സഡ് ഡെപ്പോസിറ്റായി കോഴിക്കോട് ജില്ലാ ബാങ്കിൽ നിക്ഷേപിച്ചു. അതിന്റെ പലിശ ഉപയോഗിച്ചാണ് ക്ഷേമനിധിയിലുള്ള മദ്രസ്സാദ്ധ്യാപകർക്ക് ആനുകൂല്യം കൊടുക്കാൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. പലിശ നിഷിദ്ധമാണെന്ന് പഠിപ്പിക്കുന്ന മദ്രസ്സാദ്ധ്യാപകർ പലിശയുടെ വീഹിതം പറ്റുന്നത് ശരിയല്ലാത്തതുകൊണ്ട് ക്ഷേമനിധിയിൽ ചേരാൻ വിമുഖത കാണിച്ചു. അത് മനസ്സിലാക്കിയപ്പോഴാണ് യു.ഡി.എഫ്. ഗവൺമെന്റ് പ്രസ്തുത തീരുമാനം തിരുത്തി 16 കോടി രൂപ കോഴിക്കോട് ജില്ലാ ട്രഷറിയിൽ നിക്ഷേപിക്കാൻ മുന്നോട്ടുവന്നത്. അതിനെത്തുടർന്നാണ് 23300 അദ്ധ്യാപകർ

ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നത്. ഇത് പലിശരഹിതമാണെന്ന ബോദ്ധ്യം അവർക്കുണ്ടായതുകൊണ്ടാണ്. രണ്ട് ലക്ഷത്തോളം അദ്ധ്യാപകരുണ്ടായിട്ടും എട്ടിലൊന്ന് അദ്ധ്യാപകർ മാത്രമേ ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളൂ. ബാക്കി അദ്ധ്യാപകരെക്കൂടി ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുവേണ്ടി മതസംഘടനകളുടെ സഹായത്തോടുകൂടി ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതുണ്ട്. ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞതുപോലെ അംശദായം അടയ്ക്കാൻ പോസ്റ്റോഫീസിൽപോയി ക്യൂ നിൽക്കണം. സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ കിട്ടുന്ന, ഇലക്ട്രിസിറ്റി, വാട്ടർ, ടെലഫോൺ എന്നിവയുടെ ബില്ലുകളെല്ലാം ഓൺലൈനിൽ അടയ്ക്കാൻ സൗകര്യമുള്ള കാലഘട്ടത്തിൽ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം ഓൺലൈൻ വഴി അടയ്ക്കാൻ സംവിധാനമുണ്ടാക്കണം എന്നത് തികച്ചും ന്യായമായിട്ടുള്ള ഒരു കാര്യമാണ്. അതിനുള്ള സംവിധാനമുണ്ടാക്കണം.

20 വയസ്സ് പൂർത്തിയായതും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ മദ്രസ്സാദ്ധ്യാപകർക്ക് അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്നാണ് 2010 ജൂൺ 9-ലെ ആദ്യത്തെ ഗസറ്റ് നോട്ടിഫിക്കേഷനിൽ പറയുന്നത്. 18 വയസ്സ് മുതൽ 55 വയസ്സ് വരെ അംഗത്വമെടുക്കാനുള്ള പ്രായപരിധിയായി കണക്കാക്കണം. അതുപോലെ കോഴിക്കോട് മാത്രമാണ് ക്ഷേമനിധി ബോർഡിന് ഓഫീസുള്ളത്. തിരുവനന്തപുരത്തുള്ള മദ്രസ്സാദ്ധ്യാപകൻ എന്തെങ്കിലും ആവശ്യത്തിന് കോഴിക്കോട് ഓഫീസിനെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. തിരുവനന്തപുരത്തും എറണാകുളത്തും ഓരോ റീജിയണൽ ഓഫീസുകൾ കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഈ ബില്ലിൽ 2(എച്ച്)-ൽ പറയുന്നത്, "മദ്രസ്സ" എന്നാൽ മുസ്ലീം മതതത്വങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പഠനസ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ മുസ്ലീം മതതത്വമോ, അനുഷ്ഠാനമോ ആശയമോ പഠിപ്പിക്കുന്ന ഏത് പേരിലറിയപ്പെടുന്ന സ്ഥാപനവും ഉൾപ്പെടുന്നതുമാകുന്നു; എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മദ്രസ്സകൾക്കുപുറമേ മുസ്ലീം മതതത്വങ്ങളും അനുഷ്ഠാനങ്ങളും ആശയങ്ങളും പഠിപ്പിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ഉദാഹരണത്തിന്, അറബിക് കോളേജുകൾ, പള്ളിദർസുകൾ, അൽബിർ പോലുള്ള പ്രീ പ്രൈമറി വിദ്യാലയങ്ങൾ എന്നിവയുണ്ട്. ഇവയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെക്കൂടി ക്ഷേമനിധിയിൽ അംഗമാക്കാനുള്ള വകുപ്പ് ബില്ലിൽ തന്നെയുള്ളതുകൊണ്ട് അതിനുകൂടിയുള്ള സൗകര്യമൊരുക്കണം. ഇടതു സഹയാത്രികനായ വ്യവസായിയെ ചെയർമാനാക്കി വച്ചിട്ടുണ്ട്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർമാനുപുറമേ മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന നാലംഗങ്ങളും മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന

നാലംഗങ്ങളും ഉണ്ടായിരിക്കണമെന്ന് പറയുന്നു. വഖഫ് ബോർഡിൽ മുഅല്ലിമാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതുപോലെ, മദ്രസ്സാദ്ധ്യാപകരിൽ നിന്ന് നാല് പേരെയും മദ്രസ്സ മാനേജിംഗ് കമ്മിറ്റിയിൽ നിന്ന് നാല് പേരെയും തെരഞ്ഞെടുക്കണം. സർക്കാർ എല്ലാവരേയും നോമിനേറ്റ് ചെയ്യുന്ന രീതി ശരിയല്ല.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവരുന്നതുവരെ ഇന്ത്യയിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ഫണ്ട് വിനിയോഗിക്കുന്നതിൽ കേരളം പതിനാറാം സ്ഥാനത്തായിരുന്നു. അത് ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. മൂന്നര കൊല്ലമായിട്ട് മദ്രസ്സ ക്ഷേമനിധിയെക്കുറിച്ച് പറയുകയല്ലാതെ എന്തെങ്കിലുമൊരു പുതിയ പദ്ധതി ന്യൂനപക്ഷങ്ങൾക്കുവേണ്ടി ആവിഷ്കരിക്കാൻ ഈ ഗവൺമെന്റിന് സാധ്യമായിട്ടുണ്ടോ? ഏതെങ്കിലും കേന്ദ്ര ഫണ്ട് മൂന്നര കൊല്ലത്തിനിടയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കിയില്ലെന്ന് ഇവിടെ പറയുകയുണ്ടായി. എന്നാൽ സച്ചാർ കമ്മിറ്റിയുടെ പ്രൊപ്പോസൽ മോഡിഫൈ ചെയ്യാൻവേണ്ടി പാലോളി കമ്മിറ്റിയുണ്ടാക്കി. എന്നാൽ ആ പാലോളി കമ്മിറ്റിയിലൂടെ ഈ മദ്രസ്സ മുഅല്ലിം ക്ഷേമനിധി ഒഴികെയുള്ള ധാരാളം പ്രൊപ്പോസലുകൾ പറഞ്ഞിട്ടുണ്ടല്ലോ. അറബി സർവ്വകലാശാലകൾ സ്ഥാപിക്കണം എന്നതടക്കമുള്ള പ്രൊപ്പോസലുകൾപോലും പരിഗണിക്കണമെന്ന് താങ്കൾക്ക് അഭിപ്രായമില്ലേ?

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, മുഅല്ലിംകളെ സംബന്ധിച്ചിടത്തോളം 500 രൂപ അടയ്ക്കേണ്ടിവരുന്ന സ്ഥിതി ഒഴിവാക്കിക്കൊടുക്കുന്ന ഒരു തീരുമാനമെടുത്തുകൂടേ എന്നാണ് ചോദിക്കുന്നത്.

മി. സ്പീക്കർ: അപ്പോൾ പിന്നെ അത് ക്ഷേമനിധിയാകില്ലല്ലോ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അംശദായത്തിൽ 50 രൂപ അദ്ധ്യാപകരും 50 രൂപ കമ്മിറ്റിയുമാണ് സാധാരണ രീതിയിൽ കൊടുക്കേണ്ടത്. പലപ്പോഴും കമ്മിറ്റി ഇതിന് മുന്നോട്ടുവരുന്നില്ലെന്നുള്ളതാണ് സത്യം. അദ്ധ്യാപകർക്ക് ചേരണമെന്നുണ്ട്, പക്ഷെ കമ്മിറ്റികൾ അതിന് സമ്മതിക്കുന്നില്ല. കമ്മിറ്റികളെ ഒഴിവാക്കിക്കൊണ്ട് അദ്ധ്യാപകരിൽനിന്നും 50 രൂപ വാങ്ങിയിട്ട്, ബാക്കി സംഖ്യ സംസ്ഥാന സർക്കാർ കൂട്ടിക്കൊടുത്തുകൂടെയെന്നാണ് എന്റെ ചോദ്യം. എന്നാൽ മാത്രമേ ഇത് പ്രായോഗികമാകുകയുള്ളൂ. ഇപ്പോൾ 23000 ആളുകൾ മാത്രമേ ചേർന്നിട്ടുള്ളൂ. ഇനി രണ്ടര ലക്ഷം ആളുകളുണ്ട്. അദ്ധ്യാപകർ ഇതിൽ ചേരാൻ തൽപ്പരരാണ്.50 രൂപ മാത്രം അവരിൽനിന്നും വാങ്ങിക്കൊണ്ട് ബാക്കിയുള്ളത് സംസ്ഥാന സർക്കാർ കൊടുക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

<u>മി. സ്പീക്കർ</u>: ഈ രണ്ട് അഭിപ്രായത്തിനുംകൂടി മറുപടി പറഞ്ഞുകൊണ്ട് കൺക്ലൂഡ് ചെയ്യു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മഞ്ഞളാംകുഴി അലിയുടെ അഭിപ്രായം വളരെ പ്രസക്തമാണ്. കർഷക ത്തൊഴിലാളി ക്ഷേമനിധിയിൽ അംശദായം മാസത്തിൽ 5 രൂപയും ഒരു വർഷത്തിൽ 60 രൂപയുമാണ്. പല ക്ഷേമനിധിയിലും തുച്ഛമായ സംഖ്യയാണ്. ഇതിൽ 50 രൂപ അദ്ധ്യാപകരും 50 രൂപ മാനേജിംഗ് കമ്മിറ്റിയും അടയ്ക്കണം. പല കമ്മിറ്റികൾക്കും മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധിയിലേയ്ക്ക് 50 രൂപകൂടി അടയ്ക്കാൻ സാധ്യമല്ല. അതുകൊണ്ട് ശ്രീ. അബ്ദുൽ ഹമീദ് പി. പറഞ്ഞ നിർദ്ദേശം, പൂർണ്ണമായി ഒഴിവാക്കി കൊടുക്കണമെന്നാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇത് പ്രധാന സംഗതിയായതുകൊണ്ട് ഇപ്പോൾ പറഞ്ഞതിനോട് കൂട്ടിച്ചേർക്കാനാണ് ഞാൻ പറയുന്നത്. അംശദായം 50 രൂപയാണ് ഇപ്പോൾ പറയുന്നത്. പക്ഷെ 500 രൂപ വരെ അംശദായമാക്കാൻ ഗവൺമെന്റിന് അധികാരം കൊടുക്കുമെന്ന് അതിൽ പറയുന്നുണ്ട്. 50-ൽ നിന്ന് 500 രൂപയിലേയ്ക്ക് എന്നുപറയുന്നത് വലിയൊരു മാറ്റമാണ്. ഇപ്പോൾ 50 രൂപ എന്നുപറയുന്നുണ്ടെങ്കിലും 500 രൂപവരെ വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് അധികാരം നൽകുന്നതാണെന്ന് ഇതിൽ പറയുന്നുണ്ട്. 500 രൂപ എന്നത് വലിയൊരു സംഖ്യയാണ് അത് ചുരുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പംതന്നെ ശ്രീ. പി. ഉബൈദുള്ള പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്, 14 അംഗങ്ങൾ ക്ഷേമനിധി ബോർഡിൽ വരുന്നുണ്ട്. ഇതിൽ മുഴുവനും ഗവൺമെന്റ് നോമിനേറ്റ് ചെയ്യുകയാണ്. ഇതിൽ പല സംഘടനകളുമുണ്ട്. അതിൽ രാഷ്ട്രീയപരമായി നോക്കുമ്പോൾ ചില സംഘടനകൾക്ക് പ്രാതിനിധ്യമില്ലാതെ വരും. ഇപ്പോൾ ഇവിടെത്തന്നെ പറയുമ്പോൾ സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡിന് 9981 മദ്രസ്സകളും 130000-ത്തോളം അദ്ധ്യാപകരുമുണ്ട്. ചിലപ്പോൾ അവർക്ക് പ്രാതിനിധ്യമില്ലാതെ വരും. ബഹുമാനപ്പെട്ട മന്ത്രി, മുക്രി, മുഅദ്ദീൻ, മൗലവി എന്നിവർക്ക് ഇപ്പോൾ കൊടുത്തിട്ടുണ്ട്, അതെനിക്കറിയാം. ഇതിൽ രണ്ട് പേരെയെങ്കിലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും തെരഞ്ഞെടുക്കാനുള്ള പ്രൊവിഷൻ വേണം.

<u>മി. സ്പീക്കർ</u>: ക്ലാസ് ബൈ ക്ലാസ് അമെന്റ്മെന്റ് എടുക്കുമ്പോൾ ചർച്ച ചെയ്താൽ മതി.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇപ്പോൾത്തന്നെ പറയാൻ സമ്മതിക്കുന്നില്ല, അപ്പോൾ എങ്ങനെയാണ് പറയുന്നത്. അപ്പോൾ ഒട്ടും പറയാൻ പറ്റില്ല. ഒരു സമവായത്തിൽ പോയാൽ, സബ്ജക്ട് കമ്മിറ്റിയിൽ പോയി വരുമ്പോൾത്തന്നെ ശരിയാക്കാൻ സാധിക്കും. അതുകൊണ്ട് രണ്ട് പേരെ മാനേജ്മെന്റ് കമ്മിറ്റിയിൽനിന്നും രണ്ട് പേരെ അദ്ധ്യാപക സംഘടനയിൽനിന്നും തെരഞ്ഞെടുക്കുന്നതിനുള്ള പ്രോസസ്സുണ്ടാകുകയാണെങ്കിൽ ഈ ക്ഷേമനിധി ബോർഡ് ഒരു ഡെമോക്രാറ്റിക്കാകുകയും എന്നാൽ ഭൂരിപക്ഷത്തിൽ ഉൾപ്പെടുന്ന ആളുകൾ ഇതിൽനിന്ന് പിന്തള്ളപ്പെട്ടുപോയി എന്നൊരു തോന്നലില്ലാതിരിക്കാനും ഇത് കുറ്റമറ്റതായിത്തീരാനും സാധ്യതയുണ്ട് എന്നൊരു അഭിപ്രായം കൂടിയുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇവിടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശ്രീ. എം. ഉമ്മർ പറഞ്ഞകാര്യം ഞാൻ നേരത്തെ പറഞ്ഞു. വഖഫ് ബോർഡിലൊക്കെ പ്രാതിനിധ്യ സ്വഭാവമനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയാകുമ്പോൾ അതിന്റെ യഥാർത്ഥ പ്രതിനിധികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വരുന്നത്, സുതാര്യമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ വളരെ പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ടാണ് അത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചത്. പാലോളി കമ്മിറ്റിയിൽ മദ്രസ്സ ക്ഷേമനിധി മാത്രമല്ലയുള്ളത്. മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതിലൊന്നാണ് അറബി, ഉറുദു തുടങ്ങിയ ഭാഷകളും മറ്റ് വിദേശ ഭാഷകളുംകൂടി പഠിക്കാൻ സൗകര്യപ്രദമായ രീതിയിലുള്ള ഒരു പുതിയ സർവ്വകലാശാല സ്ഥാപിക്കണമെന്നതാണ്. ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെകൂടി ചാർജ്ജ് വഹിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് അത്തരമൊരു ചിന്തയുണ്ടാകുന്നത് നല്ലതാണ്. വിധവകൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ പേര് മാറ്റി ഇമ്പിച്ചിബാവ ഭവനനിർമ്മാണ പദ്ധതി എന്നാക്കി. അതിൽ ഞങ്ങൾക്ക് വിരോധമില്ല. ഇമ്പിച്ചിബാവ നല്ലൊരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു, ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെയല്ല. വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ അപേക്ഷ മൂന്ന് കൊല്ലമായി സ്വീകരിക്കുന്നില്ല. ആ പദ്ധതി യഥാർത്ഥത്തിൽ അവതാളത്തിലായിരിക്കുകയാണ്. ന്യൂനപക്ഷ കേന്ദ്രീകൃത സ്ഥലങ്ങളിലുള്ള കുടിവെള്ള പദ്ധതികളുണ്ട്. ഇടതുപക്ഷം, വലതുപക്ഷം എന്ന് നോക്കാതെ ന്യൂനപക്ഷ കേന്ദ്രങ്ങളിൽ കുടിവെള്ള പദ്ധതി അനുവദിക്കാനുള്ള നടപടികൂടി ഉണ്ടാകണം. ഇനി ധാരാളം കാര്യങ്ങൾ സച്ചാർ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് പറയാനുണ്ടെങ്കിലും ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിച്ച് ഞാൻ ചുരുക്കുകയാണ്. ബാക്കിയുള്ള കാര്യങ്ങളൊക്കെ ഇനിയുള്ള ചർച്ചയിൽ പറയാം.

മി. സ്പീക്കർ: ശ്രീ എസ്. ശർമ്മ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

4.00 PM]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ.എസ്. ബിജിമോൾ)

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വിശ്വാസികളുടെയും ആത്മീയ ചിന്തകരുടെയും ഭൗതികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ സർക്കാരുകൾ കാണിക്കുന്ന താല്പര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഞങ്ങളെ മതവിരുദ്ധരെന്ന് വിളിക്കുന്നതിനാണ് പലർക്കും താല്പര്യം. കേരളത്തിന്റെ ചരിത്രമെടുത്താൽ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളുടെ നിലപാടുകൾ വളരെ പ്രകടമാണ്. ആത്മീയ ചിന്തകരായാലും മത പ്രവർത്തകരായാലും, ഏറ്റവും പ്രയാസപ്പെടുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ കാണിച്ചിട്ടുള്ള താല്പര്യം വളരെ പ്രകടമാണ്. ഇവിടെ നേരത്തെ സംസാരിച്ച ആളുകൾ പല കാര്യങ്ങളിലും പുകമറ സൃഷ്ടിക്കാനാണ് ശ്രമിച്ചത്. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ട് മലബാറിലെ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രയാസപ്പെട്ട് കഴിഞ്ഞിരുന്ന ആളുകൾക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ശമ്പളം വർദ്ധിപ്പിച്ചതും ഇടതുപക്ഷ സർക്കാരുകളായിരുന്നു എന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. അത് ഇടതുപക്ഷ സർക്കാരുകളുടെ ഒരു മുഖമുദ്രയാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയായ മാർക്സിസ്റ്റും അതുപോലെ ഇടതുപക്ഷം പിന്തുണയ്ക്കുന്ന യു.പി.എ. ഗവൺമെന്റുമാണ് മുസ്ലിം പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് സച്ചാർ കമ്മീഷനെ നിയോഗിച്ചത്. ആ കമ്മീഷൻ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. പലരും ആ റിപ്പോർട്ടിനെ ഇവിടെ പല രീതിയിൽ ഉദ്ധരിക്കുകയുണ്ടായി. (റിപ്പോർട്ട് സഭയിൽ ഉയർത്തിക്കാണിച്ചു.) ജസ്റ്റിസ് രജീന്ദർ സച്ചാറിന്റെ കൃത്യമായ പഠന റിപ്പോർട്ടാണിത്. ഇതിൽ പറയുന്ന കാര്യങ്ങളല്ല പ്രതിപക്ഷം ഇവിടെ ചൂണ്ടിക്കാണിച്ചത്. തെറ്റായാണ് പല കാര്യങ്ങളും ഇവിടെ ഉദ്ധരിച്ചതെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാം യു.പി.എ. സർക്കാരിന് പിന്തുണ നൽകാൻ ഇടതുപക്ഷം മുന്നോട്ടുവച്ച ഉപാധികൾ ഏതെങ്കിലും മന്ത്രിസ്ഥാനം

നേടാൻ വേണ്ടിയായിരുന്നില്ല. മന്ത്രിപദവികൾ നൽകാമെന്നുള്ള വാഗ്ദാനം ഉണ്ടായിരുന്നപ്പോഴും ഒരു കോമൺ മിനിമം പ്രോഗ്രാമാണ് ഉണ്ടാകേണ്ടതെന്ന് വാദിക്കുകയും അതിനായി ഞങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. അങ്ങനെ മുന്നോട്ടുവച്ച കോമൺ മിനിമം പദ്ധതിയുടെ ഭാഗമായാണ് ഒന്നാം യു.പി.എ. സർക്കാർ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചത്. ഇവിടെ പതിറ്റാണ്ടുകൾ ഭരിച്ച കോൺഗ്രസ്സ് പാർട്ടിക്ക് അവരുടെ ഭരണത്തിന്റെ ഭാഗമായി വന്ന ദാരിദ്ര്യാവസ്ഥയെക്കുറിച്ചും പിന്നോക്കാ വസ്ഥയെക്കുറിച്ചും പഠിക്കാനും തിരുത്താനുമുള്ള അനേകം അവസരങ്ങൾ ഉണ്ടായിരുന്നു. ഒറ്റ പാർട്ടിയെന്നുള്ള നിലയിൽ ഇന്ത്യയുടെ ഭരണാധികാരം ദീർഘകാലം കൈകാര്യം ചെയ്ത പാർട്ടിയാണ് കോൺഗ്രസ്സ് പാർട്ടി. പ്രതിപക്ഷ പാർട്ടികൾ ദുർബലമായിരുന്ന ഘട്ടത്തിൽ ഇന്ത്യൻ പാർലമെന്റിലും ഇന്ത്യയുടെ വിവിധ നിയമസഭകളിലും സുപ്രധാനമായ ശക്തിയായിരുന്നു കോൺഗ്രസ്സ്. എന്നിട്ട് അത്തരത്തിലുള്ള ഒരു പരിശോധന നടത്താൻ കോൺഗ്രസ്സ് തയ്യാറായിരുന്നില്ല. ഇടതുപക്ഷത്തിന് നിർണ്ണായകമായ സ്വാധീനമുള്ള ഒരു ഗവൺമെന്റ് വന്ന ഘട്ടത്തിൽ മാത്രമാണ് ഇത്തരമൊരു പരിശോധന നടത്താൻ സന്നദ്ധമായതെന്നുള്ള കാര്യം നിഷേധിക്കാൻ എന്തൊക്കെ അഭ്യാസങ്ങളാണ് പലരും ഇവിടെ കാണിച്ചത്. എന്നാൽ അതായിരുന്നില്ല വസ്തുത. ദാരിദ്ര്യത്തെക്കുറിച്ച് സച്ചാർ കമ്മീഷൻ കണ്ടെത്തിയ കാര്യങ്ങളിൽ ബംഗാളാണ് ഏറ്റവും മോശമെന്ന് പറയുകയുണ്ടായി. എന്നാൽ റിപ്പോർട്ടിൽ അങ്ങനെയല്ല പറയുന്നത്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് അദ്ധ്യായം 8-ൽ പറയുന്നത്, നഗരങ്ങളിൽ അധിവസിക്കുന്ന മുസ്ലിം ജനവിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് ഒറീസ്സയിലാണ്, 48 ശതമാനം. അതിന് തൊട്ടുമുകളിലുള്ള മദ്ധ്യപ്രദേശിൽ 58 ശതമാനവും ഛത്തീസ്ഗഢിൽ 61 ശതമാനവും കർണ്ണാടകയിൽ 45 ശതമാനവും ബീഹാറിൽ 45 ശതമാനവും ഉത്തർപ്രദേശിൽ 44 ശതമാനവുമാണ്. ഇതിൽ 27 ശതമാനം മാത്രമാണ് ബംഗാളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. .......(ബഹളം).... സച്ചാർ കമ്മീഷൻ റിപ്പോർട്ട് അദ്ധ്യായം 8-ൽ വളരെ കൃത്യമായി ഇക്കാര്യങ്ങൾ പറയുന്നുണ്ട്. എന്തൊക്കെ അസംബന്ധങ്ങളാണ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് എന്നുള്ള പേരിൽ ഇവിടെ പ്രസംഗിച്ചത്. ഗ്രാമങ്ങളിലെ ദാരിദ്ര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇക്കാര്യത്തിലും ബംഗാളല്ല മുന്നിൽ. ഛത്തീസ്ഗഢിൽ മുസ്ലിം ദാരിദ്ര്യം 40 ശതമാനവും ഝാർഖണ്ഡിൽ 36 ശതമാനവും ബീഹാറിൽ 38 ശതമാനവും യു.പി.-യിൽ 33 ശതമാനവും ബംഗാളിൽ 33 ശതമാനവുമാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ ആസ്പദമാക്കിക്കൊണ്ട് എന്ത് ഫലപ്രദമായ നടപടികളാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്? ബംഗാളിൽ, മുസ്ലീങ്ങളുടെ സർക്കാർ ജോലിയുമായി ബന്ധപ്പെട്ട പ്രശ്നത്തെ പ്രത്യേകമായൊരു അജണ്ടയായി എടുക്കുകയും പത്ത്

ശതമാനം സംവരണം പ്രഖ്യാപിക്കുകയും ചെയ്തുവെന്നുള്ള കാര്യം ഇവിടെ സംസാരിച്ച എന്റെ ബഹുമാന്യരായ യു.ഡി.എഫ്. അംഗങ്ങൾ വിസ്മരിക്കുകയാണ് ചെയ്തത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഈ റിപ്പോർട്ട് ലഭിച്ചിട്ടും കേന്ദ്രഗവൺമെന്റും ഒരു നടപടിയും സ്വീകരിച്ചില്ല. ഞങ്ങൾ ഇത്രയും നടപടികൾ സ്വീകരിച്ചുവെന്ന് ഒരു കടലാസ് ഉയർത്തിക്കാണിച്ചുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞല്ലോ; സച്ചാർ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ചപ്പോൾ കണ്ട പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന്, ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും കേന്ദ്ര സർവ്വീസിലും മുസ്ലിം പങ്കാളിത്തം വളരെ പുറകിലാണെന്നാണ്. ഞാൻ ചോദിക്കട്ടെ, മുസ്ലീം ലീഗ് അംഗങ്ങളും കോൺഗ്രസ്സ് അംഗങ്ങളും ഇവിടെ സംസാരിച്ചല്ലോ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും കേന്ദ്ര സർവ്വീസിലെയും ഈ കുറവ് പരിഹരിക്കാൻ അവർ ഒരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ അതിൽനിന്നും വ്യത്യസ്തമായാണ് കേരളത്തിൽ അന്ന് അധികാരത്തിലിരുന്ന വി.എസ്. ഗവൺമെന്റ് പ്രവർത്തിച്ചത്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് അതേപടി കേരളത്തിൽ പ്രാവർത്തികമാക്കാൻ കഴിയില്ല. കാരണം, ഇതിലെ സാമൂഹ്യാവസ്ഥയും സാമൂഹ്യ പ്രശ്നങ്ങളും വ്യത്യസ്തമാണ്. ബീഹാറിലെയും ഉത്തർപ്രദേശിലെയും ഝാർഖണ്ഡിലെയും സാമൂഹ്യസ്ഥിതികൾ വ്യത്യസ്തമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ എന്തെല്ലാം കാര്യങ്ങൾ എങ്ങനെയെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളതാണ് പാലോളി കമ്മിറ്റി പരിശോധിച്ചത്. ഈ ക്ഷേമനിധി ആനുകൂല്യം താമസിപ്പിക്കാനാണ് കമ്മിറ്റിയെ നിയമിച്ചതെന്ന് എത്ര നികൃഷ്ടമായാണ് പറയുന്നത്. യഥാർത്ഥ കാര്യങ്ങളെ വിസ്മരിക്കാൻവേണ്ടി നടത്തിയിട്ടുള്ള ഒരു പ്രസംഗം മാത്രമാണിത്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി രൂപീകരിക്കണമെന്ന ശിപാർശ ഇല്ല. ഇവിടെ ആ കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കുന്നതിന് ഉതകുന്ന വിധത്തിൽ പാലോളി കമ്മിറ്റി പഠനം നടത്തുകയുണ്ടായി. ആ പഠനങ്ങളിലാണ് മദ്രസ്സാദ്ധ്യാപകരുടെ പ്രശ്നം ചൂണ്ടിക്കാട്ടിയത്. ആ റിപ്പോർട്ടിൽ പറയുന്ന, മദ്രസ്സാ പഠനം വഴിയുള്ള മതപഠനത്തിലെ മുഖ്യ കണ്ണിയാണ് മദ്രസ്സാദ്ധ്യാപകർ. കേരളത്തിൽ ഏകദേശം ഒന്നര ലക്ഷത്തോളം ആളുകൾ ഈ ജോലിയിൽ വ്യാപൃതരാണ്. മുസ്ലിം ജനവിഭാഗങ്ങളുടെ സമ്പൂർണ്ണ സഹകരണത്തോടെയാണ് മദ്രസ്സാദ്ധ്യാപകർക്ക് വേതനവും മറ്റ് സൗകര്യങ്ങളും നൽകുന്നത്. നാമമാത്ര പ്രതിഫലമാണ് മദ്രസ്സാദ്ധ്യാപകർക്ക് ലഭിക്കുന്നത്. അതിനാൽ അവരുടെ ജീവിത നിലവാരം വളരെ പിൻനിരയിലാണ്. വാർദ്ധക്യകാലം വളരെ ക്ലേശകരവുമാണ്. കേരളത്തിൽ നിരവധി വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികളും സാമൂഹ്യ സുരക്ഷാ പദ്ധതികളും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ പരിഗണിക്കപ്പെടേണ്ട ഒരു വിഭാഗമാണ് മദ്രസ്സാദ്ധ്യാപകർ എന്നുപറഞ്ഞത് പാലോളി കമ്മിറ്റി റിപ്പോർട്ടിലാണ്. ഏതെങ്കിലും ക്ഷേമപദ്ധതി വച്ച് താമസിപ്പിക്കാൻ വേണ്ടി

ചെയ്യതല്ല. 2010 മേയ് 31-ന് ഗവൺമെന്റ് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ക്ഷേമപദ്ധതി ആരംഭിക്കുന്നത്. അന്നത്തെ സാഹചര്യത്തിൽ ക്ഷേമ പദ്ധതിയിൽ പെൻഷൻ 500 രൂപയായിരുന്നു. എന്നാൽ ആ ഘട്ടത്തിൽ ക്ഷേമനിധിയിൽ ചേരുന്നതിന് അനാവശ്യമായ വിവാദങ്ങളുമുണ്ടാക്കി അദ്ധ്യാപകരെ വിലക്കുകയാണ് ചെയ്യത്. അതുകൊണ്ട് വേണ്ടത്ര ആളുകൾ അന്ന് ക്ഷേമനിധിയിൽ ചേരുകയുണ്ടായില്ല. ഇവിടെ പറഞ്ഞതുപോലെ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ, 22,500-ഓളം പേർ ക്ഷേമനിധിയിൽ അംഗങ്ങളായി. ഈ ക്ഷേമനിധി നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരികയും കുറ്റമറ്റ നിലയിൽ മദ്രസ്സാദ്ധ്യാപകർക്ക് ലഭിക്കേണ്ട പെൻഷൻപോലുള്ള കാര്യങ്ങൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യത്. നിങ്ങൾക്ക് അത് ചെയ്യാമായിരുന്നല്ലോ? വി.എസ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പോയതിനുശേഷം ഉമ്മൻ ചാണ്ടി സർക്കാർ വരികയും ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയായി പ്രവർത്തിക്കുകയും ചെയ്തു. 5 വർഷം വരെ സമയം ഉണ്ടായിരുന്നിട്ടും നിങ്ങൾക്കത് കൊണ്ടുവരാൻ കഴിയാത്തത് എന്തുകൊണ്ടാണ്?

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇക്കാര്യത്തിൽ മാത്രമല്ല വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിലാണ്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഒരു പഠനത്തിൽ മലബാർ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ ആനുപാതികമായി ഇല്ലെന്നാണ് പറയുന്നത്. അത് ശരിയാണ്. ഞങ്ങൾ ചെയ്യത് പൂർണ്ണമായിട്ടില്ല. അത് പരിഹരിച്ചുകൊണ്ട് ഇങ്ങനെയുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കുറെക്കൂടി വിദ്യാലയങ്ങൾ ഇങ്ങനെയുള്ള പ്രദേശങ്ങൾക്ക് നൽകാൻ ഈ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗത്തെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ക്ഷേമനിധിയുടെ കാര്യം പറയുമ്പോൾ അതിന്റെ കുറവുകളെക്കുറിച്ച് എന്റെ ബഹുമാന്യരായ സുഹൃത്തുക്കൾ നേരത്തെ പറഞ്ഞുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ സൂചിപ്പിച്ചത്. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് ക്ഷേമനിധി കൊണ്ടുവരുമ്പോൾ നിങ്ങൾ അതിന്റെ കുറവുകളെക്കുറിച്ച് പറയുകയാണ്. എന്തുകൊണ്ട് നിങ്ങളുടെ അഞ്ച് വർഷക്കാലത്ത് ഇതേക്കുറിച്ചൊന്നും ഓർമ്മ വന്നില്ല; ആ തരത്തിൽ കാര്യങ്ങൾ കാണാൻ പാടുണ്ടോ?ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെ പരിതാപകരമായ അവസ്ഥയാണുള്ളത്. അയ്യായിരം, ആറായിരം രൂപ ശമ്പളം കിട്ടുന്ന മദ്രസ്സാദ്ധ്യാപകർ ചില സ്ഥലങ്ങളിൽ ഉണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ

പലയിടത്തും അത്രയുമില്ല. നാട്ടിലെ പള്ളി കമ്മിറ്റിയോ മദ്രസ്സാ കമ്മിറ്റിയോ ഒക്കെ പിരിച്ചുകൊടുക്കുന്ന കാശുകൊണ്ടാണ് ശമ്പളം കൊടുക്കുന്നത്. ചില വീടുകളിൽ നിന്നും ഭക്ഷണം കൊടുക്കുന്നു, പിന്നീട് കല്യാണത്തിനോ മരണ വീടുകളിലോ പ്രാർത്ഥനയ്ക്ക് പോയാൽ കിട്ടുന്ന കൈമടക്കാണ് പലരുടെയും ഏക ജീവിതമാർഗ്ഗം. ഇത്തരമൊരു ക്ഷേമപദ്ധതി വരുന്നതിന്റെ സാമൂഹിക പശ്ചാത്തലത്തിനുള്ള കാരണം അതാണ്. ഒരുപാട് സമ്പന്നരായിട്ടുള്ള ആളുകൾക്കുവേണ്ടി ഒരു പദ്ധതി ഉണ്ടാക്കിക്കൊടുക്കുക എന്നല്ല പറയുന്നത്. ജീവിത വഴികളിൽ ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു വിഭാഗത്തിന് അവരുടെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ചെറിയൊരു സംഖ്യ പെൻഷൻ കൊടുക്കത്തക്ക നിലയിലുള്ള പദ്ധതിയെന്ന നിലയിലാണ് ഈ പദ്ധതി എൽ.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇവിടെ നേരത്തെ സംസാരിച്ച ആളുകൾ ഞങ്ങളെ ആക്ഷേപിച്ചു. സംസ്ഥാന വഖഫ് ബോർഡിന്റെ കണക്കെടുക്കാം. ഞാൻ അതിന്റെ ചെയർമാനായി രണ്ടരക്കൊല്ലം പ്രവർത്തിച്ച ആളാണ്. 2009-10-ൽ വി. എസ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്തായിരുന്നു വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും സോഷ്യൽ വെൽഫെയർ ഗ്രാന്റും അതുവരെ ഉണ്ടായിരുന്നതിനേക്കാൾ മൂന്ന്-നാലിരട്ടി വർദ്ധിപ്പിച്ചത്. അത് രേഖയിലുള്ളതാണ്. അന്ന് വഖഫ് ബോർഡ് അംഗങ്ങളും എന്റെ ബഹുമാന്യരായ സുഹൃത്തുക്കളായ നായനാർജിയും സൈനുദ്ദീനും അന്നും ബോർഡിലുണ്ട്. നമ്മൾ ഒരുമിച്ച് വന്ന് ഡോ. ടി. എം. തോമസ് ഐസക്കിനെ കണ്ടപ്പോൾ സോഷ്യൽ വെൽഫെയർ ഗ്രാന്റും അഡ്മിനിസ്ട്രേഷൻ ഗ്രാന്റും നിലവിൽ ഉണ്ടായിരുന്നതിന്റെ മൂന്നും നാലും ഇരട്ടി ഞങ്ങൾക്ക് അന്ന് വർദ്ധിപ്പിച്ചുതന്നു. ആ സോഷ്യൽ വെൽഫയർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് നിങ്ങൾ പറയുന്ന മുല്ലമാർക്ക് അല്ലെങ്കിൽ പള്ളിയിൽ ജോലി ചെയ്യുന്ന വളരെ ക്ലേശത അനുഭവിക്കുന്ന ആളുകൾക്ക് നാമമാത്രമായിട്ടുള്ള പെൻഷൻ കൊടുക്കുന്നത്. അതിനുശേഷം ഗവൺമെന്റ് മാറി, യു.ഡി.എഫ് ഗവൺമെന്റ് വന്നു. ഞാൻ ശ്രീ. എം. ഉമ്മറിനോട് ചോദിക്കുകയാണ്, ബഹുമാനപ്പെട്ട അംഗം വഖഫ് ബോർഡിൽ ഉണ്ടായിരുന്ന ആളാണല്ലോ; വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും സോഷ്യൽ വെൽഫെയർ ഗ്രാന്റും പിന്നീട് വർദ്ധിപ്പിച്ചോ; ഇല്ലെന്നാണ് എന്റെ കയ്യിലുള്ള കണക്ക് പറയുന്നത്. വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടില്ല. വഖഫ് ബോർഡുപോലെയുള്ള സ്ഥാപനങ്ങൾ ബൃഹത്തായിട്ടുള്ള ഒരു സംവിധാനമാണ്. അതിന് കൊടുക്കുന്ന ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കണം. സച്ചാർ കമ്മീഷൻ റിപ്പോർട്ട് കണ്ടെത്തിയിട്ടുള്ള ഈ പ്രശ്നങ്ങൾ മാത്രമല്ല നിൽക്കുന്നത്. ഇന്ത്യയിലെ വഖഫ് സ്ഥാപനങ്ങൾ വലിയ തോതിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണ്. വഖഫ് എന്നുപറഞ്ഞാൽ മുസ്ലിം പള്ളികൾക്കും അല്ലെങ്കിൽ ആരാധനാലയങ്ങൾക്കുമുള്ള

സ്വത്തുക്കളാണ്. സ്വതന്ത്ര ഇന്ത്യയിൽ വലിയ തോതിൽ അത് കയ്യേറ്റം ചെയ്യപ്പെട്ടു. വഖഫ് സ്വത്തുക്കൾ കയ്യേറ്റം ചെയ്യതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. അത് ബഹുമാനപ്പെട്ട മൻമോഹൻ സിംഗ് പ്രധാന മന്ത്രിയായിരുന്ന ഘട്ടത്തിലാണെന്നാണ് ഞാൻ ഓർക്കുന്നത്. ഗസറ്റ് ചെയ്യപ്പെട്ട വഖഫുകളുടെ കയ്യേറ്റം സംബന്ധിച്ച് 2005-06 വരെയുള്ള കാലഘട്ടത്തിൽ വിവിധ വഖഫ് ബോർഡുകൾ നൽകിയ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ട സംസ്ഥാനം ദീർഘകാലം കോൺഗ്രസ് ഭരിച്ച ദില്ലിയാണ്. 316 വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടു. രാജസ്ഥാനിൽ 60, കർണ്ണാകയിൽ 42, മദ്ധ്യപ്രദേശിൽ 53, യു.പി.-യിൽ 60, ഒറീസയിൽ 53 എന്നിങ്ങനെയാണ്.

ശ്രീ. എം. ഉമ്മർ: സർ, ബംഗാളിൽ എത്രയാണ്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബംഗാളിലെ കണക്ക് ഈ രേഖയിൽ ഞാൻ കാണുന്നില്ല. സ്വത്തിന്റെ സമഗ്ര വിവരം അല്ല എന്ന കുറിപ്പ് അതിനകത്തുണ്ട്. ഞാൻ ഇതിനകത്തുള്ള ഔദ്യോഗിക രേഖയാണ് പറയുന്നത്. അതിനർത്ഥം ബംഗാളിൽ ഒട്ടും കയ്യേറ്റം ചെയ്യപ്പെട്ടിട്ടില്ല എന്നല്ല. പക്ഷേ എന്റെ പോയിന്റ് അതല്ല. കയ്യേറ്റം ചെയ്യപ്പെട്ട സ്വത്തുക്കൾ തിരിച്ചുപിടിക്കണമെന്ന് ഈ കമ്മിറ്റിയുടെ ചെയർമാനായിരുന്ന ശ്രീ. ആരിഫ് ഖാൻ നിർദ്ദേശിച്ചു. അദ്ദേഹമാണ് ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്നത്. അദ്ദേഹം കോൺഗ്രസ്സിന്റെ എം.പി. ആയിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന്റെ കൈവശമുണ്ട്. ആ റിപ്പോർട്ട് കയ്യിൽ കിട്ടിയതിനുശേഷം ഏഴോ, എട്ടോ കൊല്ലം പിന്നീട് കോൺഗ്രസ് ഭരിച്ചു. തിരിച്ചുപിടിക്കാൻ എന്തെങ്കിലും നടപടിയുണ്ടായോ; ഒരു നടപടിയും ആ കാര്യത്തിൽ സ്വീകരിക്കപ്പെട്ടിട്ടില്ലെന്ന് കാണാൻ കഴിയും. കേരളം വ്യത്യസ്തമാണ്. വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടിട്ടില്ല എന്നല്ല. ഒരു ഘട്ടത്തിൽ എറണാകുളത്തൊക്കെയുള്ള സ്വത്തുക്കൾ ചിലത് കൈമാറ്റം ചെയ്യപ്പെട്ട് പോയിട്ടുണ്ട്. അതുകൂടി ഗവൺമെന്റ് പരിഗണിക്കുകയുണ്ടായി. വഖഫ് സർവ്വേ കമ്മീഷൻ അതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിരിക്കുകയാണ്. ഈ തരത്തിൽ പിന്നോക്കാവസ്ഥയെ സംബന്ധിച്ചുള്ള സച്ചാർ കമ്മീഷന്റെ കണ്ടെത്തലുകളെ ത്തുടർന്ന് ഇന്ത്യയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്ത ഏക സർക്കാർ കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ ലീഗ്

അംഗങ്ങളുടെ ഒരു അവകാശവാദം നേരത്തെ കേട്ടു. 1967-ൽ സപ്തകക്ഷി ഗവൺമെന്റ്, ഇ.എം.എസ്. ഗവൺമെന്റ് മലപ്പുറം ജില്ല രൂപീകരിച്ചത് എന്നിവ സംബന്ധിച്ച് പറഞ്ഞു. ശ്രീ. എൻ. ഷംസുദ്ദീനാണ് അത് വാദിച്ചത്. സപ്തകക്ഷി ഗവൺമെന്റിന്റെ ഒരു തീരുമാനത്തിന്റെ ഭാഗമൊന്നുമല്ല, അല്ലെങ്കിൽ ഇ.എം.എസ്.-ന്റെ പാർട്ടിയുടെ തീരുമാനത്തിന്റെ ഭാഗമായിട്ടല്ല അങ്ങ് വാദിക്കുന്നത്. മലപ്പുറം ജില്ലാ രൂപീകരണം രാഷ്ട്രീയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. മലപ്പുറം ജില്ല രൂപീകരിച്ചപ്പോൾ അതിനെതിരായി സമരം ചെയ്തതിലൊന്ന് ഭാരതീയ ജനസംഘമാണ്. മറ്റൊന്ന്, ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നേതൃത്വത്തിൽ മലപ്പുറത്തെ കോൺഗ്രസ്സായിരുന്നു. ഇന്നിപ്പോൾ അതിനെ ന്യായീകരിക്കാൻ വേണ്ടി എന്റെ ലീഗ് സുഹൃത്തുക്കൾ കാണിച്ച ഒരഭ്യാസം സത്യത്തിൽ ചിരിപ്പിക്കുന്ന ഒരു കാര്യമാണ്. നിങ്ങളില്ലാതെ തന്നെ ന്യൂനപക്ഷങ്ങളുടെയും പിന്നോക്ക ക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്മ്യൂണിസ്റ്റുകാർ എന്നും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 1957-ൽ കേരളത്തിൽ ആദ്യമായി ഒരു ജനകീയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ കാലത്തുണ്ടായിരുന്ന ഒരു നിയമം, മലബാർ സ്പെഷ്യൽ പോലീസിൽ മുസ്ലിം വിഭാഗങ്ങൾക്ക് നിയമനം ലഭിക്കണമെന്നുണ്ടെങ്കിൽ സ്പെഷ്യൽ വെരിഫിക്കേഷൻ വേണമെന്നായിരുന്നു. ആ നിബന്ധന എടുത്തുകളഞ്ഞത് കമ്മ്യൂണിസ്റ്റുകാരനായ സഖാവ് ഇ.എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ്. മുസ്ലീം പള്ളികൾ അന്ന് പുതുക്കി പണിയണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വേണമായിരുന്നു. ആ വിലക്ക് നീക്കിയതും കമ്മ്യൂണിസ്റ്റ് ഗവൺമെന്റായിരുന്നു. അത് ഞങ്ങൾക്ക് ഈ കാര്യത്തിലുള്ള മതനിരപേക്ഷമായിട്ടുള്ള നിലപാടിന്റെ അടിസ്ഥാനത്തിലാണ്. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ട് ദേവസ്വം ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ഏറ്റവും പ്രയാസപ്പെടുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എങ്ങനെയാണ് ഗവൺമെന്റ് നേതൃത്വം കൊടുത്തതെന്ന് ഞാൻ നേരത്തെ പറഞ്ഞു. അതും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

<u>ചെയർപേഴ്സൺ</u>: 20 മിനിട്ടായി

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, ഏറ്റവും പിന്നോക്കക്കാരായിട്ടുള്ള പട്ടികജാതിക്കാരായിട്ടുള്ള ആളുകൾക്ക് ക്ഷേത്രങ്ങളിൽ പൂജാരികളായി പ്രവർത്തിക്കാൻ കഴിയുന്ന ഒരന്തരീക്ഷം ഈ സംസ്ഥാനത്ത് ഉണ്ടാക്കിയത് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റാണ്, ഇപ്പോഴത്തെ ഗവൺമെന്റാണ് എന്നുകൂടി കൂട്ടിച്ചേർത്ത് വായിക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രശ്നങ്ങൾ മാത്രമല്ല, എല്ലാ വിഭാഗങ്ങളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തത്വാധിഷ്ഠിതമായ നിലപാടുകൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്.

വിധവകൾക്കുള്ള പദ്ധതി ഇല്ലാതാക്കപ്പെട്ടുവെന്ന് ഇവിടെ പറയുകയുണ്ടായി. ഇമ്പിച്ചി ബാവ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി 131 കോടി രൂപ ചെലവിൽ ന്യൂനപക്ഷ വനിതകൾക്ക് സൗജന്യമായി നൽകുന്നതിനുവേണ്ടി 3038 വീടുകൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട നാൽപ്പതിനായിരം കുട്ടികൾക്കായി സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് സഹവാസ ക്യാമ്പ് നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കും. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്കായി 13.5 കോടി രൂപ ചെലവിൽ മുപ്പതിനായിരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പാലോളി കമ്മിറ്റി റിപ്പോർട്ട് ചൂണ്ടിക്കാണിച്ച കാര്യങ്ങൾ തത്വാധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നൽകുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ ക്ഷേമനിധി ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് എനിക്കൊരു നിർദ്ദേശമുള്ളത്, ഇപ്പോഴുള്ള ക്ഷേമനിധി പെൻഷൻ 1000 രൂപയാണ്. അതൊരു വലിയ സംഖ്യയാണെന്ന് പറയാനാകില്ല. 1200 രൂപയാണ് സാമൂഹ്യക്ഷേമ പെൻഷനായി കൊടുക്കുന്നത്. അംശദായം അവരുടെ കയ്യിയിൽനിന്ന് വാങ്ങിയശേഷം നമ്മൾ നൽകുന്ന പെൻഷനെന്ന നിലയിൽ ആ സംഖ്യയിലൊരു വർദ്ധനവുണ്ടാക്കുന്നതിന് കഴിയേണ്ടതുണ്ട്. സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകാം. എന്നാൽ ഒരു കാര്യം നമ്മൾ ചിന്തിക്കേണ്ടതുണ്ട്, അതൊരു നിബന്ധനയായി കൊണ്ടുവരാൻ കഴിയുമോ അതോ പ്രാവർത്തികമാക്കാൻ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന് പരിശോധിക്കണം. മുസ്ലിം സമുദായത്തിൽപ്പെട്ട ആളുകൾ വലിയ രീതിയിൽ നടത്തുന്ന വിവാഹങ്ങളിൽ നമ്മൾ പങ്കെടുക്കാറുണ്ട്. ഇത്തരത്തിൽ വലിയ രീതിയിൽ കല്ല്യാണങ്ങൾ നടത്തുന്ന ആളുകൾ നാലായിരവും അയ്യായിരവും രൂപ ശമ്പളം വാങ്ങുന്ന ആളുകളുടെ ക്ഷേമത്തിനുവേണ്ടി പതിനായിരമോ ഇരുപത്തയ്യായിരമോ രൂപ സംഭാവന ചെയ്യുകയാണെങ്കിൽ അത് സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുകൊണ്ട് ഈ ക്ഷേമനിധിയിൽ സർക്കാരിന്റെ വിഹിതം മാത്രമല്ല, മറ്റ് സാമൂഹ്യതലത്തിലുള്ള കോൺട്രിബ്യൂഷൻ കൂടി സ്വീകരിച്ചുകൊണ്ട് ഇതിന്റെ ഖജനാവ് നിറയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പ്രത്യേകമായി ചർച്ച നടത്തുന്നത്. ഇത്തരത്തിലൊരു ബോർഡ്

രൂപീകരിക്കുന്നതിന് നിമിത്തമായിട്ടുള്ളത് ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് ഈ രാജ്യത്തെ ന്യൂനപക്ഷ വിഭാഗത്തിന്റെ അവസ്ഥാവിശേഷം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി രജീന്ദർ സച്ചാറിന്റെ നേതൃത്വത്തിൽ നടത്തിയ ഒരു പഠന റിപ്പോർട്ടാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്ലീം വിഭാഗങ്ങളുടെ അവസ്ഥയെക്കുറിച്ച് യഥാർത്ഥ വിവരം ലോകം അറിയുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ ആമുഖത്തിൽ തന്നെ ഒരു കാര്യം പറയുന്നുണ്ട്, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും അതത് രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹിക സ്ഥിരതയിൽ പ്രധാനമെന്ന് ദേശീയ മതഭാഷാ വംശ ന്യൂനപക്ഷ അവകാശ സംരക്ഷണത്തിനുള്ള ഐക്യരാഷ്ട്ര പ്രഖ്യാപനം പറയുന്നു. ന്യൂനപക്ഷത്തിന്റെ അഭിലാഷ നിവൃത്തിയും അവകാശ സംരക്ഷണവും എല്ലാ വ്യക്തികളുടേയും അന്തസ്സും സമത്വവും അംഗീകരിക്കലാണ്. അത് പങ്കാളിത്ത വികസനത്തിന് സഹായകവുമാണ്. വ്യക്തികൾക്കും വിഭാഗങ്ങൾക്കും മേലെയുള്ള സംഘർഷങ്ങൾ കുറയ്ക്കാൻ ഇത് വഴിയൊരുക്കുകയും ചെയ്യുന്നു. ഒരു രാഷ്ട്രം നീതിപൂർവ്വമായി പ്രവർത്തിക്കുന്നുണ്ടോയെന്നത് അവിടത്തെ സർക്കാരിന്റെ നിഷ്പക്ഷതയെക്കുറിച്ച് ന്യൂനപക്ഷങ്ങൾക്കിടയിലുള്ള വിശ്വാസത്തിൽ നിന്നറിയാം. ഏത് രാജ്യത്തിന്റെ കാര്യത്തിലും അതുതന്നെയാണ് മാറ്ററിയാനുള്ള അമ്ലപരീക്ഷണം. ഈ റിപ്പോർട്ടിലെ പ്രസക്തമായ കാര്യങ്ങൾ ആമുഖമായി പറഞ്ഞുകൊണ്ട് അവർ നടത്തിയിട്ടുള്ള പഠനത്തിന്റെ വിശദമായ റിപ്പോർട്ട് നമ്മുടെ മുൻപിൽ സമർപ്പിച്ചു. ഓരോ സംസ്ഥാനവും ഏറ്റവും കൂടുതൽ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗത്തിനെ വിദ്യാഭ്യാസ മേഖലയിൽ മുന്നോക്കം കൊണ്ടുവരുന്നതിന് സന്മാർഗ്ഗികമായ പരിപാടികൾ ആവിഷ്കരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവുണ്ടായി. സ്വാഭാവികമായും വിദ്യാഭ്യാസ വകുപ്പെന്ന് പറയുന്നത് സംസ്ഥാന ലിസ്റ്റിൽപ്പെട്ടതാണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ അവകാശത്തിൽപ്പെട്ട വിദ്യാഭ്യാസത്തിലൂടെ, ആ വകുപ്പിലൂടെ പരമാവധി ഉദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ എല്ലാ സംസ്ഥാന ഗവൺമെന്റുകളോടും കേന്ദ്ര ഗവൺമെന്റ് അന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലും ആ റിപ്പോർട്ട് വന്നു. പക്ഷെ ഗവൺമെന്റ് വേണ്ടത്ര നടപടി സ്വീകരിച്ചില്ല. നടപടി സ്വീകരിക്കാൻ നിരന്തരമായി ആവശ്യപ്പെട്ടു. ഗവൺമെന്റ് അനങ്ങാപ്പാറ നയം സ്വീകരിച്ചപ്പോഴാണ്, ശക്തമായി warn ചെയ്തുകൊണ്ടുള്ള നോട്ടീസ് കിട്ടിയപ്പോഴാണ് ഇതേക്കുറിച്ച് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർബന്ധിതമായത്. അതേത്തുടർന്ന് അന്ന് ഭരണത്തിലിരുന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി

ചെയർമാനായ കമ്മിറ്റി എല്ലാ സമുദായങ്ങളും ഐക്യത്തിലും സന്തോഷത്തിലും സാഹോദര്യത്തിലും കഴിയുന്ന കേരളത്തെപ്പോലുള്ളൊരു സംസ്ഥാനത്ത് രജീന്ദർ സച്ചാർ കമ്മറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് തീരുമാനിച്ചത്. ഇവിടെ ആരൊക്കെയോ അങ്ങനെയല്ലെന്ന് സൂചിപ്പിച്ചു. പക്ഷെ രേഖയനുസരിച്ച് ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ തീരുമാനിക്കുകയുണ്ടായി. നടത്തിപ്പിന് വേണ്ടിയുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ ഇതിൽ പറയുന്നുണ്ട്. അപ്പുറത്തായിരുന്നാലും ഇപ്പുറത്തായിരുന്നാലും സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗത്തെ ഉദ്ധരിക്കുന്നതിന് കൂടുതൽ സഹായം ചെയ്യുന്നത് മറ്റുള്ളവർക്ക് തെറ്റാണെന്ന് പറയാൻ കഴിയില്ല. അവസരസമത്വം ഉണ്ടാകണം. അവസരസമത്വമുണ്ടാകണമെങ്കിൽ സാമൂഹികഘടന ആ അവസ്ഥാവിശേഷത്തിലെത്തണം. അതിനാവിഷ്കരിക്കേണ്ട പദ്ധതിയെക്കുറിച്ച് തീരുമാനിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശമനുസരിച്ചാണ് എല്ലാ മേഖലയിലും വിദ്യാഭ്യാസപരമായ ഉന്നമനം കൊണ്ടുവരുന്നതിനുവേണ്ടി മദ്രസ്സകളിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് പോലെയുള്ള വിദ്യാഭ്യാസ പഠനംപോലും നടത്താൻ പദ്ധതി ആവിഷ്കരിച്ചത്. ക്ഷേമനിധി രൂപീകരിക്കുന്നതിന് ന്യൂനപക്ഷത്തിന് നിർദ്ദേശമുണ്ടെങ്കിലും ഇതൊരു വകുപ്പായി നിന്നാൽ മാത്രമേ കൃത്യമായി ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്ന സമയത്താണ് ഇതിനൊരു വകുപ്പ് രൂപീകരിക്കുകയും അതിന് ഫണ്ട് അനുവദിക്കുകയും ചെയ്തത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ അദ്ദേഹം ഓരോ സംസ്ഥാനത്തും നടത്തിയ പഠനത്തെക്കുറിച്ച് വിശദമായി പറയുന്നുണ്ട്. ബംഗാളിൽ ഭരിച്ച ഗവൺമെന്റിന്റെ കുറ്റമായാലും അല്ലെങ്കിലും സാമൂഹികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നൊരു സമൂഹമായി അവിടത്തെ ന്യൂനപക്ഷ വിഭാഗമായ മുസ്ലീം സമൂഹം മാറിയിട്ടുണ്ട്. സൗകര്യങ്ങൾ പോലുമില്ല. അത് മനസ്സിലാക്കാനായി കൂടുതൽ തെളിവൊന്നും ആവശ്യമില്ല. പുറത്തിറങ്ങി നമ്മൾ ചായ കുടിക്കാൻ കയറുമ്പോൾ ഒരു ബംഗാളി ഉണ്ടാകും. എന്താ നിന്റെ നാട്ടിലെ സ്ഥിതിയെന്ന് ചോദിച്ചാൽ, അപ്പോൾ തന്നെ ചായ പകർന്നുകൊണ്ട് അവിടത്തെ സ്ഥിതി മുഴുവൻ നമുക്ക് പറഞ്ഞുതരും. ഇപ്പോൾ ഏത് ടൗണിൽപ്പോയാലും ബംഗാളികൾ വന്ന് നിറയുകയാണ്. നമുക്കിവിടെ പണിക്കാരെ കിട്ടാത്തപ്പോഴും ബംഗാളിൽ നിന്ന് വരുന്നവരാണ് നമ്മുടെ തേപ്പ് പണിയും കെട്ട് പണിയുമൊക്കെ ഭംഗിയായി നിർവ്വഹിക്കുന്നത്. അവരോട് ചോദിച്ചാൽ അവർ

പറയുന്ന മറുപടി തന്നെ ഏറ്റവും വലിയ തെളിവാണ്. ചായ കൊണ്ടുവരുന്ന ബംഗാളിയോട് ബംഗാളിലെ സ്ഥിതി എന്തെന്ന് ചോദിച്ചാൽ അതൊന്നും പറയാതിരിക്കുന്നതാണ് നല്ലത്, ഇപ്പോൾ ഞങ്ങൾ സ്വർഗ്ഗത്തിലാണെന്ന് അവർ പറയും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെതന്നെ ബംഗാളിലെ മുസ്ലീങ്ങൾ ബഹുദൂരം പിന്നിലാണെന്ന് പറയുമ്പോൾ ഇവിടെ ഇടതുപക്ഷ ബെഞ്ചിലിരുന്ന ആളുകളൊക്കെ ചാടിയിളകുന്നത് കണ്ടു. പക്ഷേ, ഇപ്പോൾ ജെ.എൻ.യു.(Jawaharlal Nehru University)-വിൽ റിസർച്ച് നടത്തിയ അജ്മൽ എന്ന കുട്ടിയുടെ ഏറ്റവും വലിയ റിസർച്ച് പേപ്പറിൽത്തന്നെ പറയുന്നത്, മുസ്ലീങ്ങളുടെ ഇടയിൽ ഇന്ത്യയിൽ ദാരിദ്ര്യമുള്ള മൂന്ന് സംസ്ഥാനങ്ങൾ ആസാം, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നിവയാണ് എന്നാണ്. ഇന്ത്യ സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം നേടി എന്നുപറയുമ്പോൾപോലും ഇവിടത്തെ മുസ്ലീം വിഭാഗത്തിലെ പുരുഷന്മാരിൽ 35 ശതമാനവും സ്ത്രീകളിൽ 47 ശതമാനവും സാക്ഷരരായിട്ടില്ല എന്നീ കാര്യങ്ങളൊക്കെ പറയുന്ന റിപ്പോർട്ടാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽത്തന്നെ ഈ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥയുടെ കാര്യം പഠിക്കാൻ ഒരു പഠന കമ്മിറ്റിയെ നിയോഗിക്കുമോ, അല്ലെങ്കിൽ ഇതിന്റെയൊരു സർവ്വെ നടത്താൻ കഴിയുമോ; അതുകൂടി പരിഗണിക്കേണ്ടതല്ലേ?

ശ്രീ. സി. മമ്മൂട്ടി: സർ, തീർച്ചയായും അദ്ദേഹം പറഞ്ഞത് ശരിയാണ്.

ശ്രീ. വി. ടി. ബൽറാം: സർ, നേരത്തെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സംസാരിച്ചപ്പോൾ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ 8-ാം അദ്ധ്യായത്തെക്കുറിച്ച് പറഞ്ഞിരുന്നു. 8-ാം അദ്ധ്യായത്തിൽ 158-ാം പേജിൽ പറയുന്നൊരുകാര്യം അങ്ങയുടെ ശ്രദ്ധയിലേയ്ക്കുവേണ്ടി ഞാൻ വായിക്കാൻ ആഗ്രഹിക്കുകയാണ്. "Even in rural areas poverty levels among Muslims are high; in some states the HCRs among Muslims is much higher than the SCs/STs, not to speak of OBCs and H-General. West Bengal and Assam stand out in this respect; where the poverty among Muslims is very high in rural areas". ഇതിനെയാണ് അദ്ദേഹം നിഷേധിച്ചുകൊണ്ട് 8-ാം അദ്ധ്യായത്തിൽ എന്തൊക്കെയോ വ്യത്യസ്തമായിട്ടുള്ള കാര്യങ്ങളാണ് പറയുന്നതെന്ന് പറഞ്ഞത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ. ഇത് രേഖയല്ലേ?

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ശ്രീ. വി. ടി. ബൽറാം പറയുന്നത് രേഖയാണ്. റിപ്പോർട്ട് ആധികാരികമാണ്. ഇന്റർനെറ്റിൽ നോക്കിയാലും റിപ്പോർട്ട് കാണും. ഈ റിപ്പോർട്ടിനെക്കുറിച്ചൊന്നും അവർക്ക് പ്രശ്നമില്ല. പക്ഷേ അവർ ആ പേജ് വായിക്കാതെ തൊട്ടടുത്ത ബീഹാറിന്റെ പേജ് വായിക്കുന്നുവെന്ന് മാത്രം. അതിനെ നമുക്ക് കുറ്റം പറയാൻ പറ്റില്ല. അവർക്ക് ഇഷ്ടമുള്ളതല്ലേ വായിക്കുകയുള്ളൂ. നമുക്ക് താൽപ്പര്യമുള്ളത് നമ്മൾ വായിക്കും. ഒരു കാര്യം സത്യമാണ്, അവിടെയുള്ള പിന്നാക്കാവസ്ഥയ്ക്ക് കാരണം കാൽനൂറ്റാണ്ടിലേറെ കാലമായി ഒരേയൊരു പാർട്ടി ഒറ്റയ്ക്ക് ഭരിച്ച സംസ്ഥാനത്തിങ്ങനെ വരുമ്പോൾ അതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് അവർ തന്നെ മറുപടി പറയേണ്ടതാണ്. ഏതായാലും മറുപടി പറയണമെന്നില്ല. സ്വാഭാവികമായും അറിയാവുന്ന വിഷയമായതുകൊണ്ട് നമ്മൾ ആവർത്തിക്കേണ്ടതില്ല. ഇത്തരം ആളുകളെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിനായി അവരെ പ്രോത്സാഹിപ്പിക്കണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം, അവർക്ക് നല്ല ഭവനങ്ങൾ, പാർപ്പിട സൗകര്യം എന്നിവ നൽകണം, അവരുടെ സാമൂഹികാവസ്ഥ ഉയർത്തിക്കൊണ്ടുവരണം. അതിന് ചെയ്യേണ്ടത് അവർക്കുവേണ്ടി പ്രത്യേകമായി സംവരണം ഏർപ്പെടുത്തലാണ്. ബംഗാളിൽ ഇത്രയൊക്കെ ആയിട്ടും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവിടെ സംവരണമുണ്ടോ? സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ അത് പറയുന്നുണ്ട്. ഇതിൽ പറയുന്നത് കേരളം പത്ത്-പന്ത്രണ്ട് ശതമാനം മുസ്ലീങ്ങൾക്കുമാത്രമായി സംവരണം ചെയ്തിരിക്കുന്നു. ഇന്ത്യയിൽ മൊത്തം മുസ്ലീങ്ങൾക്ക് പ്രത്യേക ക്വാട്ടയില്ല. പശ്ചിമബംഗാൾ, ഉത്തർ പ്രദേശ്, ബീഹാർ, ആസാം, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ മുസ്ലീങ്ങൾക്ക് പ്രത്യേക ക്വാട്ടയില്ല. കർണ്ണാടകയിലും കേരളത്തിലും മാത്രമേയുള്ളൂ. കർണ്ണാടകയിൽ കോൺഗ്രസ് ഭരിച്ചു. കേരളത്തിൽ കോൺഗ്രസിന്റെയും മുസ്ലീം ലീഗിന്റെയും ഐക്യമുന്നണി ഭരിച്ചു. നിങ്ങളുടെ കാലത്തും ഞങ്ങളും നിങ്ങളും ഒരുമിച്ച് ഭരിച്ചപ്പോഴും ഇവിടെ എല്ലാപേരും ഇത് ഉൾക്കൊള്ളുന്നതിന്റെ കാരണം ശക്തമായ സംഘടിത ശക്തിയിൽ മുന്നോട്ടുപോകുന്നത് നിഷേധിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. ഇവിടെ പിന്നോക്ക ന്യൂനപക്ഷ സമുദായമെന്ന് പറയുന്നത് ഒറ്റക്കെട്ടാണ്. മുസ്ലീം സമുദായം പിന്നോക്കവുമാണ്, ന്യൂനപക്ഷവുമാണ്. പിന്നോക്ക വിഭാഗത്തിൽ ഈഴവ, ലാറ്റിൻ കാത്തലിക്സ് അതുപോലെയുള്ള ഒരുപാട് വിഭാഗങ്ങളുണ്ട്. ഒരു ഗവൺമെന്റിന്റെ അളവുകോലെന്ന് പറയുന്നത് അവിടത്തെ ന്യൂനപക്ഷത്തോട്, പിന്നാക്ക-ദുർബല വിഭാഗങ്ങളോട് എങ്ങനെ സമീപിക്കുന്നുവെന്നതിനെ ആശ്രയിച്ചാണ് ആ ഭരണത്തിന്റെ കെടുകാര്യസ്ഥതയും ഉയർച്ചയും വളർച്ചയും കണക്കാക്കുന്നത്. കേരളത്തിലിങ്ങനെ സംവരണമുണ്ട്, അതിനുവേണ്ടി പിന്നാക്കവിഭാഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കുന്നു. അതിൽ ഹൈന്ദവ

സഹോദരങ്ങളുണ്ട്, ലാറ്റിൻ കാത്തലിക്കുണ്ട്, മുസ്ലീങ്ങളുണ്ട്, പിന്നാക്കം നിൽക്കുന്നവരെല്ലാം ഒറ്റക്കെട്ടാണ്. നാം ഒറ്റക്കെട്ടായി നിന്ന് എല്ലാവരുടേയും പ്രശ്നങ്ങൾ പരിഹരിക്കണം. അതിലൊന്നും വിഭാഗീയതയോ മറ്റോ കാണേണ്ട കാര്യമില്ല. നമ്മളെല്ലാം ഏകോദരസഹോദരങ്ങളാണ് അതുകൊണ്ട് തന്നെയാണ് ആ രീതിയിൽ മുന്നോട്ടുപോകുന്നത്.

സംസ്ഥാനത്ത് 2018-19-ൽ 91 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. എന്നാൽ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ 2750 കോടി രൂപ ഇതിനുവേണ്ടി വിനിയോഗിച്ചു. കർണ്ണാടക ഗവൺമെന്റ് 2750 കോടിയിൽപ്പരം രൂപ വിനിയോഗിക്കുമ്പോൾ കേന്ദ്രത്തിൽനിന്നുള്ള ഫണ്ടും ലഭിക്കുമായിരുന്നു. എന്തുകൊണ്ട് നമുക്ക് ലഭിച്ചില്ല. മാത്രമല്ല, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്, സ്കോളർഷിപ്പ് തുടങ്ങിയവ നമുക്ക് ലാപ്സായെന്ന് പത്രങ്ങളിൽ വാർത്ത വന്നില്ലേ. നമ്മളെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു? നമ്മുടെ നാട്ടിലെ ഏത് വിഭാഗത്തിൽപ്പെട്ടവർക്കായാലും കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കേണ്ട തുക കൊണ്ടുവരേണ്ടതും അത് വാങ്ങിച്ചുകൊടുക്കേണ്ടതും നേതൃത്വത്തിലുള്ള ഭരണാധികാരികളുടെ കടമയാണ്. അത് നിർവ്വഹിക്കപ്പെടുന്നതിൽ പരാജയമുണ്ടായിട്ടുണ്ട്. ഐക്യജനാധിപത്യ മുന്നണി ഭരിക്കുന്ന കാലത്ത് 2698 വീടുകൾക്കായി ആകെ 53.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിധവകളായ സഹോദരിമാർക്ക് വീട് നിർമ്മിച്ചുനൽകി. ലൈഫ് എന്ന പദ്ധതിയുമായി ഇപ്പോൾ വന്നിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കാനുള്ള തുക മുഴുവൻ ലഭ്യമാക്കിയത് കേന്ദ്രത്തിൽ നിന്നാണ്. കഴിഞ്ഞ രണ്ട് വർഷമായി അതേക്കുറിച്ച് ഒരു പദ്ധതി കൊണ്ടുവരികയോ നടപ്പിലാക്കുകയോ ചെയ്യാത്തത് ദാരുണമായ സംഭവമാണ്. ആ രീതിയിൽ അത് നൽകുവാനും അവരെ ഉയർത്തിക്കൊണ്ടുവരാനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും ഗവൺമെന്റ് ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ കേന്ദ്ര മദ്രസ്സാ ഫണ്ടുപയോഗിച്ച് എസ്.പി.ക്യൂ.ഇ.എം പദ്ധതിപ്രകാരം 2013-14 വർഷത്തിൽ 70.97 കോടി രൂപ നേടിയതിനുശേഷം ഒരു രൂപ പോലും ഈ സർക്കാരിന് ലഭിച്ചിട്ടില്ല. ഇതുപോലെ കേന്ദ്രത്തിൽനിന്ന് കൊണ്ടുവരേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. സമയക്കുറവുകൊണ്ട് ചുരുക്കിപ്പറയാം. യു.ഡി.എഫ്-ന്റെ കാലത്ത് 2012-13-ൽ 84.49 കോടി രൂപയും 2013-14-ൽ 103 കോടി രൂപയും 2014-15-ൽ 130 കോടി രൂപയും 2015-16-ൽ 92 കോടി രൂപയും 2016-17-ൽ 107 കോടി രൂപയുമാണ് ന്യൂനപക്ഷത്തിനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ഇത്രയും തുക കേന്ദ്രത്തിൽനിന്ന് നമുക്ക് നേടിയെടുക്കാൻ സാധിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ ബില്ലിലെ ക്ലോസ് 6 (5)-ൽ "നിധിയിലെ ഒരംഗം സേവനം പൂർത്തിയാക്കുമ്പോഴോ രാജിവച്ചൊഴിയുമ്പോഴോ ജോലിയിൽനിന്ന് പിരിച്ചുവിടപ്പെടുകയോ ചെയ്യുമ്പോൾ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്" എന്നുപറയുന്നുണ്ട്. മദ്രസ്സാ അദ്ധ്യാപകർ സാധാരണഗതിയിൽ ഒരുവർഷം അല്ലെങ്കിൽ രണ്ട് വർഷം മാത്രമാണ് ഒരു മദ്രസ്സയിൽ ജോലി ചെയ്യുന്നത്. അപ്പോഴേയ്ക്കും അവർക്ക് ചിലപ്പോൾ പ്രൊമോഷൻ ലഭിക്കുകയോ നാട്ടിൽ സ്ഥലംമാറ്റം ലഭിച്ചുപോകുകയോ ചെയ്യും. അപ്പോൾ ചെറിയൊരു ഗ്യാപ്പ് വരും, ചിലപ്പോൾ രണ്ടോ മൂന്നോ മാസമോ അല്ലെങ്കിൽ അഞ്ചോ ആറോ മാസമോ ഉണ്ടാകും. ഈ ആറ് മാസത്തിനിടയിൽ ആ വ്യക്തി ഇതിൽ അംഗമല്ലാതായിത്തീരുന്നതാണ്. ഇതിലൊരുമാറ്റം വേണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, നേരത്തെ സംസാരിച്ചപ്പോൾ വിട്ടുപോയ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. നിധിയിലെ അംഗത്വം എന്നതിൽ "ഇരുപത് വയസ്സ് പൂർത്തിയായതും എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ ഏതൊരു മദ്രസ്സാദ്ധ്യാപകനും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ് " എന്ന് പറയുന്നുണ്ട്. (...ബഹളം....) അത് "18 വയസ്സ് പൂർത്തിയായതും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ ഏതൊരു മദ്രസ്സാദ്ധ്യാപകനും ചേരാവുന്നതാണ് "എന്ന ഭേദഗതിയെ അങ്ങ് പിൻതാങ്ങുന്നുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. മമ്മൂട്ടി: സർ, എല്ലാവരും അക്ഷമരായി ഇരിക്കുന്നതുകൊണ്ടും ഇപ്പോൾ സമയം 4.45 ആയതുകൊണ്ടും കൂടുതൽ നീട്ടിക്കൊണ്ടുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നിരുന്നാലും ബില്ലായതുകൊണ്ട് അത്യാവശ്യ കാര്യങ്ങൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. സമസ്തയുടെ കീഴിൽ ഇപ്പോൾത്തന്നെ ഒരുലക്ഷത്തിൽപ്പരം അദ്ധ്യാപകരുണ്ട്. അതുപോലെ മറ്റുള്ളവരേയുംകൂടി കണക്കാക്കുമ്പോൾ ആകെ രണ്ട് ലക്ഷത്തിൽപ്പരം ആളുകളുണ്ടാകും. എന്നാൽ ഇതിൽ ചേരുന്നത് വളരെ പരിമിതമായ ആളുകൾ മാത്രമാണ്, 10 ശതമാനം ആളുകൾപോലും വരാത്ത അവസ്ഥയാണുള്ളത്. ഇതിൽ ആളുകൾ അംഗങ്ങളായി ചേരണമെങ്കിൽ പ്രത്യേകമായൊരു ഡ്രൈവ് നടത്തണം. ഡ്രൈവ് നടത്തിയാൽ മാത്രമേ കൂടുതൽ ആളുകളെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെ ഉപയോഗപ്പെടുത്താനും സാധിക്കുകയുള്ളൂ. ഇതിൽ ചേരുമ്പോൾ രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, നാമമാത്രമായ തുകയാണ്

കൊടുക്കുന്നത്. രണ്ട്, മാസതോറും പണം എത്തിക്കണം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, മാസതോറും 5 രൂപയും 10 രൂപയും അടയ്ക്കുന്ന മറ്റ് ക്ഷേമനിധികളിൽനിന്ന് വലിയ സഹായം കിട്ടുമ്പോൾ, പോസ്റ്റാഫീസിൽ അക്കൗണ്ട് തുടങ്ങി അപേക്ഷ കൊടുക്കണമെന്നുള്ളത് വലിയൊരു നൂലാമാലയായി പലരും പറയുന്നുണ്ട്. ഇത് സുഗമമാക്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കണം. ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയാൽ പേമെന്റും ഓൺലൈനായി കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. എങ്കിൽമാത്രമേ എല്ലാ സ്ഥലത്തുനിന്നും അംഗങ്ങളെ ചേർക്കാൻ സാധിക്കുകയുള്ളൂ. ആ നിലയിലുള്ള മാറ്റമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ ഈ നാട്ടിൽ ജോലി ചെയ്യുന്ന മദ്രസ്സാ അദ്ധ്യാപകർ പ്രവാസി മലയാളികളെപ്പോലെ അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരെക്കൂടി ഇതിലുൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കണം.

വകുപ്പ് 6 (1)-ൽ 20 വയസ്സ് എന്നുള്ളത് കുറഞ്ഞത് 18 വയസ്സ് എന്നാക്കണം. കാരണം ഒരു പൗരനെന്ന നിലയ്ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനും മറ്റും 18 വയസ്സ് കഴിഞ്ഞാൽ മാത്രമേ യോഗ്യത നേടുകയുള്ളൂ. അതുകൊണ്ട് 20 വയസ്സ് എന്നുള്ളത് 18 വയസ്സ് എന്നാക്കണം. അതുപോലെ വകുപ്പ് 6 (5)-ൽ അംഗത്വം നഷ്ടപ്പെടുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. മദ്രസ്സാദ്ധ്യാപകർ ഒരു സ്ഥലത്ത് ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ ജോലി ഉപേക്ഷിച്ച് മറ്റൊരു മദ്രസ്സയിൽ ജോലിക്ക് ചേരുമ്പോൾ ആദ്യസ്ഥലത്തെ ജോലി രാജിവയ്ക്കും. ഇങ്ങനെ രാജിവയ്ക്കുമ്പോൾ ഈ വകുപ്പനുസരിച്ച് അദ്ദേഹത്തിന് അയോഗ്യത വരികയാണ് ചെയ്യുന്നത്. പ്രസ്തുത ക്ലോസിനെ സംബന്ധിച്ച വിഷയം വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. കോർപ്പറേറ്റ് സ്ഥാപനങ്ങളിലെപ്പോലെ മാറിമാറി മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ജോലിക്ക് പോകുന്നതുവഴി അംഗത്വം നഷ്ടപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 20 മിനിട്ടായി.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അതുകൊണ്ടാണ് വളരെ വേഗത്തിൽ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയുന്നത്. കൂടുതൽ വിശദമാക്കുന്നില്ല. ഇത് വളരെ പ്രധാനപ്പെട്ട ഭേദഗതികളാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോകുമ്പോൾ അവിടെത്തന്നെ തീരുമാനമെടുക്കാൻ സാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. അതുപോലെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുകയും തുക വർദ്ധിപ്പിക്കുകയും വേണം.ഉദാഹരണത്തിന്, ഒരാൾ മരിച്ചാൽ സംസ്കരിക്കുന്നതിന് 3000 രൂപയോ 5000 രൂപയോ നൽകും. എന്നാൽ ബി.പി.എൽ. കുടുംബത്തിലെ

60 വയസ്സിനുമുകളിൽ പ്രായമുള്ള കുടുംബനാഥൻ മരിച്ചാൽ സംസ്കരിക്കുന്നതിനുവേണ്ടി 20,000 രൂപ ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഇവർക്ക് 60 വയസ്സ് കഴിഞ്ഞാൽ സംസ്കരിക്കാനായി കിട്ടുന്ന 5,000 രൂപയും 3,000 രൂപയും വളരെ പരിമിതമാണ്. ഇതിൽനിന്നും എത്രയോ വലിയ തുകയാണ് ബി.പി.എൽ. കുടുംബനാഥനാണെങ്കിൽ ഒന്നും കൊടുക്കാതെതന്നെ സൗജന്യമായി കിട്ടുന്നത്. സ്വാഭാവികമായും ഇത്രയൊക്കെ വിഹിതം കൊടുത്തിട്ടും ചെറിയൊരു നേട്ടമാണ് കിട്ടുന്നത്. അത് പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

വ്യത്യസ്ത രോഗങ്ങൾക്കനുസരിച്ച് ആനുകൂല്യം കൊടുക്കണം. കിഡ്നി ട്രാൻസ്പ്ലാന്റേഷനാണെങ്കിൽ അതിനനുസരിച്ചുള്ള ആനുകൂല്യം നൽകണം. മാരകരോഗം ബാധിച്ചവർക്കും തളർവാതം ബാധിച്ച് കിടക്കുന്ന രോഗികൾക്കും ക്യാൻസർ രോഗം ബാധിച്ചവർക്കും രോഗാവസ്ഥ പരിഗണിച്ചുള്ള സഹായവും ആനുകൂല്യവും കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

ശ്രീ. അബ്ദുൽ ഹമീദ് പി. പ്രസിഡന്റായിട്ടുള്ള പട്ടിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മൂന്നുലക്ഷം രൂപവരെ പലിശരഹിത വായ്പ കർഷകർക്ക് കൊടുക്കുന്നുണ്ട്. അതുപോലെ പലിശരഹിത വായ്പകൊടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, പാലക്കാട് ജില്ലാ ബാങ്കാണ് ഇത്തരത്തിൽ ആദ്യമായി പലിശരഹിത വായ്പ കൊടുത്തതെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ മറ്റ് ബാങ്കുകളിൽ നിന്നും പലിശരഹിത വായ്പ കൊടുക്കാനുള്ള സംവിധാനം ചെയ്യണം. പ്രായോഗികമായി അവിടെ നടപ്പാക്കി വിജയിച്ചിട്ടുണ്ട്. അങ്ങനെ വിജയിച്ച സാഹചര്യത്തിൽ നമുക്കും അത് പരിശോധിക്കാവുന്നതാണ്.

നേരത്തെ സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ മുന്നോട്ടുവച്ചത്. കല്യാണങ്ങൾക്കും അതുപോലുള്ള മറ്റുകാര്യങ്ങൾക്കും 25,000 രൂപയും 10,000 രൂപയുമൊക്കെ സെസ്സ് പോലെ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പറഞ്ഞു. തീർച്ചയായും അത് വാങ്ങാം. കാരണം, ഒരു വലിയ കല്യാണം നടക്കുമ്പോൾ ലഭിക്കുന്ന തുക ഇങ്ങനെയുള്ള വിഭാഗത്തിനുവേണ്ടി കൊടുക്കാം. അതുപോലെ ബാങ്കിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ട് പലിശ വാങ്ങാത്ത ഒരുപാട് ആൾക്കാരുണ്ടാകാം, ആ തുക നൽകി സഹായിക്കാൻ തയ്യാറുള്ള ആളുകളുണ്ടാകും, അതുവഴി കോർപ്പസ് ഫണ്ട് ശക്തിപ്പെടുത്താൻ ഉപയോഗപ്പെടുത്താം. ഇവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ

കാര്യമാത്ര പ്രസക്തമാകുമ്പോൾ ഇവർതന്നെ അതിന്റെ ഡ്രൈവ് നടത്തും. കാരണം ഇത്രയും വലിയ ജനസഞ്ചയം വരുന്ന, രണ്ടുലക്ഷത്തിൽപ്പരംവരുന്ന ആളുകൾക്കുതന്നെ ഈ കോർപ്പസ് ഫണ്ടിലേയ്ക്ക് പരമാവധി സമാഹരിക്കാനും കൊടുക്കാനുമുള്ള താൽപ്പര്യമുണ്ടാകും. ആ താൽപ്പര്യമുണ്ടാകണമെങ്കിൽ വിവാഹ ധനസഹായവും രോഗികൾക്കുള്ള ചികിത്സാ സഹായവുമൊക്കെ നാമമാത്രമായ ചെറിയൊരു പരിപാടി എന്നതുമാറ്റി കാര്യമാത്രപ്രസക്തമായ തരത്തിലാകുമ്പോൾ നല്ലൊരു മാറ്റമുണ്ടാക്കാൻ സാധിക്കും. അങ്ങനെയുള്ളൊരു മാറ്റംകൂടി ഉണ്ടായിക്കഴിഞ്ഞാൽ ഇതൊരു നല്ല ബില്ലായി പരിഗണിക്കാൻ കഴിയും. ഏറ്റവും നല്ല രൂപത്തിലുള്ള ക്ഷേമനിധി ബോർഡായി വരുന്നതിനാവശ്യമുള്ള നടപടി സബ്ജക്ട് കമ്മിറ്റിയിൽ തന്നെ ഉണ്ടാക്കികഴിഞ്ഞാൽ ക്ലാസ് ബൈ ക്ലാസായി പരിഗണിക്കുമ്പോൾ വലിയ ചർച്ചയും കാര്യങ്ങളുമില്ലാതെ പാസ്സാക്കാൻ കഴിയുമെമെന്ന് മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾക്കുവേണ്ടി <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. നേരത്തെ 2018-ൽ ഇത് ഓർഡിനൻസായി ഇറക്കിയിരുന്നു. ഇതൊരു ബില്ലായി അവതരിപ്പിക്കുമ്പോൾ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി ലഭ്യമാകുന്ന സംവിധാനം കൂടുതൽ ജനകീയവും കാര്യക്ഷമവും ആകുകയാണ്. കേരളത്തിലെ മുസ്ലീം വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗമാണ് മദ്രസ്സാദ്ധ്യാപകർ. അവർക്ക് സമൂഹത്തിലുള്ള അന്തസ്സ് ഉയർന്നതാണെങ്കിലും സാമ്പത്തികമായി വളരെ പുറകിലാണ്. 2000 രൂപ മുതൽ 5000 രൂപവരെയാണ് അവർക്ക് ശമ്പളമായി കിട്ടുന്നത്. മാത്രമല്ല, മറ്റു തൊഴിലുകളൊന്നും ചെയ്യാൻ സാധാരണഗതിയിൽ അവർക്ക് സാധിക്കില്ല. അത് ശരിയല്ലാത്തതാണ് എന്നൊരു തോന്നൽ പലപ്പോഴുമുണ്ട്. അതുകൊണ്ട് മദ്രസ്സാദ്ധ്യാപകർ കൂടുതലും മദ്രസ്സയും പള്ളികളുമായി ചേർന്നുനിന്നുള്ള പ്രവർത്തനങ്ങൾ മാത്രമാണ് ചെയ്യുന്നത്. വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് അവർ കടന്നുപോകുന്നത്. മക്കളുടെ വിവാഹം, വിദ്യാഭ്യാസം, ആശുപത്രിയുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ദൈനംദിന ചെലവുകൾ തുടങ്ങിയവയ്ക്കൊക്കെ വലിയ രീതിയിലുള്ള ബുദ്ധിമുട്ടാണ് അവർ നേരിടുന്നത്. മദ്രസ്സാദ്ധ്യാപകർ പഠിപ്പിക്കുന്ന സ്ഥലത്തും അവർക്ക് ചെലവുണ്ട്. അവർക്കുള്ള ഭക്ഷണം സ്കൂളിൽ നിന്നും ലഭിക്കുമെങ്കിലും കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് തുച്ഛമായി ലഭിക്കുന്ന ശമ്പളത്തിൽ നിന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സാമൂഹിക സമത്വത്തിൽ വിശ്വസിക്കുന്നതുകൊണ്ടാണ് ഈ വിഭാഗത്തെ സഹായിക്കാനുള്ള

ക്ഷേമനിധി നടപ്പിലാക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈ വിഭാഗത്തെക്കുറിച്ച് സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമായി പറയുന്നില്ല. കാരണം, കേരളത്തിലെ മദ്രസ്സാദ്ധ്യാപകർ മറ്റു സ്ഥലങ്ങളിലുള്ള മദ്രസ്സാദ്ധ്യാപകരെപ്പോലെ അല്ലാത്തതുകൊണ്ടാണ് അത് പറയാത്തത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് എങ്ങനെയാണ് ഉണ്ടായതെന്ന് ഇവിടെ നേരത്തെ പറഞ്ഞു. ഇന്ത്യയിലെ മുസ്ലീങ്ങളുടെ മനസ്സിൽ മായാത്ത ഒരു മുറിവായി അവശേഷിക്കുന്ന ഒന്നാണ് ബാബറി മസ്ജിദ് സംഭവം. അതിനുശേഷം ഗുജറാത്ത് കലാപം അടക്കമുള്ള അനേകം കലാപങ്ങളുണ്ടായി. വളരെയേറെ അരക്ഷിതാവസ്ഥയിൽ അവർ നിൽക്കുകയാണ്. ഒരു സമ്പ്രദായത്തിലും വിശ്വസിക്കാൻ കഴിയാത്ത വിധത്തിൽ ചെറിയൊരു വിഭാഗമെങ്കിലും മാറിപ്പോകാനുള്ള സാഹചര്യവുമുണ്ടായിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുമ്പോഴും രാജ്യത്തിന്റെ ഭരണകൂടവും അതുമായി ബന്ധപ്പെട്ട ചർച്ചകളിലും പലപ്പോഴും ന്യൂനപക്ഷ പ്രീണനം എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഈ വിഭാഗത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ രാഷ്ട്രീയ നേതൃത്വത്തിന്, വിശിഷ്യാ ഇന്ത്യാ രാജ്യം ഭരിച്ചിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഈ കാര്യം വേണ്ടരീതിയിൽ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. 2004-നുമുമ്പ് 52 വർഷക്കാലവും രാജ്യം ഭരിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് പലപ്പോഴും ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പുകമറ സൃഷ്ടിക്കുമ്പോഴും ആഴത്തിൽ വേരുകളുള്ള ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യാനോ അല്ലെങ്കിൽ അത് പരിഹരിക്കാനോ ഉള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. 2004-ൽ ബി.ജെ.പി. സർക്കാരിനെ അട്ടിമറിച്ചുകൊണ്ട് പുതിയൊരു ഗവൺമെന്റ് അധികാരത്തിൽ വന്ന സാഹചര്യത്തിൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന മുന്നണിക്ക് വേണ്ടരീതിയിലുള്ള ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. ആ സമയത്ത് ബി.ജെ.പി. ഇതര ഗവൺമെന്റ്, ഒരു മതനിരപേക്ഷ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരണമെന്ന ഉദ്ദേശ്യത്തോടുകൂടി അന്നത്തെ ഇടത് എം.പി.മാർ ഒന്നാം യു.പി.എ. സർക്കാരിനെ പിന്തുണയ്ക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ അവരുടെ മുന്നിൽ വച്ചിരുന്നു. അതിനാണ് കോമൺ മിനിമം പ്രോഗ്രാം എന്നുപറയുന്നത്. അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾ, പ്രത്യേകിച്ച് മന്ത്രിസ്ഥാനങ്ങളൊന്നും ഞങ്ങൾക്കുവേണ്ട, പക്ഷെ നടപ്പിലാക്കാതെ പോയ പല കാര്യങ്ങളും ഈ രാജ്യത്തുണ്ട്. അത് നടപ്പിലാക്കണം. അതിലൊന്നായിരുന്നു ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ മുസ്ലീങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക മേഖലയിലെ സ്ഥിതി വിവരക്കണക്കുകൾ മനസ്സിലാക്കാനും അപഗ്രഥിക്കാനും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ ഭാവിപരിപാടികളായി നടപ്പിലാക്കാനും വേണ്ടിയാണ് ഡൽഹി

ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസായ രജീന്ദർ സച്ചാർ ചെയർമാനായ ഏഴംഗ കമ്മിറ്റിയെ നിയമിച്ചത്. 2005 മാർച്ച് 9-ാം തീയതി കേന്ദ്ര സർക്കാർ കമ്മിറ്റിയെ നിയോഗിച്ചു. 2006 നവംബർ 30-ന് പാർലമെന്റിന് മുന്നിൽ അതിന്റെ വിശദമായിട്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട, പ്രത്യേകിച്ച് മുസ്ലീം വിഭാഗത്തിൽപ്പെട്ട ബഹുഭ്രിപക്ഷം ആളുകളും മറ്റ് പിന്നോക്ക വിഭാഗങ്ങളേക്കാൾ പലപ്പോഴും പുറകിലാണെന്നും ന്യൂനപക്ഷ പ്രീണനം എന്നുപറയുന്നത് ഒരു മിത്താണെന്നും പറയുകയുണ്ടായി. മാത്രമല്ല, നിരവധി കാര്യങ്ങൾ, ഇതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കിയില്ലെങ്കിൽ രാജ്യം വലിയ അപകടത്തിലേയ്ക്ക് പോകുമെന്നും പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ തരത്തിലുള്ള പരിപാടികൾ കേന്ദ്ര സർക്കാർ ആസൂത്രണം ചെയ്തു. കേരളത്തെ സംബന്ധിച്ചിടത്തോളം മുസ്ലീങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമാണ്. അതിന് പല കാരണങ്ങളുണ്ട്. അതിലൊന്ന്, 1970-കളിൽ നമുക്ക് ഗൾഫ് ബൂമുണ്ടായി. അതോടൊപ്പംതന്നെ മറ്റ് സംസ്ഥാനങ്ങളിലെ മുസ്ലീങ്ങളെല്ലാം കൂടുതലും ഉറുദുവുമായി ബന്ധപ്പെട്ടുള്ള ആളുകളാണ്. നേരിട്ട് അറബ് രാജ്യങ്ങളിൽനിന്ന് വരികയും അറബിക്ക് പ്രയോരിറ്റി കൊടുക്കുന്നവരുമാണ്. പഴയ കാലത്ത് നമുക്ക് മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ബന്ധം അറബ് രാജ്യങ്ങളുമായിട്ടാണ് ഉണ്ടായിരുന്നത്. അവരുടെ പിന്നാക്കാവസ്ഥ മനസ്സിലാക്കിയാണ് കേരളത്തിൽ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ 2007 ഒക്ടോബർ 15-ന് ഇറക്കിയ ഉത്തരവിലൂടെ ഒരു കമ്മിറ്റി രൂപീകരിച്ച് സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ പഠിച്ച് സമർപ്പിക്കാൻ നിർദ്ദേശിച്ചത്. 2006 നവംബർ 30-നാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. കാലതാമസമുണ്ടാക്കാതെ തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ വിഷയത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് സംസ്ഥാനത്തെ പ്രശ്നങ്ങൾ പഠിക്കാൻ തീരുമാനിച്ചു. ആ കമ്മിറ്റിയിൽ കേരളത്തിലെ അന്നത്തെ എം.എൽ.എ.-മാരും എം.പി.മാരുമെല്ലാം ഉണ്ടായിരുന്നു. സഖാവ് ടി. കെ. ഹംസ, കെ. ഇ. ഇസ്മയിൽ, ശ്രീ. എ. എ. അസീസ്, അന്നത്തെ എം.പി.-മാർ, ഡോ. കെ. ടി. ജലീൽ, ഡോ. ടി. കെ. വിൽസൺ, ഡോ. ഫസൽ ഗഫൂർ, ഡോ. ഹുസൈൻ രണ്ടത്താണി, ഡോ. സി. അഹമ്മദ് കുഞ്ഞ്, കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി തുടങ്ങിയ ആളുകൾ ചേർന്നുള്ള ആ കമ്മിറ്റി വിശദമായി കാര്യങ്ങൾ പഠിക്കുന്ന സമയത്താണ് ഉത്തരേന്ത്യൻ സാഹചര്യത്തിലുള്ള മദ്രസകളെപ്പോലെയല്ല കേരളത്തിലെ മദ്രസകളെന്ന് വിലയിരുത്തിയത്. സച്ചാർ കമ്മിറ്റിയുടെ

റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ മദ്രസാദ്ധ്യാപകരുടെ വിഷയം ആദ്യമായി ഈ കമ്മിറ്റിയുടെ റിപ്പോർട്ടിലാണ് വരുന്നത്. കേന്ദ്രത്തിൽ വന്ന സച്ചാർ കമ്മിറ്റി റിപ്പോർട്ട് പേരുമാറ്റി മറ്റൊരു റിപ്പോർട്ട് ഉണ്ടാക്കിയതാണെന്ന് നേരത്തേ പലരും പറഞ്ഞു. എന്നാൽ അത് ശരിയല്ല, അതിൽനിന്നും വ്യത്യസ്തമാണ് ഇവിടത്തെ കാര്യങ്ങൾ. രണ്ടും ഒരു പോലെയാണെന്നും ആ റിപ്പോർട്ട് നടപ്പിലാക്കാൻ ഇവിടെ എന്താണ് പ്രശ്നമെന്നും എന്ത് വ്യത്യാസമാണുള്ളതെന്നും ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിപ്രകാരം സംസ്ഥാനത്തെ മദ്രസ്സകൾക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ഗ്രാന്റ് തടയപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ള ഒരു ചോദ്യത്തിന്, അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ മറുപടി, "സംസ്ഥാനത്തെ ഗ്രാന്റ് ലഭ്യമായ മദ്രസ്സകളിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നടത്തിയ പരിശോധനയിൽ അവിടെ ക്ലാസ്സ് പാർട്ട് ടൈം അടിസ്ഥാനത്തിലാണ് നടക്കുന്നതെന്നും ഇത് സ്കീമിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് കണ്ടെത്തിയത്. വിശദമായ പരിശോധനയിൽ മദ്രസകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേരും മുഖ്യധാരാ വിദ്യാഭ്യാസം നേടുന്നതിനാൽ സ്കീമിന്റെ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടെന്നും കണ്ടെത്തിയതായി സി.&എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വെബ്സൈറ്റിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. കേരളത്തിലെ മദ്രസകൾക്കും അർഹതയുണ്ടെങ്കിൽ ഗ്രാന്റ് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ് "എന്നാണ്. ഞാൻ ഉദ്ദേശിച്ചത്, കേന്ദ്രത്തിന്റെ ഒരൊറ്റ പദ്ധതിയായി ഇത് നടപ്പിലാക്കുകയായിരുന്നെങ്കിൽ ഇതിൽ പലതും കേരളത്തിന് ലഭ്യമാകാൻ സാധ്യതയില്ല. അപ്പോൾ കേരളത്തിന്റെ വ്യത്യാസം എന്താണെന്നുള്ളത് ഈ റിപ്പോർട്ടുള്ളതുകൊണ്ടുതന്നെ നമുക്ക് പറയാൻ കഴിയുന്ന ആധികാരിക രേഖയായി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ വലിയ രീതിയിലുള്ള മാറ്റമാണ് ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളത്. കോഴിക്കോട് ആസ്ഥാനമായ ഉദ്യോഗസ്ഥ തലത്തിലുള്ള ഒരു ബോഡിയാണ് നേരത്തേയുണ്ടായിരുന്നത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, വടക്കേ ഇന്ത്യയിലെ മദ്രസ്സകളുടെയും കേരളത്തിലെ മദ്രസ്സകളുടെയും വ്യത്യാസം അങ്ങിവിടെ പറയുകയുണ്ടായി. വടക്കേ ഇന്ത്യയിൽ 9 സംസ്ഥാനങ്ങളിൽ മദ്രസ്സാ ബോർഡുകളുണ്ട്. ചില സംസ്ഥാനങ്ങളിൽ ഗവൺമെന്റാണ് അവിടത്തെ അദ്ധ്യാപകർക്ക് ശമ്പളവും ഉച്ചഭക്ഷണവും

കൊടുക്കുന്നത്. അവിടെ പത്താംക്ലാസ് പാസ്സായാൽ ഇന്റർമീഡിയറ്റിന് തുല്യമാണ്. അവർക്ക് ഉയർന്ന ഡിഗ്രിക്ക് പഠിക്കാൻ സാധിക്കും. കേരളത്തിലെ സാഹചര്യവുമായി അതിന് യാതൊരു ബന്ധവുമില്ലെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, അതുമാത്രമല്ല ഉത്തരേന്ത്യയിലെ പല മദ്രസകളിലും മുസ്ലീങ്ങളല്ലാത്തവരും പഠിക്കുന്നുണ്ട്. ഹിന്ദു വിഭാഗത്തിൽപ്പെട്ട എന്റെ പല സുഹൃത്തുക്കളും മദ്രസയിലൂടെ പഠിച്ച് പിന്നീട് ഡിഗ്രിക്കും പി.ജി.യ്ക്കും വേണ്ടി പുറത്തുപോയിട്ടുണ്ട്. അവിടെ ഒരു സ്കൂളിന്റെ ഉദ്ദേശ്യംകൂടി മദ്രസ നിർവ്വഹിക്കുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇവിടെ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കീറിമുറിച്ച് ചർച്ച ചെയ്യുമ്പോൾ മന്ത്രിമാരും എം.എൽ.എ.-മാരും ആകുന്നതല്ല കാര്യം എന്ന് നിങ്ങൾ പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, സച്ചാർ കമ്മീഷൻ നിയമസഭയിലും പാർലമെന്റിലുമുള്ള പ്രാതിനിധ്യമടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ശ്രീ. സി. പി. ജോൺ അവതരിപ്പിച്ച റിപ്പോർട്ടിൽ, ഈ നിയമസഭയിൽപ്പോലും മുസ്ലീം ആനുപാതിക പ്രാതിനിധ്യമില്ലെന്നും ഈ ഗവൺമെന്റിൽ 24 കാബിനറ്റ് റാങ്കുള്ള ആളുകളുണ്ടാകുമ്പോൾ അതിൽ കേവലം രണ്ടുപേർ മാത്രമാണ് മുസ്ലീങ്ങളെന്നതിനെക്കുറിച്ച് താങ്കൾക്ക് എന്താണ് പറയാനുള്ളത്?

5.00 PM]

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇത് വേറെ ചില അജണ്ടകൾ വച്ചിട്ടാണ്. മന്ത്രിമാരെ ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലാക്കണമെന്നുള്ള കാലമൊക്കെ പോയി. നേരത്തെ ചില സ്ഥലങ്ങളിൽ മന്ത്രിമാരെ ജാതി നോക്കി തീരുമാനിച്ചിരുന്നു. സർക്കാർ ജോലിക്കുവേണ്ടി, പി.എസ്.സി., യു.പി.എസ്.സി.,-യ്ക്കുവേണ്ടി കൂടുതൽ കേന്ദ്രങ്ങൾ നമ്മൾ അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ പേർക്ക് ട്രെയിനിംഗ് കൊടുത്തിട്ടുണ്ട്. കൂടുതൽ പേർ എം.എൽ.എ. ആയി വന്നോട്ടെ. പക്ഷെ അതുമാത്രം ഒരു മാനദണ്ഡം ആക്കുന്നതിൽ ഒരിക്കലും അർത്ഥമില്ല എന്നാണ് പറയാനുള്ളത്. ഇവിടെ നേരത്തെ ക്ഷേമനിധി ബോർഡ് വലിയ സംഭവമല്ലെന്ന് പറഞ്ഞു. അതുപോലെ തന്നെ മറ്റൊരു കാര്യം ചോദിച്ചു, എന്തുകൊണ്ട് ഒന്നര വർഷം ഇത് ഓർഡിനൻസായി വച്ച് കാലതാമസം വരുത്തി, ബില്ലാക്കിയില്ല? ഇത് ആരാണ് ചോദിക്കുന്നത്, അഞ്ച് വർഷം അധികാരത്തിലിരുന്നിട്ടും ബില്ലാക്കാൻ തയ്യാറാകാത്തവരാണ് ഒന്നരവർഷം ഓർഡിനൻസാക്കിയെന്ന് പറയുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം, ബോർഡ് രൂപീകരിക്കാതെതന്നെ ന്യൂനപക്ഷ ക്ഷേമവകുപ്പിന് കൈകാര്യം ചെയ്യാവുന്ന ഒന്നാണ് മദ്രസ ക്ഷേമനിധി. കഴിഞ്ഞ അഞ്ച് വർഷം അങ്ങനെയാണ് ചെയ്തത്. ബോർഡുണ്ടാക്കുകയെന്നത് നിങ്ങളുടെ താൽപ്പര്യമാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, കഴിഞ്ഞ അഞ്ചു വർഷം ഉദ്യോഗസ്ഥ തലത്തിലുള്ള സംവിധാനമുണ്ടാക്കി ജനാധിപത്യ പ്രാതിനിധ്യം കൊടുക്കാതെ ചില ആളുകൾക്ക് മാത്രം കൈകാര്യം ചെയ്യാവുന്ന അവസ്ഥ, കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഉണ്ടാകണമെന്നാണ് ഇവിടെ ചിലർ പറയുന്നത്. അതല്ല ശരി. എല്ലാ വിഭാഗം ആളുകളും, എ.പി. സുന്നികളാകാം ഇ. കെ. സുന്നികളാകാം മുജാഹിദ് വിഭാഗമാകാം. ഞങ്ങൾക്ക് വ്യക്തിപരമായി വിശ്വാസപരമായ വ്യത്യാസങ്ങളുണ്ടാകും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ജനാധിപത്യ രൂപത്തിലുള്ള സംവിധാനമൊരുക്കി എല്ലാവരെയും ഉൾക്കൊള്ളിക്കുക, അവരെ തമ്മിലടിപ്പിക്കുകയല്ല, അവരെ ഉൾക്കൊള്ളിച്ചുകൊണ്ട് അർഹതപ്പെട്ട ആളുകൾക്ക് അത് എത്തിക്കുക എന്നതാണ് ഉദ്ദേശ്യം. അതുകൊണ്ടുതന്നെ ഇതിൽപ്പെട്ട മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിച്ചുകൊണ്ടുള്ള നാലംഗങ്ങൾ ഇവിടെയുണ്ട്. അതുകൊണ്ട് ആർക്കും കുറവ് വരില്ല. വിവിധ സംഘടനകൾ നടത്തുന്ന വിവിധ മദ്രസ്സാ കമ്മിറ്റികളുണ്ട്. എല്ലാവരെയും പ്രതിനിധീകരിച്ചുകൊണ്ടുള്ള അംഗങ്ങളുമുണ്ടാകും. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സാധിക്കും. ഈ ഓർഡിനൻസ് വന്നശേഷം എന്തെങ്കിലും മാറ്റമുണ്ടായോ എന്ന് ചോദിച്ചാൽ, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് 2010-ൽ ശ്രീ. പാലോളി മുഹമ്മദ്കുട്ടി മന്ത്രിയായിരുന്നപ്പോഴാണ് ഇത് രൂപീകരിച്ചത്. അന്ന് 1700 പേർ മാത്രമേ ചേർന്നുള്ളൂ.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കഴിഞ്ഞ കാലത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ലോണുകളുടെ കിട്ടാക്കടം നോക്കിയപ്പോൾ ഏറ്റവുമധികം തുക പിരിഞ്ഞുകിട്ടാനുള്ളത് യൂത്ത് ലീഗിന്റെ നേതാക്കന്മാരിൽ നിന്നാണെന്ന പരാമർശം ഉണ്ടായിരുന്നു. ഇതിനുവേണ്ടി ആ വകുപ്പിന്റെ മന്ത്രി ഡോ. കെ. ടി. ജലീലിനെ വളരെ മോശമായ രീതിയിൽ ചിത്രീകരിക്കാനൊരു ശ്രമം നടന്നിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ പിരിഞ്ഞുകിട്ടാനുള്ള തുക യൂത്ത്ലീഗിന്റെ നേതാക്കന്മാരിൽ നിന്നുള്ളതാണെന്ന് ബഹുമാനപ്പെട്ട താനൂർ അംഗം പറഞ്ഞു; എന്തടിസ്ഥാനത്തിലാണ് പറയുന്നത്. ആരാണ് പറഞ്ഞുതന്നത്? ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിന്റെ ബന്ധു നിയമനവുമായി ബന്ധപ്പെട്ട് അങ്ങനെ ചില രാഷ്ട്രീയാരോപണങ്ങൾ പറഞ്ഞിരുന്നു. അടിസ്ഥാനരഹിതമായ ഇത്തരം ആരോപണങ്ങൾ, ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാതെ, ഇവിടെ നടക്കുന്ന ചർച്ചയുമായി ഒരു ബന്ധവുമില്ലാതെ, അടിസ്ഥാനരഹിതമായ ഇത്തരം പ്രയോഗങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല, നീക്കം ചെയ്യണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഇവിടെ നേരത്തെ പറഞ്ഞതുപോലെ ചില കാര്യങ്ങൾ ചില ആളുകൾ കൈകാര്യം ചെയ്തിരുന്ന ഒരു സമയമുണ്ട്. അതിൽ ലോണെടുക്കുന്നത് അർഹതപ്പെട്ടവരൊന്നുമല്ല. അല്ലാത്ത കുറേയാളുകൾ പാർട്ടി സമ്മേളനത്തിനുവേണ്ടിയോ മറ്റ് പല കാര്യങ്ങൾക്കുവേണ്ടിയോ ലോണെടുത്തിരുന്നു. അതിന്റെ വിശദമായ വിവരം ബഹുമാനപ്പെട്ട മന്ത്രി പറയും. ഇത് ബില്ലായി മാറുന്നതിനുമുമ്പ് ഇടതുപക്ഷ സർക്കാർ അന്ന് ഇത് രൂപീകരിച്ച സമയത്ത് 1700-ഓളം ആളുകളാണ് ഇതിൽ ചേർന്നിരുന്നത്. അതിന് ഒരു പ്രധാനപ്പെട്ട കാരണം പറഞ്ഞിരുന്നത്, ഇവിടെ നേരത്തേ പ്രസംഗിച്ച യു.ഡി.എഫ്.ലെ പല ആളുകളും, പ്രത്യേകിച്ച് മുസ്ലീംലീഗിലെ പല ആളുകളും അന്ന് പ്രചരിപ്പിച്ചിരുന്നത് ഇത് പലിശയാണ്, അതുകൊണ്ട് ചേരരുതെന്നാണ്. ആ പലിശയാണെന്ന പ്രചരണം വളരെ വിപുലമാകുകയും ഏതാണ്ട് എല്ലാ മദ്രസാദ്ധ്യാപകരെയും പലിശ വാങ്ങാൻവേണ്ടി ഇടതുപക്ഷ സർക്കാർ നിർബന്ധിച്ച് ഇതിൽ ചേർക്കുകയാണെന്ന രീതിയിലുമുള്ള പ്രചരണമാണ് നടത്തിയിരുന്നത്. എന്തിനാണ് ബില്ലാക്കുന്നത്, എന്തിനാണ് ബോർഡുണ്ടാക്കുന്നത് എന്ന ചോദ്യമാണ് അന്ന് ആ രീതിയിൽ പ്രചരിച്ചിരുന്നത്. എന്നാൽ അതിനുശേഷം യു.ഡി.എഫ്. വന്നപ്പോഴും ഉദ്യോഗസ്ഥതലത്തിലുള്ള സംവിധാനം നിലനിന്നു. 1700 എന്നത് 14,000 ആയി ഉയർന്നു. ഇടതുപക്ഷ സർക്കാർ വന്നശേഷം 2018-ൽ ബോർഡ് രൂപീകരിച്ച് ഒരുപാട് സ്ഥലങ്ങളിൽ വർക്ക്ഷോപ്പുകളും ക്യാമ്പയിനുകളും നടത്തിയതിന്റെ ഫലമായി 24,000-ത്തോളം ആളുകൾ ഇപ്പോൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി മാറിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇനിയും കൂടുതൽ ആളുകൾ ഇതിലേയ്ക്ക് കടന്നുവരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അതോടൊപ്പംതന്നെ പെൻഷൻ പ്രായം നേരത്തെ 65 വയസ്സായിരുന്നു. അത് ഇപ്പോൾ 60 വയസ്സായി കുറച്ചിട്ടുണ്ട്. അതുപോലെ പെൻഷൻ തുക കുറച്ചുകൂടി വർദ്ധിപ്പിക്കണം. നിലവിൽ പെൻഷൻ തുക കൂട്ടിയിട്ടുണ്ട്; എന്നാലും കുറച്ചുകൂടി വർദ്ധിപ്പിക്കുന്നത് നന്നായിരിക്കും. മദ്രസ്സാദ്ധ്യാപകരോടൊപ്പം തന്നെ ദറസിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ, മുക്രിമാർ ഇവരെല്ലാം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. അവരടക്കമുള്ളവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം മറ്റ് സഹായങ്ങളും ആനുപാതികമായി വർദ്ധിപ്പിക്കാൻ തയ്യാറാകണമെന്നാണ് പറയാനുള്ളത്. ഇതിൽനിന്നും രാജി വയ്ക്കുകയോ, മാറിപ്പോവുകയോ ചെയ്യുന്നതിനെക്കുറിച്ച് നേരത്തെ പറഞ്ഞിരുന്നു. അങ്ങനെ വന്നാൽ ഇതിൽ നിന്നും മെമ്പർഷിപ്പ് പോകാനുള്ള സാധ്യതയുണ്ട്. വിവിധ വിഭാഗങ്ങളുടെ കമ്മിറ്റികളായതുകൊണ്ട് കമ്മിറ്റികളും അദ്ധ്യാപകരും തമ്മിലുള്ള

പ്രശ്നങ്ങൾ ചിലപ്പോഴുണ്ടാകും. അതിന്റെ പേരിൽ അദ്ധ്യാപകനെ പിരിച്ചുവിട്ടാൽ അവർക്ക് ക്ഷേമനിധി ലഭ്യമാകാതിരിക്കരുതെന്നാണ് പറയാനുള്ളത്. കോൺഗ്രസിന് ഒരു കൊട്ടും ഇതിനിടയിൽ ശ്രീ. എൻ. ഷംസുദ്ദീൻ കൊടുത്തു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ ന്യൂനപക്ഷത്തിന്റെ നില മെച്ചപ്പെട്ടത് മുസ്ലീംലീഗ് ഇവിടെയുണ്ടായതുകൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. അതായത്, ഇത്രകാലം കോൺഗ്രസുണ്ടായതുകൊണ്ട് അത് നടന്നിട്ടില്ല, ഞങ്ങളുണ്ടായതുകൊണ്ടാണ് എന്നദ്ദേഹം പറഞ്ഞു. എന്തായാലും അത് നിങ്ങൾ പരസ്പരം ചർച്ച ചെയ്യുക. ഈ ക്ഷേമനിധി ബില്ലിന് ജന്മമുണ്ടായത് ഇടതുപക്ഷമുണ്ടായതുകൊണ്ടാണ്. ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ട, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന കേരളത്തിലെ മദ്രസ്സാദ്ധ്യാപകരെ പരിഗണിച്ചത് ഇടതുപക്ഷമാണ്.

ശ്രീ. എം. ഉമ്മർ: സർ, കോൺഗ്രസിന് ഞങ്ങൾ നൽകിയ കൊട്ട് വാളയാറിന്റെ അത്ര വലിപ്പമുണ്ടാകുമോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, വാളയാറിന്റെയത്ര വലിപ്പമെന്തായാലും വരും. കാരണം, നിങ്ങൾ അന്ന് നിയമിച്ച പബ്ലിക് പ്രോസിക്യൂട്ടർ അത് വേണ്ട രീതിയിൽ കൈകാര്യം ചെയ്യില്ലായെന്നുള്ളതുകൊണ്ടാണ് ഈ ഗതികേടിലേയ്ക്ക് വന്നത്. അതിന്റെ കാര്യങ്ങൾ നിങ്ങൾക്ക് അറിയാമായിരിക്കും. അത് തീർച്ചയായും നിങ്ങളിലേയ്ക്ക് തന്നെ എത്തും.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് സൂചിപ്പിച്ച ഈ പ്രോസിക്യൂട്ടർ ജാമ്യാപേക്ഷയെ എതിർക്കാതിരുന്നതുകൊണ്ട് പോലീസാണ് ഹൈക്കോടതിയിൽ പോയി ജാമ്യം റദ്ദ് ചെയ്തതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, തീർച്ചയായും. അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഇവിടെ നിങ്ങൾ എന്തുപറയുമ്പോഴും ബംഗാളിനെക്കുറിച്ചാണ് പറയുന്നത്. ഇവിടെ നടക്കുന്നത് മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ബോർഡിനെക്കുറിച്ചുള്ള ചർച്ചയാണ്. അവശതയനുഭവിക്കുന്ന കേരളത്തിലെ മദ്രസ്സാദ്ധ്യാപകരെ പരിഗണിക്കണമെന്നും അവർക്ക് ക്ഷേമനിധി രൂപീകരിക്കണമെന്നും ആ ക്ഷേമനിധി ഒരു ബോർഡാക്കി മാറ്റണമെന്നും പറഞ്ഞത് ഇടതുപക്ഷമാണ്. അഞ്ച് വർഷക്കാലമുണ്ടായിട്ടും ആ സംവിധാനമൊന്ന് മാറ്റാൻ പോലും നിങ്ങൾ തുനിഞ്ഞില്ല. പിന്നെ പലിശയുടെ കാര്യമൊക്കെ പറഞ്ഞു. മുസ്ലീം ലീഗുകാർ കുറേ.......,(ബഹളം).... അസഹിഷ്ണുതയൊന്നും വേണ്ട. പലിശയുടെ കാര്യം പറഞ്ഞിട്ടാണ് മദ്രസ്സാദ്ധ്യാപകർ ഈ ക്ഷേമനിധിയിൽ ചേരരുതെന്ന് വലിയ പ്രചരണം നടത്തിയത്. ഇടതുപക്ഷം എന്നത് ആരെയും

പ്രീണനം നടത്തുന്നതല്ല; അത് ക്ഷേത്ര ജീവനക്കാരാണെങ്കിലും മദ്രസ്സാദ്ധ്യാപകനാണെങ്കിലും പാവപ്പെട്ടവരാണെങ്കിലും അവരെയൊക്കെ ഒരുമിച്ച് പരിഗണിക്കുകയും അവരുടെ ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്. ഇവിടെ തൊഴിലാളി ക്ഷേമത്തിനുവേണ്ടി നിരവധി ക്ഷേമനിധികളുണ്ട്. അതിന്റെ ഭാഗമായി തന്നെയാണ് ഈ അദ്ധ്യാപകരെയും അതിൽ ഉൾപ്പെടുത്തേണ്ടത്. അവർ നൽകുന്ന ഒരു വിഹിതമെടുത്തിട്ടാണ് കൊടുക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ പാവപ്പെട്ടവനെ ചെയർമാനാക്കുമോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നിങ്ങൾ പലരെയും ചെയർമാനാക്കിയിട്ടുണ്ടാകും. ചെയർമാൻ ആരോ ആയിക്കൊള്ളട്ടെ. ഇതിൽ എല്ലാ വിഭാഗങ്ങളെയും ഞങ്ങൾ പരിഗണിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിറ്റി പാവപ്പെട്ട മദ്രസ്സാദ്ധ്യാപകർക്കായി ക്ഷേമനിധി നടപ്പിലാക്കണമെന്ന് തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തപ്പോൾ ഭൂരിപക്ഷം വരുന്ന ഈ സമൂഹത്തെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ വേണ്ടി നിങ്ങൾ ശ്രമിച്ചു. കേരള ബാങ്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോയപ്പോൾ 13 ബാങ്കുകളും സർക്കാരിനോട് സഹകരിച്ച് വന്ന സമയത്ത് നിങ്ങൾ മാത്രം മാറി നിന്നു. എന്നുപറഞ്ഞാൽ നിങ്ങൾക്ക് ആ ബാങ്കുമായി ബന്ധമുണ്ട്. ഇവിടെ നിയമസഭയിലിരിക്കുന്ന ഒരംഗം ആ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റാണ്. ഇവിടെ പലിശയെക്കുറിച്ച് പറഞ്ഞു. പലിശയ്ക്ക് കൊടുക്കുന്ന വായ്പയാണ് ഏറ്റവും കൂടുതൽ ആ കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ളത്. ഇതെന്താണ്, ഹലാലായ പലിശയാണോ? ഇവിടെ സ്വർഗ്ഗവും നരകവുമില്ലേ? ഇവിടെ പാണക്കാട് തങ്ങളില്ലേ? ഇവിടെ ആത്മീയത വിറ്റുകൊണ്ട് നിങ്ങൾ എന്തിനാണ് രാഷ്ട്രീയം കളിക്കുന്നത്? ഈ പാവപ്പെട്ട അദ്ധ്യാപകരെ ഇതിൽ നിന്നും മാറ്റാൻവേണ്ടി മാത്രം പലിശയുടെ കാര്യം പറയുകയും നിങ്ങൾക്ക് ചെയർമാനായി ഇരിക്കാനും സ്വന്തമായി നിങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാനും നിങ്ങൾക്ക് പലിശയും പ്രശ്നമില്ല, പലിശയുടെ വിനിമയവും പ്രശ്നമില്ല എന്നു പറയുന്ന രാഷ്ട്രീയം ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അത്തരത്തിലുള്ള നിങ്ങളുടെ രാഷ്ട്രീയം എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. തെരഞ്ഞെടുപ്പിനു വേണ്ടിയോ അതല്ലെങ്കിൽ മറ്റേതെങ്കിലും വോട്ടിന് വേണ്ടിയോ ഞങ്ങൾ വർഗ്ഗീയത പറയുന്നില്ല. ഞങ്ങൾ പ്രീണനം നടത്തുന്നില്ല. ഈ സമൂഹത്തിനാവശ്യമുള്ള, അവഗണിക്കപ്പെട്ട ജനതയ്ക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. ഇമ്പിച്ചി ബാവ ഭവനപദ്ധതിയുടെ ഭാഗമായി വീടുകൾ കൊടുത്തിട്ടില്ലായെന്ന് നേരത്തെ ഇവിടെ പറഞ്ഞു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, പലിശ മാത്രമല്ല, പിഴപ്പലിശയും ആ ബാങ്കിൽ ഈടാക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനറിയാമോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, അത് ലീഗിന് ഹലാലാണ്. ലീഗ് വാങ്ങിയാൽ അത് ഹലാലാണ്. നമ്മൾ വാങ്ങിയാൽ ഹറാമാണ്. ഇതാണ് വ്യത്യാസം. അല്ലാതെ വേറെ കുഴപ്പമൊന്നുമില്ല. ഇതിൽ ഇമ്പിച്ചിബാവ ഭവന പദ്ധതി നമ്മൾ നടപ്പിലാക്കിയില്ല, മാറ്റിവച്ചു. അപേക്ഷ ക്ഷണിക്കുന്നില്ലെന്നൊക്കെ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. 139 കോടി രൂപ ചെലവിൽ 3038 വീടുകൾ കൊടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ വേറെ പല കാര്യങ്ങളുണ്ട്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് 16 പി.എസ്.സി./യു.പി.എസ്.സി. ട്രെയിനിംഗ് കോച്ചിംഗ് സെന്ററുകളാണ് നേരത്തെയുണ്ടായിരുന്നത്. ഇപ്പോൾ 8 കേന്ദ്രങ്ങൾകൂടി അനുവദിച്ചിട്ടുണ്ട്. അതിലൊന്ന് പട്ടാമ്പിയാണ്, അതിന് പ്രത്യേക നന്ദി പറയുകയാണ്. ഇരുന്നൂറ് കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. ക്യാമ്പുകൾ നടക്കുന്നുണ്ട്, കൗൺസിലിംഗ് സെന്ററായി പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ വളരെ നല്ല രീതിയിൽ പോകുകയാണ്. ഹജ്ജിന്റെ എംബാർക്കേഷൻ പോയിന്റ് നേരത്തെ കൊച്ചിയിൽ മാത്രമാണുണ്ടായിരുന്നത്. മലപ്പുറം, കോഴിക്കോട് ഭാഗത്തുനിന്നുള്ളവർക്ക് കൊച്ചിയിലേയ്ക്ക് വരണം; അത് വലിയ ബുദ്ധിമുട്ടായിരുന്നു. ഈ സമയത്ത് ഹജ്ജ് കാര്യമന്ത്രിയും ഈ ഗവൺമെന്റും ഹജ്ജ് കമ്മിറ്റിയുമൊക്കെ നന്നായി ഇടപെട്ടതിന്റെ ഫലമായി കോഴിക്കോട് കൂടി എംബാർക്കേഷൻ പോയിന്റ് അനുവദിക്കാൻ കഴിഞ്ഞത് വലിയൊരു കാര്യമാണ്. ആ പ്രദേശത്തുള്ള ഒരുപാട് ജനങ്ങൾക്ക് ഗുണം ചെയ്യുന്നുണ്ട്. ഇപ്പോൾ കണ്ണൂർ കൂടി എംബാർക്കേഷൻ പോയിന്റാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുവെന്നറിയാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. അതുപോലെ 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ് കേരള' എന്നൊരു പുതിയ സ്ഥാപനം ആരംഭിക്കുന്നത് തീർച്ചയായും വലിയ ഗുണം ചെയ്യുമെന്നതിൽ സംശയമില്ല. വനിതകൾക്കുവേണ്ടി പുതിയ ഹജ്ജ് ഹൗസ് പണിയാൻ 5.8 കോടി രൂപ അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുകയാണ്. ന്യൂനപക്ഷ വിഭാഗത്തിനും മറ്റ് വിഭാഗങ്ങൾക്കും പിന്നോക്കം നിൽക്കുന്ന ജനതയ്ക്കും എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുകയാണ്. പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവുമൊക്കെ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ട് എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ചുപോകുന്ന സർക്കാരിന് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലാണ് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി കേരളത്തിൽ രൂപീകൃതമായത്. അതിന്റെ വെളിച്ചത്തിലാണ് നിരവധി നടപടികൾ നമ്മുടെ സംസ്ഥാനത്തുണ്ടായത്. സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ട് വളരെ സെക്കുലറാണ്. അതിൽ എല്ലാ കാര്യങ്ങളിലും പശ്ചിമബംഗാളാണ് പിന്നിൽ എന്ന് ഇവിടെ സൂചിപ്പിച്ചു. ആ റിപ്പോർട്ടിന്റെ 157-ാമത്തെ പേജിൽ പറയുന്നുണ്ട്, " മൊത്തത്തിൽ പറയുമ്പോൾ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എല്ലാ മുസ്ലീം വില്ലേജുകളിലും ഒരേപോലെ കുറവാണ്. ഇക്കൂട്ടത്തിൽ ആരോഗ്യമേഖലയുടെ അവസ്ഥ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. മുസ്ലീങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുന്നതിൽ എന്തെങ്കിലും വിവേചനമുണ്ടെന്നതിന് വ്യക്തമായ തെളിവുകളില്ല. എന്നിരിക്കിലും മുസ്ലീം ഭൂരിപക്ഷ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, ബീഹാർ, ആസാം മുതലായവയിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് തുക വകയിരുത്തുന്ന രീതി ആശങ്കയുളവാക്കുന്നതാണ്. ഈ റിപ്പോർട്ടിൽ മുസ്ലീങ്ങളുടെ ജനസംഖ്യാനുപാതികമായിട്ടുള്ള ഓർഡറിലാണ് ഓരോ കാര്യവും രേഖപ്പെടുത്തിയിട്ടുള്ളത്. അപ്പോൾ ഒന്നാമതായി വരുന്നത് പശ്ചിമബംഗാളാണ്. ഒരുപക്ഷെ പലരും തെറ്റിദ്ധരിച്ചതാകാം. പശ്ചിമബംഗാളാണ് എല്ലാ കാര്യത്തിലും പിന്നിൽ ഒന്നാമതായി നിൽക്കുന്നതെന്നുള്ള രൂപത്തിലാണ് പലരും ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്.ഈ റിപ്പോർട്ടിന്റെ ഒരദ്ധ്യായത്തിന്റെ അവസാനഭാഗത്ത് പറയുന്നത്, " ജീവിതനിലവാരത്തിന്റെ കാര്യത്തിൽ മുസ്ലീങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗങ്ങളെക്കാൾ മെച്ചവും ഹിന്ദുക്കളിലെ മറ്റ് പിന്നോക്കവിഭാഗങ്ങളുടെ ഏതാണ്ട് ഒപ്പവുമാണ്. ജലം, വൈദ്യുതി, ആധുനിക ഇന്ധനം എന്നിവയുടെ കാര്യത്തിൽ ഹിന്ദുക്കളെക്കാൾ മുസ്ലീങ്ങൾ പിറകിലാണ്" . അതുകൊണ്ടാണ് ഈ റിപ്പോർട്ട് നിഷ്പക്ഷമായി വിലയിരുത്തൽ നടത്തിയിട്ടുള്ളതാണെന്ന് ഞാൻ പറഞ്ഞത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഒരു കൈത്താങ്ങ് വേണം എന്നുള്ളതിന്റെ പശ്ചാത്തലത്തിലാണ് പല സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് നിർദ്ദേശങ്ങളുണ്ടായത്. ആ നിർദ്ദേശം മുഖവിലയ്ക്കെടുത്ത ആദ്യത്തെ സംസ്ഥാനമാണ് കേരളം. അതിന്റെ വെളിച്ചത്തിലാണ് പാലോളി കമ്മിറ്റി രൂപീകൃതമായതും നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചതും. ആ നിർദ്ദേശങ്ങളിൽ 75 ശതമാനത്തിലധികവും നടപ്പിലാക്കി കഴിഞ്ഞു. 25 ശതമാനം മാത്രമാണ് ഇനി നടപ്പിലാക്കാനുള്ളത്.

ഇന്ത്യയിൽ മദ്രസകളും മദ്രസ്സാദ്ധ്യാപകരും ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. പക്ഷേ കേരളത്തിൽ മാത്രമാണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളത്. ഇത് ശ്രീ. പാലോളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്ന സമയത്താണ് രൂപീകൃതമായത്. അല്ലാതെ മറ്റുചിലർ അവകാശപ്പെട്ടതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്തായിരുന്നില്ല. കേരളത്തിൽ ആദ്യമായി ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചതും വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്താണ്. അതിനുവേണ്ടി ജനറൽ അഡ്മിനിസ്ട്രേഷൻ വിംഗിൽ ഒരു സെൽ ആരംഭിച്ചുകൊണ്ട് തുടക്കമിട്ടത് നമുക്കെല്ലാവർക്കും അറിയുന്ന കാര്യമാണ്. പ്രവാസി ക്ഷേമനിധി കൊണ്ടുവന്നതും പാലോളി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്തായിരുന്നു. ന്യൂനപക്ഷ മേഖലകളിലുള്ള കുടിവെള്ള പദ്ധതി കേന്ദ്ര സർക്കാർ പദ്ധതിയല്ല. അത് സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ്. ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ലഭിക്കേണ്ട ഒരു രൂപയും ഇതുവരെ കിട്ടാതിരുന്നിട്ടില്ല. മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞ മൂന്ന് വർഷവും 100 ശതമാനം തുക ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ പെൻഷൻ തുകയായ 1,000 രൂപ കുറവാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് 500 രൂപയായിരുന്നു പെൻഷൻ. അതാണ് ഈ ഗവൺമെന്റ് 1,000 രൂപയാക്കിയത്. ഇനി അടുത്ത സാമ്പത്തിക വർഷം മുതൽ കുറഞ്ഞ പെൻഷൻ 1,500 രൂപയായി നിശ്ചയിക്കപ്പെടാൻ പോവുകയാണ്.

ക്ഷേമനിധിയിൽ പണമടയ്ക്കാൻ പോസ്റ്റോഫീസിൽ പോകേണ്ടതിനാൽ ചില ബുദ്ധിമുട്ടുകൾ മദ്രസ്സാദ്ധ്യാപകർക്ക് ഉണ്ടാകുന്നതുകൊണ്ട് ഇതിൽ ചേരുന്നതിൽനിന്നും അവരെ വിലക്കുന്നുവെന്ന അഭിപ്രായം ഉയരുകയുണ്ടായി. ഇത് ഓൺലൈനാക്കുന്നതിനെ സംബന്ധിച്ച് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ഓൺലൈനാക്കാനുള്ള നടപടികൾ തുടങ്ങി. സി-ഡിറ്റ് ഇതിനുള്ള ഒരു പ്രൊപ്പോസൽ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. 31.05.2010-ലാണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി രൂപീകരിച്ചത്. 1721 പേരാണ് അന്ന് ഈ ക്ഷേമനിധിയിൽ അംഗങ്ങളായത്. യു.ഡി.എഫ്. ഭരണം അവസാനിക്കുമ്പോൾ 14116 പേരായിരുന്നു അംഗത്വമെടുത്തതെങ്കിൽ ഇപ്പോഴത് 22500 ആയി വർദ്ധിച്ചിട്ടുണ്ട്.

ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള ഭവന പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് പറഞ്ഞത് ശുദ്ധകളവാണ്. 2016-17 വർഷം 1,240 വീടുകൾ അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം 1798 പുതിയ വീടുകൾക്കും 1000 വീടുകളുടെ റിപ്പയറിംഗിനും അപേക്ഷ ക്ഷണിക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 മുതൽ 'ലൈഫ്' പദ്ധതിയിലാണ് വീടുകൾ അനുവദിക്കുന്നത് എന്നുള്ളതിനാൽ മൈനോറിറ്റി ഡിപ്പാർട്ടുമെന്റ് പ്രസ്തുത ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാർ വന്നതിനുശേഷം എന്താണ് പുതിയതായി ന്യൂനപക്ഷ വകുപ്പിൽ ചെയ്തതെന്ന് ചില അംഗങ്ങൾ ചോദിക്കുകയുണ്ടായി. 8 പുതിയ മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് തുടങ്ങി. 7 പുതിയ സെന്ററുകൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറയുകയും ചെയ്തിട്ടുണ്ട്. 8 പുതിയ സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. 10 സബ്സെന്ററുകൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു. 66 സെന്ററുകളിലൂടെ പ്രീ മാരിറ്റൽ കോഴ്സ് എന്നൊരു പുതിയ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചു. ഡോ. എ. പി. ജെ. അബ്ദുൽ കലാമിന്റെ പേരിൽ പോളിടെക്നിക് സ്കോളർഷിപ്പ് 6,000 രൂപ വച്ച് പുതിയ പദ്ധതിയായി കൊണ്ടുവന്നു. നഴ്സിംഗ് മേഖലയിൽ പാരാമെഡിക്കൽ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് 15,000 രൂപ മദർ തെരേസ സ്കോളർഷിപ്പ് നടപ്പിലാക്കി. വീട് പുനരുദ്ധാരണത്തിനുള്ള പുതിയ പദ്ധതി സംസ്ഥാനത്ത് തുടങ്ങി.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിക്കുമ്പോൾ ക്ഷേമനിധി ബോർഡ് ചെയർമാന് കാർ വാങ്ങി കൊടുക്കാനായി പണം വിനിയോഗിച്ചുവെന്ന് പറഞ്ഞു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് ചെയർമാന് കാർ വാങ്ങി കൊടുത്തിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് ചെയർമാന് കാർ വാങ്ങി കൊടുത്തിട്ടില്ല. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റെ ചെയർമാൻ ജെ.ഡി.റ്റി. ഇസ്ലാം ഓർഫനേജിന്റെ ഭാരവാഹിയാണെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തിന് അറിയില്ലേ? മുമ്പ് പരീക്കുട്ടി ഹാജിയെ ഓർഫനേജ് ബോർഡിന്റെ ചെയർമാനാക്കിയിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്തും അങ്ങനെ തന്നെയായിരുന്നു. അതിന് യോഗ്യതയുള്ള ആളുകളെയാണ് ആ സ്ഥാനത്ത് കൊണ്ടുവന്നിരിക്കുന്നത്. അല്ലാതെ അയോഗ്യതയുള്ള ആരെയും ആ സ്ഥാനത്തേയ്ക്ക് കൊണ്ടുവന്നിട്ടില്ല. ബോർഡിൽ

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ വേണമെന്ന നിർദ്ദേശം വരികയുണ്ടായി. ജുഡീഷ്യൽ അധികാരമുള്ള ബോർഡുകളിലാണ് സാധാരണ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുണ്ടാകാറുള്ളത്. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി അത്തരം തെരഞ്ഞെടുക്കപ്പെട്ട ആളുകളുടെ ബോഡിയല്ല. സർക്കാർ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളാണ് ഹജ്ജ് കമ്മിറ്റിയിലുള്ളത്. സമാനമായ രീതിയിലാണ് ഈ ബോർഡും ഉള്ളത് എന്നുള്ളതുകൊണ്ട് സർക്കാർ നോമിനേഷൻ തന്നെയാണ് അതിലേയ്ക്ക് വരുന്നത്. ഓർഡിനൻസ് ഇതുവരെ ബില്ലാക്കിയിട്ടില്ലെന്ന് പറഞ്ഞു. നിയമസഭാ സമ്മേളനം ഇല്ലാത്തതിനാലാണ് 2018 ആഗസ്റ്റ് 31-ന് ഈ നിയമം ഓർഡിനൻസായി ഗവർണ്ണർ വിളംബരം ചെയ്തത്. തുടർന്നുവന്ന നിയമസഭാ സമ്മേളനങ്ങളിൽ ബിൽ സർക്കുലേറ്റ് ചെയ്തെങ്കിലും സമയപരിമിതിമൂലം നിയമമാക്കാൻ സാധിച്ചിട്ടില്ല. അതിനാലാണ് ഈ ബിൽ മൂന്ന് തവണ ഓർഡിനൻസായി പുനർ വിളംബരം ചെയ്യേണ്ടി വന്നത്. 2011 വരെ സർക്കാർ ഉത്തരവ് മാത്രമാണ് ന്യൂനപക്ഷക്ഷേമ വകുപ്പിനെക്കുറിച്ച് ഉണ്ടായിരുന്നത്. 2010-ൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്ന കാലത്താണ് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കുന്നത്. തുടർന്ന് സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് പൊതുഭരണ വകുപ്പിന്റെ കീഴിൽ പ്രത്യേക വകുപ്പായി രൂപീകരിച്ചു. 2011-ൽ അന്നത്തെ വി. എസ്. അച്യുതാനന്ദന്റെ സർക്കാർ അധികാരം ഒഴിയുന്നതുവരെ ലഭ്യമായ ഒരു വർഷത്തിനിടയ്ക്കാണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയും ആദ്യമായി രൂപീകരിക്കപ്പെടുന്നത്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്തുള്ള കുടിവെള്ള പദ്ധതി നല്ല നിലയിൽത്തന്നെ നടക്കുന്നുണ്ട്. 4.85 കോടി രൂപ അതിനുവേണ്ടി ഇതിനകം നൽകിക്കഴിഞ്ഞു. ഇതുവഴി പ്രതിവർഷം 30-ഓളം ചെറുകിട കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്ത് പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. മറ്റ് ചർച്ചകളിലേയ്ക്കൊന്നും പോകുന്നില്ല. എല്ലാവരും കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. ടി. എ. റഹീം: സർ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് വലിയ രീതിയിലുള്ള ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നാണ് ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചത്. ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ കേന്ദ്ര സർക്കാർ വീടുകൾ തന്നപ്പോൾ, കേരളത്തിൽ ന്യൂനപക്ഷങ്ങളുടെ വിഹിതമായ 50 ശതമാനം കൊടുക്കണമെന്ന് പറഞ്ഞപ്പോൾ, ശ്രീ. കെ. സി. ജോസഫും ശ്രീ. ഉമ്മൻ ചാണ്ടിയും അനുവദിക്കാതിരുന്നതും അങ്ങും ഞാനും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ വസതിക്ക് മുമ്പിൽ സമരം നടത്തിയതും അതിനെതിരെ നമുക്കെതിരായി കേസ്സെടുത്തതും ഈ ഗവൺമെന്റ് വന്നപ്പോൾ അത് പിൻവലിച്ചതും അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, അത്തരത്തിലുള്ള കാര്യങ്ങൾ നമ്മുടെയൊക്കെ ഓർമ്മയിലുണ്ട്. അതുകൊണ്ട് ഞാൻ പ്രത്യേകം വീണ്ടും ഓർമ്മയിലേയ്ക്ക് കൊണ്ടുവരുന്നില്ല. Public memory short എന്നാണല്ലോ. പലരുടെയും ഓർമ്മശക്തിക്ക് ആയുസ് കുറവാണ്. ഏതായാലും ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ കേരള മദ്രാസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബജക്ട് കമ്മിറ്റി IX -ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## X. അറിയിപ്പ്

ഭരതനാട്യ നൃത്താവിഷ്കാരം

മി. ഡെപ്യൂട്ടി സ്പീക്കർ: കുമാരി ഹരിത തമ്പാൻ അവതരിപ്പിക്കുന്ന ചിലമ്പ് എന്ന ഭരതനാട്യ നൃത്താവിഷ്കാരം സാമാജികർക്കായി ഇന്ന് വൈകുന്നേരം 6.30-ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.31-ന് പിരിഞ്ഞു.)